28 OCT '92



"ഞാൻ മാർഗ്ഗവും സത്യവും ജീവനും ആകുന്നു."
(യോ. 14. 6)

The Imitation of Christ

ക്രിസ്തുദേവാനുകരണം

Translator:
A. JOHN B.A., MAYYANAD

പരിഭാഷകൻ:
മയ്യനാട്ട് എ. ജോൺ, ബി. എ.

K 16
3
DHARMARAM COLLEGE LIBRARY, 9078 BANGALORE.

(SECOND EDITION)

ചെറുപുഷ്പമുദ്രാലയം, തേവര

1942

(പകർപ്പവകാശം ഈ മുദ്രാലയത്തിനു്)

NIHIL OBSTAT

Rev. Fr. Denis, O. M. Cap.

St. Antony's Friary,
Quilon, 13th Aug. '39.

Reimprimatur

† Jerome Fernandez,
Bishop of Quilon

Bishop's House, Quilon,
22nd May 1942.

പരിശോധകന്റെ സാക്ഷ്യം

After having perused the translation into Malayalam by Mr. A. John, B. A., of the "IMITATION OF CHRIST", I find that, besides its being an exact translation, it admirably expresses in excellent Malayalam the deep sense of the original.

Similar contributions by Mr. John, B.A., would, in my opinion, certainly aid very much in increasing the prestige of Christian literature in the Malayalam language.

(Sd) **Fr. Denis, O. M. Cap.**
Censor

St. Antony's Friary,
Quilon, 13-8-'39

(തജ്ജിമ)


മി. എ. ജോൺ, ബി എ. യുടെ 'ക്രിസ്തുദേവാനുകരണ'ത്തിന്റെ മലയാളവിവർത്തനം ഞാൻ ശ്രദ്ധാപൂർവ്വം വായിച്ചുനോക്കി;

അതു ശരിയായ ഒരു തർജ്ജിമ മാത്രമല്ല; മൂല ഗ്രന്ഥത്തിന്റെ അഗാധമായ ആശയത്തെ വളരെ നല്ല മലയാളത്തിൽ ശ്ലാഘനീയമാം വണ്ണം അതു പ്രകാശിപ്പിക്കുന്നു.

മി. ജോണിന്റെ ഏതാട്ടശങ്ങളായ കൃതികൾ, എന്റെ അഭിപ്രായത്തിൽ, മലയാളഭാഷയിൽ ക്രൈസ്തവസാഹിത്യത്തിനുള്ള സല്കീർത്തിയെ വർദ്ധിപ്പിക്കുന്നതിനു വളരെയധികം സഹായിക്കുമെന്നുള്ളതു തീർച്ചയാണു്.

ഫാദർ ഡൊന്നിസ്സ്, ഒ. എം. കാപ്പ്.
പരിശോധകൻ

സെയ്ന്റ് ആൻറണീസു് ആശ്രമം,
കൊല്ലം, 13-8-'39.





RT. REV. DR. JEROME FERNANDEZ.

BISHOP OF QUILON.

സമർപ്പണം

പുരാതനതമേറിയ
കൊല്ലം വൈദികസംസ്ഥാനത്തിന്റെ
ഒന്നാമത്തെ
ഏതദ്ദേശീയാധിപതിയായ
നിതാന്തവന്ദ്യദിവ്യശ്രീ
ഡോക്ടർ ജറോം എം. ഫെർണാൻഡസ്സ്
മെത്രാനച്ചൻ തിരുമനസ്സിലെ
പരിപാവന പാദപത്മങ്ങളിൽ,
ചിരപ്രതീക്ഷിതമായ ഈ
ഏതദ്ദേശീയ
വൈദിക സ്വയംഭരണസ്ഥാപനത്തിന്റെയും
തിരുമനസ്സിലെ നേക്കു
ഗ്രന്ഥകാരനുള്ള ഭക്ത്യാദരങ്ങളുടെയും
വിനീത സ്മാരകമായി,
ഈ പുസ്തകത്തെ
സമർപ്പിച്ചുകൊള്ളുന്നു.

A letter of blessing and recommendation from H. E. the Bishop of Quilon.

J. M. J,

BISHOP'S HOUSE,
QUILON, (S. INDIA)
13TH NOV. '39.

Mgr. Jerome M. Fernandez,
Bishop of Quilon.

It is with very great pleasure that We recommend the new translation of the Imitation of Christ made into elegant Malayalam by our very well-known writer, Mayanad Mr. A. John B. A.

After the holy Gospels, the Imitation is the most universally read book among Christians, Catholic as well as Protestants. Educated and religious-minded Non-christians also read it with benefit. The identity of its author still remains disputed among scholars. Whoever may have been its composer, certainly it is the crystallization of Christian faith, piety and mysticism put into lyric language.

The Gospels show us Christ, His message, and His personality; the Imitation presents to us a human soul rendered Christlike by being steeped and reared in Our Saviour's transforming doctrine and divinizing personality. So, no Christian can ever claim to have attained a real contact with Christ unless he brings into his practical life what the Imitation embodies and teaches.

To the Malayalam reading public Mr. John has rendered a signal service by translating this classic of European literature into our language with that literary efficiency befitting so world famous a book. To anyone perusing the translation before us with a certain critical eye, it will be quite evident that it is not a mere word-for-word translation, but the ideas and spirit of the original have bean reproduced as fully and beautifully as possible in Malayalam. This praiseworthy fidelity, therefore, to the words and wealth of the author, amply justifies the commendable task Mr. John has undertaken in bringing forword a new translation in spite of

the existing two or three other translations.

Thus it is with unstinted joy and true appreciation that We give Our blessing to this new Malayalam version of the Imitation. May Christ our Saviour bless and draw its Reproducer, publishers and readers to the warmth of His Sacred Heart and render them all perfect imitators of His Doctrine and of His Love.

(Sd)

† Jerome M. Fernandez,
Bishop of Quilon.

(തർജ്ജിമ)

നമ്മുടെ സുവിഖ്യാതഗദ്യകാരനായ മയ്യനാട്ടു മി. ഏ. ജോൺ, ബി. ഏ. യുടെ മനോഹരമായ മലയാളത്തിലുള്ള ഇമിറേഷൻ ഓഫ് ക്രൈസ്റ്റി (The Imitation of Christ) ന്റെ അഭിനവ പരിഭാഷ മലയാളികളേവരും വായിക്കണമെന്ന ശുപാർശ ചെയ്യുന്നതിൽ നമുക്ക അത്യധികമായ സന്തോഷമുണ്ട്.

പരിപാവനമായ സുവിശേഷഗ്രന്ഥങ്ങളൊഴിച്ചാൽ, കത്തോലിക്കരും ഇതരരുമാ

യ സകല ക്രൈസ്തവരുടേയും ഇടയിൽ ഏ
ററവും കൂടുതലായി വായിക്കപ്പെടുന്ന പുസ്ത
കം 'ക്രിസ്തുദേവാനുകരണ'മാണു"; ഭക്തഹൃദ
യരും അഭ്യസ്തവിദ്യരുമായ ക്രൈസ്തവേതര
രും അതു സപ്രയോജനം വായിക്കുന്നുണ്ടു".
ഈ ഗ്രന്ഥത്തിന്റെ കർത്താവു് ആരാണെന്നു
ള്ളതു് ഇപ്പോഴും പണ്ഡിതന്മാരുടെ ഇടയി
ൽ വിവാദവിഷയമായിരിക്കുന്നു. ഗ്രന്ഥ
കാരൻ ആരുതന്നെ ആയാലും, അതു കാവ്യാ
ചിതമായ ഭാഷയിൽ പ്രകാശിതമായ
ക്രൈസ്തവവിശ്വാസത്തിന്റെയും ഭക്തിയു
ടെയും ആദ്ധ്യാത്മികചിന്തയുടെയും അച്ചടി
ക്ക സങ്കാശമായ സമാഹൃതിയാണെന്നുള്ള
തു നിർവ്വിവാദമാണു". സുവിശേഷഗ്രന്ഥങ്ങ
ൾ ക്രിസ്തുവിനേയും, അദ്ദേഹത്തിന്റെ ധ
ർമ്മസന്ദേശത്തെയും, വ്യക്തിവിലാസത്തെ
യും പ്രകാശിപ്പിക്കുന്നു; ക്രിസ്തുദേവാനുകരണം
നമ്മുടെ ദിവ്യരക്ഷകന്റെ ഹൃദയപരിവർ
ത്തനസമർത്ഥമായ ധർമ്മോപദേശത്തിലും ദി
വ്യതപ്രദായകമായ വ്യക്തിവിലാസത്തി
ലും ആമഗ്നമായി, പരിപുഷ്ടമായി, ക്രിസ്തു
വിനോടു സാരൂപ്യം പ്രാപിച്ചിരിക്കുന്ന ഒരു
മനുഷ്യാത്മാവിനെ പ്രദ്യോതിപ്പിക്കുന്നു. ക്രി
സ്തുദേവാനുകരണത്തിൽ അന്തർഭവിച്ചിരിക്കു
കയും അതു പഠിപ്പിക്കുകയും ചെയ്യുന്ന ത

ത്തപങ്ങളെ ജീവിതത്തിൽ പ്രായോഗികമാക്കി പകൎത്താതിരിക്കുന്ന യാതൊരു ക്രൈസ്തവനും ക്രിസ്തുവിനോടു് യഥാൎത്ഥമായ സംസൎഗ്ഗം സിദ്ധിച്ചിട്ടുണ്ടെന്നു പറയാവുന്നതല്ല.

യൂറോപ്യൻ സാഹിത്യത്തിലെ ഈ ശ്രേഷ്ഠകൃതിയെ അത്ര വിശ്രുതമായ ഒരു ഗ്രന്ഥത്തിനു് അനുരൂപമായ സാഹിത്യകുശലതയോടുകൂടി വിവൎത്തനം ചെയ്ത മി. ജോൺ മലയാളവായനക്കാൎക്കു ഗണനീയമായ ഒരു ഉപകാരം ചെയ്തിരിക്കുന്നു. ഈ ഭാഷാനുരീകരണത്തെ നിരൂപണബുദ്ധിയോടുകൂടി സശ്രദ്ധം വായിച്ചുനോക്കുന്ന ആൎക്കും അതു കേവലം ഒരു പദാനുപദ തജ്ജിമമാത്രമല്ലെന്നും മൂലഗ്രന്ഥത്തിന്റെ ആശയങ്ങളും ചൈതന്യവും മലയാളഭാഷയിൽ ആവുന്നിടത്തോളം പൂൎണ്ണമായും മനോഹരമായും അതിൽ പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും സുസ്പഷ്ടമാകുന്നു. പരിഭാഷയ്ക്കു മൂലഗ്രന്ഥകാരന്റെ ശബ്ദത്തോടും അൎത്ഥപുഷ്ടിയോടുമുള്ള ഈ സ്തുത്യൎഹമായ ആനുഗുണ്യം, മുമ്പുതന്നെ പ്രകൃതഗ്രന്ഥത്തിനു ഭാഷയിൽ രണ്ടുമൂന്നു തജ്ജിമകൾ ഉണ്ടായിട്ടുണ്ടെങ്കിലും, ഒരു പുതിയ തജ്ജിമയ്ക്കായുള്ള മി. ജോണിന്റെ പ്രശംസനീയമായ ഉദ്യമത്തെ വേണ്ടുവോളം സാധൂകരിക്കുന്നു.

ആകയാൽ, ക്രിസ്തുദേവാനുകരണത്തിന്റെ ഈ അഭിനവ മലയാള വിവർത്തനത്തെ നാം ആശീർവ്വദിക്കുന്നതു നിർഭരമായ ആഹ്ലാദത്തോടും നിർവ്യാജമായ അഭിനന്ദനത്തോടുംകൂടിയാണു്. നമ്മുടെ രക്ഷകനായ ക്രിസ്തു അതിന്റെ പരിഭാഷകനെയും പ്രസിദ്ധീകരണ ഭാരവാഹികളെയും വായനക്കാരെയും അനുഗ്രഹിച്ചു തന്റെ സ്നേഹോജ്ജ്വലമായ പരിപാവന ഹൃദയത്തിലെക്കു് ആകർഷിക്കുകയും തന്റെ ധർമ്മോപദേശത്തെയും സ്നേഹത്തെയും പരിപൂർണ്ണമായി അനുകരിക്കുന്നവരാക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ.

† (ഒപ്പു്.)

ജറോം എം. ഫെർണാണ്ടസ്സു്,

കൊല്ലം മെത്രാൻ.

ഒന്നാം പതിപ്പിന്റെ

മുഖവുര

'ഇമിറേറഷൻ ഓഫ് ക്രൈസ്റ്റ്' എന്ന വിശിഷ്ട കൃതിക്കു മലയാളത്തിൽ മൂന്നോ നാലോ തർജ്ജിമകൾ മുമ്പേതന്നെ ആവിർഭവിച്ചിട്ടുണ്ട്. (അവയിൽ ഒന്നു കത്തോലിക്കേതര ക്രൈസ്തവ പ്രസിദ്ധീകരണമാണ്) ആ സ്ഥിതിക്ക് എന്റെ ഈ പുതിയ തർജ്ജിമയുടെ ആവശ്യകതയേയും ഔചിത്യത്തെയുംപറ്റി സംശയിക്കുന്നവരുണ്ടാകാം. ആദ്ധ്യാത്മികമായും സാഹിത്യപരമായും എനിക്കു ഉന്മേഷപ്രദമായിരുന്ന ഒരു വ്യായാമത്തിന്റെ ഫലമായി ഇങ്ങനെ ഒരു തർജ്ജിമകൂടി ഉണ്ടായിപ്പോയി എന്ന ഒരു സമാധാനം മാത്രമേ അവരോട് എനിക്കു പറയാനുള്ളൂ. മുമ്പു ഉണ്ടായിട്ടുള്ള തർജ്ജിമകൾ വായിച്ച് അവയെപ്പറ്റി ഗുണദോഷവിവേചനം ചെയ്ത് അവയ്ക്കു എന്തെങ്കിലും പോരായ്മ ഉണ്ടെന്നു മനസ്സിലാക്കി അതിനെ പരിഹരിച്ചുകളയാമെന്നുള്ള അഹന്തയോടുകൂടിയല്ലാ ഞാൻ ഈ പുതിയ തർജ്ജിമയ്ക്ക് ഉദ്യമിച്ചതു്. ഏറെക്കാലമായി ഞാൻ ഇംഗ്ലീഷിൽ ഭക്തിരസനിഷ്യന്ദി

യായ ഈ ഗദ്യകാവ്യം മീക്കവാറും ദിവസവും—വിശേഷിച്ചു ബന്ധുക്കളിൽനിന്നും ശത്രുക്കളിൽനിന്നും ഒന്നുപോലെ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ശല്യങ്ങൾമൂലം ജീവിതൈഷമ്യങ്ങൾ ദുസ്സഹമാകുന്ന ഘട്ടങ്ങളിൽ—വായിച്ചുകൊണ്ടിരിക്കുന്ന ഒന്നാണു്. ആലോചനാമൃതങ്ങളായ അതിലെ സൂക്തികളും ധർമ്മോപദേശങ്ങളും എനിക്കു പലപ്പോഴും അസ്വാസ്ഥ്യ പരിഹാരത്തിനു് ഒരു ദിവ്യൗഷധമെന്നവണ്ണം ഉപകരിച്ചിട്ടുണ്ടു്. അവയെ ഹൃദിസ്ഥമാക്കി സാക്ഷാത്കരിക്കുന്നതിനുള്ള സംരംഭത്തിൽ അതിനു് ഏറ്റവും പറ്റിയതായ ഒരു മാർഗ്ഗം അവയെ മാതൃഭാഷയിലേക്കു സമഞ്ജസമായ രീതിയിൽ വിവർത്തനം ചെയ്യുന്നതിനു് ഉദ്യമിക്കുകയാണെന്നു് എനിക്കു തോന്നി. ഈ അഭിനിവേശത്തെ ഞാൻ അനുഗമിച്ചു; ഇംഗ്ലീഷിലുള്ള മൂന്നു വിവിധങ്ങളായ വിവർത്തനങ്ങളെ ഉപജീവിച്ചു, നിഘണ്ടുകളും മറ്റും നോക്കുന്നതിനു സൌകര്യമില്ലാതിരുന്ന പരിതസ്ഥിതികളിൽ—അപ്രതീക്ഷിതമായ പ്രതിബന്ധങ്ങൾ നിമിത്തം ഒരു വർഷത്തോളം ദീർഘിച്ചുപോയ 1937-ലെ എന്റെ ദുരദൃഷ്ടപൂർണ്ണമായ സിംഗപ്പൂർ യാത്രയിൽ—ഈ ഭാഷാന്തരീകരണം ഞാൻ നിർവ്വഹിച്ചു. ഇൻഡ്യ

ൻ മഹാ സമുദ്രത്തെ തരണംചെയ്തു സിംഗപ്പൂരിൽ എത്തുന്നതിനും മടങ്ങിവരുന്നതിനും ബി. ഐ. എസ്സ്. എൻ. കമ്പനിവക 'റാജൂലാ' എന്ന കപ്പൽ എനിക്കു് എപ്രകാരം ഉപകരിച്ചുവോ, അപ്രകാരം ക്രിസ്തുദേവാനുകരണവുമായി എനിക്കുണ്ടായ ഈ സന്തതസംസർഗ്ഗം, എന്നെ സംബന്ധിച്ചിടത്തോളം അപ്പോൾ ഏറ്റവും പ്രചണ്ഡമായി പ്രക്ഷുബ്ധമായിരുന്ന ജീവിതസാഗരത്തിൽ ഞാൻ നിർഗ്ഗ്ലേഷം മുങ്ങിപ്പോകാതെ രക്ഷപെടുന്നതിനും ഉപകരിച്ചു എന്ന കൃതജ്ഞതയോടുകൂടി ഇപ്പോൾ ഞാൻ അനുസ്മരിക്കുന്നു.

ബൈബിൾ ഒഴിച്ചാൽ ഏറ്റവും കൂടുതലായി വായിക്കപ്പെടുന്ന ആദ്ധ്യാത്മികമായ ഗ്രന്ഥം 'ക്രിസ്തുദേവാനുകരണ'മാണെന്നു നിസ്സംശയം പറയാവുന്നതാണു്. എൺപതിൽപരം ഭാഷകളിലേക്കു് അതു തർജ്ജിമചെയ്യപ്പെട്ടിട്ടുണ്ടു്. ഇത്ര അധികം ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഒരു പുസ്തകം ബൈബിളല്ലാതെ വേറെയില്ല. മലയാളത്തിൽ മാത്രമല്ല, മറ്റു പല ഭാഷകളിലും അനേകം തർജ്ജിമകൾ—ഒരേ ഭാഷയിൽത്തന്നെ — ഇതിനുണ്ടായിട്ടുണ്ടു്. ഇംഗ്ലീഷിലും ഒട്ടുവളരെ തർജ്ജിമകൾ കൂടെ

ലിക്കരുടേയും പ്രോട്ടസ്റ്റാൻറുകാരുടെയും സവ്വകലാശാലക്കാരുടെയും വകയായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കത്തോലിക്കക്കുതന്നെയും ഇംഗ്ലീഷിൽ അനേകം തജ്ജിമകൾ ഉണ്ട്. മൂലഗ്രന്ഥകാരൻ ഒരു സിദ്ധനായ കത്തോലിക്കനാണെങ്കിലും ആദ്ധ്യാത്മിക ചിന്താനിരതരായ ഇതരമതസ്ഥരും ഈ പുസ്തകം വായിച്ചു നിർവൃതി അടയുന്നുണ്ട്.

മൂലഗ്രന്ഥം ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടതു 1418—ൽ ഗ്രന്ഥകാരന്റെ പേരില്ലാതെ ആയിരുന്നു. തോമസ്സ് അക്കെമ്പീസ്സിനെക്കൂടാതെ സെയിൻറ് ബർണാർഡ്, സെൻറ് ആൻറണി, സെയിൻറ് ബനവംതൂർ, ജറാർഡ് ഗ്രൂട്ട് തുടങ്ങി പലരെയും ഈ ഗ്രന്ഥത്തിന്റെ കർതൃത്വത്തിനു് അവകാശികളായി സാഹിത്യചരിത്രകാരന്മാർ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ തോമസ്സ് അക്കെമ്പീസ്സ് ആണു് അതിന്റെ രചയിതാവു് എന്നു് ഇപ്പോൾ മിക്കവാറും സവ്വസമ്മതമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. 1441—ൽ അതു് ഉൾപ്പെടെയുള്ള അദ്ദേഹത്തിന്റെ കൃതികൾ എല്ലാംകൂടി ഒന്നിച്ചു പ്രസിദ്ധപ്പെടുത്തിയതിന്റെ ഒരു കൈയെഴുത്തുപ്രതിയിൽ അദ്ദേഹം പേരെഴുതി ഒപ്പിട്ടിട്ടുള്ളതു് ഇ

പ്പോഴും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്തുദേവാനുകരണം കൂടാതെ പത്തു പന്ത്രണ്ടു ഗ്രന്ഥങ്ങളും വേറെയും അദ്ദേഹം എഴുതിയിട്ടുണ്ട്. അദ്ദേഹം ജർമ്മനിയിൽ കൊളോഞ്ഞിനു സമീപം കെമ്പിസ്സ് എന്ന ഗ്രാമത്തിൽ 1379-ൽ ജനിച്ചു. ചെറുപ്പത്തിൽത്തന്നെ ഒരു സന്ന്യാസസംഘത്തിൽ ചേർന്നു ജീവിതകാലം മുഴുവനും ഗ്രന്ഥങ്ങൾ പകർത്തുന്നതിലും സ്വന്തമായി രചിക്കുന്നതിലും വ്യാപൃതനായിക്കഴിഞ്ഞുകൂടിയശേഷം അദ്ദേഹം 1471-ൽ 91-ാമത്തെ വയസ്സിൽ മരിച്ചു.

ക്രിസ്തുദേവാനുകരണത്തിലെ ഭാഷ കഴിയുന്നത്ര ലളിതവും സുഗമവുമാക്കുന്നതിനു ഞാൻ ശ്രമിച്ചിട്ടുണ്ട്. സാമാന്യമായി വിദ്യാഭ്യാസവും ഭാഷാജ്ഞാനവുമുള്ള ഒരാൾ അവധാനപൂർവ്വം വായിച്ചാൽ ക്ലേശംകൂടാതെ അർത്ഥം ശരിയായി ഗ്രഹിക്കത്തക്കവണ്ണം അതിന്റെ രചനയ്ക്കു സാരള്യം ഉണ്ടായിരിക്കണമെന്നു് എനിക്കു നിഷ്കർഷയുണ്ടായിരുന്നു. മൂലഗ്രന്ഥകാരൻ ഒരു മലയാളി ആയിരുന്നാൽ തന്റെ ആശയങ്ങളെ മലയാളത്തിൽ എങ്ങനെ പ്രകാശിപ്പിക്കുമോ അങ്ങനെ പരിഭാ

ഷകനും അവയെ പ്രകാശിപ്പിക്കണമെന്ന ആദ്യം ഞാൻ 'ശ്രീയേശുക്രിസ്തു' വിലെന്ന പോലെ ഇതിലും, സനിഷ്കൃഷ്ടം പുരസ്കരിച്ചിട്ടുണ്ട്. 'ക്രിസ്തുദേവാനുകരണ'ത്തിലെ 'ദേവ'ശബ്ദത്തെപ്പറ്റി ചിലരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടാകാം. 'ക്രിസ്താനുകരണ'ത്തിലെ സന്ധി തെറ്റെന്നു് കണ്ടു് 'ക്രിസ്തുപനുകരണ'മെന്നു് ഇതിനു മുമ്പുള്ള തർജ്ജിമകളിൽ പരിഷ്കാരം വരുത്തിയിട്ടുണ്ടു്. ഒന്നു തെറ്റാണെങ്കിൽ, മറേറതിന്റെ ഉച്ചാരണത്തിനു് അത്ര ശ്രവണസുഖമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഈ തെറ്റും അസുഖവും പരിഹരിക്കുന്നതിനായി ഞാൻ 'ദേവ' ശബ്ദം ഇടയ്ക്കു ചേർത്തു വെന്നേ ഉള്ളൂ. അങ്ങനെ ഒരു പദം, ക്രിസ്തുവിനും അനുകരണത്തിനും മദ്ധ്യേ, ക്രിസ്തുവിനോടു ചേർക്കേണ്ടിവന്നാൽ, അതിനു ഏറ്റവും യോജിച്ചതു 'ദേവ' എന്നാണെന്നു ഞാൻ വിശ്വസിക്കുന്നു. 'ദേവൻ' എന്ന പദത്തിനു ഈശ്വരൻ എന്ന അർത്ഥം സംസ്കൃതത്തിലെന്നപോലെ മലയാളത്തിലുമുണ്ടു്. ഹിന്ദുക്കളും ഈശ്വരനെ ദേവൻ എന്നു വിളിക്കുന്നതുകൊണ്ടു നമുക്കു് ഈശ്വരനായ ക്രിസ്തുവി

നെ ദേവൻ എന്നു പറയാൻ പാടില്ലാതില്ല. അജ്ഞാനികളായിരുന്ന പുരാതന ഗ്രീക്കുകാരുടെയും റോമാക്കാരുടെയും ദൈവങ്ങളായ സീയസ്സ്, ജൂപിറ്റർ, സാറ്റൺ മുതലായവർ 'Gods' എന്നു വിളിക്കപ്പെട്ടതുകൊണ്ടു ക്രിസ്ത്യാനികളുടെ ഏക ദൈവത്തിനു 'God' എന്ന സംജ്ഞ ഇംഗ്ലീഷ് ഭാഷയിൽ നല്കപ്പെട്ടിട്ടില്ലേ? ക്രിസ്ത്യാനികളുടെ God-നു് അതുമൂലം വല്ല പാതിത്യവും നേരിട്ടിട്ടുണ്ടോ? 'നാഥൻ' എന്നും മറ്റുമുള്ള ശബ്ദങ്ങളെക്കാൾ 'ദേവ' ശബ്ദം തീർച്ചയായും ഈശ്വരതാദ്യോതകവും ക്രിസ്തുവിനോടു് ചേരുന്നതുമാണു്. ക്രിസ്തുവിന്റെ അമ്മയായ അനുഗൃഹീത കന്യകാമറിയത്തെ 'ദേവമാതാവു്" (Mother of God) എന്നല്ലാതെ നാഥമാതാവു് എന്നോ മറ്റോ, പള്ളിക്കു 'ദേവാലയം' (House of God) എന്നല്ലാതെ നാഥാലയം എന്നോ മറ്റോ ക്രിസ്ത്യാനികൾ പറയാറില്ല. ദേവമാതാവു്, ദേവാലയം ഇദ്യാതി ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്ന ശൈലികളിൽ നിന്നു ദേവശബ്ദത്തിനു് അവരും ഈശ്വരൻ എന്ന അർത്ഥം കല്പിക്കുന്നുണ്ടെന്നും അതുകൊണ്ടു് അതു ക്രിസ്തുവിനു് അനുരൂപമാണെന്നു മുമ്പേതന്നെ തീർച്ചപ്പെട്ടിട്ടുണ്ടെന്നും

സ്പഷ്ടമാണു്. അതുപോലെ, 'ഭഗവാൻ'* മുതലായ മറ്റു ചില 'ഹൈന്ദവ' ശബ്ദങ്ങളെയും ഇപ്പോഴും അപലപിക്കുന്നവരായി ക്രിസ്ത്യാനികൾ വല്ലവരും ഉണ്ടെങ്കിൽ, അവരോടു് എനിക്കു പറയാനുള്ളതു് കാലക്രമംകൊണ്ടു് അത്തരം യാഥാസ്ഥിതികവാദങ്ങൾ നിഷ്ക്ലേശം അസ്തമിച്ചുപോകുമെന്നുമാത്രമാണു്. പത്തു പന്ത്രണ്ടു കൊല്ലങ്ങൾക്കുമുമ്പു ഹൈന്ദവഭാഷ എന്നു പറഞ്ഞു ക്രിസ്ത്യാനികൾ സാവജ്ഞം തിരസ്കരിക്കുമായിരുന്ന ഭാഷാപ്രയോഗരീതി ഇപ്പോൾ അവർക്കു സ്വീകാര്യമായിത്തീർന്നിട്ടുണ്ടെന്നുള്ളതിനു ധാരാളം തെളിവുകളുണ്ടു്. വിസ്തരഭയംകൊണ്ടു് ഈ മുഖവുരയിൽ ഇതിനെപ്പറ്റി കൂടുതലായി പ്രതിപാദിക്കുന്നില്ല.

---

* ഭഗവാൻ=The Divine or perfect Being. ഭഗം=Divine power, omnipotence, splendour, excellence, greatness, strength, beauty knowledge, prosperity, absence of passion etc. (ഒരു കമ്മലീത്താ സന്ന്യാസി എഴുതി എറണാകുളം ഐ. എസ്സു്. പ്രസ്സിൽ അച്ചടിച്ച മലയാളം–ലത്തീൻ–ഇംഗ്ലീഷു നിഘണ്ടു 1891.)

ഈ പുസ്തകം കാര്യക്ഷമമായി പരിശോധിപ്പിച്ചു് അതിനു് ഇമ്പ്രിമാത്തൂറും, പ്രോത്സാഹജനകമായ ഒരു ആശീർവ്വാദലേഖനവും, തുപ്പാദങ്ങളിൽ അതിനെ സമർപ്പിക്കുന്നതിനു് അനുവാദവും തന്നു് എന്നെ അനുഗ്രഹിച്ച കരുണാനിധിയായ നിതാന്തവന്ദ്യ ദിവ്യശ്രീ കൊല്ലം മെത്രാനച്ചൻ ഡോക്ടർ ജറോം എം. ഫെർണാൻഡസ്സു് തിരുമനസ്സിലെ നേക്കും, തന്റെ കീഴുള്ള ഒരു സന്ന്യാസി വൈദികനെക്കൊണ്ടു് അതിന്റെ പരിശോധനം സത്വരം നിവ്വഹിപ്പിച്ചുതന്ന കൊല്ലം കപ്പൂച്ചിൻ ആശ്രമാധിപനും ഇൻഡ്യൻ കപ്പൂച്ചിൻ കമ്മിസറിയേററിന്റെ മേലാവുമായ വെറി. റെവ. ഫാദർ അർബൻ O. M. Cap. അവർകളോടും, ഒരു വേദപണ്ഡിതനും ഭാഷാഭിമാനിക്കും സഹൃദയനും അനുരൂപമായവിധത്തിൽ അതിനെ ഉത്സാഹപൂവ്വം പരിശോധിച്ച ദിവ്യശ്രീ റെവ. ഫാദർ ഡന്നീസ്സു് O. M. Cap. അവർകളോടും, പണ്ഡിതോചിതമായ ഒരു മണ്ഡനമെഴുതി എന്നെ അനുഗ്രഹിച്ച കേരളീയ സുറിയാനി കർമ്മലീത്താ സന്ന്യാസസംഘത്തിന്റെ സവ്വാധിപതിയായിരുന്ന വേദശാസ്ത്രകോവിദൻ അതീവ വന്ദ്യദിവ്യശ്രീ ഫാദർ ജോൺ ബക്കുമാൻസു് റി. ഒ. സി.

ഡി. അവർകളോടും, സവ്വോപരി, സമുചിതമായ ഒരു അവതാരികകൊണ്ടു ഈ പുസ്തകത്തെ അലംകരിച്ച പണ്ഡിതാഗ്രേസരനും ഭാഷാഭിമാനിയും ക്രൈസ്തവസാഹിത്യപോഷണത്തിൽ ദത്തശ്രദ്ധനുമായ അതീവ വന്ദ്യദിവ്യശ്രീ മോൺസിഞ്ഞോർ ജെയ്ക്കബ് നടുവത്തുശ്ശേരി അവർകളോടും, അതിന്റെ മുദ്രണവും പ്രസിദ്ധീകരണവും സുസമർത്ഥമായി സാധിച്ച തേവര ചെറുപുഷ്പം മുദ്രാലയഭാരവാഹികളോടും, എനിക്കുള്ള അപാരമായ കൃതജ്ഞതയെക്കൂടി ഇവിടെ രേഖപ്പെടുത്തിക്കൊണ്ടു് ഈ വിനീതമായ മുഖവുരയെ ഉപസംഹരിച്ചുകൊള്ളുന്നു.

മയ്യനാടു്,
നവംബർ 30, '39.

എ. ജോൺ

രണ്ടാംപതിപ്പിന്റെ

മുഖവുര

'The Imitation of Christ' ന പൂർവജങ്ങളായ ഒന്നിലധികം തർജ്ജിമകൾ മലയാളത്തിൽ ഇന്നും പ്രചാരത്തിലിരിക്കുന്ന സ്ഥിതിക്കു് അവരജമായ 'ക്രിസ്തുദേവാനുകരണ'ത്തിനു് ഇത്രവേഗം ഒരു പുതിയ പതിപ്പു് ആവശ്യമായിത്തീർന്നതിൽ എനിക്കു വലുതായ ചാരിതാർത്ഥ്യമുണ്ടു്. കടലാസ്സിനും മററു മുദ്രണസാമഗ്രികൾക്കും ഒറ്റുഹമായ വിലക്കുറ്റതലും ദുർല്ലഭ്യവും നേരിട്ടിരിക്കുന്ന ഈ സന്ദർഭത്തിൽതന്നെ ഈ പുതിയ പതിപ്പു് പ്രസിദ്ധപ്പെടുത്തുന്നതിനു് അതിന്റെ ഉടമസ്ഥരുംകൂടിയായ പ്രസാധകർ സന്നദ്ധരായി എന്നുള്ളതു് അതിനു സിദ്ധിച്ചുകഴിഞ്ഞിരിക്കുന്ന പ്രചാരത്തിന്റെ പ്രചുരിമയ്ക്കു പ്രത്യക്ഷമായ തെളിവാണു്. അതിന്റെ തലക്കെട്ടിലെ ക്രിസ്തുദേവശബ്ദത്തെയും ഉള്ളിലെ മററു ചില ശബ്ദങ്ങളെയും അധികരിച്ചുണ്ടായ വാദപ്രതിവാദകോലാഹലം അതിന്റെ പ്രചാരത്തെ വളരെ സഹായിക്കുകയും ത്വരിപ്പിക്കുകയും ചെയ്തിരിക്കണം.

വളരെ രസകരവും വിജ്ഞാനപ്രദവുമായിരുന്ന പ്രസ്തുത വാദപ്രതിവാദത്തിന്റെ ഫലമായി, 'ക്രിസ്തുദേവാനുകരണ'ത്തിനു മാത്രമല്ല, വിവാദവിഷയമായ ശബ്ദങ്ങൾക്കും പൂർവ്വാധികം പ്രചാരവും പ്രതിഷ്ഠയും ലഭിച്ചിട്ടുണ്ട്; അവയിൽ ഏറ്റവും നിശിതവും ക്ലേശകരവുമായ നിരൂപണത്തിനു പാത്രീഭവിച്ച ദേവശബ്ദത്തിനു കേരളീയക്രൈസ്തവസാഹിത്യത്തിൽ ഏകദേശം നാനൂറുകൊല്ലത്തെ പാരമ്പര്യമുണ്ടെന്നു തെളിഞ്ഞു; ശ്രീയേശുവിജയം മുതലായ നവീനകൃതികളിൽമാത്രമല്ല, പുത്തൻപാന തുടങ്ങി താരതമ്മ്യേന പുരാതനങ്ങളായ കൃതികളിലും അതു ധാരാളമായി പ്രയോഗിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതിനു വേണ്ടുവോളം ഉദാഹരണങ്ങൾ പ്രദർശിപ്പിക്കപ്പെട്ടു. 'അനേകേശ്വരവിശ്വാസികളായ ഹിന്ദുക്കൾ അവരുടെ മുപ്പത്തുമുക്കോടി ദേവന്മാരെയും' കുറിക്കുന്നതിനു് ഉപയോഗിക്കുന്ന ഒരു ശബ്ദം ഏകേശ്വരവിശ്വാസികളായ ക്രിസ്ത്യാനികൾക്കു് ഈശ്വരാർത്ഥത്തിൽ സ്വീകാര്യമല്ലെന്നും സാക്ഷാൽ ഏകദൈവമായ ക്രിസ്തുവിനു ദേവശബ്ദപ്രയോഗംകൊണ്ടു് അപകർഷം നേരിട്ടുപോകുമെന്നുള്ള വാദം ബാലിശമാണെന്നും സമർത്ഥിക്കുവാൻ തത്പ്രതിവാദി

കർക്കു പ്രയാസമുണ്ടായിരുന്നില്ല. "ഏകവും അദ്വിതീയവുമായ ആദികാരണത്തിന്റെ സംജ്ഞയായി ദേവശബ്ദം പ്രയോഗിക്കുന്നതിൽ അനൗചിത്യം കാണുന്നില്ല." എന്ന പണ്ഡിതാഗ്രണിയായ മി. ഐ. സി. ചാക്കോ യുക്തിയുക്തം സ്ഥാപിച്ചു. പക്ഷേ, അദ്ദേഹത്തിനു ക്രിസ്തുദേവനും ക്രിസ്തുവിന്റെ അമ്മ ദേവമാതാവും തന്നെയാണെങ്കിലും, ക്രിസ്തുദേവൻ എന്നു സമാസിച്ചുപറയുന്നതിൽ ഏതൊ ഒരസുഖം തോന്നിയിട്ടുണ്ടെന്നും, അതിന്റെ കാരണം ആ സമാസം അപാണിനീയമാണെന്നും ക്രിസ്തുവായ ദേവൻ എന്നു വിഗ്രഹിക്കുമ്പോൾ, വ്യാകരണവിധിപ്രകാരം, ക്രിസ്തുവല്ലാതെയും ദേവനുണ്ടെന്നും ക്രിസ്ത്വാനികർക്കു് അസ്വീകാര്യമായ ഒരു ധ്വനി അതിലുണ്ടെന്നുമുള്ളതാണെന്നും അദ്ദേഹം പറഞ്ഞു. സമാസത്തിന്റെ അപാണിനീയതയും അനിഷ്ടാർത്ഥധ്വനിയും നിമിത്തമുള്ള അസുഖവും ആക്ഷേപവും മറ്റാർക്കും ഉണ്ടായിട്ടുള്ളതല്ല. പ്രതിപക്ഷികർക്കു ക്രിസ്തു ദേവനല്ലെന്ന ആക്ഷേപമല്ലാതെ, മി. ചാക്കോ സമ്മതിക്കുകയും സമർത്ഥിക്കുകയും ചെയ്യുന്നതുപോലെ ക്രിസ്തു ദേവനാണെങ്കിൽ, ക്രിസ്തുദേവനെന്നു സമാസിക്കുന്നതിൽ യായൊരാക്ഷേപവുമുണ്ടായിരുന്നില്ല.

മി. ചാക്കോയ്ക്കുതന്നെയും

"കൃഷ്ണാകാന്തം വിമലഹൃദയം ലോക
നാഥം മഹേശം
വന്ദേദേവം സുഗമമഘവിച്ഛിത്തയേ
ക്രിസ്തുദേവം"
(ക്രിസ്തുസഹസ്രനാമം)

ഇത്യാദി സുന്ദരങ്ങളായ പദ്യപാദങ്ങളിൽ ക്രിസ്തുദേവശബ്ദം അദ്ദേഹമുപയോഗിച്ച കാലത്തു് ഏതാട്ടശമായ ഒരാക്ഷേപമില്ലായിരുന്നുവെന്നു് സ്പഷ്ടമാണു്. മിശിഹാതമ്പുരാൻ, ബാവാതമ്പുരാൻ, പുത്രൻതമ്പുരാൻ, റൂഹാതമ്പുരാൻ എന്നീ സമസ്തപദങ്ങളും ക്രിസ്ത്യാനികൾ യാതൊരു പാഷണ്ഡമായ ധ്വനിയുടെയും പ്രതീതിക്കുടാതെ നിത്യവും ഉപയോഗിക്കുന്നവയാണല്ലൊ. കഴിഞ്ഞ നൂറാണ്ടിൽ ജീവിച്ചിരുന്ന മഹാഭക്തനും പുണ്യവാനും കേരളീയ സുറിയാനി കർമ്മലീത്താസഭയുടെ ജനയിതാക്കളിലൊരാളുമായ ചാവറ കുര്യാക്കോസു് ഏലിയാസച്ചൻ പോലും തന്റെ ഭക്തിരസനിഷ്യന്ദികളായ കൃതികളിൽ ബാവാദേവൻ, പിതൃദേവൻ, പുത്രദേവൻ, റൂഹാദേവൻ, മിശിഹാദേവൻ, എന്നീ ശബ്ദങ്ങൾ നിർവ്വിശങ്കം പ്രയോഗിച്ചിട്ടുണ്ടു്. അദ്ദേഹത്തെപ്പോലുള്ള വേദപണ്ഡിതന്മാർ പാഷണ്ഡതയുടെ ലാഞ്ഛനം

എവിടെ ഉണ്ടായാലും അതിനെ അറിയാൻ കഴിയുന്നവരാണല്ലൊ. ഈയുള്ളവർക്കാക്കും പ്രസ്തുത ധ്വനിതോന്നാത്തതു വ്യാകരണജ്ഞാനം ശരിക്കു് ഇല്ലാത്തതുകൊണ്ടാണെന്നു പറയുമായിരിക്കാം. എന്നാൽ, 'ഉദ്യോതാദി മഹാ വ്യാഖ്യാനങ്ങളെല്ലാം ഹൃദിസ്ഥമാക്കിയിരിക്കുന്ന' ഒരു മഹാ വൈയാകരണനെന്നു മി. ചാക്കോതന്നെ സമ്മതിക്കുന്ന 'പണ്ഡിതരാജൻ' മി. പി. എസ്സു്. അനന്തനാരായണശാസ്ത്രികൾക്കുതന്നെയും ഈ സമാസത്തിൽ ഇങ്ങനെയൊരു ധ്വനിയുണ്ടെന്നു തോന്നുന്നില്ല; എന്നു മാത്രമല്ല, വ്യാകരണവിധിപ്രകാരം ഏതാട്ടശമായ ഒരു ധ്വനിക്കു വകയേ ഇല്ലെന്നും സമാസം വ്യാകരണവിരുദ്ധമല്ലെന്നും അദ്ദേഹം തീർത്തു പറയുന്നു. ദേവന്റെ ഏകത്വത്തിലും ക്രിസ്തുവിന്റെ ദേവത്വത്തിലും വിശ്വസിക്കുന്ന ക്രിസ്ത്യാനിയുടെ വിശ്വാസത്തിനു വിരുദ്ധമായ ഒരു ധ്വനി 'ക്രിസ്തുദേവൻ' എന്ന സമസ്തപദത്തിൽ വ്യാകരണവിധിയനുസരിച്ചു് അവശ്യം സംഭവിച്ചേ മതിയാവൂ എന്ന വാദം അദ്ദേഹത്തിനു് ആശ്ചര്യജനകമായിരിക്കുന്നു.

ക്രിസ്തുദേവശബ്ദം ഞാൻ പുസ്തകത്തിന്റെ തലക്കെട്ടിൽ മാത്രമേ പ്രയോഗിച്ചിട്ടുള്ളൂ.

അതിനു ഞാൻ ഒന്നാം പതിപ്പിന്റെ മുഖവുരയിൽ പറഞ്ഞിട്ടുള്ള സമാധാനം ഇപ്പോഴും അപ്രത്യാഖ്യാതമായിത്തന്നെയിരിക്കുന്നു. തലക്കെട്ട് ഇളക്കിക്കുന്നതിനുള്ള ശ്രമം അസ്ഥാനത്തായിപ്പോയി എന്നു ശ്രമിച്ചവർക്കു മനഃസാക്ഷിയിൽ ഇതിനകം തോന്നിയിട്ടുണ്ടായിരിക്കണം. അവരിലാരെങ്കിലും വല്ലുമുക്കിലും മൂലയിലും ആ സാഹസം ഇപ്പോഴും തുടരുന്നുണ്ടെങ്കിൽ, "പരാജിതനായെങ്കിലും അവനു് ഇനിയും വാദിക്കാൻ കഴിയും" (Though vanquished, he could argue still) എന്നു ഗോൾഡ്സ്മിത്തു് പറഞ്ഞിട്ടുള്ള കുടിയാശാനെ അനുകരിക്കുന്നവരാണു് അവർ. പുസ്തകത്തിനകത്തുള്ള 'വിശ്വരൂപം' 'ശബ്ദബ്രഹ്മം' എന്നീ രണ്ടു പദങ്ങൾക്കുംകൂടി ആക്ഷേപമുണ്ടായിട്ടുണ്ടു്. അതിനു ശരിയായ സമാധാനവും പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്, ഈ ആക്ഷേപസമാധാനങ്ങളെ ഇവിടെ ആവർത്തിച്ചു മുഖവുര നീട്ടണമെന്നു വിചാരിക്കുന്നില്ല. ജിജ്ഞാസുക്കളുടെ ശ്രദ്ധയെ സംസ്കൃതവിദ്വാൻ മി. വി. ഏലിയാസ്സു് എഴുതി മലയാളരാജ്യത്തിന്റെ 1941 മാർച്ചു 19, 20, 21, 22, 23 എന്നീ തിയ്യതികളിലെ ലക്കങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതും, ക്രിസ്തു

ദേവശബ്ദം സംബന്ധിച്ച വാദപ്രതിവാദത്തിന്റെ ഗതിയെയും പരിണാമത്തെയും യഥാതഥം പ്രതിപാദിച്ച ജയാപജയങ്ങളെ സുസൂക്ഷ്മം മാപനം ചെയ്യുന്നതും, വിശ്വരൂപം, ശബ്ദബ്രഹ്മം എന്നീ ശബ്ദങ്ങൾക്കുണ്ടായ ആക്ഷേപങ്ങൾക്കു പണ്ഡിതോചിതമായ സമാധാനം നല്കി ആ ശബ്ദങ്ങളുടെ പ്രയോഗത്തെ യുക്തിയുക്തം സാധുകരിക്കുന്നതും, ഇതുവരെ പ്രത്യാഖ്യാനിക്കപ്പെട്ടിട്ടില്ലാത്തതുമായ ലേഖനപരംപരയിലേക്കു് ആകർഷിച്ചുകൊള്ളുന്നു.

മലയാളഭാഷയെ ഹൈന്ദവമെന്നും ക്രൈസ്തവമെന്നും മാറ്റം വിഭജിക്കാവുന്നതല്ല. ഈശ്വരൻ, ഭഗവാൻ, ശബ്ദബ്രഹ്മം മുതലായി സുന്ദരങ്ങളും അർത്ഥഗർഭങ്ങളുമായ ഒന്നാംതരം ശബ്ദങ്ങളെ ഹൈന്ദവങ്ങളെന്നു് ആക്ഷേപിച്ചുകൊണ്ടു് ക്രിസ്ത്യാനികൾ രണ്ടാംതരമോ മൂന്നാംതരമോ ആയ വിലക്ഷണപദങ്ങളെ തേടിപ്പോകുന്ന സംപ്രദായം ഏറ്റവും ഗർഹണീയമാണു്. മറ്റെല്ലാഭാഷകളിലുമെന്നപോലെ മലയാളത്തിലും നല്ല ഭാഷയും ഹീനഭാഷയുമുണ്ടു്. നല്ല ഭാഷയെ സ്വീകരിക്കുകയും ഹീനഭാഷയെ തിരസ്കരിക്കുകയും ചെയ്യണം. King's English

എന്ന മാതിരി രാജമലയാളം എന്നു പറയാവുന്ന സർവസമ്മതമായ ഒരു ഭാഷ മലയാളിക്കുമുണ്ട്. അതു ക്രിസ്ത്യാനിക്കുള്ളതല്ല. അവന്റെ ആദ്ധ്യാത്മികങ്ങളായ തത്ത്വങ്ങളെയും ആശയങ്ങളെയും പ്രകാശിപ്പിക്കുന്നതിനു് അവൻ അതു് ഉപയോഗിക്കാൻ പാടില്ല. അതു 'അബദ്ധബോധജനക'മാണു്, എന്നൊക്കെ അനവസാനം ശഠിച്ചുകൊണ്ടിരിക്കുന്ന പണ്ഡിതമ്മന്യന്മാരായ മിത്രങ്ങളിൽ നിന്നു കേരളീയ ക്രൈസ്തവസാഹിത്യത്തെ രക്ഷിക്കണമേയെന്നു പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. "ഹിന്ദുമതാധീനത്വത്തിൽ വളർന്നുവരുന്ന ഇൻഡ്യൻഭാഷകളിൽ ആദ്ധ്യാത്മികവിഷയങ്ങളെക്കുറിക്കുന്ന ശബ്ദങ്ങൾക്കു ഹിന്ദുമുദ്രയില്ലാതിരിക്കുകയെന്നതു് അസാധാരണമായിരിക്കും. ഒരു മതത്തിന്റെ പ്രേരണയിൽ ഇരിക്കുന്നതോ ഇരുന്നിട്ടുള്ളതോ ആയ ഒരു ഭാഷവഴിയായി മറെറാരുമതം പ്രചരിപ്പിക്കേണ്ടതായി വരുമ്പോൾ ആ ഭാഷയിൽ നടപ്പുള്ള ശബ്ദങ്ങൾ സ്വീകരിക്കുകയാണു് ഉത്തമം. ഇങ്ങനെ സ്വീകരിക്കപ്പെട്ടുന്ന ശബ്ദങ്ങളുടെ അർത്ഥങ്ങൾക്കു് അവ്യാപ്തിയോ അതിവ്യാപ്തിയോ ഉണ്ടെങ്കിൽ, പാണിനി പഴയ പദശബ്ദത്തിനു പുതിയ ഒരർത്ഥം ആരോപിച്ചതുപോലെ ലക്ഷ

ണോക്തികൾകൊണ്ടു് ആ ന്യൂനതയെ പരിഹരിക്കാവുന്നതാണു്." എന്നു മി. ഐ. സി. ചാക്കോ ദേവശബ്ദത്തെ അനുക്രമിച്ചെഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ പറഞ്ഞിരിക്കുന്നതു് ഇവിടെ സ്മർത്തവ്യമാണു്. ഈ തത്ത്വമനുസരിച്ചു് ദൈവം, വേദം, വൈദികൻ, പുരോഹിതൻ, സ്വർഗ്ഗം, മോക്ഷം, മുക്തി, മനുഷ്യൻ, ദേവൻ, യോഗി, നരകം, സായൂജ്യം, പട്ടം, പട്ടക്കാരൻ ഇത്യാദി അപ്രമാർജ്ജ്യമായ ഹൈന്ദവമുദ്രയുള്ള അനവധി പദങ്ങൾ ക്രിസ്ത്യാനികൾ പണ്ടേ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്; ഇനിയും ആവശ്യംപോലെ, വൈദികാധികാരിയുടെ, നിയമപ്രകാരമുള്ള, അനുമതിയോടുകൂടി സ്വീകരിക്കുകയും ചെയ്യും. സമഞ്ജസങ്ങളായ ഏതാദൃശശബ്ദങ്ങളുടെ പ്രയോഗത്തിൽ, പരിചയക്കുറവുനിമിത്തം, ആദ്യം അരുചി തോന്നുന്നവക്കു ക്രമംകൊണ്ടു് അവയോടുള്ള വേഴ്ച വർദ്ധിച്ചു് അവ സുപരിചിതങ്ങളായിത്തീരുമ്പോൾ ആസ്വാദ്യങ്ങളായിത്തോന്നാതിരിക്കുകയില്ല. 'ശ്രീയേശുക്രിസ്തുവി'ന്റെ ശ്രീയോടുതന്നെയും കലഹിച്ചവരുണ്ടായിരുന്നു. എങ്കിലും അതു ഇപ്പോൾ മിക്കവാറും സർവ്വാദരണീയമായിത്തീർന്നിട്ടുണ്ടല്ലോ. അതുപോലെ, കുറേമുമ്പു ക്രിസ്ത്യാനികൾക്കു കണ്ണാരു

ന്തുദമായിതോന്നുമായിരുന്ന 'ഈശ്വരൻ', 'ഭഗവാൻ,' മുതലായി സുഭഗങ്ങളായ ശബ്ദങ്ങൾ ഇപ്പോൾ ഭാഷാഭിമാനികളായ വൈദികരുടെ പള്ളികളിലെ പ്രസംഗങ്ങളിൽപ്പോലും കേൾക്കപ്പെടുന്നു. ദേവശബ്ദത്തിനും മറ്റുമുണ്ടായ ആക്ഷേപങ്ങൾ യുക്തിജാതങ്ങളല്ലെന്നും കേവലം രുചിജാതങ്ങൾ മത്രമാണെന്നും ഏവംവിധങ്ങളായ അനുഭവങ്ങൾ തെളിയിക്കുന്നു.

വിനീതങ്ങളായ എന്റെ സാഹിത്യപരിശ്രമങ്ങളെ സഹൃദയത്വപൂർവ്വം പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന മഹാജനങ്ങളോട് എനിക്കുള്ള അപാരമായ കൃതജ്ഞതയെ പ്രദർശിപ്പിച്ചുകൊണ്ടും, ഭക്തരായ ക്രിസ്തുദേവാനുകരണവായനക്കാർ എനിക്കുവേണ്ടിയും സഭയം പ്രാർത്ഥിക്കുമാറാകണമെന്ന് അപേക്ഷിച്ചുകൊണ്ടും ഈ മുഖവുര അവസാനിപ്പിച്ചുകൊള്ളുന്നു.

മയ്യനാട്,
ആഗസ്റ്റ് 30, '42 } ഏ. ജോൺ.

അവതാരിക

മയ്യനാട്ട് ഏ. ജോൺ ബി. എ. അവർകൾ രചിക്കുന്ന ഗ്രന്ഥങ്ങൾക്കു കേരളഭാഷാലോകത്തിൽ സ്വാഗതവും പ്രചാരവും ലഭിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി അവയ്ക്കു് ആരും ഇനി അവതാരിക എഴുതിക്കൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. "ശ്രീയേശുക്രിസ്തു," "കന്യകാമറിയം," "പാടുവായിലെ അന്തോണി," "ഫ്രാൻസീസു് അസീസ്സി" എന്നീ നാമധേയങ്ങളിൽ അദ്ദേഹത്തിന്റെ തൂലികയിൽനിന്നു പുറപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾക്കു് അത്രയധികം സ്വാഗതവും പ്രചാരവും ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ആ വസ്തുതയെ തൽക്കാലം വിസ്മരിച്ചുകൊണ്ടാണു് ഞാൻ ഈ അവതാരിക എഴുതുന്നതു്. അതിനു് എനിക്കുള്ള പ്രേരണ, ഞാൻ അത്യന്തം വിലമതിക്കുന്നതും മറ്റുള്ളവർ അതുപോലെ വിലമതിച്ചുകാണുമെന്നു ഞാൻ വളരെ ആഗ്രഹിക്കുന്നതുമായ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളോടു അഭേദ്യമായ ഒരു ബന്ധം ഉണ്ടായിരുന്നാൽകൊള്ളാമെന്നുള്ള എന്റെ അഭിനിവേശം മാത്രമാണു്. ആ കൃത്യം എളുപ്പത്തിൽ നിവൃ

ഹിക്കുവാൻ ഇവിടെ ഒരു സൗകര്യവും ല
ഭിച്ചിരിക്കുന്നു. എന്തെന്നാൽ ഈ ഗ്രന്ഥത്തി
ന്റെ അവതാരികയിൽ പറയേണ്ടതാണെ
ന്നു എനിക്കു അഭിപ്രായമുള്ളും, ഞാൻ തെ
ളിച്ചുപറയുമായിരുന്നതുമായ സംഗതികൾ
അദ്ദേഹംതന്നെ മുഖവുരയിൽ സവിസ്തരം പ
റഞ്ഞിട്ടുണ്ടു്. മൂലഗ്രന്ഥത്തിന്റെ അന്യാദൃ
ശമായ വൈശിഷ്ട്യം, അതിനു സകല പരി
ഷ്കൃതഭാഷകളിലും സിദ്ധിച്ചിരിക്കുന്ന സ്ഥാ
നം, ഒരേഭാഷയിൽത്തന്നെ പല തർജ്ജി
മകൾ ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത, മല
യാളഭാഷയിൽ ഒന്നിലധികം തർജ്ജിമകൾ
ഉണ്ടാകുന്നതിൽ പരിതപിക്കേണ്ടതില്ലെന്നു
ള്ള അഭിപ്രായം—ഇതെല്ലാം എനിക്കു കഴി
യുന്നതിൽ അധികം ഭംഗിയായി അദ്ദേഹം
ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. 'ഭഗവാൻ,' 'ഭേ
വൻ', എന്നും മറ്റുമുള്ള ചില പ്രയോഗങ്ങ
ൾ ഒരു ഗണം വായനക്കാർക്കു കണ്ണാരുന്നു
ദമായി തോന്നിയേക്കാമെന്നു കണ്ടു്, അവ
യെ സാധൂകരിക്കുന്നതായി എനിക്കു തോ
ന്നിയിട്ടുള്ള ന്യായങ്ങളും അദ്ദേഹം പ്രകാശി
പ്പിച്ചുകാണുന്നതിൽ പ്രത്യേകിച്ചും സന്തോ
ഷമുണ്ടു്.

എന്നാൽ ഈ ഗ്രന്ഥത്തെ സംബന്ധിച്ചു
അഭിനന്ദനസ്വരത്തിൽ അവശ്യം പ്രസ്താവി

ക്കേണ്ട ഒരു കാര്യം അദ്ദേഹം വിട്ടുകളഞ്ഞിരിയ്ക്കുകയാണു്. അതു വിശേഷാൽ ഇവിടെ എടുത്തു പറഞ്ഞില്ലെങ്കിൽ ഒരുവക കൃത്യവീലോപമായിരിക്കും. "'ക്രിസ്തുദേവാനുകരണ'ത്തിലെ ഭാഷ കഴിയുന്നത്ര ലളിതവും സുഗമവുമാക്കുന്നതിനു ഞാൻ ശ്രമിച്ചിട്ടുണ്ടു്. സാമാന്യമായ വിദ്യാഭ്യാസവും ഭാഷാജ്ഞാനവുമുള്ള ഒരാൾ അവധാനപൂർവ്വം വായിച്ചാൽ ക്ലേശംകൂടാതെ അർത്ഥം ശരിയായി ഗ്രഹിക്കത്തക്കവണ്ണം അതിന്റെ രചനയ്ക്കു സാരള്യം ഉണ്ടായിരിക്കണമെന്നു് എനിക്കു നിഷ്കർഷയുണ്ടായിരുന്നു. മൂലഗ്രന്ഥകാരൻ ഒരു മലയാളിയായിരുന്നാൽ തന്റെ ആശയങ്ങളെ മലയാളത്തിൽ എങ്ങനെ പ്രകാശിപ്പിക്കുമോ അങ്ങനെ പരിഭാഷകനും അവയെ പ്രകാശിപ്പിക്കണമെന്ന ആദർശം ഞാൻ സനിഷ്കർഷം പുരസ്കരിച്ചിട്ടുണ്ടു്!" എന്നു് മുഖവുരയിൽ പറഞ്ഞിട്ടുണ്ടല്ലോ. ഈ ലക്ഷ്യവും ആദർശവും തർജ്ജിമയിൽ സവിശേഷം സംപ്രാപ്തമായിട്ടുണ്ടെന്നുള്ള സംശയലേശമെന്യേ പ്രസ്താവിച്ചുകൊള്ളുന്നു. മൂലഗ്രന്ഥത്തിന്റെ ഉത്തേജകശക്തിയും തർജ്ജിമയുടെ പ്രസ്തുത ഗുണവും ആലോചിക്കുമ്പോൾ, മി. ജോൺ ഈ ഗ്രന്ഥരചനമുഖേന കേരളീയർക്കു അവിസ്മരണീയമായ ഒരു സേവനം

ചെയ്തിട്ടുണ്ടെന്നു് അഭിപ്രായപ്പെടുവാൻ ആരും ഒട്ടും മടിക്കേണ്ടതില്ല. അതിനു സമുചിതമായ കൃതജ്ഞതയെന്നോണം, അവർ ജാതിമതഭേദംകൂടാതെ ഈ ഗ്രന്ഥത്തിനു സ്വാഗതമരുളുമെന്നും, അതു വാങ്ങി നിത്യം പാരായണം ചെയ്തു നിർവൃതി അടയുമെന്നും പ്രത്യാശിച്ചുകൊണ്ടു് "ക്രിസ്തുദേവാനുകരണ"ത്തെ മഹാജനസമക്ഷം അവതരിപ്പിച്ചുകൊള്ളട്ടെ.

(മോൺസിഞ്ഞോർ)
ജേയ്ക്കബ് നടുവത്തുശേരി.

കേരളീയ
സുറിയാനി കമ്മലീത്താ സംഘത്തിന്റെ
സർവ്വാധിപതി (PRIOR GENERAL) ആയിരുന്ന
വെരി. റവ. ഫാദർ ജോൺ ബക്കുമാൻസ്
സി. ഡി. അവർകളുടെ

അഭിപ്രായം

'ക്രിസ്തുദേവാനുകരണം' (Imitation of Christ) എന്ന ഗ്രന്ഥത്തിനു ക്രിസ്തീയ സാഹിത്യ ഗ്രന്ഥസഞ്ചയത്തിൽ മഹത്തമമായ സ്ഥാനമാണുള്ളതെന്നു് സുവിദിതമാണു്. ഈശ്വരനിവേശിതങ്ങളായ വി. ലിഖിതങ്ങൾ (Holy Bible) കഴിച്ചാൽ, മാനസികവും ആദ്ധ്യാത്മികവുമായ സംസ്കരണവും സമുല്കർഷവും പ്രാപിക്കുന്നതിനു 'ക്രിസ്തുദേവാനുകരണ'ത്തെക്കാൾ ഉപയുക്തമായ വേറൊരു പുസ്തകം കണ്ടുകിട്ടുക സുസാദ്ധ്യമല്ല. തന്നിമിത്തം അതു്, ഈശ്വരനിവേശിതങ്ങളല്ലാത്ത ഗ്രന്ഥങ്ങളുടെ ഗണത്തിൽ ഏറവും 'ഈശ്വരനിവേശിതമായ' ഗ്രന്ഥമാണെന്നു കീർത്തിക്കപ്പെടുന്നതു് രികച്ചും അർത്ഥപൂർവ്വമാണു്.

ലോകൈക ഗുരുവായ ക്രിസ്തുദേവന്റെ ആദർശങ്ങളും ജീവിതപരിപാടികളും അനുസരിച്ച് ഏതൊരുവനും—ധനികനും, ദരിദ്രനും, വിദ്വാനും വിദ്യാവിഹീനനും, യജമാനനും ഭൃത്യനും—ലോകരംഗത്തു സാക്ഷാത്തായ സൗഭാഗ്യം കൈവളർത്തി ജീവിപ്പാനും, തദനന്തരം സനാതനാനന്ദാനുഭൂതിയിൽ എത്തിച്ചേരുവാനും അത്യന്തം ആകർഷകവും സുഗമവുമായ രീതിയിൽ മാർഗ്ഗനിർദ്ദേശം നല്കുന്നു എന്നുള്ളതാണ് പ്രസ്തുത ഗ്രന്ഥത്തിന്റെ അന്യാദൃശമായ വൈശിഷ്ട്യം. മനുഷ്യഹൃദയത്തിന്റെ വിവിധങ്ങളായ വ്യാപാരവ്യാമോഹങ്ങളും നിഗൂഢങ്ങളായ ഗതിവിഗതികളും അതിൽ സൂക്ഷ്മചിത്രണം ചെയ്യപ്പെട്ടിരിക്കകൊണ്ട് മാനവവംശം ഭൂമുഖത്തു് അവശേഷിക്കുന്ന കാലത്തോളം ഈ പുസ്തകം ആസ്വാദ്യമായിത്തന്നെ ഇരിക്കുമെന്നാണ് അഭിജ്ഞാഭിപ്രായം. എത്ര ഒഴിവ്ഹമായ പീഡകൾ അനുഭവിക്കുന്ന ഭർഭഗൻ കൂടെയും ഈ പുസ്തകം തുറന്നു, അകസ്മികമായിട്ടുപോലും എത്തുപെടുന്ന, ഒരദ്ധ്യായം വായിക്കുന്നതായാൽ അഭിലഷണീയമായ സമാധാനവും പ്രബുദ്ധതയും പ്രാപിക്കാതിരിക്കയില്ല. തന്നിമിത്തം ക്രൈസ്തവേതരന്മാർകൂടിയും ഈ ഗ്രന്ഥം നിത്യോപ

യോഗത്തിനു സ്വീകരിച്ചിട്ടുള്ളതിൽ എന്താണത്ഭുതപ്പെടുവാനുള്ളതു്?

ഞാൻ ഈ അഭിപ്രായം എഴുതുന്നതിനൊരുമ്പെടുകയിൽ, പരീക്ഷാർത്ഥം പുസ്തകം എടുത്തു തുറന്നു; അപ്പോൾ എന്റെ കണ്ണുകൾക്കു സുഷ്ടീഭവിച്ച വാക്യം ഇതാണു്:—നീ പ്രവൃത്തിയിൽ വിശ്വാസയോഗ്യതയും തൃഷ്ണാന്തിയുമുള്ളവനായി നിലനില്ക്കുന്നുവെങ്കിൽ, ഈശ്വരൻ സമ്മാനം തരുന്നതിൽ തീച്ചയായും വിശ്വാസയോഗ്യനും ഉദാരനുമായിരിക്കും; ഇതുകൽ ഞാൻ ഉത്സാഹഭരിതനായിത്തീരുകയും പുസ്തകം അടച്ചുവെച്ചു്, ഇതെഴുതി പൂർത്തിയാക്കുകയുമാണു് ചെയ്തതു്.

ഈശ്വരപ്രചോദനരത്നാകരമായ പ്രസ്തുത മഹാഗ്രന്ഥത്തിന്റെ ഭാത്പര്യം ഹൃദ്യമായ ഒരു വിവർത്തനം കൈരളിക്കു പ്രദാനം ചെയ്തതിൽ ശ്രീമാൻ മയ്യനാട്ടു് എ. ജോൺ, ബി. എ. അവർകളെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. അദ്ദേഹം ഇതിനകം മലയാളഭാഷാസാഹിത്യനഭോമണ്ഡലത്തിൽ അസൂയാജനകമായ ഔന്നത്യം സമാർജ്ജിച്ചിരിക്കയാൽ, അദ്ദേഹത്തിന്റെ

യോഗ്യതകളെപ്പറ്റി ഇവിടെ പ്രതിപാദിക്കണമെന്നുദ്ദേശിക്കുന്നില്ല.

വിവർത്തനം അങ്ങിങ്ങായി ഞാൻ കണ്ണോടിച്ചു വായിച്ചു. അതു് എന്നെ ആനന്ദിപ്പിക്കതന്നെ ചെയ്തു. ഭാഷാരീതി അത്യന്തം ലളിതവും, സുന്ദരവും, ആശയപ്രദ്യോതകവുമാണെന്നു പറയുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്. ഗ്രന്ഥത്തിനുള്ള നൈസർഗ്ഗികമായ ഭക്തിരസപ്രചുരിമയെ തർജ്ജിമയിലെ രചനാസൗഷ്ഠവവും സാരള്യവും മാധുര്യസമ്പുഷ്ടമാക്കുകതന്നെ ചെയ്യുന്നു. ഇവിടെ ഒരു സംഗതി തുറന്നു പറയേണ്ടതു് എന്റെ കർത്തവ്യമായി കരുതുന്നു. 'ക്രിസ്തുദേവാനുകരണ'ത്തിലെ പ്രതിപാദ്യവിഷയങ്ങളും എത്ര ഉൽകൃഷ്ടങ്ങളും മൗലികങ്ങളുമാണോ അത്രയും അക്ലിഷ്ടവും സമഞ്ജസവുമായ ഒരു തർജ്ജിമ പ്രസ്തുത ഗ്രന്ഥത്തിനു മാതൃഭാഷയിൽ ഉണ്ടായിക്കാണുവാൻ ഞാൻ വളരെ ആഗ്രഹിച്ചിരുന്നു. ഇതു പരിഭാഷകൻ സമർത്ഥമായി നിർവ്വഹിച്ചീരിക്കുന്നു എന്നു കാണുകയിൽ എനിക്കു് ഉളവായിട്ടുള്ള സന്തോഷം അപാരമത്രെ.

ആകയാൽ ജാതിമതഭേദമോ പണ്ഡിതപാമരവ്യത്യാസമോ കൂടാതെ ഏതു സഹൃദയ

നും ഈ നവ്യവിവർത്തനം സ്വീകാര്യമായിരിക്കുമെന്നാണ് എന്റെ അഭിമതം.

കടലാസും അച്ചടിയും വളരെ നന്നായിട്ടുണ്ടെന്നു കാണുന്നതു പുസ്തകത്തിനുള്ള വേറൊരു മേന്മയാണ്.

വിവർത്തനകർത്താവിന്റെമേൽ ഞാൻ സമൃദ്ധമായ ഈശ്വര കാരുണ്യം പ്രാർത്ഥിക്കുയും ഗ്രന്ഥത്തിനു പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

Fr. John of Jesus Mary
T. O. C. D.

അനുക്രമണിക

ഒന്നാം പുസ്തകം

അദ്ധ്യായം	വിഷയം	പുറം
1	ക്രിസ്തുവിനെ പിന്തുടരുന്നതിനെപ്പറ്റി	1
2	വിനയാനുചിതമായ ഒരു മനഃസ്ഥിതി	5
3	സത്യപ്രബോധനം	8
4	വിവേകം	15
5	വേദപുസ്തകപാരായണം	16
6	ക്രമരഹിതമായ ആശകൾ	18
7	വ്യർത്ഥമായ പ്രത്യാശയും അഹങ്കാരവും	20
8	അതിപരിചയം വർജ്ജിക്കണം	23
9	അനുസരണവും പരാധീനതയും	25
10	അതിഭാഷണം വർജ്ജിക്കുന്നതിനെപ്പറ്റി	27
11	ശാന്തിയും ഭക്തിതീക്ഷ്ണതയും സമ്പാദിക്കുന്നതിനെപ്പറ്റി	30
12	കഷ്ടപ്പാടിന്റെ പ്രയോജനം	34
13	പ്രലോഭനത്തെ നിരോധിക്കുന്നതിനെപ്പറ്റി	37
14	അന്യരെപ്പറ്റി അവിവേകമായി വിധികല്പിക്കരുതെന്നു	44

15 സ്നേഹപരമായ കൃത്യങ്ങൾ 46
16 അന്യരുടെ ന്യൂനതകളെ സഹിക്കണമെന്നു 49
17 സന്ന്യാസജീവിതം 53
18 വിശുദ്ധ പിതാക്കന്മാരുടെ ദൃഷ്ടാന്തങ്ങൾ 55
19 ഒരു സന്ന്യാസിയുടെ അനുഷ്ഠാനങ്ങൾ 61
20 ഏകാന്തതയോടും നിശ്ശബ്ദതയോടുമുള്ള പ്രതിപത്തി 68
21 പശ്ചാത്താപ പാരവശ്യം 76
22 മനുഷ്യന്റെ ദുർഭാഗ്യം 82
23 മരണത്തെപ്പറ്റിയുള്ള ചിന്തകൾ 89
24 വിധിയും പാപങ്ങൾക്കായുള്ള ശിക്ഷയും 98
25 ജീവിതസംസ്കരണം 106

രണ്ടാം പുസ്തകം

1 അന്തരംഗവ്യാപാരം 119
2 വിനയാന്വിതമായ വിധേയത്വം 128
3 സമാധാനപ്രിയനായ ഒരു നല്ല മനുഷ്യൻ 130

4 പരിശുദ്ധമായ മനസ്സും ഏകാഗ്ര
മായ ഉദ്ദേശ്യവും 134
5 ആത്മചിന്ത 137
6 ഒരു നല്ല മനസ്സാക്ഷിമൂലമു
ള്ള ആനന്ദം 140
7 സർവ്വോപരി യേശുവിനെ സ്നേ
ഹിക്കുക 145
8 യേശുവിനോടുള്ള മൈത്രി 148
9 ആശ്വാസരാഹിത്യം 154
10 ഈശ്വരാനുഗ്രഹം 162
11 കുരിശിനെ സ്നേഹിക്കുന്നവർ 167
12 കുരിശാകുന്ന രാജപാത 172

മൂന്നാം പുസ്തകം

1 ക്രിസ്തുവും വിശ്വാസമുള്ള ആ
ത്മാവും 187
2 സത്യസ്വരൂപൻ നമ്മുടെ ഉള്ളി
ലിരുന്നു നിശ്ശബ്ദമായി സം
സാരിക്കുന്നു 189
3 ഈശ്വരവചനം 193
4 ഈശ്വരസന്നിധിയിൽ ചരിക്കുക 200
5 ദിവ്യസ്നേഹത്തിന്റെ ഫലങ്ങൾ 205

6 യഥാർത്ഥമായ സ്നേഹമുള്ളവന്റെ ലക്ഷണം 213
7 ദിവ്യാനുഗ്രഹവും വിനയവും 219
8 നമ്മുടെ അയോഗ്യത 224
9 എല്ലാ കാര്യങ്ങളും ഈശ്വരനിൽ അപ്പിക്കപ്പെടണം 228
10 ഈശ്വരസേവനം 231
11 നമ്മുടെ ആശകളുടെ മിതത്വം 235
12 ക്ഷമാശീലം 239
13 അനുസരണം 244
14 ഈശ്വരന്റെ വിധികൾ 247
15 നമ്മുടെ ചിത്തവൃത്തികളും ആശകളും 251
16 യഥാർത്ഥമായ സുഖം ഈശ്വരനിൽനിന്നുമാത്രമെ സിദ്ധിക്കുകയുള്ളൂ 256
17 നമ്മുടെ സകലാവശ്യങ്ങളും ഈശ്വരനിൽ അപ്പിക്കപ്പെടണം 259
18 യേശുക്രിസ്തുവിന്റെ ദൃഷ്ടാന്തം 261
19 സഹനശക്തി 265
20 നമ്മുടെ അവശതകളും ദുരിതങ്ങളും 269
21 ഈശ്വരാവലംബം 274
22 ഈശ്വരനിൽനിന്നു നമുക്കു സിദ്ധിക്കുന്ന ഗുണങ്ങൾ 282

23 ശാന്തിപ്രദമായ കാര്യചതുഷ്ടയം 287
24 അവിഹിതമായ ജിജ്ഞാസ 293
25 സമാധാനവും അഭിവൃദ്ധിയും 295
26 മനഃസ്വാതന്ത്ര്യം 299
27 സ്വാത്മതൽപരത 303
28 അപവാദ വ്യവസായം 308
29 കഷ്ടകാലം 309
30 ദിവ്യസഹായം 312
31 സകല സൃഷ്ടികളോടും നമുക്കുണ്ടാ
യിരിക്കേണ്ട പരാങ്മുഖത 318
32 ധനമോഹവർജ്ജനം 324
33 ഹൃദയത്തിന്റെ അസ്ഥിരത 327
34 ഈശ്വരസ്നേഹം 330
35 പ്രലോഭനം 334
36 വ്യർത്ഥമായ വിധിപ്രസ്താവനകൾ 338
37 ആത്മപരിത്യാഗം 341
38 ആത്മനിയന്ത്രണം 344
39 ലൗകികകാര്യങ്ങളിലുള്ള
അത്യുൽക്കണ്ഠ 347
40 മനുഷ്യനെ അഭിമാനിക്കുന്നതിനാ
യി യാതൊന്നുമില്ല 349
41 ലൗകികബഹുതിയോടുണ്ടായിരി
ക്കേണ്ട അവജ്ഞ 354
42 നമ്മുടെ സമാധാനം മനുഷ്യരെ
ആശ്രയിച്ചിരിക്കാൻ പാടില്ല 356

43 വ്യർത്ഥമായ ജ്ഞാനം 359
44 ബാഹ്യങ്ങളായ സംഗതികൾ ഉപദ്രവകരങ്ങളാണ 363
45 എല്ലാവരും വിശ്വാസയോഗ്യരല്ല 365
46 ഈശ്വരനിലുള്ള വിശ്വാസം 371
47 നാം സഹിച്ചേ മതിയാവൂ എന്നുള്ള കാര്യങ്ങൾ 377
48 അനന്തദിവസം 381
49 അനന്തജീവിതത്തിനായുള്ള ആഗ്രഹം 388
50 ഈശ്വരപാദങ്ങളിൽ ആത്മസമർപ്പണം ചെയ്യുക 396
51 വിനീതങ്ങളായ കൃത്യങ്ങളുടെ പരിശീലനം 405
52 മനുഷ്യൻ ആശ്വാസാഹ്നല്ല 407
53 ഈശ്വരാനുഗ്രഹം 411
54 പ്രകൃതിയും ഈശ്വരാനുഗ്രഹവും 416
55 പ്രകൃതിയുടെ ദുഷ്ടസ്ഥിതി 425
56 സ്വാർത്ഥത്യാഗം 432
57 നിരാശതയുടെ ദോഷഫലങ്ങൾ 437
58 ദുരവഗാഹങ്ങളായ സംഗതികളിലുള്ള ജിജ്ഞാസ 441
59 നമ്മുടെ പ്രത്യാശ മുഴുവനും ഈശ്വരനിലായിരിക്കണം 451

നാലാം പുസ്തകം

1	ക്രിസ്തുവിനെ നാം സ്വീകരിക്കേണ്ടതു് എങ്ങിനെ എന്നു	458
2	വലുതായ നന്മയും സ്നേഹവും ഈ കൂദാശയിൽ ഈശ്വരൻ പ്രകടിപ്പിക്കുന്നു.	470
3	നാം കുബ്ബാന മുറയ്ക്കു സ്വീകരിക്കണമെന്നു	477
4	ഭക്തിപൂർവ്വം കുബ്ബാന സ്വീകരിക്കുന്നവർക്കു സിദ്ധിക്കുന്ന ഗുണങ്ങൾ	483
5	ഈ കൂദാശയുടെ മഹനീയത	491
6	കുബ്ബാന സ്വീകരിക്കുന്നതിനുമുമ്പുള്ള ഒരു പ്രാർത്ഥന	495
7	ജീവിതപരിഷ്കരണം	496
8	ക്രിസ്തുവിന്റെ ബലി	501
9	ഈശ്വരനു് ആത്മസമർപ്പണം ചെയ്യുക	504
10	വിശുദ്ധ കുബ്ബാനയുടെ സ്വീകരണം മനോലാഘവംമൂലം പിന്നത്തേക്കു നീട്ടിവയ്ക്കരുതു്	509
11	ക്രിസ്തുവിന്റെ ശരീരവും വൈദികരും	517
12	വിശുദ്ധ കുബ്ബാനയുടെ സ്വീകരണത്തിനായുള്ള സജ്ജീകരണം	525

13 ഒരു ഭക്താത്മാവിന്റെ ആഗ്രഹങ്ങൾ 530
14 യേശുവിനെ സ്വീകരിക്കുന്നതിനുള്ള ആഗ്രഹം 534
15 വിനയവും ആത്മത്യാഗവും 537
16 നമ്മുടെ ആവശ്യങ്ങളെ നാം ക്രിസ്തുവിനോടു തുറന്നുപറയണം 542
17 ക്രിസ്തുവിനെ സേവിക്കുന്നതിനുള്ള ആഗ്രഹം 545
18 നാം ക്രിസ്തുവിനെ വിനയപൂർവ്വം അനുകരിക്കണം 550

ക്രിസ്തുദേവാനുകരണം

ഒന്നാം പുസ്തകം

അദ്ധ്യായം 1

ക്രിസ്തുവിനെ പിന്തുടരുന്നതിനെപ്പറ്റി.

1. "'എന്നെ പിന്തുടരുന്നവൻ ഇരുട്ടിൽ നടക്കുന്നില്ല,' എന്നു് ഭഗവാൻ പറയുന്നു." (ജോൺ VIII—12.) ഇതു് ക്രിസ്തുവിന്റെ വചനമാകുന്നു. നമുക്കു് യഥാർത്ഥമായ പ്രബുദ്ധതയും ഹൃദയത്തിന്റെ അന്ധതയിൽ നിന്നു് മോചനവും സിദ്ധിക്കണമെങ്കിൽ അദ്ദേഹത്തിന്റെ ജീവിതത്തെയും രീതികളെയും അനുകരിക്കണമെന്നു് അതു് നമ്മോടു് ഉപദേശിക്കുന്നു.

അതുകൊണ്ടു് യേശുക്രിസ്തുവിന്റെ ജീവിതത്തെപ്പറ്റി ധ്യാനിക്കുകയെന്നതു് നമ്മുടെ മുഖ്യമായ ഉദ്യമമായിരിക്കട്ടെ.

2. ക്രിസ്തുവിന്റെ ധർമ്മോപദേശം സിദ്ധന്മാരുടെ സകല ധർമ്മോപദേശങ്ങളെയും അതിശയിക്കുന്നു. ദിവ്യചൈതന്യമുള്ള ഏ

വരും അതിൽ അന്തർഹിതമായിരിക്കുന്ന ഒരു മന്നാ (അമൃതാശനം) കണ്ടെത്തുന്നതാണു്.

എന്നാൽ ബുധികംപേക്ഷം സുവിശേഷം കൂടക്കൂടെ കേൾക്കുന്നതുകൊണ്ടു് വലിയ പ്രയോജനമുണ്ടാകാതിരിക്കുന്നുണ്ടു്; അതു് ക്രിസ്തുവിന്റെ ചൈതന്യം അവക്കു് ഇല്ലാത്തതുകൊണ്ടാണു്.

ക്രിസ്തുവിന്റെ വാക്കുകളെ പൂർണ്ണമായും അനുഭവഗോചരമായും ഗ്രഹിക്കണമെന്നുള്ളവൻ അവന്റെ ജീവിതത്തെ ക്രിസ്തുവിന്റെ ജീവിതത്തിനു് അനുരൂപമായി നയിക്കണം.

3. നീ എളിമയില്ലാത്തവനും തന്മൂലം ത്രിത്വത്തിന്റെ അപ്രീതിക്കു് പാത്രവും ആണെങ്കിൽ നീ ത്രിത്വത്തെപ്പറ്റി ഗംഭീരമായി പ്രസംഗിക്കുന്നതുകൊണ്ടു് നിനക്കു് എന്തൊരു പ്രയോജനമുണ്ടു്?

പ്രൗഢങ്ങളായ വാക്കുകൾ, വാസ്തവത്തിൽ, ഒരു മനുഷ്യനെ പുണ്യവാനും നീതിമാനും ആക്കിത്തീർക്കുന്നില്ല; എന്നാൽ സൽഗുണപരമായ ഒരു ജീവിതം അവനെ ദൈവത്തിന്റെ സ്നേഹത്തിനു പാത്രീഭവിപ്പിക്കുന്നു.

പശ്ചാത്താപത്തിന്റെ നിർവ്വചനമെന്തെന്നു് അറിയുക എന്നതിനേക്കാൾ പശ്ചാ

ത്താപം എനിക്കു് ഉണ്ടായിരിക്കുകയാണു് നല്ലതു്.

നിനക്കു വേദപുസ്തകം മുഴുവനും സകല തത്വശാസ്ത്രികളുടെയും സൂക്തികളും ബാഹ്യമായി അറിയാമെങ്കിലും ദൈവത്തിന്റെ സ്നേഹവും അനുഗ്രഹവുമില്ലെങ്കിൽ അതെല്ലാംകൊണ്ടു് നിനക്കു് എന്തുപ്രയോജനമുണ്ടു്?

ദൈവത്തെ സ്നേഹിക്കയും അദ്ദേഹത്തെ മാത്രം സേവിക്കുകയും ചെയ്യുക ഒഴിച്ചു് സകലവും മിഥ്യയാണു്; മിഥ്യയായുള്ളവയിൽ വെച്ചു് ഏറ്റവും മിഥ്യയാണു്.

ഏറ്റവും ഉത്കൃഷ്ടമായ ജ്ഞാനം ലോകത്തെ വെറുത്തിട്ടു് സ്വർഗ്ഗരാജ്യോന്മുഖമായി ജീവിതം നയിക്കുന്നതാണു്.

4. നശ്വരമായ സമ്പത്തുകളെ ആരാധിക്കുന്നതും അവയെ ശരണീകരിക്കുന്നതും മിഥ്യയത്രെ.

ബഹുമതികൾക്കായും ഉന്നതസ്ഥാനത്തുകയറുന്നതിനായുമുള്ള ഔൽസുക്യാതിരേകവും മിഥ്യയാണു്.

ശാരീരികമായ ഉരിച്ചകൾക്കു് വിധേയനായിരിക്കുന്നതും പിന്നീടു് വലുതായ ശിക്ഷയ്ക്കു് നിന്നെ അർഹനാക്കുന്ന ഏതിനെയും ആഗ്രഹിക്കുന്നതും മിഥ്യയാണു്.

ഒരു ദീർഘമായ ജീവിതത്തെ ആഗ്രഹിക്കുകയും (അതേസമയം) ആ ജീവിതത്തിന്റെ നന്മയിൽ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നതു മിഥ്യയാണു്.

ഐഹികമായ ജീവിതത്തിൽമാത്രം ശ്രദ്ധിക്കുന്നതും വരാനിരിക്കുന്ന സംഗതികളെപ്പറ്റി മുൻകരുതൽ ഇല്ലാതിരിക്കുന്നതും മിഥ്യയാണു്,

അതിശീഘ്രം നശിച്ചുപോകുന്നതിനെ സ്നേഹിക്കുന്നതും ശാശ്വതമായ ആനന്ദം സ്ഥിതിചെയ്യുന്നയിടത്തിലേക്കു സത്വരം പോകാതിരിക്കുന്നതും മിഥ്യയാണു്.

5. കാണുന്നതുകൊണ്ടു് കണ്ണു് തൃപ്തിപ്പെടുകയോ കേൾക്കുന്നതുകൊണ്ടു കാതു നിറയുകയോ ചെയ്യുന്നില്ലാ, എന്നു ആപ്തവാക്യം പലപ്പോഴും ഓർമ്മിക്കണം.

(അതുകൊണ്ടു്) ദൃശ്യമായ വസ്തുക്കളോടുള്ള സ്നേഹത്തിൽനിന്നു് നിന്റെ ഹൃദയത്തെ പിൻവലിക്കുന്നതിനും അദൃശ്യമായ വസ്തുക്കളിലേക്കു് നിന്റെ ശ്രദ്ധയെ തിരിക്കുന്നതിനും ശ്രമിക്കുക. എന്തുകൊണ്ടെന്നാൽ ശരീരത്തിനു് വശംവദരായിരിക്കുന്നവർ തങ്ങളുടെ അന്തഃകരണത്തെ മലിനപ്പെടുത്തുകയും ദൈവത്തിന്റെ അനുഗ്രഹത്തെ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

അദ്ധ്യായം 2.

വിനയാന്വിതമായ ഒരു മനഃസ്ഥിതി.

1. ജ്ഞാനം സമ്പാദിക്കുന്നതിനു് എല്ലാ മനുഷ്യരും സ്വഭാവേന ആഗ്രഹിക്കുന്നു; എന്നാൽ ഈശ്വരഭയം കൂടാതെ ജ്ഞാനംകൊണ്ടു് എന്തു പ്രയോജനം?

ഈശ്വരനെ സേവിക്കുന്ന ഒരു വിനീതനായ കൃഷ്കൻ, ആത്മീയകാര്യം അവഗണിച്ചിട്ടു നഭോമണ്ഡലത്തിന്റെ സ്ഥിതിഗതികളെപ്പറ്റി ആരായുന്ന ഉദ്ധതനായ ശാസ്ത്രജ്ഞനെക്കാൾ ഉത്തമനാണു്.

തന്നെത്താൻ നല്ലവണ്ണം അറിയുന്നവൻ സ്വന്തം ദൃഷ്ടിയിൽ അപകൃഷ്ടനും മനുഷ്യരുടെ സ്തുതിയിൽ സന്തുഷ്ടിയില്ലാത്തവനുമത്രെ.

ലോകത്തുള്ള സകലവും ഞാൻ അറിഞ്ഞിരുന്നാലും, എനിക്കു സാത്വികമായ സ്നേഹമില്ലെങ്കിൽ, എന്റെ പ്രവൃത്തികൾകൊണ്ടു് എന്നെ വിധിക്കുന്ന ഈശ്വരന്റെ ദൃഷ്ടിയിൽ അതു് എങ്ങനെ എനിക്കു് ഉപകരിക്കും?

2. അറിവിനായുള്ള ആ അമിതമായ ആശയെ വർജ്ജിക്കുക; എന്തെന്നാൽ അധികമായ അപഥസഞ്ചാരവും അപകടവും അതിനാൽ നേരിടുന്നു.

പണ്ഡിതന്മാർ ജ്ഞാനസമ്പന്നന്മാരായി പ്രത്യക്ഷപ്പെടുന്നതിലും, അപ്രകാരം വിളിക്കപ്പെടുന്നതിലും വളരെ സന്തോഷിക്കുന്നു.

അറിയുന്നതുകൊണ്ടു് ആത്മാവിനു് അത്യല്പമാത്രം പ്രയോജനമുള്ളതോ ഒട്ടും പ്രയോജനമില്ലാത്തതോ ആയി ഒട്ടുവളരെ സംഗതികളുണ്ടു്.

തന്റെ മുക്തിക്കു് ഉപകരിക്കാത്ത കാര്യാന്തരങ്ങളിൽ ദത്തശ്രദ്ധനായിരിക്കുന്നവൻ വെറും അജ്ഞനാണു്.

അതിഭാഷണം ആത്മാവിനെ തൃപ്തിപ്പെടുത്തുന്നില്ല; എന്നാൽ ഒരു നല്ല ജീവിതം മനസ്സിനു ശാന്തിയെ പ്രദാനം ചെയ്യുന്നു; ഒരു നിർമ്മലമായ മനസ്സാക്ഷി ഈശ്വരനിൽ വലുതായ വിശ്വാസത്തെ ഉളവാക്കുന്നു.

3. എത്രത്തോളം കൂടുതലും വിശിഷ്ടവുമായ അറിവു നിനക്കുണ്ടോ, നിന്റെ ജീവിതം അതിനൊത്തു് കൂടുതൽ പരിശുദ്ധമല്ലെങ്കിൽ, അത്രത്തോളം നിന്റെ വിധിയും ദുർവ്വഹമായിരിക്കും.

അതുകൊണ്ടു്, ഏതെങ്കിലും കലയിലൊ ശാസ്ത്രത്തിലൊ ഉള്ള വൈദഗ്ധ്യത്താൽ നീ ഉദ്ധതനാകരുതു്; പ്രത്യുത, നിനക്കു ദത്തമായിരിക്കുന്ന വിജ്ഞാനം നിനക്കു് ഭയഹേതുവായിരിക്കേണ്ടതാണു്.

നിനക്കു് ഒട്ടുവളരെ സംഗതികളും അറിയാമെന്നും അവയെ നീ വേണ്ടിടത്തോളം നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ടെന്നും നീ അഭിമാനിക്കുന്നുവെങ്കിൽ, അതേസമയം അതിലും കൂടുതൽ സംഗതികളും നീ ഒട്ടും അറിയാത്തതായി ഉണ്ടെന്നു ധരിക്കുക.

ഉദ്ധതമനസ്കനായിരിക്കരുതു്; പ്രത്യുത നിന്റെ അജ്ഞതയെ സമ്മതിക്കുക.

നിന്നെക്കാളും കൂടുതൽ നിയമജ്ഞാനവും പാണ്ഡിത്യവുമുള്ളവരായി ഒട്ടുവളരെപ്പേർ ഉള്ള സ്ഥിതിക്കു് നീ മറ്റാരെയുംകാളും വലിയവനെന്നു് അഭിമാനിക്കുന്നതെന്തിനു്?

ഏതെങ്കിലും അതിന്റെ സാക്ഷാത്തായ ഉദ്ദേശത്തിനു" അനുരൂപമായി നിനക്കു് അറിയുകയോ പഠിക്കുകയോ ചെയ്യണമെങ്കിൽ അപ്രസിദ്ധനായിരിക്കുന്നതിനും നിസ്സാരനായി പരിഗണിക്കപ്പെടുന്നതിനും ഇഷ്ടപ്പെടുക.

4. തന്നെത്താൻ യഥാർത്ഥമായി അറിയുന്നതും വെറുക്കുന്നതുമത്രെ ഏറ്റവും ഉത്കൃഷ്ടവും പ്രയോജനകരവുമായ അഭ്യസനം.

തന്നെത്താൻ നിസ്സാരനായും മറ്റുള്ളവരെ എല്ലായ്പോഴും നല്ലവരായും സ്തുത്യർഹരായും കരുതുന്നതു വലുതായ ജ്ഞാനവും ഉത്കൃഷ്ടമായ പരിപൂർണ്ണതയുമാണു്.

മറെറാരുവൻ പ്രത്യക്ഷമായി പാപത്തിൽ വീഴുന്നതോ ഘോരമായ ഏതെങ്കിലും പാതകം ചെയ്യുന്നതോ നീ കാണാനിടയായാലും, നീ അവനെക്കാൾ യോഗ്യനാണെന്നു് അഭിമാനിക്കേണ്ടതില്ല; എന്തുകൊണ്ടെന്നാൽ, നീ നന്മയിൽ എത്രകാലം നിലനില്ക്കുമെന്നു നിനക്കു് അറിയാൻ പാടില്ല.

നാമെല്ലാവരും ബലഹീനരാണു്; എന്നാൽ മറെറാരും നിന്നെക്കാൾ കൂടുതൽ ബലഹീനനാണെന്നു് വിചാരിക്കാതിരിക്കുന്നതിനു് നീ സൂക്ഷിക്കുക.

അദ്ധ്യായം 3

സത്യപ്രബോധനം

1. സത്യം നശ്വരമായ അലങ്കാരങ്ങളാലും പദങ്ങളാലും അല്ലാതെ, സത്യസ്വരൂപനാൽത്തന്നെ അതിന്റെ സ്വന്തം രൂപത്തിലും പ്രകൃതിയിലും പഠിപ്പിക്കപ്പെടുന്നവൻ ഭാഗ്യവാനാകുന്നു.

നമ്മുടെ അഭിപ്രായവും ബുദ്ധിയും നമ്മെ പലപ്പോഴും വഴിതെറിക്കുന്നു; അല്പംമാത്രമേ അവ ഗ്രഹിക്കുന്നുള്ളൂ.

ഗംഭനങ്ങളും അവ്യക്തങ്ങളുമായ വിഷയങ്ങളെപ്പറ്റിയുള്ള വലുതും വ്യർത്ഥവുമായ വാദപ്രതിവാദംകൊണ്ട് എന്തു പ്രയോജനമുണ്ട്? വിധിദിവസം അവയെപ്പറ്റിയുള്ള അജ്ഞതയെക്കുറിച്ചു നമ്മോടു ചോദ്യമുണ്ടാവുകയില്ല.

നാം പ്രയോജനകരവും ആവശ്യകരവുമായ സംഗതികളെ അവഗണിക്കുകയും കൃത്യകരവും ശിക്ഷാഹ്വവുമായവയിൽ ഹൃദയപൂർവ്വം വ്യാപൃതരായിരിക്കുകയും ചെയ്യുന്നതു് വലുതായ മൗഢ്യമാണു്. നമുക്കു കണ്ണുകളുണ്ടു്, എന്നാൽ നാം കാണുന്നില്ല.

2. ജാതികളെയും വർഗ്ഗഭേദങ്ങളെയുംപറ്റി നമുക്കു് ഗൗനിക്കേണ്ട ആവശ്യമെന്തു്?

സനാതനമായ ശബ്ദം ആരോടു മന്ത്രിക്കുന്നുവോ അവൻ അഭിപ്രായബാഹുല്യത്തിൽ നിന്നു വിമുക്തനാകുന്നു.

"ഏകമായ ശബ്ദത്തിൽനിന്നു് എല്ലാ വസ്തുക്കളും ഉണ്ടാകുകയും എല്ലാ വസ്തുക്കളും ഈ ഏകമായതിനെ വിവക്ഷിക്കുകയും ചെയ്യുന്നു; ഇതുതന്നെയാകുന്നു സകലത്തിന്റെയും പ്രാരംഭം: അതു് നമ്മോടു് സംസാരിക്കുകയും ചെയ്യുന്നു." (ജോൺ VIII-25)

ഈ ശബ്ദത്തെക്കൂടാതെ ആരും ശരിയായി ഗ്രഹിക്കുകയോ വിധിക്കുകയോ ചെയ്യുന്നില്ല.

എല്ലാ വസ്തുക്കളെയും ഏകമായി പരിഗണിക്കുകയും, എല്ലാ വസ്തുക്കളെയും ഏകമായതിലേക്കു് ആകർഷിക്കുകയും, എല്ലാ വസ്തുക്കളെയും ഏകമായതിൽ ദർശിക്കുകയും ചെയ്യുന്നവൻ സ്ഥിരഹൃദയനായിരിക്കുകയും ഈശ്വരനിൽ സമാധാനപൂർവ്വം ശാന്തിയടയുകയും ചെയ്യും.

ഓ! സത്യസ്വരൂപനായ ഈശ്വരാ, അനന്തമായ സ്നേഹത്തിൽ എന്നെ അങ്ങയോടു് ഏകീഭവിപ്പിക്കേണമെ.

പലപ്പോഴും ഒട്ടുവളരെ സംഗതികളെപ്പറ്റി വായിക്കുകയും കേൾക്കുകയും ചെയ്തു് ഞാൻ മുഷിഞ്ഞുപോയിരിക്കുന്നു. ഞാൻ മനസ്സുവയ്ക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നതെല്ലാം അങ്ങയിലുണ്ടു്.

സകല ഉപദേഷ്ടാക്കളും മൗനം അവലംബിക്കട്ടെ; അങ്ങയുടെ കൺവെട്ടത്തു് എല്ലാ സൃഷ്ടിജാലങ്ങളും നിശ്ശബ്ദമായിരിക്കട്ടെ; അങ്ങുമാത്രം എന്നോടു സംസാരിക്കുക.

3. ഒരു മനുഷ്യൻ അന്തരമായി എത്രത്തോളം ഏകാഗ്രതയോടുകൂടി വർത്തിക്കുന്നുവോ അത്രത്തോളം അധികവും, ഉത്കൃഷ്ടവുമായ സംഗതികളെ അനായാസേന അവൻ ഗ്രഹിക്കുന്നു; എന്തെന്നാൽ അവന്റെ ധാരണാശക്തിക്കു പ്രകാശം ഉയരെ

നിന്നു ലഭിക്കുന്നു.

സംശുദ്ധവും ശാലീനവും സുസ്ഥിരവുമായ ഒരു ഹൃദയം കാര്യങ്ങളുടെ ബാഹുല്യതയാൽ പതറിപ്പോകുകയില്ല; എന്തെന്നാൽ ഏതാദൃശമായ ഹൃദയത്തോടുകൂടിയവൻ എല്ലാ കാര്യങ്ങളും ഈശ്വരമാഹാത്മ്യത്തിനായി ചെയ്യുകയും സ്വാർത്ഥത തേടാതെ ആന്തരമായ സ്വസ്ഥത അനുഭവിക്കുന്നതിനു് യത്നിക്കുകയും ചെയ്യുന്നു.

നിന്റെ സ്വന്തം ഹൃദയത്തിന്റെ ദുഷ്ടമമായ ആസക്തിയേക്കാൾ വലുതായ പ്രതിബന്ധവും വൈഷമ്യവും നിനക്കു് എന്തുള്ളു?

ഉത്തമനും ഭക്തനുമായ ഒരു മനുഷ്യൻ ബാഹ്യമായി അനുഷ്ഠിക്കേണ്ട കൃത്യങ്ങളെയെല്ലാം മുൻകൂട്ടി ആന്തരമായി ക്രമപ്പെടുത്തുന്നു.

അവ അവനെ ക്രമരഹിതമായ ആശകൾക്കു് വശീഭവിപ്പിക്കുന്നില്ല; പ്രത്യുത, അവയെ അവൻ സൽബുദ്ധിയുടെ നിയന്ത്രണത്തിനു് വിധേയമാക്കുന്നു.

ആത്മദമനം ചെയ്യുന്നതിനു് പരിശ്രമിക്കുന്നവനുള്ളതിനെക്കാൾ വലുതായ സമരം ആർക്കുള്ളു?

ആത്മദമനം ചെയ്യുകയും അനുദിനം സ്വയം ഭരിക്കുകയും നന്മയിൽ ഉത്തരോത്തരം

അഭിവൃദ്ധിയെ പ്രാപിക്കുകയും ചെയ്യുക എ
ന്നതായിരിക്കണം നമ്മുടെ കൃത്യം.

4. ഈ ജീവിതത്തിൽ സകല പരിപൂ
ർണ്ണതയ്ക്കും കുറെ അപൂർണ്ണത പററിയിരിക്കും;
നമ്മുടെ എല്ലാ സങ്കല്പങ്ങൾക്കും ഒരുതരം അ
സ്പഷ്ടത ഉണ്ടായിരിക്കും.

വിനയാന്വിതമായ ആത്മജ്ഞാനം ശാ
സ്ത്രവിഷയകമായുള്ള അതിശ്രമമായ ഗ
വേഷണത്തെക്കാൾ ഈശ്വരസന്നിധിയിലേ
ക്കുള്ള അസന്നിഗ്ധമായ മാർഗ്ഗമാണ്".

വിദ്വത്വമോ സ്വതേ നല്ലതും ഈശ്വര
വിഹിതവുമായ യാതൊന്നിനെയും പററിയു
ള്ള കേവലമായ ജ്ഞാനമോ ആക്ഷേപാർഹമ
ല്ല. എന്നാൽ ഒരു നല്ല മനസ്സാക്ഷിയും ഗു
ണഭ്രയിഷ്ഠമായ ജീവിതവും എല്ലായ്പോഴും അ
തിനെക്കാൾ ആദരണീയമത്രെ.

എന്നാൽ അധികംപേരും നല്ലജീവിതം
നയിക്കുക എന്നതിനെക്കാൾ അറിവു സമ്പാ
ദിക്കുന്നതിനു യത്നിക്കുകയാൽ അവർ തെ
റിപ്പോകുകയും അവരുടെ ജീവിതം മിക്ക
വാറും നിഷ്ഫലമാകുകയും ചെയ്യുന്നു.

5. ഓ! മനുഷ്യർ ദുർഗ്രണങ്ങളെ ഉന്മൂ
ലനം ചെയ്യുന്നതിലും സൽഗ്രണങ്ങളെ ശ്രു
ഡമൂലമാക്കുന്നതിലും വിവാദവിഷയങ്ങളെ
പുറപ്പെടുവിക്കുന്നതിൽ കാണിക്കുന്നിടത്തോ

ളം ഉത്സാഹം പ്രദർശിപ്പിച്ചിരുന്നുവെങ്കിൽ, വലുതായ തിന്മകളോ ജനങ്ങളുടെ ഇടയിൽ ദോഷഹേതുക്കളൊ സന്ന്യാസാശ്രമങ്ങളിൽ സദാചാരനിഷ്ഠയ്ക്കു ശൈഥില്യമോ അധികം സംഭവിക്കുമായിരുന്നില്ല.

സത്യമായി, വിധിദിവസം വരുമ്പോൾ നാം എന്തു ചെയ്തിട്ടുണ്ടെന്നല്ലാതെ എന്തു വായിച്ചിട്ടുണ്ടെന്നോ, നാം എത്രത്തോളം ധർമ്മപരമായി ജീവിച്ചിട്ടുണ്ടെന്നല്ലാതെ എത്രത്തോളം വൈദുഷ്യത്തോടെ പ്രസംഗിച്ചിട്ടുണ്ടെന്നോ പരിശോധിക്കപ്പെടുകയില്ല.

ജീവിച്ചിരുന്ന കാലത്തു നിങ്ങൾക്കു സുപരിചിതരും വിദ്വത്പ്രതാപവാന്മാരുമായിരുന്ന ആ മഹാശാസ്ത്രജ്ഞന്മാരെല്ലാം ഇപ്പോൾ എവിടെയാണെന്നു് എന്നോടു പറയുക.

ഇപ്പോൾ മറ്റുള്ളവർ അവരുടെ സ്ഥാനങ്ങളെ കൈവശപ്പെടുത്തിയിരിക്കുന്നു; ഇവർ അവരെപ്പറ്റി ചിന്തിക്കുകപോലും ചെയ്യുന്നുണ്ടോ എന്നു് ഞാൻ അറിയുന്നില്ല.

അവരുടെ ജീവിതകാലത്തു് അവർ ഏതാണ്ടു് കഥയുള്ളവരായി കാണപ്പെട്ടു; ഇപ്പോഴാകട്ടെ അവരെപ്പറ്റി വർത്തമാനമേതില്ല.

6. ഓ! ലൗകികമായ പ്രതാപം എത്ര

ക്ഷണഭംഗുരം! അവരുടെ ജീവിതം അവരുടെ പാണ്ഡിത്യത്തിനു് അനുരൂപമായിരുന്നുവെങ്കിൽ! അങ്ങനെ ആയിരുന്നുവെങ്കിൽ അവർ പഠിച്ചതും വായിച്ചതും സപ്രയോജനമായിരുന്നേനെ.

ഈശ്വരസേവനത്തിൽ ശ്രദ്ധിക്കാതെ വ്യർത്ഥമായ വൈദുഷ്യത്താൽ എത്ര അധികം പേർ ലോകത്തു് നശിച്ചുപോകുന്നു!

എളിമയേക്കാൾ മഹത്വത്തെ അവർ ഇച്ഛിക്കുകയാൽ അവർ സ്വന്തം വ്യാമോഹങ്ങളിൽ മുഴുകി വശായിരിക്കുന്നു.

സ്നേഹത്തിൽ മഹത്വമുള്ളവനത്രെ സാക്ഷാൽ മഹാൻ.

സ്വന്തം ദൃഷ്ടിയിൽ ചെറിയവനായിരിക്കുന്നവനാണു് യഥാർത്ഥത്തിൽ വലിയവൻ; അവൻ ഐഹികമഹിമയുടെ ഔന്നത്യത്തെ പരിഗണിക്കുന്നില്ല.

ക്രിസ്തുവിനെ പ്രാപിക്കുന്നതിനായി ലൗകിക വസ്തുക്കളെയെല്ലാം ചാണകത്തിനു് സമമായി ഗണിക്കുന്നവനത്രെ യഥാർത്ഥ വിവേകമുള്ളവൻ.

അതുപോലെ ഈശ്വരഹിതത്തെ അനുവർത്തിക്കുകയും സ്വന്തം ഹിതത്തെ പരിത്യജിക്കുകയും ചെയ്യുന്നവനാണു് യഥാർത്ഥ വിദ്വാൻ.

അദ്ധ്യായം 4

വിവേകം

നാം കേൾക്കുന്ന ഓരോ വാക്കിലും അഭിപ്രായത്തിലും എളുപ്പം വിശ്വസിക്കരുതു്; ആ സംഗതി ഈശ്വരപ്രബോധനമനുസരിച്ചു് സൂക്ഷ്മമായും സാവധാനമായും പരിശോധിക്കണം.

കഷ്ടം! നാം പലപ്പോഴും അന്യനെപ്പറ്റി ഗുണത്തെക്കാൾ ദോഷം കൂടുതൽ ഉത്സാഹപൂർവ്വം വിശ്വസിക്കുകയും പറയുകയും ചെയ്യുന്നതുകൊണ്ടും ദുർബ്ബലസ്വഭാവരാണു്.

ഉത്തമരായ മനുഷ്യർ കേൾവികളെയെല്ലാം എളുപ്പം വിശ്വസിക്കുകയില്ല; അവ തിന്മയിലേക്കു് ചാഞ്ഞിരിക്കുന്നതും വാക്കുകളിൽ തെറ്റിപ്പോകാവുന്നതുമായ മനുഷ്യന്റെ ബലഹീനത അറിയാവുന്നതുമാണു്.

നമ്മുടെ പ്രവൃത്തികളിൽ 'എടുത്തുചാട്ട'മില്ലാതിരിക്കുന്നതും നമ്മുടെ അഭിപ്രായങ്ങളെ പാലിക്കുന്നതിൽ അമിതമായ ശ്രദ്ധ പ്രകടിപ്പിക്കാതിരിക്കുന്നതും വലുതായ ജ്ഞാനമാകുന്നു. അതുപോലെതന്നെ, ഓരോരുത്തന്റെയും വാക്കു വിശ്വസിക്കാതിരിക്കുന്നതും നാം കേൾക്കുകയോ വിശ്വസിക്കുകയോ

ചെയ്യുന്ന സംഗതിയെ ഉടനടി മറ്റുള്ളവരോടു പറയാതിരിക്കുന്നതും.

അറിവും മനഃസാക്ഷിയുമുള്ള ഒരു മനുഷ്യന്റെ ഉപദേശം സ്വീകരിക്കുക; സ്വന്തം യുക്ത്യുപായങ്ങളെ അനുസരിക്കുക എന്നതിനേക്കാൾ, യോഗ്യതരനായ ഒരാളിന്റെ ഉപദേശം ആരായുക.

ഒരു നല്ല ജീവിതം ഒരു മനുഷ്യനെ ഈശ്വരദൃഷ്ടിയിൽ ജ്ഞാനസമ്പന്നനും അനേകം കാര്യങ്ങളിൽ വിദഗ്ധനും ആക്കിത്തീർക്കുന്നു. ഒരു മനുഷ്യൻ സ്വതെ എത്രത്തോളം വിനീതനും ഈശ്വരനു വിധേയനും ആകുന്നുവോ അത്രത്തോളം അവൻ എല്ലാ കാര്യങ്ങളിലും ബുദ്ധിമാനും സമാധാനം അനുഭവിക്കുന്നവനും ആയീരിക്കും.

അദ്ധ്യായം 5

വേദപുസ്തകപാരായണം

1. സത്യത്തെയാണു്, വചോവിലാസത്തെയല്ല, വേദപുസ്തകത്തിൽ നാം തിരയേണ്ടതു്.

വേദപുസ്തകം മുഴുവനും അതു് എഴുതിയ മനോഭാവത്തോടുകൂടിത്തന്നെ വായിക്കണം.

ഭാഷയുടെ ചമല്ക്കാരത്തെക്കാൾ പ്രയോജനമാണു് നാം വേദപുസ്തകത്തിൽ അന്വേഷിക്കേണ്ടതു്.

നാം ഭക്തിപരവും ലഘുതരവുമായ പുസ്തകങ്ങളെ ഉത്കൃഷ്ടവും പ്രൗഢവുമായവയെപ്പോലെ സന്തോഷപൂർവ്വം വായിക്കണം.

ഗ്രന്ഥകാരന്റെ സ്ഥിതി—അയാൾ വിദ്വത്പദം കുറഞ്ഞ ആളോ കൂടിയ ആളോ എന്നുള്ളതു് — നിന്നെ സ്പർശിക്കരുതു്; പ്രത്യുത കേവലമായ സത്യത്തോടുള്ള സ്നേഹം നിന്നെ വായിക്കാൻ പ്രേരിപ്പിക്കട്ടെ.

പറഞ്ഞതാരാണെന്നു് അന്വേഷിക്കേണ്ട; പറഞ്ഞിരിക്കുന്നതെന്താണെന്നു് ശ്രദ്ധിക്കുക.

2. മനുഷ്യൻ കാലയവനികയിൽ മറയുന്നു; എന്നാൽ ഭഗവാന്റെ സത്യം എക്കാലവും നിലനില്ക്കുന്നു.

ഈശ്വരൻ, ആളും തരവും നോക്കാതെ, അനേകമാശ്ചര്യങ്ങൾ നമ്മോടു നിർദ്ദേശിക്കുന്നു.

നാം ശ്രദ്ധിക്കാതെ വിടേണ്ട ഭാഗങ്ങളെ ഗ്രഹിക്കുന്നതിനും അവയെപ്പറ്റി വാദപ്രതിവാദം ചെയ്യുന്നതിനുമായുള്ള സംരംഭത്തിൽ, നമ്മുടെ അവിഹിതമായ കുതൂഹലം വേദ

ഗ്രന്ഥപാരായണത്തിൽ നമുക്കു പലപ്പോഴും പ്രതിബന്ധമായി ഭവിക്കുന്നു.

നിനക്കു പ്രയോജനം സിദ്ധിക്കണമെങ്കിൽ എളിമയോടും മനഃശുദ്ധിയോടും വിശ്വാസത്തോടുംകൂടി വായിക്കുക; പണ്ഡിതനെന്നുള്ള പ്രസിദ്ധിയെ ഒരിക്കലും തേടാതിരിക്കുകയും ചെയ്യുക.

സിദ്ധന്മാരുടെ വാക്കുകളെ ഹൃദയപൂർവ്വം ആരായുകയും നിശ്ശബ്ദമായി കേൾക്കുകയും ചെയ്യുക; പുരാതനന്മാരുടെ അന്യാപദേശങ്ങളോടു അരോചകം തോന്നരുതു; അവ കാരണം കൂടാതെ ഉപന്യസിക്കപ്പെട്ടവയല്ല.

അദ്ധ്യായം 6

ക്രമരഹിതമായ ആശകൾ

1. ഒരു മനുഷ്യൻ ക്രമരഹിതമായി എന്തെങ്കിലും ആശിക്കുമ്പോഴൊക്കെ അവന്റെ ഹൃദയം ക്ഷണേന അസ്വസ്ഥമായിത്തീരുന്നു.

അഹങ്കാരികൾക്കും അത്യാഗ്രഹികൾക്കും ഒരിക്കലും മനസ്സമാധാനമുണ്ടായിരിക്കുകയില്ല.

ഹൃദയത്തിൽ വിനീതരും സാധുക്കളുമായവർ വളരെ സമാധാനത്തോടുകൂടി വർത്തിക്കുന്നു.

പൂർണ്ണമായി ആത്മസംയമനം ചെയ്യുകഴിഞ്ഞിട്ടില്ലാത്ത മനുഷ്യൻ ക്ഷണേന ചെറുതും നിസ്സാരവുമായ കാര്യങ്ങളാൽ പ്രലോഭിതനും പരാജിതനുമാകുന്നു.

ദുർബ്ബലമനസ്കനും, ഒരുപ്രകാരത്തിൽ ഇപ്പോഴും ഇന്ദ്രിയവശഗനും, ഭൗതികവസ്തുക്കളോടു് ആഭിമുഖ്യമുള്ളവനുമായ മനുഷ്യനു് ഐഹികമായ ആശകളിൽനിന്നു് പൂർണ്ണമായി പിന്തിരിയുക ദുസ്സാധമാണു്.

അതുകൊണ്ടു് അവയിൽനിന്നു് പിന്തിരിയുമ്പോൾ പലപ്പോഴും അവൻ വ്യസനാക്രാന്തനും, അവനെ ആരെങ്കിലും തടയുമ്പോൾ എളുപ്പത്തിൽ കോപാധീനനുമായിത്തീരുന്നു.

2. അവന്റെ ആശാഗതിയെ അവൻ അനുഗമിച്ചിട്ടുണ്ടെങ്കിൽ അവന്റെ അന്തഃകരണത്തിന്റെ അപരാധബോധത്താൽ അവൻ ഉടനടി പീഡിപ്പിക്കപ്പെടുന്നു; എന്തുകൊണ്ടെന്നാൽ അവൻ ആരായുന്ന ശാന്തിയുടെ പ്രാപ്തിക്കു് ഒട്ടും ഉപകരിക്കാത്ത വികാരക്ഷോഭങ്ങൾക്കു് അവൻ വശംവദനായിരിക്കുന്നു.

(അതുകൊണ്ട്) അന്തരംഗം സാക്ഷാത്തായ ശാന്തിയെ പ്രാപിക്കുന്നതു് നാം വികാരക്ഷോഭങ്ങൾക്കു് വശീഭവിക്കാതെ അവയെ പ്രതിരോധിക്കുന്നതുകൊണ്ടാണു്.

ആ സ്ഥിതിക്കു് ആദ്ധ്യാത്മിക കാര്യങ്ങളിൽ തീക്ഷ്ണതയുള്ള ഒരു മനുഷ്യനില്ലാതെ, ഇന്ദ്രിയവശഗനായ ഒരു മനുഷ്യനിലാകട്ടെ, ബാഹ്യവസ്തുക്കളിൽ സംസക്തനായ ഒരു മനുഷ്യനിലാകട്ടെ ഹൃദയശാന്തി ഉണ്ടായിരിക്കുകയില്ല.

❖❖❖❖❖

അദ്ധ്യായം 7

വ്യർത്ഥമായ പ്രത്യാശയും അഹങ്കാരവും.

1. മനുഷ്യനിലോ സൃഷ്ടികളിലോ സ്വവിശ്വാസത്തെ നിക്ഷേപിക്കുന്നവൻ മൂഢനാണു്.

യേശുക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം മറ്റുള്ളവരെ സേവിക്കുന്നതിനും ലോകത്തു ദരിദ്രനായി കാണപ്പെടുന്നതിനും ലജ്ജിക്കരുതു്.

നിന്നിൽത്തന്നെ വിശ്വസിക്കരുതു്; നി

ന്റെ പ്രത്യാശ ദൈവത്തിൽ നിക്ഷേപിക്കുക.

നിന്റെ ശക്തിക്കൊത്തതു് ചെയ്യുക; അപ്പോൾ നിന്റെ സന്മനസ്സിനോടൊന്നിച്ചു് ദൈവമുണ്ടായിരിക്കും.

എളിമയുള്ളവരെ സഹായിക്കുകയും അഹങ്കാരികളെ താഴ്ത്തുകയും ചെയ്യുന്ന ദൈവത്തിന്റെ അനുഗ്രഹത്തിലല്ലാതെ, നിന്റെ സ്വന്തം വിജ്ഞാനത്തിലൊ ജീവിച്ചിരിക്കുന്ന യാതൊരു മനുഷ്യന്റെയും കുശലതയിലോ വിശ്വസിക്കരുതു്.

2. നിനക്കു് സ്വത്തുക്കളുണ്ടെങ്കിൽ അവയിൽ നീ അഭിമാനിക്കരുതു്; നിന്റെ സ്നേഹിതന്മാർ പ്രബലന്മാരാണെന്നുള്ള കാരണത്താൽ അവരിലും നീ അഭിമാനിക്കരുതു്. സകല വസ്തുക്കളേയും ദാനം ചെയ്യുകയും സർവ്വോപരി തന്നത്താൻ ദാനം ചെയ്യുന്നതിനു് ആഗ്രഹിക്കുകയും ചെയ്യുന്ന ദൈവത്തിൽ നീ അഭിമാനിക്കുക.

നിന്റെ കിളുരത്തെപ്പററിയോ അല്ലമായ ഒരു രോഗത്താൽ വിരൂപപ്പെടുകയും നശിക്കുകയും ചെയ്യുന്ന ശരീരത്തിന്റെ അഴകിനെപ്പററിയോ നീ വമ്പു പറയരുതു്.

നിന്റെ സാമർത്ഥ്യത്തിലോ ബുദ്ധിയിലോ നീ അഹംകരിക്കരുതു്; അഹംകരിച്ചാൽ നി

നക്കു് സ്വഭാവേനയുള്ള സകല സൽഗുണങ്ങളുടെയും ബുദ്ധിസാമർത്ഥ്യത്തിന്റെയും ഉടമസ്ഥനായ ഈശ്വരന്റെ അപ്രീതി നീ സമ്പാദിക്കും.

3. മറ്റുള്ളവരേക്കാൾ നല്ലവനാണെന്നു് നീ അഭിമാനിക്കരുതു്; എന്തുകൊണ്ടെന്നാൽ മനുഷ്യനിൽ എന്തുണ്ടെന്നു് അറിയാവുന്ന ഈശ്വരന്റെ ദൃഷ്ടിയിൽ നീ മറ്റുള്ളവരെക്കാൾ അയോഗ്യനായി ഗണിക്കപ്പെട്ടും.

നിന്റെ സൽകൃത്യങ്ങളിൽ നീ അഹംകരിക്കരുതു്; എന്തുകൊണ്ടെന്നാൽ ഈശ്വരന്റെ ഗുണദോഷവിവേചനരീതികൾ മനുഷ്യരുടേതിൽനിന്നു വിഭിന്നമാണു്; മനുഷ്യക്കു സന്തോഷപ്രദമായതു് പലപ്പോഴും അദ്ദേഹത്തിനു് അസന്തോഷകരമാണു്.

നിനക്കു നല്ലതായി എന്തെങ്കിലുമുണ്ടെങ്കിൽ മറ്റുള്ളവക്കു് അതിനെക്കാൾ നല്ലവ ഉണ്ടെന്നു് വിശ്വസിക്കുക; അങ്ങനെയായാൽ നിനക്കു് വിനയശീലം പരിപാലിക്കാം.

നീ എല്ലാവരെയുംകാൾ ചെറിയവനാണെന്നു് തന്നെത്താൻ പരിഗണിക്കുന്നതുകൊണ്ടു് നിനക്കു് യാതൊരു ദോഷവും വരാനില്ല, എന്നാൽ നീ ആരെയെങ്കിലുംകാൾ യോഗ്യനാണെന്നു് സ്വയം പരിഗണിച്ചാൽ അ

തു് നിനക്കു വളരെ ദോഷകരമായിരിക്കും.

എളിമയുള്ളവൻ അനസ്യൂതമായ ശാന്തി അനുഭവിക്കുന്നു; എന്നാൽ അഹംകാരിയുടെ ഹൃദയത്തിൽ മായ്ക്കു് സ്പർദ്ധയും ക്രോധവും കുടികൊള്ളുന്നു.

അദ്ധ്യായം 8

അതിപരിചയം വർജ്ജിക്കണം

നിന്റെ ഹൃദയം എല്ലാവക്കും തുറന്നു കാണിച്ചുകൊടുക്കരുതു്; അറിവും ഈശ്വരഭയവുമുള്ള ഒരു മനുഷ്യനോടു നിന്റെ കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുക.

യുവജനങ്ങളോടും അപരിചിതരോടും അധികമായി സഹവസിക്കരുതു്.

ധനാഢ്യരുടെ മുഖസ്തുതിപാഠകനാകുകയോ വലിയവരുടെ കൂട്ടത്തിൽ കാണപ്പെടുന്നതിനു് ആഗ്രഹിക്കുകയോ ചെയ്യരുതു്. വിനീതരും നിഷ്കളങ്കരുമായവരോടും ഭക്തരും സുശീലരുമായവരോടും സഹവസിക്കുകയും ഗുണകരമായ കാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുകയും ചെയ്യുക.

യാതൊരു സ്ത്രീയോടും അടുത്തു പരിചയിക്കരുതു്; എന്നാൽ എല്ലാ നല്ല സ്ത്രീകളെയും പൊതുവെ ദൈവത്തിങ്കൽ ഭരമേല്പിക്കുക.

ദൈവത്തോടും ദൈവഭൃതന്മാരോടും മാത്രം പരിചയപ്പെടുന്നതിനു് ആഗ്രഹിക്കുക; മനുഷ്യനോടുള്ള പരിചയം നിർദ്ദോഷം പരിവർജ്ജിക്കുക.

നമുക്കു് എല്ലാവരോടും സ്നേഹമുണ്ടായിരിക്കണം; എന്നാൽ അതിപരിചയം അവിഹിതമാണു്.

അറിയപ്പെടാതിരിക്കുമ്പോൾ സൽക്കീർത്തിയാൽ പ്രശോഭിക്കുന്ന ഒരു മനുഷ്യൻ സഭാസാന്നിദ്ധ്യത്തിൽ തന്നെ കാണുന്നവർക്കു് നീരസമുളവാക്കുകയെന്നതു് ചിലപ്പോൾ സംഭവിക്കാറുണ്ടു്.

നമ്മുടെ സഹവാസംകൊണ്ടു് മറ്റുള്ളവരെ സന്തോഷിപ്പിക്കാമെന്നു് നാം ചിലപ്പോൾ വിചാരിക്കുന്നു; എന്നാൽ നമ്മളിൽ അവർ കാണുന്ന ദുർവൃത്തിയാൽ നാം അവരെ വെറുപ്പിക്കുവാൻ തുടങ്ങുകയത്രെ ചെയ്യുന്നതു്.

അദ്ധ്യായം 9

അനുസരണവും പരാധീനതയും

1. നമ്മുടെ സ്വന്തം ഇഷ്ടമനുസരിച്ചല്ലാതെ ഒരു മേലാവിന്റെ കീഴ് അനുസരണത്തോടുകൂടി ജീവിക്കുന്നതു് വളരെ മഹത്തായ ഒരു കായ്മാകുന്നു.

ആജ്ഞാപിക്കുന്നതിനുള്ള അധികാരസ്ഥാനത്തിരിക്കുന്നതിനേക്കാൾ ആജ്ഞാനുസാരിയായിരിക്കുന്നതു് വളരെയധികം സുരക്ഷിതമാണു്.

അധികംപേരും അനുസരണമുള്ളവരായിരിക്കുന്നതു് അവർക്കു് ഈശ്വരനോടുള്ള സ്നേഹം നിമിത്തമെന്നതിനെക്കാൾ ഗത്യന്തരമില്ലാത്തതുകൊണ്ടാണു്; ഇങ്ങനെയുള്ളവർ കഷ്ടപ്പെടുകയും എളുപ്പം പിറുപിറുക്കുകയും ചെയ്യുന്നു.

ഈശ്വരഹിതത്തിനു് പൂർണ്ണ ഹൃദയത്തോടുകൂടി വശംവദരാകുന്നില്ലെങ്കിൽ അവർക്കു് മനഃസ്വാതന്ത്ര്യം സിദ്ധിക്കുകയില്ല.

എവിടെയെല്ലാം ഓടിനടന്നാലും ഒരു മേലാവിന്റെ ഭരണത്തിനു് നീ വിനയപൂർവ്വം വിധേയനാകുന്നെങ്കിലല്ലാതെ നിനക്കു് വിശ്രമമുണ്ടാകുകയില്ല.

മനോരഥവും സ്ഥലംമാറ്റവും അധികം ആളുകളെ വഞ്ചിച്ചിട്ടുണ്ട്.

2. ഓരോരുത്തനും അവനവന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കുന്നതിനു് ആഗ്രഹിക്കുകയും അവനവന്റെ അഭിപ്രായത്തോടു് യോജിപ്പുള്ളവരോടു് അനുകൂലിക്കുകയും ചെയ്യുന്നവനെന്നുള്ളതു് വാസ്തവംതന്നെ.

എന്നാൽ ഈശ്വരൻ നമ്മോടുകൂടിയുണ്ടെങ്കിൽ, സമാധാനത്തിനുവേണ്ടി നമ്മുടെ സ്വന്തം അഭിപ്രായത്തെ നാം ചിലപ്പോൾ ത്യജിക്കേണ്ടിവരും.

എല്ലാ സംഗതികളെയും പൂർണ്ണമായി അറിയാൻ കഴിയത്തക്കവണ്ണം ബുദ്ധിയുള്ളവനായി ആരുണ്ടു്?

അതുകൊണ്ടു്, നിന്റെ സ്വന്തം അഭിപ്രായങ്ങളെ ക്രമാതീതമായി ശരണീകരിക്കാതിരിക്കുക; പ്രത്യുത, മറ്റുള്ളവരുടെ അഭിപ്രായങ്ങളെ കേൾക്കുന്നതിനും സമ്മതമുള്ളവനായീരിക്കുക.

നിന്റെ സ്വന്തം അഭിപ്രായം നല്ലതാണെങ്കിലും, മറ്റൊരുവന്റെ അഭിപ്രായത്തെ അനുസരിക്കുന്നതിനായി, ഈശ്വരനുവേണ്ടി നിന്റേതിനെ ഉപേക്ഷിക്കുകയാണെങ്കിൽ, അതു നിനക്കു കൂടുതൽ ഗുണകരമായിരിക്കും.

എന്തുകൊണ്ടെന്നാൽ ഉപദ്ദേശം കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതു്, അതു നല്കുന്നതിനെക്കാൾ കുറേക്കൂടി ശ്രേഷ്ഠകരമാണെന്നു പലപ്പോഴും ഞാൻ കേട്ടിട്ടുണ്ടു്.

മാരോഗത്തന്റേയും അഭിപ്രായം നല്ലതാണെന്നുവരാം; എന്നാൽ യുക്തിയോ ന്യായമോ അനുസരിച്ചു് മറുള്ളവക്കു് കീഴ്പ്പെടാതിരിക്കുന്നതു് അഹംകാരത്തിന്റേയും ശാഠ്യത്തിന്റേയും ലക്ഷണമാകുന്നു.

❖❖❖❖❖

അദ്ധ്യായം 10

അതിഭാഷണം വർജ്ജിക്കുന്നതിനെപ്പറ്റി

1. മനുഷ്യരുടെ ബഹളത്തിൽനിന്നു് കഴിയുന്നത്ര ദൂരെ ഒഴിഞ്ഞുമാറുക; എന്തുകൊണ്ടെന്നാൽ ലൗകികങ്ങളായ കാര്യങ്ങളെപ്പറ്റിയുള്ള വ്യവഹാരം, അതു് എത്ര ശുദ്ധമായ ഉദ്ദേശത്തോടുകൂടി നടത്തപ്പെടുന്നതായാലും, നിനക്കു് വളരെ വലുതായ പ്രതിബന്ധമുണ്ടാക്കും.

എന്തുകൊണ്ടെന്നാൽ നാം സത്വരം മലിനീകൃതരാകുകയും മൗഢ്യത്താൽ വഞ്ചിക്കപ്പെടുകയും ചെയ്യുന്നു.

ഞാൻ പലപ്പോഴും മൗനം അവലംബിക്കുകയും, കൂട്ടുകാരോട്ടു് കൂടാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ എന്നു് ഞാൻ ആഗ്രഹിക്കുന്നു.

നമ്മുടെ മനസ്സാക്ഷിക്കു് ദോഷം പറ്റാതെ നിഷ്കളങ്കത വീണ്ടും അവലംബിക്കുക ഇസ്സാധമായിരിക്കുന്ന സ്ഥിതിക്കു് നാം പരസ്പരം സംതോഷണം ചെയ്യുന്നതിനും വാഗ്വാദം ചെയ്യുന്നതിനും അത്ര ഉൽസുകരായിരിക്കുന്നതു് എന്തുകൊണ്ടു്?

സംസാരിക്കുന്നതിനു് നാം അത്ര ഉൽസുകരായിരിക്കുന്നതിനുള്ള കാരണം, കൂടിച്ചേർന്നുള്ള സംഭാഷണത്താൽ നാം അന്യോന്യം ആശ്വാസം ആരായുകയും ചിന്താപരവശമായ ഹൃദയത്തിന്റെ ഭാരം കുറയ്ക്കുന്നതിനു് സന്തോഷപൂർവ്വം ആഗ്രഹിക്കുകയും ചെയ്യുന്നതാണു്.

നാം ഏറ്റവും സ്നേഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നതോ നമുക്കു പ്രതികൂലമെന്നു് നാം സങ്കല്പിക്കുന്നതോ ആയ സംഗതികളെക്കുറിച്ചു നാം വളരെ സന്തോഷപൂർവ്വം സംസാരിക്കുകയും ചിന്തിക്കുകയും ചെയ്യുന്നു.

2. എന്നാൽ, കഷ്ടം! അതു് പലപ്പോഴും വ്യർത്ഥവും ഉദ്ദേശ്യരഹിതവുമാണു്; എന്തുകൊണ്ടെന്നാൽ ഈ ബാഹ്യമായ ആശ്വാസം

ആന്തരവും ദിവ്യവുമായ സുഖത്തിന്നു് ഒട്ടും നിസ്സാരമായ വിഘാതമല്ല.

അതുകൊണ്ടു്, നമ്മുടെ സമയം നിഷ്ഫലമായി കഴിഞ്ഞുപോകാതിരിക്കുന്നതിനായി നാം ജാഗരണം അനുഷ്ഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

സംസാരിക്കുന്നതു് നിയമാനുസൃതവും ഉചിതവുമാണെങ്കിൽ; സംസ്കാരപ്രദമായിമാത്രം സംസാരിക്കുക.

ഒരു ദുഷിച്ചതായ ശീലവും നമ്മുടെ ആത്മീയമായ അഭിവൃദ്ധിയെപ്പറ്റിയുള്ള ഔദാസീന്യവും നമ്മുടെ സംഭാഷണത്തിന്റെ വിവേകത്തുന്യതയ്ക്കു് അധികം കാരണമാകുന്നുണ്ടു്.

എന്നാൽ ആദ്ധ്യാത്മികമായ സംഗതികളെസംബന്ധിച്ചുള്ള ഭക്തിപരമായ സമ്മേളനങ്ങൾ–വിശേഷിച്ചു് ഒരേ മനസ്ഥിതിയും ചൈതന്യവുമുള്ള ആളുകൾ ഈശ്വരോദ്ദേശ്യകമായി ഒരുമിച്ചു സമ്മേളിക്കുമ്പോൾ–ആത്മീയാഭിവൃദ്ധിയെ വളരെ അധികം സഹായിക്കുന്നു.

അദ്ധ്യായം 11

ശാന്തിയും ഭക്ഷിതീക്ഷ്ണതയും സമ്പാദിക്കുന്നതിനെപ്പറ്റി

1. മറ്റുള്ളവരുടെ സംഭാഷണങ്ങളെയും പ്രവൃത്തികളെയും നമ്മെ സംബന്ധിച്ചതല്ലാത്ത സംഗതികളെയുംകുറിച്ചു് നാം ബദ്ധപ്പെടാതിരിക്കുകയാണെങ്കിൽ നമുക്കു് അധികം സമാധാനമുണ്ടായിരിക്കും.

മറ്റുള്ള ആളുകളുടെ പ്രാരബ്ധങ്ങളിൽ കുരുങ്ങുകയും, അസ്വാസ്ഥ്യകരങ്ങളായ സന്ദർഭങ്ങളെ പുറമെ തിരയുകയും, ആന്തരമായ ഏകാഗ്രത മിക്കവാറും ഇല്ലാതിരിക്കുകയും ചെയ്യുന്നവനു് എങ്ങനെ ദീഘ്നേരം സമാധാനത്തിൽ വർത്തിക്കാൻ കഴിയും?

ഏകാഗ്രമായ ഹൃദയത്തോടുകൂടിയവർ അനുഗൃഹീതരാകുന്നു; എന്തുകൊണ്ടെന്നാൽ അവർ അധികമായ സമാധാനം അനുഭവിക്കും.

2. സിദ്ധന്മാരിൽ ചിലർ അത്ര പരിപൂർണ്ണരും ധ്യാനനിരതരുമായിരുന്നതു് എന്തുകൊണ്ടു്?

എന്തുകൊണ്ടെന്നാൽ തങ്ങളുടെ ലൗകികമായ ആശകളെല്ലാം പൂർണ്ണമായി ഹനിക്കുന്നതിനു് അവർ പരിശ്രമിച്ചു; അങ്ങനെ അവരുടെ പൂർണ്ണമായ ഹൃദയത്തോടുകൂടി ഈ

ശ്വരനുമായി സംസക്തരായിരിക്കുന്നതിനും സ്വകീയമായ കാര്യങ്ങളിൽ യഥേഷ്ടം ശ്രദ്ധിക്കുന്നതിനും അവക്കു് കഴിഞ്ഞു.

നാം നമ്മുടെ സ്വന്തം വികാരക്ഷോഭങ്ങൾക്കു് ക്രമത്തിലധികം വശംവദരായിരിക്കുകയും ക്ഷണഭംഗുരങ്ങളായ കാര്യങ്ങളെപ്പറ്റി അത്യൽസുകരായിരിക്കുകയും ചെയ്യുന്നു.

ഒരു ഒറ്റ ദുശ്ശീലത്തെയെങ്കിലും നാം പൂർണ്ണമായി ജയിക്കുകയെന്നതു് അപൂർവ്വമാണു്; നമ്മുടെ അനുദിനാഭിവൃദ്ധിയിൽ നാം താൽപര്യപൂർവ്വം ബദ്ധശ്രദ്ധരായിരിക്കുന്നുമില്ല; അതുകൊണ്ടു് നാം ഉദാസീനരും അലസരുമായി വർത്തിക്കുന്നു.

3. നാം പൂർണ്ണമായ ആത്മദമനം നിർവ്വഹിക്കുകയും ആന്തരമായ കരുക്കുകളിൽ യാതൊരുവിധത്തിലും അകപ്പെടാതിരിക്കുകയും ചെയ്താൽ, ദിവ്യമായ സംഗതികളെ ആസ്വദിക്കുന്നതിനും സ്വർഗ്ഗപരമായ ധ്യാനനിമഗ്നതയെ ഏതാണ്ടു് അനുഭവിക്കുന്നതിനും നമുക്കു് കഴിയും.

ദുർവ്വികാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും നാം വിമുക്തരല്ലാത്തതുകൊണ്ടാണു് സമഗ്രവും ഏറ്റവും വിപുലമായ പ്രതിബന്ധം നമുക്കുണ്ടാകുന്നതു്; പുണ്യവാന്മാരു

ടെ ഉത്തമമായ മാർഗ്ഗത്തിൽകൂടി നടക്കുന്നതിനു നാം ശ്രമിക്കുന്നുമില്ല.

ഏതെങ്കിലും ചെറുതായ കഷ്ടപ്പാടു നമുക്കു് നേരിടുമ്പോൾ നാം വളരെവേഗം ഭഗ്നാശരാവുകയും മനുഷ്യരുടെ ആശ്വാസം അന്വേഷിക്കുകയും ചെയ്യുന്നു.

4. ധീരരായ മനുഷ്യരെപ്പോലെ യുദ്ധത്തിൽ നിലയ്ക്കു് നില്ക്കുന്നതിനു് നാം ശ്രമിക്കുന്നുവെങ്കിൽ സ്വർഗ്ഗത്തുനിന്നു് ഭഗവാൻ നമ്മെ സഹായിക്കുന്നതായി നമുക്കു് തീർച്ചയായും കാണാം.

എന്തെന്നാൽ സമരം ചെയ്യുകയും തന്റെ അനുഗ്രഹശക്തിയിൽ വിശ്വസിക്കുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനു് അദ്ദേഹം സന്നദ്ധനാണു്; നാം ജയിക്കുന്നതിനായിട്ടത്രെ അദ്ദേഹം സമരത്തിനായുള്ള സന്ദർഭങ്ങളെ നമുക്കു് തരുന്നതു്.

ധർമ്മത്തിലുള്ള നമ്മുടെ അഭിവൃദ്ധി ബാഹ്യാനുഷ്ഠാനങ്ങളിൽമാത്രം സ്ഥിതിചെയ്യുന്നുവെങ്കിൽ നമ്മുടെ ഭക്തി വേഗം നാമാവശേഷമാകും.

എന്നാൽ കാമക്രോധാദികളിൽനിന്നു് സംശുദ്ധരായി പ്രശാന്തമായ ഒരു അന്തരംഗത്തെ സ്വായത്തമാക്കുന്നതിനായി, കോടാലികൊണ്ടു് വേരിനെത്തന്നെ നമുക്കു്

മറിക്കാം.

5. പ്രതിവഷ്ം ഒരു ദുശ്ശീലത്തെ മൂലഛേദം ചെയ്യുന്നുവെങ്കിൽ നാം അചിരേണ ഉത്തമ മനുഷ്യരായിത്തീരും.

എന്നാൽ ഇപ്പോൾ നമ്മുടെ സ്ഥിതി നേരെ മറിച്ചാണെന്നു്—സന്ന്യാസവ്രതസ്വീകരണത്തിനുശേഷം അനേക വഷ്ങ്ങൾ കഴിഞ്ഞ ഇപ്പോഴത്തെക്കാൾ നമ്മുടെ ജീവിത പരിവർത്തനത്തിന്റെ ആരംഭത്തിൽ നാം കുറെക്കൂടി നല്ലവരും വിശുദ്ധരുമായിരുന്നുവെന്നു്—നമുക്കു് പലപ്പോഴും അനുഭവപ്പെടുന്നു.

നമ്മുടെ ഭക്തിതീക്ഷ്ണതയും അഭിവൃദ്ധിയും ദിവസംതോറും മഹത്തരമായിത്തീരേണ്ടതാണു്; എന്നാൽ ഇപ്പോൾ, ഒരു മനുഷ്യനു് അവന്റെ ആരംഭത്തിലുള്ള ഭക്തിതീക്ഷ്ണതയുടെ കുറെ ഭാഗം ശേഷിച്ചിട്ടുണ്ടെങ്കിൽ അതു് ഒരു വലിയ കാര്യമായീകരുതപ്പെടുന്നു.

ആരംഭത്തിൽ നാം നമ്മെത്തന്നെ അല്പം ക്ലേശിപ്പിക്കുന്നുവെങ്കിൽ പിന്നീടു് എല്ലാകാര്യങ്ങളും സുകരമായും സന്തുഷ്ടിയോടും നമുക്കു നിവ്വഹിക്കാവുന്നതാണു്.

പഴക്കമുള്ള ശീലങ്ങളെ ഉപേക്ഷിക്കുന്നതു് വിഷമവും നമ്മുടെ സ്വന്തം ഇഷ്ടത്തി

ന്ന് വിരുദ്ധമായി വർത്തിക്കുന്നതു വിഷമതരവുമാണ്.

എന്നാൽ ചെറുതും ലഘുവുമായ സംഗതികളെ നീ ജയിക്കുന്നില്ലായെങ്കിൽ, കൂറേക്കൂടി വിഷമമായവയെ നീ എപ്പോൾ ജയിക്കും?

നിന്റെ മനോഗതിയെ ആരംഭത്തിൽ നിരോധിച്ചിട്ട് ദുശ്ശീലത്തെ ഛേദിയ്ക്കുക; അല്ലെങ്കിൽ നിന്റെ വൈഷമ്യം കൂറേയ്ക്കു കൂടിക്കൂടിവരും.

ഓ! നീ നല്ല ജീവിതം നയിക്കുന്നതുകൊണ്ട് നിനക്കായി എത്രത്തോളം ശാന്തിയും മറവുള്ളവക്കായി എത്രത്തോളം ആനന്ദവും നീ സമ്പാദിക്കുമെന്നു് നിനക്കു് ഗ്രഹിക്കാൻ കഴിഞ്ഞുവെങ്കിൽ, നീ നിന്റെ ആത്മീയാഭിവൃദ്ധിക്കായി കൂടുതൽ താൽപര്യം പ്രദർശിപ്പിക്കുമായിരുന്നുവെന്നു് ഞാൻ വിചാരിക്കുന്നു.

അദ്ധ്യായം 12

കഷ്ടപ്പാടിന്റെ പ്രയോജനം

1. നമുക്കു് ചിലപ്പോൾ ഉപദ്രവങ്ങളും കഷ്ടപ്പാടുകളുമുണ്ടാകുന്നതു് നല്ലതാണു്; എ

ന്തുകൊണ്ടെന്നാൽ അവ ഒരു മനുഷ്യനെ അന്തർമ്മുഖനാക്കിയിട്ട്, സ്വരാജ്യത്തുനിന്ന് ബഹിഷ്കരിക്കപ്പെട്ട ഒരുവന്റെ സ്ഥിതിയെയാണ് അവന്റേതെന്നു് അവനെ ഗ്രഹിപ്പിക്കുന്നതിനും അവൻ ഈ ലോകത്തിലുള്ള യാതൊന്നിലും അവന്റെ പ്രത്യാശകളെ നിക്ഷേപിക്കാതിരിക്കുന്നതിനും ഇടയാക്കുന്നു.

നമുക്കു ചിലപ്പോഴൊക്കെ എതിർപ്പുകളും നേരിടുന്നതും, നാം നന്മ ചെയ്യുകയോ ഉദ്ദേശിക്കുകയോ ചെയ്യുമ്പോൾപോലും മനുഷ്യർക്ക് നമ്മെപ്പറ്റി ചീത്തയോ അപൂർണ്ണമോ ആയ അഭിപ്രായമുണ്ടായിരിക്കുന്നതും നല്ലതാണു്.

ഈ സംഗതികൾ പലപ്പോഴും വിനയത്തെ പോഷിപ്പിയ്ക്കുകയും വ്യർത്ഥാഭിമാനത്തിൽനിന്ന് നമ്മെ രക്ഷിയ്ക്കുകയുംചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ, പുറമെ മനുഷ്യരാൽ നാം നിന്ദിക്കപ്പെടുകയും നമ്മുടെ യോഗ്യത സമ്മതിക്കപ്പെടാതിരിക്കുകയും ചെയ്യുമ്പോൾ നമ്മുടെ അന്തരംഗത്തിലെ സാക്ഷിയായ ഈശ്വരങ്കൽ നാം സമ്യക്കായി അഭയം പ്രാപിക്കുന്നു.

2. അതുകൊണ്ട് മനുഷ്യരിൽനിന്ന് കൂട്ട

തലായ ആശ്വാസമന്വേഷിക്കേണ്ട ആവശ്യ
മുണ്ടാകാതിരിക്കത്തക്കവണ്ണം ഒരു മനുഷ്യൻ
ഈശ്വരനെ പരിപൂർണ്ണമായി അവലംബിക്ക
ണം.

നല്ല മനസ്സുള്ള ഒരു മനുഷ്യനു് എന്തെങ്കി
ലും ഉപദ്രവമോ പ്രലോഭനമോ ദുഷ്ടവിചാ
രങ്ങൾകൊണ്ടുള്ള ശല്യമോ ഉണ്ടാകുമ്പോൾ
അവനു് ഈശ്വരന്റെ ആവശ്യകത എന്താ
ണെന്നു് കൂടെക്കൂടി നല്ലവണ്ണം മനസ്സിലാകു
ന്നു; അദ്ദേഹത്തെക്കൂടാതെ അവനു യാതൊ
രു നന്മയും ചെയ്യുവാൻ കഴിവില്ലെന്നു് അവൻ
ഗ്രഹിക്കുന്നു.

അപ്പോൾ അവൻ അനുഭവിക്കുന്ന കഷ്ട
പ്പാടുകൾ നിമിത്തം അവൻ വ്യസനിക്കുക
യും വിലപിക്കുകയും പ്രാർത്ഥിക്കുകയും കൂടി
ചെയ്യുന്നു.

ജീവിതം ഇനിയും ദീർഘിക്കുന്നതിനെപ്പ
റ്റി അപ്പോൾ അവനു് മുഷിച്ചിൽ തോന്നു
കയും, മുക്തനായി ക്രിസ്തുവിനോടു സംസക്ത
നാകുന്നതിനായി മരണം പ്രാപിക്കുന്നതിനു്
അവൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

അപ്പോൾ സമ്പൂർണ്ണമായ സുരക്ഷിതത്വ
വും സമാധാനവും ഈ ലോകത്തു് ലഭ്യമല്ലെ
ന്നും അവൻ നല്ലവണ്ണം ഗ്രഹിക്കുന്നു.

അദ്ധ്യായം 13

പ്രലോഭനത്തെ നിരോധിക്കുന്നതിനെപ്പറ്റി

നാം ഈ ലോകത്തു് ജീവിക്കുന്ന കാലത്തോളം കഷ്ടപ്പാടും പ്രലോഭനവും നമുക്കു് ഉണ്ടാകാതിരിപ്പാൻ നിവൃത്തിയില്ല.

'ലോകത്തു് മനുഷ്യന്റെ ജീവിതം ഒരു പ്രലോഭനമാകുന്നു' എന്നു ജോബിന്റെ പുസ്തകത്തിൽ (VII-1) എഴുതപ്പെട്ടിരിക്കുന്നു.

അതുകൊണ്ടു് (ഒരിക്കലും ഉറങ്ങാതെ തനിക്കു് വിഴുങ്ങുന്നതിനു പറ്റിയവരെ തേടി നടക്കുന്ന) പിശാചിനു് സൗകര്യം കൊടുക്കാതിരിക്കുന്നതിനായി എല്ലാവരും പ്രലോഭനങ്ങളെപ്പറ്റി ജാഗ്രതകരായി, ഉറക്കിളച്ചു, പ്രാർത്ഥിക്കേണ്ടതാണു്.

ചിലപ്പോഴൊക്കെ പ്രലോഭനങ്ങൾ ഉണ്ടാകാതിരിക്കത്തക്കവണ്ണം ഒരു മനുഷ്യനും പരിപൂർണ്ണനും പരിശുദ്ധനുമല്ല; നമുക്കു് അവയിൽനിന്നു് നിശ്ലേഷം ഒഴിഞ്ഞിരിക്കുന്നതിനു് കഴിയുന്നതുമല്ല.

2. പ്രലോഭനങ്ങൾ, അവ ഉപദ്രവകരങ്ങളും സങ്കടകരങ്ങളുമാണെങ്കിലും, മനുഷ്യനു് പലപ്പോഴും വലിയ ഗുണകരമാണു്; എന്തുകൊണ്ടെന്നാൽ അവമൂലം അവൻ വിനീതനും വിശുദ്ധനും വിജ്ഞനുമായി

ത്തീരുന്നു.

എല്ലാ സിദ്ധന്മാരും ഒട്ടുവളരെ കഷ്ടപ്പാടുകളെയും പ്രലോഭനങ്ങളെയും തരണം ചെയ്യുകയും അവ അവക്കു് പ്രയോജനകരമാകുകയും ചെയ്തിട്ടുണ്ടു്; പ്രലോഭനങ്ങളെ താങ്ങാൻ കഴിയാത്തവർ ദുർമ്മാർഗ്ഗികളായി അധഃപതിച്ചുപോയിട്ടുണ്ടു്.

പ്രലോഭനങ്ങളും വൈഷമ്യങ്ങളുമുണ്ടാകാതിരിക്കത്തക്കവണ്ണം അത്ര പരിശുദ്ധമായ സന്ന്യാസസംഘമോ അത്ര ഏകാന്തമായ സ്ഥലമോ ഇല്ല.

3. ഒരു മനുഷ്യൻ ജീവിച്ചിരിക്കുന്നിടത്തോളംകാലം ഒരിക്കലും പ്രലോഭനങ്ങളിൽനിന്നു് നിശ്ശേഷം വിമുക്തനായിരിക്കുകയില്ല; എന്തുകൊണ്ടെന്നാൽ നാം ജഡമോഹത്തിൽ ജാതരാകയാൽ പ്രലോഭനത്തിന്റെ ഉൽപത്തിസ്ഥാനം നമ്മുടെ ഉള്ളിൽത്തന്നെയുണ്ടു്.

ഒരു പ്രലോഭനമോ കഷ്ടപ്പാടോ അവസാനിക്കുമ്പോൾ വേറൊന്നു വരുന്നു; എപ്പോഴും നമുക്കു് എന്തെങ്കിലുമൊന്നു സഹിക്കേണ്ടിവരും; എന്തെന്നാൽ നമ്മുടെ ആദിമമായ ആനന്ദവരം നമുക്കു നഷ്ടപ്പെട്ടുപോയിരിക്കുന്നു.

വളരെപ്പേർ പ്രലോഭനങ്ങളിൽനിന്നു്

ഓടിക്കളയുന്നതിനു് ശ്രമിക്കുകയും അവയിൽ പൂർവ്വാധികം വ്യസനകരമായി അകപ്പെടുകയും ചെയ്യുന്നു.

ഓടിക്കളയുന്നതുകൊണ്ടുമാത്രം നമുക്കു് ജയിക്കാൻ കഴിയുകയില്ല; എന്നാൽ ക്ഷമയും യഥാർത്ഥമായ വിനയവുംമൂലം നാം നമ്മുടെ സകല ശത്രുക്കളെയുംകാൾ ബലവാന്മാരായിത്തീരുന്നു.

4. പ്രലോഭനങ്ങളിൽനിന്നു ബാഹ്യമായിമാത്രം പിന്തിരിയുകയും അവയെ സമൂലം ഛേദിക്കാതിരിക്കുകയും ചെയ്യുന്നവനു് ഫലം ശൂന്യമായിരിക്കും; എന്നുമാത്രമല്ല, അവ പൂർവ്വാധികം വേഗം മടങ്ങിവരുകയും അവന്റെ സ്ഥിതികൂടുതൽ മോശമായിത്തീരുകയും ചെയ്യും.

ഈശ്വരാനുഗ്രഹത്താൽ ക്രമേണ ക്ഷമാശീലവും ദീർഘമായ ദുഃഖസഹിഷ്ണുതയും കൊണ്ടു്, കൂക്ഷേതയും തിട്ടക്കവും കൊണ്ടെന്നതിനെക്കാൾ, നിനക്കു് അവയെ നല്ലവണ്ണം ജയിക്കാൻ കഴിയും.

പ്രലോഭനമുണ്ടാകുമ്പോൾ ഗുരുപദേശം അവലംബിക്കുക; പ്രലോഭനത്തിൽ അകപ്പെട്ടവനോടു പരുഷമായി പെരുമാറരുതു്; നേരെമറിച്ചു് നിന്നോടു് അന്യർ എപ്രകാരം പെരുമാറണമെന്നു് നീ ആഗ്രഹിക്കുന്നു

വോ അപ്രകാരം അവനെ നീ ആശ്വസിപ്പിക്കുക.

5. മനസ്സിന്റെ അസ്ഥിരതയും ഈശ്വരനിലുള്ള അല്പവിശ്വാസവും ആണ് സകല പ്രലോഭനങ്ങളുടെയും പ്രാരംഭം.

എന്തുകൊണ്ടെന്നാൽ, ചുക്കാനില്ലാത്ത കപ്പൽ തിരകളാൽ അങ്ങോട്ടുമിങ്ങോട്ടുമിട്ട് തട്ടി എറിയപ്പെടുന്നതുപോലെ, അസ്ഥിരനും നിശ്ചയദാർഢ്യമില്ലാത്തവനുമായ മനുഷ്യൻ പലവിധത്തിൽ പ്രലോഭിപ്പിക്കപ്പെടുന്നു.

അഗ്നി ഇരുമ്പിനെ ശുദ്ധിചെയ്യുന്നതുപോലെ പ്രലോഭനം നീതിമാനായ ഒരു മനുഷ്യനെ ശുദ്ധീകരിക്കുന്നു.

നമുക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് പലപ്പോഴും നമുക്ക് അറിയാൻ പാടില്ല; എന്നാൽ പ്രലോഭനം നമ്മുടെ യഥാർത്ഥസ്ഥിതിയെ വെളിപ്പെടുത്തുന്നു.

6. അങ്ങനെയാണെങ്കിലും, നാം, വിശേഷിച്ച് പ്രലോഭനത്തിന്റെ ആരംഭത്തിൽ ജാഗ്രൂകരായിരിക്കണം; എന്തുകൊണ്ടെന്നാൽ ശത്രു, ആത്മാവിന്റെ വാതുക്കൽ പ്രവേശിക്കാൻ അനുവദിക്കപ്പെടാതെ പുറത്തു നിറുത്തപ്പെടുകയും, ഒന്നാം പ്രാവശ്യം മുട്ടുമ്പോൾത്തന്നെ നിരോധിക്കപ്പെടുകയും ചെ

യ്താൽ, കുറേക്കൂടി എളുപ്പം പരാജിതനാകുന്നു.

അതുകൊണ്ടത്രെ ഒരു മനുഷ്യൻ ഇപ്രകാരം പറഞ്ഞിരിക്കുന്നതു്; ആരംഭത്തെ നിരോധിക്കുക; പിന്നീടുള്ള പ്രതിവിധികൾക്കു കാലം അതിക്രമിച്ചുപോകും.

എന്തുകൊണ്ടെന്നാൽ, ആദ്യമായി കേവലമായ ഒരു വിചാരം മനസ്സിലുദിക്കുന്നു; പിന്നീടു ശക്തിമത്തായ ഒരു ഭാവന; അനന്തരം സന്തോഷാനുഭൂതിയും, ദുഷ്ടമായ ഒരു വികാരവും മനസ്സമ്മതവും ഉളവാകുന്നു.

അങ്ങനെ, ദുഷ്ടശത്രുവിനു് അവൻ ആരംഭത്തിൽ നിരോധിക്കപ്പെടാതിരുന്നാൽ, പടിപടിയായി പൂർണ്ണമായ പ്രവേശനം സിദ്ധിക്കുന്നു.

പ്രലോഭന നിരോധനത്തിൽ ഒരു മനുഷ്യൻ എത്രത്തോളംകാലം ഉദാസീനനായിരിക്കുന്നുവോ, അത്രത്തോളംകാലം ദിവസംപ്രതി അവൻ കൂടുതൽ കൂടുതൽ ദുർബലനായും അവനെതിരായി ശത്രു കൂടുതൽ കൂടുതൽ ബലവാനായും തീരുന്നു.

7. ചിലർ തങ്ങളുടെ ജീവിതപരിവർത്തനത്തിന്റെ പ്രാരംഭത്തിലും ചിലർ അവസാനത്തിലും വലുതായ പ്രലോഭനങ്ങൾ അനുഭവിക്കുന്നു.

ചിലരാകട്ടെ അവരുടെ ജീവിതകാലം മുഴുവനും ഘോരമായി പീഡിപ്പിക്കപ്പെടുന്നു. മനുഷ്യരുടെ സ്ഥിതിയേയും യോഗ്യതകളെയും ശരിക്കു് നിണ്ണയിക്കുകയും തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ മുക്തിക്കായി സകലവും മുൻകൂട്ടി വ്യവസ്ഥപ്പെടുത്തുകയും ചെയ്യുന്നു. ഈശ്വരന്റെ ബുദ്ധിപൂർവ്വകവും നീതിയുക്തവുമായ നിയമമനുസരിച്ചു ചിലർ ലഘുവായിമാത്രം പ്രലോഭിപ്പിക്കപ്പെടുന്നു.

8. നാം അതുകൊണ്ടു് പ്രലോഭനമുണ്ടാകുമ്പോൾ നിരാശപ്പെടരുതു്; സകല കഷ്ടപ്പാടുകളിലും നമ്മെ സഹായിക്കാൻ കനിയുന്നതിനായി ഈശ്വരനോടു് നാം കൂടുതൽ തൃഷ്ണാന്തിയോടുകൂടി പ്രാർത്ഥിക്കണം; അദ്ദേഹം തീർച്ചയായും, സെയിൻറ് പോൾ പറഞ്ഞിരിക്കുന്നതനുസരിച്ചു്, 'പ്രലോഭനത്തെ താങ്ങുന്നതിനു നമ്മെ പ്രാപ്തരാക്കിത്തീർക്കും.' (I cor. x. 13)

അതുകൊണ്ടു്, എല്ലാ പ്രലോഭനങ്ങളിലും കഷ്ടപ്പാടുകളിലും നാം നമ്മുടെ ആത്മാക്കളെ ഈശ്വരഹസ്തത്തിൻകീഴു് നമിപ്പിക്കുമാറാകട്ടെ; എന്തുകൊണ്ടെന്നാൽ, അദ്ദേഹം ആത്മാവിൽ വിനീതരായവരെ രക്ഷിക്കുകയും ഉയർത്തുകയും ചെയ്യും.'

(Ps xxxiii. 19.)

9. പ്രലോഭനങ്ങളിലും കഷ്ടപ്പാടുകളിലും ഒരു മനുഷ്യൻ എത്രമാത്രം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടെന്നു് തെളിയുന്നു; അവയിൽ മഹത്തരമായ യോഗ്യത അടങ്ങിയിരിക്കുകയും അവന്റെ ശക്തി കൂടുതൽ പ്രത്യക്ഷമാകുകയും ചെയ്യുന്നു.

ഒരു മനുഷ്യൻ തനിക്കു് യാതൊരു വൈഷമ്യവും നേരിടാത്തപ്പോൾ ഭക്തിയും ശുഷ്കാന്തിയുമുള്ളവനായിരിക്കുന്നതിൽ വലിയ കാര്യമൊന്നുമില്ല; എന്നാൽ കഷ്ടപ്പാടുള്ളപ്പോൾ അവൻ അത്യുക്ഷമയോടു സഹിക്കുന്നുവെങ്കിൽ അവനു് വലുതായ അഭിവൃദ്ധിയെ പ്രത്യാശിക്കാവുന്നതാണു്.

ചിലർ വലുതായ പ്രലോഭനങ്ങളിൽപ്പെടാതെ സംരക്ഷിക്കപ്പെടുകയും അനുദിനമുള്ള ചെറിയ പ്രലോഭനങ്ങളിൽ പലപ്പോഴും അകപ്പെടുകയും ചെയ്യുന്നു; അത്ര ചെറിയ സംഗതികളിൽ ബലഹീനരായിരിക്കുന്ന അവർ വിനയശാലികളായിത്തീർന്നു് വലുതായ കാര്യങ്ങളിൽ അഹംകരിക്കാതിരിക്കുന്നതിനത്രെ അങ്ങനെ സംഭവിക്കുന്നതു്.

അദ്ധ്യായം 14

അന്യരെപ്പറ്റി അവിവേകമായ വിധി കല്പിക്കരുതെന്നു.

1. നിന്റെ ദൃഷ്ടികളെ നിന്നിലേക്കുതന്നെ പിന്തിരിച്ചിട്ടു്, അന്യരുടെ പ്രവൃത്തികളെപ്പറ്റി വിധിക്കാതിരിക്കുന്നതിനു് ശ്രദ്ധിക്കുക.

മറ്റുള്ളവരെ വിധിക്കുന്നതിൽ ഒരു മനുഷ്യൻ നിഷ്ഫലമായി പ്രയത്നിക്കുകയും പലപ്പോഴും തെറ്റിപ്പോകുകയും എളുപ്പത്തിൽ പാപം ചെയ്യുകയും ചെയ്യുന്നു; എന്നാൽ തന്നെത്താൻ വിധിക്കുകയും പരിശോധിക്കുകയും ചെയ്യുന്നതിൽ അവൻ എല്ലായ്പോഴും സഫലമായി പ്രയത്നിക്കുന്നു.

ഒരു വസ്തുവിനെപ്പറ്റി നാം പലപ്പോഴും, അതിനു് നമ്മുടെ ഹൃദയത്തിലുള്ള സ്ഥാനമനുസരിച്ചു, വിധിക്കുന്നു; സ്വകീയമായ ഇഷ്ടാനിഷ്ടങ്ങൾ നിമിത്തം ശരിയായി വിധിക്കുന്നതിനുള്ള ശക്തി എളുപ്പത്തിൽ നമുക്കു് നശിച്ചുപോകുന്നു.

ഈശ്വരൻ എല്ലായ്പോഴും നമ്മുടെ ആശയുടെ ഏകവിഷയമായിരുന്നുവെങ്കിൽ, നമ്മുടെ അഭിപ്രായങ്ങൾക്കു് എതിരുണ്ടാകുന്ന

തുകൊണ്ട് നാം അത്ര എളുപ്പത്തിൽ വിഷമിപ്പിക്കപ്പെടുമായിരുന്നില്ല.

2. എന്നാൽ നമ്മെ അഭ്യാകർഷിക്കുന്ന ഏതോ ഒന്നു പലപ്പോഴും നമ്മുടെ ഉള്ളിൽ ഒളിഞ്ഞുകിടക്കുകയോ പുറമെനിന്നു് ഉണ്ടാവുകയോ ചെയ്യുന്നു.

അധികംപേരും തങ്ങളുടെ പ്രവൃത്തികളിൽ ശ്രദ്ധമായി സ്വാർത്ഥത തേടുന്നു; പക്ഷെ, അവർ അതിനെപ്പറ്റി അറിയുന്നില്ല.

തങ്ങളുടെ അഭിമതവും തീരുമാനവുമനുസരിച്ചു കാര്യങ്ങൾ നിർവ്വഹിക്കപ്പെടുമ്പോൾ അവർ നല്ല സമാധാനത്തിൽ വർത്തിച്ചുപോരുന്നുവെന്നും അവക്കു തോന്നുന്നു; എന്നാൽ തങ്ങളുടെ ഹിതത്തിനു വിരുദ്ധമായി കാര്യം കലാശിക്കുന്നുവെങ്കിൽ അവർ വേഗം ക്ഷോഭിക്കുകയും വ്യസനാക്രാന്തരാവുകയും ചെയ്യുന്നു.

ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഭിന്നത സ്നേഹിതന്മാരുടെയും അയൽവാസികളുടെയും സന്യാസികളുടെയും ഭക്തന്മാരുടെയും ഇടയിൽ പലപ്പോഴും കലഹങ്ങൾക്കു കാരണമാകുന്നു.

3. പഴകിയ ഒരു ശീലത്തെ വർജ്ജിക്കുന്നതിനു പ്രയാസമുണ്ട്. യാതൊരു മനുഷ്യ

നും അവനു് ഉചിതമെന്നു് തോന്നുന്നതിനപ്പുറം സ്വമേധയാ നയിക്കപ്പെട്ടുന്നില്ല.

യേശുക്രീസ്തുവിനു നിന്നെ വശംവദനാക്കുന്ന ആ ഗുണവിശേഷത്തേക്കാൾ നിന്റെ സ്വന്ത ബുദ്ധിയേയോ പ്രയത്നത്തേയോ നീ ശരണീകരിക്കുന്നുവെങ്കിൽ നീ പ്രബുദ്ധനാകുകയെന്നതു് സുസാധ്യമല്ല; എന്തുകൊണ്ടെന്നാൽ ഈശ്വരൻ നാം പൂർണ്ണമായി അദ്ദേഹത്തിനു് വിധേയരായിരിക്കണമെന്നും മനുഷ്യബുദ്ധിയെ അതിലംഘിക്കത്തവണ്ണം ഉജ്ജ്വലത്തായ സ്നേഹം നമുക്കുണ്ടായിരിക്കണമെന്നും ആവശ്യപ്പെട്ടുന്നു.

അദ്ധ്യായം 15

സ്നേഹപരമായ കൃത്യങ്ങൾ

ലോകത്തുള്ള എന്തിനെങ്കിലും വേണ്ടിയാകട്ടെ, ഏതെങ്കിലും മനുഷ്യനോടുള്ള സ്നേഹം നിമിത്തമാകട്ടെ യാതൊരു തിന്മയും ചെയ്യാൻ പാടില്ലാത്തതാണു്. എന്നാൽ വേറൊരുവന്റെ ആവശ്യം പരിഗണിച്ചു ചിലപ്പോൾ ഒരു സൽകൃത്യം യഥേഷ്ടം

നിവ്വഹിക്കാതെ വിട്ടുകളയേണ്ടതൊ അതിന്റെ സ്ഥാനത്തു് കുറേക്കൂടി നല്ലതു് ചെയ്യേണ്ടതോ ആകുന്നു.

എന്തുകൊണ്ടെന്നാൽ അങ്ങനെ ചെയ്യുന്നതുകൊണ്ടു് ഒരു സൽപ്രവൃത്തി നഷ്ടമാകുകയില്ല, പ്രത്യുത, അതു കുറേക്കൂടി നല്ലതായീ പരിണമിക്കുകയത്രെ ചെയ്യുന്നതു്.

സ്നേഹജന്യമല്ലാത്ത ബാഹ്യമായ പ്രവൃത്തി കേവലം നിഷ്പ്രയോജനമാണു്; എന്നാൽ സ്നേഹം നിമിത്തം ചെയ്യപ്പെടുന്ന ഏതും–അതു് എത്രത്തോളം ചെറുതും അഗണ്യവുമായിക്കൊള്ളട്ടെ–ഫലപ്രദമത്രെ.

എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യൻ ഒരു പ്രവൃത്തി എത്രയധികമായി ചെയ്യുന്നുവെന്നതിനേക്കാൾ എത്രമാത്രം സ്നേഹത്തോടുകൂടി ചെയ്യുന്നുവെന്നതാണു് ഈശ്വരൻ പരിഗണിക്കുന്നതു്.

2. അധികം സ്നേഹിക്കുന്നവൻ അധികം പ്രവർത്തിക്കുന്നു.

ചെയ്യുന്നതു് നല്ലവണ്ണം ചെയ്യുന്നവൻ അധികം പ്രവർത്തിക്കുന്നു.

സ്വന്തം ഹിതത്തെക്കാൾ പൊതുഗുണത്തെ ആദരിക്കുന്നവൻ ഉചിതമായി പ്രവർത്തിക്കുന്നു.

സ്വാഭാവികമായ മമത പലപ്പോഴും സാ

ക്ഷാത്മായ, ഈശ്വരോദ്ദേശ്യകമായ, സ്നേഹമാണെന്നു് തോന്നിപ്പോകുന്നു; എന്തുകൊണ്ടെന്നാൽ, നമ്മുടെ സ്വാഭാവികമായ മനോഗതി, തന്നിഷ്ടം, പ്രതിഫലപ്രതീക്ഷ, സ്വന്തം ഗുണത്തിനായുള്ള മോഹം, എന്നിവയ്ക്കു് പ്രസക്തിയുണ്ടാകാതിരിക്കുകയെന്നതു് അപൂർവ്വമാണു്.

3. യഥാർത്ഥവും പരിപൂർണ്ണവുമായ സ്നേഹമുള്ളവൻ യാതൊരു സംഗതിയിലും സ്വാർത്ഥത തേടുന്നില്ല; പ്രത്യുത, അവൻ എല്ലാ സംഗതികളിലും ഈശ്വരമഹത്വം മാത്രമേ ആഗ്രഹിക്കുന്നുള്ളൂ.

അവനു് ഒരു മനുഷ്യനോടും അസൂയയില്ല; എന്തുകൊണ്ടെന്നാൽ അവൻ സ്വാർത്ഥപരമായ സന്തോഷം ഇച്ഛിക്കുന്നില്ല; തന്നത്താൻ ആനന്ദിക്കുന്നതിനു് അവൻ ആഗ്രഹിക്കുന്നുമില്ല; നേരേമറിച്ചു് അവൻ എല്ലാ നല്ല സംഗതികൾക്കും ഉപരിയായി ഈശ്വരനിൽ ആനന്ദമനുഭവിക്കുന്നവനായിത്തീരുന്നതിനു് അഭിലഷിക്കുന്നു.

അവൻ നല്ലതായ യാതൊന്നും മനുഷ്യഹേതുകമായി ഗണിക്കുന്നില്ല; പ്രത്യുത, അതു മുഴുവനും ഈശ്വരഹേതുകമായി അവൻ കരുതുന്നു; എല്ലാ സംഗതികളും അവയുടെ ഉറവിൽനിന്നു് എന്നപോലെ, അദ്ദേഹ

ത്തിൽനിന്നാണു് പുറപ്പെട്ടതു്; അദ്ദേഹത്തിൽ സകല സിദ്ധന്മാരും തങ്ങളുടെ പരമലക്ഷ്യത്തിലെന്നപോലെ ലയിക്കുന്നു.

ഹാ! പരമമായ സ്നേഹത്തിന്റെ ഒരു കണികമാത്രമെങ്കിലും ഒരു മനുഷ്യനുണ്ടായിരുന്നുവെങ്കിൽ സകല ലൗകികവസ്തുക്കളും വെറും മിഥ്യയാണെന്നു് അവൻ നിസ്സംശയം ഗ്രഹിക്കുമായിരുന്നു.

❖❖❖❖❖

അദ്ധ്യായം 16

അന്യരുടെ ന്യൂനതകളെ സഹിക്കണമെന്നു്.

1. തന്നിലോ മറ്റുള്ളവരിലോ തനിക്കു നന്നാക്കാൻ സാധിക്കാത്തതു്, ഒരു മനുഷ്യൻ, ഈശ്വരൻ അതിനെ ഭേദപ്പെട്ടുത്തുന്നതുവരെ, ക്ഷമയോടുകൂടി സഹിക്കണം.

നിന്നെ പരീക്ഷിക്കുന്നതിനും ക്ഷമ ശീലിപ്പിക്കുന്നതിനും അപ്രകാരം ചെയ്യുന്നതു് പക്ഷെ കുറെക്കൂടി നല്ലതാണെന്നു് വിചാരിക്കുക; പരീക്ഷയും ക്ഷമാശീലവുമില്ലെങ്കിൽ നമ്മുടെ യോഗ്യതകൾക്കു് വലുതാ

യ വിലയില്ല.

അങ്ങനെയാണെങ്കിലും, അത്തരം പ്രതിബന്ധങ്ങളുണ്ടാകുമ്പോൾ, ഈശ്വരൻ നിന്നെ സഹായിക്കുന്നതിനും അവയെ നല്ലവണ്ണം സഹിക്കുന്നതിനു് നിനക്കു കഴിവുണ്ടാകുന്നതിനും നീ ശ്രുഷ്ക്കാന്തിയോടുകൂടി പ്രാർത്ഥിക്കണം.

2. ആരെങ്കിലും, ഒന്നോ രണ്ടോ പ്രാവശ്യം നീ ഉപദേശിച്ചിട്ടും വഴിപ്പെടുന്നില്ലെങ്കിൽ അവനോടു തർക്കിക്കാൻ പോകരുതു്; എല്ലാം ഈശ്വരങ്കൽ സമർപ്പിക്കുക; അദ്ദേഹത്തിന്റെ ഹിതം നിറവേറട്ടെ. അദ്ദേഹത്തിന്റെ ദാസന്മാരിൽ അദ്ദേഹം ബഹുമാനിക്കപ്പെടട്ടെ. തിന്മയെ നന്മയായി പരിവർത്തനം ചെയ്യുന്നതിനു് അദ്ദേഹത്തിനു് നല്ലവണ്ണം അറിയാം.

മറ്റുള്ളവരുടെ ന്യൂനതകളെയും ബലഹീനതകളെയും, അവ ഏതു തരത്തിലുള്ളവയായിരുന്നാലും, താങ്ങുന്നതിൽ ക്ഷമയുണ്ടായിരിക്കുന്നതിനു് ശ്രമിക്കുക; എന്തുകൊണ്ടെന്നാൽ മറ്റുള്ളവർ സഹിക്കേണ്ട പല സംഗതികളും നിനക്കുമുണ്ടു്.

നിനക്കു് നിന്നെത്തന്നെ നീ ആഗ്രഹിക്കുന്നതുപോലുള്ള ഒരാളാക്കിത്തീർക്കാൻ സാധിക്കുന്നില്ലെങ്കിൽ, മറ്റൊരാളുവൻ നിന്റെ

ഇഷ്ടമനുസരിച്ചുള്ളവനായിരിക്കുമെന്നു" നിനക്കു് എങ്ങനെ പ്രതീക്ഷിക്കാം?

മറുള്ളവർ പരിപൂർണ്ണരായിരിക്കണമെന്നു് നാം വിചാരിക്കുന്നു; എങ്കിലും നമ്മുടെ സ്വന്തം ന്യൂനതകളെ നാം പരിഹരിക്കുന്നില്ല.

3. മറുള്ളവരെ നിർദ്ദാക്ഷിണ്യം തിരുത്തുന്നതിനു് നാം ആഗ്രഹിക്കുന്നു; എന്നാൽ നമ്മെ തിരുത്തുന്നതിനു് നമുക്കു മനസ്സില്ല.

മറുള്ളവരുടെ വലുതായ സ്വാതന്ത്ര്യം നമ്മെ അസന്തുഷ്ടരാക്കുന്നു; എങ്കിലും നാം ആവശ്യപ്പെടുന്നതു് യാതൊന്നും നിഷേധിക്കപ്പെടുന്നതു് നമുക്കു് ഇഷ്ടമല്ല.

മറുള്ളവർ നിയമങ്ങളാൽ ബന്ധിക്കപ്പെടണമെന്നു് നാം ആഗ്രഹിക്കുന്നു; എന്നാൽ നാം യാതൊരുവിധത്തിലും ബന്ധിക്കപ്പെടുന്നതിനു് ഇഷ്ടപ്പെടുന്നില്ല.

അങ്ങനെ, നമ്മുടെ അയൽപക്കക്കാരനെ നമ്മോടുകൂടി ഒരേ ത്രാസിൽ നാം തൂക്കുന്നതു് എത്ര അപൂർവ്വമായിട്ടാണു് എന്നു സ്പഷ്ടമാകുന്നു.

എല്ലാവരും പരിപൂർണ്ണരായിരുന്നുവെങ്കിൽ, ഈശ്വരനുവേണ്ടി മറുള്ളവരിൽനിന്നു് നമുക്കു് കഷ്ടത അനുഭവിക്കുവാൻ എന്തുള്ളു?

4. എന്നാൽ നാം പരസ്പരം ഭാരങ്ങൾ വഹിക്കാൻ പഠിക്കത്തക്കവണ്ണം ഈശ്വരൻ സംഗതികളെ സംവിധാനം ചെയ്തിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ന്യൂനതയില്ലാത്ത മനുഷ്യനില്ല; ഭാരം വഹിക്കേണ്ടാത്ത മനുഷ്യനില്ല; തനിക്കു് താൻമതിയെന്നുള്ള മനുഷ്യനില്ല; തനിക്കു് വേണ്ട ബുദ്ധി തികച്ചുള്ള മനുഷ്യനുമില്ല; എന്നാൽ നാം അന്യോന്യം താങ്ങണം. പരസ്പരം ആശ്വസിപ്പിക്കണം; പരസ്പരം സഹായിക്കയും, പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യണം.

എന്നാൽ ഓരോരുത്തന്റെയും സൗശീല്യം എത്രത്തോളം വലുതാണെന്നു് കഷ്ടപ്പാടുള്ള സന്ദർഭങ്ങളിൽ ഏറ്റവും നല്ലവണ്ണം തെളിയുന്നു; എന്തുകൊണ്ടെന്നാൽ ആ സന്ദർഭങ്ങൾ ഒരു മനുഷ്യനെ ബലഹീനനാക്കുകയല്ല ചെയ്യുന്നതു്, പിന്നെയോ അവൻ ഏതുതരക്കാരനാണെന്നു തെളിയിക്കുന്നു.

❖❖❖❖❖

അദ്ധ്യായം 17

സന്ന്യാസജീവിതം

1. നിനക്കു് മറ്റുള്ളവരുമായി സമാധാനവും രമ്യതയും പരിപാലിക്കണമെന്നുണ്ടെങ്കിൽ ഒട്ടധികം സംഗതികളിൽ നിന്റെ സ്വന്തംഹിതം ത്യജിക്കുന്നതിനു നീ പഠിക്കണം.

ഒരു ആശ്രമത്തിലോ ഒരു ഭക്തസംഘത്തിലോ ജീവിക്കുക എന്നതും, അവിടെ ശാസനാഹ്മാകാതെ ജീവിക്കുക എന്നതും, മരണംവരെ വിശ്വാസപൂർവ്വം ആ ജീവിതത്തിൽ സ്ഥിരമായി നിലനില്ക്കുക എന്നതും നിസ്സാരമായ സംഗതിയല്ല.

അവിടെ യോഗ്യമായി ജീവിക്കുകയും ആനന്ദകരമായി ജീവിതം അവസാനിപ്പിക്കുകയും ചെയ്തിട്ടുള്ളവൻ അനുഗൃഹീതനാകുന്നു.

നിനക്കു് വിഹിതമായ സ്ഥിതിയിൽ വർത്തിക്കുകയും സമ്യക്കായ അഭിവൃദ്ധിയെ പ്രാപിക്കുകയും ചെയ്യണമെന്നുണ്ടെങ്കിൽ നീ സ്വരാജ്യത്തുനിന്നു് ബഹിഷ്കരിക്കപ്പെട്ടവനും ഭൂലോകത്തു് ഒരു വിദേശിയുമാണെന്നു് തന്നത്താൻ പരിഗണിക്കണം.

ധർമ്മപരമായ ഒരു ജീവിതം നയിക്കണമെന്നുണ്ടെങ്കിൽ, ക്രിസ്തുവിനുവേണ്ടി ഒരു മഹായനാക്കപ്പെടുന്നതിൽ നീ സന്തുഷ്ടനായിരിക്കണം.

2. സന്ന്യാസവസ്ത്രവും ശിരോമുണ്ഡനവും അസാരങ്ങളാണു്; പ്രത്യുത, ശീലങ്ങളുടെ പരിവർത്തനവും കാമക്രോധാദികളുടെ പരിപൂർണ്ണമായ ദമനവുമത്രേ ഒരുവനെ ഒരു യഥാർത്ഥ സന്ന്യാസിയാക്കുന്നതു്.

ഈശ്വരനെയും തന്റെ ആത്മാവിന്റെ രക്ഷയെയും മാത്രമല്ലാതെ മറേറതെങ്കിലും സംഗതിയെ ഇവിടെ ആരായുന്നവൻ ഉപദ്രവങ്ങളും ദുഃഖവുമല്ലാതെ മറെറാന്നും കണ്ടെത്തുകയില്ല.

ഏറെറവും ചെറിയവനും എല്ലാവർക്കും വിധേയനുമായിരിക്കുന്നതിനു് ശ്രമിക്കാത്തവൻ ദീർഘകാലം സമാധാനത്തിൽ വർത്തിക്കുകയുമില്ല.

3. നീ സേവിക്കുന്നതിനത്രെ, ഭരിക്കുന്നതിനല്ല, ഇവിടെ വന്നതു്; അലസനും അതിഭോഷിയുമായിരിക്കുന്നതിനല്ല, കഷ്ടപ്പെടുന്നതിനും അദ്ധ്വാനിക്കുന്നതിനുമാണു് നീ വിളിക്കപ്പെട്ടിരിക്കുന്നതു് എന്നു് അറിയുക.

ഇവിടെ മനുഷ്യർ തീച്ചൂളയിൽ സ്വർണ്ണമെന്നതുപോലെ, സംസ്കരിക്കപ്പെടുന്നു.

ഈശ്വരനോടുള്ള സ്നേഹം നിമിത്തം പൂർണ്ണഹൃദയത്തോടുകൂടി തന്നത്താൻ താഴ്ത്താൻ സമ്മതമില്ലെങ്കിൽ ഒരു മനുഷ്യനും ഇവിടെ സ്ഥിരമായി നില്ക്കുകയില്ല.

അദ്ധ്യായം 18

വിശുദ്ധ പിതാക്കന്മാരുടെ ദൃഷ്ടാന്തങ്ങൾ

യഥാർത്ഥമായ പരിപൂർണ്ണതയും ധർമ്മവും ഏറ്റവും പ്രകാശമാനമായി പ്രശോഭിച്ചിരുന്ന വിശുദ്ധ പിതാക്കന്മാരുടെ സജീവ ദൃഷ്ടാന്തങ്ങളെ നോക്കുക; അപ്പോൾ നാം ചെയ്യുന്നതു വളരെ തുച്ഛമാണെന്നും മിക്കവാറും പൂജ്യമാണെന്നും നിനക്ക് കാണാൻ കഴിയും.

കഷ്ടം! അവരുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ ജീവിതം എന്താണു?

സിദ്ധന്മാരും ക്രിസ്തുവിന്റെ സ്നേഹിതന്മാരും വിശപ്പിലും ദാഹത്തിലും, തണുപ്പിലും, നഗ്നതയിലും, അദ്ധ്വാനത്തിലും ക്ഷീണത്തിലും, ജാഗരണത്തിലും ഉപവാസത്തിലും പ്രാർത്ഥനയിലും ധ്യാനത്തിലും, ഒ

ട്ടധികം പീഡനങ്ങളിലും അപരാധാരോപണങ്ങളിലും ഭഗവാനെ സേവിച്ചു.

2. ഹാ! എത്രയധികമായ, എത്ര ക്ലേശഭ്രയിഷ്ഠങ്ങളായ, അരിഷ്ടതകളെ ക്രിസ്തുവിന്റെ കാലടികളെ പിന്തുടരുന്നതിനു സന്നദ്ധരായ ധർമ്മഭൃതന്മാരും, രക്തസാക്ഷികളും, ധർമ്മചാരികളും, കന്യകമാരും, മറെല്ലാവരും തരണംചെയ്തിട്ടുണ്ട്; എന്തുകൊണ്ടെന്നാൽ ഈ ലോകത്തു് തങ്ങളുടെ ജീവനെ, അതിനു് ശാശ്വതത്വം സിദ്ധിക്കുന്നതിനായി, അവർ വെറുത്തു.

ഓ! എത്ര നിഷ്കൃഷ്ടവും നിസ്സ്വാർത്ഥവുമായ ഒരു ജീവിതം. വിശുദ്ധ പിതാക്കന്മാർ മരുഭൂമിയിൽ നയിച്ചു! എത്ര ദീർഘവും ക്ലേശകരവുമായ പ്രലോഭനങ്ങൾ അവർ സഹിച്ചു! എത്രയധികം പ്രാവശ്യം അവർ ശത്രുവിനാൽ ഉപദ്രവിക്കപ്പെട്ടു! അടിക്കടിയുള്ള തീക്ഷ്ണതയേറിയ എന്തുമാത്രം പ്രാർത്ഥനകൾ അവർ ഈശ്വരനു സമർപ്പിച്ചു! എന്തു കർക്കശമായ അനശനതത്വം അവർ അനുഷ്ഠിച്ചു! എത്ര മഹത്തായ വൈരാഗ്യവും തീക്ഷ്ണതയും തങ്ങളുടെ ആത്മീയപുരോഗതിയിൽ അവർക്കുണ്ടായിരുന്നു! എത്ര ശക്തിയേറിയ സമരം ദുഷ്ടനെ ജയിക്കുന്നതിനായി അവർ നടത്തി! എത്ര പരിശു

ദ്ധവും സരളവുമായിരുന്ന ഈശ്വരനെ സംബന്ധിച്ചുള്ള അവരുടെ ഉദ്ദേശ്യം!

അവർ പകൽ മുഴുവനും അദ്ധ്വാനിക്കുകയും രാത്രിയിൽ ദീഘ്ലമായ പ്രാർത്ഥനകളിൽ മുഴുകിയിരിക്കുകയും ചെയ്തു; വേലയിലേർപ്പെട്ടിരുന്ന സമയത്തുപോലും അവർ മാനസികമായ പ്രാർത്ഥനയിൽനിന്നു് വിരമിച്ചില്ല.

3. അവരുടെ സമയം മുഴുവനും അവർ പ്രയോജനകരമായി ചിലവിട്ടു; അവർ ഈശ്വരനുമായി കഴിഞ്ഞുകൂടിയ ഓരോ മണിക്കൂറും അല്പ സമയമായി അവക്കു തോന്നി; ഈശ്വരധ്യാനത്തിന്റെ മഹനീയ മാധുര്യത്താൽ ശരീരപോഷണത്തിന്റെ ആവശ്യകതകൂടി അവർ വിസ്മരിച്ചു.

സകല സ്വത്തുക്കളെയും സ്ഥാനമാനങ്ങളെയും ബഹുമതികളെയും സ്നേഹിതന്മാരെയും ബന്ധുക്കളെയും അവർ പരിത്യജിച്ചു; ഐഹലൗകികമായ യാതൊന്നും ഉണ്ടായിരിക്കുന്നതിനു് അവർ ആഗ്രഹിച്ചില്ല; ജീവിതത്തിനു് ആവശ്യമുള്ള സാധനങ്ങളെ അവർ അപൂർവ്വമായി മാത്രമേ ഉപയോഗിച്ചുള്ളു; ശരീരത്തെ ശുശ്രൂഷിക്കുന്നതു്, ആവശ്യമുള്ളപ്പോൾകൂടിയും അവക്കു ക്ലേശകരമായിരുന്നു.

അതുകൊണ്ട്, ലൗകികവസ്തുക്കളെ സംബന്ധിച്ചിടത്തോളം അവർ ദരിദ്രരായിരുന്നു. എന്നാൽ ഈശ്വരാനുഗ്രഹത്തിലും സൗശീല്യത്തിലും അവർ സമ്പന്നരായിരുന്നു.

ബാഹ്യമായി അവർ ക്ഷാമം അനുഭവിച്ചു; എന്നാൽ ആന്തരമായി അവർ ഈശ്വരന്റെ അനുഗ്രഹത്താലും സമാശ്വാസത്താലും സന്തുഷ്ടരായിരുന്നു.

4. അവർ ലോകത്തിനു് അന്യരായിരുന്നു; എന്നാൽ അവർ ഈശ്വരന്റെ അടുത്തവരും സുപരിചിതരുമായ മിത്രങ്ങളായിരുന്നു.

അവർ നിസ്സാരന്മാരാണെന്നു് അവക്കു് തന്നെത്താൻ തോന്നുകയും ഈ ലോകത്താൽ അവഹേളിക്കപ്പെടുകയും ചെയ്തു; എന്നാൽ ഈശ്വരന്റെ ദൃഷ്ടിയിൽ അവർ വളരെ വിലയുള്ളവരും അദ്ദേഹത്തിന്റെ പ്രിയഭാജനങ്ങളുമായിരിക്കുന്നു.

അവർ യഥാർത്ഥമായ വിനയമുള്ളവരായിരുന്നു; കേവലമായ അനുസരണശീലത്തോടുകൂടി അവർ ജീവിച്ചു: സ്നേഹത്തോടും ക്ഷമയോടുംകൂടി അവർ വർത്തിച്ചു; അതുകൊണ്ടു് അവർ ദിവസംപ്രതി ആത്മീയമായ അഭിവൃദ്ധി പ്രാപിക്കുകയും ഈശ്വരന്റെ വലുതായ അനുകൂല്യം സമ്പാദിക്കുകയും

ചെയ്യു.

അവർ എല്ലാ സന്ന്യാസികൾക്കും അനുകരണയോഗ്യരായി നിർദ്ദേശിക്കപ്പെട്ടു; അതുകൊണ്ടു് ഭക്തിയിൽ മദ്ധ്യോഷ്ണന്മാരായുള്ളവരുടെ സംഖ്യ നമ്മിൽ ഔദാസീന്യം വർദ്ധിപ്പിക്കാൻ എങ്ങനെ പ്രേരകമായിരിക്കുന്നുവോ, അതിനെക്കാൾ കൂടുതലായി ആത്മീയാഭിവൃദ്ധി പ്രാപിക്കുന്നതിനു് അവർ നമുക്കു് പ്രേരകമായിരിക്കേണ്ടതാണു്.

5. ഓ! എല്ലാ സന്ന്യാസികളുടെയും ഭക്തിതീക്ഷ്ണത അവരുടെ പരിശുദ്ധമായ സന്ന്യാസജീവിതത്തിന്റെ ആരംഭത്തിൽ എത്ര മഹത്തായിരുന്നു.

ഓ! പ്രാർത്ഥനയിലുള്ള അവരുടെ താൽപര്യം എത്ര മഹത്തായിരുന്നു! നന്മയ്ക്കായുള്ള അവരുടെ ശുഷ്കാന്തി എത്ര മഹത്തായിരുന്നു!

എത്ര വലുതായ ശിക്ഷണം അവരുടെ ഇടയിൽ നിലവിലിരുന്നു! എത്ര മഹത്തായ ഭക്തിയും അനുസരണവും ഒരു മേലാവിന്റെ ഭരണത്തിൻകീഴിൽ എല്ലാവരിലും പരിലസിച്ചിരുന്നു!

ഇപ്പോഴും അവശേഷിച്ചിരിക്കുന്ന അവരുടെ കാലടികൾ, അവർ ഏറ്റവും ശക്തിപൂർവ്വം സമരം ചെയ്തിട്ടു ലോകത്തെ സപാദ

ങ്ങളുടെ കീഴിട്ട് മെതിച്ചു, യഥാത്മ പരിപൂർണ്ണതയും പരിശുദ്ധിയുമുള്ള, മനുഷ്യരായിരുന്നുവെന്നുള്ളതിന് സാക്ഷ്യം വഹിക്കുന്നു.

ഇപ്പോൾ നിയമലംഘനം ചെയ്യാത്തവനും താൻ ഭരമേറിരിക്കുന്നതിനെ ക്ഷമയോടെ സഹിച്ച് തുടർന്നുകൊണ്ടുപോകുവാൻ കഴിയുന്നവനും മഹാനായി ഗണിക്കപ്പെടുന്നു.

6. നമുക്ക് മുമ്പുണ്ടായിരുന്ന ഭക്തിതീക്ഷ്ണതയിൽനിന്ന് നാം അത്രവേഗം വ്യതിചലിക്കുകയും അലസതയും മന്ദതയും നിമിത്തം ഇപ്പോൾ ജീവിതത്തോടുതന്നെ മുഷിവുതോന്നുകയും ചെയ്യുത്തക്കവണ്ണം നമ്മുടെ സ്ഥിതി, ഹാ! എത്ര മന്ദോഷ്ണവും അലക്ഷ്യവുമായിരിക്കുന്നു!

ഭക്തന്മാരുടെ ഒട്ടധികം ദൃഷ്ടാന്തങ്ങൾ കണ്ടിട്ടുള്ള നിന്നിൽ സൽഗുണങ്ങളുടെ അഭിവൃദ്ധി നിശ്ശേഷം നിലച്ചുപോകാതിരിക്കുന്നതിന് ഈശ്വരൻ അനുഗ്രഹിക്കട്ടെ.

അദ്ധ്യായം 19

ഒരു സന്ന്യാസിയുടെ അനുഷ്ഠാനങ്ങൾ.

ഒരു നല്ല സന്ന്യാസിയുടെ ജീവിതം, അയാൾ ബാഹ്യമായി മനുഷ്യർക്ക് എങ്ങനെ പ്രത്യക്ഷീഭവിച്ചിരിക്കുന്നുവോ അങ്ങനെ ആന്തരമായുമിരിക്കത്തക്കവണ്ണം, സകല സദ്ഗുണസമ്പന്നമായിരിക്കണം.

അയാൾക്ക് പുറമെ കാണപ്പെടുന്നതിൽ വളരെ കൂടുതൽ യോഗ്യത അകമെ ഉണ്ടായിരിക്കണമെന്നുള്ളതിനു മതിയായ കാരണമുണ്ട്; എന്തുകൊണ്ടെന്നാൽ നമ്മെ കാണുന്നതു് ഈശ്വരനാണു്; നാം എവിടെ ആയിരുന്നാലും അദ്ദേഹത്തോടു് അതീവ ഭയഭക്തി പുരസ്സരം വർത്തിക്കുകയും ദൈവഭൃതന്മാരെപ്പോലെ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പരിശുദ്ധരായി ചരിക്കുകയും ചെയ്യണം.

നാം ഓരോ ദിവസവും, അതു നമ്മുടെ ജീവിതപരിവർത്തനത്തിന്റെ പ്രാരംഭദിവസമാണെന്നവണ്ണം, നമ്മുടെ പ്രതിജ്ഞ പുതുക്കുകയും നമ്മിൽ ഭക്തിതീക്ഷ്ണത ജ്വലിപ്പിക്കുകയും, ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യണം.

ഓ ദൈവമെ, എന്റെ സുപ്രതിജ്ഞയുടെ പരിപാലനത്തിലും അങ്ങയുടെ പരിശുദ്ധമായ സേവനത്തിലും എന്നെ സഹായിക്കേണമെ; ഈ ദിവസം ഉത്തമമായി ആരംഭിക്കുന്നതിനു് വേണ്ട അനുഗ്രഹം ഇപ്പോൾ എനിക്കു് തരേണമേ; എന്തുകൊണ്ടെന്നാൽ ഞാൻ ഇതുവരെ ചെയ്തിട്ടുള്ളതു് ശൂന്യമാണു്.

2. നമ്മുടെ നിശ്ചയത്തിന്റെ ദാർഢ്യം അനുസരിച്ചിരിക്കും നമ്മുടെ പുരോഗതി; നന്നായി പുരോഗമനം ചെയ്യണമെന്നുള്ളവനു് അധികമായ ഉത്സാഹം ആവശ്യമാണു്.

നിശ്ചയദാർഢ്യമുള്ളവൻതന്നെ പലപ്പോഴും പരാജയമടയുന്നുവെങ്കിൽ നിശ്ചയരഹിതനോ ദുർബ്ബലനിശ്ചയനോ ആയവന്റെ കഥയെന്തു്?

നമ്മുടെ പ്രതിജ്ഞകളിൽനിന്നുള്ള വ്യതിചലനം പലവിധത്തിൽ സംഭവിക്കുന്നു; നമ്മുടെ അനുഷ്ഠാനങ്ങളിൽ ലഘുവായ ഒരു വീഴ്ചതന്നെയും എന്തെങ്കിലും നഷ്ടത്തിനു് ഇടയാക്കാതിരിക്കുകയില്ല.

നീതിമാന്മാരുടെ പ്രതിജ്ഞകൾ അവരുടെ സ്വന്തം ബുദ്ധിസാമർത്ഥ്യത്തെ എന്നതിനെക്കാൾ ഈശ്വരാനുഗ്രഹത്തെ അവ

ലംബിക്കുന്നു; അവർ എന്തുതന്നെ ആരംഭിച്ചാലും എപ്പോഴും അദ്ദേഹത്തെ ശരണീകരിക്കുന്നു.

എന്തുകൊണ്ടെന്നാൽ മനുഷ്യൻ അഭിപ്രായപ്പെടുന്നു. ഈശ്വരൻ തീരുമാനിക്കുന്നു; മനുഷ്യനു് അവന്റെ മാർഗ്ഗം സ്വാധീനമല്ല.

3. ഭക്തിയെ പുരസ്കരിച്ചോ, നമ്മുടെ സഹോദരന്റെ നന്മയെ ഉദ്ദേശിച്ചോ, നമ്മുടെ പതിവായ അനുഷ്ഠാനങ്ങൾ നാം ചിലപ്പോൾ വിട്ടുകളയുന്നുവെങ്കിൽ, അവയെ പിന്നീടു് നമുക്കു് എളുപ്പം വീണ്ടും നിർവ്വഹിക്കാവുന്നതാണു്.

എന്നാൽ മനസ്സിന്റെ ഉദാസീനതകൊണ്ടോ ഉപേക്ഷകൊണ്ടോ അവയെ നാം അഗണ്യമായി വിട്ടുകളയുകയാണെങ്കിൽ, അതു് ലഘുവായ അപരാധമല്ല; അതു് ദോഷകരമായി പരിണമിക്കും.

നമുക്കു് കഴിവുള്ളതുപോലെ ശ്രമിച്ചാലും ഒട്ടധികം സംഗതികളിൽ നമുക്കു് തോല്വി പറ്റിയേക്കും.

എങ്കിലും ഏതു കാര്യത്തെപ്പറ്റിയും, വിശേഷിച്ചു് നമുക്കു് ഏറ്റവും ബാധകമായിരിക്കുന്ന സംഗതികൾക്കെതിരായി, എപ്പോഴും നമുക്കു് ദൃഢനിശ്ചയമുണ്ടായിരിക്കണം.

നമ്മുടെ അകവും പുറവും നാം നല്ലവണ്ണം പരിശോധിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യണം; എന്തുകൊണ്ടെന്നാൽ രണ്ടും നമ്മുടെ പുരോഗതിക്കു് ഉപകരിക്കുന്നു.

4. നിനക്കു് തുടർച്ചയായി മനസ്സിനെ ഏകാഗ്രമായി വച്ചുകൊള്ളുവാൻ സാധിച്ചില്ലെങ്കിൽ ചിലപ്പോഴെങ്കിലും, ദിവസം ഒരിക്കലെങ്കിലും, കാലത്തോ വൈകിട്ടോ, അപ്രകാരം ചെയ്യുക.

കാലത്തെ നിന്റെ കാര്യപരിപാടി നിശ്ചയിക്കുക; വൈകുന്നേരം നിന്റെ നടത്തയിൽ—വിചാരം, വാക്കു്, പ്രവൃത്തി, ഇവയിൽ—നീ അതു് എങ്ങനെ നിർവഹിച്ചുവെന്നു് പരിശോധിക്കുക; എന്തുകൊണ്ടെന്നാൽ ഇവയിൽ, നീ, പക്ഷേ, പലപ്പോഴും ദൈവത്തിനും നിന്റെ അയൽവാസിക്കും വിരുദ്ധമായി തെറ്റു ചെയ്തിട്ടുണ്ടാവാം.

പിശാചിന്റെ ദുഷ്ടമായ ആക്രമണങ്ങളെ നിരോധിക്കുന്നതിനു് നീ പരുഷത്തോടെ ഒരുങ്ങിക്കൊള്ളുക. നീ നിന്റെ ബുദ്ധിയെ നിയന്ത്രിക്കുമെങ്കിൽ ശാരീരമായ സകല ദുർമ്മോഹങ്ങളേയും നിയന്ത്രിക്കുക നിനക്കു് കുറേക്കൂടി എളുപ്പമായിരിക്കും.

ഒരിക്കലും നിർദ്ദേശം മടിയനായിരിക്കരുതു്; വായിക്കുകയോ, എഴുതുകയോ, പ്രാ

ത്ഥിക്കുകയോ, ധ്യാനിക്കുകയോ, പൊതുന
ന്മയ്ക്കായുള്ള എന്തിനെങ്കിലും അദ്ധ്വാനിക്കു
കയോ ചെയ്തുകൊണ്ടിരിക്കുക.

എന്നാൽ ശാരീരമായ വ്യായാമങ്ങളിൽ
വിവേകമുപയോഗിക്കണം; അവ എല്ലാവ
രാലും ഒന്നുപോലെ അനുഷ്ഠിക്കപ്പെടേണ്ട
തല്ല.

5. പൊതുവായിട്ടുള്ളതല്ലാത്ത കാര്യങ്ങ
ളും പരസ്യമായി ചെയ്യപ്പെടേണ്ടതല്ല; എ
ന്തുകൊണ്ടെന്നാൽ ഒരു വ്യക്തിക്കു് പ്രത്യേക
മായ കാര്യങ്ങളും രഹസ്യമായി ചെയ്യപ്പെ
ടുന്നതു് കൂടുതൽ ഉചിതമാണു്.

പക്ഷെ പൊതുവായ അനുഷ്ഠാനങ്ങളിൽ
ഉദാസീനനായിരിക്കുകയും നിനക്കു് പ്രത്യേ
കമായിട്ടുള്ളവയിൽ കൂടുതൽ ഉത്സാഹം
പ്രദർശിപ്പിക്കുകയും ചെയ്യാതിരിക്കുന്നതിനു്
നീ സൂക്ഷിക്കുക; എന്നാൽ ചെയ്യുന്നതിനു്
നീ നിർബന്ധിതനായിരിക്കുന്നതും നിന്നോ
ടു് ആജ്ഞാപിക്കപ്പെട്ടിട്ടുള്ളതുമായവയെ
പൂർണ്ണമായും വിശ്വസ്തതയോടും ചെയ്തശേ
ഷം, നിനക്കു് സമയമുണ്ടെങ്കിൽ നിന്റെ
ഭക്തിയുടെ ഗതിയനുസരിച്ചു് നീന്റെ പ്ര
ത്യേകമായ അനുഷ്ഠാനങ്ങളെ നിവ്വഹിക്കുക.

എല്ലാവർക്കും ഒരേ അനുഷ്ഠാനം വിഹിത
മായിരിക്കുകയില്ല; ഒന്നു് ഒരുവനും മറെറാ

ന്നു് അപരനും കൂടുതൽ സാഹായ്യകരമായിരിക്കും.

ഇതിനുംപുറമെ വിവിധങ്ങളായ സന്ദർഭങ്ങൾക്കു് അനുരൂപമായി വിവിധങ്ങളായ അനുഷ്ഠാനങ്ങൾ ഹൃദ്യമായിരിക്കും; എന്തുകൊണ്ടെന്നാൽ ചില അനുഷ്ഠാനങ്ങൾ തിരുനാളുകളിലും മറ്റുള്ളവ സാധാരണദിവസങ്ങളിലും കൂടുതൽ ആസ്വദനീയങ്ങളാണു്. പ്രലോഭനസമയത്തു് ഒരുതരം അനുഷ്ഠാനങ്ങളും സമാധാനവും വിശ്രമവും അനുഭവിക്കുന്ന സമയത്തു മറ്റൊരുതരവും നമുക്കു് ആവശ്യമാണു്.

ചിലതിനെപ്പറ്റി നാം വ്യാകുലചിത്തരായിരിക്കുമ്പോഴും മറ്റുള്ളവയെപ്പറ്റി നാം ദിവ്യാനന്ദനിമഗ്നരായിരിക്കുമ്പോഴും, നാം ഉചിതമായി ചിന്തിക്കുന്നു.

6. പ്രധാനമായ തിരുനാളുകളിൽ നമ്മുടെ നല്ല അനുഷ്ഠാനങ്ങളെ നാം പുതുക്കുകയും സിദ്ധന്മാരുടെ പ്രാർത്ഥനകൾക്കായി കൂടുതൽ തൃഷ്ണാന്തിയോടെ അഭ്യർത്ഥിക്കുകയും ചെയ്യണം.

നാം ഈ ലോകം വിട്ടിട്ടു് അനന്തമായ ഉത്സവത്തിലേക്കു് കടക്കാൻ പോകുന്നതുപോലെ, നാം നമ്മുടെ നിശ്ചയത്തെ ഒരു തിരുനാൾ മുതൽ മറ്റൊരു തിരുനാൾവരെ

ശ്രുപവത്കരിക്കണം.

അതുകൊണ്ട്, നമ്മുടെ പ്രയത്നങ്ങൾക്കായുള്ള സമ്മാനം ഈശ്വരനിൽനിന്നു നാം താമസിയാതെ വാങ്ങാൻ പോകുന്നുവെന്നു് സങ്കല്പിച്ചിട്ടു, ഭക്തൃനുഷ്ഠാനസന്ദർഭങ്ങളിൽ നാം സശ്രദ്ധം സ്വയംസജ്ജീകൃതരാവുകയും, കൂടുതൽ ഭക്തിയോടുകൂടി ജീവിക്കുകയും എല്ലാ അനുഷ്ഠാനങ്ങളെയും കൂടുതൽ നിഷ്ഠയോടെ പാലിക്കുകയും ചെയ്യണം.

7. പിന്നത്തേക്കു് മാറ്റിവയ്ക്കുകയാണെങ്കിൽ, നാം നല്ലപോലെ തയാറായിട്ടില്ലെന്നും, നിശ്ചിതസമയത്തു് നമ്മളിൽ പ്രകാശിപ്പിക്കപ്പെടാനിരിക്കുന്ന ആ മഹാ മഹിമയ്ക്കു നാം ഇനിയും അയോഗ്യരാണെന്നും നമുക്കു് വിശ്വസിക്കാം; അതുകൊണ്ടു് നമ്മുടെ വേർപാടിനായി കൂടുതൽ നല്ലവണ്ണം തയാറാകുന്നതിനു നമുക്കു് ശ്രമിക്കാം.

"തന്റെ യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നതായി കാണപ്പെടുന്ന ആ ഭൃത്യൻ അനുഗ്രഹീതനാകുന്നു; അദ്ദേഹം തന്റെ സകല വസ്തുവകകളെയും അവനെ ഭരമേല്പിക്കുന്നു എന്നു് സത്യമായി ഞാൻ നിങ്ങളോടു് പറയുന്നു" എന്നു് ക്രിസ്തു പറഞ്ഞിട്ടുള്ളതു് സുവിശേഷകാരനായ ലൂക്കോസ്സു് ഉദ്ധരിക്കുന്നു.

അദ്ധ്യായം 20

ഏകാന്തതയോടും നിശ്ശബ്ദതയോടുമുള്ള പ്രതിപത്തി

ആത്മനിരീക്ഷണം ചെയ്യുന്നതിനു് സമുചിതമായ ഒരു സമയം തിരയുകയും ഈശ്വരന്റെ അനുഗ്രഹങ്ങളെപ്പറ്റി മുറക്കു് ചിന്തിക്കുകയും ചെയ്യുക.

കൗതുകകരങ്ങളായ കാര്യങ്ങളെ വർജ്ജിക്കുക.

നിനക്കു് മനോവ്യാപാരം നലു്കും എന്നതിനേക്കാൾ നിന്നിൽ പശ്ചാത്താപം ഉളവാക്കും എന്നുള്ള സംഗതികൾ വായിക്കുക.

അതിഭാഷണത്തിൽനിന്നും അലസ സന്ദർശനങ്ങിൽനിന്നും, നിശ്ലേഷങ്ങളും കിംവദന്തികളും ചെവിക്കൊള്ളുന്നതിൽനിന്നും, നീ പിന്തിരിയുമെങ്കിൽ, സന്ദിഷ്ടായകമായ ധ്യാനങ്ങളിൽ വ്യാപരിക്കുന്നതിനു് വേണ്ടുവോളം ഉചിതമായ സന്ദർഭങ്ങൾ നിനക്കു് സുലഭമായിരിക്കും.

ഏറ്റവും മഹാന്മാരായ സിദ്ധന്മാർ മനുഷ്യരുടെ സഹവാസം തങ്ങൾക്കു് കഴിവുള്ളിടത്തോളം ഉപേക്ഷിക്കുകയും ഈശ്വരനോടുകൂടി നിഗ്രൂഢമായി ജീവിക്കുന്നതിനു്

ഇഷ്ടപ്പെടുകയും ചെയ്യുന്നു.

2. 'ഞാൻ മനുഷ്യരുടെ ഇടയിൽ കഴിഞ്ഞുകൂടിയിട്ടുള്ളപ്പോഴൊക്കെ മനുഷ്യത്വം കുറെക്കൂടി കുറഞ്ഞവനായിട്ടത്രെ മടങ്ങിപ്പോന്നിട്ടുള്ളതു്,' എന്നു് സെനേക്കാ പറഞ്ഞിട്ടുണ്ടു്. ദീഘ്സംഭാഷണം ചെയ്യുമ്പോൾ നമുക്കു് ഇതു് പലപ്പോഴും അനുഭവപ്പെടുന്നു.

നിശ്ശേഷം നിശ്ശബ്ദമായിരിക്കുന്നതു് വാക്കുകൾ ക്രമാതീതമായിപ്പോകാതെ സൂക്ഷിക്കുന്നതിനേക്കാൾ എളുപ്പമത്രെ.

വീട്ടിൽ അടങ്ങിയൊതുങ്ങിയിരിക്കുന്നതു് പുറത്തുപോയി അപകടമുണ്ടാകാതെ വേണ്ടുംവണ്ണം സൂക്ഷിക്കുന്നതിനേക്കാൾ എളുപ്പമത്രെ.

അതുകൊണ്ടു്, ആന്തരവും ആത്മീയവുമായ കാര്യങ്ങളെ സാധിക്കുന്നതിനു് ഉദ്ദേശിക്കുന്ന ഏവനും ഏഴുവിനോടുകൂടി പുരുഷാരത്തിൽനിന്നു് പിന്മാറിപ്പോകണം.

വീട്ടിൽ അപ്രസിദ്ധനായി ജീവിക്കുന്നതിനു് ഇഷ്ടമില്ലാത്ത മനുഷ്യനു് അപകടം കൂടാതെ പുറമെ പ്രത്യക്ഷപ്പെടാൻ സാധിക്കുകയില്ല.

നിശ്ശബ്ദനായിരിക്കുന്നതിനു് ഇഷ്ടമില്ലാ

ത്ത ഒരു മനുഷ്യനു് അപകടം കൂടാതെ സംസാരിക്കാൻ സാധിക്കുകയില്ല.

കീഴ്പ്പെട്ടിരിക്കുന്നതിനു് മനസ്സില്ലാത്ത ഒരു മനുഷ്യനു് അപകടംകൂടാതെ മേലാവായിരിക്കുവാൻ സാധിക്കുകയില്ല.

അനുസരിക്കുന്നതിനു് നല്ലവണ്ണം പഠിച്ചിട്ടില്ലാത്ത ഒരു മനുഷ്യനു് അപകടം കൂടാതെ ഭരിക്കാൻ സാധിക്കുകയില്ല.

3. ഒരു നല്ല അന്തഃകരണത്തിന്റെ സാക്ഷ്യം ഉള്ളിൽ ഇല്ലാത്ത ഒരു മനുഷ്യനു് നിർഭയമായി ആനന്ദിക്കാൻ സാധിക്കുകയില്ല.

എങ്കിലും നിർഭയമായ അവസ്ഥയെ പ്രാപിച്ചു് സിദ്ധന്മാർ എല്ലായ്പ്പോഴും ഈശ്വരഭയം നിറഞ്ഞവരായിരുന്നു.

അവർ മഹനീയഗുണങ്ങളാലും ദിവ്യാനുഗ്രഹങ്ങളാലും പരിശോഭിതരായിരുന്നു എങ്കിലും അവരുടെ വിനയവും ശ്രദ്ധയും ഒട്ടും കുറഞ്ഞുപോയിരുന്നില്ല.

എന്നാൽ ദുഷ്ടന്മാരുടെ അപകടരാഹിത്യബോധം അഹങ്കാരത്തിലും ഔദ്ധത്യത്തിലും നിന്നു് ഉത്ഭവിക്കുന്നു; അതു് അവരുടെ ആത്മവഞ്ചനയിൽ പര്യവസാനിക്കും.

നീ ഒരു നല്ല സന്ന്യാസിയോ ഭക്തനായ വാനപ്രസ്ഥനോ ആയി പ്രത്യക്ഷീഭവി

ച്ചാലും ഈ ജീവിതത്തിൽ അപകടരഹിതമായ അവസ്ഥയെ പ്രാപിച്ചുവെന്നു് നീ താനെ നിശ്ചയിച്ചുകളയരുതു്.

4. പലപ്പോഴും മനുഷ്യരുടെ അഭിപ്രായത്തിൽ ശിഷ്ടരായിരുന്നവർ തങ്ങളുടെ അമിതമായ ആത്മവിശ്വാസം നിമിത്തം ഗുരുതരമായ ആപത്തിനു് വശഗരായിരുന്നിട്ടുണ്ടു്.

അതുകൊണ്ടു് തങ്ങൾ അപകടരഹിതരാണെന്നു് ഭ്രമിച്ചുപോകാതിരിക്കുന്നതിനായി പ്രലോഭനങ്ങളിൽനിന്നു് നിർല്ലേഷം ഒഴിഞ്ഞിരിക്കാതെ മുറയ്ക്കു പിശാചനാൽ ആക്രമിക്കപ്പെടുന്നതു് അധികംപേക്കും നല്ലതാണു്! അവർ അഹങ്കാരത്താൽ ഉദ്ധതരാകാതിരിക്കുന്നതിനാകട്ടെ, ബാഹ്യസുഖങ്ങളെ ആരാഞ്ഞു നിർബ്ബാധം സഞ്ചരിച്ചു വഴിതെറ്റിപ്പോകാതിരിക്കുന്നതിനാകട്ടെ അതു്, പക്ഷെ, ആവശ്യമാണു്.

ഓ! ക്ഷണഭംഗുരമായ സന്തോഷത്തെ ഒരിക്കലും തേടാതിരിക്കുകയോ ലോകവുമായി ബദ്ധപ്പാടില്ലാതിരിക്കുകയോ ചെയ്യുന്ന ആ മനുഷ്യൻ എത്ര നല്ല ഒരു മനസ്സാക്ഷിയെ പരിപാലിക്കുന്നു!

ഓ! എല്ലാ മിഥ്യയായ അഭിവാഞ്ഛകളെയും പരിത്യജിക്കുകയും, രക്ഷാകരവും

ദൈവികവുമായ കാര്യങ്ങളെക്കുറിച്ചുമാത്രം ചിന്തിക്കുകയും, തന്റെ പ്രത്യാശയെ മുഴുവനും ഈശ്വരങ്കൽ നിക്ഷേപിക്കുകയും ചെയ്യുന്നവൻ എത്ര മഹത്തായ സമാധാനവും സ്വസ്ഥതയും അനുഭവിക്കുന്നു!

5. പരിശുദ്ധമായ പശ്ചാത്താപം ഉത്സാഹപൂർവ്വം പരിശീലിച്ചിട്ടുണ്ടെങ്കിൽ ഒരു മനുഷ്യനും സ്വർഗ്ഗീയമായ ആശ്വാസത്തിനു" അർഹനല്ല.

നിന്റെ ഹൃദയത്തിൽ പശ്ചാത്താപമുണ്ടാകണമെന്നു് നീ ആഗ്രഹിക്കുന്നുവെങ്കിൽ, 'നിങ്ങളുടെ കിടക്കയിൽ പശ്ചാത്തപിച്ചു കൊള്ളുവിൻ.' (സങ്കീർത്തനം IV. 5) എന്നു് എഴുതപ്പെട്ടിരിക്കുന്നതനുസരിച്ചു്, നിന്റെ മുറിക്കുള്ളിൽ പ്രവേശിച്ചു് ലോകത്തിന്റെ ബഹളത്തെ പുറത്താക്കുക.

പുറമെ നിനക്കു് പലപ്പോഴും നഷ്ടമായിപ്പോകുന്നതു് നിന്റെ മുറിക്കുള്ളിൽ നീ കണ്ടെത്തും.

നിന്റെ മുറിയിൽ നീ തുടർച്ചയായി വസിക്കുമെങ്കിൽ, അതു് നിനക്കു് മാധുര്യപ്രദമായി പരിണമിക്കും; എന്നാൽ നീ അതിൽനിന്നു് അകന്നു മാറുന്നുവെങ്കിൽ അതു് നിനക്കു് അരുചികരമായിത്തീരുന്നു.

നിന്റെ ജീവിതപരിവർത്തനത്തിന്റെ

ആരംഭത്തിൽ നീ നിന്റെ മുറിയിൽ ഇരുന്നു ശീലിക്കുകയും അതിനെ നല്ലപോലെ സൂക്ഷിക്കുകയും ചെയ്യുന്നുവെങ്കിൽ, പിന്നീട് അതു് നിനക്കു് പ്രിയങ്കരമായ ഒരു സ്നേഹിതനും ഏറ്റവും ഹൃദ്യമായ ആഹ്ലാദത്തിനു് നിദാനവുമായി ഭവിക്കും.

6. ഭക്തിയുള്ള ആത്മാവു് നിശ്ശബ്ദതയിലും ശാന്തതയിലും പുരോഗമനം ചെയ്യുകയും വേദഗ്രന്ഥങ്ങളിലെ രഹസ്യങ്ങളെ പഠിക്കുകയും ചെയ്യുന്നു.

അവിടെ ആ ആത്മാവു് രാത്രിതോറും തന്നെ കഴുകി ശുദ്ധമാക്കുന്നതിനായുള്ള അശ്രുപ്രവാഹത്തെ കണ്ടെത്തുന്നു; തന്റെ സ്രഷ്ടാവുമായി കൂടുതൽ പരിചയം സമ്പാദിക്കുന്നതിനായി ലോകബഹളത്തിൽനിന്നു കൂടുതൽ അകന്നു് ആത്മാവു് ജീവിക്കുന്നു.

എന്തുകൊണ്ടെന്നാൽ പരിചയക്കാരിൽനിന്നും സ്നേഹിതന്മാരിൽനിന്നും പിന്മാറിയിരിക്കുന്നവനെ ഈശ്വരൻ തന്റെ പരിശുദ്ധരായ മാലാഖമാരോടുകൂടി സമീപിക്കുന്നു.

അപ്രസിദ്ധനായിരുന്നു് ആത്മകാര്യത്തെ പുററി ശുദ്ധിക്കുന്നതു് ആത്മകാര്യത്തെ അവഗണിച്ചിട്ടു് അത്ഭുതങ്ങൾതന്നെയും പ്രവർത്തിക്കുന്നതിനേക്കാൾ നല്ലതാണു്.

പുറമെ അധികം സഞ്ചരിക്കാത്തതും അന്യരാൽ കാണപ്പെടുന്നതിനും അന്യരെ കാണുന്നതിനും ആഗ്രഹിക്കാത്തതും ഒരു സന്ന്യാസിയെ സംബന്ധിച്ചിടത്തോളം ശ്ലാഘനീയമാണു്.

7. നിനക്കു് അനുവദിക്കപ്പെട്ടിട്ടില്ലാത്തതു് നീ എന്തിനു് കാണുന്നു; ലോകവും അതിന്റെ കാമക്രോധാദികളും ക്ഷണികമാണു്. (ജോൺ ii. 17)

ശാരീരമായ ആശകൾ നിന്നെ പുറത്തേക്കു് ആകർഷിക്കുന്നു; എന്നാൽ ആ സമയം കഴിയുമ്പോൾ, നിന്റെ മനസ്സാക്ഷിക്കു് ഒരു ഭാരവും ഹൃദയത്തിനു് വ്യാകുലതയുമല്ലാതെ മറെറന്താണു് നീ തിരിയെ കൊണ്ടുവരുന്നതു്?

പുറത്തേക്കുള്ള ആഹ്ലാദഭരിതമായ പ്രയാണം പലപ്പോഴും ദുഃഖഭരിതമായ പ്രതിയാനത്തിനു് ഇടയാകുന്നു; ഉല്ലാസഭരിതമായ സായാഹ്നം വ്യസനപൂർവ്വമായ അപരാഹ്നത്തിനു് ഹേതുഭൂതമാകുന്നു.

അങ്ങനെ ശാരീരമായ സന്തോഷമെല്ലാം പ്രിയങ്കരമായി രംഗപ്രവേശം ചെയ്യുന്നു; എന്നാൽ ഒടുവിൽ അതു വ്യഥയേയും മരണത്തേയും ഉളവാക്കുന്നു.

നീ ഇവിടെ കാണാത്തതു് എന്തെങ്കിലും

നിനക്കു് മറെറവിടെയെങ്കിലും കാണാൻ കഴിയുമോ? ആകാശത്തെയും ഭൂമിയെയും എല്ലാ ഭൂതങ്ങളെയും കാണുക; എല്ലാ വസ്തുക്കളും ഇവയെക്കൊണ്ടു നിർമ്മിക്കപ്പെട്ടിരിക്കുന്നു.

8. സൂര്യന്റെ കീഴു് ദീർഘകാലം വർത്തിക്കുന്ന എന്തിനെയെങ്കിലും നിനക്കു് ഏവിടെയെങ്കിലും കാണാൻ കഴിയുമോ?

നീ, പക്ഷെ, സംതൃപ്തനാണെന്നു് വിചാരിക്കുന്നു; എന്നാൽ ആ സ്ഥിതി നിനക്കു് പ്രാപിക്കാവുന്നതല്ല.

എല്ലാ വസ്തുക്കളും ഒരേസമയത്തു് നിന്റെ മുമ്പിൽ നിനക്കു് കാണാൻ കഴിഞ്ഞാലും അതു് മിഥ്യയായ കാഴ്ചയല്ലാതെ മറെറന്താണു്?

ഉന്നതനായ ഈശ്വരങ്കലേക്കു് നിന്റെ നയനങ്ങളെ ഉയർത്തി നിന്റെ പാപങ്ങൾക്കും വീഴ്ചകൾക്കുംവേണ്ടി പ്രാർത്ഥിക്കുക.

വ്യർത്ഥങ്ങളായ വസ്തുക്കളെ മൂഢന്മാക്കായി വിട്ടേക്കുക; എന്നാൽ, ഈശ്വരൻ നിന്നോടു ആജ്ഞാപിച്ചിട്ടുള്ള കാര്യങ്ങളെ നീ ശ്രദ്ധിക്കുക.

നീ മുറിയുടെ അകത്തു് കയറി വാതിലടച്ചിട്ടു് നിന്റെ പ്രേമഭാജനമായ യേശുവിനെ നിന്റെ അടുക്കലേക്കു് വിളിക്കുക.

അദ്ദേഹത്തോടുകൂടി നിന്റെ മുറിയിൽ താമസിക്കുക; എന്തുകൊണ്ടെന്നാൽ അത്ര വലുതായ സമാധാനം മറ്റെവിടെയും നീ കാണുകയില്ല.

നീ പുറമെ സഞ്ചരിക്കുകയും കിംവദന്തികൾ ശ്രദ്ധിച്ചു കേൾക്കുകയും ചെയ്തില്ലായിരുന്നുവെങ്കിൽ നീ കുറേക്കൂടി നല്ലപോലെ സമാധാനത്തിൽ വർത്തിക്കുമായിരുന്നു. എന്നാൽ നീ ചിലപ്പോൾ വാർത്തകൾ കേൾക്കുന്നതിനു് സന്തോഷമുള്ളവനാകയാൽ അതുമൂലം ഹൃദയശല്യം അനുഭവിക്കേണ്ടിയിരിക്കുന്നു.

❖❖❖❖❖❖

അദ്ധ്യായം 21

വിശ്വാത്താപചാരവശ്യം

നിനക്കു് അഭിവൃദ്ധിയുണ്ടാകണമെങ്കിൽ ഈശ്വരഭയത്തോടുകൂടി വർത്തിക്കുക; നിന്റെ സ്വാതന്ത്ര്യം അതിരുകവിഞ്ഞുപോകരുതു്; നിന്റെ എല്ലാ ഇന്ദ്രിയങ്ങളെയും ശിക്ഷണാധീനമാക്കി നിയന്ത്രിക്കുകയും അനുചിതമായ ഉല്ലാസത്തിൽ ലയിച്ചുപോ

കാതിരിക്കുകയും ചെയ്യുക.

നിന്റെ ഹൃദയം പശ്ചാത്താപത്താൽ പരവശമാകട്ടെ; എന്നാൽ നിനക്കു് ഭക്തിയുണ്ടാകും.

പശ്ചാത്താപപരവശത ഒട്ടധികം നന്മയ്ക്കു് വഴിതെളിക്കുന്നു; അതിനെ ദുർവൃത്തിവേഗത്തിൽ നശിപ്പിക്കുന്നു.

തന്റെ പ്രവാസത്തിന്റെയും ആത്മാവിന്റെ ബഹുലങ്ങളായ ആപത്തുകളുടെയും ഗൗരവം അറിയുകയും അവയെപ്പറ്റി ചിന്തിക്കുകയും ചെയ്യുന്ന ഏതൊരു മനുഷ്യനും ഈ ജീവിതത്തിൽ ഹൃദയപൂർവ്വം ആഹ്ലാദിക്കാൻ കഴിയുമെന്നുള്ളതു് അത്ഭുതകരമായിരിക്കുന്നു.

2. ഹൃദയചാപല്യവും നമ്മുടെ ന്യൂനതകളെപ്പറ്റിയുള്ള ചിന്താന്ധന്യതയും നിമിത്തം നമ്മുടെ ആത്മാവിന്റെ വ്യഥകളെ നാം അറിയുന്നില്ല, പ്രത്യുത, നാം യഥാർത്ഥമായി കരയേണ്ട സന്ദർഭങ്ങളിൽ പലപ്പോഴും കഥയില്ലാതെ ചിരിക്കുന്നു.

നല്ല മനസ്സാക്ഷിയോടുകൂടിയ ഈശ്വരഭയത്തിലല്ലാതെ മറെറാന്നിലും യഥാർത്ഥമായ സ്വാതന്ത്ര്യമാകട്ടെ, സന്തോഷമാകട്ടെ സ്ഥിതിചെയ്യുന്നില്ല.

വികടവിചാരങ്ങൾ മൂലമുണ്ടാകുന്ന പ്ര

തിബന്ധങ്ങളെയെല്ലാം തട്ടി ദൂരെയെറിഞ്ഞിട്ട പരിശുദ്ധമായ പശ്ചാത്താപത്തിൽ നിന്നു് ജന്യമായ സായൂജ്യത്തെ പ്രാപിക്കുന്നതിനു് കഴിയുന്നവൻ സൗഭാഗ്യവാനാകുന്നു.

തന്റെ മനസ്സാക്ഷിക്കു് ഭാരമാകുകയോ അതിനെ മലിനപ്പെടുത്തുകയോ ചെയ്യുന്ന സകലത്തിനെയും സംവർജ്ജിക്കുന്നവൻ സൗഭാഗ്യവാനാകുന്നു.

പുരുഷത്തോടുകൂടി സമരം ചെയ്യുക; ഒരു ശീലംകൊണ്ടു മറ്റൊരു ശീലത്തെ ജയിക്കാം. നിനക്കു് മനുഷ്യരിൽനിന്നു് ഒഴിഞ്ഞുമാറുവാൻ കഴിയുമെങ്കിൽ, നിനക്കു് ചെയ്യാനുള്ളതു് ചെയ്യുന്നതിനു അവർ നിന്നെ വിട്ടേയ്ക്കും.

3. മറ്റുള്ളവരുടെ കാര്യങ്ങളിൽ നീ വ്യാപൃതനാകുകയോ വലിയവരുടെ ഏടുപ്പാടുകളിൽ അകപ്പെട്ടു് ബദ്ധപ്പെടുകയോ ചെയ്യരുതു്.

ഒന്നാമതായി നിന്റെ ദൃഷ്ടി നിന്നിൽത്തന്നെ എല്ലായ്പോഴും പതിയട്ടെ; നിന്റെ ഏറ്റവും പ്രിയപ്പെട്ട സ്നേഹിതന്മാരെ ഉപദേശിക്കുക എന്നതിനേക്കാൾ നിന്നെത്തന്നെ ഉപദേശിക്കുന്നതിനു് പ്രത്യേകം ശ്രദ്ധിക്കുക.

നിനക്കു് മനുഷ്യരുടെ ആനുകൂല്യം ഇല്ലെങ്കിൽ അതുകൊണ്ടു് നീ ഖേദിക്കരുതു്. പ്രത്യുത, ഈശ്വരന്റെ ഒരു ഉപാസകനും ഭക്തനായ ഒരു സന്ന്യാസിക്കും അനുരൂപമായ വിധത്തിൽ സമുചിതമായും വിവേകത്തോടും നീ നടക്കുന്നില്ലെന്നുള്ളതു് നിനക്കു് അസ്വാസ്ഥ്യത്തിനു് കാരണമായിരിക്കട്ടെ.

ഈ ജീവിതത്തിൽ ഒരു മനുഷ്യനു് ഒട്ടധികം സുഖങ്ങൾ – വിശേഷിച്ചു് ശാരീരസുഖങ്ങൾ – ഉണ്ടാകാതിരിക്കുന്നതു് പലപ്പോഴും കൂടുതൽ ഗുണകരവും രക്ഷാകരവുമാണു്.

എങ്കിലും ദിവ്യമായ ആശ്വാസം നമുക്കു് ഉണ്ടാകുന്നില്ലെന്നുള്ളതു, അഥവാ അതു നാം അപൂർവ്വമായിമാത്രം അനുഭവിക്കുകയെന്നുള്ളതു് നമ്മുടെ സ്വന്തം കുറവാണു്; എന്തുകൊണ്ടെന്നാൽ നാം പശ്ചാത്താപം തേടുകയാകട്ടെ, വ്യർത്ഥവും ബാഹ്യവുമായ സംതൃപ്തിയെ നിശ്ശേഷം വർജ്ജിക്കുകയാകട്ടെ ചെയ്യുന്നില്ല.

4. ദിവ്യമായ സമാശ്വാസത്തിനു് നീ അയോഗ്യനാണെന്നും, പ്രത്യുത അധികം കഷ്ടാനുഭവത്തിനു് നീ അർഹനാണെന്നും സമ്മതിക്കുക.

ഒരു മനുഷ്യനു് പരിപൂർണ്ണമായ പശ്ചാ

ത്താപം ഉള്ളപ്പോൾ ലോകം മുഴുവനും അവനു് ദുഃഖവും തിക്തവുമാണു്.

ഒരു നല്ല മനുഷ്യൻ എപ്പോഴും ദുഃഖിക്കുന്നതിനും കരയുന്നതിനും വേണ്ടുവോളം കാരണം കാണുന്നു.

എന്തുകൊണ്ടെന്നാൽ അവൻ ആത്മനിരൂപണം ചെയ്യുകയോ തന്റെ അയൽക്കാരനെപ്പറ്റി ചിന്തിക്കുകയോ ചെയ്യുന്നുവെങ്കിൽ ഒരു മനുഷ്യനും ഇഹത്തിൽ കഷ്ടപ്പാടുകൂടാതെ ജീവിക്കുന്നില്ലെന്നു് അവൻ മനസ്സിലാക്കുന്നു; അവൻ എത്രത്തോളം കൂലംകഷമായി ആത്മനിരൂപണം ചെയ്യുന്നുവോ അത്രത്തോളം അവൻ വ്യസനാക്രാന്തനാകുന്നു.

സ്വകീയമായ കാര്യങ്ങളെപ്പറ്റി ധ്യാനിക്കുന്നതിനു് നമുക്കു് മിക്കവാറും സാധിക്കാത്തവണ്ണം നമ്മെ ഗ്രസിച്ചിരിക്കുന്ന നമ്മുടെ ദുർഗ്രണങ്ങളും പാപങ്ങളുമാണു് ശരിയായ വ്യസനത്തിനും ആന്തരമായ പശ്ചാത്താപത്തിനും വിഷയങ്ങളായിട്ടുള്ളതു്.

5. ഒരു ദീർഘമായ ജീവിതത്തെപ്പറ്റിയെന്നതിനെക്കാൾ കൂടുതലായി നിന്റെ മരണത്തെപ്പറ്റി നീ ചിന്തിക്കുകയാണെങ്കിൽ നീ കൂടുതൽ ശ്രേഷ്ഠാന്തിയോടെ നിന്റെ ജീവിതത്തെ പരിഷ്കരിക്കും.

നരകത്തും ശുദ്ധീവരണസ്ഥലത്തുമുള്ള ഭാവിബന്ധനങ്ങളെപ്പറ്റി നിന്റെ ഹൃദയത്തിൽ നീ ഗൗരവമായി ചിന്തിക്കുകയാണെങ്കിൽ, അജ്ഞാനവും വേദനയും നീ സന്തോഷപൂർവ്വം സഹിക്കുകയും എന്തുമാതിരി കാഠിന്യത്തെയും ഭയപ്പെടാതിരിക്കുകയും ചെയ്യുമെന്നു് ഞാൻ വിശ്വസിക്കുന്നു.

എന്നാൽ ഈ സംഗതികൾ ഹൃദയത്തിൽ പതിയാത്തതുകൊണ്ടും നമ്മെ പ്രീണിപ്പിക്കുന്ന സംഗതികളെ ഇപ്പോഴും സ്നേഹിക്കുന്നതുകൊണ്ടും നാം ഉദാസീനരായും മന്ദരായുംതന്നെ വർത്തിക്കുന്നു.

6. പലപ്പോഴും ആത്മീയ ചൈതന്യത്തിന്റെ അഭാവമാണു് ദുർഗ്ഗമായ ശരീരത്തെ അത്ര എളുപ്പത്തിൽ സങ്കടവശഗമാക്കുന്നതു്.

അതുകൊണ്ടു് നമ്മുടെ രക്ഷനാഥനോടു് പശ്ചാത്താപമുള്ള മനഃസ്ഥിതിയെ നിനക്കു് പ്രദാനംചെയ്യുന്നതിനായി വിനയപൂർവ്വം പ്രാർത്ഥിക്കുക; 'ഓ ഭഗവാനെ, കണ്ണുനീരാകുന്ന ആഹാരംകൊണ്ടു് എന്നെ പോഷിപ്പിക്കുകയും ധാരാളമായി കണ്ണുനീർ കുടിക്കുന്നതിനു് എന്നെ അനുവദിക്കുകയും ചെയ്യണമെ', എന്നു് ദീർഘദർശിയോടൊപ്പം പറയുക.

(സങ്കീ. 1 XXIX. 6.)

അദ്ധ്യായം 22

മനുഷ്യന്റെ ഭൗർഭാഗ്യം

നീ എവിടെയൊക്കെ ആയിരുന്നാലും ഏതു വഴിക്കു തിരിഞ്ഞാലും, ഈശ്വരങ്കലേക്കു തിരിയുന്നില്ലെങ്കിൽ, നീ നിർഭാഗ്യനാണു്.

നിന്റെ ഹിതവും ആഗ്രഹവുമനുസരിച്ചു് കാര്യങ്ങൾ നിനക്കു് വിജയപ്രദമാകുന്നില്ലെന്നുള്ളതിനാൽ നീ എന്തിനു് അസ്വസ്ഥനാകുന്നു?

സ്വഹിതമനുസരിച്ചു് എല്ലാ കാര്യങ്ങളും സാധിക്കുന്നവനായി ആരുണ്ടു്?

ഞാനാകട്ടെ, നീയാകട്ടെ, ഭൂമിയിലുള്ള മറേറതു മനുഷ്യനുമാകട്ടെ ഇല്ല.

എന്തെങ്കിലും ഉപദ്രവമോ പീഡയോ ഇല്ലാത്തതായി, രാജാവായാലും മാപ്പിളപ്പാ ആയാലും, ലോകത്തു് യാതൊരു മനുഷ്യനുമില്ല.

ഏററവും സ്വസ്ഥതയനുഭവിക്കുന്നതു് ആരാണു്? അതു് ഈശ്വരനുവേണ്ടി എന്തെങ്കിലും കഷ്ടതയനുഭവിക്കുന്നതിനു് മനസ്സുള്ളവനാണു് എന്നതിനു് സംശയമില്ല.

2. 'ആ മനുഷ്യൻ എത്ര സുഖമായി ജീ

വിക്കുന്നു; എത്ര ധനികൻ, എത്ര വലിയവൻ, എത്ര ശക്തിമാൻ, എത്ര പ്രതാപവാൻ'! എന്നു ചപലരും ഉൽപ്പുലരുമായവരിൽ അധികംപേരും പറയുന്നു.

എന്നാൽ നീ സ്വർഗ്ഗീയകാര്യങ്ങളിൽ ഉത്തരശ്രദ്ധനാകുന്നുവെങ്കിൽ ഈ ലൗകികകാര്യങ്ങളെല്ലാം നിസ്സാരങ്ങളാണെന്നും വ്യഗ്രതയും ഭയവും കൂടാതെ അവയെ അനുഭവിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അവ ചഞ്ചലങ്ങളും ഉപ്പുഹങ്ങളുമാണെന്നും നിനക്കു മനസ്സിലാകും.

ലൗകിക വസ്തുക്കൾ ധാരാളമുണ്ടായിരിക്കുന്നതിലല്ല ഒരു മനുഷ്യന്റെ സൗഭാഗ്യം അടങ്ങിയിരിക്കുന്നത്; മിതമായ ആവശ്യത്തിനു പോരുന്നതു് അവനു് മതിയാകും.

ലോകത്തു ജീവിക്കുന്നതുതന്നെയും യഥാർത്ഥമായി ഒരു ദൗർഭാഗ്യമാണു്.

ഒരു മനുഷ്യൻ ആദ്ധ്യാത്മിക ജീവിതത്തിനു് എത്രമാത്രം ആഗ്രഹിക്കുന്നുവോ അത്രമാത്രം ഐഹിക ജീവിതം അവനു് അരുചിപ്രദമായിത്തീരുന്നു; എന്തുകൊണ്ടെന്നാൽ മനുഷ്യവാഴ്ചയുടെ കുറവുകളെ അവൻ അത്രയ്ക്കധികം നല്ലവണ്ണം ഗ്രഹിക്കുകയും സൂക്ഷ്മമായി കാണുകയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ മുക്തി പ്രാപിക്കുന്നതിനും സകല പാപങ്ങളിൽനിന്നും സ്വതന്ത്രനാകുന്നതിനും ആഗ്രഹിക്കുന്ന ഭക്തനായ ഒരു മനുഷ്യനു് തിന്നുന്നതും, കുടിക്കുന്നതും, ഉറക്കമിളക്കുന്നതും, ഉറങ്ങുന്നതും, വിശ്രമിക്കുന്നതും, അദ്ധ്വാനിക്കുന്നതും, പ്രകൃതിയുടെ മറ്റുള്ള ആവശ്യങ്ങൾക്കു് വിധേയനായിരിക്കുന്നതും യഥാർത്ഥമായി ഒരു വലിയ ദൗർഭാഗ്യവും ഉപദ്രവവുമാണു്.

3. എന്തുകൊണ്ടെന്നാൽ ഈ ലോകത്തു് ശാരീരാവശ്യങ്ങൾ അന്തർമ്മുഖനായ മനുഷ്യനു് വളരെ ദുർവ്വഹമായിരിക്കുന്നു.

അതുകൊണ്ടു്, 'എന്റെ ആവശ്യങ്ങളിൽനിന്നു് എന്നെ മോചിക്കേണമേ, ഓ ഭഗവാനെ', (സങ്കീ. xxiv. 17.) എന്നു പറഞ്ഞുകൊണ്ടു് ദീഘ്രദർശി അവയിൽനിന്നു് വിമുക്തനാകുന്നതിനു് ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നു.

എന്നാൽ, തങ്ങളുടെ സ്വന്തം ദുർഭാഗ്യത്തെപ്പറ്റി അറിയാത്തവർക്കു് ദുരിതം; ഈ ഭാഗ്യഹീനവും ക്ഷയാധീനവുമായ ജീവിതത്തെ സ്നേഹിക്കുന്നവർക്കു കൂടുതൽ ദുരിതം.

എന്തുകൊണ്ടെന്നാൽ വേലചെയ്യാ ഭി

ക്ഷാടനംചെയ്യോ തങ്ങളുടെ ആവശ്യങ്ങളെ നിവൃത്തിക്കുവാൻ കഴിവില്ലെങ്കിലും, എല്ലായ്പോഴും ഇവിടെ ജീവിക്കാൻ സാധിക്കുന്നുണ്ടെങ്കിൽ സ്വന്തരാജ്യത്തെപ്പറ്റി ഒട്ടും വകവയ്ക്കാതിരിക്കത്തക്കവണ്ണം ഈ ജീവിതത്തെ അത്ര കൂടുതലായി സ്നേഹിക്കുന്ന ചിലരുണ്ട്.

4. ശാരീരമായ കാര്യങ്ങളൊഴിച്ചു മറവയാതൊന്നും രുചിയുമാകാതിരിക്കത്തക്കവണ്ണം ലൗകിക കാര്യങ്ങളിൽ അത്ര മുഴുകിക്കിടക്കുന്ന ഈ ജനങ്ങൾ എത്ര ബുദ്ധിശൂന്യരായിരിക്കുന്നു; ഹൃദയത്തിൽ എത്ര വിശ്വാസശൂന്യരായിരിക്കുന്നു!

നിർഭാഗ്യരായ പാവങ്ങൾ! അവർ അത്ര മാത്രം സ്നേഹിച്ചതു് എത്ര ജുഗുപ്സാവഹമായ ഒരു നാസ്തിക്യത്തെ ആയിരുന്നുവെന്നു് അവർ ഒടുവിൽ അനുഭവംകൊണ്ടു് മനസ്സിലാക്കും.

എന്നാൽ ദൈവത്തിന്റെ സിദ്ധന്മാരും ക്രിസ്തുവിന്റെ ഭക്തരായ സകല സ്നേഹിതന്മാരും ശരീരത്തിനു് ഹിതകരമായതിനെയോ ഈ ലോകത്തു് സമ്പത്സമൃദ്ധമായതിനെയോ ഒട്ടും ഗണനിച്ചിട്ടില്ല; പ്രത്യുത, അവരുടെ സകല പ്രത്യാശകളും ഉദ്ദേശ്യങ്ങളും ശാശ്വതമായ വസ്തുക്കളെ ലക്ഷീകരിച്ചിരുന്നു.

ദൃശ്യവസ്തുക്കളോടുള്ള സ്നേഹം അധഃസ്ഥിതമായ വസ്തുക്കളിലേക്കു് അവരെ പിടിച്ചു താഴ്ത്തിയേക്കുമെന്നു് അവർ ഭയപ്പെടുകയാൽ അവരുടെ ആശമുഴുവനും അനന്തവും അദൃശ്യവുമായ വസ്തുക്കളിലേക്കു് ഉന്നമിപ്പിച്ചിരുന്നു.

സഹോദര, ആദ്ധ്യാത്മികമായ കാര്യങ്ങളിലേക്കു് പുരോഗമനം ചെയ്യാമെന്നുള്ള വിശ്വാസം നഷ്ടപ്പെടുത്തരുതു്; കാലം ഇനിയുമുണ്ടു്, സമയം അതിക്രമിച്ചിട്ടില്ല.

5. നാൾക്കുനാൾ നിന്റെ പ്രതിജ്ഞയുടെ നിർവഹണം മാററിവയ്ക്കുന്നതു് എന്തുകൊണ്ടു്? എഴുന്നേല്ക്കുക, ഈ നിമിഷംതന്നെ ആരംഭിക്കുക, പ്രവർത്തിക്കുന്നതിനുള്ള സമയം ഇപ്പോഴാണു്; സമരം ചെയ്യുന്നതിനുള്ള സമയം ഇപ്പോഴത്തെ; എന്റെ ജീവിതത്തെ പരിഷ്കരിക്കുന്നതിനു് ഉചിതമായ സമയവും ഇപ്പോഴത്തെ എന്നു പറയുക.

നിനക്കു് ഉപദ്രവവും പീഡയുമുണ്ടാകുമ്പോഴത്തെ പുണ്യം സമ്പാദിക്കുന്നതിനുള്ള സമയം.

നിനക്കു് സമാശ്വാസം സിദ്ധിക്കുന്നതിനു മുമ്പു് നീ തീയും വെള്ളവും കടക്കണം.

നീ നിന്നോടുതന്നെ ബലംപ്രയോഗി

ക്കുന്നില്ലെങ്കിൽ ദുർഗ്ഗുണത്തെ നീ ജയിക്കുകയില്ല.

ഈ ദുർബ്ബലമായ ശരീരത്തെ നമ്മോടുകൂടി കൊണ്ടുനടക്കുന്ന കാലത്തോളം നമുക്ക് പാപംകൂടാതെയിരിക്കുന്നതിനോ, അസുഖവും ദുഃഖവും കൂടാതെ ജീവിക്കുന്നതിനോ സാധിക്കുകയില്ല.

കഷ്ടപ്പാടിൽനിന്നൊഴിഞ്ഞു് വിശ്രമം അനുഭവിക്കുന്നതിനു് നാം ഇഷ്ടപ്പെടുന്നു; എന്നാൽ പാപത്താൽ നമ്മുടെ ശുദ്ധതയെ നാം നശിപ്പിച്ചിരിക്കുകയാൽ യഥാർത്ഥ സൗഭാഗ്യം നമുക്കു് നഷ്ടപ്പെട്ടുപോയിരിക്കുന്നു.

അതുകൊണ്ടു്, അനീതി ഇല്ലാതാകുകയും ഈ മർത്ത്യത്വം സാക്ഷാത്തായ ജീവിതത്താൽ പരിഗ്രസിക്കപ്പെടുകയും ചെയ്യുന്നതുവരെ നാം ക്ഷമയോടുകൂടി ഈശ്വരന്റെ കൃപയ്ക്കായി കാത്തിരിക്കണം.

6. ഓ! എല്ലായ്പോഴും തിന്മയിലേക്കു് പ്രവണമായിരിക്കുന്ന മാനുഷദൗർബ്ബല്യം എത്ര വലുതായിരിക്കുന്നു?

ഇന്നു് നീ നിന്റെ പാപങ്ങളെ കുമ്പസാരിക്കുന്നു; നാളെ ആ പാപങ്ങളെത്തന്നെ വീണ്ടും ചെയ്യുന്നു.

സൂക്ഷിച്ചു പെരുമാറുന്നതിനു് ഇപ്പോൾ നീ പ്രതിജ്ഞ ചെയ്യുന്നു; ഒരു മണിക്കൂർ കഴ

ഴിഞ്ഞിട്ട് നീ യാതൊരു പ്രതിജ്ഞയും ചെയ്തിട്ടില്ലാത്തതുപോലെ പ്രവർത്തിക്കുന്നു.

നാം അത്രത്തോളം ദുർബലരും അസ്ഥിരരും ആയതുകൊണ്ട്, വിനീതരായിരിക്കുന്നതിനും തന്നത്താൻ അധികം അഭിമാനിക്കാതിരിക്കുന്നതിനും നമുക്ക് കാരണമുണ്ട്.

ഈശ്വരാനുഗ്രഹത്താൽ വളരെ അദ്ധ്വാനിച്ചും സമയം ചിലവിട്ടും സമ്പാദിച്ചതു് അശ്രദ്ധമൂലം വേഗത്തിൽ നഷ്ടപ്പെട്ടുപോയി എന്നു വരാം.

7. അത്രവേഗം ഉദാസീനരായിത്തീരുന്ന നമുക്ക് ഒടുവിൽ എന്തു സംഭവിക്കും? നമ്മുടെ ജീവിതത്തിൽ യഥാർത്ഥമായ പരിശുദ്ധതയുടെ യാതൊരു ലക്ഷണവും പ്രത്യക്ഷപ്പെടാതിരിക്കുമ്പോൾ, നാം ശാന്തിയും രക്ഷയും പ്രാപിച്ചുകഴിഞ്ഞവരെപ്പോലെ സ്വസ്ഥരായിരിക്കുന്നതിനു് അനുകൂലിക്കുകയാണെങ്കിൽ നമുക്ക് ദുരിതം!

നാം നവസന്ന്യാസികളെപ്പോലെ ഉത്തമങ്ങളായ സകല നിയമങ്ങളിലും വീണ്ടും അഭ്യസിക്കപ്പെടുന്നതു് നമുക്ക് വളരെ ആവശ്യമാണു്; അങ്ങനെ ആയാൽ, ഭാവിയിൽ നമുക്ക് സംസ്കാരവും മഹത്തരമായ ആദ്ധ്യാത്മികാഭിവൃദ്ധിയുമുണ്ടാകുമെന്നു്. പക്ഷെ, എതാണ്ട് പ്രത്യാശിക്കാം.

അദ്ധ്യായം 23

മരണത്തെപ്പറ്റിയുള്ള ചിന്തകൾ

വളരെ വേഗം നീ ഇവിടെനിന്നും പോകേണ്ടിയിരിക്കുന്നു; അതുകൊണ്ടു് നിന്റെ സ്ഥിതിയെന്താണെന്നു് പരിശോധിക്കുക. ഒരു മനുഷ്യൻ ഇന്നു് ഇവിടെ ഉണ്ടു്; എന്നാൽ നാളെ അവൻ കാണപ്പെടുന്നില്ല.

അവൻ കാഴ്ചയിൽനിന്നു് മറയുമ്പോൾ മനസ്സിൽനിന്നും ക്ഷണേന മറയുന്നു.

ഓ! താല്ക്കാലികമായതിനെപ്പറ്റി മാത്രം ചിന്തിക്കുകയും വരാനുള്ള സംഗതികളെ ജാഗ്രുകമായി പ്രതീക്ഷിക്കാതിരിക്കുകയും ചെയ്യുന്ന മനുഷ്യഹൃദയം എത്ര മന്ദവും കൽക്കരുമായിരിക്കുന്നു!

ഇന്നതന്നെ മരിക്കാൻപോകുന്നവനെന്ന വണ്ണം ഓരോ പ്രവൃത്തിയിലും വിചാരത്തിലും നീ സ്വയം നിയന്ത്രിക്കണം.

നിനക്കു് ഒരു നല്ല മനസ്സാക്ഷിയുണ്ടെങ്കിൽ, നീ മരണത്തെ അധികം ഭയപ്പെടുകയില്ല.

മരണത്തെ ഭയപ്പെട്ടിരിക്കുന്നതിനേക്കാൾ പാപത്തിൽനിന്നകന്നിരിക്കുന്നതു് നല്ലതാണു്.

ഇന്നു് നീ സന്നദ്ധനല്ലെങ്കിൽ നാളെ എങ്ങനെ സന്നദ്ധനാകും?

നാളെയെന്നതു് നിശ്ചയമില്ലാത്ത ഒരു ദിവസമാണു്; നാളെ നീ ജീവിച്ചിരിക്കുമെന്നു് നിനക്കു് എങ്ങനെ അറിയാം?

നാം ജീവിതത്തെ സംസ്കരിക്കുന്നില്ലെങ്കിൽ ദീർഘകാലം ജീവിച്ചിരിക്കുന്നതുകൊണ്ടു് എന്തു പ്രയോജനം?

ഹാ! ആയുർദൈർഘ്യം നമ്മെ എപ്പോഴും നല്ലവരാക്കുന്നില്ല; പ്രത്യുത അതു് നമ്മുടെ പാപത്തെ വർദ്ധിപ്പിക്കുന്നു.

ഓ! ഒരു ദിവസത്തേക്കെങ്കിലും നാം ഈ ലോകത്തു് നല്ലവരായി കഴിഞ്ഞുകൂടിയെങ്കിൽ!

അധികംപേരും തങ്ങളുടെ ജീവിതപരിവർത്തനം ആരംഭിച്ചതുമുതലുള്ള വർഷങ്ങൾ എണ്ണുന്നു! എന്നാൽ പലപ്പോഴും അവക്കു് സിദ്ധിച്ചിട്ടുള്ള സംസ്കാരത്തിന്റെ ഫലം തുച്ഛമാണു്.

മരിക്കുന്നതു് ഭയങ്കരമാണെങ്കിൽ, ദീർഘകാലം ജീവിച്ചിരിക്കുന്നതു്, പക്ഷെ! കൂടുതൽ ആപൽക്കരമായിരിക്കും.

മരണസമയം എല്ലായ്പോഴും തന്റെ കൺമുമ്പാകെ ഉണ്ടായിരിക്കുകയും ഓരോ ദിവസവും മരിക്കുന്നതിനു് ഒരുങ്ങിയിരിക്കു

കയും ചെയ്യുന്നവൻ അനുഗ്രഹീതനാകുന്നു.

ഒരു മനുഷ്യൻ മരിക്കുന്നതു് നീ ഏ പ്പോഴെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ, നീയും ആ മാർഗ്ഗത്തെത്തന്നെ തരണം ചെയ്യേണ്ടിയിരി ക്കുന്നുവെന്നു് ചിന്തിക്കുക.

3. നീ രാത്രിവരെ ജീവിക്കുകയില്ലെന്നു് കാലത്തു നീ സങ്കല്പിക്കുക! വൈകുന്നേര മാകുമ്പോൾ അടുത്ത പ്രഭാതം നിന്റേ താണെന്നു് ഉറപ്പു പറയാൻ നീ മുതിര രുതു്.

അതുകൊണ്ടു് നീ ഏപ്പോഴും ഒരുങ്ങിയി രിക്കുക! മരണം നിന്നെ ഒരുക്കമില്ലാത്തവ നായി ഒരിക്കലും പിടിക്കൂടാതിരിക്കത്തക്ക വണ്ണം നീ ജീവിക്കുക.

അനേകംപേർ പെട്ടെന്നും മരണത്തെ പ്പറ്റി ഒട്ടും നിരൂപിക്കാത്തപ്പോഴും മരിക്കു ന്നു. 'എന്തുകൊണ്ടെന്നാൽ പ്രതീക്ഷിക്കപ്പെ ടാത്ത സമയത്തു് മനുഷ്യപുത്രൻ വരും' (മാത്യൂ xxiv. 44) ആ അവസാനമായ മണിക്കൂർ വരുമ്പോൾ നിന്റെ അതീ ത ജീവിതം മുഴുവനെയുംപറ്റി നി ശ്ലേഷം ഭിന്നമായ വിചാരങ്ങൾ നിനക്കു് ഉണ്ടാകുവാൻ തുടങ്ങും! നീ അത്ര ഉദാസീ നനും അപരാധിയുമായിപ്പോയല്ലോ എ ന്നു് നീ വളരെ കൂടുതലായി ഖേദിക്കും.

4. മരണനേരത്തു് എപ്രകാരം കാണപ്പെടണമെന്നു് ആഗ്രഹിക്കുന്നുവോ അപ്രകാരം ഇപ്പോൾ ജീവിതം നയിക്കുന്നതിനു് യത്നിക്കുന്നവൻ എത്ര സൗഭാഗ്യവാനും ബുദ്ധിമാനുമാണു്!

എന്തുകൊണ്ടെന്നാൽ ലോകത്തെപ്പറ്റി പരിപൂർണ്ണമായ അവജ്ഞയും, സദ്ധർമ്മത്തിൽ പുരോഗമനം ചെയ്യുന്നതിനുള്ള തീക്ഷ്ണമായ ആഗ്രഹവും, ശിക്ഷണത്തോടുള്ള പ്രതിപത്തിയും, പാപപരിഹാരം ചെയ്യുന്നതിനുള്ള മനഃസ്ഥിതിയും, നിർവിശങ്കമായ അനുസരണവും, ആത്മത്യാഗവും, ക്രിസ്തുവിനോടുള്ള സ്നേഹംനിമിത്തം സകല കഷ്ടപ്പാടുകളെയും സഹിക്കുന്നതിൽ ക്ഷമയും ഒരു മനുഷ്യനുണ്ടെങ്കിൽ, അതു് അവനു് സൗഭാഗ്യകരമായ ഒരു മരണം പ്രാപിക്കാമെന്നൊരു വലിയ വിശ്വാസത്തെ പ്രദാനം ചെയ്യും.

നിനക്കു ആരോഗ്യമുള്ളപ്പോൾ ഒട്ടുവളരെ സൽപ്രവൃത്തികൾ നീ ചെയ്തേക്കാം. എന്നാൽ, നീ രോഗിയായിരിക്കുമ്പോൾ നിനക്കു് എന്തു് ചെയ്യാൻ കഴിയുമെന്നു് അറിഞ്ഞുകൂടാ.

രോഗംകൊണ്ടു് നന്നാകുന്നവർ ചുരുക്കമാണു്? പുറമേ അധികം സഞ്ചരിക്കുന്നവ

രും അപൂർവ്വമായിട്ടെ പരിശുദ്ധരാകുന്നുള്ളൂ.

5. നിന്റെ സ്നേഹിതന്മാരിലും ബന്ധുക്കളിലും വിശ്വസിക്കുകയോ നിന്റെ ആത്മാവിന്റെ ക്ഷേമത്തിനായുള്ള ശ്രമം പിൽക്കാലത്തേക്കു് മാറ്റി വെയ്ക്കുകയോ ചെയ്യരുതു്? എന്തുകൊണ്ടെന്നാൽ നീ വിചാരിക്കുന്നതിൽ കൂടുതൽ വേഗത്തിൽ മനുഷ്യൻ നിന്നെ വിസ്മരിക്കും.

ആവശ്യമുള്ളതു് ഇപ്പോൾ, യഥാകാലം കരുതി വയ്ക്കുന്നതും ഏതാനും സുകൃതങ്ങൾ നിനക്കുമുമ്പായി അയക്കുന്നതും, നിന്റെ മരണത്തിനുശേഷം മറ്റുള്ളവർ നിന്നെ സഹായിക്കുമെന്നു് വിശ്വസിക്കുന്നതിനെക്കാൾ നല്ലതാണു്.

ഇപ്പോൾ നീ തന്നെ നിനക്കുവേണ്ടി ശ്രദ്ധിക്കുന്നില്ലെങ്കിൽ പിൽക്കാലം ആരു് നിനക്കുവേണ്ടി ശ്രദ്ധിക്കും?

വർത്തമാനകാലം വളരെ വിലയേറിയതാണു്. 'കണ്ടാലും ഇപ്പോഴത്തെ സ്വീകാര്യമായ സമയം; ഇപ്പോഴത്തെ രക്ഷയുടെ ദിവസം.' (2. Cor. vi 2.)

എന്നാൽ എന്നത്തേക്കും ജീവിക്കുന്നതിനു് മതിയാകുന്ന മുതൽ നിനക്കു് സമ്പാദിക്കാൻ കഴിയുന്ന വർത്തമാനകാലത്തെ കൂടുതൽ പ്രയോജനകരമായി നീ വിനി

യോഗിക്കുന്നില്ല എന്നുള്ളതു വളരെ വ്യസനകരമായിരിക്കുന്നു. നിന്റെ ജീവിതത്തെ പരിഷ്കരിക്കുന്നതിനു് ഒരു ദിവസമോ ഒരു നാഴികയോ കിട്ടിയെങ്കിൽ കൊള്ളാമെന്നു് നീ ആഗ്രഹിക്കുന്ന സമയം വരും; അതു് നിനക്കു് സിദ്ധിക്കുമോ എന്നുള്ളതു് അറിഞ്ഞുകൂടാ.

6. ഓ വാത്സല്യ ഭാജനമെ, നീ ഇപ്പോഴുതലെങ്കിലും എല്ലായ്പ്പോഴും ഭയഭരിതനും മരണത്തെ പ്രതീക്ഷിച്ചിരിക്കുന്നവനുമാകുന്നുവെങ്കിൽ, എത്ര വലുതായ ആപത്തിൽനിന്നു് നിനക്കു് മോചനം പ്രാപിക്കാം! എത്ര വലുതായ ഭയത്തിൽ നിന്നു് നിനക്കു് വിമുക്തനാകാം!

നിന്റെ മരണസമയത്തു് ഭയത്തിനെന്നതിനെക്കാൾ സന്തോഷത്തിനു് വകയുണ്ടായിരിക്കത്തക്കവണ്ണം ഇപ്പോൾ ജീവിക്കുന്നതിനു് ശ്രമിക്കുക.

അപ്പോൾ നീ ക്രിസ്തുവിനോടുകൂടി ജീവിക്കാനാരംഭിക്കത്തക്കവണ്ണം ഇപ്പോൾ നീ ലോകത്തെ സംബന്ധിച്ചിടത്തോളം മൃതനായിരിക്കുന്നതിനു് ശീലിക്കുക.

അപ്പോൾ നിനക്കു് നിർബ്ബാധം ക്രിസ്തുവിന്റെ അടുക്കലേക്കു് പോകുവാൻ കഴിയത്തക്കവണ്ണം ഇപ്പോൾ നീ സകല വസ്തു

ക്കളെയും വെറുക്കുന്നതിനു് ശീലിക്കുക.

അപ്പോൾ നിനക്കു് ഉറച്ചവിശ്വാസമുണ്ടായിരിക്കത്തവണ്ണം ഇപ്പോൾ നീ പ്രായശ്ചിത്തംമൂലം നിന്റെ ശരീരത്തെ ദണ്ഡിപ്പിക്കുക.

7. ഹാ! മൂഢ! നിനക്കു് ഒരു ദിവസത്തെപ്പറ്റിത്തന്നെയും തീർച്ചയില്ലാത്തപ്പോൾ എന്തുകൊണ്ടു് നീ ദീർഘകാലം ജീവിക്കാമെന്നു് വിചാരിക്കുന്നു?

(ദീർഘായുസ്സുണ്ടെന്നു് വിചാരിച്ചുകൊണ്ടിരുന്ന) എത്രയധികംപേർ വഞ്ചിക്കപ്പെട്ടുകയും അപ്രതീക്ഷിതമായി ദേഹവിയോഗം ചെയ്കയും ചെയ്തിട്ടുണ്ടു്!

ഒരുവൻ ഖഡ്ഗത്താൽ വധിക്കപ്പെട്ടുവെന്നും, മറെറാരുവൻ മുങ്ങി മരിച്ചുവെന്നും, മൂന്നാമതൊരുവൻ തലകുത്തി വീണു് പിടലി ഒടിച്ചുവെന്നും, ഈ മനുഷ്യൻ ഉണ്ണുകഴിച്ചുകൊണ്ടിരുന്നപ്പോൾ മൃതിയടഞ്ഞുവെന്നും, മറവൻ കളിച്ചുകൊണ്ടിരുന്നപ്പോൾ മരിച്ചുവെന്നുമുള്ള പ്രസ്താവനകൾ എത്ര പ്രാവശ്യം നീ കേട്ടിട്ടുണ്ടു്?

ചിലർ തീയിൽപ്പെട്ടു മരിച്ചിട്ടുണ്ടു്; ചിലർ വാളാലും ചിലർ മഹാമാരിയാലും മറുചിലർ കവർച്ചക്കാരാലും ഹിംസിക്കപ്പെട്ടിട്ടുണ്ടു്.

അങ്ങനെ, മരണം സകലരുടെയും പര്യവസാനമത്രെ; മനുഷ്യന്റെ ജീവിതം ഒരു നിഴൽപോലെ പെട്ടെന്നു് മാഞ്ഞുപോകുന്നു.

8. നീ മരിച്ചുകഴിയുമ്പോൾ നിന്നെ ആരു് ഓർക്കും. നിനക്കുവേണ്ടി ആരു് പ്രാർത്ഥിക്കും?

നിനക്കു് കഴിവുള്ളതെല്ലാം ഇപ്പോൾ ചെയ്യുക; പ്രിയ ഭോജനമെ, ഇപ്പോൾ ചെയ്യുക; എന്തുകൊണ്ടെന്നാൽ,, നീ എപ്പോൾ മരിക്കുമെന്നു് നീ അറിയുന്നില്ല. മരണശേഷം നിനക്കു് എന്തു സംഭവിക്കുമെന്നും നീ അറിയുന്നില്ല.

സമയം നിനക്കു് അധീനമായിരിക്കുമ്പോൾ ഒരിക്കലും നശിക്കാത്ത സ്വത്തുക്കളെ നീ ശേഖരിക്കുക; നിന്റെ രക്ഷയെപ്പറ്റിയല്ലാതെ യാതൊന്നിനെയുംപറ്റി ചിന്തിക്കാതിരിക്കുക; ഈശ്വരോദ്ദേശ്യകങ്ങളായ കാര്യങ്ങളെപ്പറ്റിയല്ലാതെ യാതൊന്നിനെയുംപറ്റി ഗണനിക്കരുതു്.

ദൈവത്തിന്റെ സിദ്ധന്മാരെ ബഹുമാനിക്കുകയും അവരുടെ പ്രവൃത്തികളെ അനുകരിക്കുകയും ചെയ്തിട്ടു് നീ ഇപ്പോൾ അവരെ നിന്റെ സ്നേഹിതന്മാരാക്കുക; അങ്ങനെ ചെയ്താൽ നിന്റെ ഐഹികജീ

വിതം അവസാനിക്കുമ്പോൾ അവർ നിന്നെ എന്നും നിലനില്ക്കുന്ന പാർപ്പിടങ്ങളിലേക്കു് സ്വാഗതം ചെയ്യും.

9. ഇഹലോക കാര്യങ്ങളുമായി ഒട്ടും സംബന്ധമില്ലാത്ത ഒരു തീർത്ഥയാത്രക്കാരനെയും പരദേശിയെയുംപോലെ നീ ഭൂമിയിൽ വർത്തിക്കുക.

നിന്റെ ഹൃദയം സ്വതന്ത്രവും ഈശ്വരോന്മുഖവുമാക്കിവെച്ചുകൊൾക; എന്തുകൊണ്ടെന്നാൽ ഇവിടെ നിനക്കു് ശാശ്വതമായ ഒരു പട്ടണമില്ല.

നെടുവീർപ്പുകളോടും കണ്ണുനീരോടുംകൂടിയ നിന്റെ അനുദിന പ്രാർത്ഥനകളെ ഈശ്വരങ്കൽ സമർപ്പിക്കുക; അപ്രകാരം ചെയ്യാൽ മരണശേഷം നിന്റെ ആത്മാവു് ഭഗവത്സന്നിധിയിലേക്കു് ആനന്ദപൂർവ്വം കടന്നുചെല്ലുന്നതിനു് യോഗ്യമായി ഭവിക്കും. ആമ്മേൻ.

❖❖❖❖❖

അദ്ധ്യായം 24

വിധിയും പാപങ്ങൾക്കായുള്ള ശിക്ഷയും

1. എല്ലാ കാര്യങ്ങളിലും നിന്റെ പരമാന്ത്യത്തിൽ ദൃഷ്ടിയായി, സർവ്വദർശിയായിരിക്കുകയും കൈക്കൂലി വാങ്ങുകയോ ഒഴിവുകഴിവുകൾ സ്വീകരിക്കുകയോ ചെയ്യാതെ നീതിയനുസരിച്ചുമാത്രം വിധിക്കുകയും ചെയ്യുന്ന നിർഭാക്ഷിണ്യനായ ഒരു വിധികർത്താവിനോടു് നീ എങ്ങനെ അഭിമുഖീഭവിക്കുമെന്നു് ഗൗനിക്കുക.

ഓ! ഏറ്റവും നിർഭാഗ്യനും മൂഢനുമായ പാപി, കോപാവിഷ്ടനായ ഒരു മനുഷ്യന്റെ നോട്ടങ്ങളെപ്പോലും ചിലപ്പോൾ ഭയപ്പെടുന്ന നീ, നിന്റെ സകല പാപങ്ങളെയും അറിയുന്ന ഈശ്വരനോടു് എന്തു സമാധാനം പറയും?

വിധിദിവസത്തേക്കു് വേണ്ടതു് നീ കരുതിവയ്ക്കാത്തതു് എന്തു്? അന്നു് ഒരു മനുഷ്യനും ഒഴിവുകഴിവുകൾകൊണ്ടോ മറ്റാരുടെയെങ്കിലും മാദ്ധ്യസ്ഥംകൊണ്ടോ രക്ഷപെടാൻ ഒക്കുകയില്ല, അന്നു് ഓരോരുത്തനും അവനവനുതന്നെ വേണ്ടുവോളം ഭാരമായിരിക്കും.

ഇപ്പോഴാകട്ടെ നിന്റെ ക്ലേശങ്ങൾ പ്രയോജനകരവും, നിന്റെ അശ്രുക്കൾ സ്വീകാര്യവും നിന്റെ പരിദേവനങ്ങൾ സുശ്രവവുമായിരിക്കുന്നു; നിന്റെ ദുഃഖസഹിഷ്ണുത ഈശ്വരനെ സംതപ്തനാക്കുകയും ആത്മാവിനെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

2. അന്യന്റെ ഉപദ്രവമേറീട്ട് അവനു മൂലമുണ്ടായ ഉപദ്രവത്തെപ്പറ്റിയെന്നതിനെക്കാൾ അവന്റെ തിന്മയെപ്പറ്റി വ്യസനിക്കുകയും, തന്റെ വിരോധികൾക്കുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും തന്നോട് ചെയ്യപ്പെട്ടിട്ടുള്ള അപരാധങ്ങളെ ഹൃദയപൂർവ്വം ക്ഷമിക്കുകയും, മറ്റുള്ളവരോട് ക്ഷമായാചനം ചെയ്യുന്നതിന് എപ്പോഴും സന്നദ്ധനായിരിക്കുകയും, കോപാകുലനാകുകയെന്നതിനെക്കാൾ എളുപ്പത്തിൽ അനുകമ്പാകുലനാകുകയും, കൂടക്കൂടെ ഇന്ദ്രിയനിഗ്രഹംചെയ്ത ശരീരത്തെ ആത്മാവിനു പൂർണ്ണമായി വശീഭവിപ്പിക്കുന്നതിന് ശ്രമിക്കുകയും ചെയ്യുകയെന്നത് ഒരു ക്ഷമാശീലനായ മനുഷ്യനു മഹനീയവും സുഖപ്രദവുമായ ഒരു ശുദ്ധീകരണമാണ്.

ഇപ്പോൾ പാപങ്ങളെ ശുദ്ധീകരിക്കുന്നതും ദുർഗ്ഗുണങ്ങളെ ഉന്മൂലനം ചെയ്യു

ന്നതും, അവയെ പിന്നീട് ശുദ്ധീകരിക്കുന്നതിനായി മാററി വെയ്ക്കുന്നതിനെക്കാൾ നല്ലതാണു്.

സത്യമായി ശരീരത്തോടുള്ള നമ്മുടെ ക്രമാതീതമായ സ്നേഹം നിമിത്തം നാം ആത്മവഞ്ചനം ചെയ്യുന്നു.

3. നിന്റെ പാപങ്ങളെയല്ലാതെ മറെറന്തിനെയാണു് ആ അഗ്നി പരിശുദ്ധീകരിക്കുന്നതു്?

എത്രത്തോളം കൂടുതലായി നീ ഇപ്പോൾതന്നെത്താൻ ലാളിക്കുകയും ശരീരത്തെ തൃപ്തിപ്പെടുത്തുകയും ചെയ്യുന്നുവോ അത്രത്തോളം കൂടുതൽ പരിതാപകരമായി നീ ഭാവിയിൽ കഷ്ടപ്പെടുകയും, അത്രത്തോളം കൂടുതൽ വിറകു് ആ അഗ്നിക്കായി ശേഖരിച്ചുവയ്ക്കുകയും ചെയ്യുന്നു.

എന്തു സംഗതികളിൽ ഒരു മനുഷ്യൻ പാപം ചെയ്യുവോ അവയിൽ അവൻ കൂടുതലായി ശിക്ഷിക്കപ്പെടും.

അവിടെ മഠയന്മാർ എരിയുന്ന മുള്ളുകൊണ്ടു് കുത്തപ്പെടുകയും ഭോജനപ്രിയന്മാർ അത്യുഗ്രമായ വിശപ്പും ദാഹവുംകൊണ്ടു് പീഡിപ്പിക്കപ്പെടുകയും ചെയ്യും.

അവിടെ ആഡംബരപ്രിയരും സുഖലോലുപരുമായവർ ഉരുകുന്ന കീലുകൊണ്ടും

നാറുന്ന ഗന്ധകംകൊണ്ടും അഭിഷേകം ചെയ്യപ്പെട്ടും, അസൂയാലുക്കൾ സങ്കടപ്പെട്ട് പേനായ്ക്കളെപ്പോലെ ഓലിയിടും.

4. അവിടെ ഉചിതമായ ദണ്ഡനം നല്കപ്പെടാത്ത ദുർഗ്ഗുണം ഉണ്ടായിരിക്കുകയില്ല. അവിടെ അഹങ്കാരികൾ ലജ്ജകൊണ്ട് നിശ്ശ്ലേഷം മൂടപ്പെട്ടുകയും അത്യാഗ്രഹികൾ ഏറ്റവും ദയനീയമായ ക്ഷാമത്താൽ പീഡിപ്പിക്കപ്പെടുകയും ചെയ്യും. അവിടത്തെ ഒരു മണിക്കൂറുനേരമുള്ള കഷ്ടപ്പാട് ഇവിടെ ഒരു ശതവർഷക്കാലമുള്ള ഏറ്റവും കർക്കശമായ പാപപരിഹാരകർമ്മത്തെക്കാൾ ശ്രേഷ്ഠതരമായിരിക്കും.

ശിക്ഷിക്കപ്പെട്ടവർക്ക് അവിടെ യാതൊരു വിശ്രമവും ആശ്വാസവുമില്ല, എന്നാൽ ഇവിടെ ഇടയ്ക്കിടെയെങ്കിലും അദ്ധ്വാനത്തിൽനിന്നു ഒഴിവുണ്ടായിരിക്കുകയും നമ്മുടെ സ്നേഹിതന്മാരിൽനിന്ന് ആശ്വാസം ലഭിക്കുകയും ചെയ്യുന്നു..

ഇപ്പോൾ നീ ശ്രദ്ധയുള്ളവനും നിന്റെ പാപങ്ങളെപ്പറ്റി ദുഃഖിതനുമായിരിക്കുക; അങ്ങനെയായാൽ വിധിദിവസം അനന്തസൗഭാഗ്യത്താൽ അനുഗ്രഹിതരായവരോടൊരുമിച്ചുള്ള നിന്റെ സ്ഥാനം സുരക്ഷിതമായിരിക്കും.

'എന്തുകൊണ്ടെന്നാൽ അപ്പോൾ നീതിമാന്മാർ തങ്ങളെ പീഡിപ്പിക്കുകയും മർദ്ദിക്കുകയും ചെയ്തവക്കെതിരായി മഹത്തായ സ്ഥൈര്യത്തോടെ നിലകൊള്ളും' (wis. VI.)

ഇപ്പോൾ മനുഷ്യരുടെ വിധിക്കു് വിനയപൂർവ്വം വിധേയനാകുന്നവൻ അപ്പോൾ വിധിക്കുന്നതിനായി നില്ക്കും.

അപ്പോൾ ദരിദ്രക്കും എളിയവക്കും വലുതായ ശരണമുണ്ടായിരിക്കുകയും അഹങ്കാരികൾ എല്ലാവിധത്തിലും ഭയാകുലരാകുകയും ചെയ്യും.

5. ക്രിസ്തുവിനുവേണ്ടി ഭോഷനും നിന്ദിതനുമായിരിക്കുന്നതിനു് പരിശീലിച്ചവൻ ഈ ലോകത്തു് ബുദ്ധിമാനായിരുന്നുവെന്നു് അപ്പോൾ പ്രത്യക്ഷമാകും.

അപ്പോൾ ക്ഷമയോടുകൂടി അനുഭവിച്ച സകല കഷ്ടപ്പാടുകളും സന്തോഷപ്രദമായിരിക്കുകയും 'എല്ലാ ദുഷ്ടതയും വായ് പൂട്ടുകയും ചെയ്യും' (സങ്കീ. CVI. 42)

അപ്പോൾ എല്ലാ ഭക്തന്മാരും സന്തോഷിക്കുകയും എല്ലാ ഭക്തഹീനന്മാരും ദുഃഖിക്കുകയും ചെയ്യും.

അപ്പോൾ ഇന്ദ്രിയനിഗ്രഹം ചെയ്തിട്ടുള്ള ശരീരം, അതു് എല്ലായ്പോഴും സുഖാനുഭോഗങ്ങളാൽ ക്രമാതീതമായി പരിലാളി

ക്കപ്പെട്ടിരുന്നാലത്തെക്കാൾ, വിജയശ്രീയെ പ്രാപിക്കും.

അപ്പോൾ ദാരിദ്ര്യവസ്ത്രം പ്രശോഭിച്ചും, മോടിയേറിയ വസ്ത്രം കീറിപ്പറിഞ്ഞു മലിനമായും കാണപ്പെട്ടും.

അപ്പോൾ നിന്ദ്യമായ കുടിൽ സ്വർണ്ണമയമായ കൊട്ടാരത്തെക്കാൾ അധികം പ്രശംസിക്കപ്പെട്ടും.

അപ്പോൾ സുസ്ഥിരമായ ക്ഷമ ലോകത്തെ സകല പ്രാബല്യത്തെയുംകാൾ അധികം ഫലപ്രദമായിരിക്കും.

അപ്പോൾ നിഷ്കപടമായ അനുസരണശീലം സകല ലൗകിക കൗശലത്തെയുംകാൾ അധികം പുകഴ്ത്തപ്പെട്ടും.

6. അപ്പോൾ നിർമ്മലവും നല്ലതുമായ ഒരു മനസ്സാക്ഷി പണ്ഡിതോചിതമായ തത്വശാസ്ത്രത്തെക്കാൾ വലുതായ ആനന്ദവിഷയമായിരിക്കും.

അപ്പോൾ ധനത്തെപ്പറ്റിയുള്ള അവജ്ഞ ലോകസുഖാനുഭോഗൈകനിരതന്മാരുടെ സകല നിധികളെയുംകാൾ അധികം പ്രാധാന്യത്തെ അർഹിക്കും.

അപ്പോൾ നീ ഭക്തിപൂർവ്വം പ്രാർത്ഥിച്ചിട്ടുണ്ടുവെന്നതു നീ വിശേഷമായ ഭോജ്യപേയങ്ങൾ അനുഭവിച്ചിട്ടുണ്ടുവെന്നതിനെ

ക്കാൾ അധികം നിനക്കു് ആശ്വാസപ്രദമായിരിക്കും.

അപ്പോൾ നീ മരണം അനുഭവിച്ചിട്ടുണ്ടു വെന്നതു് നീ വളരെ സംസാരിച്ചിട്ടുണ്ടുവെന്നതിനെക്കാൾ നിനക്കു് അധികം ആനന്ദപ്രദമായിരിക്കും.

അപ്പോൾ സൽക്കർമ്മങ്ങൾ ചമൽക്കാരപ്രദങ്ങളായ ഒട്ടധികം വാക്കുകളെക്കാൾ അധികം വിലയേറിയതായിരിക്കും.

അപ്പോൾ ഒരു നിഷ്കൃഷ്ടയുള്ള ജീവിതവും കഠിനമായ പ്രായശ്ചിത്തവും ഭൂമിയിലെ സകല സുഖാനുഭവങ്ങളെയുംകാൾ അധികം സന്തോഷപ്രദമായിരിക്കും.

അപ്പോൾ കൂടുതൽ സങ്കടകരങ്ങളായ കഷ്ടപ്പാടുകളിൽനിന്നു് മോചനം പ്രാപിക്കുന്നതിനായി ഇപ്പോൾ നീ ചെറിയ കഷ്ടാടുകൾ അനുഭവിക്കുന്നതിനു് പരിശീലിക്കുക.

ഭാവിയിൽ നിനക്കു് എന്തു് അനുഭവിക്കാൻ കഴിയുമെന്നു് ആദ്യമായി ഇവിടെ പരീക്ഷിച്ചറിയുക.

ഇപ്പോൾ നിനക്കു് അത്ര കുറച്ചുമാത്രമേ സഹിക്കാൻ കഴിയുകയുള്ളുവെങ്കിൽ അനന്തമായ പീഡകളെ നിനക്കു് എങ്ങനെ സഹിക്കാൻ കഴിയും?

ഇപ്പോൾ അല്പമായ കഷ്ടപ്പാട് നിന്നെ അത്ര അക്ഷമനാക്കുന്നുവെങ്കിൽ ഭാവിയിൽ നരകാഗ്നിയുടെ ശക്തിയെന്തായിരിക്കും?

തീർച്ചയായും നിനക്ക് ഈ ലോകത്തു് യഥേഷ്ടം സുഖമനുഭവിക്കുകയെന്നും പിൽക്കാലത്തു് ക്രിസ്തുവിനോടൊപ്പം ഭരിക്കുകയെന്നുമുള്ള രണ്ടു് സുഖങ്ങളും സാധ്യമല്ല.

7. നീ ഇന്നുവരെ ലോകബഹുമാനങ്ങളിലും സുഖാനുഭവങ്ങളിലും സദാ മുഴുകി ജീവിച്ചുവന്നുവെങ്കിൽ, ഈ നിമിഷം നീ മരിക്കുന്നപക്ഷം ആ ജീവിതംകൊണ്ടു് നിനക്ക് എന്തു് പ്രയോജനം?

അതുകൊണ്ടു്, ദൈവത്തെ സ്നേഹിക്കുകയും അദ്ദേഹത്തെമാത്രം സേവിക്കുകയും ചെയ്യുകയെന്നതൊഴിച്ചു സകലവും മിഥ്യയത്രെ!

പൂർണ്ണഹൃദയത്തോടുകൂടി ദൈവത്തെ സ്നേഹിക്കുന്നവൻ മരണത്തെയാകട്ടെ ദണ്ഡനത്തെയാകട്ടെ, വിധിയെയാകട്ടെ, നരകത്തെയാകട്ടെ ഭയപ്പെടുന്നില്ല; എന്തുകൊണ്ടെന്നാൽ പരിപൂർണ്ണമായ സ്നേഹം ഈ ശരസന്നിധിയിലേക്കുള്ള പ്രവേശനത്തെ സുരക്ഷിതമാക്കുന്നു.

എന്നാൽ ഇപ്പോഴും പാപകർമ്മത്തിൽ നിരതനായിരിക്കുന്നവൻ മരണത്തെയും വി

ധിയെയും ഭയപ്പെടുന്നുവെങ്കിൽ അത്ഭുത ത്തിനു് വകയില്ല.

ഏതായാലും, സ്നേഹം നിന്നെ ഇനിയും തിന്മയിൽനിന്നു് പിന്മാറുന്നില്ലെങ്കിൽ, ന രകഭയമെങ്കിലും നിന്നെ നിയന്ത്രിക്കട്ടെ.

എന്നാൽ ഈശ്വരഭയത്തെ പിന്നിലാ ക്കുന്നവനു ദീർഘകാലം നന്മയിൽതുടർന്നുപോ കാൻ സാധിക്കുകയില്ല; പ്രത്യുത പിശാച ന്റെ കൂട്ടുക്കിനുള്ളിൽ അവൻക്ഷണേന അ കപ്പെടുന്നു.

അദ്ധ്യായം 25

ജീവിതസംസ്കരണം.

1. ഈശ്വരസേവനത്തിൽ ജാഗ്രൂകനും ഉത്സാഹിയുമായിരിക്കുക; നീ എന്തിനാ യി ഇവിടെ വന്നുവെന്നും നീ എന്തുകൊ ണ്ടു് ലോകത്തെ ഉപേക്ഷിച്ചുവെന്നും കൂടെ ക്കൂടെ ആലോചിക്കുക; ഈശ്വരനുവേണ്ടി ജീവിച്ചു് ആത്മീയകാര്യനിരതനായിരിക്കു ന്നതിനല്ലയോ നീ അപ്രകാരം ചെയ്തതു്.

അതുകൊണ്ടു്, നിന്റെ ആത്മീയാഭിവൃ

ധിയിൽ ശ്രുഷ്കാന്തിയുള്ളവനായിരിക്കുക; എന്തുകൊണ്ടെന്നാൽ നിന്റെ പ്രയത്നങ്ങൾക്കായി അചിരേണ നിനക്കു് സമ്മാനം ലഭിക്കും; അപ്പോൾ ദുഃഖവും ഭയവും മേലാൽ നിന്നെ സമീപിക്കുകയില്ല.

നീ തൽക്കാലം അല്പം പ്രയത്നിച്ചാൽ, നിനക്കു് വലുതായ വിശ്രമം, അല്ലാ, അനന്തമായ ആനന്ദം സിദ്ധിക്കും.

നീ പ്രവൃത്തിയിൽ വിശ്വാസയോഗ്യതയും ശ്രുഷ്കാന്തിയുമുള്ളവനായി നിലനില്ക്കുന്നവെങ്കിൽ, ഈശ്വരൻ സമ്മാനം തരുന്നതിൽ തീർച്ചയായും വിശ്വാസയോഗ്യനും ഉദാരനുമായിരിക്കും.

വിജയമകുടം പ്രാപ്യമാണെന്നു് ദൃഢമായ ഒരു പ്രത്യാശ നിനക്കുണ്ടായിരിക്കണം; എന്നാൽ ആപത്തു നിശ്ലേഷം ഒഴിഞ്ഞിരിക്കുന്ന അവസ്ഥയെ പ്രാപിച്ചുകഴിഞ്ഞുവെന്നു് നീ സ്വയം അഭിമാനിക്കരുതു്; അങ്ങനെ ആയാൽ നീ അലസനോ അഹങ്കാരിയോ ആയിത്തീരും.

2. പലപ്പോഴും പ്രത്യാശയ്ക്കും ഭയത്തിനും മാറിമാറി വശംവദനായി, ഉൽക്കണ്ഠിതമാനസനായിരുന്ന ഒരുവൻ ഒരു സന്ദർഭത്തിൽ ദുഃഖപരവശനായി ദേവാലയത്തിലെ ഒരു ബലിപീഠത്തിന്റെ മുമ്പാകെ

സാഷ്ടാംഗപ്രണാമംചെയ്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഇങ്ങനെ ആത്മഗതം ചെയ്തു; 'ഞാൻ ഇനിയും സ്ഥൈര്യപൂർവ്വം തുടർന്നുപോകും എന്നുള്ള ബോധം മാത്രം എനിക്കുണ്ടായെങ്കിൽ!' അപ്പോൾ അവൻ ഈശ്വരനിൽനിന്നു ഈ മറുപടി അന്തരംഗത്തിൽ കേട്ടു. 'നീ അതു് അറിഞ്ഞുവെങ്കിൽ, നീ എന്തു് ചെയ്യും? അപ്പോൾ നീ എന്തുചെയ്യുമോ അതു നീ ഇപ്പോൾ ചെയ്യുക; അങ്ങനെ ചെയ്താൽ നിനക്കു് നിർഭയനായിരിക്കാം'

ഉടനടി അവനു് സമാശ്വാസവും ധൈര്യവും സിദ്ധിക്കുകയും അവൻ ഈശ്വരഹിതത്തിനു് സ്വയം സമർപ്പിക്കുകയും അവന്റെ വ്യഗ്രതയും ചാഞ്ചല്യവും അവസാനിക്കുകയും ചെയ്തു.

ഭാവിയിൽ തനിക്കു് എന്തുസംഭവിക്കുമെന്നതിനെപ്പറ്റി ഔത്സുക്യപൂർവ്വം ആരായുന്നതിനു് മേലാൽ അവൻ ഭത്തശ്രദ്ധനായിരുന്നുമില്ല; പ്രത്യുത, ഓരോ സൽക്കർമ്മവും ആരംഭിക്കുകയും നിർവഹിക്കുകയും ചെയ്യുന്നതിനായി ഈശ്വരന്റെ ആനന്ദപ്രദവും പരിപൂർണ്ണവുമായ ഹിതമെന്തെന്നു് അന്വേഷിക്കുന്നതിനു് ശ്രമിക്കുകയത്രെ അവൻ ചെയ്തതു്.

ഭഗവാനിൽ വിശ്വസിച്ചിട്ടു നന്മചെയ്യുകയും ഭൂമിയെ അധിവസിക്കുകയും ചെയ്യുക; അപ്പോൾ അതിന്റെ വിഭവങ്ങളാൽ നീ പരിപുഷ്ടനാകും എന്നു് ദീഘ്ദർശി പറയുന്നു.

(സങ്കീ. xxxvi. 3.)

3. ആത്മീയമായ അഭിവൃദ്ധിയിലും ഉത്സാഹപൂർവ്വകമായ ജീവിതസംസ്കരണത്തിലും അധികം പേരേയും വിമുഖരാക്കുന്ന ഒരു സംഗതിയുണ്ടു: അതു് ബുദ്ധിമുട്ടിലുള്ള വെറുപ്പു് അഥവാ, സമരത്തിലുള്ള പ്രയാസം ആകുന്നു.

കൂടുതൽ ദുഃഖകരമോ പ്രതിക്കൂലമോ ആയിക്കാണപ്പെടുന്ന കായ്ങ്ങളെ നിർവഹിക്കുന്നതിനു് പുരുഷത്തോടെ ശ്രമിക്കുന്നവർ മറവുള്ളവരെ എല്ലാവരേയുംകാൾ കൂടുതലായി പുണ്യപഥത്തിൽ പുരോഗമനം ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ, ഒരു മനുഷ്യൻ എവിടെയാണോ കൂടുതൽ ആത്മവിജയം നേടുകയും ആത്മീയമായി സ്വയം ദണ്ഡിക്കുകയും ചെയ്യുന്നതു് അവിടെയത്രെ അവൻ മഹത്തരമായ അഭിവൃദ്ധിയെ പ്രാപിക്കുകയും മഹത്തരമായ ഈശ്വരാനുഗ്രഹത്തെ അർഹിക്കുകയും ചെയ്യുന്നതു്.

4. എന്നാൽ ജയിക്കുകയും നിഗ്രഹിക്കുകയും ചെയ്യുന്നതിനുള്ള സംഗതികൾ എല്ലാ മനുഷ്യർക്കും ഒന്നുപോലെ അല്ല.

എങ്കിലും ഉത്സാഹശീലനും ഭക്തിതീക്ഷ്ണതയേറിയവനുമായ ഒരുവൻ, അവനു് കൂടുതൽ കാമക്രോധാദിവികാരങ്ങളോടു മല്ലിടേണ്ടിയുണ്ടായിരുന്നാലും, കാമക്രോധാദികൾ കുറവായിരിക്കുന്നവയെങ്കിലും പുണ്യപഥസഞ്ചാരത്തിൽ താൽപര്യം കുറഞ്ഞ മറൊരുവനെക്കാൾ മഹത്തരമായ അഭിവൃദ്ധിയെ പ്രാപിക്കുന്നതിനു് ശക്തനായിരിക്കും.

മഹത്തായ സംസ്കാരത്തിനു രണ്ടു സംഗതികൾ സവിശേഷം ഉപകരിക്കുന്നു: അവ, ഒരുവൻ ദോഷകരമായ ഏതു സംഗതിയിലേക്കു് പ്രകൃത്യാ ചാഞ്ഞിരിക്കുന്നുവോ അതിൽ നിന്നു് നിഷ്കർഷയോടെ പിന്തിരിയുക, നമുക്കു് ഇല്ലാത്തതായ സൽഗുണമേതാണോ അതു് സമ്പാദിക്കുന്നതിനായി ഹൃദയപൂർവ്വം പ്രയത്നിക്കുക, എന്നീ രണ്ടുകാര്യങ്ങളാണു്.

അതുപോലെ നിനക്കു് ഏറ്റവും നീരസപ്രദമായി അന്യരിൽ കാണപ്പെടുന്ന കുറങ്ങളെ നിന്നിൽനിന്നു് മാറ്റി നിർത്തുന്നതിനും കീഴടക്കുന്നതിനും നീ കൂടുതൽ ശ്രദ്ധയോടെ ശ്രമിക്കുക.

5. ഏതെങ്കിലും നല്ല ദൃഷ്ടാന്തങ്ങളെ നീ കാണുകയോ കേൾക്കുകയോ ചെയ്യുന്നുവെങ്കിൽ അവയെ അനുകരിക്കുന്നതിനു് നീ പ്രചോദിതനാകുമാറു് എല്ലാ സന്ദർഭങ്ങളേയും

നിന്റെ ആദ്ധ്യാത്മികമായ നന്മയ്ക്കു് ഉപകരിക്കത്തക്കവണ്ണം വിനിയോഗിക്കുക.

എന്നാൽ ആക്ഷേപയോഗ്യമായി നീ എന്തെങ്കിലും കാണുന്നുവെങ്കിൽ, അതു് ചെയ്യാതിരിക്കുന്നതിനു് നീ സൂക്ഷിക്കുക; അഥവാ എപ്പോഴെങ്കിലും നീ അതു് ചെയ്തിട്ടുണ്ടെങ്കിൽ അതിനെ തിരുത്തുന്നതിനു് ഉടനടി ശ്രമിക്കുക.

നീ മറ്റുള്ളവരെ നിരീക്ഷണം ചെയ്യുന്നതുപോലെ നിന്നെ മറ്റുള്ളവരും നിരീക്ഷണം ചെയ്യുന്നുണ്ടു്.

ഓ! സഹോദരന്മാർ വൈരാഗ്യവും ഭക്തിയുമുള്ളവരും നിയമാനുസാരികളും സുശിക്ഷിതരും ആയിരിക്കുന്നതു കാണുന്നതു് എത്ര മാധുര്യപ്രദവും ആശ്വാസപ്രദവുമാണു്!

ക്രമരഹിതമായി ജീവിക്കുകയും തങ്ങളുടെ കർത്തവ്യകർമ്മങ്ങൾ യാതൊന്നും അനുഷ്ഠിക്കാതിരിക്കുകയും ചെയ്യുന്നവരെ കാണുന്നതു് എത്ര വ്യസനകരവും മർമ്മഭേദകവുമായ ഒരു സംഗതിയാണു്.

നമ്മുടെ ആശ്രമധർമ്മത്തെ അവഗണിക്കുകയും നമ്മുടെ കർത്തവ്യമല്ലാത്ത സംഗതികളിലേക്കു് ശ്രദ്ധയെ തിരിക്കുകയും ചെയ്യുന്നതു് എത്ര ദോഷകരമാണു്.!

6. നീ സ്വീകരിച്ചിരിക്കുന്ന വ്രതത്തെപ്പ

ററി ജാഗ്രൽകനായിരിക്കുകയും ക്രൂശിതനായ നിന്റെ രക്ഷകന്റെ പ്രതിബിംബത്തെ നിന്റെ മനോനേത്രങ്ങളുടെ മുമ്പാകെ പ്രതിഷ്ഠിക്കുകയും ചെയ്യുക.

നീ യേശുക്രിസ്തുവിന്റെ ജീവിതത്തെ സമീക്ഷണം ചെയ്തിട്ടുണ്ടെങ്കിൽ, ദിവ്യമാർഗ്ഗത്തിൽ ദീർഘകാലം സ്ഥിതിചെയ്തിട്ടും അദ്ദേഹത്തിന്റെ മാതൃകയെ അനുവർത്തിക്കുന്നതിന് നീ ഇനിയും ശ്രമിച്ചിട്ടില്ലെന്നുള്ളത് നിനക്ക് ലജ്ജാവഹമാണ്.

നമ്മുടെ രക്ഷാനാഥന്റെ ഏറ്റവും പരിപാവനമായ ജീവിതത്തെയും പീഡാനുഭവത്തെയും പുരസ്കരിച്ച് ഗൗരവത്തോടും ഭക്തിയോടുംകൂടി തപശ്ചര്യകൾ അനുഷ്ഠിച്ചിട്ടുള്ള ഒരു സന്ന്യാസി തനിക്ക് ഗുണകരവും ആവശ്യകവുമായ സകല സംഗതികളും ആ ജീവിതത്തിലും പീഡാനുഭവത്തിലും സുലഭമായി കാണുന്നതായിരിക്കും; യേശുവിനേക്കാൾ നല്ലതായ ഒരു മാതൃക അയാൾ അന്വേഷിക്കേണ്ടതായിട്ടുമില്ല.

ഓ! നമ്മുടെ ക്രൂശിതനായ യേശു നമ്മുടെ ഹൃദയങ്ങളിൽ ആഗതനാകുകമാത്രം ചെയ്യുവെങ്കിൽ നമുക്ക് ആവശ്യമുള്ളിടത്തോളം വിദ്വത്വം എത്ര വേഗം ലഭിക്കുമായിരുന്നു.

7. ഭക്തിതീക്ഷ്ണതയുള്ള ഒരു സന്ന്യാസി തന്നോട് ആജ്ഞാപിക്കപ്പെട്ടിട്ടുള്ള സകല കായ്യങ്ങളെയും സമാദരിക്കുകയും വഹിക്കുകയും ചെയ്യുന്നു.

അലക്ഷ്യ സ്വഭാവനും ഉദാസീനനുമായ ഒരു സന്ന്യാസിക്ക് ഉപദ്രവങ്ങൾ ഒന്നിന് പുറകെ ഒന്നായി ഉണ്ടായിക്കൊണ്ടിരിക്കുകയും അയാൾ എല്ലാ വശങ്ങളിലുംനിന്ന് മനോവേദന അനുഭവിക്കുകയും ചെയ്യുന്നു; എന്തുകൊണ്ടെന്നാൽ അയാൾക്ക് ആന്തരമായ ആശ്വാസമില്ലാതിരിക്കുകയും ബാഹ്യമായ ആശ്വാസം തേടുന്നതിനു അയാൾ പ്രതിരോധിക്കപ്പെടുകയും ചെയ്യുന്നു.

നിയമമനുസരിച്ച് ജീവിക്കാത്ത ഒരു സന്ന്യാസിക്കു ഭയങ്കരമായ നാശം അഭിമുഖീഭവിക്കുന്നു.

തോന്ന്യാസവും സുഖവഴിയും ആരായുന്നവൻ എല്ലായ്പോഴും ഞെരുക്കത്തിലായിരിക്കും; എന്തുകൊണ്ടെന്നാൽ ഒരു സംഗതി അല്ലെങ്കിൽ മറെറാരു സംഗതി അവനു നീരസപ്രദമായിരിക്കും.

8. സനിഷ്ക്കർഷമായ ആശ്രമജീവിതക്രമത്തിനു വിധേയരായി ജീവിക്കുന്ന മറനേകം സന്ന്യാസികൾ എങ്ങനെ കഴിഞ്ഞുകൂടുന്നു?

അവർ വളരെ അപൂർവ്വമായിട്ടേ പുറത്തു

പോകുന്നുള്ളു; അവർ ആശ്രമത്തിനുള്ളിൽ വളരെ അടങ്ങിയൊതുങ്ങി ജീവിക്കുന്നു; അവരുടെ ആഹാരം വളരെ ദരിദ്രോചിതമാണു്; വസ്ത്രം പരുപരുത്തതാണു്, അവർ വളരെ അദ്ധ്വാനിക്കുന്നു; അവരുടെ സംഭാഷണം അല്പമാണു്; അവർ വളരെ നേരം ഉറക്കിളയ്ക്കുന്നു; രാവിലെ എഴുന്നേല്ക്കുന്നു; അധികസമയം പ്രാർത്ഥനയിൽ ചിലവിടുന്നു; കൂടെക്കൂടെ വായിക്കുന്നു; എല്ലാനിയമങ്ങളും അവർ ശിരസാ വഹിക്കുന്നു.

കർത്തൂസ്യരെയും സിസ്റ്റെഴ്സിയരെയും മറെ വിവിധ സംഘങ്ങളിൽപ്പെട്ട സന്ന്യാസികളെയും സന്ന്യാസിനികളെയുംപറ്റി, അവർ എപ്പൂഴും ഓരോ രാത്രിയിലും ഭഗവദ്ഗീതങ്ങൾ പാടുന്നതിനായി എഴുന്നേല്ക്കുന്നുവെന്നു്, ആലോചിക്കുക.

അതുകൊണ്ടു് അത്ര അസംഖ്യം സന്ന്യാസികൾ ഈശ്വരസ്തോത്രം ചെയ്യുന്നതിനു് ആ മോദപൂർവ്വം ആരംഭിക്കുന്ന ആ പരിശുദ്ധമായ സമയത്തു് നീ അലസനായിരിക്കുന്നുവെന്നതു് നിനക്കു ലജ്ജാവഹമായിരിക്കും.

9. ഓ! നമ്മുടെ പൂർണ്ണഹൃദയംകൊണ്ടും വദനംകൊണ്ടും നമ്മുടെ ഈശ്വരനായ ഭഗവാനെ സ്തുതിക്കുകയെന്നുള്ളതല്ലാതെ മറെയാതൊന്നും നമുക്കു ചെയ്യേണ്ടതായില്ലായിരു

ന്നുവെങ്കിൽ!

നിനക്കു് ഒരിക്കലും ഉണ്ണുകയോ, കുടിക്കുകയോ, ഉറങ്ങുകയോ ചെയ്യേണ്ട ആവശ്യമില്ലാതെ എല്ലായ്പ്പോഴും ദൈവത്തെ സ്തുതിക്കുന്നതിനും ആദ്ധ്യാത്മികമായ അനുഷ്ഠാനങ്ങളിൽമാത്രം വ്യാപൃതനായിരിക്കുന്നതിനും കഴിഞ്ഞുവെങ്കിൽ!

ശരീരത്തെ ശുശ്രൂഷിക്കേണ്ട ആവശ്യകതയ്ക്കു നീ വശീഭവിച്ചിരിക്കുന്ന ഇപ്പോഴത്തെക്കാൾ വളരെ കൂടുതലായി അപ്പോൾ നീ സൗഭാഗ്യവാനായിരിക്കും.

കഷ്ടം! നാം വളരെ അപൂർവ്വമായിട്ടത്രെ ആത്മീയപോഷണങ്ങൾ ആസ്വദിക്കുന്നതു്; അവമാത്രമല്ലാതെ ഏതാട്ടശങ്ങളായ ആവശ്യങ്ങൾ നമുക്കു് ഉണ്ടാകാതിരിക്കുന്നതിനു് ദൈവം അനുവദിച്ചുവെങ്കിൽ!

10. സൃഷ്ടിക്കപ്പെട്ട യാതൊന്നിലും നിന്നു് ആശ്വാസം തേടാത്ത സ്ഥിതിയെ ഒരു മനുഷ്യൻ പ്രാപിക്കുന്നതു് എപ്പോഴാണോ അപ്പോൾ അവൻ ദൈവത്തെ പൂർണ്ണമായി ആസ്വദിക്കുന്നതിനു് ആരംഭിക്കുന്നു; അപ്പോൾ എന്തൊക്കെ സംഭവിച്ചാലും അവൻ സംതൃപ്തനായിരിക്കുകയും ചെയ്യും.

അപ്പോൾ അവൻ ധാരാളം ഉണ്ടെന്നു് വിചാരിച്ചു സന്തോഷിക്കുകയോ അല്പംമാത്ര

ഉള്ളുവെന്നു് വിചാരിച്ചു ദുഃഖിക്കുകയോ ചെയ്യുകയില്ല; പ്രത്യുത, അവൻ പൂർണ്ണമായും ശരണത്തോടുകൂടിയും ഈശ്വരങ്കൽ സ്വയം സമർപ്പിക്കുന്നു. ഈശ്വരൻ അവനു് സർവ്വസ്വമാണു്; അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നശിക്കുകയോ മരിക്കുകയോ ചെയ്യുന്നതു് യാതൊന്നുമില്ല; സർവ്വവും അദ്ദേഹത്തെ പുരസ്കരിച്ചു ജീവിക്കുകയും അദ്ദേഹത്തിന്റെ ആജ്ഞയ്ക്കു വിധേയമായി അവിളംബം അദ്ദേഹത്തെ സേവിക്കുകയും ചെയ്യുന്നു.

11. എല്ലായ്പ്പോഴും നിന്റെ അന്ത്യത്തെ സ്മരിക്കുക; നഷ്ടപ്പെട്ടുപോയ സമയം ഒരിക്കലും മടക്കിക്കിട്ടുകയില്ലെന്നു് ഓർത്തുകൊള്ളുക.

ശ്രദ്ധയും ഉത്സാഹവും കൂടാതെ നീ ഒരിക്കലും പുണ്യം സമ്പാദിക്കുകയില്ല.

നീ ഉദാസീനനായിബ്ഭവിക്കാൻ തുടങ്ങുന്നുവെങ്കിൽ, നീ അസ്വസ്ഥനാകാനും തുടങ്ങും.

പ്രത്യുത, നീ ഭക്തിതീക്ഷ്ണതയ്ക്കു് വശംവദനാകുന്നുവെങ്കിൽ നിനക്കു വലുതായ ശാന്തി സിദ്ധിക്കും; ഈശ്വരാനുഗ്രഹവും പുണ്യത്തോടുള്ള സ്നേഹവും നിന്റെ അജ്ഞാനക്ലേശത്തെ ലഘൂകരിക്കും.

ഭക്തിയും ഉത്സാഹവുമുള്ള ഒരു മനുഷ്യൻ എല്ലാ കാര്യങ്ങൾക്കും സന്നദ്ധനാണു്.

ദുർഗ്രണങ്ങളെയും കാമക്രോധാദികളെയും നിരോധിക്കുന്നതു് ശാരീരമായ അദ്ധ്വാനങ്ങളിൽ പ്രയത്നിക്കുന്നതിനേക്കാൾ ക്ലേശകരമായ ഒരു സമരമാണു്.

ചെറുതായ കുറ്റങ്ങളെ വർജ്ജിക്കാത്തവൻ ക്രമംകൊണ്ടു് മഹത്തരമായവയിൽ ഉൾപ്പെടുന്നു.

നീ പകൽസമയം പ്രയോജനകരമായി ചിലവിട്ടിട്ടുണ്ടെങ്കിൽ, ദിനാന്തത്തിൽ ഏപ്പോഴും സന്തോഷമനുഭവിക്കും.

നീ തന്നെത്താൻ സൂക്ഷിക്കുക; തന്നെത്താൻ ഉണർത്തുക; തന്നെത്താൻ ഉദ്ബുദ്ധനാകുക; മറ്റുള്ളവക്കു് എന്തുതന്നെ ആയിരുന്നാലും നിന്നെത്തന്നെ നീ അവഗണിക്കാതിരിക്കുക.

നീ നിന്നോടുതന്നെ എത്രത്തോളം ബലപ്രയോഗം ചെയ്യുന്നുവോ അത്രത്തോളം നിന്റെ അഭിവൃദ്ധിയും മഹത്തായിരിക്കും.

ആമ്മേൻ.

രണ്ടാം പുസ്തകം

അദ്ധ്യായം 1

അന്തരംഗവ്യാപാരം.

'ദൈവത്തിന്റെ രാജ്യം നിങ്ങളുടെ ഉള്ളിൽ ആകുന്നു,' എന്നു ഭഗവാൻ പറയുന്നു. (ലൂക്കൊ xvii. 21.)

നിന്റെ പൂർണ്ണ ഹൃദയത്തോടെ നീ ഭഗവാനോടു് അഭിമുഖീഭവിക്കുക; ഈ ദുർഭഗമായ ലോകത്തെ ഉപേക്ഷിക്കുക; അപ്പോൾ നിന്റെ ആത്മാവിനു വിശ്രമം ലഭിക്കും.

ബാഹ്യങ്ങളായ കാര്യങ്ങളെ വെറുക്കുന്നതിനു് പഠിക്കുകയും അഭ്യന്തരങ്ങളായ കാര്യങ്ങൾക്കായി സ്വയം സമർപ്പിക്കുകയും ചെയ്യുക; അപ്പോൾ ദേവരാജ്യം നിന്നിൽ നിവേശിക്കുന്നതായി നീ കാണും.

എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ രാജ്യം പരിശുദ്ധാത്മാവിലുള്ള ശാന്തിയും ആനന്ദവുമാകുന്നു; അതു ദുർജ്ജനങ്ങൾക്കു നല്കപ്പെടുന്നില്ല. ക്രിസ്തുവിനായി ഉചിതമായ ഒരു വസതി നിന്റെ ഉള്ളിൽ നീ സജ്ജീകരിക്കുമെങ്കിൽ അദ്ദേഹം നിന്റെ അടുക്കൽ വരുകയും സ്വസാന്നിദ്ധ്യത്തിന്റെ പ്രകാശപ്രചുരി

മയാൽ നിന്നെ അനുഗ്രഹിക്കുകയും ചെയ്യും.

അദ്ദേഹത്തിന്റെ മഹിമയും രമണീയതയും മുഴുവനും അന്തരംഗത്തിൽ സ്ഥിതിചെയ്യുന്നു; അവിടെ അത്രെ അദ്ദേഹത്തിന്റെ ആനന്ദം.

അന്തർമ്മുഖനായ മനുഷ്യനെ അദ്ദേഹം മുറയ്ക്കു സന്ദർശിക്കുന്നു; അദ്ദേഹം അവനുമായി ചെയ്യുന്ന സംഭാഷണം സുമധുരവും, അദ്ദേഹത്തിന്റെ സാന്ത്വനം പരമാനന്ദപ്രദവും, അദ്ദേഹത്തിന്റെ സമാധാനം സുസമൃദ്ധവും, അദ്ദേഹത്തിന്റെ സൗഹാർദ്ദം അത്യന്തം ആശ്ചര്യകരവുമാണു്.

2. ഓ വിശ്വസ്തതയുള്ള ആത്മാവെ, നിന്റെ ഈ വരൻ, നിന്റെ അടുക്കൽ വന്നു നിന്നിൽ നിവസിക്കുന്നതിനു് തക്കവണ്ണം നിന്റെ ഹൃദയത്തെ ഒരുക്കുക.

എന്തുകൊണ്ടെന്നാൽ അദ്ദേഹം ഇപ്രകാരം പറയുന്നു: 'ഏതെങ്കിലും മനുഷ്യൻ എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വാക്കിനെ പരിപാലിക്കും; അപ്പോൾ ഞങ്ങൾ അവന്റെ അടുക്കൽ ചെല്ലുകയും ഞങ്ങളുടെ താമസം അവനോടുകൂടിയാക്കുകയും ചെയ്യും.'

അതുകൊണ്ടു് നിന്റെ ഉള്ളിൽ നീ ക്രിസ്തുവിനായി ഇടമുണ്ടാക്കുകയും മറെറല്ലാവക്കും

പ്രവേശം നിരോധിക്കുകയും ചെയ്യുക.

നിനക്കു ക്രിസ്തു ഉള്ളപ്പോൾ നീ ധനികനാണു്; നിനക്കു് അദ്ദേഹം മതിയാകും; മനുഷ്യരെ ആശ്രയിക്കേണ്ട ആവശ്യം നിനക്കുണ്ടാകാതിരിക്കത്തക്കവണ്ണം, നിനക്കു് ആവശ്യമുള്ളതു് അദ്ദേഹം തരുകയും എല്ലാ കാര്യങ്ങളിലും അദ്ദേഹം നിന്റെ വിശ്വാസ ധനകാര്യദർശിയായിരിക്കുകയും ചെയ്യും.

എന്തുകൊണ്ടെന്നാൽ മനുഷ്യർ ക്ഷണേന അവരുടെ നിലമാറുകയും പെട്ടന്നു് വിശ്വാസയോഗ്യരല്ലാതാകുകയും ചെയ്യുന്നു; എന്നാൽ ക്രിസ്തു എന്നേക്കും നിലനിൽക്കുകയും അവസാനംവരെ നമ്മെ സുസ്ഥിരമായി താങ്ങുകയും ചെയ്യുന്നു.

3. ബലഹീനനായ, മരണത്തിനു വിധേയനായ, ഒരു മനുഷ്യനിൽ, അവൻ ഉപയോഗപ്രദനും സ്നേഹിതനുമായിരുന്നാലും, വലുതായ വിശ്വാസം നിക്ഷേപിക്കപ്പെടാവുന്നതല്ല; അവൻ ചിലപ്പോൾ നിനക്കു് എതിരായിരിക്കുകയും നിനക്കു വിരുദ്ധമായി വരുകയും ചെയ്യുകയാണെങ്കിൽ നീ അധികമായി ഖേദിക്കേണ്ടതുമില്ല.

ഇന്നു നിനക്കു് അനുകൂലികളായിരിക്കുന്നവർ നാളെ പ്രതികൂലികളായും, ഇന്നു പ്രതികൂലികളായിരിക്കുന്നവർ നാളെ അനുകൂലിക

ളായും, അവർ കാറുപോലെ മാറിക്കൊണ്ടിരിക്കുന്നു.

നിന്റെ വിശ്വാസം മുഴുവനും ഈശ്വരനിൽ നിക്ഷേപിക്കുക; അദ്ദേഹത്തെ ആയിരിക്കട്ടെ നീ ഭയപ്പെടുന്നതും സ്നേഹിക്കുന്നതും; അദ്ദേഹം നിനക്കുവേണ്ടി ഉത്തരവാദം ചെയ്യുകയും നിനക്കു ഏറ്റവും നല്ലതു ചെയ്യുകയും ചെയ്യും.

നിനക്കു് ഇവിടെ നിലനില്ക്കുന്ന ഒരു നഗരമില്ല; നീ എവിടെ ആയിരുന്നാലും ഒരു പരദേശിയും സഞ്ചാരിയുമത്രെ, നീ ആന്തരമായി ക്രിസ്തുവിനോടു സംയുക്തനല്ലെങ്കിൽ, നിനക്കു ഒരിക്കലും വിശ്രമം ഉണ്ടാകുകയില്ല.

4. ഇതു് നിന്റെ വിശ്രമസ്ഥലമല്ലാതിരിക്കുന്ന സ്ഥിതിക്കു് നീ ഇവിടെ ചുറ്റും നോക്കിക്കൊണ്ടു നില്ക്കുന്നതു് എന്തിനു്?

നിന്റെ വസതി സ്വർഗ്ഗത്തായിരിക്കണം; ഭൂമിയിലെ സകല വസ്തുക്കളും വഴിയിൽ കടന്നുപോകുന്നവയായി ഗണിക്കപ്പെടേണ്ടതായിട്ടേ ഉള്ളു.

എല്ലാ വസ്തുക്കളും കാലയവനികയിൽ മറയുന്നു; നീയും അവയോടുകൂടി മറയും.

നീ അവയോടു് സംസക്തനാകാതെ സൂക്ഷിച്ചുകൊള്ളുക; അങ്ങനെ സൂക്ഷിച്ചില്ലെങ്കിൽ നീ കുരുക്കിലകപ്പെടുകയും നശിക്കുക

യും ചെയ്യും.

നീൻെറ ചിന്തകൾ അത്യന്തൻെറതെ ആയിരിക്കട്ടെ; നിൻെറ പ്രാർത്ഥന നിരന്തരമായി ക്രിസ്തുവിനോടും ആയിരിക്കട്ടെ.

ഉന്നതവും സ്വർഗ്ഗീയവുമായ കാര്യങ്ങളെപ്പറ്റി ധ്യാനിക്കുന്നതിനു നിനക്കു് അറിഞ്ഞുകൂടാ എന്നുണ്ടെങ്കിൽ, ക്രിസ്തുവിൻെറ പീഡാനുഭവത്തെ ശരണീകരിച്ചു്, അദ്ദേഹത്തിൻെറ തിരുമുറിവുകളിൽ ആത്മനാ നിവസിക്കുക.

എന്തുകൊണ്ടെന്നാൽ യേശുഭഗവാൻെറ മുറിവുകളെയും അനഘങ്ങളായ ക്ഷതങ്ങളെയും നീ ഭക്തിപൂർവ്വം ശരണം പ്രാപിക്കുന്നുവെങ്കിൽ സങ്കടങ്ങളിൽ നീ വലുതായ ആശ്വാസം അനുഭവിക്കും; മനുഷ്യരുടെ അവഹേളനം നീ അത്ര വകവയ്ക്കുകയുമില്ല; പ്രത്യുത, അപവാദങ്ങളെ നീ നഷ്ടപ്രയാസം സഹിക്കും.

5. ക്രിസ്തുവും ഈ ലോകത്തുവച്ചു് മനുഷ്യരാൽ അവഹേളിക്കപ്പെട്ടുകയും, പീഡാനുഭവത്തിൻെറ പരമകാഷ്ഠയിൽ, (ശത്രുക്കളുടെ) ദോഷാരോപണസംരംഭമദ്ധ്യേ, അന്തേവാസികളാലും മിത്രങ്ങളാലും ത്യജിക്കപ്പെട്ടുകയും ചെയ്തു.

പീഡ അനുഭവിക്കുന്നതിനും അവഹേളിക്കപ്പെടുന്നതിനും ക്രിസ്തു സ്വയം സമ്മതിച്ചു;

ആ സ്ഥിതിക്കു് നീ ആരെയെങ്കിലുംപററി പ
രാതി പറയുന്നതിനു മുതിരുന്നുവോ?

ക്രിസ്തുവിനു വിരോധികളും അപവാദികളു
മുണ്ടായിരുന്നു. ആ സ്ഥിതിക്കു നിനക്കു് എല്ലാ
വരും മിത്രങ്ങളും ഉപകർത്താക്കളും ആയിരി
ക്കണമെന്നു നീ ആഗ്രഹിക്കുന്നുവോ?

നിനക്കു കഷ്ടാനുഭവമുണ്ടാകുന്നില്ലെങ്കിൽ,
നിന്റെ ക്ഷമാശീലം എങ്ങനെ സമ്മാനാഹ
മാകും?

നീ എതിർപ്പു സഹിക്കുന്നില്ലെങ്കിൽ, നീ
ക്രിസ്തുവിന്റെ സ്നേഹിതനായിരിക്കുന്നതെങ്ങ
നെ?

ക്രിസ്തുവിനോടുകൂടി വാഴുന്നതിനു് നീ ആ
ഗ്രഹിക്കുന്നുവെങ്കിൽ അദ്ദേഹത്തോടുകൂടിയും
അദ്ദേഹത്തിനുവേണ്ടിയും പീഡകൾ അനു
ഭവിക്കുക.

യേശുഭഗവാന്റെ അന്തരംഗത്തിൽ നീ ഒ
രിക്കലെങ്കിലും പൂർണ്ണമായി പ്രവേശിക്കുകയും
അദ്ദേഹത്തിന്റെ ഉജ്ജ്വലമായ സ്നേഹത്തെ
അല്പമെങ്കിലും ആസ്വദിക്കുകയും ചെയ്തിരുന്നു
വെങ്കിൽ, നിന്റെ സ്വന്തം സുഖക്കുത്തെ
യോ അസുഖക്കുത്തെയോപററി നീ ഒട്ടും ഗൗ
നിക്കുമായിരുന്നില്ല; പ്രത്യുത, നീ അപവാദ
ത്തെപ്പററി പരമാനന്ദിക്കുമായിരുന്നു; എന്തു
കൊണ്ടെന്നാൽ യേശുവിനോടുള്ള സ്നേഹം

ഒരു മനുഷ്യനെക്കൊണ്ടു് ആത്മനിന്ദനം ചെയ്യിക്കുന്നു.

യേശുവിനെയും സത്യത്തെയും സ്നേഹിക്കുന്നവനും സാക്ഷാൽ അന്തർമ്മുഖനായിരിക്കുന്നവനും ക്രമരഹിതമായ സ്നേഹബന്ധങ്ങളിൽനിന്നു വിമുക്തനായിരിക്കുന്നവനുമായ ഒരു മനുഷ്യനു് ഈശ്വരസന്നിധിയിലേക്കു് യഥേഷ്ടം തിരിയുന്നതിനും ആത്മനാ സ്വയം ഉദ്ധരിക്കുന്നതിനും ആനന്ദപൂർവ്വം വിശ്രമം അനുഭവിക്കുന്നതിനും സാധിക്കും.

7. എല്ലാ വസ്തുക്കളെയും, മനുഷ്യർ അവയെപ്പറ്റി പറയുകയോ പരിഗണിക്കുകയോ ചെയ്യുന്നതുപോലെയല്ലാതെ, അവയുടെ യഥാർത്ഥമായ നിലയിൽ അറിയുന്നവൻ യഥാർത്ഥജ്ഞാനമുള്ളവനത്രെ; അവനെ പഠിപ്പിച്ചതു മനുഷ്യരല്ല, ഈശ്വരനാണു്.

അന്തർമ്മുഖനായി ജീവിക്കുന്നതിനും ബാഹ്യവസ്തുക്കളെ ഗണ്യമാക്കാതിരിക്കുന്നതിനും അറിയാവുന്നവനു തന്റെ ഭക്ത്യനുഷ്ഠാനങ്ങളെ നിർവഹിക്കുന്നതിനു് ഉചിതമായ സ്ഥലകാലങ്ങൾക്കു് ദുർലഭ്യം നേരിടുകയില്ല.

അന്തർമ്മുഖനായ മനുഷ്യൻ ക്ഷണേന ഏകാഗ്രചിത്തനാകുന്നു; എന്തുകൊണ്ടെന്നാൽ അവൻ ഒരിക്കലും ബാഹ്യവസ്തുക്കളിൽ ബദ്ധശ്രദ്ധനാകുന്നില്ല.

ബാഹ്യമായ പ്രയത്നമോ തൽക്കാലം ആവശ്യമുള്ള എന്തെങ്കിലും പ്രവൃത്തിയോ അവനു് ബാധകമായിത്തീരുന്നില്ല; പ്രത്യുത, സംഭവങ്ങളുടെ ഗതിയനുസരിച്ചു് അവൻ സ്വയം ക്രമപ്പെടുത്തുന്നു.

തന്റെ അന്തരംഗം സ്വന്തമാക്കി ക്രമപ്പെടുത്തിവെച്ചുകൊണ്ടിരിക്കുന്ന ഒരുവൻ മനുഷ്യരുടെ അസാധാരണവും ദുഷ്ടവുമായ പെരുമാറ്റത്തെ ഗണനിക്കുന്നില്ല.

ഒരു മനുഷ്യൻ ലോകകാര്യങ്ങളിൽ എത്രത്തോളം ഇടപെടുന്നുവൊ അത്രത്തോളം അവൻ പ്രതിബന്ധിക്കപ്പെടുകയും അവന്റെ ശ്രദ്ധ ചിതറുകയും ചെയ്യുന്നു.

8. നിന്നിൽ ഒരു ശരിയായ മനഃസ്ഥിതി ഉണ്ടായി, നീ ലൗകികസ്നേഹബന്ധങ്ങളിൽ നിന്നു വിമുക്തനായി വിശുദ്ധനായിരുന്നുവെങ്കിൽ, എല്ലാ കാര്യങ്ങളും നിന്റെ നന്മയ്ക്കും പുരോഗമനത്തിനും പര്യാപ്തമായിപ്പരിണമിക്കുമായിരുന്നു.

എന്നാൽ അനേകം സംഗതികൾ നിന്നെ മുഷിപ്പിക്കുകയും പലപ്പോഴും ശല്യപ്പെടുത്തുകയും ചെയ്യുന്നു; എന്തുകൊണ്ടെന്നാൽ നീ ഇനിയും പൂർണ്ണമായി ആത്മദമനം നിർവ്വഹിക്കുകയോ ലൗകിക കാര്യങ്ങളിൽനിന്നു് വിരക്തനാകുകയോ ചെയ്തിട്ടില്ല.

സൃഷ്ടികളോടുള്ള ശുദ്ധമല്ലാത്ത സ്നേഹം പോലെ ഒരു മനുഷ്യന്റെ ഹൃദയത്തെ മലിനപ്പെടുത്തുകയോ വിഷമിപ്പിക്കുകയോ ചെയ്യുന്നതായി യാതൊന്നുമില്ല.

നീ ബാഹ്യമായ സുഖത്തെ ത്യജിക്കുന്നുവെങ്കിൽ, സ്വർഗ്ഗീയകാര്യങ്ങളെപ്പറ്റി ധ്യാനിക്കുന്നതിനും പലപ്പോഴും ആന്തരമായ ആനന്ദം അധികമായി അനുഭവിക്കുന്നതിനും നിനക്കു സാധിക്കും.

അദ്ധ്യായം 2.

വിനയാന്വിതമായ വിധേയത്വം

ആരു നിനക്ക് അനുകൂലമെന്നും ആരു പ്രതികൂലമെന്നുമുള്ളതിനെപ്പറ്റി അധികം ഗവേഷിക്കേണ്ടതില്ല; എന്നാൽ നീ എന്തുചെയ്യുന്നുവെന്നും നീ ചെയ്യുന്ന ഓരോ കാര്യത്തിലും ദൈവം നിന്നോടുകൂടിയുണ്ടായിരിക്കണമെന്നും ശ്രദ്ധിക്കുക.

ഒരു നല്ല മനസ്സാക്ഷി ഉണ്ടായിരിക്കുക; എന്നാൽ ഈശ്വരൻ നിന്നെ വേണ്ടിടത്തോളം സംരക്ഷിക്കും.

എന്തുകൊണ്ടെന്നാൽ ഈശ്വരൻ സഹായിക്കുന്നവനെ യാതൊരു മനുഷ്യന്റെയും ദുഷ്ടൻ ബാധിക്കുകയില്ല.

നിനക്കു നിശ്ശബ്ദനായിരുന്നു പീഡ അനുഭവിക്കാൽ കഴിയുമെങ്കിൽ, ഭഗവാൻ നിന്നെ സഹായിക്കുമെന്നു നീ സംശയമെന്യെ കാണുന്നതായിരിക്കും.

നിന്നെ മോചിപ്പിക്കുന്നതിനുള്ള സമയവും രീതിയും അദ്ദേഹത്തിനറിയാം; അതുകൊണ്ടു നിന്നെ സംബന്ധിച്ചുള്ള സകലവും നീ അദ്ദേഹത്തെ ഭരമേല്പിക്കണം.

നമ്മെ സഹായിക്കുകയും സകല ഉരിതങ്ങളിലുംനിന്നു് മോചിപ്പിക്കുകയും ചെയ്യുന്നതു് ഈശ്വരന്റെ കാര്യമാകുന്നു.

മറുള്ളവർ നമ്മുടെ ന്യൂനതകളെ അറിയുകയും കുറച്ചുപ്പെടുത്തുകയും ചെയ്യുന്നതു് നമ്മെ കൂടുതൽ എളിമയുള്ളവരാക്കിത്തീർക്കുന്നതിനു പലപ്പോഴും വളരെ പ്രയോജനകരമാണു്.

2. ഒരു മനുഷ്യൻ തന്റെ ന്യൂനതകൾനിമിത്തം സ്വയം താഴ്ത്തുമ്പോൾ അവൻ മറുള്ളവരെ എളുപ്പം സമാധാനപ്പെടുത്തുകയും അവനോടു് നീരസം തോന്നുന്നവരെ വേഗം തൃപ്തിപ്പെടുത്തുകയും ചെയ്യുന്നു.

എളിമയുള്ളവനെ ഈശ്വരൻ സംരക്ഷിക്കു

കയും മോചിക്കുകയും ചെയ്യുന്നു; എളിമയുള്ള വനെ അദ്ദേഹം സ്നേഹിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു; എളിമയുള്ളവനോടു് അദ്ദേഹം അനുകൂലിക്കുന്നു; എളിമയുള്ളവനു് അദ്ദേഹം വലുതായ അനുഗ്രഹം നല്കുന്നു; അവൻ താഴ്ത്തപ്പെട്ടശേഷം അദ്ദേഹം അവനെ മഹിമയിലേക്കു് ഉയർത്തുന്നു.

എളിമയുള്ളവനു് അദ്ദേഹം തന്റെ രഹസ്യത്തെ വെളിപ്പെടുത്തിക്കൊടുക്കുകയും അവനെ തന്റെ അടുക്കലേക്കു് സുമധുരമായി ആകർഷിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നു.

എളിമയുള്ള മനുഷ്യൻ അവമാനം അനുഭവിച്ചാലും ശാന്തനായിത്തന്നെ വർത്തിക്കുന്നു; എന്തുകൊണ്ടെന്നാൽ അവൻ ലോകത്തെയല്ല, ഈശ്വരനെയാണു് അവലംബിച്ചിരിക്കുന്നതു്.

നീ എല്ലാവരെയുംകാൾ താണവനാണെന്നു് തന്നെത്താൻ ഗണിക്കുന്നതുവരെ നിനക്കു് എന്തെങ്കിലും അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നു വിചാരിക്കരുതു്.

അദ്ധ്യായം 3.

സമാധാനപ്രിയനായ ഒരു നല്ല മനുഷ്യൻ.

ഒന്നാമതായി നീ സമാധാനത്തിൽ വർത്തിക്കുക, അപ്പോൾ മറ്റുള്ളവർക്കു സമാധാനം വിതരണംചെയ്യുന്നതിനു നിനക്കു സാധിക്കും.

സമാധാനപ്രിയനായ ഒരു മനുഷ്യൻ വളരെ വിദ്വത്വമുള്ള ഒരുവനെക്കാൾ നന്മ ചെയ്യുന്നു.

ഇന്ദ്രിയവശഗനായ ഒരു മനുഷ്യൻ നല്ലതായ സകലതിനെയും തിന്മയിലേക്കു് ആകർഷിക്കുകയും എളുപ്പത്തിൽ തിന്മയിൽ വിശ്വസിക്കുകയും ചെയ്യുന്നു.

സമാധാനപ്രിയനായ ഒരു നല്ല മനുഷ്യൻ എല്ലാ സംഗതികളെയും നന്മയിലേക്കു് തിരിക്കുന്നു.

പരിപൂർണ്ണമായ സമാധാനത്തിൽ വർത്തിക്കുന്നവൻ ഒരു മനുഷ്യനെയും സംശയിക്കുന്നില്ല; എന്നാൽ അസംതൃപ്തനും അസ്വസ്ഥനുമായ ഒരുവൻ വിവിധങ്ങളായ ശങ്കകളാൽ അലട്ടപ്പെടുന്നു; അവനൊ സ്വസ്ഥതയില്ല, മറ്റുള്ളവരെ സ്വസ്ഥമായിരിക്കാൻ അവൻ അനുവദിക്കുകയുമില്ല.

അവനു പറയാൻ പാടില്ലാത്തതു് അ

വൻ പലപ്പോഴും പറയുന്നു; എന്നാൽ അവന്റെ കത്തവ്യമാകട്ടെ അവൻ ചെയ്യാതെ വിട്ടുകളയുന്നു.

അവൻ മറവുള്ളവരുടെ കത്തവ്യമെന്തെന്നു നിരൂപണം ചെയ്യുകയും സ്വന്തം കത്തവ്യത്തെ അവഗണിക്കുകയും ചെയ്യുന്നു.

അതുകൊണ്ടു് ആദ്യമായി നിന്നെ സംബന്ധിച്ച കാര്യങ്ങളിൽ ശ്രദ്ധ കാന്തിയുണ്ടായിരിക്കുക; അതിന്റെശേഷം നിന്റെ അയൽവാസിയുടെ കാര്യത്തിൽ ശ്രദ്ധ കാന്തി ന്യായമായി നിനക്കു പ്രദർശിപ്പിക്കാം.

2. നിന്റെ പ്രവൃത്തികൾക്കു സമാധാനം പറയുന്നതിനും നിറം പിടിപ്പിക്കുന്നതിനും വേണ്ടുവോളം നിനക്കു അറിയാം; എന്നാൽ മറവുള്ളവരുടെ സമാധാനം കേൾക്കുന്നതിനു നിനക്കു മനസ്സില്ല.

നീ നിന്നിൽതന്നെ അപരാധം ആരോപിക്കുകയും നിന്റെ സഹോദരനു് മാപ്പു കൊടുക്കുകയും ചെയ്യുന്നതു് കൂടുതൽ നീതിയുക്തമായിരിക്കും.

നിന്നോടു് സഹിഷ്ണുത പ്രദർശിക്കപ്പെടണമെങ്കിൽ മറവുള്ളവരോടു് നീയും സഹിഷ്ണുവായിരിക്കുക.

കണ്ടാലും, യഥാർത്ഥമായ സ്നേഹത്തിൽനിന്നും വിനയത്തിൽനിന്നും നീ ഇപ്പോഴും എ

ത്ര വിദൂരസ്ഥനായിരിക്കുന്നു; ഏതാദൃശമായ സ്നേഹവും വിനയവുമുള്ളവനു, തന്നോടുമാത്രമല്ലാതെ മറ്റാരോടും കോപമോ വിദ്വേഷമോ ഉണ്ടായിരിക്കുന്നതു് എങ്ങനെയെന്നു് അറിയാൻ പാടില്ല.

നല്ലവരോടും സൗമ്യശീലരോടും സഹവസിക്കുന്നതു് വലിയ കാര്യമല്ല; എന്തുകൊണ്ടെന്നാൽ അതു എല്ലാവക്കും പ്രകൃത്യാ പ്രിയംകരമാണു; എല്ലാവരും സമാധാനം അനുഭവിക്കുന്നതിൽ മനസ്സുള്ളവരും തങ്ങളോടു യോജിച്ചു പോകുന്നവരെ കൂട്ടുതലായി സ്നേഹിക്കുന്നവരുമാണു്.

എന്നാൽ കർക്കശസ്വഭാവരും ശഠരുമായ ആളുകളോടോ, അസമാധാനചിത്തരോടോ, നമ്മോടെതിർക്കുന്നവരോടോകൂടി സമാധാനപൂർവ്വം ജീവിക്കാൻ കഴിയുന്നതു് ഒരു വലുതായ അനുഗ്രഹവും ഏറ്റവും ശ്ലാഘനീയവും പുരുഷോചിതവുമായ ഒരു കാര്യവുമാകുന്നു.

3. തന്നത്താൻ സമാധാനത്തിൽ വർത്തിക്കുന്നവരും മറ്റുള്ളവരോടും സമാധാനത്തിൽ കഴിഞ്ഞുകൂടുന്നവരുമായി ചിലരുണ്ടു്.

എന്നാൽ തന്നത്താൻ സമാധാനപൂർവ്വം വർത്തിക്കുകയോ മറ്റുള്ളവരെ സമാധാനപരമായി ജീവിക്കാൻ അനുവദിക്കുകയോ ചെയ്യാത്തവരായും ചിലരുണ്ടു്; അവർ മറ്റുള്ളവക്കു്

ഉപദ്രവകാരികളാണു്; പക്ഷെ, അവർ തങ്ങൾക്കുതന്നെയാണു് ഏറ്റവും കൂടുതൽ ഉപദ്രവകാരികളായിരിക്കുന്നതു്.

തന്നത്താൻ സമാധാനപൂർവ്വം വർത്തിക്കുന്നവരും മറ്റുള്ളവരെ സമാധാനത്തിലേക്കു് നയിക്കുന്നതിനു ശ്രമിക്കുന്നവരുമായിചിലരുണ്ടു്.

എങ്കിലും, ഈ ദുരിതപൂർണ്ണമായ ജീവിതത്തിൽ നമ്മുടെ പൂർണ്ണമായ സമാധാനം, അരിഷ്ടതകൾ അനുഭവിക്കാതിരിക്കുന്നതിൽ എന്നതിനേക്കാൾ വിനയാന്വിതമായ സഹനശീലത്തിലാണു് അന്തർഭവിച്ചിരിക്കുന്നതു്.

പീഡ സഹിക്കേണ്ടതു് എങ്ങനെയെന്നു് അറിയാവുന്നവൻ അധികമായ സമാധാനം അനുഭവിക്കും; ഏതാട്ടശനായ ഒരുവൻ ആത്മജേതാവും, വിശ്വസ്തനാട്ടം, ക്രിസ്തുവിന്റെ സ്നേഹിതനും സഭയുടെ അവകാശിയുമാകുന്നു.

അദ്ധ്യായം 4.

പരിശുദ്ധമായ മനസ്സും ഏകാഗ്രമായ ഉദ്ദേശ്യവും.

രണ്ടു ചിറകുകളാൽ ഒരു മനുഷ്യൻ ലൗകിക വസ്തുക്കളിൽനിന്നു് ഉദ്ധരിക്കപ്പെടുന്നു. അതായതു് ഏകാഗ്രതയാലും പരിശുദ്ധതയാലും.

ഏകാഗ്രത ഉദ്ദേശ്യത്തിലും പരിശുദ്ധത സ്നേഹത്തിലുമാണുണ്ടായിരിക്കേണ്ടതു്. ഏകാഗ്രത ഈശ്വരനെ ലക്ഷീകരിക്കുന്നു; പരിശുദ്ധത അദ്ദേഹവുമായുള്ള സായൂജ്യത്തിൽ ലയിക്കുകയും അദ്ദേഹത്തെ ആസ്വദിക്കുകയും ചെയ്യുന്നു.

നീ ക്രമരഹിതമായ സ്നേഹബന്ധങ്ങളിൽ നിന്നു വിമുക്തനാണെങ്കിൽ സൽകർമ്മം നിനക്കു പ്രതിബന്ധമാകുകയില്ല.

ഈശ്വരന്റെ അഭിമതവും നിന്റെ അയൽവാസികളുടെ നന്മയുമല്ലാതെ മറ്റു യാതൊന്നും നീ ഉദ്ദേശിക്കുകയും ആരായുകയും ചെയ്യുന്നില്ലെങ്കിൽ, ആന്തരമായ സ്വാതന്ത്ര്യം നീ ആസ്വദിക്കുന്നതായിരിക്കും.

നിന്റെ ഹൃദയം നിർവ്യാജവും സരളവുമാണെങ്കിൽ, ഓരോ സൃഷ്ടിയും നിനക്കു ജീ

വീതത്തിന്റെ ഒരു ദൃഷ്ടാന്തവും ദിവ്യജ്ഞാനം അടങ്ങിയിരിക്കുന്ന ഒരു ഗ്രന്ഥവുമായിരിക്കും.

ഈശ്വരന്റെ നന്മയെ പ്രതിബിംബിക്കാതിരിക്കത്തക്കവണ്ണം അത്ര അല്പീയസ്സും അസാരവുമായ യാതൊരു സൃഷ്ടിയുമില്ല.

2. നീനക്കു് ആന്തരമായി നന്മയും പരിശുദ്ധതയും ഉണ്ടെങ്കിൽ നീ എല്ലാ വസ്തുക്കളെയും തടസ്സംകൂടാതെ കാണുകയും ശരിയായി ഗ്രഹിക്കുകയും ചെയ്യും.

ഒരു പരിശുദ്ധമായ ഹൃദയം സ്വർഗ്ഗത്തെയും നരകത്തെയും തുളച്ചുകയറുന്നു.

ഓരോരുത്തനും ആന്തരമായി എപ്രകാരം വർത്തിക്കുന്നുവോ അപ്രകാരം അവൻ ബാഹ്യമായും വിധീകല്പിക്കുന്നു.

ഈ ലോകത്തു ആനന്ദമുണ്ടെങ്കിൽ പരിശുദ്ധമായ ഹൃദയമുള്ള മനുഷ്യൻ തീർച്ചയായും അതിനെ അനുഭവിക്കുന്നു.

എവിടെയെങ്കിലും അരിഷ്ടതയും വേദനയുമുണ്ടെങ്കിൽ ഒരു ദുഷ്ടമായ മനസ്സാക്ഷി അവയെ ഏറ്റവും നല്ലവണ്ണം അറിയുന്നു.

തീയിലിട്ട ഇരുമ്പിന്റെ തുരുമ്പു നശിക്കുകയും അതു് തീക്കനലായി ഉജ്ജ്വലിക്കുകയും ചെയ്യുന്നതുപോലെ, ഈശ്വരങ്കലേക്കു പൂർണ്ണമായി തിരിയുന്ന ഒരു മനുഷ്യൻ അവന്റെ ഔദാസീന്യത്തെ പരിവർജ്ജിക്കുകയും ഒരു പു

തിയ മനുഷ്യനായി പരിവർത്തനം ചെയ്യപ്പെടുകയും ചെയ്യുന്നു.

3. ഒരു മനുഷ്യനെ ഉദാസീനത ബാധിച്ചു തുടങ്ങുമ്പോൾ അവൻ ഏറ്റവും അല്പമായ അദ്ധ്വാനത്തെയും ഭയപ്പെടുകയും ബാഹ്യമായ സുഖം സന്തോഷം അവലംബിക്കുകയും ചെയ്യുന്നു.

എന്നാൽ അവൻ പൂർണ്ണമായി ആത്മവിജയം പ്രാപിക്കുകയും ഈശ്വരന്റെ മാർഗ്ഗത്തിൽകൂടി ധൈര്യസമേതം സഞ്ചരിക്കുകയും ചെയ്തുതുടങ്ങുമ്പോൾ, മുമ്പ് അവനു് ദുർവ്വഹമായിത്തോന്നിയ കാര്യങ്ങൾ സുവഹമായിപ്പരിഗണിക്കുന്നു.

അദ്ധ്യായം 5

ആത്മചിന്ത.

നമുക്കു് അധികമായ ആത്മവിശ്വാസത്തിനു നിവൃത്തിയില്ല; എന്തുകൊണ്ടെന്നാൽ ദിവ്യാനുഗ്രഹവും ധാരണാശക്തിയും നമുക്കു് പലപ്പോഴും ഇല്ലാതാകുന്നു.

നമ്മിൽ അല്പമായ പ്രകാശം മാത്രമേയു

ള്ളൂ; അതും നമ്മുടെ ഉദാസീനത നിമിത്തം വേഗം നഷ്ടീഭവിക്കുന്നു.

നമ്മുടെ ആന്തരമായ അന്ധത എത്ര വലുതാണെന്ന് പലപ്പോഴും നാം മനസ്സിലാക്കുന്നുമില്ല.

നാം പലപ്പോഴും തിന്മ പ്രവർത്തിക്കുകയും അതിനെ ന്യായീകരിക്കുകയാൽ നമ്മുടെ അപരാധം ഗുരുതരമാക്കുകയും ചെയ്യുന്നു.

നാം ചിലപ്പോൾ വികാരഭരിതരാകുകയും അത് ഉത്തുജസ്വലതയാണെന്ന് തെറ്റിദ്ധരിക്കുകയും ചെയ്യുന്നു.

നാം മറവുള്ളവരെ അല്പകാര്യങ്ങളിലും കുറ്റപ്പെടുത്തുന്നു; എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം വലുതായ കാര്യങ്ങളും അവഗണിക്കപ്പെടുന്നു.

നാം അന്യരിൽനിന്ന് അനുഭവിക്കുന്ന വേദനയെ വേഗം അറിയുകയും അതിന്റെ ഗൗരവം നിർണ്ണയിക്കുകയും ചെയ്യുന്നു; എന്നാൽ അന്യർ നമ്മിൽനിന്ന് അനുഭവിക്കുന്ന വേദനയെ നാം ഗണ്യമാക്കുന്നില്ല.

സ്വന്തം പ്രവൃത്തികളെപ്പറ്റി സമ്യക്കായും ഉചിതമായും നിരൂപണം ചെയ്യുന്നവൻ അന്യനെപ്പറ്റി കഠിനമായി വിധിക്കുന്നതിനു കാരണം കാണുകയില്ല.

2. അന്തർമ്മുഖനായ ഒരു മനുഷ്യൻ മറ്റുള്ള സകല കടമകൾക്കും ഉപരിയായി സ്വന്തം കടമയെ പുലർത്തുന്നു; സ്വന്തം കാര്യത്തിൽ ജാഗ്രൂകമായി ശ്രദ്ധ പതിപ്പിക്കുന്നവനു് അന്യരെ സംബന്ധിച്ചിടത്തോളം നിഗ്രഹിതപരിപാലിക്കുന്നതിനു് എളുപ്പമുണ്ടു്.

മറ്റുള്ളവരുടെ കാര്യങ്ങളെപ്പറ്റി ഒന്നും പറയാതെ കഴിഞ്ഞുകൂടുകയും സ്വന്തം കാര്യത്തിൽ സവിശേഷം ദത്തശ്രദ്ധനായിരിക്കുകയും ചെയ്യുന്നില്ലെങ്കിൽ നീ ഒരിക്കലും ആന്തരമായ ഈശ്വരഭക്തിയുള്ളവനായിത്തീരുകയില്ല.

നിന്റെ ശ്രദ്ധ മുഴുവനും ഈശ്വരോദ്ദേശ്യകവും ആത്മോദ്ദേശ്യകവുമാകുന്നുവെങ്കിൽ, ലോകത്തു ബാഹ്യമായി നീ കാണുകയും കേൾക്കുകയും ചെയ്യുന്ന യാതൊന്നും നിന്നെ ബാധിക്കുകയില്ല.

നീ നിന്റെ കൂടെത്തന്നെ ഇല്ലാതിരിക്കുമ്പോൾ നീ എവിടെയാണു്? നീ സ്വകാര്യങ്ങളിലും വ്യാപൃതനായി കഴിയുമ്പോൾ, നീ ആത്മകാര്യം അവഗണിക്കുന്നുവെങ്കിൽ, അതുകൊണ്ടു നിനക്കു് എന്തു പ്രയോജനം സിദ്ധിക്കുന്നു?

ശാന്തിയും ഈശ്വരനോടു യഥാർത്ഥമായ ഐക്യവും വേണമെന്നു നീ ആഗ്രഹിക്കുന്നു

വെങ്കിൽ, മറെറല്ലാ കാര്യങ്ങളെയും തിരസ്കരിച്ചിട്ടു നീ ആത്മകാര്യത്തിൽ മാത്രം ബദ്ധശ്രദ്ധനായിരിക്കണം.

3. ലൗകികവ്യഗ്രതയിൽനിന്നു നീ വിമുക്തനാകുന്നുവെങ്കിൽ നിനക്കു വലുതായ അഭിവൃദ്ധിയുണ്ടാകും.

എന്നാൽ ലൗകികമായ ഏതു കാര്യത്തിനെങ്കിലും നീ വിലകല്പിക്കുന്നുവെങ്കിൽ നിനക്കു വലുതായ പരാജയമുണ്ടാകും.

ഈശ്വരനോ ഈശ്വരനേറതോ മാത്രമല്ലാത്ത യാതൊന്നും നിന്റെ ദൃഷ്ടിയിൽ വലുതോ, ഉയർന്നതോ, പ്രിയംകരമോ, ആദരണീയമോ ആയിരിക്കരുതു്.

നിനക്കു് ഏതെങ്കിലും സൃഷ്ടിയിൽനിന്നു ലഭിക്കുന്ന സുഖം മുഴുവനും മിഥ്യയാണെന്നു കരുതുക.

ഈശ്വരനെ സ്നേഹിക്കുന്ന ഒരു ആത്മാവു് ഈശ്വരനെക്കാൾ കുറഞ്ഞതായ സകല വസ്തുക്കളെയും നിസ്സാരമായീക്കരുതുന്നു.

ആദ്യന്തവിഹീനനും അമേയനും സർവ്വാന്തര്യാമിയുമായ ഈശ്വരനുമാത്രമേ ആത്മാവിനു യഥാർത്ഥമായ സുഖത്തെയും ഹൃദയത്തിനു യഥാർത്ഥമായ ആനന്ദത്തെയും പ്രദാനം ചെയ്യുന്നതിനു കഴിയുകയുള്ളൂ.

അദ്ധ്യായം 6.

ഒരു നല്ല മനസ്സാക്ഷിമൂലമുള്ള ആനന്ദം

ഒരു നല്ല മനുഷ്യന്റെ മഹിമ ഒരു നല്ല മനസ്സാക്ഷിയുടെ സാക്ഷ്യമാകുന്നു.

ഒരു നല്ല മനസ്സാക്ഷിയെ പാലിക്കുക; എന്നാൽ നിനക്ക് എപ്പോഴും ആനന്ദം അനുഭവിക്കാം.

ഒരു നല്ല മനസ്സാക്ഷിക്കു വളരെ അധികം സഹിക്കാൻ കഴിയും; അതു ദുരദൃഷ്ടങ്ങളിലും വളരെ ആനന്ദപൂർവ്വം വർത്തിക്കുന്നു.

ഒരു ദുഷിച്ച മനസ്സാക്ഷി എപ്പോഴും ഭയപൂർണ്ണവും അസ്വസ്ഥവുമാണ്.

നിന്റെ ഹൃദയം നിന്നെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ നീ നിന്റെ വിശ്രമം ഹൃദ്യമായി ആസ്വദിക്കും.

നിന്റെ പ്രവൃത്തി നല്ലതായിരിക്കുമ്പോഴല്ലാതെ നീ ഒരിക്കലും സന്തോഷിക്കരുതു്.

ദുഷ്ടന്മാർക്ക് ഒരിക്കലും യഥാർത്ഥമായ ആനന്ദം ഉണ്ടായിരിക്കുകയില്ല; അവർ ഒരിക്കലും ആന്തരമായ സമാധാനം അനുഭവിക്കുകയുമി

ല്ല; 'എന്തുകൊണ്ടെന്നാൽ, 'ദുഷ്ടന്മാക്കു സമാധാനമില്ല' എന്നു ഭഗവാൻ പറയുന്നു'

(ഇസ. xviii. 22.)

'ഞങ്ങൾ സമാധാനത്തിൽ വർത്തിക്കുന്നു; ദുരന്തങ്ങൾ ഞങ്ങൾക്കു സംഭവിക്കുകയില്ല; ഞങ്ങളെ ഉപദ്രവിക്കാൻ ആരു ധൈര്യപ്പെടും?' എന്നു് അവർ പറയുമെങ്കിൽ, അവരെ വിശ്വസിക്കരുതു്; എന്തുകൊണ്ടെന്നാൽ, പെട്ടെന്നു് ഈശ്വരകോപം ഉണ്ടാകുകയും അവരുടെ പ്രവൃത്തികൾ വിഫലീഭവിക്കുകയും അവരുടെ സങ്കല്പങ്ങൾ നാമാവശേഷമാവുകയും ചെയ്യും.

2. കഷ്ടതയിൽ സന്തോഷിക്കുക എന്നതു് സ്നേഹമുള്ളവനു പ്രയാസമുള്ള സംഗതിയല്ല. എന്തുകൊണ്ടെന്നാൽ അപ്രകാരം സന്തോഷിക്കുന്നതു്, നമ്മുടെ രക്ഷാനാഥനായ യേശുക്രിസ്തുവിന്റെ കുരിശിൽ സന്തോഷിക്കുകയാകുന്നു.

മനുഷ്യരിൽനിന്നു ലഭിക്കുന്ന മഹിമ ക്ഷണികമാകുന്നു.

ലൗകിക മഹിമയെ എപ്പോഴും ദുഃഖം അനുഗമിക്കുന്നു.

സജ്ജനങ്ങളുടെ മഹിമ അവരുടെ അന്തഃകരണങ്ങളിലാണു്, മനുഷ്യരുടെ നാവുകളിലല്ല, സ്ഥിതിചെയ്യുന്നതു്.

നീതിമാന്മാരുടെ സന്തോഷം ഈശ്വരനിൽനിന്നും ഈശ്വരനിലുമാണു്; അവർ സത്യത്തിൽ ആനന്ദിക്കുന്നു.

യഥാർത്ഥവും അനന്തവുമായ മഹിമയെ ആഗ്രഹിക്കുന്നവൻ ലൗകികമായതിനു വില കല്പിക്കുന്നില്ല.

ലൗകികമായ മഹിമയെ ആരാധിക്കുകയോ അതിനെ ആത്മനാ വെറുക്കാതിരിക്കുകയോ ചെയ്യുന്നവൻ സ്വർഗ്ഗീയമായ മഹിമയോടു് വലിയ പ്രതിപത്തിയില്ലാത്തവനാണെന്നു തെളിയിക്കുന്നു.

മനുഷ്യരുടെ സ്തുതിയാകട്ടെ നിന്ദയാകട്ടെ ഗണനിക്കാത്തവൻ വലുതായ ഹൃദയശാന്തി അനുഭവിക്കുന്നു.

3. പരിശുദ്ധമായ മനസ്സാക്ഷിയോടുകൂടിയവൻ എല്ലാപ്പുത്തിൽ സംതൃപ്തനാകുകയും സമാധാനത്തിൽ വർത്തിക്കുകയും ചെയ്യും.

നീ പ്രശംസിക്കപ്പെടുന്നതുകൊണ്ടു് കൂടുതൽ വിശുദ്ധനാകുന്നില്ല; അവഹേളിക്കപ്പെടുന്നതുകൊണ്ടു നീ കൂടുതൽ അയോഗ്യനാകുന്നതുമില്ല.

നീ എന്തായിരിക്കുന്നുവോ അതുതന്നെയാണു് നീ; ഈശ്വരദൃഷ്ടിയിൽ നീ ആരാണോ അതിനേക്കാൾ നീ വലിയവനാണെന്നു പറയാൻ സാധിക്കുകയില്ല.

നിന്റെ ഉള്ളിൽ നീ ആരാണെന്ന നല്ല വണ്ണം നിരൂപിക്കുകയാണെങ്കിൽ, മനുഷ്യൻ നിന്നെപ്പറ്റി എന്തു പറയുന്നുവെന്ന നീ ഗണിക്കുകയില്ല.

മനുഷ്യൻ മുഖത്തെ കാണുന്നു, എന്നാൽ ഈശ്വരൻ ഹൃദയത്തെ ദർശിക്കുന്നു; മനുഷ്യൻ പ്രവൃത്തികളെ പരിഗണിക്കുന്നു; എന്നാൽ ഈശ്വരൻ ഉദ്ദേശ്യങ്ങളെ അവധാരണം ചെയ്യുന്നു.

എപ്പോഴും നല്ലതു പ്രവർത്തിക്കുകയും തന്നെത്താൻ നിസ്സാരനെന്ന ഗണിക്കുകയുംചെയ്യുന്നതു് ഒരു വിനീതമായ ആത്മാവിന്റെ ലക്ഷണമാകുന്നു.

സൃഷ്ടിക്കപ്പെട്ട യാതൊരു വസ്തുവിലും നിന്നുള്ള സുഖം വേണ്ടെന്നുവയ്ക്കുന്നതു് വലുതായ വിശുദ്ധതയുടെയും ആന്തരമായ വിശ്വാസത്തിന്റെയും ഒരു അടയാളമാകുന്നു.

4. പുറമെനിന്ന യാതൊരു സാക്ഷ്യവും തനിക്കായി അന്വേഷിക്കാത്തവൻ, അവൻ ഈശ്വരങ്കൽ പൂർണ്ണമായി ആത്മസമർപ്പണം ചെയ്തിട്ടുണ്ടെന്നു, സ്പഷ്ടമായി തെളിയിക്കുന്നു.

"എന്തുകൊണ്ടെന്നാൽ തന്നെത്താൻ അഭിനന്ദിക്കുന്നവനല്ല, ഈശ്വരൻ അഭിനന്ദിക്കു

ന്നവനത്രെ അംഗീകരിക്കപ്പെട്ടുന്നതു" എന്നു സെയിൻറ് പോൾ പറയുന്നു.

(ii. cor. x. 18.)

ഹൃദയത്തിൽ ഈശ്വരനോടുകൂടി സഞ്ചരിക്കുന്നതും പുറമെ യാതൊരു ആശാപാശത്താലും ബന്ധിക്കപ്പെടാതിരിക്കുന്നതും ഭക്തനായ ഒരു മനുഷ്യന്റെ അവസ്ഥയാകുന്നു.

അദ്ധ്യായം 7.

സർവ്വോപരി യേശുവിനെ സ്നേഹിക്കുക

യേശുവിനെ സ്നേഹിക്കുക എന്നാൽ എന്ത് എന്നറിയുകയും യേശുവിനുവേണ്ടി തന്നെ ത്താൻ വെറുക്കുകയും ചെയ്യുന്നവൻ അനുഗ്രഹീതനാകുന്നു.

ഈ പ്രിയതമനുവേണ്ടി നിന്റെ പ്രിയ ഭാജനത്തെ നീ വെടിയണം; എന്തുകൊണ്ടെന്നാൽ, സർവ്വോപരീ യേശുമാത്രം സ്നേഹിക്കപ്പെടും.

സൃഷ്ടിക്കപ്പെട്ട വസ്തുക്കളുടെ സ്നേഹം വഞ്ചനനിറഞ്ഞതും അസ്ഥിരവുമത്രെ; യേശുവിന്റെ സ്നേഹം വിശ്വാസയോഗ്യവും സുസ്ഥിരവുമാണ്.

സൃഷ്ടികളോടു സംസക്തനായവൻ അവയോടുകൂടി അധഃപതിക്കുന്നു; യേശുവിനെ ആശ്ലേഷിക്കുന്നവൻ എന്നേക്കും ഉറച്ചു നില്ക്കും.

അദ്ദേഹത്തെ സ്നേഹിക്കുകയും നിന്റെ സ്നേഹിതനായി വച്ചുകൊണ്ടിരിക്കുകയും ചെയ്യുക; എല്ലാവരും നിന്നെ വിട്ടുപിരിയുമ്പോൾ, അദ്ദേഹം നിന്നെ ഉപേക്ഷിക്കുകയോ ഒടുവിൽ നീ നശിക്കുന്നതിനു അനുവദിക്കു

കയോ ചെയ്യുകയില്ല.

നിനക്കു് ഇഷ്ടമായാലും ഇല്ലെങ്കിലും മറെറല്ലാവസ്തുക്കളെയും നീ ഒടുവിൽ വിട്ടുപിരിയേണ്ടിവരും.

ജീവിതത്തിലും മരണത്തിലും ഏശുവിനോടു സംയുക്തനായിരിക്കുകയും അദ്ദേഹത്തിൻെറ സംരക്ഷണത്തിൽ നീ സ്വയം സമർപ്പിക്കുകയും ചെയ്യുക; മറെറല്ലാവരും നിനക്കു നഷ്ടീഭവിക്കുമ്പോൾ അദ്ദേഹത്തിനുമാത്രമേ നിന്നെ സഹായിക്കാൻ കഴിയുകയുള്ളു.

തൻെറ സ്ഥാനത്തു മറാരെയും അനുവദിക്കാത്ത സ്വഭാവമാണു നിൻെറ പ്രിയതമനുള്ളതു്; അദ്ദേഹം നിൻെറ ഹൃദയത്തെ സ്വായത്തമാക്കുകയും ഒരു രാജാവു തൻെറ സിംഹാസനത്തിലെന്നപോലെ അതിൽ ഉപവിഷ്ടനാകുകയും ചെയ്യുന്നു.

സൃഷ്ടികളോടുള്ള സ്നേഹബന്ധങ്ങളിൽനിന്നു നീ നിർമ്മുക്തം ഒഴിഞ്ഞിരിക്കുമെങ്കിൽ യേശു സന്തോഷപൂർവ്വം നിന്നോടു സഹവസിക്കും.

യേശുവിലല്ലാതെ മനുഷ്യരിൽ നീ നിക്ഷേപിച്ചിട്ടുള്ളതെല്ലാം ഒരു തരത്തിൽ നഷ്ടീഭവിച്ചതായി നീ കാണും.

കാററിലിളകുന്ന മുളംപുല്ലിൽ വിശ്വസിക്കു

കയോ ആശ്രയിക്കുകയോ ചെയ്യരുതു"; എന്തുകൊണ്ടെന്നാൽ, എല്ലാമാംസവും പുല്ലാകുന്നു; അതിന്റെ പ്രതാപം മുഴുവനും വയലിലെ പുഷ്പംപോലെ ക്ഷണഭംഗുരമത്രെ'.

(ഇസ. xi. 6.)

3. മനുഷ്യരിൽ പുറമെ കാണുന്നതു മാത്രമെ നീ ഗണനിക്കുന്നുള്ളുവെങ്കിൽ, നീ ക്ഷണേന വഞ്ചിക്കപ്പെട്ടും.

നീ മറ്റുള്ളവരിൽ നിന്റെ സുഖവും ലാഭവും തേടുന്നുവെങ്കിൽ നിനക്കു പലപ്പോഴും നഷ്ടം നേരിടും.

എല്ലാ കാര്യങ്ങളിലും നീ യേശുവിനെ ആരായുന്നുവെങ്കിൽ നീ തീർച്ചയായും യേശുവിനെ കണ്ടെത്തും.

എന്നാൽ നീ നിന്നെത്തന്നെ ആരായുന്നുവെങ്കിൽ നീ നിന്നെത്തന്നെ കാണുമെന്നുള്ളതും തീർച്ചതന്നെ; പക്ഷേ അതു നിന്റെ സ്വന്തം നാശത്തിനായിരിക്കും.

എന്തുകൊണ്ടെന്നാൽ, ഒരു മനുഷ്യൻ യേശുവിനെ അന്വേഷിക്കുന്നില്ലെങ്കിൽ, ലോകം മുഴുവനും അവന്റെ ശത്രുക്കളെല്ലാവരും കൂടിച്ചേർന്ന് അവനു ചെയ്യാവുന്നതിൽ കൂട്ടുതലായ ഉപദ്രവം അവൻ തന്നെത്താൻ വരുത്തിവെയ്ക്കുന്നു.

അദ്ധ്യായം 8

യേശുവിനോടുള്ള മൈത്രി.

യേശുവിന്റെ സാന്നിദ്ധ്യമുള്ളപ്പോൾ എല്ലാം ശുഭമാണു, യാതൊന്നും പ്രയാസമുള്ളതായി തോന്നുകയില്ല; പ്രത്യുത, യേശുവിന്റെ സാന്നിദ്ധ്യമില്ലാത്തപ്പോൾ എല്ലാ കായ്വും വിഷമമായിരിക്കുന്നു.

യേശു നമ്മുടെ ഉള്ളിൽ സംസാരിക്കാത്തപ്പോൾ നമ്മുടെ സുഖം നിസ്സാരമാണു; എന്നാൽ അദ്ദേഹം ഒറ വാക്കെങ്കിലും സംസാരിക്കുമെങ്കിൽ നമുക്കു വലുതായ ആശ്വാസം തോന്നുന്നു.

'സ്വാമി വന്നിരിക്കുന്നു, അദ്ദേഹം നിന്നെ വിളിക്കുന്നു,' (ജോൺ XI. 28.) എന്നു മാത്താ മറിയമശ്ശലേനായോടു പറഞ്ഞപ്പോൾ മറിയമശ്ശലേന അവൾ കരഞ്ഞുകൊണ്ടിരുന്ന സ്ഥലത്തുനിന്നു് ഉടൻ ഓടി എഴുന്നേറ്റില്ലയോ?

ബാഷ്പധാരയിൽനിന്നു് ആത്മീയാനന്ദത്തിലേക്കു യേശു നിന്നെ നിമന്ത്രണം ചെയ്യുന്ന ആ സമയം എത്ര സൗഭാഗ്യകരം!

യേശു ഇല്ലാതിരുന്നാൽ നിന്റെ ഹൃദയം എത്ര ചൈതന്യരഹിതവും കഠിനവു

മാണു്! യേശുവിനു പുറമെ നീ എന്തെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ നീ എന്തു മൂഢനും കഥയില്ലാത്തവനുമാണു്! നിനക്കു ലോകം മുഴുവനും നഷ്ടമായാലുള്ളതിനെക്കാൾ വലുതായ ഒരു നഷ്ടമല്ലയോ ഇതു്?

2. യേശുവില്ലാതിരുന്നാൽ ലോകത്തെക്കൊണ്ടു നിനക്കു് എന്തൊരു പ്രയോജനമുണ്ടു്?

യേശുവിനോടുകൂടി അല്ലായിരിക്കുകയെന്നതു ദുർഭാഗ്യകരമായ നരകവും യേശുവിനോടുകൂടി ആയിരിക്കുകയെന്നതു സുമധുരമായ പറുദീസായുമാണു്.

യേശു നിന്നോടുകൂടിയുണ്ടെങ്കിൽ യാതൊരു ശത്രുവിനും നിന്നെ ഉപദ്രവിക്കാൻ സാധിക്കുകയില്ല.

യേശുവിനെ ലഭിക്കുന്നവനു് ഒരു നല്ല നിധിയെ—അതെ, സകല നന്മകൾക്കും ഉപരിയായ ഒരു നന്മയെ—ലഭിക്കുന്നു.

യേശു നഷ്ടീഭവിക്കുന്നവനു വലുതായ നഷ്ടം—അതെ, ലോകം മുഴുവനും നഷ്ടമായാലുള്ളതിനെക്കാൾ വലുതായ നഷ്ടം—നേരിടുകയും ചെയ്യുന്നു.

യേശുവിനെക്കൂടാതെ ജീവിക്കുന്നവൻ ഏറ്റവും ദരിദ്രനും യേശുവിനോടുകൂടി നല്ലപോലെ കഴിഞ്ഞുകൂടുന്നവൻ ഏറ്റവും ധ

നീകനുമാകുന്നു.

3. യേശുവുമായി സംഭാഷണം ചെയ്യുന്നതെങ്ങനെയെന്നു് അറിയുന്നതു് മഹത്തായ ഒരു കലയാകുന്നു; യേശുവിനെ സ്വാധീനമാക്കി വച്ചുകൊണ്ടിരിക്കുന്നതിനു് അറിയുന്നതു് മഹത്തായ ജ്ഞാനവുമാകുന്നു.

വിനീതനും സമാധാനപ്രിയനുമായിരിക്കുക, എന്നാൽ യേശു നിന്നോടുകൂടി ഉണ്ടായിരിക്കും.

ഭക്ഷനും ശാന്തനുമായിരിക്കുക; എന്നാൽ യേശു നിന്നോടുകൂടി താമസിക്കും.

നീ ബാഹ്യകാര്യങ്ങൾക്കായി മാത്സ്രുഭംശം ചെയ്യുന്നുവെങ്കിൽ, നീ യേശുവിനെ വേഗം ബഹിഷ്കരിക്കുകയും അദ്ദേഹത്തിന്റെ അനുഗ്രഹം നഷ്ടപ്പെടുത്തുകയും ചെയ്യുവെന്നു വരാം.

നീ നിന്നിൽനിന്നു് അദ്ദേഹത്തെ ഓടിച്ചുകളയുകയും അദ്ദേഹം നിനക്കില്ലാതാകുകയും ചെയ്യുന്നുവെങ്കിൽ, നീ പിന്നീടു് ആരുടെ അടുക്കൽ അഭയം പ്രാപിക്കും? സ്നേഹിതനായി പിന്നീടു് നീ ആരെ അന്വേഷിക്കും?

ഒരു സ്നേഹിതനെക്കൂടാതെ നിനക്കു സുഖമായി ജീവിക്കാൻ സാധിക്കുകയില്ല. യേശു നിന്റെ സർവ്വോൽകൃഷ്ടനായ സ്നേഹിതനല്ലെങ്കിൽ, നീ അത്യധികം ദുഃഖാക്രാന്ത

നും ആശ്വാസരഹിതനുമായിരിക്കും.

അതുകൊണ്ടു നീ മറ്റാരിലെങ്കിലും വിശ്വസിക്കുകയോ സന്തോഷിക്കുകയോ ചെയ്യുന്നുവെങ്കിൽ നീ ബുദ്ധിഹീനനായി പ്രവർത്തിക്കുകയാണു്.

യേശുവിനോടു് അപരാധം ചെയ്യുന്നതിനേക്കാൾ ലോകം മുഴുവനും നമ്മോടു് എതിരായിരിക്കുന്നതു നമുക്കു് അഭിലഷണീയമാണു്.

അതുകൊണ്ടു നീ സ്നേഹിക്കുന്ന എല്ലാവരിലുംവച്ചു യേശു എല്ലായ്പോഴും നിന്റെ സവിശേഷമായ സ്നേഹത്തിനു് പാത്രമായിരിക്കട്ടെ.

4. എല്ലാറ്റിനെയും യേശുവിനുവേണ്ടി സ്നേഹിക്കുക; എന്നാൽ യേശുവിനെ അദ്ദേഹത്തിനുവേണ്ടിത്തന്നെ സ്നേഹിക്കുക.

യേശുക്രിസ്തുമാത്രമേ സ്നേഹയോഗ്യനായിട്ടുള്ളൂ; അദ്ദേഹം മാത്രമേ സകല സ്നേഹിതന്മാരെയുംകാൾ നല്ലവനും വിശ്വസ്തനുമായികാണപ്പെടുന്നുള്ളൂ.

അദ്ദേഹത്തിനുവേണ്ടിയും അദ്ദേഹത്തിലും മിത്രങ്ങളെയും ശത്രുക്കളെയും നീ ഒന്നുപോലെ സ്നേഹിക്കുക; ഭൂവരെല്ലാവരും അദ്ദേഹത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിനായി, എല്ലാവക്കുംവേണ്ടി നീ അ

ദ്ദേഹത്തോടു പ്രാർത്ഥിക്കണം.

വിശേഷവിധിയായി പ്രശംസിക്കപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനും നീ ഒരിക്കലും ആഗ്രഹിക്കരുതു്; എന്തുകൊണ്ടെന്നാൽ അതു് നിസ്സല്യനായ ഈശ്വരനുമാത്രമുള്ളതാണു്.

ആരുടെയും ഹൃദയം നിന്നിൽ സമർപ്പിക്കപ്പെടണമെന്നു് ആഗ്രഹിക്കരുതു്; നിന്റെ ഹൃദയം ആരോടുമുള്ള സ്നേഹത്താൽ പരവശമാകുകയുമരുതു്; എന്നാൽ യേശു നിന്നിലും എല്ലാ സജ്ജനങ്ങളിലും ഉണ്ടായിരിക്കട്ടെ.

5. അകമെ പരിശുദ്ധനും സ്വതന്ത്രനുമായിരിക്കുക; നിന്റെ ഹൃദയം യാതൊരു സൃഷ്ടിയിലും കുരുങ്ങിപ്പോകാതെ സൂക്ഷിക്കുക.

നിനക്കു ഭഗവാൻ എത്ര മാധുര്യപ്രദനാണെന്നു സ്വൈരമായി ചിന്തിക്കുകയും കാണുകയും ചെയ്യണമെന്നുണ്ടെങ്കിൽ, നീ ഈശ്വരസന്നിധിയിൽ നഗ്നനും നിർമ്മലഹൃദയനുമായിരിക്കണം.

സത്യമായി, അദ്ദേഹത്തിന്റെ അനുഗ്രഹം നിന്നെ സഹായിക്കുകയും ആകർഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ, നീയും അദ്ദേഹവുംമാത്രം സംയോജിപ്പിക്കപ്പെടത്തക്കവ

ണ്ണം എല്ലാവരെയും ഉപേക്ഷിച്ചു് എല്ലാവരോടും യാത്ര പറയുന്നതിനുള്ള സൗഭാഗ്യം നിനക്കു് ഒരിക്കലും പ്രാപ്യമല്ല.

എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യനു് ഈശ്വരാനുഗ്രഹം സിദ്ധിക്കുമ്പോൾ അവൻ സകല കാര്യങ്ങൾക്കും സമർത്ഥനും ശക്തനുമാണു്; അതു് അവനെ വിട്ടുപിരിയുമ്പോൾ അവൻ കശാപ്രഹരത്തിനുമാത്രമായെന്നവണ്ണം ഉപേക്ഷിക്കപ്പെട്ട ദരിദ്രനും ശക്തിഹീനനുമത്രെ.

ഈ സ്ഥിതിയിലും അവൻ വ്യസനപരവശനോ ഭഗ്നാശനോ ആകരുതു്; പ്രത്യുത, അവൻ സമചിത്തനായി ഈശ്വരഹിതത്തിനു വശംവദനായി നിലകൊള്ളുകയും, എന്തുതന്നെ സംഭവിച്ചാലും അതെല്ലാം, യേശുക്രിസ്തുവിന്റെ മാഹാത്മ്യത്തിനായി, സഹിക്കുകയും ചെയ്യണം; എന്തുകൊണ്ടെന്നാൽ വഷ്കാലത്തിനുശേഷം വേനൽക്കാലം വരുന്നു; രാത്രീക്കുശേഷം പകൽ വീണ്ടും വരുന്നു; കൊടുങ്കാറ്റിനുശേഷം വലുതായ ശാന്തത ഉണ്ടാകുന്നു.

അദ്ധ്യായം 9

ആശ്വാസരാഹിത്യം

നമുക്കു ദിവ്യമായ ആശ്വാസമുള്ളപ്പോ ൾ മാനുഷമായ ആശ്വാസത്തെ അവഗ ണിക്കുന്നതു് പ്രയാസമുള്ള സംഗതിയല്ല.

മാനുഷവും ദൈവികവുമായ ആശ്വാസ ത്തിന്റെ അഭാവം സഹിക്കാൻ കഴിയുന്ന തും, ഹൃദയത്തിന്റെ ഈ പ്രവാസം ഈ ശ്വരമഹത്വത്തിനുവേണ്ടി അനുഭവിക്കുന്നതി നു സന്നദ്ധതയുണ്ടായിരിക്കുന്നതും, യാതൊ ന്നിലും സ്വാർത്ഥത ആരായാതിരിക്കുകയോ ചെയ്യുന്നതും വലുതായ, വളരെ വലുതായ, ഒരു കാര്യമാകുന്നു.

നിനക്കു ദിവ്യാനുഗ്രഹം സിദ്ധിക്കുന്ന സ മയം നീ സന്തുഷ്ടനും ഭക്തനുമായിരിക്കുന്നു വെങ്കിൽ, അതു് അത്രവലിയ കാര്യമാണോ? ആ സമയം എല്ലാവരും അഭിലഷിക്കത്തക്ക താണല്ലോ.

ഈശ്വരാനുഗ്രഹത്താൽ വഹിക്കപ്പെട്ട വൻ നിർഭയം സവാരിചെയ്യുന്നു.

സർവ്വശക്തനാൽ വഹിക്കപ്പെടുകയും രാ ജരാജേശ്വരനായ മാസ്റ്റർഗിയാൽ നയിക്ക പ്പെടുകയും ചെയ്യുന്നവൻ അവന്റെ ഭാ

രം അറിയുന്നില്ലെങ്കിൽ അതിൽ ആശ്ചര്യപ്പെടാൻ എന്തുള്ളൂ?

2. നമ്മുടെ സുഖത്തിനായി എന്തെങ്കിലും എല്ലായ്പോഴും ഉണ്ടായിരിക്കണമെന്നു നാം ആഗ്രഹിക്കുന്നു; സ്വാർത്ഥത്യാഗം ചെയ്യുക എന്നതു് മനുഷ്യനു പ്രയാസം കൂടാതെ സാധിക്കാവുന്ന കാര്യമല്ല.

വിശ്വസ്ത രക്തസാക്ഷിയായ ലാറൻസ് ഈ ലോകത്തു പ്രിയംകരമായിട്ടുള്ള സകലവും വെറുക്കുകയാൽ ലോകത്തെ ജയിച്ചു; ക്രിസ്തുവിനോടുള്ള സ്നേഹംനിമിത്തം താൻ ഏറ്റവും സ്നേഹിച്ച മഹാ പുരോഹിതനായ സിക്സ്റ്റസ്സ് തന്നിൽനിന്നു അപഹരിക്കപ്പെടുന്നതിനുപോലും അദ്ദേഹം അനുവദിച്ചു.

അദ്ദേഹം, അതിനാൽ, സ്രഷ്ടാവിനോടുള്ള സ്നേഹംകൊണ്ടു മനുഷ്യനോടുള്ള സ്നേഹത്തെ ജയിച്ചു; മനുഷ്യജന്യമായ സുഖത്തിനുപകരം അദ്ദേഹം ഈശ്വരഹിതത്തെ സ്വീകരിച്ചു.

അതുപോലെ നീയും, ഈശ്വരസ്നേഹത്തിനുവേണ്ടി, ഉപകാരിയും പ്രിയഭാജനവുമായ ഒരു സ്നേഹിതനെ വിട്ടുപിരിയുന്നതിനു പഠിക്കുക.

ഒരു സ്നേഹിതൻ നിന്നെ ഉപേക്ഷിക്കു

മ്പോൾ അതു നിനക്കു് ഹൃദയഭേദകമാകരുതു്; ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ നമ്മളെല്ലാവരും പരസ്പരം വേർപെടേണ്ടവരാണെന്നു നിനക്കു് അറിയാമല്ലോ.

3. ഒരു മനുഷ്യനെ തന്നെത്താൻ ജയിക്കുന്നതിനും അവന്റെ ഹൃദയം മുഴുവനും ഈശ്വരനിലേക്കു് ആനയിക്കുന്നതിനും പൂർണ്ണമായി പഠിക്കാൻ കഴിയുന്നതിനു മുമ്പായി സുദീർഘവും വിപുലവുമായ ഒരു ആത്മസമരം നടത്തേണ്ടതായുണ്ടു്.

ഒരു മനുഷ്യൻ തന്നെത്തന്നെ ആശ്രയിക്കുമ്പോൾ മാനുഷമായ സുഖത്തിനായി എളുപ്പം സന്മാർഗ്ഗത്തിൽനിന്നു് വ്യതിചലിക്കുന്നു.

എന്നാൽ ക്രീസ്തുവിന്റെ ഒരു യഥാർത്ഥ സ്നേഹിതനും നന്മയെ ഉൽസാഹപൂർവ്വം പിന്തുടരുന്നവനും സുഖങ്ങളുടെ പുറകെ ഓടുകയോ ഇന്ദ്രിയഗോചരമായ മാധുര്യത്തെ അന്വേഷിക്കുകയോ ചെയ്യുന്നില്ല; പ്രത്യുത, ആത്മദമനം ശീലിക്കുന്നതിനും ക്രിസ്തുവിനുവേണ്ടി കഠിനപ്രയത്നങ്ങൾ സഹിക്കുന്നതിനും അവൻ ഇഷ്ടപ്പെടുന്നു.

4. അതുകൊണ്ടു് ഈശ്വരൻ ആത്മീയമായ ആശ്വാസം പ്രദാനംചെയ്യുമ്പോൾ അതിനെ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുക;

എന്നാൽ അതു് ഈശ്വരന്റെ ഔദാര്യഫലമാണെന്നും നിന്റെ യോഗ്യതമൂലമല്ലെന്നും നീ അറിയണം.

ഈ ദാനംനിമിത്തം നീ ഉദ്ധതനാകുകയോ, അമിതമായി സന്തോഷിക്കുകയോ, കഥയില്ലാതെ അഹംകരിക്കുകയോ ചെയ്യാതെ, പൂർവ്വാധികം വിനീതനും നിന്റെ പ്രവൃത്തികളിൽ കൂടുതൽ കരുതലും ഭയവുമുള്ളവനും ആയിരിക്കുക; എന്തുകൊണ്ടെന്നാൽ ഈ മണിക്കൂർ കഴിഞ്ഞുപോകുകയും പ്രലോഭനം പിന്തുടരുകയും ചെയ്യും.

ആശ്വാസം നിന്നിൽനിന്നു പിൻവലിക്കപ്പെടുമ്പോൾ ഉടനെ നിരാശനാകരുതു്; പ്രത്യുത, സ്വർഗ്ഗീയ സന്ദർശനത്തിനായി എളിമയോടും ക്ഷമയോടുംകൂടി കാത്തിരിക്കുക, എന്തെന്നാൽ നിനക്കു പൂർവ്വാധികമായ സമാശ്വാസം വീണ്ടും തരുന്നതിനു് ഈശ്വരനു സാധിക്കുന്നതാണു്.

ഈശ്വരന്റെ മാർഗ്ഗങ്ങളെ അനുഭവിച്ചറിഞ്ഞിട്ടുള്ളവർക്കു് ഇതിൽ പുതിയതോ അസാധാരണമോ ആയ യാതൊന്നുമില്ല; എന്തുകൊണ്ടെന്നാൽ മഹാ സിദ്ധന്മാർക്കും പുരാതന ദീർഘദർശികൾക്കും ഏതാദൃശമായ വിഷമഘട്ടങ്ങൾ പലപ്പോഴും അനുഭവവേദ്യമായിട്ടുണ്ടു്.

5. ഈ കാരണത്താൽ, ഒരുവൻ ഈശ്വരാനുഗ്രഹമുണ്ടായിരുന്ന സമയത്തു് ഇങ്ങനെ പറഞ്ഞു: 'എന്റെ ഐശ്വര്യസമൃദ്ധിയിൽ എനിക്കു് ഒരിക്കലും സ്ഥിതിവ്യത്യാസം ഉണ്ടാകുകയില്ലെന്നു ഞാൻ പറഞ്ഞു' (സങ്കീ. xxix 7)

എന്നാൽ, ഈശ്വരാനുഗ്രഹം പിൻവലിക്കപ്പെട്ടപ്പോൾ അവനുണ്ടായ അനുഭവം അവൻ ഉടനെ പറയുന്നു; 'അങ്ങു് അങ്ങയുടെ മുഖം എന്നിൽനിന്നു തിരിച്ചുകളഞ്ഞിരിക്കുന്നു; ഞാൻ അസ്വസ്ഥനായിത്തീർന്നു.'

എങ്കിലും ഇതിനിടയ്ക്കു് അവൻ നിരാശപ്പെടാതെ പൂർവ്വാധികം ശുഷ്കാന്തിയോടുകൂടി ഭഗവാനോടു് പ്രാർത്ഥിച്ചുകൊണ്ടു പറയുന്നു: 'ഓ, ഭഗവാനെ, ഞാൻ അങ്ങയോടു പ്രരോദനം ചെയ്യും, എന്റെ ഈശ്വരനോടു ഞാൻ പ്രാർത്ഥിക്കും.'

അവസാനമായി അവന്റെ പ്രാർത്ഥനയുടെ ഫലം അവനു ലഭിക്കുകയും, 'ഭഗവാൻ എന്റെ പ്രാർത്ഥന കേൾക്കുകയും എന്നിൽ കരുണ കാണിക്കുകയും ചെയ്തിരിക്കുന്നു; ഭഗവാൻ എന്റെ സഹായി ആയിരിക്കുന്നു' എന്നു പറഞ്ഞുകൊണ്ടു് ഈശ്വരൻ അവന്റെ പ്രാർത്ഥന കേട്ടുവെന്നുള്ളതിനു് അവൻ സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു.

എന്നാൽ, അതു് എങ്ങനെ? എന്റെ ദുഃഖം നീ എനിക്കു സന്തോഷമായി മാറ്റിയിരിക്കുന്നു; സന്തോഷംകൊണ്ടു് നീ എന്നെ പൊതിഞ്ഞിരിക്കുന്നു, എന്നു് അവൻ പറയുന്നു.

മഹാസിദ്ധന്മാരുടെ സ്ഥിതി ഇങ്ങനെയാണെങ്കിൽ, ദുർബ്ബലന്മാരും നിസ്സാരന്മാരുമായ നാം ചിലപ്പോൾ ഭക്തിയില്ലാത്തവരായും ചിലപ്പോൾ ഭക്തിയുള്ളവരായും ഇരിക്കുന്നുവെങ്കിൽ ഭഗ്നോത്സാഹരാകരുതു്; എന്തുകൊണ്ടെന്നാൽ ഈശ്വരചൈതന്യം അതിന്റെ ഇഷ്ടമനുസരിച്ചു വരുകയും പോകയും ചെയ്യുന്നു.

അതുകൊണ്ടത്രെ വിശുദ്ധനായ ജോബു് ഇപ്രകാരം പറയുന്നതു്: അങ്ങു് അതിരാവിലെ മനുഷ്യനെ സന്ദർശിക്കുന്നു; അനന്തരം പൊടുന്നനവെ അവനെ പരീക്ഷിക്കുകയും ചെയ്യുന്നു. (ജോബു് vii 18.)

6. ആ സ്ഥിതിക്കു്, ഈശ്വരന്റെ വലുതായ കരുണയും സ്വർഗ്ഗീയാനുഗ്രഹം ലഭിക്കുമെന്നുള്ള പ്രത്യാശയുമല്ലാതെ എനിക്കു ശരണ്യമായോ വിശ്വാസയോഗ്യമായോ എന്താണുള്ളതു്?

എന്തുകൊണ്ടെന്നാൽ സജ്ജനങ്ങളോ ഭക്തന്മാരായ സഹോദരന്മാരോ വിശ്വാസ

യോഗ്യരായ സ്നേഹിതരോ പാവനങ്ങളായ ഗ്രന്ഥങ്ങളോ മനോഹരങ്ങളായ പ്രബന്ധങ്ങളോ സുമധുരങ്ങളായ ഗീതങ്ങളോ സങ്കീർത്തനങ്ങളോ എന്നോടുകൂടി ഉണ്ടായിരുന്നാലും, ഈശ്വരാനുഗ്രഹം എന്നെ വിട്ടുപിരിയുകയും എന്റെ സഹജമായ ദരിദ്രാവസ്ഥയിൽ ഞാൻ തിസ്കരിക്കപ്പെടുകയും ചെയ്യുമ്പോൾ അവ ഒന്നും എനിക്കു് ഉപകാരപ്രദമോ ആസ്വാദ്യമോ ആയിരിക്കുകയില്ല.

അങ്ങനെയുള്ള സന്ദർഭത്തിൽ ക്ഷമയേയും ഈശ്വരഹിതമനുസരിച്ചുള്ള ആത്മത്യാഗത്തെയുംകാൾ നല്ല പ്രതിവിധിയില്ല.

7. ചിലപ്പോൾ ഈശ്വരാനുഗ്രഹം നഷ്ടീഭവിക്കുകയോ ഭക്തിക്കു കുറവു പറ്റിയതായി അനുഭവപ്പെടുകയോ ചെയ്യാതിരിക്കത്തക്കവണ്ണം അത്ര പരിശുദ്ധനും ഭക്തനുമായ യാതൊരാളെയും ഞാൻ ഒരിക്കലും കണ്ടിട്ടില്ല.

ആദ്യമല്ലെങ്കിൽ ഒടുവിൽ പ്രലോഭിതനാകാതിരിക്കത്തക്കവണ്ണം പരമാനന്ദനിർല്ലീനനോ പ്രബുദ്ധനോ ആയ ഒരു സിദ്ധൻ ഒരിക്കലുമുണ്ടായിട്ടില്ല.

എന്തുകൊണ്ടെന്നാൽ കുറെ വൈഷമ്യങ്ങൾ ഈശ്വരനുവേണ്ടി അനുഭവിച്ചിട്ടില്ലാത്തവൻ ഈശ്വരനെപ്പറ്റിയുള്ള ഉൽകൃഷ്ടമാ

യ ധ്യാനത്തിനു യോഗ്യനല്ല.

എന്തുകൊണ്ടെന്നാൽ മുൻഗാമിയായ പ്രലോഭനം സാധാരണമായി ആഗാമിയായ സമാശ്വാസത്തിന്റെ മുന്നടയാളമത്രെ.

എന്തുകൊണ്ടെന്നാൽ പ്രലോഭനങ്ങളാൽ പരീക്ഷിക്കപ്പെട്ടവർക്കു സ്വർഗ്ഗീയ സമാശ്വാസം പ്രതിശ്രുതമായിരിക്കുന്നു. "ആത്മവിജയം നേടുന്നവനു ഞാൻ ജീവവൃക്ഷത്തിന്റെ ഫലം ഭുജിക്കുന്നതിനു കൊടുക്കും." എന്നു് ഭഗവാൻ പറയുന്നു.

8. അരിഷ്ടതകളെ സഹിക്കുന്നതിനു് ഒരു മനുഷ്യൻ ധൈര്യവാനായിത്തീരുന്നതിനാണു് അവനു ദിവ്യാശ്വാസം നല്കപ്പെടുന്നതു്.

ഐശ്വര്യംമൂലം അവൻ ഉദ്ധതനായിപ്പോകാതിരിക്കുന്നതിനായി പ്രലോഭനവും അവനെ പിന്തുടരുന്നു.

പിശാചൻ ഒരിക്കലും ഉറങ്ങുന്നില്ല, മാംസം ഇനിയും ചത്തിട്ടുമില്ല; അതുകൊണ്ടു നീ സമരത്തിനുള്ള ഒരുക്കം നിറുത്താൻ പാടില്ല; എന്തുകൊണ്ടെന്നാൽ നിന്റെ ഇടത്തും വലത്തും ഒരിക്കലും വിശ്രമിക്കാത്ത ശത്രുക്കളുണ്ടു്.

❖❖❖❖❖

അദ്ധ്യായം 10

ഈശ്വരാനുഗ്രഹം.

അദ്ധ്വാനിക്കുന്നതിനായി ജനിച്ചിരിക്കുന്നു നീ വിശ്രമം തേടുന്നതെന്തിനു്? ആശ്വാസത്തിനെന്നതിനേക്കാൾ സഹനത്തിനും, സന്തോഷിക്കുന്നതിനെക്കാൾ കുരിശു ചുമക്കുന്നതിനും നീ തയാറാകുക.

എന്തെന്നാൽ ആശ്വാസവും ആത്മീയാനന്ദവും എല്ലായ്പോഴും സുലഭമാണെങ്കിൽ അവയെ സന്തോഷപൂർവ്വം സ്വീകരിക്കാത്തവനായി ലൗകികരായ മനുഷ്യരിൽ ആരുണ്ടു്.

എന്തുകൊണ്ടെന്നാൽ ആത്മീയാശ്വാസങ്ങൾ സകല ലൗകികമായ സന്തോഷങ്ങളെയും ജഡികമായ സുഖങ്ങളെയും അതിശയിക്കുന്നു.

എന്തെന്നാൽ എല്ലാ ലൗകിക സുഖങ്ങളും ഒന്നുകിൽ മിഥ്യയോ അല്ലെങ്കിൽ മലീമസമോ ആകുന്നു; പ്രത്യുത, ആത്മീയ സുഖങ്ങൾ മാത്രമേ അവ നന്മയിൽനിന്നു് ഉദ്ഭവിച്ചവയും ഈശ്വരനാൽ വിശുദ്ധ ഹൃദയങ്ങളിൽ നിവിഷ്ടവുമാകയാൽ, പ്രിയംകരങ്ങളും സത്യാനുരൂപങ്ങളുമായിട്ടുള്ളൂ.

എന്നാൽ ഈ ദിവ്യസുഖങ്ങളെ യാതൊരു മനുഷ്യനും എല്ലായ്പോഴും യഥേഷ്ടം അനുഭവിക്കാൻ സാധിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, പ്രലോഭനത്തിനുള്ള സമയം വിദൂരമല്ല.

എന്നാൽ മനസ്സിന്റെ സ്വാതന്ത്ര്യാഭ്യാസവും അമിതമായ ആത്മവിശ്വാസവും ഈ സ്വർഗ്ഗീയ സന്ദർശനങ്ങൾക്കു വളരെയധികം പ്രതികൂലമാണു്.

ആശ്വാസമാകുന്ന അനുഗ്രഹം തരുന്നതിൽ ഈശ്വരൻ നന്മയാണു് ചെയ്യുന്നതു്; എന്നാൽ കൃതജ്ഞതാപൂർവ്വം അതിനെ പൂർണ്ണമായി ഈശ്വരനു പ്രത്യുപ്പണം ചെയ്യാത്തതിൽ മനുഷ്യൻ തിന്മചെയ്യുന്നു.

ഇതുകൊണ്ടാണു് ഈശ്വരാനുഗ്രഹജന്യങ്ങളായ വരങ്ങൾ നമ്മിൽ പ്രവഹിക്കാത്തതു്: നാം അവയുടെ ദാതാവിനോടു് കൃതഘ്നരാണു്; ഉൽപത്തിസ്ഥാനത്തേക്കു നാം അവയെ പ്രത്യുപ്പണം ചെയ്യുന്നില്ല.

എന്തുകൊണ്ടെന്നാൽ, ഉചിതമായി കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനു് ഈശ്വരാനുഗ്രഹം എല്ലായ്പോഴും നല്കപ്പെടും; വിനീതനു പ്രതിവായി കൊടുക്കപ്പെടുന്നതു് അഹംകാരിയിൽനിന്നു് എടുക്കപ്പെടും.

3. എന്നിൽ പശ്ചാത്താപത്തെ ഇല്ലാതാക്കുന്നതിനു പര്യാപ്തമായ യാതൊരു സുഖവും ഞാൻ ആഗ്രഹിക്കുകയില്ല; എന്നെ അഹങ്കാരിയാക്കുന്നതിനു സമർത്ഥമായ ധ്യാനനിഷ്ഠയേയും ഞാൻ ആഗ്രഹിക്കുന്നില്ല.

എന്തുകൊണ്ടെന്നാൽ ഉന്നതമായതെല്ലാം പരിശുദ്ധമല്ല; സന്തോഷകരമായതെല്ലാം നല്ലതുമല്ല; എല്ലാ ആശകളും നിർമ്മലങ്ങളല്ല; നമുക്കു് ഇഷ്ടമായിട്ടുള്ളതെല്ലാം ഈശ്വരനു് പ്രിയംകരവുമല്ല.

എന്നെ എപ്പോഴും കൂടുതൽ എളിമയും ഭയവുമുള്ളവനും ആത്മത്യാഗത്തിനു് സന്നദ്ധനുമാക്കുന്ന ദിവ്യാനുഗ്രഹത്തെ ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുന്നു.

ദിവ്യാനുഗ്രഹദാനത്താൽ സംസ്കരിക്കപ്പെടുകയും ദിവ്യാനുഗ്രഹനാശംമൂലമുള്ള പീഡാനുഭവത്തിൽനിന്നു നല്ലപാഠം പഠിക്കുകയും ചെയ്തിട്ടുള്ളവൻ എതെങ്കിലും നന്മയുടെ ഹേതുഭ്രതൻ താനാണെന്നു ഭാവിക്കാൻ ധൈര്യപ്പെടുകയില്ല; പ്രത്യുത, അവൻ കേവലം ദരിദ്രനും നഗ്നനുമാണെന്നു തന്നോടാൻ സമ്മതിക്കും.

ഈശ്വരന്റേതു് ഈശ്വരനു കൊടുക്കുക, നിന്റേതു നീയും എടുക്കുക; അതായതു് ഈശ്വരനു് അദ്ദേഹത്തിന്റെ അനുഗ്രഹത്തി

നായി നന്ദിപറയുക; എന്നാൽ, നിന്നെസ്സം ബന്ധിച്ചിടത്തോളം പാപവും പാപത്തിനു് തക്കതായ ശിക്ഷയുമല്ലാതെ യാതൊന്നും നിനക്കു സ്വന്തമായി ഇല്ലെന്നു നീ അറിയുക.

4. എല്ലായ്പോഴും ഏറ്റവും താണ സ്ഥാനത്തു് ഇരിക്കുക, എന്നാൽ ഏറ്റവും ഉയർന്ന സ്ഥാനം നിനക്കു് നല്കപ്പെടും; എന്തുകൊണ്ടെന്നാൽ ഏറ്റവും ഉയർന്നതിനു് ഏറ്റവും താണതിന്റെ താങ്ങില്ലാതെ നില്ക്കാൻ സാധിക്കുകയില്ല.

ഈശ്വരദൃഷ്ടിയിൽ ഏറ്റവും ഉയർന്നവരായ സിദ്ധന്മാർ സ്വന്തം ദൃഷ്ടിയിൽ ഏറ്റവും താണവരാണു്; എത്രത്തോളം കൂടുതൽ മഹിമ അവക്കുണ്ടോ അത്രത്തോളം കൂടുതൽ എളിമ അവക്കു സ്വഭാവേനയുണ്ടു്.

സത്യവും സ്വർഗ്ഗീയ മഹിമയും നിറഞ്ഞവരാകയാൽ അവർ അയഥാർത്ഥമായ മഹിമയെ ആഗ്രഹിക്കുന്നില്ല.

ഈശ്വരനിൽ അടിയുറച്ചിട്ടുള്ള അവക്കു് അഹങ്കാരികളായിരിക്കാൻ സാധിക്കുകയില്ല.

തങ്ങൾക്കു് ലഭിച്ചിട്ടുള്ള സകല നന്മകളും ഈശ്വരനിൽനിന്നാണെന്നു, അറിയുന്നവർ ഈശ്വരനിൽനിന്നുള്ള മഹിമ മാത്രമല്ലാതെ പരസ്പരം മഹിമ തേടുന്നില്ല; അവർ സർവ്വോ

പരി ഈശ്വരൻ തങ്ങളിലും എല്ലാ സിദ്ധന്മാരിലും സ്തുതിക്കപ്പെടുന്നതിനായി ആഗ്രഹിക്കുകയും അതിനായി സദാ ഉത്സാഹരായിരിക്കുകയും ചെയ്യുന്നു.

5. അതുകൊണ്ട് ഏറ്റവും ചെറുതായ ദാനത്തിനായും കൃതജ്ഞനായിരിക്കുക; അപ്പോൾ, അതിനെക്കാൾ വലിയവ ലഭിക്കുന്നതിന് നീ അയോഗ്യനായിരിക്കും.

ഏറ്റവും ചെറിയ ദാനവും നിനക്ക് ഏറ്റവും വലിയതുപോലെ ആയിരിക്കട്ടെ; അഗണ്യമായതും അതിവിശിഷ്ടമായ ഒരനുഗ്രഹംപോലെ ആയിരിക്കട്ടെ.

ദാതാവിന്റെ അന്തസ്സിനെപ്പറ്റി നീ ആലോചിക്കുന്നുവെങ്കിൽ യാതൊരു ദാനവും നിസ്സാരമാണെന്നോ അയോഗ്യമാണെന്നോ നിനക്കു തോന്നുകയില്ല; എന്തുകൊണ്ടെന്നാൽ അത്യുന്നതനായ ഈശ്വരനാൽ ദത്തമായിരിക്കുന്ന സമ്മാനം ചെറുതായിരിക്കാൻ പാടില്ല.

അതെ, അദ്ദേഹം ഭണ്ഡനവും വേദനയും തന്നാൽ അതും സ്വീകാരയോഗ്യമാണു്; എന്തുകൊണ്ടെന്നാൽ അദ്ദേഹം നമുക്കു എന്തുതന്നെ സംഭവിക്കുന്നതിനു് അനുവദിച്ചാലും അതു് എല്ലായ്പോഴും നമ്മുടെ രക്ഷക്കായി അദ്ദേഹം ചെയ്യുന്നതത്രെ.

ഈശ്വരാനുഗ്രഹം സ്ഥിരമായിരിക്കുന്നതിന് ആഗ്രഹിക്കുന്നവൻ, അതു ദാനം ചെയ്യപ്പെട്ടുമ്പോൾ അതിനായി കൃതജ്ഞനും അതു പിൻവലിക്കപ്പെടുമ്പോൾ ക്ഷമാവാനും ആയിരിക്കട്ടെ; അതിന്റെ പുനഃപ്രാപ്തിക്കായി അവൻ പ്രാർത്ഥിക്കട്ടെ; അതു നഷ്ടപ്പെട്ടു പോകാതിരിക്കാനായി അവൻ കരുതലും എളിമയുമുള്ളവനായിരിക്കട്ടെ.

❖❖❖❖❖

അദ്ധ്യായം 11

കുരിശിനെ സ്നേഹിക്കുന്നവർ.

1. യേശുവിനു തന്റെ സ്വർഗ്ഗരാജ്യത്തെ സ്നേഹിക്കുന്നവരായി ഇപ്പോൾ അധികംപേരുണ്ട്; എന്നാൽ തന്റെ കുരിശിനെ വഹിക്കുന്നവരാകട്ടെ വളരെ കുറച്ചുപേരേയുള്ളൂ.

തന്റെ ആശ്വാസത്തെ ആഗ്രഹിക്കുന്നവരായി അദ്ദേഹത്തിനു് അധികം പേരുണ്ട്; എന്നാൽ കഷ്ടപ്പാടു് ആഗ്രഹിക്കുന്നവരാകട്ടെ വളരെ കുറച്ചുപേരേയുള്ളൂ.

തന്റെ കൂടെയിരുന്നു ഭക്ഷണം കഴിക്കുന്നവരായി അദ്ദേഹം അധികം പേരെ കാണു

ന്നുണ്ട്; എന്നാൽ അനശ്വരത്വത്തിൽ അ
ദ്ദേഹത്തോടുകൂടി ചേരുന്നവരാകട്ടെ വള
രെ കുറച്ചുപേരേയുള്ളൂ.

എല്ലാവരും അദ്ദേഹത്തോടുകൂടി സന്തോ
ഷിക്കുന്നതിനു് ആഗ്രഹിക്കുന്നു; കുറച്ചുപേർക്കു
മാത്രമേ അദ്ദേഹത്തോടുകൂടി കഷ്ടപ്പെടുന്ന
തിനു മനസ്സുള്ളൂ.

റൊട്ടി പങ്കിട്ടു ഭക്ഷിക്കുന്നതുവരെ അധി
കംപേർ അദ്ദേഹത്തെ അനുഗമിക്കുന്നു; എ
ന്നാൽ അദ്ദേഹത്തിന്റെ പീഡാനുഭവപാ
നപാത്രത്തിൽനിന്നു പാനം ചെയ്യുന്നതുവ
രെ അദ്ദേഹത്തെ അനുഗമിക്കുന്നതിനു കുറച്ചു
പേരേയുള്ളൂ.

അദ്ദേഹത്തിന്റെ അത്ഭുതങ്ങളെ അധി
കംപേർ ആദരിക്കുന്നു; എന്നാൽ അദ്ദേഹ
ത്തിന്റെ അവമാനകരമായ കുരിശിനെ കുറ
ച്ചുപേർ മാത്രമേ പിന്തുടരുന്നുള്ളൂ.

ദുരഭിഷ്ടങ്ങൾ നേരിടാത്ത കാലത്തോളം
അധികംപേർ യേശുവിനെ സ്നേഹിക്കുന്നു;
അദ്ദേഹത്തിൽനിന്നു് ആശ്വാസം അവർക്കു
ലഭിക്കുന്നിടത്തോളം കാലം അധികംപേർ
അദ്ദേഹത്തെ സ്തുതിക്കുകയും വാഴ്ത്തുകയും
ചെയ്യുന്നു.

എന്നാൽ യേശു അപ്രത്യക്ഷനായി കുറേ
നേരത്തേക്കു് അവരെ വിട്ടുപിരിയുന്നുവെ

ങ്കിൽ, അവർ ഒന്നുകിൽ പരാതി പറയുകയോ അല്ലെങ്കിൽ അത്യധികമായ നൈരാശ്യത്തിൽ മുഴുകുകയോ ചെയ്യുന്നു.

2. എന്നാൽ യേശുവിനെ, സ്വന്തം സുഖത്തിനായിട്ടല്ലാതെ, യേശുവിനുവേണ്ടിത്തന്നെ സ്നേഹിക്കുന്നവർ, ഏറ്റവും വലുതായ സുഖം അനുഭവിക്കുമ്പോൾ എന്നപോലെ ഹൃദയവേദനയും ദുരദൃഷ്ടങ്ങളും അനുഭവിക്കുമ്പോഴും അദ്ദേഹത്തെ വാഴ്ത്തുന്നു.

അദ്ദേഹം തന്റെ സമാശ്വാസം അവർക്കു് ഒരിക്കലും നല്കിയില്ലെങ്കിലും അവർ എല്ലായ്പോഴും അദ്ദേഹത്തെ സ്തുതിക്കുകയും അദ്ദേഹത്തിനു നന്ദിപറയുകയും ചെയ്യും.

3. ഓ! യേശുവിനോടുള്ള പരിശുദ്ധമായ സ്നേഹം, അതു സ്വാർത്ഥതൽപരതയാലോ സ്വാർത്ഥസ്നേഹത്താലോ സമ്മിളിതമല്ലാത്തപ്പോൾ എത്ര അമോഘമാണു്!

എപ്പോഴും സുഖം തേടിക്കൊണ്ടിരിക്കുന്ന എല്ലാവരും വേതനോപജീവികൾ എന്നു വിളിക്കപ്പെടേണ്ടതല്ലേ?

സ്വന്തം ഗുണത്തേയും ആദായത്തേയും പറ്റി എല്ലായ്പോഴും ചിന്തിച്ചുകൊണ്ടിരിക്കുന്നവർ യേശുവിനെ സ്നേഹിക്കുന്നവർ എന്നതിനേക്കാൾ തന്നെത്താൻ സ്നേഹിക്കുന്നവരാണെന്നു സൂക്ഷ്മമല്ലയോ?

പ്രതിഫലംകൂടാതെ ഈശ്വരനെ സേവിക്കാൻ മനസ്സുള്ള ഒരുവനെ നമുക്ക് എവിടെ കാണാൻ കഴിയും?

4. ലൗകികവസ്തുക്കളോട് അശേഷം ആസക്തിയില്ലാതിരിക്കത്തക്കവണ്ണം ആത്മീയകാര്യനിരതനായ ഒരുവനെ നാം അപൂർവ്വമായിട്ടേ കാണുന്നുള്ളൂ.

എന്തുകൊണ്ടെന്നാൽ ആത്മാവിൽ യഥാർത്ഥ സാധുവും സൃഷ്ടികളോടുള്ള ബന്ധം അശേഷം ഒഴിഞ്ഞവനുമായ മനുഷ്യനെ കണ്ടെത്തുന്നതിന് ആർക്ക് കഴിയും? അവന്റെ വില ദൂരെനിന്നും വിദൂരസ്ഥിതങ്ങളായ തീരങ്ങളിൽനിന്നും കൊണ്ടുവരപ്പെട്ടിട്ടുള്ള സാധനങ്ങളുടെതുപോലെയാണ്.

(Prov. xxxi. 10.)

ഒരു മനുഷ്യൻ അവന്റെ സകല വസ്തുക്കളും ദാനംചെയ്താലും അത്ര നിസ്സാരമത്രെ.

അവൻ വലുതായ പാപപരിഹാരകർമ്മങ്ങളും ചെയ്താലും അത്രും നിസ്സാരമത്രെ.

അവൻ സർവ്വവിജ്ഞാനസമ്പന്നനായാലും പ്രാപ്യസ്ഥാനത്തുനിന്നു ബഹുദൂരസ്ഥനത്രെ.

അവനു വലുതായ നന്മയും അതിതീക്ഷ്ണമായ ഭക്തിയുമുണ്ടായിരുന്നാലും അവനു് ആവശ്യകമായതു് ഒട്ടധികം ഇനിയുമുണ്ടു്;

വിശിഷ്യ അവനു് ഏറ്റവും അധികം ആവശ്യമുള്ള ഒരു കാര്യമുണ്ടു്.

അതു് എന്താണു്? അവൻ എല്ലാവസ്തുക്കളും ഉപേക്ഷിച്ചിട്ടു, തന്നെത്താനെയും ഉപേക്ഷിക്കുകയും തന്നിൽനിന്നു നിഷ്ക്രമിക്കുകയും സ്വസ്നേഹം ഒട്ടും ഇല്ലാതിരിക്കുകയും ചെയ്യുക എന്നതാകുന്നു അതു്.

സ്വകർത്തവ്യമാണെന്നു് അവനു് അറിയാവുന്ന എല്ലാ കാര്യങ്ങളും ചെയ്തുകഴിയുമ്പോൾ അവൻ യാതൊന്നും ചെയ്തിട്ടില്ലെന്നും വിചാരിക്കട്ടെ.

5. വളരെ ശ്ലാഘനീയമായി തോന്നാവുന്നതിനെ അവൻ വലിയ കാര്യമായിക്കരുതരുതു്; പ്രത്യുത, "നിങ്ങളോടു് ആജ്ഞാപിച്ചിട്ടുള്ള ഈ കാര്യങ്ങളെല്ലാം നിങ്ങൾ നിർവ്വഹിച്ചുകഴിയുമ്പോൾ, 'ഞങ്ങൾ ഉപയോഗശൂന്യരായ ഭൃത്യരത്രെ,' എന്നു പറയുക.' (Luke xvii-10) എന്ന സത്യസ്വരൂപൻ തന്നെ പറഞ്ഞിട്ടുള്ളതുകൊണ്ടു്, അവൻ ഉപയോഗശൂന്യനായ ഒരു ഭൃത്യനാണെന്നു് യഥാർത്ഥമായി സ്വയം സമ്മതിക്കട്ടെ.

അപ്പോൾ, അവൻ ആത്മാവിൽ യഥാർത്ഥമായി സാധുവായിരിക്കും; 'ഞാൻ ഏകാകിയും സാധുവുമാണു്' (സങ്കീ. xxiv-16.)

എന്നു് ദീഘ്രദർശിയോടൊപ്പം അവനെ പറയാവുന്നതാണു്.

എങ്കിലും ഏതാട്ടശനായ ഒരു മനുഷ്യനെക്കാൾ ധനവാനായും ബലവാനായും സ്വതന്ത്രനായും ആരുംതന്നെയില്ല; അവനെ സ്വവ്വസ്തുക്കളെയും തന്നെത്തന്നെയും സത്യജിക്കുന്നതിനും ഏറ്റവും താഴ്ന്ന സ്ഥാനത്തു സ്ഥിതിചെയ്യുന്നതിനും അറിയാം.

അദ്ധ്യായം 12

കുരിശാകുന്ന രാജപാത.

1. 'ആത്മത്യാഗംചെയ്തു, നിന്റെകുരിശുചുമന്നുകൊണ്ടു, യേശുവിനെ പിന്തുടരുക' (മാത്യു xvi-24.) എന്നതു് അധികംപേക്കും കർക്കശമായ ഒരു പ്രസ്താവനയായിതോന്നുന്നു.

എന്നാൽ, 'ശപിക്കപ്പെട്ടവരെ, നിങ്ങൾ അനന്തമായ അഗ്നിയിലേക്കു് എന്നിൽനിന്നു പിരിഞ്ഞു പോകുവിൻ," (മാത്യു. xxv 41.) എന്ന ആ അന്തിമവചനം അധികം കർക്കശതരമായിരിക്കും.

എന്തുകൊണ്ടെന്നാൽ, ഇപ്പോൾ കുരിശിന്റെ വചനത്തെ സന്തോഷപൂർവ്വം കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ അപ്പോൾ അനന്തമായ ശിക്ഷയെ ഭയപ്പെടേണ്ടതില്ല.

ഭഗവാൻ വിധിക്കുന്നതിനായി വരുമ്പോൾ കുരിശിന്റെ അടയാളം സ്വർഗ്ഗത്തുണ്ടായിരിക്കും.

അപ്പോൾ തങ്ങളുടെ ജീവിതകാലത്തു ക്രൂശിക്കപ്പെട്ടവനെ അനുസരിച്ച കുരിശിന്റെ ദാസന്മാരെല്ലാവരും അവരുടെ വിധികർത്താവായ ക്രിസ്തുവിനെ വലുതായ വിശ്വാസത്തോടെ സമീപിക്കും.

2. ഒരു രാജസ്ഥാനത്തിലേക്കു നയിക്കുന്ന നിന്റെ കുരിശിനെ എടുക്കുന്നതിനു", ആസ്ഥിതിക്കു", നീ എന്തിനു ഭയപ്പെടുന്നു?

കുരിശിൽ രക്ഷയുണ്ടു"; കുരിശിൽ ജീവനുണ്ടു"; കുരിശിൽ നിന്റെ ശത്രുക്കളിൽ നിന്നുള്ള സംരക്ഷണമുണ്ടു"; കുരിശിൽ സ്വർഗ്ഗീയമാധുര്യത്തിന്റെ സന്നിവേശമുണ്ടു"; കുരിശിൽ മാനസിക ബലമുണ്ടു"; കുരിശിൽ ആത്മീയാനന്ദമുണ്ടു"; കുരിശിൽ നന്മയുടെ പരമകാഷ്ഠയുണ്ടു"; കുരിശിൽ പരിശുദ്ധതയുടെ പരിപൂർണ്ണതയുണ്ടു".

കുരിശിലല്ലാതെ ആത്മാവിനു് ആരോഗ്യമോ അനന്തജീവിതത്തിനായുള്ള പ്രത്യാശയോ ഇല്ല.

അതുകൊണ്ടു നിന്റെ കുരിശു് എടുത്തു യേശുവിനെ പിന്തുടരുക, അപ്പോൾ നീ അനന്തജീവിതത്തിലേക്കു പ്രയാണം ചെയ്യും.

കുരിശുചുമന്നുകൊണ്ടു് അദ്ദേഹം നിന്റെ മുമ്പു പോയിട്ടുണ്ടു്; നീയും നിന്റെ കുരിശു ചുമക്കുന്നതിനും കുരിശിന്മേൽ മരിക്കുന്നതിനു് ഇഷ്ടപ്പെട്ടതിനുമായി അദ്ദേഹം നിനക്കുവേണ്ടി കുരിശിന്മേൽ മരിച്ചു.

എന്തുകൊണ്ടെന്നാൽ നീ അദ്ദേഹത്തിന്റെ കൂടെ മരിക്കുന്നുവെങ്കിൽ നീ അദ്ദേഹത്തിന്റെകൂടെ ജീവിക്കുകയും ചെയ്യും; പീഡാനുഭവത്തിൽ നീ അദ്ദേഹത്തിന്റെ സഹചാരിയാകുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പ്രതാപമഹിമയിലും നീ ഭാഗഭാക്കാകും.

3. കണ്ടാലും! കുരിശിൽ സകലവുമുണ്ടു്; അതിന്മേൽ മരിക്കുന്നതിൽ സകലവും അടങ്ങിയിരിക്കുന്നു; പാവനമായ കുരിശ്ശും അനുദിനമുള്ള ഇന്ദ്രിയനിഗ്രഹവുമാകുന്ന മാർഗ്ഗമല്ലാതെ ജീവിതത്തിലേക്കും യഥാർത്ഥമായ ആത്മീയസമാധാനത്തിലേക്കും വേറെ മാർഗ്ഗമില്ല.

നീ എവിടെയൊക്കെപ്പോയാലും എന്തൊക്കെ അന്വേഷിച്ചാലും പാവനമായ

കുരിശിന്റെ മാർഗ്ഗത്തെക്കാൾ ഉൽകൃഷ്ടതര മായ ഒരു മാർഗ്ഗം മുകളിലോ കുറെക്കൂടി സുര ക്ഷിതമായ മാർഗ്ഗം താഴെയോ നീ കാണുക യില്ല.

സകല കാര്യങ്ങളെയും നീ ആഗ്രഹിക്കു ന്നതുപോലെയും നിനക്ക് ഏറ്റവും നല്ല തെന്നു തോന്നുന്നതുപോലെയും ഏർപ്പാടു ചെയ്യുകയും ക്രമപ്പെടുത്തുകയും ചെയ്യുക; എന്നാലും നിന്റെ സമ്മതത്തോടായാലും അല്ലെങ്കിലും നീ കഷ്ടപ്പെടത്തക്കവണ്ണം എ ന്തെങ്കിലും പിന്നെയും കാണും; അങ്ങനെ നീ പിന്നെയും കുരിശുകാണുന്നതായിരിക്കും.

എന്തുകൊണ്ടെന്നാൽ ഒന്നുകിൽ നീ ശാ രീരവേദന അനുഭവിക്കും, അല്ലെങ്കിൽ നിന ക്ക് ആത്മീയ പീഡനം ഉണ്ടാകും.

4. ചിലപ്പോൾ ഈശ്വരൻ നിന്നെ ഉ പേക്ഷിച്ചുതായിതോന്നും; മറുചിലപ്പോൾ നിന്റെ അയൽവാസി നിന്നെ ഉപദ്രവി ക്കും; സർവ്വോപരി പലപ്പോഴും നീ തന്നെ നിനക്ക് ഉപദ്രവകാരിയായിരിക്കും.

നിന്നെ മോചിപ്പിക്കുന്നതിനോ സഹാ യിക്കുന്നതിനോ പര്യാപ്തമായ യാതൊരു പ്രതിവിധിയും ആശ്വാസവും ഇല്ല; ഈശ്വ രൻ ഇഷ്ടപ്പെടുന്ന കാലത്തോളം നീ അതു് അനുഭവിക്കുകതന്നെവേണം.

എന്തുകൊണ്ടെന്നാൽ, ഈശ്വരൻ നീ ആശ്വാസരഹിതനായി പീഡ അനുഭവിക്കാൻ പഠിക്കുന്നതിനും അഭ്യാസത്തിനു പൂർണ്ണമായി സ്വയം കീഴടങ്ങുന്നതിനും പീഡാനുഭവത്താൽ കൂടുതൽ വിനീതനായിത്തീരുന്നതിനും ഇച്ഛിക്കുന്നു.

ഏതാട്ടശങ്ങളായ കഷ്ടാനുഭവങ്ങൾ ഉണ്ടായിട്ടുള്ളവനെപ്പോലെ ക്രിസ്തുവിന്റെ പീഡാനുഭവത്തെപ്പറ്റി അത്ര സജീവമായ അനുഭവജ്ഞാനം യാതൊരു മനുഷ്യനും ഉണ്ടായിരിക്കുകയില്ല.

അതുകൊണ്ട്, കുരിശു നിനക്കായി എല്ലായ്പോഴും തയാറായിരിക്കുകയും എല്ലായിടത്തും നിന്നെ കാത്തിരിക്കുകയും ചെയ്യുന്നു.

നീ എവിടെയെല്ലാം ഓടിത്തിരിഞ്ഞാലും അതിൽനിന്നു് ഒഴിഞ്ഞുമാറാൻ നിനക്കു സാധിക്കുകയില്ല; എന്തുകൊണ്ടെന്നാൽ നീ എവിടെപ്പോയാലും നീ നിന്നോടുകൂടി നിന്നെത്തന്നെ കൊണ്ടുപോകുന്നു. എല്ലായ്പോഴും നിന്നെത്തന്നെ കാണുകയും ചെയ്യും.

നീ മുകളിലോട്ടു തിരിഞ്ഞാലും കീഴോട്ടു തിരിഞ്ഞാലും പുറത്തോട്ടു തിരിഞ്ഞാലും ഉള്ളിലോട്ടു തിരിഞ്ഞാലും എവിടെയും നീ കുരിശിനെ കണ്ടെത്തും; നീ ആന്തരമായ സമാധാനം ആഗ്രഹിക്കുകയും അനശ്വരമായ

ഒരു മകുടത്തിനു് അർഹനായിബ്ഭവിക്കണമെന്നു വിചാരിക്കുകയും ചെയ്യുന്നുവെങ്കിൽ നിനക്കുസ്വീകൃക്ഷമ അത്യാവശ്യമാണു്.

5. നീ സന്തോഷപൂർവ്വം കുരിശിനെവഹിക്കുന്നുവെങ്കിൽ, അതു നിന്നെ വഹിക്കുകയും ആഗ്രഹിക്കപ്പെടുന്ന ലക്ഷ്യത്തിലേക്കു നിന്നെ നയിക്കുകയും ചെയ്യും; അതായതു്, കഷ്ടപ്പാടിനു് ഈ ലോകത്തു യാതൊരു അവസാനവുമില്ലെങ്കിലും, അതിനു് അവസാനമുള്ള ആ സ്ഥലത്തേക്കു കുരിശു നിന്നെ നയിക്കും.

നീ പ്രസന്നതയോടെ അതിനെ വഹിക്കുന്നുവെങ്കിൽ, നീ അതിനെ നിനക്കൊരു പുതിയ ഭാരമാക്കിത്തീർക്കുകയും നിന്റെ ഭാരം വർദ്ധിപ്പിക്കുകയും ചെയ്യുന്നു; എങ്ങനെയായാലും നീ അതിനെ വഹിക്കുകതന്നെ വേണം.

നീ ഒരു കുരിശു് എറിഞ്ഞുകളയുന്നുവെങ്കിൽ വേറൊന്നു നിനക്കു് വന്നുചേരുമെന്നുള്ളതിനു സംശയമില്ല; അതു്, പക്ഷെ, കൂടുതൽ ഭാരമുള്ളതുമായിരിക്കും.

6. മർത്ത്യനായ യാതൊരുവനും ഒഴിഞ്ഞുമാറാൻ സാധിക്കാത്തതിൽനിന്നു് ഒഴിഞ്ഞുകളയാമെന്നു നീ വിചാരിക്കുന്നുണ്ടോ? കുരിശും പീഡയുമില്ലാതിരുന്ന ഏതെങ്കിലും പു

ന്യായമാൻ എപ്പോഴെങ്കിലും ലോകത്തുണ്ടായിരുന്നോ?

ഭഗവാൻ യേശുക്രിസ്തുതന്നെയും തന്റെ ജീവിതകാലത്തു് ഒറ്റ മണിക്കൂറെങ്കിലും പീഡ അനുഭവിക്കാതിരുന്നില്ല. അപ്പോസ്തലൻ പറയുംപോലെ, "പീഡ അനുഭവിക്കുകയും മൃത ലോകത്തുനിന്നു് ഉത്ഥാനം ചെയ്യുകയും അങ്ങനെ സ്വമഹത്വത്തെ പ്രാപിക്കുകയും ചെയ്യുന്നതു ക്രിസ്തുവിനു് ഉചിതമാണു്."

(ലൂക്കു് xxiv 46.)

ആ സ്ഥിതിക്കു്, പരിപാവനമായ കുരിശുപാതയാകുന്ന ഈ രാജപാതയല്ലാതെ വേറൊരു പാത നീ അന്വേഷിക്കുന്നതെന്തിനെ?

7. ക്രിസ്തുവിന്റെ ജീവിതം മുഴുവനും ഒരു കുരിശും ഒരു രക്തസാക്ഷിത്വവുമായിരുന്നു; ആ സ്ഥിതിക്കു നീ നിനക്കായി വിശ്രമവും സന്തോഷവും തേടുന്നുവോ?

പീഡാനുഭവമല്ലാതെ മറെറന്തെങ്കിലും നീ അന്വേഷിക്കുന്നുവെങ്കിൽ നീ അബദ്ധം, തീർച്ചയായും അബദ്ധം, ചെയ്യുന്നു; എന്തു കൊണ്ടെന്നാൽ, ഈ മർത്ത്യജീവിതം മുഴുവനും ദുരിതപൂർണ്ണവും എല്ലാവശവും കുരിശുകളാൽ ഉപലക്ഷിതവുമാണു്.

ആത്മീയമായി ഒരു മനുഷ്യൻ എത്രത്തോളം പുരോഗതിയെ പ്രാപിക്കുന്നുവോ, അത്രത്തോളം ഭാരമേറിയ കുരിശ്ശുകൾ അവൻ കണ്ടുമുട്ടും; എന്തുകൊണ്ടെന്നാൽ അവന്റെ സ്നേഹോൽക്കൃഷ്ടമനുസരിച്ച് അവന്റെ പ്രവാസദുഃഖം വർദ്ധിക്കുന്നു.

8. എങ്കിലും, ഇങ്ങനെ പല പ്രകാരത്തിൽ പീഡിപ്പിക്കപ്പെടുന്നുവെങ്കിലും, ഈ മനുഷ്യൻ നിശ്ശ്ലേഷം ആശ്വാസരഹിതനല്ല! എന്തുകൊണ്ടെന്നാൽ കുരിശ്ശു വഹിക്കുന്നതുകൊണ്ടു സിദ്ധിക്കുന്ന വലുതായ നന്മയെപ്പറ്റി അവനു ബോധമുണ്ട്.

എന്തുകൊണ്ടെന്നാൽ അവൻ സന്തോഷപൂർവ്വം അതിനു കീഴടങ്ങുമ്പോൾ പീഡാനുഭവത്തിന്റെ ദുർവഹത്വം ഈശ്വരനിൽനിന്നു സമാശ്വാസം ലഭിക്കുമെന്നുള്ള സുദൃഢമായ ഒരു പ്രത്യാശയായി പരിവർത്തനം ചെയ്യപ്പെടുന്നു.

ശരീരം പീഡാനുഭവത്താൽ എത്രത്തോളം പരിക്ലിഷ്ടമാകുന്നുവോ, ആത്മാവു് ആന്തരമായ ദിവ്യാനുഗ്രഹത്താൽ അത്രത്തോളം പരിപുഷ്ടമാകുന്നു.

ക്രിസ്തുവിന്റെ കുരിശിനോടു പരിപൂർണ്ണമായ ആനുരൂപ്യം വേണമെന്നു് ഇഷ്ടപ്പെടുകയാൽ, പീഡാനുഭവത്തിനും ദുരിതത്തിനു

മായുള്ള അഭിലാഷംമൂലം, കഷ്ടപ്പാടും പീഡയും ഇല്ലാതെയിരിക്കുന്നതിനു് ആഗ്രഹിക്കാതിരിക്കത്തക്കവണ്ണം, ചിലപ്പോൾ അവൻ ബലസംയുക്തനായിത്തീരുന്നു: എന്തുകൊണ്ടെന്നാൽ ഈശ്വരനുവേണ്ടി എത്രത്തോളം പ്രയാസമേറിയ കായ്ക്ലേശം വഹിക്കുന്നതിനു് അവനു കഴിയുമോ അത്രത്തോളം അവൻ അദ്ദേഹത്തിനു സ്വീകാര്യയോഗ്യനായിത്തീരുമെന്നു് അവൻ വിശ്വസിക്കുന്നു.

ബലഹീനമായ ശരീരത്തിൽ ഇത്രത്തോളമൊക്കെ ചെയ്യുന്നതിനു സാധിക്കുന്നതും ചെയ്യുന്നതും മനുഷ്യന്റെ ശക്തിമൂലമല്ല, ക്രിസ്തുവിന്റെ അനുഗ്രഹംമൂലമാണു്; അതുകൊണ്ടു് അവൻ പ്രകൃത്യാ വെറുക്കുകയും ഓടിമാറുകയും ചെയ്യുന്നതിനെ ഇപ്പോൾ ആത്മാവിന്റെ ശക്തിയാൽ സ്നേഹിക്കുകയും ആശ്ലേഷിക്കുകയും ചെയ്യുന്നു.

9. കുരിശിനെ വഹിക്കുന്നതും കുരിശിനെ സ്നേഹിക്കുന്നതും, ശരീരത്തെ ദണ്ഡിപ്പിച്ചു് അതിനെ കീഴടക്കുന്നതും, ബഹുമതികളും വേണ്ടെന്നു വയ്ക്കുന്നതും, ദോഷാരോപണങ്ങളും സന്തോഷപൂർവ്വം അനുവദിക്കുന്നതും, തന്നെത്താൻ വെറുക്കുന്നതും വെറുക്കപ്പെടുന്നതിനു് ആഗ്രഹിക്കുന്നതും, സകല ദുരിത

ങ്ങളും നഷ്ടങ്ങളും സഹിക്കുന്നതും, ലോകത്തു് അഭിവൃദ്ധിയെ ആഗ്രഹിക്കാതിരിക്കുന്നതും മനുഷ്യന്റെ സ്വഭാവത്തിനു യോജിക്കുന്നതല്ല.

നീ മാത്രമാണെങ്കിൽ ഇതൊന്നും നിന്നെക്കൊണ്ടു് സാധിക്കുകയില്ല.

എന്നാൽ നീ ഭഗവാനിൽ വിശ്വസിക്കുകയാണെങ്കിൽ, സ്വർഗ്ഗത്തുനിന്നു നിനക്കു് ശക്തി ലഭിക്കുകയും ലോകവും ശരീരവും നിന്റെ ആജ്ഞയ്ക്കു് വിധേയമാക്കപ്പെടുകയും ചെയ്യും.

വിശ്വാസമാകുന്ന ആയുധവും ക്രിസ്തുവിന്റെ കുരിശാകുന്ന ഉപലക്ഷണവും നിനക്കുണ്ടായിരുന്നാൽ നിന്റെ ശത്രുവായ പിശാചിനെ നീ ഭയപ്പെടേണ്ടതുമില്ല.

10. അതുകൊണ്ടു് ക്രിസ്തുവിന്റെ ഉത്തമനും വിശ്വസ്തനുമായ ഒരു ഭൃത്യനെപ്പോലെ, നിന്നോടുള്ള സ്നേഹം നിമിത്തം നിനക്കുവേണ്ടി ക്രൂശിതനായ ഭഗവാന്റെ കുരിശിനെ ധൈര്യപൂർവ്വം വഹിക്കുന്നതിനു നീ ഉദ്യുക്തനാകുക.

ഈ ഭൂരിതപൂർണ്ണമായ ജീവിതത്തിൽ ഒട്ടധികം കഷ്ടപ്പാടുകളെയും വിവിധങ്ങളായ ഉപദ്രവങ്ങളെയും അനുഭവിക്കുന്നതിനു നീ തയാറാകുക; എന്തുകൊണ്ടെന്നാൽ നീ ഏ

വിടെ ആയിരുന്നാലും നിന്റെ അനുഭവം അത്ഭുതന്നെ ആയിരിക്കും; നീ എവിടെയൊക്കെ ഒളിച്ചാലും നീ തീർച്ചയായും നിന്നെത്തന്നെ കണ്ടെത്തും.

അതു് അവശ്യം ആവശ്യമാണു്; ക്ഷമയോടുകൂടി സഹിക്കുകയെന്നതല്ലാതെ; പീഡയ്ക്കും ദുഃഖത്തിനും പ്രതിവിധിയില്ല.

ഭഗവാന്റെ സ്നേഹിതനായിരിക്കുന്നതിനും അദ്ദേഹത്തിന്റെകൂടെ ഓഹരി ചേരുന്നതിനും നീ ആഗ്രഹിക്കുന്നുവെങ്കിൽ അദ്ദേഹത്തിന്റെ പാനപാത്രത്തിൽനിന്നു് നീ സ്നേഹപൂർവ്വം പാനം ചെയ്യുക.

സുഖത്തെസംബന്ധിച്ചാണെങ്കിൽ അക്കാര്യം ഈശ്വരനു വിട്ടുകൊടുക്കുക; അദ്ദേഹം തന്റെ ഇഷ്ടമനുസരിച്ചു പ്രവർത്തിച്ചുകൊള്ളട്ടെ.

എന്നാൽ കഷ്ടപ്പാടുകൾ സഹിക്കുന്നതിനു നീ തയാറാകുക; അവയെ ഏറ്റവും വലുതായ സുഖങ്ങളായിപ്പരിഗണിക്കുക; എന്തുകൊണ്ടെന്നാൽ ഈ ജീവിതത്തിലെ കഷ്ടപ്പാടുകൾ, അവയെ എല്ലാം നിനക്കുമാത്രം അനുഭവിക്കാൻ കഴിഞ്ഞുവെന്നു വന്നാലും വരാനിരിക്കുന്ന സൗഭാഗ്യവുമായി താരതമ്യപ്പെടുത്തിയാൽ, അസാരങ്ങളാണു്.

11. കഷ്ടപ്പാടു നിനക്കു, ക്രിസ്തുവിനോടു

ള്ള സ്നേഹം നിമിത്തം, മധുരവും ആസ്വദനീയവുമായിത്തീരുന്ന സ്ഥിതിയിൽ നീ എത്തിക്കഴിയുമ്പോൾ, നിനക്കു സകലവും സുഖമാണെന്നു വിചാരിക്കുക; എന്തുകൊണ്ടെന്നാൽ ഭൂമിയിൽ നീ ഒരു പരദീസാ കണ്ടെത്തിയിരിക്കുന്നു.

കഷ്ടപ്പാടു് നിനക്കു സങ്കടകരമായിത്തോന്നുകയും അതിൽനിന്നു് ഓടി രക്ഷപെടാൻ നീ ഉദ്യമിക്കുകയും ചെയ്യുന്ന കാലത്തോളം നിനക്കു സ്വസ്ഥതയുണ്ടാകുകയില്ല. നീ ഓടി രക്ഷപെടാൻ വിചാരിക്കുന്ന കഷ്ടത നിന്നെ സർവ്വത്ര പിന്തുടരും.

12. നിന്റെ കർത്തവ്യകർമ്മത്തിനു്, അതായതു്, പീഡാനുഭവത്തിനും ഇന്ദ്രിയനിഗ്രഹത്തിനും, നീ തയാറാകുന്നുവെങ്കിൽ, അതു നിനക്കു് അചിരേണ കൂടുതൽ ശുഭകരമായിബ്ഭവിക്കുകയും നിനക്കു ശാന്തി സിദ്ധിക്കുകയും ചെയ്യും.

നീ സെയിൻറു് പോളിനോടുകൂടി മൂന്നാം സ്വർഗ്ഗത്തേക്കു് സമുദ്ധൃതനായാലും, അതുമൂലം നിനക്കു കഷ്ടപ്പാടിൽനിന്നു് ഒഴിഞ്ഞിരിക്കാമെന്നു് ഉറപ്പുണ്ടാകുകയില്ല. 'അവൻ എന്റെ നാമത്തിനുവേണ്ടി എത്ര മഹത്തായ കായ്യങ്ങൾ അനുഭവിക്കേണ്ടിയിരിക്കുന്നുവെന്നു ഞാൻ അവനു കാണിച്ചുകൊടുക്കും,'

എന്നു് യേശു പറഞ്ഞിട്ടുണ്ടു്.

അതുകൊണ്ടു് നീ യേശുവിനെ സ്നേഹിക്കുകയും നിരന്തരം സേവിക്കുകയും ചെയ്യുമെന്നുണ്ടെങ്കിൽ, കഷ്ടാനുഭവമത്രെ നിന്നെ കാത്തു നില്ക്കുന്നതു്.

13. യേശുവിന്റെ നാമത്തിനുവേണ്ടി എന്തെങ്കിലും കഷ്ടമനുഭവിക്കുന്നതിനു നീ യോഗ്യനായിത്തീർന്നുവെങ്കിൽ, എത്ര മഹത്തായ സൗഭാഗ്യം നിനക്കു പ്രാപ്യമായിരിക്കും; ഈശ്വരന്റെ സകല സിദ്ധന്മാക്കും അതു് എത്ര ആമോദകരമായിരിക്കും; നിന്റെ അയൽവാസിയ്ക്കു് അതു് എത്ര സന്മാതൃകയായിരിക്കും!

ക്ഷമാശീലം നല്ലതാണെന്നു് എല്ലാവരും പറയുന്നു; എന്നാൽ കഷ്ടമനുഭവിക്കുന്നതിനു് സമ്മതമുള്ളവരായി വളരെ കുറച്ചുപേരേയുള്ളു.

ഒട്ടധികംപേർ ലോകത്തിനുവേണ്ടി കൂടുതൽ ദുഃഖകരങ്ങളായ കായ്ക്ലേശം അനുഭവിക്കുന്നസ്ഥിതിക്കു്, ക്രിസ്തുവിനുവേണ്ടി കുറഞ്ഞൊരു കഷ്ടം നീ സന്തോഷപൂർവ്വം അനുഭവിക്കണമെന്നുള്ളതു് വളരെ യുക്തിയുക്തമാണു്.

14. സ്വാത്മനിഗ്രഹം ചെയ്യുന്ന ഒരു ജീവിതം നീ നയിക്കേണ്ടതാണെന്നു നിസ്സന്ദേ

ഹമായി ഗ്രഹിക്കുക; ഒരു മനുഷ്യൻ എത്ര ത്തോളം സ്വാത്മനിഗ്രഹം ചെയ്യുന്നുവോ അവൻ അത്രത്തോളം കൂടുതൽ ഈശ്വരോ ദ്ദേശ്യകമായി ജീവിക്കുന്നതിനു സമാരംഭി ക്കുന്നു.

ക്രിസ്തുവിനുവേണ്ടി കഷ്ടപ്പാടുകൾ അനുഭ വിക്കുന്നതിനു സന്നദ്ധനാകാത്ത മനുഷ്യൻ സ്വർഗ്ഗീയ സംഗതികളെ ഗ്രഹിക്കുന്നതിനു യോഗ്യനല്ല.

ക്രിസ്തുവിനുവേണ്ടി സന്തോഷപൂർവ്വം കഷ്ട മനുഭവിക്കുകയെന്നതിനെക്കാൾ ഈശ്വര നു കൂടുതൽ സ്വീകാര്യമായി, ഈ ലോകത്തു് നിനക്കു് കൂടുതൽ വിഹിതമായി, യാതൊ ന്നുമില്ല.

ഒട്ടധികം സുഖാനുഭോഗങ്ങളിൽനിന്നുള്ള സന്തുഷ്ടിയെക്കാൾ ക്രിസ്തുവിനുവേണ്ടിയുള്ള കഷ്ടാനുഭവത്തെയത്രെ, അതു നിന്റെ ഇ ച്ഛയ്ക്കധീനമാണെങ്കിൽ, നീ ആഗ്രഹിക്കേണ്ട തു്; എന്തുകൊണ്ടെന്നാൽ നിനക്കു് ഇപ്പ്രകാ രം ക്രിസ്തുവിനോടു കൂടുതൽ സാരൂപ്യവും, സിദ്ധന്മാരോടു കൂടുതൽ ആനന്തരൂപ്യവും സി ദ്ധിക്കും.

എന്തുകൊണ്ടെന്നാൽ, നമ്മുടെ യോഗ്യത യും ആത്മീയമായ അഭിവൃദ്ധിയും ഒട്ടധികം സുമധുരങ്ങളായ സുഖാനുഭോഗങ്ങളിലല്ല,

വലുതായ പീഡകളും അരിഷ്ടതകളും അനുഭവിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നതു്.

15. പീഡാനുഭവത്തെക്കാൾ മനുഷ്യനു മോക്ഷപ്രാപ്തിക്കു കൂടുതൽ നല്ലതും സാഹായ്യകരവുമായ എന്തെങ്കിലുമുണ്ടായിരുന്നുവെങ്കിൽ ക്രിസ്തു തീർച്ചയായും അതിനെ വാക്കുകൊണ്ടും ദൃഷ്ടാന്തംകൊണ്ടും കാണിച്ചു തരുമായിരുന്നു.

എന്തുകൊണ്ടെന്നാൽ, 'ആരെങ്കിലും എന്നെ പിന്തുടരണമെന്നുണ്ടെങ്കിൽ, അവൻ ആത്മത്യാഗംചെയ്തു് അവന്റെ കുരിശു് അനുദിനം വഹിച്ചുകൊണ്ടു് എന്നെ പിന്തുടരട്ടെ.' (ലൂക്കു് IX–23.) എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം തന്നെ പിന്തുടർന്ന ശിഷ്യന്മാരോടും പിന്തുടരാൻ ആഗ്രഹിക്കുന്ന സകലരോടും കുരിശു ചുമക്കുന്നതിനു സ്പഷ്ടമായി ഉപദേശിക്കുന്നു.

അതുകൊണ്ടു് നാം സകലവും ക്ലേശംകൂടാതെ വായിച്ചു പരിശോധിച്ചു കഴിയുമ്പോൾ, നമ്മുടെ അവസാന തീരുമാനം 'ഒട്ടധികം കഷ്ടാനുഭവങ്ങൾ വഴിയാണു നാം ഈശ്വരന്റെ രാജ്യത്തു് പ്രവേശിക്കേണ്ടതു്,' (നട. xiv—2) എന്നായിരിക്കട്ടെ.

മൂന്നാം പുസ്തകം

അദ്ധ്യായം 1

ക്രിസ്തുവും വിശ്വാസമുള്ള ആത്മാവും

ശിഷ്യൻ: 'ഭഗവാൻ, ഈശ്വരൻ, എന്റെ ഉള്ളിൽ സംസാരിക്കുന്നതു ഞാൻ ശ്രദ്ധിച്ചു കേൾക്കും.' (സങ്കീ. 1. xxxiv)

ഭഗവാൻ ഉള്ളിൽ സംസാരിക്കുന്നതു കേൾക്കുകയും അദ്ദേഹത്തിന്റെ വദനത്തിൽ നിന്നു സാന്ത്വനവചനത്തെ സ്വീകരിക്കുകയും ചെയ്യുന്ന ആത്മാവു് അനുഗൃഹീതമാകുന്നു.

ദിവ്യമന്ത്രണത്തിന്റെ ധ്വനിയെ ആദരിക്കുകയും ഈ ലോകത്തിന്റെ ബഹളങ്ങളായ മന്ത്രണങ്ങളെ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്ന ശ്രവണേന്ദ്രിയങ്ങൾ തീർച്ചയായും അനുഗൃഹീതങ്ങളാകുന്നു.

ബാഹ്യങ്ങളായ വസ്തുക്കളെ കാണാതിരിക്കുകയും ആന്തരമായവയിലേക്കു ദൃഷ്ടിയെ ക്ഷണമായിരിക്കുകയും ചെയ്യുന്ന നയനങ്ങൾ അനുഗൃഹീതങ്ങളാകുന്നു.

ആന്തരമായ വസ്തുക്കളുടെ ഉള്ളിലേക്കു കടക്കുകയും ദിവസേനയുള്ള അനുഷ്ഠാനങ്ങളാൽ സ്വർഗ്ഗീയരഹസ്യങ്ങളുടെ സ്വീകരണത്തിനായി സ്വയം സജ്ജീകരിക്കുന്നതിനു കൂടുതൽ ശ്രമിക്കുകയും ചെയ്യുന്നവർ അനുഗൃഹീതരാകുന്നു.

ഈശ്വരനിൽതന്നെ ഏകാഗ്രചിത്തരായിരിക്കുന്നതിനു് ഉദ്യമിക്കുകയും ലൗകികമായ സകല പ്രതിബന്ധങ്ങളെയും പരിവർജ്ജിക്കുകയും ചെയ്യുന്നവർ അനുഗൃഹീതരാകുന്നു.

ഓ എന്റെ ആത്മാവെ, ഈ സംഗതികളെ ശ്രദ്ധിക്കുകയും നിന്റെ ഈശ്വരനായ ഭഗവാൻ നിന്റെ ഉള്ളിൽ സംസാരിക്കുന്നതെന്തെന്നു കേൾക്കുന്നതുവരെയും നിന്റെ ഇന്ദ്രിയങ്ങളുടെ വാതിലുകളെ അടച്ചിടുകയും ചെയ്യുക.

2. ക്രിസ്തു. നിന്റെ പ്രിയഭാജനം ഇപ്രകാരം പറയുന്നു: ഞാൻ നിന്റെ രക്ഷയും നിന്റെ സമാധാനവും, നിന്റെ ജീവനുമാകുന്നു; എന്നിൽ നിവസിക്കുക, എന്നാൽ നീ ശാന്തിയെ പ്രാപിക്കും.

താൽക്കാലികങ്ങളായ കാര്യങ്ങളെ വിട്ടിട്ടു് സനാതനങ്ങളായ കാര്യങ്ങളെ അന്വേഷിക്കുക.

ലൗകികങ്ങളായ കാര്യങ്ങൾ സകലവും ഗതിക്കുന്ന കുരുക്കുകളല്ലാതെ എന്താണു്? സൃഷ്ടാവു നിന്നെ ഉപേക്ഷിക്കുന്നുവെങ്കിൽ സൃഷ്ടികളെക്കൊണ്ടു നിനക്കു് എന്തൊരു പ്രയോജനമുണ്ടാകും?

അതുകൊണ്ടു്, നിനക്കു് യഥാർത്ഥമായ സൗഭാഗ്യം പ്രാപ്യമാകുന്നതിനായി, ലൗകീകവസ്തുക്കളെയെല്ലാം ഉപേക്ഷിച്ചിട്ടു് നിന്റെ സൃഷ്ടാവിനു പ്രിയംകരനായിരിക്കുകയും അദ്ദേഹത്തോടു വിശ്വാസമുള്ളവനായിരിക്കുകയും ചെയ്യുക.

അദ്ധ്യായം 2

സത്യസ്വരൂപൻ നമ്മുടെ ഉള്ളിലിരുന്നു നിശ്ശബ്ദമായി സംസാരിക്കുന്നു.

ശിഷ്യൻ.

സംസാരിക്കുക, ഓ ഭഗവാനെ, അങ്ങയുടെ ദാസൻ ചെവിക്കൊള്ളുന്നു. (1. രാജാ. iii. 10.) ഞാൻ അങ്ങയുടെ ദാസനാകുന്നു; അങ്ങയുടെ സാക്ഷ്യങ്ങളെ ഞാൻ ഗ്രഹിക്കത്തക്കവണ്ണം എനിക്കു് ധാരണാശക്തി തരേണമെ. (സങ്കീ. cxviii—125.)

അങ്ങെയുടെ നാക്കിൽനിന്നു വരുന്ന വാക്കുകൾക്കു് എന്റെ ഹൃദയത്തെ അനുകൂലിപ്പിക്കുക; അങ്ങയുടെ സംഭാഷണം ഹിമകണംപോലെ സ്ഫുടമായി പതിക്കട്ടെ.

'അങ്ങു് ഞങ്ങളോടു സംസാരിക്കുക, ഞങ്ങൾ കേൾക്കാം; ഈശ്വരൻ ഞങ്ങളോടു സംസാരിച്ചാൽ ഞങ്ങൾ മരിച്ചുപോകുമെന്നുള്ളതുകൊണ്ടു് ഞങ്ങളോടു സംസാരിക്കാതിരിക്കട്ടെ,' എന്നു പുരാതനകാലത്തു് ഇസ്രായേൽ സന്താനങ്ങൾ മോസസ്സിനോടു പറഞ്ഞു. (പുറപ്പാടു് xx–19.)

അങ്ങനെയല്ലാ, ഭഗവാനെ, അങ്ങനെയല്ല, ഞാൻ പ്രാർത്ഥിക്കുന്നതു്; സാമുവൽ ദീഷ്ദർശിയോടൊത്തു്, 'ഭഗവാനെ, സംസാരിക്കുക, എന്തുകൊണ്ടെന്നാൽ അങ്ങെയുടെ ദാസൻ കേൾക്കുന്നു' എന്നു ഞാൻ വിനയത്തോടും താല്പര്യത്തോടുംകൂടി അങ്ങെയോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

മോസസ്സോ ദീഷ്ദർശികളിൽ ആരെങ്കിലുമോ എന്നോടു സംസാരിക്കാൻ അനുവദിക്കരുതു്; എന്നാൽ ദീഷ്ദർശികൾക്കു പ്രചോദനവും പ്രബുദ്ധതയും നല്കുന്ന ഈശ്വരനായ ഭഗവാനെ, അങ്ങു് എന്നോടു സംസാരിച്ചാലും; എന്തുകൊണ്ടെന്നാൽ അവരെക്കൂടാതെ അങ്ങേക്കുമാത്രം എന്നെ പൂർണ്ണമായി പ

ഠിപ്പിക്കാൻ കഴിയും; എന്നാൽ അങ്ങയെക്കൂടാതെ അവക്ക് എനിക്കായി യാതൊന്നും ചെയ്യാൻ സാധിക്കുകയില്ല.

2. അവക്ക് വാക്കുകൾ ഉച്ചരിക്കാൻ കഴിഞ്ഞേക്കാമെന്നുള്ളതു ശരിതന്നെ; എന്നാൽ ആത്മീയചൈതന്യം നല്കുന്നതിന് അവക്ക് കഴിവില്ല.

ഏറ്റവും മനോഹരമായി അവർ സംസാരിക്കുന്നു; എന്നാൽ അങ്ങു നിശ്ശബ്ദമായിരിക്കുന്നുവെങ്കിൽ അവർ ഹൃദയത്തെ ജ്വലിപ്പിക്കുന്നില്ല.

അവർ ശബ്ദത്തെ വിതരണം ചെയ്യുന്നു; എന്നാൽ അങ്ങു് അർത്ഥത്തെ പ്രകാശിപ്പിക്കുന്നു.

അവർ ദുരവഗാഹതത്വങ്ങളെ പ്രഖ്യാപനം ചെയ്യുന്നു; എന്നാൽ അങ്ങു് നിഗൂഢമായ സംഗതിയുടെ അർത്ഥത്തെ വിശദീകരിക്കുന്നു.

അവർ കല്പനകളെ പ്രഖ്യാപനം ചെയ്യുന്നു; എന്നാൽ അങ്ങു് അവയെ നിർവ്വഹിക്കുന്നതിനു ഞങ്ങളെ ശക്തരാക്കുന്നു.

അവർ ബാഹ്യമായിമാത്രം പ്രവർത്തിക്കുന്നു; എന്നാൽ അങ്ങു് ഹൃദയത്തെ പ്രബോധിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു.

അവർ പുറമെ വെള്ളമൊഴിക്കുന്നു; എന്നാൽ അങ്ങു് ഫലസമൃദ്ധിയെ പ്രദാനം ചെയ്യുന്നു.

അവർ വാക്കുകളെ ഉച്ചത്തിൽ ഉദ്ഘോഷിക്കുന്നു; എന്നാൽ അങ്ങു ശ്രോതാവിനു ധാരണാശക്തിയെ പ്രദാനംചെയ്യുന്നു.

3. അതിനാൽ മോസസ്സിനെക്കൊണ്ടു് എന്നോടു സംസാരിപ്പിക്കാതെ, ഓ എന്റെ ഈശ്വര, ഭഗവാനെ, സനാതനസത്യമായ അങ്ങു് എന്നോടു സംസാരിച്ചാലും; അല്ലെങ്കിൽ എനിക്കു് ബാഹ്യമായ ഉപദേശംമാത്രം ലഭിച്ചിട്ടു് ആന്തരമായ പ്രബുദ്ധത സിദ്ധിക്കാതിരുന്നാൽ ഞാൻ മരിച്ചുപോകുകയും ഫലശൂന്യനാകുകയും ചെയ്യും. അല്ലെങ്കിൽ ഞാൻ കേട്ടിട്ടും നിർവ്വഹിച്ചിട്ടില്ലാത്ത, അറിഞ്ഞിട്ടും സ്നേഹിച്ചിട്ടില്ലാത്ത, വിശ്വസിച്ചിട്ടും അനുവർത്തിച്ചിട്ടില്ലാത്ത വാക്കു് എന്റെ നാശവിധിയായി പരിണമിക്കും.

അതുകൊണ്ടു്, ഓ ഭഗവാനെ, സംസാരിക്കുക, അങ്ങയുടെ ദാസൻ കേൾക്കുന്നു; എന്തുകൊണ്ടെന്നാൽ നിത്യജീവിതത്തെ പ്രദാ

നം ചെയ്യുന്ന വാക്കുകൾ അങ്ങേയ്ക്കുണ്ടു്.
(ജോൺ. VI. 69.)

സംസാരിക്കുക, അതു് എന്റെ ആത്മാവിനെ കുറെയെങ്കിലും ആശ്വാസപ്രദവും, എന്റെ ജീവിതം മുഴുവനും പരിഷ്കരിക്കുന്നതിനു പയ്യാപ്തവും, അങ്ങയുടെ സ്തുതിക്കും മഹിമയ്ക്കും അനന്തമായ ബഹുമതിക്കും അനുരൂപവുമായിരിക്കും.

അദ്ധ്യായം 3.

ഈശ്വരവചനം.

ക്രിസ്തു.

എന്റെ മകനെ, എന്റെ വാക്കുകളെ ഈ ലോകത്തിലെ തത്വജ്ഞാനികളുടെയും വിജ്ഞന്മാരുടെയും വിജ്ഞാനത്തെയെല്ലാം അതിശയിക്കുന്ന ഏറ്റവും മധുരമായ വാക്കുകളെ, കേൾക്കുക.

എന്റെ വാക്കുകൾ ആത്മാവും ജീവനുമാകുന്നു; അവ മനുഷ്യബുദ്ധിയാൽ പരിമേയമല്ല.

മൂഢവും ലഘുവുമായ ഒരു ജിജ്ഞാസയെ പ്രീണിപ്പിക്കാനായിട്ടല്ല അവ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. അവ നിശ്ശബ്ദമായി കേൾക്കപ്പെടേണ്ടതും പൂർണ്ണവിനയത്തോടും സ്നേഹപ്രകർഷത്തോടും സ്വീകരിക്കപ്പെടേണ്ടതുമാണു്.

ശിഷ്യൻ.

2. 'ഓ, ഭഗവാനെ, അങ്ങു് അങ്ങേയുടെ നിയമം പഠിപ്പിക്കുന്ന മനുഷ്യൻ അനുഗ്രഹീതനാകുന്നു. അതിനാൽ അങ്ങു് അവനു ഇഷ്ടമായ ദിവസങ്ങളിൽനിന്നു വിശ്രമം നല്കുകയും' (സങ്കീ. xc iii. 12, 13.) അവൻ ഭൂമിയിൽ ആശ്വാസരഹിതനല്ലാതിരിക്കുകയും ചെയ്യുന്നു എന്നു ഞാൻ പറഞ്ഞു.

ക്രിസ്തു.

3. ഞാനാണു് ആരംഭം മുതൽ ദീഷ്ടർക്കുള്ളതു്; ഇതുവരെയും ഞാൻ എല്ലാവരോടുമുള്ള സംഭാഷണത്തിൽനിന്നു വിരമിച്ചിട്ടുമില്ല; എന്നാൽ അധികം പേരും എന്റെ ശബ്ദത്തിനു ബധിരരും കർക്കശരുമായിരിക്കുന്നു.

ഭൂരിപക്ഷം ആളുകൾ ഈശ്വരനെ ചെവിക്കൊള്ളുന്നതിനേക്കാൾ ലോകത്തെ ചെവിക്കൊള്ളുന്നു; അവർ ഈശ്വരഹിതത്തെ അനുവർത്തിക്കുന്നതിനേക്കാൾ അവരുടെ ശാരീരമായ ആശകളെ അനുവർത്തിക്കുന്നതിൽ കൂടുതൽ ഉത്സുകരായിരിക്കുന്നു.

ലോകം ഐഹികവും നികൃഷ്ടവുമായ കാര്യങ്ങളെ പ്രതിജ്ഞചെയ്യുന്നു; എങ്കിലും അതു് അത്യുത്സാഹപൂർവ്വം ഉപാസിക്കപ്പെടുന്നു; ഞാനോ ഏറ്റവും വിശിഷ്ടവും അനശ്വരവുമായ കാര്യങ്ങളെ പ്രതിജ്ഞ ചെയ്യുന്നു; എങ്കിലും മനുഷ്യരുടെ ഹൃദയങ്ങൾ ഉദാസീനവും അസ്പൃഷ്ടവുമായിരിക്കുന്നു!

ലോകത്തെയും അതിന്റെ പ്രഭുക്കളെയും സേവിക്കുന്നതുപോലെ വലുതായ ശ്രദ്ധയോടെ എല്ലാകാര്യങ്ങളിലും എന്നെ സേവിക്കുകയും അനുസരിക്കുകയും ചെയ്യുന്നതായി ആരുണ്ടു്? 'ഓ സീദോൻ, ലജ്ജാഭരിതമാകുക, എന്നു സമുദ്രം ഘോഷിക്കുന്നു.'

(ഇസ xxiii-4.)

എന്തുകൊണ്ടാണെന്നു നീ ചോദിക്കുന്നുവെങ്കിൽ കാരണം കേൾക്കുക.

ചെറുതായ ഒരു ജീവിതമാർഗ്ഗത്തിനായി മനുഷ്യൻ വളരെ ദൂരം ഓടിനടക്കുന്നു; നിത്യജീവിതത്തിനായി അധികംപേരും തന്നെയിൽ

നിന്നു് ഒരു പാടംപോലും ഇളക്കുന്നില്ല.

ഏതു നിസ്സാരമായ കായ്വും മനുഷ്യൻ തിരഞ്ഞുനടക്കുന്നു; ഒരു ചില്ലിക്കാശിനുപോലും മനുഷ്യർ ചിലപ്പോൾ ലജ്ജാവഹമായി ശണ്ഠകൂട്ടുന്നു. വ്യർത്ഥമായ ഒരു കായ്വത്തിനോ നിസ്സാരമായ ഒരു കരാറിനോ വേണ്ടീ രാപകൽ അദ്ധ്വാനിക്കുന്നതിനു് അവക്കു ഭയമില്ല.

4. എന്നാൽ, കഷ്ടം! മാറ്റമില്ലാത്ത ഒരു സാധനത്തിനായി, അപരിമേയമായ ഒരു സമ്മാനത്തിനായി, സർവ്വോത്കൃഷ്ടമായ ബഹുമതിക്കും അനന്തമായ സൗഭാഗ്യത്തിനുമായി അത്യല്പമായ ശ്രമംപോലും സഹിക്കുന്നതിനു് അവർ തയ്യാറില്ല.

ആ സ്ഥിതിക്കു, മടിയനും പരാതിക്കാരനുമായ ഭൃത്യാ, ജീവിതത്തിനുവേണ്ടി അദ്ധ്വാനിക്കാൻ നിനക്കുള്ള ഔത്സുക്യത്തേക്കാൾ കൂടുതലായ ഔത്സുക്യം അവക്കു മരണത്തിനുവേണ്ടി അദ്ധ്വാനിക്കാൻ ഉണ്ടെന്നുള്ളതിനാൽ, നീ ലജ്ജിച്ചാലും.

നീ സത്യാന്വേഷണത്തിൽ സന്തോഷിക്കുന്നതിൽ കൂടുതലായി അവർ മിഥ്യയായതിന്റെ പുറകെ ഓടുന്നതിൽ സന്തോഷിക്കുന്നു.

അവരുടെ പ്രത്യാശകൾ പലപ്പോഴും വിഫലീഭവിക്കുന്നുവെന്നുള്ളതു തീർച്ചയാണു്; എന്നാൽ എന്റെ വാഗ്ദാനം ആരെയും വഞ്ചി

ക്കുന്നില്ല; എന്നിൽ വിശ്വസിക്കുന്നവനെ ഞാൻ ഒരുനാളും കൈയായി അയച്ചുകളയുന്നതുമില്ല.

ഒരു മനുഷ്യൻ എന്നോടുള്ള സ്നേഹത്തിൽ അവസാനംവരെ വിശ്വാസപൂർവ്വം വർത്തിക്കുന്നപക്ഷം, ഞാൻ കരാറുചെയ്തിട്ടുള്ളതു ഞാൻ കൊടുക്കുകയും ഞാൻ പറഞ്ഞിട്ടുള്ളതു ഞാൻ നിറവേറുകയും ചെയ്യും.

ഞാൻ എല്ലാ സജ്ജനങ്ങൾക്കും സമ്മാനദാനം ചെയ്യുന്നവനും എല്ലാ ഭക്തജനങ്ങളെയും ശക്തിയായി പരീക്ഷിക്കുന്നവനും ആകുന്നു.

5. എന്റെ വാക്കുകളെ നിന്റെ ഹൃദയത്തിൽ നീ എഴുതുകയും അവയെപ്പറ്റി ഉത്സാഹപൂർവ്വം ധ്യാനിക്കുകയും ചെയ്യുക; എന്തുകൊണ്ടെന്നാൽ പ്രലോഭനമുണ്ടാകുമ്പോൾ അവ നിനക്കു വളരെ ആവശ്യമായിരിക്കും.

നിനക്കു് വായിക്കുമ്പോൾ മനസ്സിലാകാത്തതു് ദിവ്യസന്ദർശനമുണ്ടാകുന്ന ദിവസം നീ ഗ്രഹിക്കും.

രണ്ടുപ്രകാരത്തിൽ, അതായതു് പ്രലോഭനങ്ങൾ വഴിയായും സമാശ്വാസങ്ങൾ വഴിയായും ഞാൻ എന്റെ ഭക്തജനങ്ങളെ സന്ദർശിക്കാറുണ്ടു്.

ഞാൻ ദിവസംപ്രതി രണ്ടു പാഠങ്ങൾ അവരെ വായിച്ചു കേൾപ്പിക്കുന്നു: ഒന്നു് അവരുടെ ദുർഗ്രണങ്ങളെപ്പറ്റിയുള്ള ശാസനവും, മറേറതു് അവരുടെ സൽഗ്രണങ്ങളുടെ വർദ്ധനത്തിനായുള്ള ഉപദേശവും.

എന്റെ വചനങ്ങൾ ലഭിക്കുകയും എന്നാൽ അവയെ അവഗണിക്കുകയും ചെയ്യുന്നവനു് അവസാനദിവസം അവനെ വിധിച്ചു ശിക്ഷിക്കുന്നതിനു് പര്യാപ്തമായതു് ഉണ്ടു".

ഭക്തിയാകുന്ന ദിവ്യാനുഗ്രഹം സിദ്ധിക്കുന്നതിനായി ഒരു പ്രാർത്ഥന.

6. ഓ എന്റെ ഈശ്വര, ഭഗവാനെ, എനിക്കു് നന്മയായിട്ടുള്ള സകലവും അങ്ങാണു്; അങ്ങയോടു സംസാരിക്കാൻ മുതിരുന്നതിനു ഞാൻ ആരു്?

ഞാൻ അങ്ങയുടെ ഏററവും പാവമായ, നികൃഷ്ടനായ ദാസനും ഭൂമിയിലെ നീചമായ ഒരു പുഴുവുമാണു്; എനിക്കു സങ്കല്പിക്കാനോ പറയാനോ കഴിയുന്നതിലധികം ഞാൻ പാവപ്പെട്ടവനും നിന്ദ്യനുമാണു്.

എങ്കിലും, ഓ ഭഗവാനെ, ഞാൻ കേവലം ഒരു പുജ്യമാണെന്നും എനിക്കു് ഒന്നുമി

ല്ലെന്നും ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും അങ്ങു് ഓർക്കേണമെ.

അങ്ങു് മാത്രമെ നന്മയും നീതിയും പരിശുദ്ധിയുമുള്ളവനായി ഉള്ളു; അങ്ങേയ്ക്കു് സർവ്വകാര്യങ്ങളും ചെയ്യാൻ കഴിയും; അങ്ങു് സർവ്വവും തരുന്നു; അങ്ങു സർവ്വത്തെയും നിറയ്ക്കുന്നു; പാപിയെമാത്രം അങ്ങു് വെറുംകൈയായി വിടുന്നു.

സുകൃതികൾ ശൂന്യമായിപ്പോകുന്നതിനു് അനുവദിക്കാത്ത അങ്ങു് അങ്ങേയുടെ കരുണയെ ഓർത്തു എന്റെ ഹൃദയത്തെ അങ്ങേയുടെ അനുഗ്രഹത്താൽ നിറയ്ക്കുണമെ.

7. അങ്ങേയുടെ കരുണയും അനുഗ്രഹവും എനിക്കു ശക്തിയെ പ്രദാനം ചെയ്തില്ലെങ്കിൽ ഈ ഭൂരിതമായ ജീവിതത്തെ ഞാൻ എങ്ങനെ താങ്ങും?

അങ്ങേയുടെ മുഖം എന്നിൽനിന്നു തിരിച്ചുകളയരുതേ; അങ്ങേയുടെ സന്ദർശനം താമസിപ്പിക്കരുതേ; അങ്ങേയുടെ സമാശ്വാസം പിൻവലിച്ചുകളയരുതേ; അങ്ങു് മുഖം തിരിക്കുകയും, സന്ദർശനം താമസിപ്പിക്കുകയും, സമാശ്വാസം പിൻവലിക്കുകയും ചെയ്താൽ, അങ്ങേയ്ക്കു് എന്റെ ആത്മാവു് വെള്ളമില്ലാത്ത തറപോലെ ആയിത്തീരും.

ഓ ഭഗവാനെ, അങ്ങയുടെ ഹിതം അനുവർത്തിക്കുന്നതിനു് എന്നെ പഠിപ്പിക്കുക; അങ്ങേയുടെ ദൃഷ്ടിയിൽ യോഗ്യമായും വിനീതമായും ജീവിക്കുന്നതിനു് എന്നെ പഠിപ്പിക്കുക; എന്തുകൊണ്ടെന്നാൽ അങ്ങു് എന്റെ രക്ഷാനമാകുന്നു; അങ്ങേക്കു് എന്നെ സത്യമായി അറിയാം; ലോകസൃഷ്ടിക്കുമുമ്പും ഞാൻ ലോകത്തു ജനിക്കുന്നതിനുമുമ്പും അങ്ങു് എന്നെ അറിഞ്ഞു.

❖❖❖❖❖

അദ്ധ്യായം 4.

ഈശ്വരസന്നിധിയിൽ ചരിക്കുക.

ക്രിസ്തു.

എന്റെ മകനെ, സത്യത്തിൽ എന്റെ മുമ്പിൽ നടക്കുകയും ഏകാഗ്രമായ ഹൃദയത്തോടുകൂടി എന്നെ എല്ലായ്പോഴും ആരായുകയും ചെയ്യുക.

സത്യത്തിൽ എന്റെ മുമ്പിൽ നടക്കുന്നവർ ദുഷ്ടമായ സംഭവങ്ങളിൽ നിന്നു് സംരക്ഷിക്കപ്പെടുകയും വഞ്ചകന്മാരിൽ നിന്നും

ദുർജ്ജനങ്ങളുടെ അപവാദങ്ങളിൽനിന്നും സത്യസ്വരൂപൻ അവനെ മോചിപ്പിക്കുകയും ചെയ്യും.

സത്യം നിന്റെ വശത്താണെങ്കിൽ, നീ സകല വ്യഗ്രതകളിലും നിന്നു വിമുക്തനായിരിക്കും; കഥയില്ലാത്ത മനുഷ്യൻ നിനക്കു വിരുദ്ധമായി പറയുന്നതിനെ അതു് സത്യമാക്കേണ്ടതുമില്ല.

ശിഷ്യൻ: ഭഗവാനെ, അതു് സത്യമാകുന്നു; അങ്ങു പറയുന്നപ്രകാരം എനിക്കു സംഭവിക്കുമാറാകട്ടെ, എന്നു ഞാൻ അങ്ങയോടു പ്രാർത്ഥിക്കുന്നു; അങ്ങെയുടെ സത്യം എന്നെ പഠിപ്പിക്കുകയും, എന്നെ സൂക്ഷിക്കുകയും, സൗഭാഗ്യകരമായ ഒരു അന്ത്യത്തെ ഞാൻ പ്രാപിക്കുന്നതുവരെ എന്നെ പരിപാലിക്കുകയും ചെയ്യുമാറാകട്ടെ.

എല്ലാ ദുരാശകളിലും ക്രൂരഹിതമായ സ്നേഹത്തിലുംനിന്നു് അതു് എന്നെ മോചിപ്പിച്ചാൽ, സമ്പൂർണ്ണസ്വാതന്ത്ര്യമുള്ള ഒരു ഹൃദയത്തോടുകൂടി ഞാൻ അങ്ങയെ അനുഗമിക്കും.

2. ക്രിസ്തു: സത്യസ്വരൂപനായ ഞാൻ എന്റെ ദൃഷ്ടിയിൽ ശരിയും പ്രിയംകരവുമായ കാര്യങ്ങളെ നിന്നെ പഠിപ്പിക്കും.

നിന്റെ പാപങ്ങളെപ്പറ്റി വലുതായ

പശ്ചാത്താപത്തോടും ദുഃഖത്തോടുംകൂടി ചിന്തിക്കുക; നീ എന്തെങ്കിലും സൽകൃത്യങ്ങൾ ചെയ്തുവെന്നു വിചാരിച്ചു് യോഗ്യനാണെന്നു സ്വയം പരിഗണിക്കരുതു്.

3. നീ വാസ്തവത്തിൽ ഒരു പാപിയും ഒട്ടധികം വികാരങ്ങളുടെ കൂരുക്കിലകപ്പെട്ടവനും അവയ്ക്കു് അധീനനുമാണു്. നീ സ്വയമെ ഒന്നിനും ഒരിക്കലും പ്രാപ്തിയുള്ളവനല്ല; നീ വേഗം അധഃപതിക്കുകയും പരാജിതനാകുകയും എളുപ്പം അസ്വസ്ഥനാകുകയും നഷ്ടധൈര്യനാകുകയും ചെയ്യുന്നു.

നിനക്കു് അഭിമാനിക്കാൻ കഴിയുന്നതായി നിന്നിൽ യാതൊന്നുമില്ല; പ്രത്യുത നിന്നെ സ്വയം അപകൃഷ്ടനാക്കിത്തീർക്കുന്നതിനു പര്യാപ്തമായ പലസംഗതികളുമുണ്ടു്. എന്തുകൊണ്ടെന്നാൽ നീ നിനക്കു് മനസ്സിലാക്കാൻ കഴിയുന്നതിൽ വളരെ അധികം ബലഹീനനാണു്.

4. അതുകൊണ്ടു, നീ എന്തെല്ലാംചെയ്താലും അതൊന്നും വലിയ കാര്യമായിക്കരുതരുതു്.

സനാതനമായതു മാത്രമല്ലാതെ, യാതൊന്നും മഹത്തായും, യാതൊന്നും വിലയേറിയതും ശ്ലാഘനീയവുമായും, യാതൊന്നും ബ

ഹമാന്യമായും, യാതൊന്നും ഉത്കൃഷ്ടമായും യാതൊന്നും യഥാർത്ഥമായി സൂക്ഷ്മമോ അഭിലഷണീയമോ ആയും കരുതരുതു്.

സനാതനസത്യം നിനക്കു് സർവ്വോപരി പ്രിയങ്കരവും നിന്റെ സ്വന്തം അയോഗ്യതാധിക്യം എപ്പോഴും നിനക്കു് അപ്രിയംകരവുമായിരിക്കട്ടെ.

നിന്റെ ദുർഗ്ഗുണങ്ങളെയും പാപങ്ങളെയും പോലെ അത്ര അധികമായി നീ യാതൊന്നിനെയും ഭയപ്പെടുകയും ശാസിക്കുകയും വെറുക്കുകയും ചെയ്യേണ്ടതില്ല; അവ നിനക്കു ലൗകികമായ സകല വസ്തുക്കളുടെയും നഷ്ടത്തെക്കാൾ നീരസപ്രദമായിരിക്കേണ്ടതാണു്.

ചിലർ നിഷ്കളങ്കരായി എന്റെ ദൃഷ്ടിയിൽ ചരിക്കുന്നില്ല, ഒരുതരം ജിജ്ഞാസയാലും അഹങ്കാരത്താലും പ്രചോദിതരായി അവർ, സ്വന്തം കാര്യങ്ങളെയും മോക്ഷത്തെയും അവഗണിച്ചിട്ടു്, എന്റെ രഹസ്യങ്ങളെ അറിയുന്നതിനും ഈശ്വരന്റെ ഉത്കൃഷ്ടങ്ങളായ കാര്യങ്ങളെ ഗ്രഹിക്കുന്നതിനും ആഗ്രഹിക്കുന്നു.

ഇവർ പലപ്പോഴും, അഹങ്കാരവും ജിജ്ഞാസയും നിമിത്തം, വലുതായ പ്രലോഭനങ്ങളിലും പാപങ്ങളിലും അകപ്പെടുന്നു;

എന്തുകൊണ്ടെന്നാൽ ഞാൻ അവക്കു എതിരാകുന്നു.

5. നീ ഈശ്വരന്റെ ന്യായവിധികളെ ഭയപ്പെടുക; സർവ്വശക്തന്റെ കോപത്തെ ഭയന്നു ഞെടുങ്ങുക; പരമോന്നതന്റെ ക്രിയകളെ പരിശോധിച്ചു വിധിക്കാൻ മുതിരരുതു്; എന്നാൽ, നിന്റെ സ്വന്തം അക്രമങ്ങളെ—ഏതെല്ലാം വിധത്തിൽ നീ അപരാധം ചെയ്തിട്ടുണ്ടെന്നും എത്ര നല്ല കായ്ങ്ങൾ നീ ചെയ്യാതെ വിട്ടുകളഞ്ഞിട്ടുണ്ടെന്നും—നീ ഉത്സാഹപൂർവ്വം പരിശോധിക്കുക.

ചിലരുടെ ഭക്തി അവരുടെ പുസ്തകങ്ങളിലും, ചിലരുടേതു് പടങ്ങളിലും, ചിലരുടേതു് ബാഹ്യങ്ങളായ അടയാളങ്ങളിലും സങ്കേതങ്ങളിലും മാത്രം സ്ഥിതിചെയ്യുന്നു.

ചിലരുടെ അധരങ്ങളിൽ ഞാനുണ്ടു്; എന്നാൽ അവരുടെ ഹൃദയത്തിൽ മിക്കവാറുമില്ല.

പ്രബുദ്ധമായ ധാരണാശക്തിയും ശുദ്ധീകൃതമായ ഹൃദയവുമുള്ള ചിലർ സനാതനങ്ങളായ കായ്ങ്ങളെപ്പറ്റി എപ്പോഴും ശ്രദ്ധാലുക്കളായും, ലൗകികങ്ങളായ കായ്ങ്ങളെപ്പറ്റി കേൾക്കുന്നതിനു് വൈമനസ്യമുള്ളവരായും, അവരുടെ പ്രകൃതിസിദ്ധമായ ആവശ്യങ്ങൾക്കു വശംവദരായിരിക്കുന്നതിൽ

സങ്കടപ്പെടുന്നവരായും ഉണ്ടു്. ഇവർ സത്യസ്വരൂപൻ അവരുടെ ഉള്ളിൽ സംസാരിക്കുന്നതെന്നു ഗ്രഹിക്കുന്നു.

എന്തുകൊണ്ടെന്നാൽ, അദ്ദേഹം അവരെ ലൗകിക വസ്തുക്കളെ വെറുക്കുന്നതിനും, സ്വർഗ്ഗീയവസ്തുക്കളെ സ്നേഹിക്കുന്നതിനും, ലോകത്തെ അവഗണിക്കുന്നതിനും, അഹോരാത്രം സ്വർഗ്ഗത്തെ കാംക്ഷിക്കുന്നതിനും പഠിപ്പിക്കുന്നു.

❖❖❖❖❖

അദ്ധ്യായം 5

ദിവ്യസ്നേഹത്തിന്റെ ഫലങ്ങൾ.

ശിഷ്യൻ

എന്റെ ഭഗവാൻ ശ്രീയേശുക്രിസ്തുവിന്റെ പിതാവായ, ഓ സ്വർഗ്ഗീയ പിതാവേ, അങ്ങെ ഞാൻ വാഴ്ത്തുന്നു; എന്തുകൊണ്ടെന്നാൽ എന്നെപ്പോലെ സാധുവായ ഒരു സൃഷ്ടിയെ ഓർക്കുന്നതിനു് അങ്ങേക്കു കരുണയുണ്ടായല്ലോ.

ഓ കരുണാനിധിയായ പിതാവേ, സകല സമാശ്വാസങ്ങളും പ്രദാനം ചെയ്യുന്ന

ഈശ്വരാ, യാതൊരു ആശ്വാസത്തിനും യോഗ്യനല്ലാത്ത എന്നെ ചിലപ്പോൾ അങ്ങേയുടെ സമാശ്വാസംകൊണ്ടു സന്തുഷ്ടനാക്കുന്ന അങ്ങേയ്ക്കു ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

ഞാൻ അങ്ങയെ, അങ്ങയുടെ ഏക സുതനോടും ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനോടും ഒരുമിച്ചു്, എല്ലായ്പോഴും വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യുന്നു.

എന്റെ പരിശുദ്ധ പ്രിയതമനായ ഓ, ഭഗവാനെ, ഈശ്വര, അങ്ങു എന്റെ ഹൃദയത്തിൽ എഴുന്നരുളുമ്പോൾ, എന്റെ ഉള്ളിലുള്ള സകലവും പരമാനന്ദംകൊണ്ടു നിറയും.

അങ്ങു് എന്റെ മഹിമയും എന്റെ ഹൃദയാനന്ദവുമാകുന്നു.

എന്റെ ദുരിതകാലത്തു് അങ്ങു് എന്റെ പ്രത്യാശയും ശരണവുമാകുന്നു.

2. എന്നാൽ ഞാൻ ഇപ്പോഴും സ്നേഹത്തിൽ ദുർബ്ബലനും നന്മയിൽ അപൂർണ്ണനുമാകയാൽ അങ്ങേയിൽനിന്നു ശക്തിയും ആശ്വാസവും സിദ്ധിക്കേണ്ടതു് ആവശ്യം എനിക്കുണ്ടു്. ഈ കാരണത്താൽ അങ്ങു് എന്നെ മുറയ്ക്കു സന്ദർശിക്കുകയും, അങ്ങേയുടെ പരിശുദ്ധമായ ശിക്ഷാക്രമത്തിൽ എന്നെ അഭ്യസിപ്പിക്കുകയും ചെയ്യുക.

ഭവ്വികാരങ്ങളിൽനിന്നു് എന്നെ മോചിപ്പിക്കുകയും, സകല ക്രമരഹിതമായ സ്നേഹബന്ധങ്ങളിലും നിന്നു് എന്റെ ഹൃദയത്തെ ഉല്ലാഘവമാക്കുകയും ചെയ്യുക; ആന്തരമായ സുഖവും പരിശുദ്ധിയും ലഭിച്ചാൽ ഞാൻ സ്നേഹത്തിനു യോഗ്യനും, കഷ്ടമനുഭവിക്കുന്നതിനു് ധൈര്യമുള്ളവനുമായിത്തീരുമല്ലോ.

3. സ്നേഹം അതിവിശിഷ്ടമായ ഒരു ഗുണമാകുന്നു; അതുമാത്രം ഭവ്യഹമായതിനെയെല്ലാം സുവഹമാക്കുകയും വിഷമമായതിനെയെല്ലാം സമീപിക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ അതു ഭാരംകൂടാതെ ഭാരത്തെ വഹിക്കുകയും കയ്പുള്ളതിനെയെല്ലാം മധുരവും ആസ്വദനീയവുമാക്കുകയും ചെയ്യുന്നു.

യേശുവിനോടുള്ള സ്നേഹം ഉത്കൃഷ്ടവും ഉദാരവുമാണു്; അതു മഹത്തായ കായ്ങ്ങളെ ചെയ്യുന്നതിനു നമ്മെ പ്രചോദനം ചെയ്യുകയും എപ്പോഴും ഏറ്റവും പരിപൂർണ്ണമായതിനെ ആഗ്രഹിക്കുന്നതിനു നമ്മെ ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു.

സ്നേഹത്തിന്റെ ഗതി മേല്പോട്ടാകുന്നു; താണതും ഹീനവുമായ യാതൊന്നിനും അതിനെ ഭൂമിയിൽ ബന്ധിച്ചുനിറുത്താവുന്നതല്ല.

സ്നേഹം സ്വതന്ത്രവും സകല ലൗകികബന്ധങ്ങളിലുംനിന്നു് വിമുക്തവുമായിരിക്കും; അല്ലെങ്കിൽ അതിന്റെ ആന്തരമായ കാഴ്ചയ്ക്കു തടസ്സമുണ്ടാകുകയും അതു ലൗകിക താല്പര്യങ്ങളാൽ പരിഗ്രസ്തമാകുകയോ കഷ്ടനഷ്ടങ്ങളാൽ പരാജിതമാകുകയോ ചെയ്യുകയും ചെയ്യും.

സ്നേഹത്തെക്കാൾ മധുരതരമോ, ബലവത്തരമോ, ഉത്കൃഷ്ടതരമോ, ഉദാരതരമോ, കൂടുതൽ ആനന്ദകരമോ, പൂർണ്ണതരമോ, വിശിഷ്ടതരമോ ആയി സ്വർഗ്ഗത്തും ഭൂമിയിലും യാതൊന്നുമില്ല; എന്തുകൊണ്ടെന്നാൽ സ്നേഹം ഈശ്വരനിൽനിന്നു സഞ്ജാതമാണു്; സകല സൃഷ്ടവസ്തുക്കൾക്കും ഉപരിയായി ഈശ്വരനിലല്ലാതെ അതിനു വിശ്രമിക്കാൻ സാധിക്കുകയില്ല.

4. സ്നേഹപരവശൻ പറക്കുന്നു, ഓടുന്നു, ആനന്ദിക്കുന്നു; അവൻ സ്വതന്ത്രനാണു്; അവനെ തടുത്തുനിറുത്തുക സാദ്ധ്യമല്ല.

അവൻ സർവ്വസ്വവും സർവ്വസ്വത്തിനായി കൊടുക്കുകയും അവനു സകലതിലും സകലവും ഉണ്ടായിരിക്കുകയുംചെയ്യുന്നു; എന്തുകൊണ്ടെന്നാൽ അവൻ, സർവ്വോപരി, സകല നന്മകളുടെയും ഉൽപത്തിസ്ഥാനമായ ആ പ

രമൈക സദ്ഗുണമൂർത്തിയെ അവലംബിക്കുന്നു.

അവൻ ദാനങ്ങളെ ഗണ്യമാക്കുന്നില്ല; പ്രത്യുത, സകല ദാനങ്ങൾക്കും ഉപരിയായി ദാതാവിനെ അന്വേഷിക്കുന്നു.

പലപ്പോഴും സ്നേഹത്തിനു് അളവു് എന്തെന്നു് അറിഞ്ഞുകൂടാ; എന്നാൽ അതു് അളവില്ലാത്തവിധത്തിൽ തീക്ഷ്ണമായിരിക്കുന്നു.

സ്നേഹം ഭാരമെന്തെന്നു് അറിയുന്നില്ല; അതു് അദ്ധ്വാനം വകവയ്ക്കുന്നില്ല; ചെയ്യാൻ കഴിയുന്നതിൽ കൂടുതൽ ചെയ്യുന്നതിനു് അതിനു മനസ്സുണ്ടു്; അസാദ്ധ്യമെന്ന ഒരു ഒഴിവുകഴിവു് അതിനു് എല്ലാ കായ്യങ്ങളും വിഹിതവും സാദ്ധ്യവുമാണെന്നു് അതു വിശ്വസിക്കുന്നു.

അതുകൊണ്ടു് എല്ലാ കായ്യങ്ങളും ചെയ്യുന്നതിനു് അതു് ശക്തമാണു്; സ്നേഹമില്ലാത്തവൻ ക്ഷീണപരവശനായിക്കിടന്നുപോകുന്ന സന്ദർഭങ്ങളിൽ ഒട്ടധികം കായ്യങ്ങൾ അതു ഫലപ്രദായി നിർവ്വഹിക്കുന്നു.

5. സ്നേഹം ജാഗരൂകമാണു്; അതു് ഉറക്കത്തിലും ബോധരഹിതമല്ല. ക്ഷീണമുള്ളപ്പോഴും അതു ക്ഷീണപരവശമല്ല; ഞെരുക്ക

പ്പെടുമ്പോഴും അതു വിഷമിക്കുന്നില്ല; ഭയപ്പെടുമ്പോഴും അതു് അസ്വസ്ഥമല്ല; പ്രത്യുത ഒരു സജീവമായ ജ്വാലയും കത്തിയെരിയുന്ന പന്തവും എന്നപോലെ അതു മുകളിലോട്ടു് ഉദ്ഗമിക്കുകയും സകലതിനേയും നിബ്ബാധം അഭിഗ്രസിക്കയും ചെയ്യുന്നു.

സ്നേഹമുള്ള ഏവർക്കും ഈ സ്വരത്തിന്റെ ഘോഷണം തിരിച്ചറിയാവുന്നതാണു്: എന്തുകൊണ്ടെന്നാൽ, 'എന്റെ ഈശ്വര, എന്റെ സ്നേഹമെ, അങ്ങുമുഴുവനും എന്റേതും ഞാൻ മുഴുവനും അങ്ങേയുടേതുമാണു്" എന്നു് അതു് പറയുന്നതു് ആത്മാവിന്റെ തീക്ഷ്ണമായ സ്നേഹപ്രകർഷപ്രവാഹമായി ഈശ്വരന്റെ ശ്രവണേന്ദ്രിയങ്ങളിൽ മുഴങ്ങുന്ന ഉച്ചൈസ്വരാഘോഷണമാണു്.

6. എന്റെ ഹൃദയത്തിലെ ആന്തരമായ രസനകൊണ്ടു് അങ്ങയുടെ സ്നേഹത്തിന്റെ മാധുര്യം ആസ്വദിക്കുന്നതിനും സ്നേഹവാരിധിയിൽ ആറാടുന്നതിനും ലയിക്കുന്നതിനും ഞാൻ അഭ്യസിക്കത്തക്കവണ്ണം എന്റെ സ്നേഹത്തെ അങ്ങു് വർദ്ധിപ്പിക്കുക.

ഭക്തിതീക്ഷ്ണതയുടെ ആധിക്യത്താലും ആനന്ദ നിർല്ലീനതയാലും ഞാൻ എന്റെ മീതെതന്നെ ഉയർന്നു പോകുത്തക്കവണ്ണം സ്നേഹം എന്നെ പരിഗ്രസിക്കട്ടെ.

ഞാൻ സ്നേഹഗീത പാടട്ടെ; എന്റെ പ്രിയതമ, അങ്ങേ ഞാൻ ഉയരത്തേക്കു് അനുഗമിക്കട്ടെ; അങ്ങയുടെ സ്നേഹത്തിലുള്ള ആനന്ദാതിശയത്താൽ അങ്ങേപ്പുറിയുള്ള സ്ഥവങ്ങളിൽ എന്റെ ആത്മാവു് ആമഗ്നമാകട്ടെ.

അങ്ങേയിൽനിന്നു ശോഭമാനമായി പുറപ്പെടുന്ന സ്നേഹനിയമം ആജ്ഞാപിക്കുന്നതുപോലെ, അങ്ങയെ എന്നേക്കാൾ കൂടുതലായും, എന്നെത്തന്നെയും അങ്ങേക്കുവേണ്ടി മാത്രവും അങ്ങയെ യഥാർത്ഥമായി സ്നേഹിക്കുന്ന മറെറല്ലാവരെയും അങ്ങേയിലും, ഞാൻ സ്നേഹിക്കട്ടെ.

7. സ്നേഹം കർമ്മധീരവും, നിഷ്കളങ്കവും, ഭക്തിസംപൂർണ്ണവും, സന്തുഷ്ടിപ്രദവും, ആനന്ദപരിപൂർണ്ണവും, പ്രബലവും, ശ്രമക്ഷമവും, വിശ്വാസയോഗ്യവും, വിവേകപ്രദവും, ദീർഘപീഡാക്ഷമവും, ധൈര്യസംയുക്തവും, സ്വാർത്ഥരഹിതവുമാണു്.

എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യൻ ഏതെങ്കിലും സംഗതിയിൽ സ്വാർത്ഥതൽപരനാകുന്നുവെങ്കിൽ അവൻ സ്നേഹത്തിൽനിന്നു് അധഃപതിക്കുന്നു.

സ്നേഹം പരിതഃർദ്ധിയും വിനയാന്വിതവും സരളവുമാണു്; അതു മസൃണതയ്ക്കോ ലാഘ

വത്തിനോ വിധേയമോ, വ്യർത്ഥമായ കാര്യങ്ങളിൽ ബദ്ധശ്രദ്ധമോ അല്ല; അതു സുബുദ്ധിയുള്ളതും, ചാരിത്രശുദ്ധിയുള്ളതും, സുസ്ഥിരവും ശാന്തവും, സകല ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കുന്നതിൽ ജാഗ്രൽകവുമാണു്.

സ്നേഹം മേലാക്കന്മാരെ കീഴ്പ്പഴങ്ങുകയും അനുസരിക്കുകയും ചെയ്യുന്നു; അതു സ്വന്തം ദൃഷ്ടിയിൽ ഹീനവും നിന്ദ്യവും, ഈശ്വരനോടു ഭക്തിയും കൃതജ്ഞതയുമുള്ളതുമാണു്; എല്ലായ്പോഴും, ഈശ്വരന്റെ മാധുര്യം അതിനു് ആസ്വദിക്കാൻ സാധിക്കാത്തപ്പോഴും, അതു് അദ്ദേഹത്തെ വിശ്വസിക്കുകയും ശരണീകരിക്കുകയും ചെയ്യുന്നു; എന്തുകൊണ്ടെന്നാൽ ദുഃഖം കൂടാതെ ആർക്കും സ്നേഹജീവിതം സാദ്ധ്യമല്ല.

8. എന്തും അനുഭവിക്കുന്നതിനും തന്റെ പ്രിയഭാജനത്തിന്റെ ഹിതത്തെ കാത്തുനില്ക്കുന്നതിനും സന്നദ്ധനല്ലാത്തവൻ കാമുകൻ എന്നു വിളിക്കപ്പെടാൻ യോഗ്യനല്ല.

സ്നേഹമുള്ളവൻ തന്റെ പ്രിയഭാജനത്തിനുവേണ്ടി പ്രയാസമേറിയതും ആസ്വാദ്യമല്ലാത്തതുമായ ഏതിനെയും സസന്തോഷം ആശ്ലേഷിക്കണം. എന്തുതന്നെ വിഷമങ്ങൾ നേരിട്ടാലും അവൻ പിന്തിരിഞ്ഞുപോകാൻ പാടില്ല.

അദ്ധ്യായം 6

യഥാർത്ഥമായ സ്നേഹമുള്ളവന്റെ ലക്ഷണം

ക്രിസ്തു. എന്റെ മകനെ, നീ ഇനിയും ധൈര്യവും വിവേകവുമുള്ള ഒരു കാമുകനായിട്ടില്ല.

ശിഷ്യൻ. 2. ഓ ഭഗവാനെ, എന്തുകൊണ്ട്?

ക്രിസ്തു. 3. എന്തുകൊണ്ടെന്നാൽ നിസ്സാരമായ വൈഷമ്യം നേരിടുമ്പോൾ നീ ആരംഭിച്ച കാര്യം വിട്ടുകളയുകയും അതിവ്യഗ്രനായി ആശ്വാസം തേടുകയും ചെയ്യുന്നു.

ഒരു ധീരനായ കാമുകൻ പ്രലോഭനങ്ങൾ നേരിടുമ്പോൾ സ്ഥിരചിത്തനായിരിക്കുകയും ശത്രുവിന്റെ നയപ്രയോഗങ്ങൾക്കു വശീഭവിക്കാതിരിക്കുകയും ചെയ്യുന്നു. സുഭിക്ഷതയുള്ളപ്പോൾ ഞാൻ അവനു സന്തോഷപ്രദനായിരിക്കുന്നതുപോലെ അരിഷ്ടതയിലും ഞാൻ അവനു സന്തോഷപ്രദനാകാതിരിക്കുന്നില്ല.

4. വിവേകമുള്ള ഒരു കാമുകൻ തന്റെ സ്നേഹഭാജനത്തിന്റെ ദാനത്തെ, ദാതാവി

ന്റെ സ്നേഹത്തെപ്പോലെ, അത്ര ഗണ്യമാക്കുന്നില്ല.

അവൻ ദാതാവിന്റെ സന്മനസ്സിനെ ദാനത്തിന്റെ വിലയേക്കാൾ പരിഗണിക്കുകയും സ്നേഹഭാജനത്തിന്റെ സകല സമ്മാനങ്ങളെയുംകാൾ സ്നേഹഭാജനത്തെ സമാദരിക്കുകയും ചെയ്യുന്നു.

സ്നേഹപ്രാഭവമുള്ള ഒരുവൻ സകല സമ്മാനങ്ങൾക്കും ഉപരിയായി എന്നെ അല്ലാതെ സമ്മാനങ്ങളെ അവലംബിക്കുന്നില്ല.

അതുകൊണ്ട് എന്നോടോ എന്റെ സിദ്ധന്മാരോടോ നീ ആഗ്രഹിക്കുന്നിടത്തോളം ഭക്തി ചിലപ്പോൾ ഉണ്ടാകുന്നില്ലെന്നുള്ളതുകൊണ്ടു സ്വത്വവും നഷ്ടീഭവിച്ചുപോയിട്ടില്ല.

നീ ചിലപ്പോൾ അനുഭവിക്കാറുള്ള ആ ഉത്തമവും ആനന്ദപ്രദവുമായ ഭക്തിവിശേഷം താല്ക്കാലികമായ ദിവ്യാനുഗ്രഹത്തിന്റെ ഫലവും നിന്റെ സ്വാർത്ഥീയാനന്ദത്തിന്റെ പൂർവ്വരൂപവുമാകുന്നു. എന്നാൽ നീ അതിനെ ക്രമത്തിലധികമായി ശരണീകരിക്കരുത്, എന്തുകൊണ്ടെന്നാൽ അതു പോയും പോകും നിലക്കുന്നതാണ്.

എന്നാൽ മനസ്സിന്റെ ദുശ്ചലനങ്ങൾക്കെതിരായി സമരം ചെയ്യുന്നതും പിശാചിന്റെ ചോദനങ്ങളെ വെറുപ്പോടുകൂടി തിര

സ്മരിക്കുന്നതും നന്മയുടെ ലക്ഷണവും നിന്നെ സമ്മാനാർഹനാക്കുന്നതിനു പര്യാപ്തവുമാണു്.

5. അതുകൊണ്ടു നിന്റെ മനസ്സിൽ തിങ്ങിക്കൂടുന്ന ഏതുതരം സങ്കല്പവിശേഷങ്ങളാലും നീ അസ്വസ്ഥനാകരുതു്. നിന്റെ നിശ്ചയം സുദൃഢമായും നിന്റെ ഉദ്ദേശ്യം ഈശ്വരങ്കലേക്കു ജ്വലിച്ചും പരിപാലിക്കുക.

ചിലപ്പോൾ നീ പെട്ടെന്നു പരമാനന്ദനിർല്ലീനനാകുകയും ഉടൻതന്നെ നിന്റെ ഹൃദയത്തിനു സഹജമായുള്ള ന്യൂനതകളിലേക്കു മടങ്ങുകയും ചെയ്യുന്നുവെന്നുള്ളതു കേവലം മിഥ്യാബോധമല്ല.

എന്തുകൊണ്ടെന്നാൽ നീ മനഃപൂർവ്വം അപ്രകാരം ചെയ്യുന്നതല്ല, നിന്റെ ഇച്ഛയ്ക്കു വിരുദ്ധമായി സംഭവിച്ചുപോകുന്നതാണു്; അവയെപ്പറ്റി നീ അസന്തുഷ്ടനായിരിക്കുകയും അവയോടു് എതിർക്കുകയും ചെയ്യുന്നിടത്തോളം അതു പുണ്യാർഹമാണു്, നാശകരമല്ല.

6. നിന്റെ പൂർവ്വശത്രു നന്മയ്ക്കായുള്ള നിന്റെ അനുഗ്രഹത്തെ തടയുന്നതിനും, സകലഭക്ത്യനുഷ്ഠാനങ്ങളിലും നിന്നും, വിശേഷിച്ചു സിദ്ധന്മാരോടുള്ള ഭക്തിയിൽനിന്നും, എന്റെ പീഡാനുഭവത്തെപ്പറ്റിയുള്ള ഭക്തിപൂ

വ്വകമായ ധ്യാനത്തിൽനിന്നും, നിന്റെ പാപങ്ങളെപ്പറ്റിയുള്ള ഗുണകരമായ അനുസ്മരണയിൽനിന്നും, നിന്റെ ഹൃദയത്തെ ജാഗ്രുകമായി സൂക്ഷിക്കുന്നതിൽനിന്നും, നന്മയിൽ അഭിവൃദ്ധി പ്രാപിക്കണമെന്നുള്ള ദൃഢനിശ്ചയത്തിൽനിന്നും, നിന്നെ വ്യതിചലിപ്പിക്കുന്നതിനും സകലോപായങ്ങളും പ്രയോഗിച്ചു ശ്രമിക്കുന്നുണ്ടുവെന്നുള്ളതു് നീ അറിഞ്ഞിരിക്കണം.

നിന്നെ മുഷിപ്പിക്കുന്നതിനും, ഭയപ്പെട്ടുത്തുന്നതിനും, പ്രാർത്ഥനയിൽനിന്നും ഭക്തിവർദ്ധകങ്ങളായ പുസ്തകങ്ങൾ വായിക്കുന്നതിൽനിന്നും നിന്നെ വിരമിപ്പിക്കുന്നതിനുമായി അനവധി ദുശ്ചിന്തകൾ അവൻ നിന്നിൽ ഉളവാക്കുന്നു.

അവനു വിനീതമായ കുമ്പസാരം നീരസപ്രദമാണു്; അവനു കഴിയുമെങ്കിൽ വിശുദ്ധമായ കുർബാന നീ ഉൾക്കൊള്ളാതിരിക്കുന്നതിനിടയാക്കും.

നിന്നെ അകപ്പെടുത്തുന്നതിനായി അവൻ പലപ്പോഴും നിന്റെ മാർഗ്ഗത്തിൽ കുരുക്കുകൾ വയ്ക്കുമെങ്കിലും, നീ അവനെ വിശ്വസിക്കുകയോ വകവയ്ക്കുകയോ ചെയ്യരുതു്.

അവൻ ദുഷ്ടവും മലിനവുമായ ചിന്തകൾ നിന്നിൽ അങ്കുരിപ്പിക്കാൻ ശ്രമിക്കുമ്പോൾ

അവനോടു എതിർത്തിട്ടു് ഇങ്ങനെ പറയുക: "വൃത്തികെട്ട സത്വമെ, പൊയ്ക്കൊള്ളുക; ഉരിത പൂണ്ണമായ ഹീനജന്തുവെ, നിനക്കു ലജ്ജയില്ലേ? ഇത്തരം കാര്യങ്ങളെ എന്നോടു പറയുന്ന നീ ഏറവും അത്ഭുതന്തന്നെ ആയിരിക്കണം.

'ദുഷ്ടനായ ദാംഭികാ, നീ എന്നെ വിട്ടു പോകുക; നിനക്കു് എന്നിൽ യാതൊരു കാര്യവുമില്ല; പ്രത്യുത, എന്റെ യേശു ഒരു ധീരയോദ്ധാവെന്നപോലെ എന്നോടുകൂടിയുണ്ടായിരിക്കുകയും നീ നിന്ദ്യേഷം തോറവ വശംകെടുകയും ചെയ്യും.'

'നിന്റെ ഉപദേശങ്ങൾക്കു വശംവദനാകുകയെന്നതിനേക്കാൾ മരിക്കുന്നതും ഏതു മാതിരി പീഡകളും അനുഭവിക്കുന്നതും എനിക്കു കൂടുതൽ സ്പൃഹണീയമാണു്.'

'മിണ്ടാതിരിക്കുക, നീ എനിക്കു പലപ്പോഴും ഉപദ്രവങ്ങൾ ഉണ്ടാക്കുന്നതിനു ഉദ്യുതനാണെങ്കിലും, നിന്റെ സംഭാഷണം മേലാൽ ഞാൻ കേൾക്കുകയില്ല.

'ഭഗവാൻ എന്റെ പ്രകാശവും എന്റെ രക്ഷയുമാകുന്നു: ഞാൻ ആരെ ഭയപ്പെടണം?

(സങ്കീ. xxvi-1.)

"സൈന്യവ്യൂഹങ്ങൾ എനിക്കു വിരുദ്ധമായി യോജിച്ചുനിന്നാലും എന്റെ ഹൃദയം

ഭയാകുലമാകുകയില്ല. (സങ്കീ. xxvi-3.) ഭഗവാൻ എന്റെ സഹായനും എന്റെ രക്ഷകനുമാണു്." (സങ്കീ. xviii-15.)

7. ഒരു നല്ല ഭടനെപ്പോലെ യുദ്ധം ചെയ്യുക; ചിലപ്പോൾ നീ ബലഹീനതയാൽ വീണുപോകുന്നുവെങ്കിൽ, എന്റെ പൂർവ്വാധികമായ അനുഗ്രഹത്തിൽ വിശ്വസിച്ചുകൊണ്ടു്, പൂർവ്വാധികം ശക്തിയോടുകൂടി വീണ്ടും എഴുന്നേല്ക്കുക; എന്നാൽ വ്യർത്ഥമായ ചരിതാർത്ഥതയ്ക്കും അഹങ്കാരത്തിനും അധീനനാകാതിരിക്കുന്നതിനു ശ്രദ്ധിക്കുക.

ഇതു നിമിത്തം ഒട്ടധികംപേർ തെറ്റിപ്പോകുകയും ചിലപ്പോൾ ശമിപ്പിക്കുവാൻ സാധിക്കുമായ അന്ധതയിലാണ്ടുപോകുകയും ചെയ്യുന്നു.

സ്വന്തം ശക്തിയിൽ ബുദ്ധിഹീനമായി വിശ്വസിക്കുന്ന അഹംകാരിയുടെ ഈ അധഃപതനം നിനക്കു് ഒരു മുൻകരുതലായിരിക്കുകയും നിന്നെ എപ്പോഴും വിനീതനാക്കുകയും ചെയ്യട്ടെ.

അദ്ധ്യായം 7.

ദിവ്യാനുഗ്രഹവും പിനയവും.

എന്റെ മകനെ, ഭക്തിയാകുന്ന ദിവ്യാനുഗ്രഹത്തെ മറച്ചുവയ്ക്കുന്നതും, അതുമൂലം ഉദ്ധതനാകാതിരിക്കുന്നതും, അതിനെപ്പറ്റി അധികം സംസാരിക്കാതിരിക്കുന്നതും, അതിനെ വലുതായി പരിഗണിക്കാതിരിക്കുന്നതും, പ്രത്യുത നീ കൂടുതലായി ആത്മനിന്ദനം ചെയ്യുന്നതും, അതു് അയോഗ്യനായ ഒരുവനു സിദ്ധിച്ചതാണെന്നു വിചാരിച്ചു ഭയപ്പെടുന്നതും നിനക്കു കൂടുതൽ ഗുണകരവും രക്ഷാകരവുമാണു്.

ഈ ഭക്തിവികാരത്തെ നീ ക്രമത്തിലധികമായി ആശ്രയിച്ചിരിക്കരുതു; എന്തുകൊണ്ടെന്നാൽ, അതു വേഗം വിപരീതവികാരമായി മാറിപ്പോകാവുന്നതാണു്.

നിനക്കു ദിവ്യാനുഗ്രഹമുള്ളപ്പോൾ അതു് ഇല്ലാതിരിക്കുമ്പോൾ നിന്റെ സ്ഥിതി എത്രഭീതിപൂർണ്ണവും ദയനീയവുമാണെന്നു, നീ തന്നത്താൻ ആലോചിക്കുക.

ആത്മീയജീവിതത്തിലുള്ള അഭിവൃദ്ധി, ദിവ്യാനുഗ്രഹപ്രാപ്തിയിലെന്നതിനേക്കാൾ, ദിവ്യാനുഗ്രഹമില്ലാതിരിക്കുമ്പോൾ പ്രാർത്ഥന

യിൽ ഉദാസീനനാകാതെയോ, നീ പതിവായി അനുഷ്ഠിക്കാവുള്ള സൽക്കർമ്മങ്ങളിൽ യാതൊന്നിനും വിലോപം സംഭവിക്കാതെയോ, ദിവ്യാനുഗ്രഹത്തിന്റെ അഭാവത്തെ വിനയത്തോടും, സ്വാത്മത്യാഗത്തോടും, ക്ഷമയോടുംകൂടി സഹിക്കുന്നതിലത്രെ അടങ്ങിയിരിക്കുന്നത്".

നിന്റെ ശേഷിയും ബുദ്ധിയുമനുസരിച്ചു ഏറ്റവും നല്ല വിധത്തിൽ നിനക്കു ചെയ്വാൻ കഴിയുന്നതു സന്തോഷപൂർവ്വം നീ ചെയ്യുക; നിനക്കുണ്ടായിരിക്കുന്ന ഹൃദയതൃഷ്ണതയോ മനോവ്യഗ്രതയോ നിമിത്തം നീ സ്വസ്ഥാ അലസനായിപ്പോകരുതു".

2. എന്തുകൊണ്ടെന്നാൽ, കായ്ങ്ങൾക്കു വിജയമുണ്ടാകാതിരിക്കുമ്പോൾ, ക്ഷമയില്ലാത്തവരോ അലസരോ ആയിപ്പോകുന്നവരായി അധികം പേരുണ്ട്".

എന്നാൽ, 'മനുഷ്യന്റെ പദ്ധതി എല്ലായ്പോഴും അവന്റെ ശക്തിക്കധീനമല്ല' (യെ x. 23) പ്രത്യുത, ഈശ്വരൻ വിചാരിക്കുമ്പോൾ, അദ്ദേഹം വിചാരിക്കുന്നിടത്തോളം, അദ്ദേഹം വിചാരിക്കുന്നവർക്കു, അദ്ദേഹത്തിനു് ഇഷ്ടമാകുന്നതുപോലെ, അതിലൊട്ടും കൂടുതലല്ലാതെ, ദാനം ചെയ്യുന്നതും ആശ്വാസം നല്കുന്നതും അദ്ദേഹത്തിനുള്ള കാ

ുമാണു്.

വിവേകമില്ലാത്ത ചിലർക്കു ഭക്തിയാകുന്ന അനുഗ്രഹം നാശകരമായിപ്പരിണമിച്ചിട്ടുണ്ടു്; എന്തുകൊണ്ടെന്നാൽ, സ്വന്തം ബലഹീനത എത്രമാത്രമാണെന്നു നിർണ്ണയിക്കാതെ, യുക്തിവിരുദ്ധമായി, ഹൃദയവികാരമനുസരിച്ചു തങ്ങളുടെ കഴിവിൽക്കവിഞ്ഞതു ചെയ്യുന്നതിനു് അവർ ഉദ്യമിച്ചു.

ഈശ്വരനു ഹിതമായതിൽ കൂടുതലായ കായ്ക്ലേശം ചെയ്യുന്നതിനു് അവർ അഹംകാരപൂർവ്വം ഉദ്യമിക്കുകയാൽ, അദ്ദേഹത്തിന്റെ അനുഗ്രഹം അവർക്കു വേഗം നഷ്ടീഭവിച്ചു.

തങ്ങൾക്കായി ആകാശത്തിൽ ഒരു കൂടു പണിതവർ അസഹായവും ദയനീയവുമായ വിധത്തിൽ അധഃപതിച്ചു; ഇപ്രകാരം സംഭവിച്ചതു്, ഇവ്വിധം പരാഭൂതരും ദരിദ്രരുമായിത്തീരുമ്പോൾ, അവർ സ്വന്തം ചിറകുകളാൽ പറക്കാതെ എന്റെ ചിറകുകളിൽ അഭയം പ്രാപിക്കുന്നതിനു് പഠിക്കാനായിരുന്നു.

ഭഗവാന്റെ മാർഗ്ഗത്തിൽ പുതുതായിപ്രവേശിച്ചവരും പരിചയമില്ലാത്തവരുമായവർ വിവേകമുള്ളവരുടെ ഉപദേശത്താൽ നിയന്ത്രിക്കപ്പെട്ടുന്നില്ലെങ്കിൽ, എളുപ്പം വഞ്ചിതരും പരാജിതരുമാകും.

3. തങ്ങളെക്കാൾ അനുഭവജ്ഞാനമുള്ളവരെ വിശ്വസിക്കാതെ സ്വന്തം തീരുമാനത്തെ അവർ അനുവർത്തിക്കുന്നുവെങ്കിൽ, സ്വകീയാഭിപ്രായങ്ങളെ ത്യജിക്കുന്നതിനു് അവക്കു സമ്മതമുണ്ടാകാത്തപക്ഷം, അവരുടെ അവസാനം ആപൽക്കരമായിരിക്കും.

തന്നത്താൻ ബുദ്ധിമാന്മാർ എന്നു് അഭിമാനിക്കുന്നവർ അന്യരാൽ ഭരിക്കപ്പെടുന്നതിനും വിനയപൂർവ്വം സമ്മതിക്കുകയെന്നതു് അസാധാരണമാണു്.

വിനയശീലത്തോടുകൂടി അല്പമായ ജ്ഞാനവും ചെറുതായൊരു ബുദ്ധിയുമുണ്ടായിരിക്കുന്നതു് അഹംഭാവത്തോടുകൂടി വിപുലങ്ങളായ ജ്ഞാനനിധികളും ഉണ്ടായിരിക്കുന്നതിനേക്കാൾ നല്ലതാണു്.

നിന്നെ അഹംകാരിയാക്കീത്തീർക്കുന്നതു അധികമുണ്ടായിരിക്കുന്നതിനേക്കാൾ കുറച്ചുണ്ടായിരിക്കുന്നതാണു് നിനക്കു് നല്ലതു്.

തന്റെ മുമ്പിലത്തെ അസഹായസ്ഥിതിയെയും തനിക്കു സിദ്ധിച്ചിരിക്കുന്ന ദിവ്യാനുഗ്രഹം നഷ്ടപ്പെട്ടുപോകുമെന്ന ഭയമുളവാക്കുന്നതിനു പര്യാപ്തമായ, വിശ്രുതമായ, ഈ ശപരഭയത്തെയും വിസ്മരിച്ചിട്ടു് സ്വയം സന്തോഷപരവശനാകുന്നവൻ അത്ര വിവേകശീലനല്ല.

അരിഷ്ടതയോ വൈഷമ്യമോ നേരിടുന്ന കാലത്തു് നൈരാശ്യനിമഗ്നനാവുകയും എന്നിൽ ഉണ്ടായിരിക്കേണ്ടിടത്തോളം വിശ്വാസമില്ലാതെ എന്നെപ്പറ്റി വിചാരിക്കുകയും ചെയ്യുന്നവനും അത്ര സൗശീല്യദ്യോതകമായ ബുദ്ധിയുള്ളവനല്ല.

4. സമാധാനകാലത്തു ക്രമാതീതമായി നിർഭയനായിരിക്കുന്നവൻ യുദ്ധകാലത്തു ക്രമാതീതമായി നഷ്ടധൈര്യനും ഭയവിഹ്വലനുമായി പലപ്പോഴും കാണപ്പെടും.

നിന്റെ സ്വന്തം ദൃഷ്ടിയിൽ എല്ലായ്പോഴും വിനീതനും നിസ്സാരനുമായി വർത്തിക്കുന്നതിനും നിന്റെ മനസ്സിനെ ക്രമമായും നിയന്ത്രണാധീനമായും പാചിക്കുന്നതിനും നിനക്കു കഴിയുമെങ്കിൽ, നീ അത്ര എളുപ്പത്തിൽ ആപത്തുകളിൽ വീഴുകയും അപരാധങ്ങൾക്കിടയാക്കുകയും ചെയ്യുകയില്ല.

ആത്മീയ ചൈതന്യത്തിന്റെ തീക്ഷ്ണത നിന്നിൽ ഉജ്ജ്വലിക്കുമ്പോൾ, അതു നിന്നിൽ ഇല്ലാതിരിക്കുന്ന സമയത്തു നിന്റെ സ്ഥിതി എന്തായിരിക്കുമെന്നു നീ ആലോചിച്ചു നോക്കണമെന്നുള്ളതു് ഒരു നല്ല ഉപദേശമാകുന്നു.

(പ്രസ്തുത തീക്ഷ്ണത ഇല്ലാതാകുമ്പോൾ) നിന്റെ പ്രബുദ്ധതയ്ക്കായും എന്റെ മഹിമ

യ്ക്കായും ഞാൻ നിന്നിൽനിന്നു പിൻവലിച്ച ആ പ്രകാശം വീണ്ടും മടങ്ങിവരുമെന്നു് ഓർക്കുക.

5. ഏതാദൃശങ്ങളായ പരീക്ഷണങ്ങൾ, നിന്റെ ഇഷ്ടംപോലെയുള്ള സുഭിക്ഷത നിനക്കു് എപ്പോഴും ഉണ്ടായിരിക്കുന്നതിനേക്കാൾ, പലപ്പോഴും കൂടുതൽ ഗുണകരമാണു്.

എന്തുകൊണ്ടെന്നാൽ, ഒരു മനുഷ്യന്റെ യോഗ്യതയെ നിർണ്ണയിക്കേണ്ടതു് അവനു സിദ്ധിച്ചിട്ടുള്ള ദിവ്യദർശനങ്ങളുടേയോ ആശ്വാസങ്ങളുടേയോ എണ്ണംകൊണ്ടോ, വേദഗ്രന്ഥങ്ങളിലുള്ള പാണ്ഡിത്യംകൊണ്ടോ, അവൻ പ്രാപിച്ചിട്ടുള്ള ഉന്നതമായ നിലകൊണ്ടോ അല്ല; പ്രത്യുത, അവന്റെ യഥാർത്ഥമായ വിനയാതിരേകവും പരിപൂർണ്ണമായ ദിവ്യസ്നേഹവുംകൊണ്ടും, അവൻ ഈശ്വരമാഹാത്മ്യത്തെ നിർമ്മലമായും നിർവ്യാജമായും ആരായുന്നുവെന്നുള്ളതുകൊണ്ടും, തന്നെത്താൻ നിസ്സാരനായി പരിഗണിക്കുകയും ആത്മനിന്ദനം ചെയ്യുകയും ചെയ്യുന്നുവെന്നുള്ളതുകൊണ്ടും; മറ്റുള്ളവരിൽനിന്നുള്ള ബഹുമാനത്തെക്കാൾ അവരുടെ അവഹേളനത്തേയും അപലപനത്തേയും കൂടുതലായി ഇഷ്ടപ്പെടുന്നുവെന്നുള്ളതുകൊണ്ടുമത്രെ.

അദ്ധ്യായം 8

നമ്മുടെ അയോഗ്യത

ശിഷ്യൻ. "കേവലം പൊടിയും ചാമ്പലും മാത്രമായിരിക്കുന്നുവെങ്കിലും ഞാൻ എന്റെ ഭഗവാനോടു സംസാരിക്കും" (Gen. xviii. 27) എനിക്കു കൂടുതൽ യോഗ്യതയുണ്ടെന്നു ഞാൻ സ്വയം അഭിമാനിക്കുന്നുവെങ്കിൽ, കണ്ടാലും, അങ്ങു് എനിക്കെതിരായി നില്ക്കുന്നു; എന്റെ ഉൾപ്പുമ്മങ്ങൾ സത്യത്തിനു സാക്ഷ്യം വഹിക്കുന്നു; എനിക്കു് അതിനെ ഖണ്ഡിക്കാൻ കഴിവില്ല.

എന്നാൽ ഞാൻ തന്നത്താൻ താഴ്ത്തുകയും, എന്റെ നിസ്സാരതയെ സമ്മതിക്കുകയും, അഹംഭാവം നിശ്ശേഷം വർജ്ജിക്കുകയും, യഥാർത്ഥമായി ഞാൻ വെറും പൊടിയാണെന്നു ഗണിക്കുകയും ചെയ്യുന്നുവെങ്കിൽ, അങ്ങയുടെ അനുഗ്രഹം എനിക്കു് അനുകൂലമായിരിക്കുകയും അങ്ങയുടെ പ്രകാശം എന്റെ ഹൃദയത്തെ സമീപിക്കുകയും, എന്റെ അഹംഭാവം മുഴുവനും, അതു് എത്ര തുച്ഛമായിരുന്നാലും, എന്റെ നിസ്സാരതയുടെ അഗാധതയിൽ മുങ്ങിപ്പോവുകയും എന്നേക്കുമായി അസ്തമിക്കുകയും ചെയ്യും.

അതുമൂലം അങ്ങു് എന്നെ എനിക്കുതന്നെ

—ഞാൻ എന്താണെന്നും; ഞാൻ എന്തായിരുന്നിട്ടുണ്ടെന്നും, ഞാൻ എന്തായിത്തീരാനിരിക്കുന്നുവെന്നും—കാണിച്ചുതരുന്നു; എന്തുകൊണ്ടെന്നാൽ, ഞാൻ നിസ്സാരനാണു്. ആ വസ്തുത ഞാൻ അറിഞ്ഞിരുന്നുമില്ല.

കണ്ടാലും! എന്നെ തനിയെ വിട്ടേക്കുകയാണെങ്കിൽ, ഞാൻ നിസ്സാരനും ദൗർബ്ബല്യമുള്ളവനുമാണു്; എന്നാൽ അങ്ങു കരുണാപൂർവ്വം ക്ഷണനേരത്തേക്കു് എന്നെ കടാക്ഷിക്കുന്നുവെങ്കിൽ, ഞാൻ ഝടിതി ശക്തിയുക്തനും അദ്ഭുതപൂർവ്വമാംവണ്ണം ആനന്ദഭരിതനുമായിത്തീരുന്നു.

എന്റെ സ്വന്തം ഭാരംകൊണ്ടു് എല്ലായ്പോഴും മുങ്ങിത്താണുകൊണ്ടിരിക്കുന്ന എന്നെ അങ്ങു് ഇത്രവേഗം പൊക്കിയെടുക്കുകയും സകൃപം ആശ്ലേഷിക്കുകയും ചെയ്യുന്നുവെന്നുള്ളതു് വളരെ ആശ്ചര്യകരമായിരിക്കുന്നു.

2. എന്റെ ആവശ്യങ്ങളെ മുൻകൂട്ടി കണ്ടു് എന്നെ സഹായിക്കുകയും, വലുതായ ആപത്തുകളിൽനിന്നു് എന്നെ സംരക്ഷിക്കുകയും അനവധി ദുരിതങ്ങളിൽനിന്നു് എന്നെ മോചിപ്പിക്കുകയും ചെയ്യുന്ന അങ്ങയുടെ സ്നേഹമത്രെ ഇതിനു കാരണം.

എന്തുകൊണ്ടെന്നാൽ, അബദ്ധപ്രചുരമാ

യ എന്റെ സ്വാർത്ഥസ്നേഹത്താൽ എനിക്കു് ആത്മനാശമുണ്ടായി; എന്നാൽ, അങ്ങയെ മാത്രം ആരായുകയും അങ്ങയെമാത്രം സ്നേഹിക്കുകയും ചെയ്യുകയാൽ, ഞാൻ എന്നെത്തന്നെയും അങ്ങയെയും കണ്ടെത്തി. ഈ സ്നേഹത്താൽ ഞാൻ ആത്മദമനം പരിപൂർണ്ണമായി നിവ്വഹിച്ചു.

ഓ മാധുര്യമൂർത്തിയായ ഭഗവാനെ, ഞാൻ അഹിക്കുന്നതിലും എനിക്കു പ്രത്യാശിക്കുകയോ അഭ്യർത്ഥിക്കുകയോ ചെയ്യാവുന്നതിലും വളരെ കൂടുതൽ ഔദാര്യം അങ്ങു് എന്നോടു പ്രദർശിപ്പിക്കുന്നുണ്ടു്.

3. ഓ എന്റെ ഈശ്വര, അങ്ങു വാഴ്ത്തപ്പെടട്ടെ; എന്തുകൊണ്ടെന്നാൽ, ഞാൻ യാതൊരു നന്മയ്ക്കും യോഗ്യനല്ലെങ്കിലും, ഉൽകൃഷ്ടമായ ഔദാര്യവും അനന്തമായ നന്മയും നിറഞ്ഞ അങ്ങു് അങ്ങയോടു് കൃതഘ്നരും പരാങ്മുഖരുമായിരിക്കുന്നവർക്കുപോലും നിരന്തരമായി നന്മ ചെയ്തുകൊണ്ടിരിക്കുന്നു.

ഓ ഞങ്ങൾ കൃതജ്ഞരും വിനീതരും ഭക്തരുമായിരിക്കത്തക്കവണ്ണം ഞങ്ങൾക്കു് അങ്ങയോടു് ആഭിമുഖ്യമുള്ളവരാക്കേണമെ; എന്തുകൊണ്ടെന്നാൽ അങ്ങു ഞങ്ങളുടെ രക്ഷയും, ഞങ്ങളുടെ ശക്തിയും, ഞങ്ങളുടെ ധൈര്യവുമാണു്.

അദ്ധ്യായം 9

എല്ലാ കാര്യങ്ങളും ഈശ്വരനിൽ അർപ്പിക്കപ്പെടണം.

ക്രിസ്തു. എന്റെ മകനെ, നീ യഥാർത്ഥമായ സൗഭാഗ്യം ആഗ്രഹിക്കുന്നുവെങ്കിൽ, നിന്റെ സർവ്വപ്രധാനവും പരമവുമായ ലക്ഷ്യം ഞാനായിരിക്കണം.

സ്വാർത്ഥതയിലും സൃഷ്ടിക്കപ്പെട്ട വസ്തുക്കളിലും പലപ്പോഴും അവിഹിതമായി നിരതമായിരിക്കുന്ന നിന്റെ സ്നേഹബന്ധങ്ങൾ ഈ ഉദ്ദേശ്യത്താൽ ശുദ്ധീകരിക്കപ്പെടണം.

എന്തുകൊണ്ടെന്നാൽ, ഏതെങ്കിലും സംഗതിയിൽ നീ സ്വാർത്ഥമാത്രതൽപരനായിരിക്കുന്നുവെങ്കിൽ നീ ക്ഷണേന ഒമ്പുലനും ശുഷ്കഹൃദയനുമായിബ്ഭവിക്കുന്നു.

അതുകൊണ്ട്, എല്ലാ കാര്യങ്ങളും നീ ഒന്നാമതായി എന്നിൽ സമർപ്പിക്കണം; എന്തുകൊണ്ടെന്നാൽ നിനക്കു സകലവും തന്നിരിക്കുന്നതു ഞാനാണ്.

സകലവും പരമോന്നതനായ സച്ചിന്മയനിൽനിന്നു നിർഗ്ഗളിക്കുന്നതായി പരിഗണിക്കണം; തന്മൂലം സകല കാര്യങ്ങളും കാരണ

ഭ്രതനായ ഏന്നിൽ ലയിക്കുകയും ചെയ്യണം.

ഏളിയവരും വലിയവരും ധനികരും പാവങ്ങളും ഏന്നിൽനിന്നു്, ഒരു സജീവമായ ഉറവിൽനിന്നെന്നപോലെ, ജീവസന്ദായകമായ ജലം കോരിയെടുക്കുന്നു; ഏന്നെ പരപ്രേരണകൂടാതെ സന്തോഷപൂർവ്വം സേവിക്കുന്നവക്കു് 'അനുഗ്രഹത്തിനു പകരം അനുഗ്രഹം' സിദ്ധിക്കും.

എന്നാൽ, ഏന്നിലല്ലാതെ ബാഹ്യമായ ഏതെങ്കിലും സംഗതിയിൽ അഭിമാനിക്കുന്നതിനോ സ്വകീയമായ എന്തെങ്കിലും നന്മയിൽ സന്തോഷിക്കുന്നതിനോ തുനിയുന്നവനു യഥാർത്ഥമായ ആനന്ദം സ്ഥിരമായി അനുഭവിക്കുന്നതിനോ ഹൃദയസ്വാതന്ത്ര്യം പ്രാപിക്കുന്നതിനോ സാധിക്കുകയില്ല; പ്രത്യുത അവനു പലപ്രകാരത്തിലുമുള്ള പ്രതിബന്ധങ്ങളും കുഴപ്പങ്ങളും നേരിടും.

അതുകൊണ്ടു്, നീതിയായ യാതൊന്നും നിന്റേതായിപ്പരിഗണിക്കുകയോ നന്മയ്ക്കു കാരണഭ്രതനായിരിക്കുന്നതു് മനുഷ്യനാണെന്നു വിചാരിക്കുകയോ ചെയ്യരുതു്; പ്രത്യുത സർവ്വവും ഈശ്വരനിൽ സമർപ്പിക്കുക; ഈശ്വരനെക്കൂടാതെ മനുഷ്യനു യാതൊന്നുമില്ല.

സകലവും നിനക്കു തന്നിരിക്കുന്നതു ഞാനാണു്. നീ നിഷ്ക്ലേഷം എന്റേതായിരിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു; നീ എന്നോടു കൃതജ്ഞതപ്രകാശിപ്പിക്കണമെന്നു ഞാൻ സനിഷ്ക്കർഷം ആവശ്യപ്പെടുന്നു.

3. മിഥ്യാഭിമാനത്തെ സമൂലം ഛേദിക്കുന്ന ആ സത്യം ഇതാകുന്നു.

സ്വർഗ്ഗീയമായ അനുഗ്രഹവും യഥാർത്ഥമായ സ്നേഹവും ഉള്ളിൽ കൂടികൊള്ളുന്നുവെങ്കിൽ, അസൂയയ്ക്കോ, ഹൃദയകൗടില്യത്തിനോ, സ്വാർത്ഥപരതയ്ക്കോ സ്ഥാനമുണ്ടായിരിക്കുകയില്ല.

എന്തുകൊണ്ടെന്നാൽ ദിവ്യസ്നേഹം സകലതിനെയും കീഴടക്കുകയും ആത്മീയശക്തികളെ സമഗ്രമായി വികസിപ്പിക്കുകയും ചെയ്യുന്നു.

നിനക്കു യഥാർത്ഥമായ ബുദ്ധിയുണ്ടെങ്കിൽ, നീ എന്നിൽമാത്രമെ രമിക്കുകയുള്ളൂ. നീ എന്നെ മാത്രമേ ശരണീകരിക്കുകയുള്ളൂ; എന്തുകൊണ്ടെന്നാൽ, ഈശ്വരനല്ലാതെ നന്മയുള്ളതായി ആരുമില്ല; (ലൂക്കു xviii-19) അദ്ദേഹം സർവ്വോപരി സ്തുതിക്കപ്പെടുകയും സർവ്വത്തിലും വാഴ്ത്തപ്പെടുകയും ചെയ്യണം.

അദ്ധ്യായം 10

ഈശ്വരസേവനം.

ശിഷ്യൻ. ഓ ഭഗവാനെ, ഇപ്പോൾ ഞാൻ സംസാരിക്കും, ഞാൻ നിശ്ശബ്ദനായിരിക്കുകയില്ല; ഉച്ചസ്ഥനായ എന്റെ ഈശ്വരൻ, എന്റെ ഭഗവാൻ, എന്റെ രാജാവു് കേൾക്കത്തക്കവണ്ണം ഞാൻ ഇപ്രകാരം പറയും: ഓ ഭഗവാനെ, അങ്ങയെ ഭയപ്പെടുന്നവർക്കായി അങ്ങു ഗ്രഥമായി സൂക്ഷിച്ചുവച്ചിരിക്കുന്ന അങ്ങയുടെ നന്മയുടെ സമൃദ്ധി എത്ര മഹത്തായിരിക്കുന്നു! (സങ്കീ. xxx. 20.)

എന്നാൽ അങ്ങയെ സ്നേഹിക്കുന്നവർക്കു് അങ്ങു് ആരു്? പൂർണ്ണഹൃദയത്തോടു സ്നേഹിക്കുന്നവർക്കു് അങ്ങു് ആരു്?

അങ്ങയെ സ്നേഹിക്കുന്നവർക്കു് അങ്ങു പ്രദാനം ചെയ്യുന്ന ഈശ്വരധ്യാനമാധുര്യം തീർച്ചയായും അവാച്യമാണു്.

എനിക്കു സത്തയില്ലാതിരുന്നപ്പോൾ അങ്ങു് എന്നെ സൃഷ്ടിക്കുകയും, ഞാൻ അങ്ങയിൽനിന്നു വഴിതെറ്റി അകന്നുപോയപ്പോൾ അങ്ങയെ സേവിക്കുന്നതിനായി എന്നെ അങ്ങു തിരിയെപ്പിടിച്ചുകൊണ്ടുവരികയും, അ

ങ്ങയെ സ്നേഹിക്കുന്നതിനു് എന്നോടു് അങ്ങു് അത്യന്താപേക്ഷിക്കുകയും ചെയ്തിരിക്കുന്നുവെന്നതിലാണു് അങ്ങയുടെ സ്നേഹമാധുര്യം എന്നോടു് അങ്ങു സവിശേഷം പ്രദർശിപ്പിച്ചിരിക്കുന്നതു്.

2. ഓ ഒരിക്കലും വറ്റാത്ത സ്നേഹത്തിന്റെ ഉറവേ, എന്താണു് ഞാൻ അങ്ങയോടു പറയേണ്ടതു്?

ഞാൻ ദുഷിച്ചു നശിച്ചുപോയതിനുശേഷവും എന്നെ ഓമ്മിക്കുന്നതിനു കൃപയുണ്ടായിരിക്കുന്ന അങ്ങയെ ഞാൻ എങ്ങനെ വിസ്മരിക്കും?

അങ്ങു പ്രതീക്ഷയ്ക്കതീതമായ കരുണ അങ്ങയുടെ ദാസനോടു പ്രകടിപ്പിച്ചിരിക്കുന്നു; ഞാൻ ഒരിക്കലും അർഹിക്കാത്തവിധം അങ്ങയുടെ അനുഗ്രഹവും സഖ്യവും എനിക്കു പ്രദാനം ചെയ്തിരിക്കുന്നു.

ഈ ഉപകാരത്തിനു് അങ്ങേക്കു ഞാൻ എന്തു പ്രത്യുപകാരം ചെയ്യും? എന്തുകൊണ്ടെന്നാൽ സർവ്വവും ഉപേക്ഷിച്ചു. ലോകത്തെ ത്യജിച്ചു സന്ന്യാസജീവിതം അവലംബിക്കുന്നതിനുള്ള അനുഗ്രഹം എല്ലാവർക്കും നല്കപ്പെട്ടിട്ടുള്ളതല്ല.

സകല സൃഷ്ടികളും സേവിക്കുന്നതിനു നിർബന്ധമായിരിക്കുന്ന അങ്ങയെ ഞാൻ സേ

വിക്കുന്നതു് ഒരു വലിയ കാര്യമാണോ?

അങ്ങയെ സേവിക്കുന്നതു ഞാൻ ഒരു വലിയ കാര്യമായി വിചാരിക്കേണ്ടതില്ല. എന്നാൽ, ഇത്ര അസാരനും അയോഗ്യനുമായ ഒരുവനെ അങ്ങെയുടെ സേവനത്തിനായി സ്വീകരിക്കുകയും അങ്ങയുടെ സ്നേഹഭാജനങ്ങളായ ദാസന്മാരുടെ സംഘത്തിൽ ഒരു അംഗമാക്കുകയും ചെയ്യുന്നതിനു് അങ്ങേക്കു കൃപയുണ്ടായതു മഹനീയവും ആശ്ചര്യാവഹവുമായി ഞാൻ വിചാരിക്കുന്നു.

3. കണ്ടാലും! എനിക്കുള്ളതും അങ്ങയെ സേവിക്കുന്നതിനു് എനിക്കു് ഉപകരിക്കുന്നതുമായ സകലവും അങ്ങയുടേതത്രെ; എങ്കിലും, ഞാൻ അങ്ങയെ എന്നതിനെക്കാൾ അങ്ങു് എന്നെ സേവിക്കുന്നു.

കണ്ടാലും! മനുഷ്യന്റെ ഉപകാരത്തിനായി അങ്ങു സൃഷ്ടിച്ചിരിക്കുന്ന സ്വർഗ്ഗവും ഭൂമിയും അങ്ങയുടെ കിങ്കരരായി കാത്തു നില്ക്കുകയും അങ്ങു് ആജ്ഞാപിക്കുന്നതിനെയെല്ലാം ദിവസേന നിർവ്വഹിക്കുകയും ചെയ്യുന്നു.

ഇതു് അത്ര വലിയ കാര്യമല്ല; എന്തുകൊണ്ടെന്നാൽ, മനുഷ്യന്റെ സന്തോഷത്തിനായി അങ്ങു മാലാഖമാരെയും നിയമിച്ചിരിക്കുന്നു.

എന്നാൽ, അങ്ങുതന്നെ മനുഷ്യനെ സ്വ

ശ്രൂഷിക്കുന്നതിനു കൃപാലുവായിരിക്കുകയും അങ്ങയെത്തന്നെ അവനു പ്രദാനംചെയ്യുമെന്നു പ്രതിജ്ഞചെയ്യുകയും ചെയ്തിരിക്കുന്നവെന്നുള്ളതു ഇതിനെയെല്ലാം അതിശയിക്കുന്നുണ്ടു്.

4. ഈ ബഹുസഹസ്രം ഉപകാരങ്ങൾക്കു പകരമായി അങ്ങേക്കു ഞാൻ എന്തു തരും? എന്റെ ജീവിതകാലം മുഴുവനും അങ്ങയെ സേവിക്കുന്നതിനു് എനിക്കു കഴിവുണ്ടാകണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ഒരു ദിവസമെങ്കിലും അങ്ങയെ ഉചിതമായി സേവിക്കുന്നതിനു് എനിക്കു സാധിച്ചുവെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു.

അങ്ങു സർവ്വവിധ സേവനത്തിനും സകല ബഹുമതികൾക്കും അനന്തമായ സ്തുതിക്കും യഥാർത്ഥമായി യോഗ്യനാണു്.

യഥാർത്ഥമായി, അങ്ങു് എന്റെ സ്വാമിയും ഞാൻ അങ്ങയുടെ സാധുവായ ഭൃത്യനുമാണു്; അങ്ങയെ എന്റെ ശക്തിമുഴുവനും ഉപയോഗിച്ചു സേവിക്കുന്നതിനു ഞാൻ നിർബദ്ധനത്രെ; അങ്ങയെ സ്തുതിക്കുന്നതിൽ എനിക്കു ഒരിക്കലും അലംഭാവമുണ്ടാകാൻ പാടില്ല.

ഇതു് എന്റെ നിശ്ചയമാകുന്നു, ഇതു് എന്റെ ആഗ്രഹമാകുന്നു; എന്നിൽ എന്തുതന്നെ

കുറവുണ്ടായിരുന്നാലും അങ്ങയുടെ കൃപാകടാക്ഷത്താൽ അതിനെ പരിഹരിക്കേണമെ.

5. അങ്ങയെ സേവിക്കുന്നതും അങ്ങേക്കുവേണ്ടി സകല വസ്തുക്കളെയും വേണ്ടെന്നു വയ്ക്കുന്നതും വലുതായ ഒരു ബഹുമതിയും വലുതായ ഒരു വിജയവുമാണു്.

എന്തുകൊണ്ടെന്നാൽ, അങ്ങേയുടെ ഏറ്റവും പരിപാവനമായ സേവനത്തിനു സന്തോഷപൂർവ്വം വശംവദരാകുന്നവർക്കു വലുതായ ദിവ്യാനുഗ്രഹം സിദ്ധിക്കും.

അങ്ങയോടുള്ള സ്നേഹം നിമിത്തം ജഡികമായ സകല സുഖങ്ങളേയും സന്ത്യജിച്ചിട്ടുള്ളവർക്കു പരിശുദ്ധാത്മാവിന്റെ ഏറ്റവും മധുരമായ സമാശ്വാസം ലഭ്യമാണു്.

അങ്ങേയുടെ നാമത്തെപ്രതി ഇടുങ്ങിയ വഴിയിൽ കടക്കുകയും ലൗകിക താല്പര്യങ്ങളെയെല്ലാം ഉപേക്ഷിക്കുകയും ചെയ്യുന്നവർക്കു വലുതായ മനഃസ്വാതന്ത്ര്യം സിദ്ധിക്കും.

6. ഒരു മർത്ത്യനെ യഥാർത്ഥ സ്വതന്ത്രനും പരിശുദ്ധനുമാക്കിത്തീർക്കുന്ന ഈശ്വരസേവനം എത്ര രമണീയം, എത്ര ആനന്ദപ്രദം!

മനുഷ്യരെ മാലാഖമാർക്കു തുല്യരും, ഈശ്വരനു് ഇഷ്ടമുള്ളവരും, പിശാചങ്ങൾക്കു ഭയംകരരും, ക്രൈസ്തവർക്കു ദൃഷ്ടാന്തയോഗ്യ

രുമാക്കിത്തീർക്കുന്ന ആ സന്ന്യാസശൃംഖല എത്ര ദിവ്യമാംവണ്ണം പരിശുദ്ധം!

പരമമായ നന്മയിലേക്കു് ആനയിക്കുന്നതും അനശ്വരമായ സൗഭാഗ്യത്തെ സമ്പാദിക്കുന്നതിനു ഉപകരിക്കുന്നതുമായ ആ സേവനം എത്ര ആദരണീയം! എത്ര അഭിലഷണീയം!

അദ്ധ്യായം 11.

നമ്മുടെ ആശകളുടെ മിതത്വം.

ക്രിസ്തു. മകനെ, നീ ഇനിയും നല്ലവണ്ണം പഠിച്ചുകഴിഞ്ഞിട്ടില്ലാത്ത ഒട്ടധികം കാര്യങ്ങൾ നിനക്കു പഠിക്കേണ്ടതായിട്ടുണ്ടു്.

2. ശിഷ്യൻ. ഓ ഭഗവാനെ, ഈ കാര്യങ്ങൾ എന്തൊക്കെയാണു്?

3. ക്രിസ്തു. നിന്റെ സകലാഭീഷ്ടങ്ങളെയും എന്റെ ഹിതത്തിനു് അനുരൂപമാക്കണമെന്നും, നീ തന്നത്താൻ സ്നേഹിക്കാതെ എന്റെ ഹിതം അനുവർത്തിക്കുന്നതിനു് ഉത്സാഹിയായിരിക്കണമെന്നും.

വിവിധങ്ങളായ ആശകൾ നിന്നെ പല

പ്പോഴും ഉജ്ജ്വലിപ്പിക്കുകയും അതിശക്തിയായി നിന്നെ മുന്നോട്ട് ഉന്തിത്തള്ളുകയും ചെയ്യുന്നു; പക്ഷെ, ഈ പ്രചോദനം എന്റെ മഹിമക്കായിട്ടാണോ നിന്റെ സ്വാർത്ഥതക്കായിട്ടാണോ എന്നു നീ പര്യാലോചിക്കണം.

നീ യഥാർത്ഥമായി എന്നെയാണ് ആരാധിക്കുന്നതെങ്കിൽ, എന്റെ വിഹിതം എന്തുതന്നെയായാലും അതുകൊണ്ടു നീ സംതൃപ്തനാകും; എന്നാൽ സ്വാർത്ഥപരമായി എന്തെങ്കിലും നിന്നിൽ ഒളിഞ്ഞിരിക്കുന്നുവെങ്കിൽ, അതാണ് നിനക്കു പ്രതിബന്ധമായിരിക്കുന്നതും അസ്വാസ്ഥ്യകാരണമായിരിക്കുന്നതും എന്നു മനസ്സിലാക്കുക.

നിന്നിൽ അങ്കുരിച്ചിരിക്കുന്ന ഏതെങ്കിലും അഭിനിവേശത്തെ, എന്നോട് ആലോചിക്കുന്നതിനു മുമ്പായി, ക്രമത്തിലധികമായ വിശ്വാസത്തോടുകൂടി അവലംബിക്കാതിരിക്കുന്നതിനു സൂക്ഷിക്കുക; അല്ലെങ്കിൽ മുമ്പു നിനക്കു പ്രിയംകരമായിരുന്നതും ഏറ്റവും നല്ലതാണെന്നു വിചാരിച്ചു നീ താല്പര്യപൂർവ്വം ആശിച്ചിരുന്നതും പിന്നീടു നിനക്കു അപ്രിയംകരമോ പശ്ചാത്താപഹേതുവോ ആയിത്തീരും.

എന്തുകൊണ്ടെന്നാൽ, നല്ലതെന്നു തോന്നു

ന്ന ഏതു വിചാരവും ഉടനടി അനുവർത്തിക്കപ്പെടേണ്ടതോ, പ്രഥമദൃഷ്ടിയിൽ നല്ലതല്ലെന്നു തോന്നുന്ന ഏതു വിചാരവും നിരസിക്കപ്പെടേണ്ടതോ അല്ല.

നല്ല ആഗ്രഹങ്ങളിലും ഉദ്യമങ്ങളിലും തന്നെയും ചിലപ്പോൾ നിനക്കു് ആത്മനിയന്ത്രണം ആവശ്യമാണു്; അതില്ലെങ്കിൽ, ക്രമാതീതമായ ഉത്സാഹം മനസ്സിന്റെ ഏകാഗ്രതയെ നശിപ്പിക്കും; സുശിക്ഷിതമല്ലാത്ത നിന്റെ പ്രവൃത്തി മറ്റുള്ളവരെ വഴിതെറ്റിക്കും; അഥവാ മറ്റുള്ളവരിൽനിന്നു് ഉണ്ടാകാവുന്ന എതിർപ്പുമൂലം നീ പെട്ടെന്നു പരാജിതനാവുകയും അധഃപതിക്കുകയും ചെയ്യും.

ചിലപ്പോൾ ജഡികമായ ഹിതാഹിതങ്ങളെ ഗണ്യമാക്കാതെ നിന്റെ ഭോഗതൃഷ്ണയെ നീ ധൈര്യപൂർവ്വം ബലം പ്രയോഗിച്ചു നിരോധിക്കേണ്ടതായിട്ടുണ്ടു്; അങ്ങനെ ശരീരത്തെ ബലപ്രയോഗത്താലെങ്കിലും ആത്മാവിനു അധീനമാക്കുന്നതിനു നീ യത്നിക്കണം.

ശരീരം സകല കാര്യങ്ങളിലും ആത്മാവിനെ അനുസരിക്കുന്നതിനു സന്നദ്ധമാവുകയും, അല്പംമാത്രംകൊണ്ടു സംതൃപ്തമാകുന്നതിനും അനാഡംബരവും സാധാരണവുമായ

തിനാൽ സന്തുഷ്ടമാകുന്നതിനും അസൂയയ്ക്കു മായി എന്തെങ്കിലുമുണ്ടായാൽ പിറുപിറുക്കാതിരിക്കുന്നതിനും ശീലിക്കുകയും ചെയ്യുന്നതുവരെ, അതു ശിക്ഷണത്തിനും ബന്ധനത്തിനും വിധേയമായിരിക്കണം.

അദ്ധ്യായം 12

ക്ഷമാശീലം.

ശിഷ്യൻ. ഓ ഈശ്വര, ഭഗവാനെ, സഹനശക്തി എനിക്കു വളരെ ആവശ്യമായിരിക്കുന്നു; ഈ ജീവിതം ഒട്ടുവളരെ അരിഷ്ടതകൾക്കു വശംവദമാണ്.

എന്തുകൊണ്ടെന്നാൽ, സമാധാനത്തിൽ ജീവിക്കുന്നതിനു ഞാൻ എന്തെല്ലാം ചെയ്താലും, യുദ്ധവും ദുഃഖവും എന്റെ ജീവിതത്തിൽ ഒഴിച്ചുവയ്ക്കാവുന്നതല്ല.

2. ക്രിസ്തു. എന്റെ മകനെ, അതു ശരിയാണ്; എന്നാൽ പ്രലോഭനങ്ങളോ വൈഷമ്യങ്ങളോ ഇല്ലാത്ത വിധത്തിലുള്ള ഒരു സമാധാനം നീ തേടണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. പ്രത്യുത, പലതരത്തിലു

ള്ള വൈഷമ്യങ്ങൾ നീ സഹിക്കുകയും വിപത്തുകളാൽ പരീക്ഷിക്കപ്പെടുകയും ചെയ്യുമ്പോൾ നിനക്കു സമാധാനം ലഭിച്ചിരിക്കുന്നുവെന്നു നീ വിചാരിക്കുക.

അത്രത്തോളം സഹിക്കുന്നതിനു നിനക്കു സാധിക്കുകയില്ലെന്നു നീ പറയുന്നെങ്കിൽ, ശുദ്ധീകരണസ്ഥലത്തിലെ അഗ്നി നീ എങ്ങനെ സഹിക്കും?

രണ്ടു് ഉപദ്രവങ്ങളുള്ളതിൽ ലഘുതരമായതിനെ എപ്പോഴും നീ വരിക്കേണ്ടതു്.

ഭാവിയിലുള്ള അനന്തമായ ശിക്ഷയിൽ നിന്നു രക്ഷപെടണമെങ്കിൽ, ഇപ്പോഴുള്ള ഉപദ്രവങ്ങളെ, ഈശ്വരനുവേണ്ടി, ക്ഷമയോടുകൂടി സഹിക്കുന്നതിനു നീ ശ്രമിക്കുക.

ലോകായതികരായ മനുഷ്യർ കുറച്ചുമാത്രം ദുഃഖമേ അനുഭവിക്കുന്നുള്ളുവെന്നോ ഒട്ടും ദുഃഖം അനുഭവിക്കുന്നില്ലെന്നോ നീ വിചാരിക്കുന്നുണ്ടോ? ഭോഗാസക്തന്മാരിൽ അഗ്രഗണ്യന്മാരോടുതന്നെയും നീ അടുത്തുനോക്കിയാൽ നേരെമറിച്ചാണു് സ്ഥിതിയെന്നു നിനക്കു മനസ്സിലാകും.

3. പക്ഷെ, അവർക്കു് ഒട്ടധികം സുഖാനുഭവങ്ങളുണ്ടെന്നും അവർ സ്വന്തം ഹിതമനുസരിച്ചു ജീവിക്കുന്നുവെന്നും, അതുകൊണ്ടു് അവരുടെ കഷ്ടാനുഭവങ്ങളെ അത്ര ഗണ്യമാ

ക്കുന്നില്ലെന്നും നീ പറയുമായിരിക്കും.

4. അവർ ആഗ്രഹിക്കുന്നതെല്ലാം അവർക്കു് ഉണ്ടെന്നുതന്നെ സങ്കല്പിക്കുക; അതു് എത്രകാലം നീണ്ടുനില്ക്കുമെന്നു് നീ വിചാരിക്കുന്നു?

കണ്ടാലും, ഈ ലോകത്തു ധനസമൃദ്ധിയുള്ളവർ പുകപോലെ അന്തർധാനം ചെയ്യും; അവരുടെ കഴിഞ്ഞുപോയ കാലത്തിന്റെ സ്മരണപോലും ശേഷിക്കുകയില്ല.

അതു മാത്രമല്ല, അവർ ജീവിച്ചിരിക്കുമ്പോൾതന്നെയും കയ്പിന്റെയും ശല്യത്തിന്റെയും ഭയത്തിന്റെയും കലർപ്പില്ലാതെ അവർ ആ ധനസമൃദ്ധിയെ അനുഭവിക്കുന്നില്ല.

എന്തുകൊണ്ടെന്നാൽ, ആനന്ദപ്രദമെന്നു് അവർ വിചാരിക്കുന്ന സംഗതിതന്നെ പലപ്പോഴും ദുഃഖകരമായിപ്പരിണമിക്കുന്നു.

സ്വന്തം സുഖങ്ങളെ അവർ ക്രമരഹിതമായി ആരായുകയും പിന്തുടരുകയും ചെയ്യുന്ന സ്ഥിതിക്കു്, അസ്വസ്ഥതയും വൈഷമ്യവുംകൂടാതെ അവയാൽ അവർ സംതൃപ്തരാകാൻ പാടില്ലെന്നുള്ളതു ന്യായമത്രെ.

ഓ, ഈ സുഖങ്ങൾ എത്ര ക്ഷണഭംഗുരവും, എത്ര കപടവും, എത്ര ക്രമരഹിതവും, മലീമസവും ആയിരിക്കുന്നു?

എങ്കിലും സ്വാർത്ഥപരതയും അന്ധതയും മൂലം മനുഷ്യർ ഇതു മനസ്സിലാക്കുന്നില്ല; കാട്ടുമൃഗങ്ങളെപ്പോലെ, ഈ മർത്ത്യ ജീവിതത്തിലെ അല്പമായ സുഖത്തിനുവേണ്ടി തങ്ങളുടെ ആത്മാക്കളുടെ അനന്തമായ നാശത്തിനു അവർ ഇടയാക്കുന്നു.

എന്നാൽ, നീയോ, എന്റെ മകനെ, 'ഭോഗങ്ങളുടെ പുറകെ പോകരുതു, നിന്റെ സ്വന്തം ഹിതത്തിൽനിന്നു നീ പിന്തിരിയുക.' (Eccle. xviii. 30) 'നീ ഭഗവാനിൽ ആനന്ദിക്കുക, നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ അദ്ദേഹം നിറവേറും.'

(സങ്കീ. xxxvi. 4.)

എന്തുകൊണ്ടെന്നാൽ നിനക്കു യഥാർത്ഥമായ ആനന്ദം അനുഭവിക്കണമെന്നും എന്റെ സമാശ്വാസം ധാരാളമായി സിദ്ധിക്കണമെന്നും ഉണ്ടെങ്കിൽ, കണ്ടാലും, നീ ലൗകികങ്ങളായ സകല വസ്തുക്കളെയും വെറുക്കുകയും നീചങ്ങളായ സുഖങ്ങളെയെല്ലാം ത്യജിക്കുകയും ചെയ്യണം, എന്നാൽ നീ അനുഗ്രഹീതനാവുകയും സുസമൃദ്ധമായ സുഖം നിനക്കു പ്രദത്തമാവുകയും ചെയ്യും.

സൃഷ്ടങ്ങളായ വസ്തുക്കളിൽനിന്നു ലഭ്യമായ ആശ്വാസത്തിൽനിന്നു നീ എത്രത്തോളം നിവർത്തനം അനുഭവിക്കുന്നുവോ, അത്രത്തോ

ളം മാധുര്യവും ശക്തിയുമേറിയ സമാശ്വാസം നിനക്കു് എന്നിൽനിന്നു സിദ്ധിക്കും.

എന്നാൽ ആദ്യമായി കുറെ ദുഃഖവും ശ്രമകരമായ സമരവും കൂടാതെ ഈ ആശ്വാസം നിനക്കു പ്രാപ്യമല്ല.

നിന്റെ പഴകിയുറച്ച ശീലങ്ങൾ നിനക്കു പ്രതിബന്ധമായിരിക്കും; എന്നാൽ നല്ല ശീലങ്ങളാൽ അവയെ നിനക്കു ജയിക്കാൻ കഴിയും.

ശരീരം പിറുപിറുക്കും; എന്നാൽ ആത്മാവിന്റെ തീക്ഷ്ണതയാൽ അതിനെ നിനക്കു കീഴടക്കാൻ സാധിക്കും.

പഴയ സ്വപ്നം നിന്നെ തെറ്റിക്കാൻ ശ്രമിക്കുകയും ഉപദ്രവിക്കുകയും ചെയ്യും; എന്നാൽ പ്രാർത്ഥനകൊണ്ടു നിനക്കു അവനെ ഓടിക്കാൻ കഴിയും; അതുകൂടാതെ ഏതെങ്കിലും പ്രയോജനകരമായ ഒരു ജോലിയിൽ നീ എല്ലായ്പ്പോഴും ഏർപ്പെട്ടിരുന്നാൽ, അവന്റെ ബാധ ഒരുമാതിരി ഒഴിച്ചു നിറുത്താവുന്നതാണു്.

അദ്ധ്യായം 13.

അനുസരണം.

ക്രിസ്തു. എന്റെ മകനെ, അനുസരണത്തിൽനിന്നു പിൻവലിയുന്നതിനു ശ്രമിക്കുന്നവൻ ദിവ്യാനുഗ്രഹത്തിൽനിന്നും പിൻവലിയുന്നു; കായ്ക്കുംതും സ്വകീയമായി ഉണ്ടായിരിക്കുന്നതിനു് ആരായുന്നവനു പൊതുവായവ നഷ്ടപ്പെടുന്നു.

ഒരു മനുഷ്യൻ അവന്റെ മേലാവിനു സമ്മേധയാ സന്തോഷപൂർവ്വം കീഴടങ്ങാതിരിക്കുന്നുവെങ്കിൽ, ആയതു് അവൻ അവന്റെ ശരീരത്തെ ഇനിയും പൂർണ്ണമായി കീഴടക്കിയിട്ടില്ലെന്നും അതു പലപ്പോഴും അവനോടു പിണങ്ങുകയും കലഹിക്കുകയും ചെയ്യുന്നുണ്ടെന്നും ഉള്ളതിന്റെ ഒരു അടയാളമാകുന്നു.

അതുകൊണ്ടു, നിന്റെ ശരീരത്തെ കീഴടക്കുന്നതിനു നീ ആഗ്രഹിക്കുന്നുവെങ്കിൽ നിന്റെ മേലാവിനെ സന്തോഷപൂർവ്വം അനുസരിക്കുന്നതിനു പഠിക്കുക.

എന്തുകൊണ്ടെന്നാൽ, അന്തഃസ്ഥിതനായ മനുഷ്യൻ ഫലശൂന്യനാകുന്നില്ലെങ്കിൽ, പുറമെനിന്നുള്ള ശത്രു കൂടുതൽ വേഗം പരാജിതനാകുന്നു.

നീ നിന്റെ ആത്മാവുമായി രമ്യതയോടെ കഴിഞ്ഞുകൂടാത്തപ്പോൾ, നിന്റെ ആത്മാവിനു നിന്നെക്കാൾ കൂടുതൽ ഉപദ്രവകാരിയോ വഷളനോ ആയ ശത്രുവില്ല.

നിന്റെ മാംസരക്തങ്ങളെ ജയിക്കണമെന്നു നീ ആഗ്രഹിക്കുന്നുവെങ്കിൽ, നീ നിന്നെത്തന്നെ യഥാർത്ഥമായി വെറുക്കുന്നതിനു് ഉത്സാഹപൂർവ്വം ശീലിക്കണം.

നിനക്കു നിന്നോടുതന്നെ ഇപ്പോഴും ക്രമരഹിതമായ സ്നേഹം ഉള്ളതുകൊണ്ടാണു് മറ്റുള്ളവരുടെ ഹിതത്തിനു നിഗ്ഗ്രഹം വിധേയനാകുന്നതിനു നീ ഭയപ്പെടുന്നതു്.

2. എന്നാൽ ശൂന്യതയിൽനിന്നു സകല ചരാചരങ്ങളേയും സൃഷ്ടിച്ച അഖണ്ഡശക്തിയും അത്യുന്നതനുമായ ഞാൻ, നിനക്കുവേണ്ടി, സ്വയമേ മനുഷ്യനു വിധേയനായ സ്ഥിതിക്കു, കേവലം പൊടിയും ശൂന്യതയും മാത്രമായ നീ, ഈശ്വരനുവേണ്ടി, സ്വയമേ മനുഷ്യർക്കു വിധേനായകുന്നുവെങ്കിൽ അതു് അത്ര വളരെ കായ്യമാണോ?

ഞാൻ മനുഷ്യരിൽ ഏറ്റവും വിനീതനും അപകൃഷ്ടനുമായിത്തീർന്നതു് എന്റെ വിനയത്തിൽനിന്നു് നിന്റെ അഹങ്കാരത്തെ ജയിക്കുന്നതിനു നീ പഠിക്കുന്നതിനാണു്.

ഓ പൊടിയെ, അനുസരിക്കുന്നതിനു പ

ഠിക്കുക; വെറും അഴക്കും ചെളിയും മാത്രമായ നീ തന്നത്താൻ താഴ്ത്തുന്നതിനും സകല മനുഷ്യരുടെയും പാദങ്ങളിൽ നമസ്കരിക്കുന്നതിനും പഠിക്കുക

നിന്റെ സ്വന്തം ഹിതത്തെ അമർത്തുന്നതിനും പരിപൂർണ്ണമായ അനുസരണത്തിനു സന്നദ്ധനാകുന്നതിനും പഠിക്കുക.

3. നീന്നോടുതന്നെ നീ അമർഷാകുലനാവുക; അഹങ്കാരം നിന്നിൽ കുടികൊള്ളാൻ അനുവദിക്കരുതു്; പ്രത്യുത, തെരുവീഥികളിലെ പൊടിയെന്നവണ്ണം എല്ലാവരും നിന്റെ മുകളിൽക്കൂടി നടക്കുകയും നിന്നെ ചവുട്ടിമെതിക്കുകയും ചെയ്യുന്നതുപോലെ നീ അത്ര അനുസരണയുള്ളവനും നിസ്സാരനുമായിത്തീരുക.

കഥയില്ലാത്ത മനുഷ്യാ, നിനക്കു് എന്തിനെപ്പറ്റി പറയാനുണ്ടു്?

എത്രയോ തവണ ഈശ്വരനു വിരുദ്ധമായി ഭയാപരാധം ചെയ്യുകയും നരകശിക്ഷയ്ക്കു പാത്രീഭവിക്കുകയും ചെയ്തിട്ടുള്ള നിനക്കു്, ഓ നികൃഷ്ടനായ പാപി, നിന്നെ ശാസിക്കുന്നവരോടു് എന്തു സമാധാനം പറയാനുണ്ടു്?

എന്നാൽ നിന്റെ ആത്മാവു് എന്റെ ദൃഷ്ടിയിൽ വിലയേറിയതാകയാൽ, എന്റെ

സ്നേഹത്തെപ്പറ്റി നീ അറിയുന്നതിനും, എന്റെ ഉപകാരത്തിന നീ എപ്പോഴും കൃതജ്ഞനായിരിക്കുന്നതിനും, നീ എപ്പോഴും യഥാർത്ഥമായ അനുസരണവും വിനയവുമുള്ളവനായിരുന്നു. അവഹേളനത്തെ ക്ഷമാപൂർവ്വം സഹിക്കുന്നതിനുമായി എന്റെ കടാക്ഷം നിന്നെ സംരക്ഷിച്ചു.

അദ്ധ്യായം 14.

ഈശ്വരന്റെ വിധികർത്തൃത്വം.

ശിഷ്യൻ. ഓ ഭഗവാനെ, അങ്ങയുടെ വിധികർത്തൃത്വം എന്റെ തലയ്ക്കുമീതെ ഇടിനാദംപോലെ മുഴങ്ങുകയും അങ്ങ് എന്റെ അസ്ഥികളെയെല്ലാം ഭയംകൊണ്ടു വിറപ്പിക്കുകയും ചെയ്യുന്നു; എന്റെ ആത്മാവു് അത്യധികമായ ഭയത്താൽ പരവശമായിരിക്കുന്നു.

ഞാൻ വിസ്മയവിവശനായിനിന്നു് 'ആകാശങ്ങൾ അങ്ങയുടെ ദൃഷ്ടിയിൽ പരിശുദ്ധമല്ലെന്നു് ചിന്തിച്ചുപോകുന്നു.

മാലാഖമാരിലും അങ്ങു് പാപം കണ്ടിരി

ക്കുന്നവെന്നും അവരെപ്പോലും അങ്ങു രി
ക്ഷിക്കാതെ വിട്ടില്ലെന്നുമുള്ള സ്ഥിതിക്കു്, എ
ന്റെ സ്ഥിതി എന്തായിരിക്കും?

നക്ഷത്രങ്ങൾപോലും ആകാശത്തുനിന്നു്
അധഃപതിച്ചുവെങ്കിൽ, വെറും പൊടിയാ
യിരിക്കുന്ന എനിക്കു് എങ്ങനെ അഹംകരി
ക്കാം?

ശ്ലാഘനീയമെന്നു വിചാരിക്കപ്പെട്ട അ
പദാനങ്ങൾ പ്രവർത്തിച്ചവർ ഏറ്റവും വ
ലിയ താഴ്ചയിൽ അധഃപതിച്ചിരിക്കുന്നു; മ
നു മാലാഖമാരുടെ ഭോജനം ഭുജിച്ചവർ
പന്നികളുടെ തീറ്റിതിന്നു സന്തുഷ്ടരാകുന്ന
തും ഞാൻ കണ്ടിരിക്കുന്നു.

2. അതിനാൽ, ഓ ഭഗവാനെ, അങ്ങേയു
ടെ കരം അങ്ങു പിൻവലിക്കുന്നുവെങ്കിൽ,
വിശുദ്ധി എന്നു് ഒന്നുണ്ടായിരിക്കുകയില്ല.

അങ്ങു ഭരണം മതിയാക്കുന്നുവെങ്കിൽ,
ജ്ഞാനം നിഷ്പ്രയോജനമാണു്.

അങ്ങു ഞങ്ങളെ താങ്ങുന്നില്ലെങ്കിൽ, ബ
ലം ഞങ്ങൾക്കു് ഉപകരിക്കുകയില്ല.

അങ്ങേയുടെ സംരക്ഷണമില്ലെങ്കിൽ, ചാ
രിത്രശുദ്ധി സുരക്ഷിതമല്ല.

അങ്ങേയുടെ പരിപാവനമായ സൂസമീ
ക്ഷ ഞങ്ങളെ സൂക്ഷിക്കുന്നില്ലെങ്കിൽ, ഞങ്ങ
ൾ തന്നെത്താൻ എത്രതന്നെ ജാഗ്രൂകരാ

യി സൂക്ഷിച്ചാലും അതു നിഷ്പ്രയോജനമാണു്.

എന്തുകൊണ്ടെന്നാൽ, ഞങ്ങൾ അസഹായരായി ഉപേക്ഷിക്കപ്പെടുന്നുവെങ്കിൽ, ഞങ്ങൾ മുങ്ങിപ്പോകുന്നു, ഞങ്ങൾ മരിച്ചു പോകുന്നു; എന്നാൽ അങ്ങു ഞങ്ങളെ സന്ധിക്കുന്നുവെങ്കിൽ, ഞങ്ങൾ പൊക്കിയെടുക്കപ്പെടുകയും ഞങ്ങൾ ജീവിക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ, ഞങ്ങൾ ചപലരാണു്, എന്നാൽ അങ്ങു ഞങ്ങൾക്കു ബലം തരുന്നു; ഞങ്ങൾ അലസരാണു്, എന്നാൽ അങ്ങു് ഞങ്ങളെ ഉദ്ദീപ്തരാക്കുന്നു.

3. ഓ, എത്ര എളിയവനും താണവനുമാണു് ഞാൻ എന്നു ഞാൻ തന്നെത്താൻ വിചാരിക്കേണ്ടതാണു്; എനിക്കു് എന്തെങ്കിലും നന്മയുണ്ടെന്നു തോന്നിയാൽ, ഞാൻ അതിനെ എത്ര നിസ്സാരമായിപ്പരിഗണിക്കേണ്ടതാണു്.

അങ്ങേയുടെ നന്മയുടെ അപരിമേയമായ ആഴത്തിൽ ഞാൻ എത്രമാത്രം താഴ്ത്തപ്പെടേണ്ടതാണു്; അവിടെ ഞാൻ വെറും പൂജ്യമല്ലാതെ യാതൊന്നുമല്ലെന്നു ഞാൻ കാണും.

ഓ, അമേയമായ ഭാരമെ, ഓ, അപാര

മായ പാരാവാരമെ! എനിക്കു് അവിടെ എന്റേതായി വെറും പൂജ്യമല്ലാതെ യാതൊന്നും കാണാൻ സാധിക്കുകയില്ല.

ആ സ്ഥിതിക്കു്, ആത്മപ്രശംസയ്ക്കു് എവിടെ ഒളിഞ്ഞിരിക്കാൻ സാധിക്കും? എന്റെ സങ്കല്പസ്ഥിതമായ നന്മയിലുള്ള വിശ്വാസത്തിനു സ്ഥാനം എവിടെ?

എല്ലാ മിഥ്യാഭിമാനവും എന്റെ മേലുള്ള അങ്ങയുടെ വിധികളുടെ ഗഹനതയിൽ മുങ്ങിപ്പോകുന്നു.

4. അങ്ങേയുടെ ദൃഷ്ടിയിൽ ശരീരമെല്ലാം എന്താണു്?

മണ്ണിനു് അതിനെ രൂപവൽക്കരിച്ചവന്റെ നേരെ പ്രതാപം ഭാവിക്കാമോ?

സത്യത്തിൽ ഈശ്വരനു വശംവദമായ ഹൃദയത്തോടുകൂടിയവനു മനുഷ്യരുടെ വ്യർത്ഥസംഭാഷണത്താൽ എങ്ങനെ ഉദ്ഭ്രതനാകാൻ കഴിയും?

സത്യസ്വരൂപൻ എളിമയിൽ അടിയുറപ്പിച്ചിട്ടുള്ളവനെ ലോകം മുഴുവനും കൂടിച്ചേർന്നാലും ഇളക്കാൻ സാധിക്കുകയില്ല.

തന്റെ പ്രത്യാശ മുഴുവനും ഈശ്വരനിൽ അചഞ്ചലമായി നിക്ഷേപിച്ചിട്ടുള്ളവനെ, അവനെ പ്രശംസിക്കുന്ന സകലരുടെയും നാവുകൾക്കു് ഇളക്കാൻ സാധിക്കുക

യില്ല.

എന്തുകൊണ്ടെന്നാൽ, കണ്ടാലും, സംസാരിക്കുന്ന അവരെല്ലാവരും പൂജ്യംതന്നെയാണു്; അവരുടെ വാക്കുകളുടെ ധ്വനിയോടുകൂടി അവരും അപ്രത്യക്ഷീഭവിക്കും; എന്നാൽ ഭഗവാന്റെ സത്യം എന്നെന്നേക്കും നിലനില്ക്കുന്നു. (സങ്കീ. cxvi. 2.)

❖❖❖❖❖

അദ്ധ്യായം 15.

നമ്മുടെ ചിത്തവൃത്തികളും ആശകളും.

ക്രിസ്തു. എന്റെ മകനേ, നീ എല്ലായ്പോഴും ഇപ്രകാരം പറയുക: 'ഭഗവാനെ, അങ്ങേക്കു് അതു ഹിതമാണെങ്കിൽ, അപ്രകാരം സംഭവിക്കട്ടെ!

'ഭഗവാനെ, അങ്ങയുടെ മഹിമയ്ക്കു ചേർന്നതാണെങ്കിൽ, അതു് അങ്ങേയുടെ നാമത്തിൽ നിവ്വഹിക്കപ്പെടട്ടെ!

'ഭഗവാനെ, ഇതു യുക്തമാണെന്നു് അങ്ങു കാണുകയും, അതു് എനിക്കു ഗുണകരമായിട്ടുള്ളതാണെന്നു് അങ്ങു് അംഗീകരിക്കുകയും ചെയ്യുന്നുവെങ്കിൽ, അതിനെ അങ്ങേയുടെ

മഹിമക്കായി ഞാൻ വിനിയോഗിക്കുന്നതിനു് അനുവദിക്കേണമെ.

എന്നാൽ അതു് എനിക്കു ദോഷകരമായിരിക്കുമെന്നും എന്റെ ആത്മാവിന്റെ രക്ഷയ്ക്കു് ഉപകരിക്കുന്നതല്ലെന്നും അങ്ങേയ്ക്കു് അറിയാമെങ്കിൽ, എന്നിൽ അത്തരത്തിലുള്ള ആശയെ നശിപ്പിച്ചുകളയേണമെ.

എന്തുകൊണ്ടെന്നാൽ, എല്ലാ ആശകളും, മനുഷ്യനു് അവ ശരിയായതും നല്ലതുമാണെന്നു തോന്നുന്നുവെങ്കിലും, പരിശുദ്ധാത്മാവിൽനിന്നു പുപ്പെടുന്നതല്ല.

നിന്നെ ഇതോ അതോ ആശിക്കുന്നതിനു പ്രേരിപ്പിക്കുന്നതു് ഒരു നല്ല ആത്മാവോ, ചീത്ത ആത്മാവോ, അതോ നിന്റെ സ്വന്തം മനഃസ്ഥിതിതന്നെയാണോ എന്നു യഥാർത്ഥമായി നിർണ്ണയിക്കുന്ന കാര്യം ചിലപ്പോൾ വിഷമമാണു്.

ഒരു നല്ല ആത്മാവിനാൽ നയിക്കപ്പെടുന്നുവെന്നു് ആദ്യം വിചാരിച്ച അധികംപേരും ഒടുവിൽ വഞ്ചിതരായിട്ടുണ്ടു്.

2. അതുകൊണ്ടു് അഭിലഷണീയമെന്നു നിനക്കു തോന്നുന്നതു് ഏതായാലും, അതിനെ നീ ആഗ്രഹിക്കയോ അതിനായി പ്രാർത്ഥിക്കുകയോ ചെയ്യുന്നതു് എല്ലായ്പോഴും ഈശ്വരഭയത്തോടും വിനീതമായ ഹൃദയത്തോ

ട്ടുംകൂടി ആയിരിക്കണം; സർവ്വോപരി സ്വാർത്ഥത്യാഗത്തോടുകൂടി എല്ലാം എന്നെ ഭരമേല്പിച്ചിട്ടു, നീ ഇപ്രകാരം പറയണം:

'ഓ ഭഗവാനെ, ഏറ്റവും നല്ലതെന്താണെന്നു് അങ്ങേക്കു് അറിയാം; ഇതോ അതോ അങ്ങേയുടെ ഹിതമനുസരിച്ചു നിവൃഹിക്കപ്പെടട്ടെ.

'അങ്ങേക്കു് ഇഷ്ടമുള്ളതു്, അങ്ങേക്കു് ഇഷ്ടമുള്ളിടത്തോളം, അങ്ങേക്കു് ഇഷ്ടമുള്ളപ്പോൾ, തരിക.

'അങ്ങേക്കു് അറിയാവുന്നതുപോലെയും, അങ്ങേക്കു് ഇഷ്ടമുള്ളതുപോലെയും, അങ്ങേയുടെ മഹിമക്കു പര്യാപ്തമായതുപോലെയും എന്നോടു പെരുമാറുക.

അങ്ങേക്കു് ഇഷ്ടമുള്ളയിടത്തു് എന്നെ ആക്കുക; എല്ലാകാര്യങ്ങളിലും അങ്ങേയുടെ ഇഷ്ടമനുസരിച്ചു് എന്നോടു പെരുമാറുക.

'ഞാൻ അങ്ങേയുടെ കൈയിലാകുന്നു, അങ്ങേക്കു് ഇഷ്ടമുള്ള വഴിക്കു് എന്നെ തിരിക്കുക

'ഇതാ, ഞാൻ സകല കാര്യങ്ങളിലും അങ്ങയെ അനുസരിക്കാൻ സന്നദ്ധനായ ഭൃത്യനാകുന്നു; എന്തുകൊണ്ടെന്നാൽ, അങ്ങേക്കു വേണ്ടിയല്ലാതെ എനിക്കുവേണ്ടി ജീവിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നില്ല; ഓ യോശു

മായും പൂർണ്ണമായും അപ്രകാരം ചെയ്യുന്നതിനു് എനിക്കു കഴിഞ്ഞുവെങ്കിൽ!

ഈശ്വരഹിതം നിവ്വഹിക്കപ്പെടുന്നതിനായുള്ള ഒരു പ്രാർത്ഥന.

ശിഷ്യൻ: ഓ, ഏറ്റവും കൃപാലുവായ യേശുവെ, അങ്ങേയുടെ അനുഗ്രഹം, അതു് എന്നോടുകൂടി അവസാനംവരെ തുടർന്നുയായി ഉണ്ടായിരിക്കുന്നതുക്കവണ്ണം, എനിക്കു തരേണമെ.

അങ്ങേക്കു് ഏറ്റവും സ്വീകാര്യമായതു്, അങ്ങേക്കു് ഏറ്റവും പ്രിയംകരമായതു്, എല്ലായ്പോഴും നിരൂപിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നതിനു് എന്നെ അനുവദിക്കേണമെ.

അങ്ങേയുടെ ഹിതം എന്റേതായിരിക്കുകയും, എന്റെ ഹിതം അങ്ങേയുടെതിനെ എപ്പോഴും പിന്തുടരുകയും അതിനോടു പൂർണ്ണമായി യോജിക്കുകയും ചെയ്യട്ടെ.

അങ്ങു വേണമെന്നും വേണ്ടെന്നും വെയ്ക്കുന്നതു ഞാനും എപ്പോഴും വേണമെന്നും വേണ്ടെന്നും വെയ്ക്കട്ടെ—അങ്ങു് വേണമെന്നും വേണ്ടെന്നും വെയ്ക്കുന്നതു പോലെയല്ലാതെ ഞാൻ വേണമെന്നും വേണ്ടെന്നും

ചെയ്യാൻ എനിക്കു കഴിവില്ലാതാക്കുക.

4. ഈ ലോകത്തുള്ള സകലതിനെയും സംബന്ധിച്ചിടത്തോളം ഞാൻ മൃഗതുല്യനാകുന്നതിനും അങ്ങേക്കുവേണ്ടി അവഹേളനത്തെയും ശാലീനതയെയും ഇഷ്ടപ്പെടുന്നതിനും അനുവദിക്കേണമെ.

അഭിലഷണീയമായ സകല സംഗതികൾക്കും ഉപരിയായി ഞാൻ അങ്ങേയിൽ വിശ്രമമടയുന്നതിനും എന്റെ ഹൃദയം അങ്ങേയിൽ സമാധാനപൂർവ്വം ലയിക്കുന്നതിനും അനുവദിക്കേണമെ.

അങ്ങാണു് ഹൃദയത്തിന്റെ യഥാർത്ഥമായശാന്തി; അങ്ങത്രെ അതിന്റെ ഏകാവലംബം; അങ്ങേക്കു് പുറമെ എല്ലാം ഉപദ്രവകരവും അസ്വസ്ഥവുമാണു്. ഈ ശാന്തിയിൽ, അതായതു, ഏകവും സർവ്വോൽകൃഷ്ടവും അനന്തവുമായ നന്മയാകുന്ന അങ്ങേയിൽ, ഞാൻ ഉറങ്ങും, ഞാൻ വിശ്രമിക്കും. അമ്മേൻ.

(സങ്കീ. iv. 9.)

അദ്ധ്യായം 16.

യഥാർത്ഥമായ സുഖം ഈശ്വരനിൽ നിന്നു മാത്രമേ സിദ്ധിക്കുകയുള്ളൂ.

ശിഷ്യൻ: എന്റെ സുഖത്തിനായി ഞാൻ ആഗ്രഹിക്കുകയോ സങ്കല്പിക്കുകയോ ചെയ്യുന്നതു് എന്തുതന്നെയായാലും, അതിനെ ഞാൻ പാരത്രികജീവിതത്തിലല്ലാതെ ഐഹികജീവിതത്തിൽ പ്രതീക്ഷിക്കുന്നില്ല.

എന്തുകൊണ്ടെന്നാൽ ഈ ലോകത്തുള്ള സുഖങ്ങളെല്ലാം എനിക്കു മാത്രമുള്ളതും അവയെല്ലാം അനുഭവിക്കുന്നതിനു് എനിക്കു സാധിക്കുന്നതുമാണെങ്കിൽത്തന്നെയും, അവ ദീർഘകാലം നിലനില്ക്കുകയില്ലെന്നുള്ളതു തീർച്ചയാണു്.

അതുകൊണ്ടു്, ഓ എന്റെ ആത്മാവെ, പാവങ്ങൾക്കു് ആശ്വാസപ്രദനും എളിയവർക്കു രക്ഷാകരനുമായ ഈശ്വരനിൽ നിന്നല്ലാതെ എനിക്കു പരിപൂർണ്ണമായ സുഖമോ പരിപൂർണ്ണമായ ആനന്ദമോ ലഭ്യമല്ല.

ഓ, എന്റെ ആത്മാവെ, അല്പനേരം കാക്കുക; ദിവ്യമായ പ്രതിജ്ഞയുടെ നിർവ്വഹണത്തിനായി കാക്കുക; എന്നാൽ സ്വർഗ്ഗത്തിൽ നല്ലതായിട്ടുള്ളതെല്ലാം ധാരാളമായി നിനക്കു് അനുഭവിക്കാം.

ഈ താൽക്കാലികങ്ങളായ കാര്യങ്ങളെ ക്രമാതീതമായി നീ ആഗ്രഹിക്കുന്നുവെങ്കിൽ, സ്വർഗ്ഗീയവും സനാതനവുമായവ നിനക്കു് ഇല്ലാതാകും.

ലൗകിക വസ്തുക്കളെ നീ ഉപയോഗിച്ചു കൊള്ളുക; എന്നാൽ സനാതനമായവയെ നിന്റെ ആഗ്രഹത്തിനു വിഷയമായിരിക്കേണ്ടതു:.

ലൗകികമായ യാതൊന്നും നിനക്കു സംതൃപ്തിയെ പ്രദാനം ചെയ്യുന്നതിനു പര്യാപ്തമല്ല; എന്തുകൊണ്ടെന്നാൽ ലൗകികമായവയെ അനുഭവിക്കുന്നതിനായിട്ടല്ല നീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്.

2. സൃഷ്ടിക്കപ്പെട്ട വസ്തുക്കളെല്ലാം നിനക്കുണ്ടായിരുന്നാലും അതുമൂലം നീ സൗഭാഗ്യവാനോ അനുഗൃഹീതനോ ആവുകയില്ല: പ്രത്യുത, സകലവും സൃഷ്ടിച്ച ഈശ്വരനിലത്രെ നിന്റെ പരമാനന്ദവും സൗഭാഗ്യവും മുഴുവനും അടങ്ങിയിരിക്കുന്നതു; ഈ പരമാനന്ദം ലോകത്തെ ബുദ്ധിഹീനമായി സ്നേഹിക്കുന്നവർ ദർശിക്കുകയോ പ്രശംസിക്കുകയോ ചെയ്യുന്ന തരത്തിലുള്ളതല്ല; പിന്നയോ നല്ല ക്രൈസ്തവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും 'സ്വർഗ്ഗവുമായി സംസർഗ്ഗം ചെയ്യുന്നവരായ' ഹൃദയശുദ്ധിയും ഭക്തിയുമുള്ളവർ ചി

ലപ്പോൾ മൻകൂട്ടി ആസ്വദിക്കുകയും ചെയ്യുന്ന തരത്തിലുള്ളതത്രെ.

മാനുഷമായ സകല സുഖവും വ്യർത്ഥവും ക്ഷണഭംഗുരവുമാണു്. സത്യസ്വരൂപനിൽ നിന്നു് ആന്തരമായി ലഭിക്കുന്ന സുഖമത്രെ അനുഗൃഹീതവും യഥാർത്ഥവുമായിട്ടുള്ളതു്.

ഒരു ഭക്തനായ മനുഷ്യൻ എല്ലായ്പോഴും എവിടെയും അവനു് ആശ്വാസപ്രദനായ യേശുവിനെ കൂടെ കൊണ്ടുപോവുകയും അത്യേഹത്തോടു് ഇപ്രകാരം പറയുകയും ചെയ്യുന്നു: "ഓ ഭഗവാനായ യേശുവേ, എല്ലാ സ്ഥലത്തും എല്ലാ സമയത്തും എന്നോടുകൂടി ഉണ്ടായിരിക്കേണമെ,".

മാനുഷമായ സുഖം അശേഷമില്ലാതിരിക്കുന്നതിനു സന്തോഷപൂർവ്വം സമ്മതിക്കുന്നതായിരിക്കട്ടെ എന്റെ സമാശ്വാസം.

അന്യന്റെ ആശ്വാസവും പിൻവലിക്കപ്പെടുന്നുവെങ്കിൽ, അന്യന്റെ ഹിതവും അനുഭവും എനിക്കായി നിശ്ചയിച്ചിരിക്കുന്ന നീതിയുക്തമായ പരീക്ഷണവും എനിക്കു് ഏറ്റവും വലുതായ ആശ്വാസംപോലെ ആയിരിക്കട്ടെ; 'എന്തുകൊണ്ടെന്നാൽ അങ്ങു് എല്ലായ്പോഴും കോപിഷ്ഠനായിരിക്കുകയില്ല; അങ്ങു് അവസാനമില്ലാതെ ഭയപ്പെടുത്തുകയുമില്ല.' (ps. cii. 9)

അദ്ധ്യായം 17

നമ്മുടെ സകലാവശ്യങ്ങളും ഈശ്വരനിൽ അർപ്പിക്കപ്പെടണം.

ക്രിസ്തു: എന്റെ മകനെ എന്റെ ഇഷ്ടം പോലെ നിന്നോടു പെരുമാറുന്നതിനു് എന്നെ അനുവദിക്കുക; നിനക്കു് ഏറ്റവും നല്ലതെന്താണെന്നു് എനിക്കറിയാം.

നീ മനുഷ്യാനുരൂപമായി വിചാരിക്കുന്നു; ഒട്ടധികം സംഗതികളിൽ മാനുഷമായ വികാരങ്ങളുടെ പ്രചോദനമനുസരിച്ചു നീ വിധി കല്പിക്കുന്നു.

2. ശിഷ്യൻ: ഭഗവാനെ, അങ്ങു പറയുന്നതു സത്യമാണു്; എന്നെപ്പറ്റി അങ്ങേയ്ക്കുള്ള ശ്രദ്ധ എനിക്കുതന്നെ എന്നെപ്പറ്റിയുണ്ടാകാവുന്ന ശ്രദ്ധ മുഴുവനെയുംകാൾ വലുതാണു്.

എന്തുകൊണ്ടെന്നാൽ, സ്വന്തം ഭാരം മുഴുവനും അങ്ങേയിൽ അർപ്പിക്കാത്തവന്റെ സ്ഥിതി വളരെ ആപൽക്കരമാണു്.

ഭഗവാനെ, എന്റെ മനസ്സു് അങ്ങേയുടെനേക്കു ശരിയായും സ്ഥിരമായും നില്ക്കുമെങ്കിൽ അതുമതി; അങ്ങയുടെ ഇഷ്ടാനുസരണം എന്നോടു് എന്തും പ്രവർത്തിച്ചുകൊള്ളുക.

എന്തുകൊണ്ടെന്നാൽ, അങ്ങു് എന്നോടു് എന്തുതന്നെ പ്രവർത്തിച്ചാലും അതു നന്മയല്ലാതെ മറെറാന്നുമായിരിക്കാൻ തരമില്ല.

ഞാൻ ഇരുട്ടത്തിരിക്കണമെന്നാണു് അങ്ങു് ആഗ്രഹിക്കുന്നതെങ്കിൽ, അങ്ങു് വാഴ്ത്തപ്പെടട്ടെ; ഞാൻ വെളിച്ചത്തിരിക്കണമെന്നു് അങ്ങു് ആഗ്രഹിക്കുന്നുവെങ്കിൽ, അപ്പോഴും അങ്ങു വാഴ്ത്തപ്പെടട്ടെ; എന്നെ ആശ്വസിപ്പിക്കുന്നതിനു് അങ്ങേയുടെ കൃപാകടാക്ഷമുണ്ടാകുന്നുവെങ്കിൽ അങ്ങു വാഴ്ത്തപ്പെടട്ടെ; ഞാൻ പീഡിതനാകണമെന്നാണു് അങ്ങേയുടെ തിരുവുള്ളമെങ്കിലും അങ്ങു് എപ്പോഴും ഒന്നുപോലെ വാഴ്ത്തപ്പെടട്ടെ.

3. ക്രിസ്തു: എന്നെ അനുഗമിക്കുന്നതിനു നീ ആഗ്രഹിക്കുന്നുവെങ്കിൽ, നിൻെറ സ്ഥിതി ഇപ്രകാരമായിരിക്കണം:

നീ സന്തോഷിക്കുന്നതിനെന്നപോലെ സങ്കടപ്പെടുന്നതിനും സന്നദ്ധനായിരിക്കണം; സുഭിക്ഷതയും ധനസമൃദ്ധിയുമുണ്ടായിരിക്കുന്നതിൽ നീ സന്തോഷിക്കുന്നതുപോലെ നിർദ്ധനത്വം അഗതിയും ആയിരിക്കുന്നതിലും നീ സന്തോഷിക്കണം.

4. ശിഷ്യൻ: ഭഗവാനെ, അങ്ങേയുടെ ഇഷ്ടപ്രകാരം എനിക്കു് എന്തുതന്നെ സംഭവിച്ചാലും അതെല്ലാം സന്തോഷപൂർവം അ

നുഭവിക്കുന്നതിനു ഞാൻ സന്നദ്ധനാണു്.

അങ്ങേയുടെ കരങ്ങളിൽനിന്നു നന്മയും തിന്മയും, മധുരവും കയ്പും, സുഖവും ദുഃഖവും ഞാൻ ഒന്നുപോലെ സ്വീകരിക്കുകയും, എനിക്കു എന്തു സംഭവിക്കുന്നോ അതിനെല്ലാം ഞാൻ അങ്ങയോടു കൃതജ്ഞനായിരിക്കുകയും ചെയ്യും.

സകല പാപങ്ങളിലുംനിന്നു എന്നെസ്സംരക്ഷിക്കുകമാത്രം ചെയ്യുക; എന്നാൽ മരണത്തെയാകട്ടെ നരകത്തെയാകട്ടെ ഞാൻ ഭയപ്പെടുകയില്ല.

എന്നെ ആണ്ടു് എന്നെന്നേക്കുമായി തിരസ്ക്കരിക്കുകയോ ജീവിതമാകുന്ന ഗ്രന്ഥത്തിൽ നിന്നു പ്രമാജ്ജനം ചെയ്യുകയോ ചെയ്യാതിരിക്കുമെങ്കിൽ എനിക്കു നേരിടുന്ന യാതൊരു കഷ്ടപ്പാടും എനിക്കു ദോഷകരമായിരിക്കുകയില്ല.

അദ്ധ്യായം 18

യേശുക്രിസ്തുവിന്റെ ദൃഷ്ടാന്തം.

ക്രിസ്തു: ഞാൻ സ്വർഗ്ഗത്തുനിന്നു അവതരിച്ചതു നിന്റെ രക്ഷയ്ക്കായിട്ടാണു്; ഞാൻ നി

ന്റെ ദുഃഖങ്ങളെ സ്വയംവരിച്ചതു് എന്റെ ആവശ്യം നിമിത്തമല്ല—നീ ക്ഷമ ശീലിക്കുകയും ഈ ജീവിതത്തിലെ ദുഃഖങ്ങളെ അതൃപ്തികൂടാതെ സഹിക്കുകയും ചെയ്യുന്നതിനായി—നിന്നോടുള്ള സ്നേഹത്താൽ പ്രചോദിതനായിട്ടത്രെ.

എന്തുകൊണ്ടെന്നാൽ, എന്റെ ജനനസമയംമുതൽ കുരിശിന്മേലുള്ള എന്റെ മരണംവരെ ഒരിക്കലും എനിക്കു കഷ്ടാനുഭവമില്ലാതിരുന്നിട്ടില്ല.

ലൗകിക വസ്തുക്കളുടെ, വലുതായ ക്ഷാമം ഞാൻ അനുഭവിച്ചു; എനിക്കു എതിരായി ഒട്ടുവളരെ പരാതികൾ ഞാൻ മായ്ക്കു കേട്ടു; അവമാനവും അപവാദങ്ങളും ഞാൻ സൗമ്യതയോടെ സഹിച്ചു; ഞാൻ ചെയ്ത ഉപകാരങ്ങൾക്കു പകരമായി എനിക്കു കൃതഘ്നത ലഭിച്ചു; എന്റെ അത്ഭുതസിദ്ധികൾക്കു പകരമായി ദൈവദൂഷണവും, എന്റെ സ്വർഗ്ഗീയമായ ഉപദേശങ്ങൾക്കു പകരമായി ആക്ഷേപങ്ങളും എനിക്കു കിട്ടി.

2. ശിഷ്യൻ: ഓ ഭഗവാനെ, അങ്ങേയുടെ ജീവിതകാലത്തു അങ്ങു ക്ഷമാശീലനായിരുന്നു് അങ്ങേയുടെ പിതാവിന്റെ ആജ്ഞയെ സവിശേഷം നിവ്വഹിച്ച സ്ഥിതിക്കു് ഒരു അപകൃഷ്ടപാപിയായ ഞാൻ, അ

ങ്ങേയുടെ ഹിതമനുസരിച്ചു, സകലവും ക്ഷമയോടുകൂടി സഹിക്കുക എന്നുള്ളതും, അങ്ങേയ്ക്കു് ഇഷ്ടമാകുന്നിടത്തോളം എന്റെ ആത്മാവിന്റെ രക്ഷയ്ക്കായി ഈ ജുഗുപ്സാവഹമായ ജീവിതത്തിന്റെ ഭാരത്തെ വഹിക്കുക എന്നുള്ളതും സമുചിതമാണു്.

എന്തുകൊണ്ടെന്നാൽ, ഈ താൽക്കാലിക ജീവിതം ദുർവഹമാണെങ്കിലും അങ്ങേയുടെ അനുഗ്രഹം അതിനെ ഇപ്പോൾ വളരെ ഗുണകരമാക്കുകയും, അങ്ങേയുടെ ദൃഷ്ടാന്തത്തിന്റേയും സിദ്ധന്മാരുടെ കാലടികളുടേയും സഹായം അതിനെ ദുർബലർക്കു കൂടുതൽ സുവഹവും ലഘുവുമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു.

മുമ്പു പഴയനിയമമനുസരിച്ചെന്നതിനേക്കാൾ ഇപ്പോൾ അതു വളരെയധികം ആശ്വാസകരമാണു്; അന്നു സ്വർഗ്ഗവാതിൽ അടഞ്ഞും സ്വർഗ്ഗത്തേക്കുള്ള വഴി തെളിയാതെയും ഇരുന്നു; സ്വർഗ്ഗരാജ്യത്തെ അന്വേഷിക്കുന്നതിൽ ദത്തശ്രദ്ധരായിരുന്നവർ അപൂർവ്വമായിരുന്നു.

ഇതു കൂടാതെ നീതിമാന്മാരും മോക്ഷാർഹന്മാരുമായവർക്കു്, അങ്ങേയുടെ പീഡാനുഭവവും പാവനമായ മരണവും കൊണ്ടുള്ള പാപപരിഹാരത്തിനു മുമ്പായി സ്വർഗ്ഗരാ

ജ്യത്തു പ്രവേശിക്കാനും നിവൃത്തിയില്ലായിരുന്നു.

3. ഓ എനിക്കും വിശ്വാസമുള്ള സകല മനുഷ്യർക്കും അങ്ങേയുടെ അനന്തമായ രാജ്യത്തേക്കു ശരിയായതും നല്ലതുമായ ഒരു മാർഗ്ഗത്തെ തെളിയിച്ചുതരുന്നതിനു അങ്ങേക്കു കൃപയുണ്ടായതിനു് അങ്ങയോടു എത്രമാത്രം ഞാൻ കൃതജ്ഞനായിരിക്കണം!

എന്തുകൊണ്ടെന്നാൽ, അങ്ങേയുടെ ജീവിതമാകുന്നു ഞങ്ങളുടെ മാർഗ്ഗം; പരിപാവനമായ ക്ഷമാശീലത്തിൽകൂടി ഞങ്ങളുടെ മകുടമായ അങ്ങേയുടെ അടുക്കലേക്കു ഞങ്ങൾ നടക്കുന്നു.

അങ്ങു് ഞങ്ങളുടെമുമ്പേ പോവുകയും ഞങ്ങളെ പഠിപ്പിക്കുകയും ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ, പിന്നാലെ വരുന്ന കാര്യം ആരു ഗൗനിക്കുമായിരുന്നു?

അങ്ങേയുടെ അതിവിശിഷ്ടമായ ദൃഷ്ടാന്തം സദൃഷ്ടിപഥത്തിൽ ഇല്ലായിരുന്നുവെങ്കിൽ എത്ര അധികംപേർ, കഷ്ടം! വളരെ ദൂരത്തിലും വളരെ പുറകിലും ആയിപ്പോകുമായിരുന്നു?

കണ്ടാലും, അങ്ങേയുടെ അത്ഭുതസിദ്ധികളെയെല്ലാം അറിഞ്ഞിട്ടും ഉപദേശങ്ങളെ എല്ലാം കേട്ടിട്ടും ഞങ്ങൾ ഇപ്പോഴും

അലസരാണു്; ആ സ്ഥിതിക്കു് അങ്ങയെ പിന്തുടരുന്നതിനു് ഇത്ര വലുതായ വെളിച്ചം ഞങ്ങൾക്കില്ലായിരുന്നുവെങ്കിലുള്ള കഥ എന്തായിരിക്കുമായിരുന്നു?

അദ്ധ്യായം 19.

സഹനശക്തി

ക്രിസ്തു: എന്റെ മകനെ, നീ പറയുന്നതെന്താണു്? എന്റെ പീഡാനുഭവവും നിഷ്കാമന്മാരുടെ കഷ്ടപ്പാടുകളും ആലോചിച്ചിട്ടു നീ സങ്കടംപറച്ചിൽ നിറുത്തുക.

നീ ഇനിയും രക്തംകൊണ്ടു് എതിർത്തിട്ടില്ല.

വളരെ കഷ്ടമനുഭവിക്കുകയും എത്രയും ശക്തിമത്തായി പ്രലോഭിപ്പിക്കപ്പെടുകയും എത്രയും കഠിനമായി പീഡിപ്പിക്കപ്പെടുകയും പലവിധത്തിൽ പരീക്ഷിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുള്ളവരെ അപേക്ഷിച്ചു നിന്റെ കഷ്ടപ്പാടു് അല്പംമാത്രമാണു്.

നിന്റെ ചെറുതായ ഉപദ്രവങ്ങളെ സ

ഹിക്കുന്നതിന് എളുപ്പമുണ്ടാകുന്നതിനായി, മറവുള്ളവരുടെ വിഷമതരമായ കഷ്ടാനുഭവങ്ങളെ നീ ഓർക്കണം.

നിന്റെ കഷ്ടതകൾ നിനക്കു ചെറുതായിതോന്നുന്നില്ലെങ്കിൽ, അതിന്റെ കാരണം നിന്റെ ക്ഷമകേടാണെന്നുള്ളതിനെപ്പറ്റി ശ്രദ്ധിക്കുക.

എന്നാൽ, അവ ചെറുതായാലും വലുതായാലും, നീ അവയെ എല്ലാം ക്ഷമാപൂർവ്വം സഹിക്കുന്നതിനു ശ്രമിക്കണം.

2. നീ കഷ്ടപ്പാടിനോട് അഭിമുഖീഭവിക്കുന്നതിന് എത്രത്തോളം സന്നദ്ധനാകുന്നുവോ, അത്രത്തോളം ബുദ്ധിപൂർവ്വം നീ പ്രവർത്തിക്കുകയും അത്രത്തോളം നീ സമ്മാനാർഹനാവുകയും ചെയ്യുന്നു. നിന്റെ മനസ്സ് അതിനായി സന്നദ്ധമായിരിക്കുകയും അതിനോട് പരിചയിച്ചിരിക്കയും ചെയ്യുന്നതുകൊണ്ട് അതിനെ നിനക്കു കൂടുതൽ എളുപ്പം സഹിക്കാൻ കഴിയും.

'അത്തരത്തിലുള്ള ഒരുവനിൽനിന്ന് ഇത്തരം കഷ്ടങ്ങൾ അനുഭവിക്കുന്നതിന് എനിക്കു കഴിയുകയില്ല; ഇമ്മാതിരി കഷ്ടങ്ങൾ ഞാൻ സഹിക്കേണ്ടതല്ല; എന്തുകൊണ്ടെന്നാൽ, അവൻ എന്നോട് വലുതായൊരു അപരാധം പ്രവർത്തിക്കുകയും, ഞാൻ ഒരി

ക്കലും വിചാരിക്കാത്ത കുറ്റങ്ങൾ എന്നിൽ ആരോപിക്കയും ചെയ്യു; എന്നാൽ വേറൊരുവനിൽ നിന്നാണെങ്കിലും, ഞാൻ അനുഭവിക്കത്തക്കവണ്ണമുള്ളതാണെന്നു് എനിക്കു തോന്നുന്നുവെങ്കിലും, ഞാൻ അവയെ സന്തോഷപൂർവ്വം അനുഭവിക്കും' എന്നു നീ പറയരുതു്.

ഏതാട്ടേശമായ വിചാരം ബുദ്ധിഹീനമാണു്; അതു ക്ഷമാശീലത്തിന്റെ മഹിമയേയോ അതിനെ മകുടം ധരിപ്പിക്കുന്നതു് ആരെന്നോ പരിഗണിക്കാതെ, അപരാധം ചെയ്യുന്ന ആളുകളുടേയും അപരാധങ്ങളുടേയും വലുപ്പചെറുപ്പം സൂക്ഷ്മമായി നിർണ്ണയിക്കുന്നു.

3. സ്വന്തം അഭിപ്രായത്തിൽ നല്ലതെന്നു തോന്നുന്നതുമാത്രവും തനിക്കു ഹിതവുമായവരിൽനിന്നുണ്ടാകുന്നതു മാത്രവും സഹിക്കാൻ സന്നദ്ധതയുള്ളവൻ യഥാർത്ഥമായ ക്ഷമയുള്ളവനല്ല.

എന്നാൽ യഥാർത്ഥമായ ക്ഷമയുള്ളവൻ, അവനു് ഈ ശിക്ഷണം നൽകുന്നതാരാണു്—അവന്റെ മേലാവോ, സമനോ, കീഴുള്ളവനോ, ഉത്തമനും വിശുദ്ധനുമായ മനുഷ്യനോ, ദുഷ്ടനും അയോഗ്യനുമായ ഒരുവനോ—എന്നു ഗണിക്കുന്നില്ല.

എന്നാൽ, സൃഷ്ടികളിൽ ആരിൽനിന്നാ യാലും, എത്രതന്നെയായാലും, എത്ര പ്രാവ ശ്യമായാലും എന്തെങ്കിലും കഷ്ടപ്പാട് അവ ന്നു നേരിട്ടാൽ, അവൻ അതിനെ, ഈശ്വ രനിൽനിന്നെന്നപോലെ, സമചിത്തതയോ ടെ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുകയും ഗുണ കരമായ ഒന്നായി ഭ്രദരിക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ, എത്ര നിസ്സാരമാ യതായാലും ഈശ്വരനുവേണ്ടി സഹിക്കപ്പെ ടുന്നതു് ഈശ്വരദൃഷ്ടിയിൽ സമ്മാനാർഹമാകാ തിരിക്കുകയെന്നതു് അസാദ്ധ്യമാണു്.

4. അതുകൊണ്ടു നീ വിജയപ്രാപ്തി ആഗ്രഹിക്കുന്നുവെങ്കിൽ, സമരത്തിനായി ഒരുങ്ങിക്കൊള്ളുക.

സമരംകൂടാതെ ക്ഷമാശീലമാകുന്ന മകുടം നിനക്കു പ്രാപ്യമല്ല.

കഷ്ടപ്പെടുന്നതിനു നിനക്കു മനസ്സില്ലെങ്കിൽ, നീ കിരീടം നിഷേധിക്കുന്നു; എന്നാൽ കിരീടം ധരിക്കുന്നതിനു നീ ആഗ്രഹിക്കുന്നുവെങ്കിൽ, ധൈര്യസമേതം യുദ്ധം ചെയ്യുകയും ക്ഷമാപൂർവ്വം സഹിക്കുകയും ചെയ്യുക.

പ്രയത്നംകൂടാതെ വിശ്രമം സാദ്ധ്യമല്ല; സമരംകൂടാതെ വിജയവും പ്രാപ്യമല്ല.

5. ശിഷ്യൻ: ഓ ഭഗവാനെ, പ്രകൃത്യാ

എനിക്കു അസാദ്ധ്യമെന്നു തോന്നുന്നതിനെ അങ്ങേയുടെ അനുഗ്രഹം എനിക്കു സാദ്ധ്യമാക്കിത്തരേണമെ.

എന്റെ സഹനശക്തി അല്പംമാത്രമാണെന്നും നിസ്സാരമായ ഒരു കഷ്ടപ്പാടു നേരിട്ടാലും ഞാൻ ക്ഷണേന ഭഗ്നാശനാകുന്നുവെന്നും അങ്ങേക്കറിയാം.

അങ്ങേയുടെ നാമം നിമിത്തം എല്ലാ കഷ്ടപ്പാടുകളും എനിക്കു മധുരവും ഹൃദ്യവുമായിത്തീരട്ടെ; എന്തുകൊണ്ടെന്നാൽ, അങ്ങേക്കുവേണ്ടി കഷ്ടമനുഭവിക്കുന്നതും പീഡിതനാകുന്നതും എന്റെ ആത്മാവിനു വളരെ ആരോഗ്യകരമാണു".

അദ്ധ്യായം 20.

നമ്മുടെ അവശതകളും ഭ്രമിതങ്ങളും.

ശിഷ്യൻ: എന്റെ അധമ്മത്തെ എനിക്കു വിപരീതമായി ഞാൻ ഏറ്റു പറയും (സങ്കീ. xxxi. 5.) ഒ ഭഗവാനെ, എന്റെ ബലഹീനതയെ ഞാൻ അങ്ങയോടു് ഏറ്റു പറയും.

പലപ്പോഴും ചെറുതായ ഒരു സംഗതിയാണു് എന്നെ നിരാശനും അസ്വസ്ഥനുമാക്കിത്തീർക്കുന്നതു്.

ധൈര്യപൂർവ്വം പെരുമാറണമെന്നു ഞാൻ നിശ്ചയിക്കുന്നു; എന്നാൽ ലഘുവായ ഒരു പ്രലോഭനമുണ്ടാകുമ്പോൾ എന്റെ സ്ഥിതി ഉടൻ വളരെ ദുഷ്കടമായിത്തീരുന്നു.

ഗൗരവാവഹമായ പ്രലോഭനം ചിലപ്പോൾ വളരെ നിസ്സാരമായ സംഗതിയിൽ നിന്നാണു് ഉത്ഭവിക്കുന്നതു്.

എന്റെ സ്ഥിതി ഒരുവിധം സുരക്ഷിതമാണെന്നു ഞാൻ വിചാരിച്ചിരിക്കുമ്പോൾ, ഞാൻ ഒട്ടും പ്രതീക്ഷിക്കാത്തപ്പോൾ, കേവലമൊരു മന്ദമാരുതനിൽ ഞാൻ മിക്കവാറും നിശ്ലേഷം അടിപ്പെട്ടുപോകുന്നതായി എനിക്കു അനുഭവപ്പെടുന്നു.

2. ആകയാൽ, ഓ ഭഗവാനെ, കണ്ടാലും, എന്റെ അസഹായസ്ഥിതിയും ബലഹീനതയും എല്ലാ വിധത്തിലും അങ്ങേക്കു് അറിയാവുന്നതാണു്.

എന്നിൽ കൃപാലുവായി അങ്ങു് എന്നെ ഈ ചെളിക്കുണ്ടിൽനിന്നു, ഞാൻ അതിൽ പൂണ്ടുപോകാതെ, ഞാൻ എന്നേക്കും നിശ്ലേഷം, ഭഗ്നാശനാകാതെ ഉദ്ധരിക്കേണമെ.

ഞാൻ എളുപ്പം മറിഞ്ഞുവീണുപോകുമെന്നും എന്റെ വികാരങ്ങളെ നിരോധിക്കുന്നതിനു ബലഹീനനാണെന്നുമുള്ള ബോധമാണു് എന്നെ പലപ്പോഴും പുറകോട്ടു് ഓടിക്കുകയും അങ്ങേയുടെ ദൃഷ്ടിയിൽ എന്നെ പരിഹാസ്യനാക്കുകയും ചെയ്യുന്നതു്.

എന്റെ പൂർണ്ണമായ സമ്മതത്തോടുകൂടിയല്ലെങ്കിലും, ഈ വികാരങ്ങളുടെ ആക്രമണങ്ങൾ എനിക്കു് ഉപദ്രവകരവും അസ്വാസ്ഥ്യകരവുമാണു്; എന്നും ഇങ്ങനെ ഒരു സമരത്തിലേർപ്പെട്ടു ജീവിക്കുന്നതു് എനിക്കു് ഏറ്റവും വിഷമമായിരിക്കുന്നു.

ഉത്ഭിന്നകാമം വളരെ എളുപ്പത്തിൽ എന്റെ മനസ്സിൽ തിക്കിക്കയറുന്നുവെന്നും അവയെ ബഹിഷ്കരിക്കുന്നതിനു് അത്ര എളുപ്പമല്ലെന്നുമുള്ളതിൽനിന്നു് എന്റെ അവശത അങ്ങേക്കു് അറിയാൻ കഴിയുന്നു.

3. ഓ ഇസ്രായേലിന്റെ ഏറ്റവും ശക്തനായ ഈശ്വര, വിശ്വാസമുള്ള ആത്മാക്കളെ തീവ്രമായി സ്നേഹിക്കുന്ന ജഗദീശ, അങ്ങേയുടെ ദാസന്റെ പ്രയാസത്തേയും ദുഃഖത്തേയും കടാക്ഷിക്കുകയും അവന്റെ സകല കൃത്യങ്ങളിലും അവനെ സഹായിക്കുകയും ചെയ്യേണമെ.

സ്വർഗ്ഗീയമായ ധൈര്യംകൊണ്ടു് എന്നെ

ബലവാനാക്കേണമെ; അല്ലെങ്കിൽ 'പൂർവ്വമനുഷ്യൻ' ഇനിയും ആത്മാവിനു പൂർണ്ണമായി വിധേയമായിട്ടില്ലാത്ത ഭൂരിതമയമായ ജഡം, വീജയം പ്രാപിക്കുകയും അധികാരിയായ്വുകയും ചെയ്യും; ഈ ജഡത്തിനെതിരായി, ദുഃഖമയമായ ഐഹികജീവിതത്തിൽ നമുക്കു ശ്വാസമുള്ളകാലത്തോളം, നാം യുദ്ധം ചെയ്യണം.

കഷ്ടം! ഇതു് എന്തു ജീവിതമാണു്? ഈ ജീവിതത്തിൽ പീഡകൾക്കും ഭൂരിതങ്ങൾക്കും ഒരിക്കലും കുറവില്ല; സകലവും കുടുക്കുകളെയും ശത്രുക്കളെയുംകൊണ്ടു നിറഞ്ഞിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ, ഒരു ഭൂരിതമോ പ്രലോഭനമോ അവസാനിക്കുമ്പോൾ വേറൊന്നു വരുന്നു; അത്രമാത്രമോ, ആദ്യത്തെ സമരം നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ, മറനേകം അപ്രതീക്ഷിതമായി വന്നുകയറുന്നു.

4. ഇത്ര വലുതായ ദുഃഖങ്ങളുള്ളതും ഇത്രയധികം ആപത്തുകൾക്കും ഭൂരിതങ്ങൾക്കും വശഗവുമായ ഒരു ജീവിതം എങ്ങനെ സ്നേഹയോഗ്യമാകും?

ഇത്രയധികം മരണങ്ങൾക്കും മഹാവ്യാധികൾക്കും നിദാനമായിരിക്കുന്ന ഈ ജീവി

തം എങ്ങനെ ജീവിതമെന്ന പേരിനു് അർഹമാകും?

എങ്കിലും മനുഷ്യർ അതിനെ സ്നേഹിക്കുകയും അധികപേരും അതിൽ ആനന്ദം തേടുകയും ചെയ്യുന്നു.

ലോകം കാപട്യംനിറഞ്ഞതും മിഥ്യയുമാണെന്നു് അധികംപേരും അതിനെ കുറ്റപ്പെടുത്തുന്നു; എങ്കിലും അതിനെ ത്യജിക്കുന്നതിനു് അവർക്കു മനസ്സില്ല; എന്തുകൊണ്ടെന്നാൽ, ഇന്ദ്രിയസുഖങ്ങളുടെ ആകർഷണം അത്ര ശക്തിമത്താണു്.

എന്നാൽ ചില സംഗതികൾ ലോകത്തെ സ്നേഹിക്കുന്നതിനും മറ്റു ചിലതു് അതിനെ വെറുക്കുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നു.

'ശാരീര സുഖാനുഭോഗങ്ങളിലുള്ള ആസക്തിയും ദുഷ്ടികളുടെ ഭോഗലോലുപതയും ജീവിതത്തിന്റെ അഹംകാരവും' ലോകത്തെ സ്നേഹിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്നു; എന്നാൽ, അവശ്യം അവയെ തുടർന്നുണ്ടാകുന്ന ദുഃഖങ്ങളും ദുരിതങ്ങളും ലോകത്തോടു വിദ്വേഷവും വെറുപ്പും നമ്മിലുളവാക്കുന്നു.

5. എന്നാൽ, കഷ്ടം! പാപത്തിന്റെ രസപ്രദത്വം ലോകാസക്തനായ മനുഷ്യന്റെ ഹൃദയത്തെ കീഴടക്കുകയും മുള്ളുകളുടെ ഇടയിൽ ആനന്ദമുണ്ടെന്നു് അവൻ ഭ്രമി

ക്കുകയും ചെയ്യുന്നു; എന്തുകൊണ്ടെന്നാൽ അവൻ ഈശ്വരമാധുര്യമോ സദ്ധർമ്മത്തിന്റെ ആന്തരമായ ആനന്ദപരിഷ്കല്പ്യമോ ഭർത്സിക്കുകയോ ആസ്വദിക്കുകയോ ചെയ്തിട്ടില്ല.

എന്നാൽ ലോകത്തെ നിഗ്ലേഷം വെറുക്കുകയും ഈശ്വരന്റെ പരിശുദ്ധമായ ശിക്ഷണത്തിനു വശംവദരായി ജീവിക്കുന്നതിനു യത്നിക്കുകയും ചെയ്യുന്നവർക്കു, സർവ്വസംഗപരിത്യാഗികൾക്കു പ്രതിശ്രുതമായിരിക്കുന്ന ദിവ്യമാധുര്യം അനുഭവവേദ്യമാകുന്നു; ഏതാട്ടശന്മാർ ലോകം എത്ര ഭയനീയമായി തെറ്റിപ്പോയിരിക്കുന്നുവെന്നും എങ്ങനെ പലവിധത്തിൽ വഞ്ചിക്കപ്പെട്ടുന്നുവെന്നും സ്പഷ്ടമായിക്കാണുന്നു.

അദ്ധ്യായം 21

ഈശ്വരാവലംബം.

ശിഷ്യൻ: ഓ എന്റെ ആത്മാവെ, സകലതിനും ഉപരിയായി, സകലതിലും എല്ലായ്പോഴും ഈശ്വരനെ അവലംബിക്കുക; എ

ന്തുകൊണ്ടെന്നാൽ, പുണ്യവാന്മാരുടെ അനന്തമായ അവലംബം അദ്ദേഹമാണു്.

ഓ ഏറ്റവും മാധുര്യവും സ്നേഹവുമുള്ള യേശുവെ, സൃഷ്ടിക്കപ്പെട്ട സകല വസ്തുക്കൾക്കും ഉപരിയായി, സകല സൗന്ദര്യത്തിനും ആരോഗ്യത്തിനും ഉപരിയായി, സകല പ്രതാപമഹിമകൾക്കും ഉപരിയായി, സകലാധികാരത്തിനും അന്തസ്സിനും ഉപരിയായി, സകല ജ്ഞാനത്തിനും ബുദ്ധിക്കും ഉപരിയായി, സകല ധനത്തിനും കലകൾക്കും ഉപരിയായി, സകലാനന്ദത്തിനും സന്തുഷ്ടിക്കും ഉപരിയായി, സകല കീർത്തിക്കും സ്തുതിക്കും ഉപരിയായി, സകല മാധുര്യത്തിനും ആശ്വാസത്തിനും ഉപരിയായി, സകല പ്രത്യാശയ്ക്കും പ്രതിജ്ഞയ്ക്കും ഉപരിയായി, സകല യോഗ്യതയ്ക്കും ആശയ്ക്കും ഉപരിയായി, അങ്ങേക്കു തരാൻ കഴിയുന്ന സകല ദാനങ്ങൾക്കും അനുഗ്രഹങ്ങൾക്കും ഉപരിയായീ, മനുഷ്യഹൃദയത്തിനു് ഉൾക്കൊള്ളുവാനും അനുഭവിക്കുവാനും കഴിയുന്ന സകലാനന്ദപാരവശ്യത്തിനും ഉത്സാഹപ്രകർഷത്തിനും ഉപരിയായി, അവസാനമായി സകല ദൈവദൂതന്മാർക്കും ദൈവദൂതപ്രധാനന്മാർക്കും സകല സ്വർഗ്ഗീയ പാരിഷദന്മാർക്കും ഉപരിയായി, ദൃശ്യവും അദൃശ്യവുമായ സകല വസ്തുക്കൾക്കും ഉ

പരിയായി, ഓ എന്റെ ഈശ്വരാ, അങ്ങല്ലാത്ത സകലതിനും ഉപരിയായി, അങ്ങയെ അവലംബിക്കുന്നതിനു് എന്നെ അനുഗ്രഹിക്കേണമെ.

2. എന്തുകൊണ്ടെന്നാൽ, ഓ ഭഗവാനെ, എന്റെ ഈശ്വര, അങ്ങു പരിപൂർണ്ണതയിൽ സകലതിനും ഉപരിയാണു്, അങ്ങു മാത്രമാണു് സർവ്വോൽകൃഷ്ടൻ, അങ്ങു മാത്രമാണു് ഏറ്റവും ശക്തിയുള്ളവൻ, അങ്ങു മാത്രമാണു് ഏറ്റവും പരിപൂർണ്ണനും അനന്തനുമായുള്ളവൻ, അങ്ങു മാത്രമാണു് ഏറ്റവും മാധുര്യവാനും ആശ്വാസപ്രദനുമായുള്ളവൻ; അങ്ങു മാത്രമാണു് ഏറ്റവും സൗന്ദര്യവും സ്നേഹവുമുള്ളവൻ, അങ്ങുമാത്രമാണു് സകലതിനും ഉപരിയായ ശ്രേഷ്ഠതയും മഹിമയുമുള്ളവൻ; അങ്ങേയിലത്രെ സകലവും പരിപൂർണ്ണമായ അവസ്ഥയിൽ കാണപ്പെടുന്നതും എപ്പോഴും കാണപ്പെട്ടിട്ടുള്ളതും എപ്പോഴും കാണപ്പെടുമെന്നുള്ളതും.

അതുകൊണ്ടു്, അങ്ങു് അങ്ങേത്തന്നെയല്ലാതെ എനിക്കു് എന്തുതന്നെ തന്നാലും, അങ്ങയെ എനിക്കു ലഭിക്കുന്നതിനോ, പൂർണ്ണമായി ആസ്വദിക്കുന്നതിനോ കഴിയുന്നില്ലെങ്കിൽ, അങ്ങയെ സംബന്ധിച്ചു് എന്തെല്ലാം സംഗതികളും എനിക്കു വെളിപ്പെടുത്തിത്ത

ന്നാലും പ്രതിജ്ഞചെയ്താലും അതൊക്കെ എനിക്കു നിസ്സാരവും പോരാത്തതുമാണു്.

എന്തുകൊണ്ടെന്നാൽ, എന്റെ ഹൃദയം അങ്ങയെ അവലംബിക്കുകയും, അങ്ങേയുടെ സകല ദാനങ്ങളെയും സകല സൃഷ്ടികളെയും അതിലംഘിക്കുകയും ചെയ്യുന്നതുവരെ അതിനു യഥാർത്ഥമായ ശാന്തിയോ പൂർണ്ണമായ അലംഭാവമോ ഉണ്ടാവുകയില്ല.

3. ഓ യേശുക്രിസ്തുവെ, എന്റെ ആത്മാവിന്റെ പ്രിയതമ, ഏറ്റവും വിശുദ്ധനായ കാമുക, അഖിലസൃഷ്ടികർത്താവെ, അങ്ങേയുടെ സന്നിധിയിൽ പറന്നുവന്നു വിശ്രമമടയുന്നതിനു യഥാർത്ഥ സ്വാതന്ത്ര്യമാകുന്ന ചിറകുകൾ എനിക്കു് ആരു തരും?

ഓ ഭഗവാനെ, എന്റെ ഈശ്വര, യഥേഷ്ടം അങ്ങയെ പരിചരിക്കുന്നതിനും അങ്ങു് എത്ര മാധുര്യവാനാണെന്നു് ആസ്വദിച്ചും കണ്ടും അറിയുന്നതിനും എനിക്കു പൂർണ്ണമായ സൗകര്യം എപ്പോൾ സിദ്ധിക്കും?

അങ്ങയോടുള്ള സ്നേഹം നിമിത്തം ഞാൻ ഉണ്ടെന്നുള്ള തോന്നൽ എനിക്കു് ഇല്ലാതെ, ഇന്ദ്രിയാതീതവും അപരിമേയവും എല്ലാവക്കും അജ്ഞാതവുമായ വിധത്തിൽ അങ്ങുമാത്രം എനിക്കു് അനുഭവഗോചരമാകത്തക്കവണ്ണം അങ്ങേയിൽ പരിപൂർണ്ണമായ ഏകാ

ശ്രുത എനിക്ക് എപ്പോഴുണ്ടാകും?

എന്നാൽ ഇപ്പോൾ ഞാൻ മുറയ്ക്കു പരിദേവനം ചെയ്യുകയും എന്റെ ദുർഭാഗ്യത്തെ സങ്കടപൂർവ്വം അറിയിക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ, ദുരിതപൂർണ്ണമായ ഈ താഴ്വരയിൽ എനിക്ക് അനവധി വിപത്തുകൾ നേരിടുന്നു; അവ മുറയ്ക്ക് എന്നെ ഉപദ്രവിക്കുകയും പീഡിപ്പിക്കുകയും വ്യാകുലചിത്തനാക്കുകയും, എനിക്കു പ്രതിബന്ധങ്ങളുണ്ടാക്കുകയും, എന്റെ ശ്രദ്ധ തെറ്റിക്കുകയും, എന്നെ വ്യാമോഹിപ്പിക്കുകയും, കുതുക്കിലകപ്പെടുത്തുകയും ചെയ്യുന്നു; അതുകൊണ്ട് എനിക്ക് അങ്ങയെ നിർബ്ബാധം സമീപിക്കുന്നതിനോ, അനുഗൃഹീതാത്മാക്കൾ അനന്തമായി അനുഭവിക്കുന്ന അങ്ങേയുടെ മാധുര്യമേറിയ ആശ്ലേഷങ്ങളെ അനുഭവിക്കുന്നതിനോ സാധിക്കുന്നില്ല.

ഓ എന്റെ പരിദേവനങ്ങളും എന്നെ ഈ ലോകത്തു വിഷമിപ്പിക്കുന്ന ഈ ബഹുവിധമായ സങ്കടങ്ങളും അങ്ങേയിൽ അനുകമ്പയുളവാക്കട്ടെ.

4. ഓ യേശുവെ, അനന്തമഹിമാവിന്റെ സുഷമാപൂരമെ, മുമുക്ഷുവായ ആത്മാവിന്റെ ആശ്വാസമെ, എന്റെ ഹൃദയത്തി

ലെ വിചാരങ്ങളെ പ്രകാശിപ്പിക്കുന്നതിനു് എന്റെ നാക്കിനു കഴിവില്ല; എന്നാൽ എന്റെ നിശ്ശബ്ദതതന്നെ അങ്ങയോടു സംസാരിക്കുന്നു.

എന്റെ ഭഗവാന്റെ വരവിനു് എന്തു താമസമുണ്ടു്? അദ്ദേഹം തന്റെ സാധുഭൃത്യനായ എന്റെ അടുക്കൽ വരികയും എന്നെ രമിപ്പിക്കുകയും ചെയ്യട്ടെ; അദ്ദേഹം കൈനീട്ടി സാധുവായ എന്നെ സകല ദുഃഖങ്ങളിലും നിന്നു മോചിപ്പിക്കട്ടെ.

വരിക, ഓ വരിക; എന്തുകൊണ്ടെന്നാൽ അങ്ങയെക്കൂടാതെ എനിക്കു് ആനന്ദപ്രദമായ ഒരു ദിവസമോ ഒരു മണിക്കൂറോ ഉണ്ടായിരിക്കുക സാധ്യമല്ല; എന്തുകൊണ്ടെന്നാൽ, അങ്ങു് എന്റെ ആനന്ദമാകുന്നു; അങ്ങില്ലെങ്കിൽ എന്റെ ഭോജനശാല ശൂന്യമാണു്.

അങ്ങേയുടെ സാന്നിധ്യപ്രകാശംകൊണ്ടു് എന്നെ ആശ്വസിപ്പിക്കുകയും, എനിക്കു സ്വാതന്ത്ര്യം തിരിച്ചുതരുകയും, എന്നോടു് ആഭിമുഖ്യം പ്രദർശിപ്പിക്കുകയും ചെയ്യുന്നതുവരെ ഞാൻ വ്യസനാക്രാന്തനും ഒരുതരത്തിൽ ബന്ധനസ്ഥനും ശൃംഖലിതനുമാണു്.

5. മറ്റുള്ളവർ അവക്കു് ഇഷ്ടമുള്ള എന്തിനെയെങ്കിലും, അങ്ങേക്കു പകരം, അ

നേപക്ഷിച്ചുകൊള്ളട്ടെ; എന്നാൽ എന്നെ എ
ന്റെ ഈശ്വരനും, എന്റെ പ്രത്യാശയും,
എന്റെ അനന്തരക്ഷയുമായ അങ്ങല്ലാതെ
യാതൊന്നും സന്തോഷിപ്പിക്കുന്നില്ല, സ
ന്തോഷിപ്പിക്കുകയുമില്ല.

അങ്ങേയുടെ അനുഗ്രഹം എനിക്കു തിരി
ച്ചുകിട്ടുകയും അങ്ങു് എന്റെ അന്തരംഗത്തി
ലിരുന്നു് എന്നോടു സംസാരിക്കുകയും ചെ
യ്യുന്നതുവരെ ഞാൻ നിശ്ശബ്ദനായിരിക്കുക
യോ എന്റെ പ്രാർത്ഥന നിറുത്തുകയോ
ചെയ്യുകയില്ല.

6. ക്രിസ്തു: കണ്ടാലും, ഞാൻ ഇവിടെ
യുണ്ടു്; നീ എന്നെ വിളിക്കുകയാൽ ഞാൻ
ഇതാ നിന്റെ അടുക്കൽ വന്നിരിക്കുന്നു.
നിന്റെ കണ്ണുനീരും, നിന്റെ ആത്മാവി
ന്റെ ആഗ്രഹവും, നിന്റെ പരിഭവവും
പശ്ചാത്താപവും എന്നെ അനുകമ്പാകുലനാ
ക്കുകയും നിന്റെ അടുക്കൽ കൊണ്ടുവരുക
യും ചെയ്തിരിക്കുന്നു.

7. ശിഷ്യൻ: ഓ ഭഗവാനെ, ഞാൻ അ
ങ്ങയുടെ അടുക്കൽ വന്നിരിക്കുന്നു; അങ്ങയെ
ആസ്വദിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു;
അങ്ങേക്കുവേണ്ടി സർവ്വവും ഉപേക്ഷിക്കുന്ന
തിനു ഞാൻ തയാറാണു്.

എന്തുകൊണ്ടെന്നാൽ, ഞാൻ അങ്ങയെ

ആരായുന്നതിനായി അങ്ങത്രെ ആദ്യം എന്നെ പ്രചോദിപ്പിച്ചതു്.

അതുകൊണ്ടു്, കരുണാവാരിധിയായ അങ്ങേക്കു് അനുരൂപമായവിധം അങ്ങേയുടെ ദാസനോടു് ഈ നന്മ അങ്ങു് പ്രകടിപ്പിച്ചിരിക്കുന്നതിനു്, ഓ ഭഗവാനേ, അങ്ങു വാഴ്ത്തപ്പെടുമാറാകട്ടെ.

അങ്ങേയുടെ ദാസനു് അങ്ങേയുടെ സാന്നിദ്ധ്യത്തിൽ കൂടുതലായി എന്തു പറയാനുണ്ടു്? സ്വന്തം ദുഷ്ടതയെയും നികൃഷ്ടതയെയും അനവരതം അനുസ്മരിച്ചുകൊണ്ടു് അങ്ങേയുടെ മുമ്പാകെ വിനയപരവശനാവുക മാത്രമേ അവനു സാധിക്കുകയുള്ളു.

എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിലോ ഭൂമിയിലോ വിസ്മയാവഹങ്ങളായുള്ള വസ്തുക്കളിൽ അങ്ങേക്കു സമാനമായി യാതൊന്നുമില്ല.

അങ്ങേയുടെ ക്രിയകൾ ഗുണപുഷ്കലവും, അങ്ങേയുടെ വിധികൾ സത്യാനുരൂപവുമാകുന്നു; അങ്ങേയുടെ സുസമീക്ഷയാൽ സകലവും ഭരിക്കപ്പെടുന്നു.

അതുകൊണ്ടു് ഓ ജ്ഞാനസ്വരൂപ, അങ്ങു സ്തുതിക്കപ്പെടുകയും മഹിമ പ്രാപിക്കുകയും ചെയ്വുതാക; എന്റെ നാവും, എന്റെ ആത്മാവും സകല സൃഷ്ടിജാലങ്ങളും ഒത്തൊ

രുമിച്ചു് അങ്ങയെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുമാറാകട്ടെ.

അദ്ധ്യായം 22.

ഈശ്വരനിൽനിന്നു നമുക്കു സിദ്ധിക്കുന്ന ഗുണങ്ങൾ.

ശിഷ്യൻ: ഓ ഭഗവാനെ, അങ്ങേയുടെ വേദത്തിനു് എന്റെ ഹൃദയം സുപ്രവേശമാക്കേണമെ, അങ്ങേയുടെ കല്പനകളെ അനുസരിക്കുന്നതിനു് എന്നെ പഠിപ്പിക്കേണമെ.

അങ്ങേയുടെ ഹിതം ഗ്രഹിക്കുന്നതിനും അങ്ങേയുടെ സകല നന്മകൾക്കും ഉചിതമായ വിധത്തിൽ കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനും എനിക്കു സാധിക്കുമാറു അവയെ, പൊരുവായും പ്രത്യക്ഷമായും, വലുതായ ഭക്തിയോടും ജാഗ്രൂകമായ ആദരത്തോടും ഓർമ്മിക്കുന്നതിനും എനിക്കു് അനുഗ്രഹം തരേണമെ. എന്നാൽ അവയ്ക്കു, അവയിൽ ഏറ്റവും ചെറുതായതിനുപോലും, ഉചിതമായ കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനു് എനിക്കു

സാധിക്കുകയില്ലെന്നു് എനിക്കു് അറിയാം. ഞാൻ സമ്മതിക്കുന്നു.

അങ്ങു് എനിക്കു നല്കിയിട്ടുള്ള നന്മകളിൽ ഏറ്റവും ചെറുതിനേക്കാൾ ചെറിയവനാണു് ഞാൻ; അങ്ങയുടെ ഗുണാതിശയത്തെപ്പറ്റി ഞാൻ ചിന്തിക്കുമ്പോൾ അതിന്റെ മാഹാത്മ്യത്തിൽ എന്റെ ആത്മാവു മുഴുകിപ്പോകുന്നു.

2. ആത്മീയമായും ശാരീരമായും ഞങ്ങൾക്കുള്ളതെല്ലാം, സ്വാഭാവികമായോ സ്വഭാവാതീതമായോ, ബാഹ്യമായോ ആഭ്യന്തരമായോ ഞങ്ങൾക്കുള്ളതെല്ലാം, അങ്ങയുടെ നന്മകളത്രെ; അവ ഞങ്ങൾക്കു സിദ്ധിച്ചിട്ടുള്ള സകല നന്മകളുടേയും ദാതാവായ അങ്ങയുടെ ഔദാര്യത്തേയും, കാരുണ്യത്തേയും, ഗുണപൗഷ്കല്യത്തേയും പ്രഖ്യാപനം ചെയ്യുന്നു.

ഒരുവനു കൂടുതലും മറ്റൊരുവനു കുറച്ചും സിദ്ധിച്ചിരിക്കാം; എങ്കിലും എല്ലാം അങ്ങയുടേതാണു്; അങ്ങയെക്കൂടാതെ ഏറ്റവും ചെറുതുപോലും ലഭ്യമല്ല.

മഹത്തരമായ അനുഗ്രഹങ്ങൾ സിദ്ധിച്ചിട്ടുള്ളവൻ, അവന്റെ സ്വന്തം യോഗ്യതയിൽ അഭിമാനിക്കുകയോ, മറ്റുള്ളവരെക്കാൾ ഉയർന്നവനായി അഹംകരിക്കുകയോ, കു

റഞ്ഞവരോടു് ഔദ്ധത്യം കാണിക്കുകയോ ചെയ്യാവുന്നതല്ല; എന്തുകൊണ്ടെന്നാൽ, തന്നെത്താൻ കുറച്ചുമാത്രമേ ഉള്ളൂ എന്നു വിചാരിക്കുകയും കൂടുതൽ വിനയത്തോടും ഭക്തിയോടുംകൂടി കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുന്നവൻ, തീച്ചയായും, കൂടുതൽ മഹത്വവും കൂടുതൽ നന്മയുമുള്ളവനാണു്.

മനുഷ്യരിൽ ഏറ്റവും നികൃഷ്ടനെന്നു തന്നെത്താൻ പരിഗണിക്കുകയും ഏറ്റവും അയോഗ്യനെന്നു തന്നെത്താൻ വിധിക്കുകയും ചെയ്യുന്നവൻ ഏറ്റവും വലുതായ അനുഗ്രഹങ്ങളുടെ പ്രാപ്തിക്കു് ഏറ്റവും കൂടുതൽ യോഗ്യനാണു്.

3. എന്നാൽ കുറച്ചുമാത്രം സിദ്ധിച്ചിട്ടുള്ളവൻ ഭഗ്നാശനാവുകയോ, അതിനെ അസന്തുഷ്ടിയോടെ സ്വീകരിക്കുകയോ, മഹത്തരമായ അനുഗ്രഹത്താൽ സമ്പന്നനായവനോടു് അസൂയാകലുഷിതനാവുകയോ ചെയ്യേണ്ടതല്ല; പ്രത്യുത, അവൻ അങ്ങയെ സമീപിച്ചു് അങ്ങു് അങ്ങയുടെ ദാനങ്ങളെ അത്ര ഉദാരമായും അത്ര ധാരാളമായും അത്ര സന്തോഷത്തോടും ആളിൻതരം നോക്കാതെയും വിതരണം ചെയ്യുന്നുവെന്നുള്ളതിനായി അങ്ങയെ അധികമധികം സ്തുതിക്കട്ടെ.

സകലവും അങ്ങേയിൽനിന്നു വരുന്നു; അതുകൊണ്ടു് സകലതിലും അങ്ങു വാഴ്ത്തപ്പെടേണ്ടതാണു്.

ഓരോരുത്തനും കൊടുക്കേണ്ടതു എന്താണെന്നു് അങ്ങേക്കു് അറിയാം; ഈ മനുഷ്യനു കുറച്ചും മറേറ മനുഷ്യനു കൂടുതലും കിട്ടുന്നതെന്താണെന്നു തീരുമാനിക്കുന്നതു ഞങ്ങളുടെ കാര്യമല്ല; അതു് ഓരോരുത്തന്റെയും യോഗ്യതകളെപ്പററി സൂക്ഷ്മമായ കണക്കു വയ്ക്കുന്ന അങ്ങേയുടെ കാര്യമത്രെ.

4. അതുകൊണ്ടത്രെ, ഓ ഭഗവാനായ ഈശ്വര, ബാഹ്യമായും മനുഷ്യരുടെ അഭിപ്രായമനുസരിച്ചും പ്രശംസനീയവും മഹനീയവുമായിരിക്കുന്നതു് എനിക്കു് അധികമായി ഇല്ലെന്നുള്ളതു് ഒരു വലുതായ അനുഗ്രഹമായി ഞാൻ പരിഗണിക്കുന്നതു്; ഒരു മനുഷ്യൻ അവന്റെ സ്വന്തം ദാരിദ്ര്യത്തെയും അയോഗ്യതയെയും ആലോചിച്ചിട്ടു് അതുമൂലം ദുഃഖപരവശനാവുകയോ നിരാശനാവുകയോ ചെയ്യരുതു്; പ്രത്യുത, അവൻ അതിൽ സംതൃപ്തനും സന്തുഷ്ടനുമാകേണ്ടതാണു്. എന്തുകൊണ്ടെന്നാൽ, ഓ ഈശ്വര, അങ്ങു പാവങ്ങളെയും എളിയവരെയും ഈ ലോകത്താൽ നിന്ദിക്കപ്പെടുന്നവരെയും അങ്ങേയുടെ ആപ്തമിത്രങ്ങളായും കുടുംബത്തിലെ സ

ന്തതികളായും തിരഞ്ഞെടുത്തിരിക്കുന്ന.

ഇതിനു് അങ്ങു ഭ്രലോകം മുഴുവന്റെയും ഭരണകർത്താക്കളായി നിയമിച്ചിരിക്കുന്ന അപ്പോസ്തലന്മാർതന്നെ സാക്ഷികളാണു്.

അവർ ലോകത്തു യാതൊരു സങ്കടം പറച്ചിലും കൂടാതെ, അങ്ങയുടെ നാമത്തിനു വേണ്ടി അക്രമങ്ങളും അവമാനങ്ങളും അനുഭവിക്കുന്നതിൽ സന്തോഷിക്കത്തക്കവണ്ണം അത്ര വിനീതരായും, ശാലീനരായും, നിർദ്ദോഷരായും, നിഷ്കപടരായും ജീവിച്ചു; ലോകം വെറുക്കുന്നതിനെ അവർ സ്നേഹപ്രഹർഷത്തോടെ ആശ്ലേഷിച്ചു.

5. അങ്ങയെ സ്നേഹിക്കുകയും അങ്ങയുടെ നന്മകളെ അറിയുകയും ചെയ്യുന്ന ഒരു മനുഷ്യനു്, അങ്ങേയുടെ ഹിതം അവനിൽ നിവ്വഹിക്കപ്പെടുന്നുവെന്നുള്ള വസ്തുതയെയും അങ്ങേയുടെ സനാതന വ്യവസ്ഥകളെയും പോലെ ആനന്ദസന്ദായകമായി യാതൊന്നുമുണ്ടായിരിക്കാൻ പാടില്ല.

വേറൊരുവൻ ഏറവും വലിയവനായിരിക്കുന്നതിനു് എങ്ങനെ സന്തോഷപൂവ്വം ആഗ്രഹിക്കുമോ, അതുപോലെ, ഏറവും ചെറിയവനായിരിക്കുന്നതിനും, ഏറവും ഉയൎന്ന സ്ഥാനത്തെന്നപോലെ ഏറവും താണസ്ഥാനത്തും സമാധാനവും തൃപ്തിയും അനുഭ

വിക്കുന്നതിനും, മറ്റുള്ളവരെക്കാൾ ലോകത്തു വലിയവനെന്നു ഗണിക്കപ്പെടാനും ബഹുമാനിക്കപ്പെടാനുമെന്നപോലെ നിന്ദ്യനും അപകൃഷ്ടനും അപ്രസിദ്ധനും പേരും പെരുമയുമില്ലാത്തവനുമായിരിക്കുന്നതിനും ആഗ്രഹിക്കത്തക്കവണ്ണം അവൻ, ഈ കാരണത്താൽ, സംതൃപ്തനും സന്തുഷ്ടനുമായിരിക്കേണ്ടതാണു്.

എന്തുകൊണ്ടെന്നാൽ, അങ്ങേയുടെ ഹിതവും അങ്ങേയുടെ മഹിമയോടുള്ള സ്നേഹവും സർവ്വോപരി ആദരിക്കപ്പെടേണ്ടതും അവനു സിദ്ധിച്ചിട്ടുള്ളതോ സിദ്ധിക്കാവുന്നതോ ആയ സകല നന്മകളെയുംകാൾ അവനു് ആശ്വാസപ്രദവും സന്തോഷപ്രദവുമായിരിക്കേണ്ടതുമാണു്.

❖❖❖❖❖

അദ്ധ്യായം 23.

ശാന്തിപ്രദമായ കാര്യചതുഷ്ടയം.

ക്രിസ്തു: മകനെ, ശാന്തിക്കും യഥാർത്ഥമായ സ്വാതന്ത്ര്യത്തിനുമുള്ള മാർഗ്ഗം ഞാൻ ഇപ്പോൾ നിന്നെ പഠിപ്പിക്കാം.

2. ശിഷ്യൻ: ഓ ഭഗവാനെ, അങ്ങു പറയുന്നതുപോലെ ചെയ്താലും, ഞാൻ അപേക്ഷിച്ചുകൊള്ളുന്നു; എന്തുകൊണ്ടെന്നാൽ അതു കേൾക്കുന്നതു് എനിക്കു വളരെ സന്തോഷപ്രദമാണു്.

3. ക്രിസ്തു: എന്റെ മകനെ, നിന്റെ സ്വന്തം ഹിതത്തെക്കാൾ പരഹിതം അനുവർത്തിക്കുന്നതിനു് ഉത്സുകനായിരിക്കുക.

കൂടുതലായിരിക്കുന്നതിനെക്കാൾ കുറച്ചുണ്ടായിരിക്കുന്നതിനു് എപ്പോഴും ആഗ്രഹിക്കുക.

ഏറ്റവും താണ സ്ഥാനത്തിരിക്കുന്നതിനും എല്ലാവരെയുംകാൾ എളിയവനായിരിക്കുന്നതിനും എപ്പോഴും ഉദ്യമിക്കുക.

ഈശ്വരഹിതം നിന്നിൽ പരിപൂർണ്ണമായി നിർവ്വഹിക്കപ്പെടുന്നതിനു് എപ്പോഴും ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

കണ്ടാലും, ഏതാട്ടശനായ ഒരു മനുഷ്യൻ സമാധാനത്തിന്റെയും ശാന്തിയുടെയും അതിർത്തിക്കുള്ളിൽ പ്രവേശിക്കുന്നു.

4. ശിഷ്യൻ: ഓ, ഭഗവാനെ, അങ്ങയുടെ ഈ ചെറുതായ പാഠം വലുതായ പരിപൂർണ്ണതയെ പഠിപ്പിക്കുന്നു.

അതിൽ വാക്കുകൾ കുറച്ചുമാത്രമേ ഉള്ളൂവെങ്കിലും, അതു് അർത്ഥപൂർണ്ണവും സഫലമു

ഭവുമാണ്.

എന്തുകൊണ്ടെന്നാൽ, അതിനെ എനിക്കു നിഷ്കൃഷ്ടയോടെ അനുഷ്ഠിക്കാൻ കഴിഞ്ഞുവെങ്കിൽ, ഞാൻ അത്ര എളുപ്പം അസ്വസ്ഥനായിത്തീരുമായിരുന്നില്ല.

എന്തുകൊണ്ടെന്നാൽ, ഞാൻ സമാധാനരഹിതനും അസ്വസ്ഥനുമായിത്തീരുമ്പോഴൊക്കെ, ഈ ഉപദേശത്തിൽനിന്നു ഞാൻ വ്യതിചലിച്ചിരിക്കുന്നുവെന്നു് എനിക്കു ബോധ്യമാകുന്നു.

എന്നാൽ, ഓ ഭഗവാനെ, സർവ്വശക്തനും എന്റെ ആത്മീയാഭിവൃദ്ധിയെ സ്നേഹിക്കുന്നവനുമായ അങ്ങു്, അങ്ങേയുടെ ഈ സൂക്തികളെ നിറവേറുന്നതിനും എന്റെ രക്ഷയെ നിർവ്വഹിക്കുന്നതിനും അങ്ങേയുടെ അനുഗ്രഹം എന്നിൽ വർഷിപ്പിക്കേണമെ.

ദുശ്ചിന്തകളെ നിരോധിക്കുന്നതിനായുള്ള ഒരു പ്രാർത്ഥന

5. ഓ ഭഗവാനെ എന്റെ ഈശ്വരാ, അങ്ങു് എന്നെ വിട്ടുപോകരുതെ; ഓ എന്റെ ഈശ്വരാ, എന്നെ സത്വരം സഹായിക്കേണമെ; എന്തുകൊണ്ടെന്നാൽ വിവിധങ്ങളായ ദുശ്ചിന്തകൾ എനിക്കെതിരായി തി

ങ്ങിപ്പോങ്ങിവരുകയും വലുതായ ഭയം എ
ന്റെ ആത്മാവിനെ പീഡിപ്പിക്കുകയും ചെ
യ്യുന്നു.

ഹാനികൂടാതെ അവയെ ഞാൻ എങ്ങ
നെ തരണം ചെയ്യും? അവയെ ഞാൻ എ
ങ്ങനെ ഭേദിക്കും?

6. ക്രിസ്തു: 'ഞാൻ നിന്റെ മുമ്പെ പോവു
കയും ലോകത്തു വലിയവരായവരെ താഴ്ത്തു
കയും ചെയ്യും. ഞാൻ കാരാഗൃഹത്തിന്റെ
വാതിലുകൾ തുറക്കുകയും എന്റെ നിഗൂഢ
ങ്ങളായ രഹസ്യങ്ങളെ നിനക്കു പ്രകാശി
പ്പിച്ചുതരുകയും ചെയ്യും.' (ഇസ. xiv-1-8.)

7. ശിഷ്യൻ: ഓ ഭഗവാനെ, അങ്ങു പറ
യുന്നതുപോലെ ചെയ്താലും: ഈ ദുഷ്ടങ്ങളാ
യ ചിന്തകളെ അങ്ങേയുടെ മുമ്പിൽനിന്നു തു
രത്തിക്കളഞ്ഞാലും.

കഷ്ടപ്പാടുകളുണ്ടാകുമ്പോൾ അങ്ങേയുടെ
അടുക്കൽ ഓടിയെത്തുകയും, അങ്ങേയിൽ
വിശ്വസിക്കുകയും, ഹൃദയപൂർവ്വം അങ്ങയോടു
പ്രാർത്ഥിക്കുകയും, അങ്ങേയുടെ സാന്ത്വന
ത്തെ ക്ഷമാപൂർവ്വം പ്രതീക്ഷിക്കുകയും ചെയ്യു
ക എന്നതത്രെ എന്റെ പ്രത്യാശയും ഏക
മായ ആശ്വാസവും.

പ്രബുദ്ധതയ്ക്കായുള്ള ഒരു പ്രാർത്ഥന.

ഓ ഗുണവാനായ യേശുവേ, ആദരമായ ജോതിസ്സ്മരണത്താൽ എന്നെ പ്രകാശിപ്പിക്കുകയും എന്റെ ഹൃദയമാകുന്ന വസതിയിൽ നിന്നു് അന്ധകാരത്തെ നിർഗ്ഗമിപ്പിക്കുകയും ചെയ്യണമെ.

എന്റെ അപഥസഞ്ചാരം ചെയ്യുന്ന, ബഹളങ്ങളായ, ചിന്തകളെ നിയന്ത്രിക്കുകയും എന്നെ ശക്തിമത്തായി ആക്രമിക്കുന്ന പ്രലോഭനങ്ങളെ നിരോധിക്കുകയും ചെയ്യേണമെ.

സമാധാനം അങ്ങയുടെ ശക്തിക്കധീനമാവുകയും നിർമ്മലമനഃസാക്ഷിയാകുന്ന അങ്ങയുടെ അരമന ദിവ്യസ്തോത്രബഹളത്തയാൽ മുഖരിതമാവുകയും ചെയ്യുമാറു് അങ്ങു് എനിക്കുവേണ്ടി ശക്തിപൂർവ്വം യുദ്ധംചെയ്യു്. എന്നെ ബലമായി ആകർഷിച്ചു വഴിതെറ്റിക്കുന്ന കാമവികാരങ്ങളാകുന്ന ഈ ദുഷ്ടങ്ങളായ വന്യമൃഗങ്ങളെ തോല്പിച്ചു കീഴടക്കേണമെ.

കാറ്റുകളോടും കൊടുംകാറ്റുകളോടും ആജ്ഞാപിക്കുക; 'നിശ്ചലമായിരിക്കുക,' എന്നു സമുദ്രത്തോടു പറയുക; 'നീ വീശാതിരിക്കുക,' എന്നു വടക്കൻ കാറ്റിനോടും പറയുക; മഹത്തായ ഒരു പ്രശാന്തത അപ്പോൾ

ഉണ്ടാകും.

9. അങ്ങേയുടെ പ്രകാശത്തെയും അങ്ങേയുടെ സത്യത്തെയും, അവ ഭൂമിയിൽ പ്രകാശിക്കുന്നതിനായി, അയക്കുക; എന്തുകൊണ്ടെന്നാൽ അങ്ങു് എന്നെ പ്രബുദ്ധനാക്കുന്നതുവരെ, ഞാൻ ശൂന്യവും വന്ധ്യവുമായ ഭൂമിയെപ്പോലെയാണു്. (Gen.1)

ഉയരെനിന്നു് അങ്ങേയുടെ അനുഗ്രഹങ്ങളെ വർഷിക്കുക; സ്വർഗ്ഗീയമായ മഞ്ഞുതുള്ളികൊണ്ടു് എന്റെ ഹൃദയത്തെ നനയ്ക്കുക; നല്ലതും ഉത്തമവുമായ ഫലം വിളയിക്കുന്നതിനായി ഭൂമിയെ സേചനം ചെയ്യുന്നതിനു ഭക്തിയാകുന്ന ജലപ്രവാഹത്തെ അയക്കുക.

പാപഭാരത്താൽ അമർത്തപ്പെട്ടിരിക്കുന്ന എന്റെ മനസ്സിനെ താങ്ങി ഉയർത്തുകയും എന്റെ സകല ആശകളെയും സ്വർഗ്ഗീയകാര്യങ്ങളിലേക്കു് ഉന്നമിപ്പിക്കുകയും ചെയ്യുക, സ്വർഗ്ഗീയ പരമാനന്ദത്തിന്റെ മാധുര്യം ആസ്വദിച്ചു കഴിഞ്ഞാൽ, ഭൗമമായ കാര്യങ്ങളെപ്പറ്റിയുള്ള ചിന്തയെപ്പോലും ഞാൻ വെറുക്കും.

10. സൃഷ്ടികളിൽനിന്നുള്ള അസ്ഥിരമായ സുഖഭോഗങ്ങളിൽനിന്നു് എന്നെ നിർദ്ദോഷം അകറ്റി രക്ഷിക്കുക; എന്തുകൊണ്ടെന്നാൽ, എന്റെ ആശകളെ പൂർണ്ണമായി ശമിപ്പിക്കുന്ന

തിനും തൃപ്തിപ്പെടുത്തുന്നതിനും സൃഷ്ടിക്കപ്പെട്ടയാതൊരു വസ്തുവും പര്യാപ്തമല്ല.

അഭേദ്യമായ ഒരു സ്നേഹബന്ധത്താൽ എന്നെ അങ്ങുമായി സംയോജിപ്പിക്കുക; എന്തുകൊണ്ടെന്നാൽ, അങ്ങേക്കു മാത്രമേ അങ്ങയെ സ്നേഹിക്കുന്നവനെ തൃപ്തിപ്പെടുത്താൻ സാധിക്കുകയുള്ളൂ; അങ്ങയെക്കൂടാതെയുള്ള സകൃകാര്യങ്ങളും അസാരങ്ങളാണ്.

അദ്ധ്യായം 24.

അവിഹിതമായ ജിജ്ഞാസ.

ക്രിസ്തു: മകനെ, സകലവും അറിയണമെന്നുള്ള അഭിലാഷത്തെ വർജ്ജിക്കുക; നിഷ്പ്രയോജനമായ ആശകൾക്കു വശംവദനാകരുത്.

അതും ഇതും നിനക്കു് എന്താണു്? നീ എന്നെ പിന്തുടരുക.

എന്തുകൊണ്ടെന്നാൽ, ഈ മനുഷ്യന്റെ സ്വഭാവം ഇവ്വിധമായാലും അവ്വിധമായാലും ആ മനുഷ്യൻ അതോ ഇതോ ചെയ്യുകയോ പറയുകയോ ചെയ്താലും നിനക്കു് എന്താണു്?

മറ്റുള്ളവക്കുവേണ്ടി നീ ഉത്തരവാദിയല്ല; എന്നാൽ നിന്നെ സംബന്ധിച്ചിടത്തോളം നീ ഒരു കണക്കു പറയേണ്ടതാണു്; ആ സ്ഥിതിക്കു് അവരുടെ കാര്യത്തിൽ നീ എന്തിനു് ഇടപെടുന്നു?

കണ്ടാലും, സൂര്യനുകീഴു സകല മനുഷ്യരെയും ഞാൻ അറിയുകയും പ്രവർത്തിക്കപ്പെടുന്ന സകല കാര്യങ്ങളെയും ഞാൻ കാണുകയുംചെയ്യുന്നു; ഓരോരുത്തന്റെയും സ്ഥിതി എന്തെന്നും, അവൻ എന്തു വിചാരിക്കുന്നുവെന്നും, അവനു് എന്തു വേണമെന്നും, അവൻ ഉദ്ദേശിക്കുന്നതെന്തെന്നും എനിക്കറിയാം.

അതുകൊണ്ടു്, നീ എല്ലാക്കാര്യങ്ങളും എന്നെ ഭരമേല്പിക്കേണ്ടതാണു്; എന്നാൽ നീ പൂർണ്ണമായ സമാധാനത്തിൽ വർത്തിക്കുക; അസാദ്ധ്യം തേടിപ്പോകുന്നവൻ യഥേഷ്ടം അസ്വാസ്ഥ്യം തേടിക്കൊള്ളട്ടെ.

അവൻ എന്തുതന്നെ പ്രവർത്തിക്കുകയോ പറയുകയോ ചെയ്താലും അതിന്റെ ഫലം അവൻതന്നെ അനുഭവിക്കും; എന്തുകൊണ്ടെന്നാൽ എന്നെ അവനു വഞ്ചിക്കാൻ സാധിക്കുകയില്ല.

2. ഒരു വലിയ പേരാകുന്ന നിഴലിനോ, ഒട്ടുവളരെ ആളുകളുടെ പരിചയത്തിനോ, മനുഷ്യരുടെ പ്രത്യേകമായ സ്നേഹത്തിനോ

താല്പര്യപ്പെടരുതു്.

എന്തുകൊണ്ടെന്നാൽ, ഈ സംഗതികൾ ഹൃദയത്തിൽ അശ്രദ്ധയും വലുതായ അന്ധകാരവും ഉളവാക്കുന്നു.

നീ ഉത്സാഹപൂർവ്വം എന്റെ വരവിനെ പ്രതീക്ഷിച്ചിരിക്കുകയും നിന്റെ ഹൃദയത്തിന്റെ വാതിൽ എനിക്കായി തുറന്നുതരുകയും ചെയ്യുന്നുവെങ്കിൽ, ഞാൻ സന്തോഷപൂർവ്വം നിന്നോടു സംസാരിക്കുകയും എന്റെ രഹസ്യങ്ങളെ നിനക്കു വെളിപ്പെടുത്തിത്തരുകയും ചെയ്യും.

ശ്രദ്ധയോടുകൂടിയിരിക്കുക; പ്രാർത്ഥനയിൽ ജാഗ്രൂകനായിരിക്കുക; സകല കാര്യങ്ങളിലും വിനയാന്വിതനായിരിക്കുക.

അദ്ധ്യായം 25

സമാധാനവും അഭിവൃദ്ധിയും.

ക്രിസ്തു: മകനെ, 'സമാധാനം ഞാൻ നിങ്ങളോടുകൂടി വച്ചേക്കുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കായിത്തരുന്നു; ലോകം തരുന്നതുപോലെയല്ലാ ഞാൻ നിങ്ങൾ

ക്കു തരുന്നതു' (ജോ. xiv. 27.) എന്നു ഞാൻ പറഞ്ഞിട്ടുണ്ടു്.

സമാധാനമാണു് എല്ലാവരും ആഗ്രഹിക്കുന്നതു്; എന്നാൽ യഥാർത്ഥമായ സമാധാനത്തിനു കൂടിയേതീരുവെന്നുള്ള കാര്യങ്ങളെ എല്ലാവരും ശ്രദ്ധിക്കുന്നില്ല.

എന്റെ സമാധാനം ഹൃദയത്തിൽ വിനയവും സൗമ്യതയും ഉള്ളവരോടുകൂടിയുണ്ടു്; വലുതായ ക്ഷമയുണ്ടെങ്കിൽ മാത്രമേ നിനക്കു സമാധാനം ലഭിക്കുകയുള്ളൂ.

നീ ഞാൻ പറയുന്നതു കേൾക്കുകയും എന്റെ സ്വരത്തെ പിന്തുടരുകയും ചെയ്യുമെങ്കിൽ, നിനക്കു വലുതായ സമാധാനം അനുഭവിക്കാൻ സാധിക്കും.

2. ശിഷ്യൻ: ഭഗവാനെ, അതുകൊണ്ടു് ഞാൻ എന്തുചെയ്യണം?

3. ക്രിസ്തു: ഓരോകാര്യത്തിലും നീ എന്തു ചെയ്യുന്നുവെന്നും എന്തു പറയുന്നുവെന്നും സൂക്ഷിക്കുക; നിനക്കു് എന്നെ മാത്രമേ സ്നേഹിക്കാവൂ എന്നതിലും എന്നെയല്ലാതെ മറ്റൊന്നിനെയും ആഗ്രഹിക്കുകയോ അന്വേഷിക്കുകയോ ചെയ്യാൻ പാടില്ല എന്നുള്ളതിലും നീ ഒരു ശ്രദ്ധനായിരിക്കുക.

എന്നാൽ മറ്റുള്ളവരുടെ സംഭാഷണങ്ങളേയോ പ്രവൃത്തികളേയോ സംബന്ധിച്ചു

അവിവേകമായി വിധി കല്പിക്കരുതു; നിന്നെ ഭരമേല്പിച്ചിട്ടില്ലാത്ത കാര്യങ്ങളിൽ നീ വ്യാപൃതനാകരുതു; ഇങ്ങനെ ചെയ്താൽ നിന്റെ സ്വസ്ഥതയ്ക്കു വലുതായ ഭംഗം വരുകയില്ല.

പക്ഷെ, ഒരിക്കലും യാതൊരു അസ്വസ്ഥതയും തോന്നാതിരിക്കുകയെന്നതും മാനസികമോ ശാരീരമോ ആയ യാതൊരു വേദനയും അനുഭവിക്കാതിരിക്കുകയെന്നതും പാരത്രികമായ അനന്തജീവിതവിശ്രാന്തിക്കല്ലാതെ ഐഹികജീവിതത്തിനു് അനുരൂപമല്ല.

അതുകൊണ്ടു, നിനക്കു യാതൊരു ഭാരവുമില്ലാതിരിക്കുന്നുവെങ്കിൽ, യഥാർത്ഥമായ സമാധാനം നിനക്കു ലഭിച്ചിരിക്കുന്നുവെന്നോ, നിനക്കു യാതൊരു കഷ്ടപ്പാടുമില്ലെങ്കിൽ സുഖം തുമോണെന്നോ, നിന്റെ ഇഷ്ടമനുസരിച്ചു സകല കാര്യങ്ങളും നിവൃത്തിക്കപ്പെടുന്നുവെങ്കിൽ നീ പരിപൂർണ്ണതയെ പ്രാപിച്ചിരിക്കുന്നുവെന്നോ നീ വിചാരിക്കരുതു്.

അതുപോലെ വലുതായ ഭക്തിമാധുര്യങ്ങളും നീ ആസ്വദിക്കുന്നുവെങ്കിൽ, അതുമൂലം നീ ഉദ്ധതനാവുകയോ, ഈശ്വരന്റെ സവിശേഷമായ സ്നേഹത്തിനു നീ പാത്രീഭവിച്ചിരിക്കുന്നുവെന്നു മനനംചെയ്യുകയോ പാടില്ല; എന്തുകൊണ്ടെന്നാൽ, ഈ സംഗതികളാലല്ല, നന്മയെ യഥാർത്ഥമായി സ്നേഹിക്കുന്ന ഒ

രുവനെ തിരിച്ചറിയുന്നതു"; ഒരു മനുഷ്യന്റെ ആത്മീയമായ അഭിവൃദ്ധിയും പരിപൂർണ്ണതയും അനുഭവിച്ചിരിക്കുന്നതും ഈ സംഗതികളിലല്ല.

4. ശിഷ്യൻ: ഓ ഭഗവാനെ, പിന്നെ എന്തിലാണു"?

5. ക്രീസ്തു: ചെറിയ സംഗതിയിലായാലും വലിയതിലായാലും, തല്ക്കാലത്തേക്കായാലും അനന്തകാലത്തേക്കായാലും, സ്വാർത്ഥതല്പരനാകാതെ നീ ഈശ്വരഹിതനിർവ്വഹണത്തിനായി പൂർണ്ണഹൃദയത്തോടെ ആത്മസമർപ്പണം ചെയ്യുന്നതിലത്രെ.

അങ്ങനെ നീ സമ്പത്തിലും ആപത്തിലും സമചിത്തനായി, എല്ലാ സംഗതികളും അഭേദ്യമായീ വീക്ഷിച്ചു് എന്നോടു് കൃതജ്ഞത ഒന്നുപോലെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കണം.

ആത്മീയമായ ആശ്വാസം പിൻവലിക്കപ്പെടുമ്പോൾ, പൂർവ്വാധികമായ വൈഷമ്യങ്ങളെ സഹിക്കുന്നതിനു നിന്റെ ഹൃദയം സന്നദ്ധമാകുന്നതുവരെയും നീ ധൈര്യവും സുസ്ഥിരമായ പ്രത്യാശയുമുള്ളവനായിരിക്കുക; ഇത്രവലുതായ പീഡകളെ നീ അനുഭവിക്കേണ്ടതല്ലെന്നു നീ തന്നത്താൻ ന്യായവാദം ചെയ്യരുതു; പ്രത്യുത, എന്റെ നിർദ്ദേശങ്ങൾ എ

ന്തുതന്നെ ആയാലും അവയുടെ ന്യായയുക്ത തയെ സമ്മതിക്കുകയും എന്റെ വിശുദ്ധമായ നാമത്തെ വാഴ്ത്തുകയും ചെയ്യുക; അപ്പോൾ നിനക്കു സമാധാനത്തിനായുള്ള ശരിയായ, സത്യമായ മാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കാം; അപ്പോൾ എന്റെ മുഖത്തെ അവാച്യമായ ആനന്ദത്തോടെ വീണ്ടും ദർശിക്കാൻ കഴിയുമെന്നുള്ള പ്രത്യാശ അസന്ദിഗ്ദ്ധമായി നിനക്കു് ഉണ്ടാകും.

സംപൂർണ്ണമായ ആത്മനിന്ദനം നിനക്കു സാധിക്കാമെങ്കിൽ, ഈ ലോകത്തുള്ള നിന്റെ പ്രവാസകാലത്തു നിനക്കു് അനുഭവിക്കാവുന്നിടത്തോളം സമൃദ്ധമായ സമാധാനം നീ അനുഭവിക്കുമെന്നു ധരിക്കുക.

അദ്ധ്യായം 26.

മനഃസ്വാതന്ത്ര്യം

ശിഷ്യൻ: ഭഗവാനെ, സ്വകീയമായ കാര്യങ്ങളെ ശ്രദ്ധിക്കുന്നതിൽ മനസ്സു് എപ്പോഴും അചഞ്ചലമായിരിക്കുന്നതും, ഒട്ടുവളരെ വൈഷമ്യങ്ങളെ, വൈഷമ്യമില്ലാത്തപോ

ലെ, തരണം ചെയ്യുന്നതും പരിപൂർണ്ണനായ ഒരു മനുഷ്യന്റെ കൃത്യമാകുന്നു; എന്നാൽ അതു് ഒരു മന്ദബുദ്ധിക്കു് അനുരൂപമായ വിധത്തിലല്ല, സൃഷ്ടിക്കപ്പെട്ട യാതൊരു വസ്തുവോടും ക്രമരഹിതമായ സ്നേഹബന്ധത്താൽ ആസക്തമാകാത്ത ഒരു സ്വതന്ത്രമനസ്സിന്റെ സവിശേഷമായ യോഗ്യതയാലത്രെ സാദ്ധ്യമാകുന്നതു്.

2. ഐഹികജീവിതത്തിലെ വൈഷമ്യങ്ങളിൽ ഞാൻ കുടുങ്ങിപ്പോകാതിരിക്കുന്നതിനു് അവയിൽനിന്നും, സുഖാനുഭോഗത്തിൽ ഞാൻ ബദ്ധശ്രദ്ധനാകാതിരിക്കുന്നതിനു് അധികമായ ശാരീരാവശ്യങ്ങളിൽനിന്നും, പീഡകളാൽ ഞാൻ പരാജിതനായി ഭഗ്നാശനായിപ്പോകാതിരിക്കുന്നതിനു് ആത്മീയമായ സകല പ്രതിബന്ധങ്ങളിലും നിന്നും എന്നെ സംരക്ഷിക്കണമെ എന്നു് ഓ കരുണാനിധിയായ എന്റെ ഈശ്വര, അങ്ങയോടു ഞാൻ അപേക്ഷിക്കുന്നു.

ലൗകികമായ മിഥ്യാഭിമാനംമൂലം താല്പര്യപൂർവ്വം ആഗ്രഹിക്കപ്പെടുന്ന സംഗതികളെപ്പറ്റിയല്ല, അങ്ങയുടെ ദാസന്റെ ആത്മാവിനെ, മനുഷ്യവർഗ്ഗത്തിനു പൊതുവായുള്ള ശാപത്തിന്റെ ഫലമായ ശിക്ഷയായി, അമർത്തിപ്പിടിക്കുകയും അതിനെ യഥേഷ്ടം

സ്വാതന്ത്ര്യം പ്രാപിക്കുന്നതിനു് അനുവദിക്കാതിരിക്കുകയും ചെയ്യുന്ന ആ ദുരിതങ്ങളെപ്പറ്റിയാണു് ഞാൻ പറയുന്നതു്.

3. ഓ എന്റെ ഈശ്വര, അവാച്യമായ മാധുര്യംതന്നെയായ അങ്ങു് ഇന്ദ്രിയസുഖങ്ങളെയെല്ലാം എനിക്കു കയ്പുള്ളതാക്കിത്തീർക്കേണമെ; അവ സനാതനമായ കാര്യങ്ങളോടുള്ള സ്നേഹത്തിൽനിന്നു് എന്നെ അകറ്റുകയും സന്തോഷപ്രദമായ എന്തിനെയെങ്കിലും കാണിച്ചുതന്നു് എന്നെ ദുഷ്ടമായ വിധത്തിൽ അവയിലേക്കു് ആകർഷിക്കുകയും ചെയ്യുന്നു.

ഓ എന്റെ ഈശ്വരാ, രക്തമാംസങ്ങളാൽ ഞാൻ പരാജിതനാകാൻ അനുവദിക്കരുതെ, അവ എന്നെ കീഴടക്കാൻ അനുവദിക്കരുതെ; ലോകവും അതിന്റെ ക്ഷണപ്രഭോചഞ്ചലമായ പ്രതാപവും എന്നെ വഞ്ചിക്കാൻ അനുവദിക്കരുതെ; പിശാചൻ അവന്റെ കൌശലപ്രയോഗത്താൽ എന്റെ സ്ഥാനത്തെ അപഹരിക്കാൻ അനുവദിക്കരുതെ.

എനിക്കു് എതിർത്തുനില്ക്കുന്നതിനുള്ള ശക്തിയും, സഹിക്കുന്നതിനുള്ള ക്ഷമയും, അവസാനംവരെ പരിശ്രമിക്കുന്നതിനുള്ള സ്ഥൈര്യവും തരേണമെ.

ലൗകികമായ സകല സുഖങ്ങളുടെയും സ്ഥാനത്തു പരിശുദ്ധാത്മാവിന്റെ പരമാ

നന്ദപ്രദമായ അഭിഷേകം എനിക്കു പ്രദാനം ചെയ്യേണമെ; ജഡികമായ സ്നേഹത്തിന്റെ സ്ഥാനത്തു് അങ്ങേയുടെ നാമത്തോടുള്ള സ്നേഹത്തെ എന്നിൽ നിവേശിപ്പിക്കേണമെ.

4. കണ്ടാലും, ഭക്ഷണം, പാനീയം, വസ്ത്രം തുടങ്ങി ശരീരത്തിന്റെ സംരക്ഷണത്തിനു് ആവശ്യമുള്ള സാധനങ്ങൾ ഭക്തിതീഷ്ണതയുള്ള ഒരു ആത്മാവിനു ദുർവ്വഹങ്ങളാണു്.

ശരീരത്തിനു് ആവശ്യമുള്ള സകല സാധനങ്ങളും മിതമായി ഉപയോഗിക്കുന്നതിനും അവയെപ്പറ്റിയുള്ള അമിതമായ ആശയാൽ പരാധീനനാകാതിരിക്കുന്നതിനും എന്നെ അനുഗ്രഹിക്കേണമെ.

പ്രകൃതിസിദ്ധമായതും സംരക്ഷിക്കപ്പെടണമെന്നുള്ളതുകൊണ്ടു്, എല്ലാ സാധനങ്ങളെയും ഉപേക്ഷിക്കുന്നതു നിയമാനുസൃതമാല്ല; എന്നാൽ ആവശ്യാതീതമായതും സുഖാനുഭോഗത്തിനു മാത്രമായുള്ളതുമായ സാധനങ്ങളുടെ ഉപയോഗത്തെ അങ്ങയുടെ പരിശുദ്ധമായ നിയമം വിരോധിക്കുന്നു; എന്തുകൊണ്ടെന്നാൽ, അങ്ങനെ അല്ലെങ്കിൽ ശരീരം ആത്മാവിന്റെ നിയന്ത്രണത്തിനു് അധീനമല്ലാതാകും.

ഇതിലെല്ലാം ഞാൻ യാതൊരു വിധത്തി

ലും അതിരുകവിഞ്ഞു പോകാതിരിക്കുന്നതി
നായി അങ്ങേയുടെ കരം എന്നെ നിയന്ത്രി
ക്കുകയും നയിക്കുകയും ചെയ്യണമെന്നു് അ
ങ്ങയോടു ഞാൻ അപേക്ഷിക്കുന്നു.

അദ്ധ്യായം 27.

സ്വാർത്ഥതൽപരത

ക്രിസ്തു: എന്റെ മകനെ, നീ സ്വീകരിക്കുന്നതിനായി സ്വീകരിക്കുന്നതിനായി ദാനം ചെയ്യുണം; സ്വാർത്ഥപരമായി നിന്നിൽ യാതൊന്നും പാടില്ല.

നിന്റെ സ്വാർത്ഥതൽപരത ലോകത്തിലുള്ള മറേതിനെയുംകാൾ നിനക്കു ദോഷകരമാണെന്നു നീ ധരിക്കുക.

ഏതെങ്കിലും ഒരു വസ്തുവിനോടു നിനക്കുള്ള സ്നേഹമോ താല്പര്യമോ അനുസരിച്ചു് അതു നിന്നോടു ഏറക്കുറെ അനുഷ്ഠക്തമായിരിക്കും.

നിന്റെ സ്നേഹം നിർമ്മലവും നിഷ്കപടവും സുനിയന്ത്രിതവുമാണെങ്കിൽ, നീ യാതൊരു കാര്യത്തിലും പരതന്ത്രനാവുകയില്ല.

നിനക്കുണ്ടായിരിക്കാൻ പാടില്ലാത്തതി

നെ മോഹിക്കരുതു്. നിന്റെ ആത്മീയസ്വാതന്ത്ര്യത്തെ നിരോധിക്കുകയോ അപഹരിക്കുകയോ ചെയ്യുമെന്നുള്ളതിനെ സമ്പാദിക്കാൻ ശ്രമിക്കരുതു്.

നീ നിന്നെത്തന്നെയും നിനക്കുണ്ടായിരിക്കാവുന്നതോ ആഗ്രഹിക്കാവുന്നതോ ആയ സകലതിനെയും നിന്റെ പൂർണ്ണഹൃദയത്തോടെ എന്നെ ഭരമേല്പിക്കുന്നില്ലെന്നുള്ളതു് ആശ്ചര്യകരമായിരിക്കുന്നു.

2. നീ എന്തുകൊണ്ടു വ്യർത്ഥമായ വ്യസനത്താൽ സന്തപ്തനാകുന്നു? നീ എന്തുകൊണ്ടു നിഷ്പ്രയോജനമായ വ്യഗ്രതയാൽ പരവശനാകുന്നതിനു് ഇടയാക്കുന്നു?

എന്റെ അഭീഷ്ടപ്രകാരം നിന്റെ കാര്യങ്ങൾ നടക്കുന്നതിനായി വിട്ടേക്കുക; എന്നാൽ നിനക്കു യാതൊരു ദോഷവുമുണ്ടാകയില്ല.

നിന്റെ സ്വന്തം ഇഷ്ടമോ താല്പര്യമോ പുരസ്കരിച്ചു, നീ അതുമിതും ആരായുകയോ അവിടെയും ഇവിടെയും ഇരിക്കുന്നതിനു് ആഗ്രഹിക്കുകയോ ചെയ്താൽ, നിനക്കു് ഒരിക്കലും സമാധാനം അനുഭവിക്കാനോ വ്യഗ്രതയിൽ നിന്നു് ഒഴിഞ്ഞിരിക്കാനോ സാധിക്കുകയില്ല; എന്തുകൊണ്ടെന്നാൽ, നീ ഏതു സംഗതിയിലും എന്തെങ്കിലും ന്യൂനത കാണുകയും

ഏതു സ്ഥലത്തും നിനക്കു പ്രതിബന്ധമായി ആരെങ്കിലും ഉണ്ടായിരിക്കുകയും ചെയ്യും.

3. അതുകൊണ്ടു, ബാഹ്യമായ വസ്തുക്കളെ സമ്പാദിക്കുകയോ വർദ്ധിപ്പിക്കുകയോ ചെയ്യുന്നതിലല്ലാ നിന്റെ നന്മ സ്ഥിതിചെയ്യുന്നതു്; പ്രത്യുത, അവയെ വെറുക്കുന്നതിലും അവയ്ക്കായുള്ള ആശയെ നിന്റെ ഹൃദയത്തിൽനിന്നു് ഉന്മൂലനം ചെയ്യുന്നതിലുമത്രെ; ഈ തത്വം പണത്തെയും സ്വത്തുക്കളെയും മാത്രമേ സംബന്ധിക്കുന്നുള്ളൂ എന്നു നീ ധരിക്കരുതു; ബഹുമതിക്കായുള്ള മോഹത്തെയും വ്യർത്ഥമായ സ്തുതിക്കുള്ള ആശയേയുംകൂടി അതു ബാധിക്കുന്നുണ്ടു്; എന്തുകൊണ്ടെന്നാൽ, ഇവയെല്ലാം ലോകത്തെപ്പോലെ നശ്വരമാണു്.

നിനക്കു ഭക്തിതീഷ്ണത ഇല്ലെങ്കിൽ, സ്ഥലമേതായാലും അതുകൊണ്ടു പ്രയോജനമില്ല; പുറമെനിന്നു ലഭിക്കുന്ന സമാധാനം, നിന്റെ ഹൃദയത്തിന്റെ നിലയ്ക്കു ശരിയായ അടിസ്ഥാനമില്ലെങ്കിൽ, അതായതു് നീ എന്നിൽ സ്ഥിരമായി നിലകൊള്ളുന്നില്ലെങ്കിൽ, നീണ്ടുനില്ക്കുകയില്ല; നിനക്കു മാറ്റമുണ്ടായേക്കാം. എന്നാൽ അതു നന്മയിലേക്കുള്ള പരിവർത്തനമായിരിക്കുകയില്ല.

എന്തുകൊണ്ടെന്നാൽ, നീ എന്തിൽനിന്നു

രക്ഷപ്പെടുന്നതിനു് ഓടിമാറിയോ, അതു് അതിൽ കൂടുതലും, തക്കതായ സന്ദർഭം വരുമ്പോൾ, നീ കാണുമാറാകും.

ഹൃദയശുദ്ധിക്കും ആത്മീയജ്ഞാനത്തിനുമായുള്ള ഒരു പ്രാർത്ഥന.

ശിഷ്യൻ: ഓ ഈശ്വര, പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ എനിക്കു സ്ഥൈര്യം നല്കുണമേ. എന്റെ ആത്മാവിനെ ശക്തമാക്കുന്നതിനും എന്റെ ഹൃദയത്തിൽനിന്നു നിഷ്പ്രയോജനമായ വ്യഗ്രതയെയും അസ്വാസ്ഥ്യത്തെയും ബഹിഷ്കരിക്കുന്നതിനും എനിക്കു ശക്തിയെ പ്രദാനംചെയ്യുണമെ. ഏതു സാധനത്തിനായുമുള്ള വിവിധങ്ങളായ ആശകളാൽ, അതു വിലകുറഞ്ഞതായാലും വില കൂടിയതായാലും, ഞാൻ ആകർഷിക്കപ്പെടാതിരിക്കാൻ അനുഗ്രഹിക്കണമെ. എല്ലാ വസ്തുക്കളും ക്ഷണഭംഗുരങ്ങളാണെന്നും ഞാൻ അവയോടൊപ്പം നശിച്ചുപോകുന്നവനാണെന്നും കരുതുന്നതിനു് എന്നെ പഠിപ്പിക്കണമെ.

എന്തുകൊണ്ടെന്നാൽ, സൂര്യനുകീഴ് യാതൊന്നും അനശ്വരമല്ല; അവിടെ സകലവും മിഥ്യയും ആത്മീയപീഡാകരവുമത്രെ. ഓ

അവയെ ഇത വിധം പരിഗണിക്കുന്നവൻ എത്ര ബുദ്ധിമാനാണു്!

5. ഓ ഭഗവാനെ, ഞാൻ സർവ്വോപരി അങ്ങയെ ആരായുന്നതിനും, പ്രാപിക്കുന്നതിനും, അങ്ങയെ സ്നേഹിക്കുന്നതിനും, അങ്ങയിൽ ആനന്ദിക്കുന്നതിനും, മറെറല്ലാ സംഗതികളെയും അവയുടെ യഥാർത്ഥ സ്ഥിതിയിൽ—അതായതു് അവ അങ്ങയുടെ ജ്ഞാനത്തിനു് അധീനമാണെന്നു—ഗ്രഹിക്കുന്നതിനും, പഠിക്കാനായി എനിക്കു സ്വകീയമായ ജ്ഞാനം തരേണമെ.

എന്നെ മുഖസ്തുതി ചെയ്യുന്നവനിൽനിന്നു് ഒഴിഞ്ഞുമാറുന്നതിനു വേണ്ടുന്ന വിവേകവും എന്നോടു് എതിർത്തു് സംസാരിക്കുന്നവനോടു് ക്ഷമിക്കുന്നതിനു വേണ്ട ക്ഷമാശീലവും എനിക്കു തരേണമെ.

എന്തുകൊണ്ടെന്നാൽ, എല്ലാവിധത്തിലുമുള്ള ഭാഷാപ്രയോഗങ്ങളാൽ പ്രക്ഷുബ്ധനാവുകയോ ദുഷ്ടനായ സ്തുതിപാഠകപ്പിശാചിനു ചെവി കൊടുക്കുകയോ ചെയ്യാതിരിക്കുന്നതു വലുതായ ജ്ഞാനമാകുന്നു; എന്തുകൊണ്ടെന്നാൽ, ഇങ്ങനെ ആയാൽ, നാം ആരംഭിച്ചിരിക്കുന്ന പദ്ധതിയിൽ നമുക്കു നിർബ്ബാധം പുരോഗമനം ചെയ്യാവുന്നതാണു്.

അദ്ധ്യായം 28

അപവാദവ്യവസായം

• ക്രിസ്തു: എന്റെ മകനെ, ചിലർ നിന്നെപ്പറ്റി ദോഷമായി വിചാരിക്കുകയും നിനക്കു കേൾക്കാൻ ഇഷ്ടമില്ലാത്തതു നിന്നെപ്പറ്റി പറയുകയും ചെയ്യുന്നുവെങ്കിൽ, അതു മൂലം നിനക്കു ഹൃദയവേദന ഉണ്ടാകരുതു്.

നീ തന്നെത്താൻ ഏറ്റവും മോശക്കാരനാണെന്നു വിചാരിക്കുകയും നിന്നെക്കാൾ ദുർബ്ബലനായി ആരുമില്ലെന്നു വിശ്വസിക്കുകയും ചെയ്യണം.

നീ അന്തർമുഖനായി വ്യാപരിക്കുന്നുവെങ്കിൽ, നിന്റെ ചുറ്റും പറന്നുകൊണ്ടിരിക്കുന്ന വാക്കുകളെ നീ അത്ര ഗണ്യമാക്കുകയില്ല.

നല്ല കാലമല്ലാത്തപ്പോൾ മൗനമവലംബിക്കുന്നതും അന്തരമായി എന്നെ അഭയം പ്രാപിക്കുന്നതും മനുഷ്യരുടെ അഭിപ്രായങ്ങളാൽ അസ്വസ്ഥനാകാതിരിക്കുന്നതും വലുതായ വിവേകമാണു്.

2. നിന്റെ സമാധാനം മനുഷ്യരുടെ നാവുകളെ ആശ്രയിച്ചിരിക്കരുതു; എന്തുകൊണ്ടെന്നാൽ നിന്റെ പ്രവൃത്തികളെപ്പറ്റി അവർ ഗുണമായി നിരൂപണം ചെയ്യാ

ലും ദോഷമായി നിരൂപണം ചെയ്താലും, നീ നീതന്നെയാണു്.

യഥാർത്ഥമായ സമാധനവും യഥാർത്ഥമായ മഹിമയും എവിടെയുണ്ടു്? അവ സ്ഥിതി ചെയ്യുന്നതു് എന്നിലല്ലയോ?

മനുഷ്യരുടെ പ്രീതിയെ ആഗ്രഹിക്കുകയോ അവരുടെ അപ്രീതിയെ ഭയപ്പെടുകയോ ചെയ്യാത്തവൻ വലുതായ സമാധാനം അനുഭവിക്കും.

ക്രമരഹിതമായ സ്നേഹത്തിൽനിന്നും കൂടയില്ലാത്ത ഭയത്തിൽനിന്നുമത്രെ സകലവിധമായ ഹൃദയാസ്വാസ്ഥ്യവും മനോവ്യഗ്രതയും ഉത്ഭവിക്കുന്നതു്.

അദ്ധ്യായം 29.

കഷ്ടകാലം.

ശിഷ്യൻ: ഈ വൈഷമ്യവും കഷ്ടപ്പാടും എനിക്കു നേരിടണമെന്നുള്ളതു് അങ്ങയുടെ അഭിമതമാകയാൽ, ഓ ഭഗവാനെ, അങ്ങയുടെ നാമം എന്നേക്കും വാഴ്ത്തപ്പെടട്ടെ.

എനിക്കു് അതിൽനിന്നു് ഒഴിഞ്ഞുമാറാൻ

സാധിക്കുകയില്ല; അങ്ങു് എന്നെ സഹായിച്ചു അതിനെ എന്റെ നന്മക്കായി പരിണമിപ്പിക്കുന്നതിനു ഞാൻ അങ്ങയുടെ അടുക്കൽ അഭയം പ്രാപിക്കണമെന്നുള്ളതു് അവശ്യം ആവശ്യമാണു്.

ഭഗവാനെ, എന്റെ സ്ഥിതി ഇപ്പോൾ കഷ്ടമാണു്; എന്റെ ഹൃദയം അസ്വസ്ഥമായിരിക്കുന്നു; എന്റെ ഇപ്പഴത്തെ കഷ്ടപ്പാടിനാൽ ഞാൻ വളരെ പീഡിതനായിരിക്കുന്നു.

പ്രിയ പിതാവെ, ഇപ്പോൾ ഞാൻ എന്തു പറയാനാണു്? ഞാൻ ഈ കുടുക്കിൽ അകപ്പെട്ടിരിക്കുന്നു; ഈ ആപദ്ഘട്ടത്തിൽനിന്നു എന്നെ രക്ഷിക്കേണമെ.

എന്നാൽ അങ്ങു് എന്നെ നിശ്ശേഷം അധഃപതിപ്പിച്ചിട്ടു് സമുദ്ധരിക്കുമ്പോൾ അങ്ങയുടെ മഹത്വം പ്രകാശിക്കുമെന്നുള്ളതുകൊണ്ടത്രെ ഈ വിഷമഘട്ടം എനിക്കു നേരിട്ടതു്.

ഓ ഭഗവാനെ, എന്നെ രക്ഷിക്കുന്നതിനു് അങ്ങേക്കു കൃപയുണ്ടാകണമെ; സാധുവും അസഹായനുമായ എനിക്കു് എന്തുചെയ്യാൻ കഴിയും? അങ്ങയെക്കൂടാതെ ഞാൻ എങ്ങോട്ടു പോകാനാണു്?

ഓ ഭഗവാനെ, ഈ വിഷമഘട്ടത്തിലും എനിക്കു സഹനശക്തി തരേണമെ.

ഓ എന്റെ ഈശ്വര, എന്നെ സഹായി

ക്കുക; അങ്ങു് എന്നെ സഹായിക്കുന്നുവെങ്കിൽ, എത്ര വളരെ പീഡിതനായാലും ഞാൻ ഭയപ്പെട്ടുകയില്ല.

2. ഇപ്പോൾ, ഈ വിഷമഘട്ടങ്ങൾക്കിടയിൽ ഞാൻ എന്തു പറയാനാണു്? ഭഗവാനെ, അങ്ങയുടെ അഭിമതം നിവ്വഹിക്കപ്പെടട്ടെ; പീഡിതനും അസ്വസ്ഥനുമാകുന്നതിനു ഞാൻ അർഹനത്രെ.

അതുകൊണ്ടു് അതു ഞാൻ അവശ്യം അനുഭവിക്കുകതന്നെ വേണം; കൊടുംകാറ്റുശമിച്ചു് എല്ലാം ശുഭതരമായിത്തീരുന്നതുവരെ അതിനെ ഞാൻ ക്ഷമയോടെ സഹിക്കുന്നതിനു് എന്നെ അനുഗ്രഹിക്കേണമെ.

ഓ എന്റെ ഈശ്വരാ, കാരുണ്യമൂർത്തേ, അങ്ങു് എനിക്കുവേണ്ടി ഇതിനുമുമ്പു പലപ്പോഴും ചെയ്തിട്ടുള്ളതുപോലെ, ഈ പ്രലോഭനത്തെ എന്നിൽനിന്നു മാറ്റിക്കളയുന്നതിനും അതിൽ ഞാൻ നിഗ്ഗ്രഹം മുങ്ങിപ്പോകാതിരിക്കത്തക്കവണ്ണം അതിന്റെ പ്രചണ്ഡതയെ കുറയ്ക്കുന്നതിനും അങ്ങേയുടെ സർവ്വശക്തമായ കരത്തിനു സാധിക്കുന്നതാണു്.

'അത്യുന്നതന്റെ വലത്തുകൈയെ ഈവിധം മാറുന്നതു' എത്രത്തോളം എനിക്കു ദുഷ്കരമാണോ, അത്രത്തോളം അങ്ങേക്കു സുകരമാണു്.

അദ്ധ്യായം 30

ദിവ്യസഹായം

ക്രിസ്തു: എന്റെ മകനെ, ആപൽക്കാലത്തു ശക്തിയെ പ്രദാനം ചെയ്യുന്ന ജഗദീശൻ ഞാനാണു്.

നിനക്കു് എന്തെങ്കിലും അത്യുഭകരമായി ഉള്ളപ്പോൾ എന്റെ അടുക്കൽ വരുക.

നീ പ്രാർത്ഥനയെ ശരണം പ്രാപിക്കുന്നതു് ക്രമത്തിലധികം താമസിച്ചിട്ടാണെന്നുള്ളതാണു് നിനക്കു സ്വർഗ്ഗീയ സമാശ്വാസം ലഭിക്കുന്നതിനു പ്രതിബന്ധമായിരിക്കുന്നതു്.

എന്തുകൊണ്ടെന്നാൽ, നീ എന്നോടു താല്പര്യപൂർവ്വം പ്രാർത്ഥിക്കുന്നതിനുമുമ്പായി, അതിനിടയ്ക്കു, അനേകം ആശ്വാസമാർഗ്ഗങ്ങളെ ആരായുകയും ബാഹ്യമായ സംഗതികളാൽ സന്തുഷ്ടനാവുകയും ചെയ്യുന്നു.

അതുകൊണ്ടു് എന്നിൽ വിശ്വസിക്കുന്നവരെ ഞാൻ മോചിപ്പിക്കുന്നവനാണെന്നു നീ ധരിക്കുന്നതുവരെ നിനക്കു യാതൊരു കാര്യവും പ്രയോജനകരമായിരിക്കുകയില്ലെന്നുള്ള ദുഃസ്ഥിതി നേരിടുന്നു. എന്നിൽനിന്നല്ലാതെ ശക്തിയുക്തമായ സഹായമോ, പ്രയോജനകരമായ ഉപദേശമോ, ശാശ്വതമായ പ്ര

തിവിധിയോ ലഭ്യവുമല്ല.

എന്നാൽ ഇപ്പോൾ, നീ കൊടുങ്കാറിനു ശേഷം വീണ്ടും സ്വസ്ഥതയെ പ്രാപിച്ചിരിക്കുന്നതിനാൽ, എന്റെ കൃപാകടാക്ഷം കൊണ്ടു ബലവാനായിത്തീരുക; എന്തുകൊണ്ടെന്നാൽ നിനക്കു നഷ്ടപ്പെട്ടതു സകലവും, പൂർണ്ണമായി എന്നുമാത്രമല്ല, ധാരാളതരമായും അളവില്ലാതെയും തിരിച്ചു തരുന്നതിനായി ഞാൻ അടുക്കലുണ്ടു്.

2. എനിക്കു പ്രയാസമുള്ളതായി എന്തെങ്കിലുമുണ്ടോ? ഞാൻ പറയുകയും പറഞ്ഞതനുസരിച്ചു പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന ഒരുവനെപ്പോലെയാണോ?

നിന്റെ വിശ്വാസം എവിടെ? സുദൃഢനും സുസ്ഥിരനുമായി വർത്തിക്കുക; ക്ഷമയും ധൈര്യവുമുള്ളവനായിരിക്കുക; യഥാകാലം നിനക്കു് ആശ്വാസം ലഭിക്കും.

എന്നെ പ്രതീക്ഷിച്ചിരിക്കുക, കാത്തിരിക്കുക, ഞാൻ വന്നു നിന്നെ സുഖപ്പെടുത്തും.

നിന്നെ വിഷമിപ്പിക്കുന്നതു് ഒരു പ്രലോഭനവും നിന്നെ വിറപ്പിക്കുന്നതു കഥയില്ലാത്ത ഒരു ഭയവുമാണു്.

ഭവിഷ്യത്തുകളെപ്പറ്റിയുള്ള വ്യഗ്രതമൂലം ദുഃഖത്തിനുമേൽ ദുഃഖം മാത്രമല്ലാതെ എന്താണു് നിനക്കു് സിദ്ധിക്കുന്നതു"? അതതു ദി

വസമുള്ള ദൃഷ്ടാന്തത്തെ അതതു ദിവസത്തേക്കു വേണ്ടിടത്തോളമുണ്ടു്.

(മാത്യൂ. vi. 34)

പക്ഷെ ഒരിക്കലും സംഭവിച്ചില്ലെന്നു വരാവുന്ന ഭാവി സംഗതികളെക്കുറിച്ചു ദുഃഖിക്കുകയോ സന്തോഷിക്കുകയോ ചെയ്യുന്നതു വ്യർത്ഥവും നിഷ്പ്രയോജനവുമായ ഒരു കാര്യമാകുന്നു.

3. എന്നാൽ മനുഷ്യൻ അത്തരം സങ്കല്പങ്ങളാൽ വഞ്ചിതനാവുകയെന്നതു് സ്വാഭാവികമാണു്; അതു ശത്രുവിന്റെ നിർദ്ദേശങ്ങളാൽ എളുപ്പം വ്യതിചലിപ്പിക്കപ്പെടാവുന്ന ദുർബ്ബലമായ ഒരു മനസ്സിന്റെ അടയാളമാകുന്നു.

എന്തുകൊണ്ടെന്നാൽ, അവൻ നിന്നെ വ്യാമോഹിപ്പിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നതു യഥാർത്ഥമായ സംഗതികൾകൊണ്ടാണോ അയഥാർത്ഥമായ സംഗതികൾകൊണ്ടാണോ എന്നും, നിന്നെ തോല്പിക്കുന്നതു താൽക്കാലിക സംഗതികളോടുള്ള സ്നേഹംകൊണ്ടാണോ വരാനിരിക്കുന്ന സംഗതികളെപ്പറ്റിയുള്ള ഭയംകൊണ്ടാണോ എന്നും അവൻ ഗൌനിക്കുന്നില്ല.

അതുകൊണ്ടു നിന്റെ മനസ്സു് അസ്വസ്ഥമാവുകയോ ഭയാകുലമാവുകയോ ചെയ്യുന്ന

തിനു് അനുവദിക്കരുതു്.

എന്നിൽ വിശ്വസിക്കുകയും എന്റെ കരുണയെ ശരണീകരിക്കുകയും ചെയ്യുക.

ഞാൻ നിന്നിൽനിന്നു വളരെ ദൂരെയാണെന്നു നീ വിചാരിക്കുമ്പോൾ, പലപ്പോഴും, നിന്നോടു് ഏറ്റവും അടുത്തുണ്ടു്.

മിക്കവാറും സകലവും നഷ്ടപ്പെട്ടുപോയെന്നു നീ തീരുമാനിക്കുമ്പോഴത്രെ പലപ്പോഴും ഏറ്റവും മഹത്തായ സമ്മാനലാഭം നിനക്കു സമാസന്നമായിരിക്കുന്നതു്.

നിന്റെ ഹിതത്തിനു വിരുദ്ധമായി എന്തെങ്കിലും സംഭവിക്കുമ്പോൾ സ്വവും നഷ്ടപ്പെട്ടുപോയി എന്നു വരുന്നില്ല.

നിന്റെ തല്ക്കാലമുള്ള തോന്നലനുസരിച്ചു നീ വിധികല്പിക്കരുതു്; എന്തെങ്കിലും വൈഷമ്യം—അതു് എവിടെനിന്നു് ഉത്ഭവിച്ചതായാലും—നേരിടുമ്പോൾ, അതിൽനിന്നു രക്ഷപെടാമെന്നുള്ള സകല പ്രത്യാശകളും നശിച്ചുപോയെന്നു സങ്കല്പിച്ചു നീ ദുഃഖപരവശനാവുകയോ നിരാശനാവുകയോ ചെയ്യരുതു്.

4. തല്ക്കാലം നിന്നെ ഞാൻ എന്തെങ്കിലും പീഡ അനുഭവിപ്പിക്കുകയോ, നീ ഇച്ഛിക്കുന്ന ആശ്വാസം നിന്നിൽനിന്നു പിൻവലിക്കുകയോ ചെയ്യുന്നുവെങ്കിൽ, നിന്നെ ഞാൻ പൂ

ണ്ണമായി ഉപേക്ഷിച്ചുകളഞ്ഞുവെന്നു വിചാരിക്കരുതു്; എന്തുകൊണ്ടെന്നാൽ ഇതാകുന്നു സ്വർഗ്ഗരാജ്യത്തേക്കുള്ള ഇടുങ്ങിയ വഴി.

വിപത്തുകളാൽ പീഡിപ്പിക്കപ്പെടുന്നതു നിനക്കും എന്റെ മറു ദാസന്മാക്കും, എല്ലാ കാര്യങ്ങളും നിങ്ങളുടെ ഇഷ്ടപ്രകാരം നടക്കുന്നതിനേക്കാൾ, ഗുണകരമാണെന്നുള്ളതിനു സംശയമില്ല.

നിന്റെ ഹൃദയത്തിലെ രഹസ്യചിന്തകളെ ഞാൻ അറിയുന്നുണ്ടു്; നിന്റെ ശക്തിഹീനതയും അസഹായതയും നീ ശരിക്കു ഗ്രഹിക്കുന്നതിനായി ചിലപ്പോൾ നീ ആശ്വാസരഹിതനായിരിക്കുന്നതു നിന്റെ ആത്മാവിനു വളരെ പ്രയോജനകരമാണെന്നു് എനിക്കു് അറിയാം; അങ്ങനെ അല്ലെങ്കിൽ, നിന്റെ വിജയത്താൽ നീ ഉന്മത്തനാവുകയും നിനക്കു് ഇല്ലാത്ത യോഗ്യത ഉണ്ടെന്നു വിചാരിച്ചു നീ അഹങ്കരിക്കുകയും ചെയ്യും.

ഞാൻ തന്നിട്ടുള്ളതു് എനിക്കു ന്യായമായി തിരിച്ചെടുക്കാവുന്നതാണു്; എനിക്കു് ഇഷ്ടമുള്ളപ്പോൾ അതു് എനിക്കു വീണ്ടും തരാവുന്നതുമാണു്.

5. ഞാൻ അതു തരുമ്പോൾ അതു് എന്റെ വകയാണു്; അതിനെ ഞാൻ തിരിച്ചെടുക്കുമ്പോൾ, നിന്റെ വക യാതൊന്നും

ഞാൻ എടുക്കുന്നില്ല; എന്തുകൊണ്ടെന്നാൽ, 'ഏതു നല്ല സമ്മാനവും ഏതു് ഉത്തമമായ സമ്മാനവും എന്റേതാണു്.' (James 1.17.)

ഞാൻ നിനക്കു പീഡകളോ ഉരിതങ്ങളോ അയക്കുന്നുവെങ്കിൽ നീ വ്യസനാക്രാന്തനാകരുതു്, നിന്റെ ഹൃദയം നൈരാശ്യനിമഗ്നവുമാകരുതു്; വേഗം നിന്നെ മോചിപ്പിക്കുന്നതിനും നിന്റെ വ്യസനഭാരം അശേഷം പരമാനന്ദമായി പരിവർത്തനം ചെയ്യുന്നതിനും എനിക്കു കഴിയും.

എങ്കിലും ഞാൻ നിന്നോടു് ഈവിധം പെരുമാറുമ്പോൾ, ഞാൻ നീതിമാനും അത്യന്തം സ്തുത്യർഹനുമാണു്.

6. നീ ശരിയായി ചിന്തിക്കുകയും സംഗതികളെപ്പറ്റി സത്യാനുരൂപമായി പര്യാലോചിക്കുകയും ചെയ്യുന്നുവെങ്കിൽ, എന്തു കഷ്ടപ്പാടു് ഉണ്ടായാലും നീ ഒരിക്കലും നിരാശനും അസ്വസ്ഥചിത്തനുമാകാൻ പാടില്ല. പ്രത്യുത, നീ സന്തോഷിക്കുകയും കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യേണ്ടതാണു്; അതുമാത്രമല്ല, നിന്നെ ഞാൻ ദുഃഖങ്ങളാൽ പീഡിപ്പിക്കുന്നതുകൊണ്ടു ശിക്ഷിക്കാതെ വിടുന്നില്ലെന്നുള്ളതു സവിശേഷമായ ഒരു സന്തോഷകാരണമായി നീ പരിഗണിക്കണം.

'പിതാവു എന്നെ സ്നേഹിച്ചിട്ടുള്ളതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചിട്ടുണ്ടു". (John xv. 9.) എന്നു ഞാൻ എന്റെ വാത്സല്യഭാജനങ്ങളായ ശിഷ്യരോടു പറഞ്ഞു. അവരെ ഞാൻ നിയോഗിച്ചതു ലൌകിക സുഖങ്ങൾ അനുഭവിക്കുന്നതിനല്ല, വലുതായ സമരങ്ങളിലേപ്പെടുന്നതിനാണു"; സ്ഥാനമാനങ്ങൾക്കായിട്ടല്ല, അവമാനത്തിനായിട്ടാണു"; അലസരായിരിക്കുന്നതിനല്ല, അദ്ധ്വാനിക്കുന്നതിനാണു"; വിശ്രമം അനുഭവിക്കുന്നതിനല്ല, ശ്രമക്ഷമതയാൽ അധികമായ ഫലം പ്രദാനം ചെയ്യുന്നതിനാണു"; എന്നുള്ളതു തീർച്ചയാണു". ഓ എന്റെ മകനെ, ഈ എന്റെ വാക്കുകളെ ഓർത്തുകൊള്ളുക!

അദ്ധ്യായം 31.

സകല സൃഷ്ടികളോടും നമുക്കുണ്ടായിരിക്കേണ്ട പരാങ്മുഖത.

ശിഷ്യൻ: ഒ ഭഗവാനെ, മനുഷ്യനോ മറ്റു യാതൊരു സൃഷ്ടിക്കുമോ എനിക്കു പ്രതിബന്ധമായിരിക്കാൻ സാധിക്കാത്ത ഉയര

ത്തെ ഞാൻ പ്രാപിക്കണമെങ്കിൽ, എനിക്കു് ഇനിയും കൂടുതലായ അനുഗ്രഹം വളരെ ആവശ്യമായിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ, എന്തെങ്കിലും എന്നെ പുറകോട്ടു് പിടിച്ചുകൊള്ളുന്ന കാലത്തോളം എനിക്കു യഥേഷ്ടം അങ്ങയുടെ അടുക്കൽ പറന്നെത്തുന്നതിനു സാധിക്കുകയില്ല.

എനിക്കു പറന്നുപോയി വിശ്രമം അനുഭവിക്കത്തക്കവണ്ണം പ്രാവിനെപ്പോലെ ചിറകുണ്ടായിരുന്നുവെങ്കിൽ! (സങ്കീ. I iv. 7.) എന്നു പറഞ്ഞ മനുഷ്യൻ യഥേഷ്ടം പറക്കുന്നതിനു മോഹിക്കുകയായിരുന്നു.

ഏകാഗ്രമായ നയനത്തേക്കാൾ വിശ്രമം അനുഭവിക്കാൻ കഴിയുന്നതായി എന്തുണ്ടു്? ഭൂമിയിൽ യാതൊന്നും ആശിക്കാതിരിക്കുന്നവനെക്കാൾ സ്വതന്ത്രനായിരിക്കാൻ ആർക്കു കഴിയും?

അതുകൊണ്ടു് ഒരു മനുഷ്യൻ സൃഷ്ടിക്കപ്പെട്ട സകലതിനേയും അതിശയിച്ചു, പരിപൂർണ്ണമായി ആത്മത്യാഗം ചെയ്തു, സമാധിയിൽ ലയിച്ച മനസ്സോടുകൂടിനിന്നു, സകലതിന്റെയും സ്രഷ്ടാവായ അങ്ങു സൃഷ്ടികളുടെ ഇടയിൽ നിരുപമനാണെന്നു കാണേണ്ടതാണു്.

ഒരു മനുഷ്യൻ സൃഷ്ടിക്കപ്പെട്ട വസ്തുക്കളിൽനിന്നു സ്വതന്ത്രനായില്ലെങ്കിൽ, അവനു ദിവ്യകാരുണ്യത്തെ നിഷ്പ്രയാസം നിർവ്വഹിക്കുന്നതിനു സാധിക്കുകയില്ല.

ഈ കാരണത്താലാണു് സന്ന്യാസികൾ അത്ര കുറവായി കാണപ്പെടുന്നതു്; നശ്വരങ്ങളായ സൃഷ്ടികളിൽനിന്നു നിശ്ലേഷം ഒഴിഞ്ഞുമാറി സർവ്വസംഗപരിത്യാഗികളായിരിക്കുന്നവർ ദുർല്ലഭമാണു്.

ആത്മാവിനു് ഉത്കൃഷ്ടം നല്കി അതിനെ അതിന്റെ സ്വാഭാവികമായ സ്ഥിതിയിൽനിന്നു് ഉദ്ധരിക്കുന്നതിനു പര്യാപ്തമായ, മഹത്തായ, ദിവ്യാനുഗ്രഹം ഇതിനു് ആവശ്യമാണു്.

ഒരു മനുഷ്യൻ ആത്മീയമായി ഔൽകൃഷ്ട്യം പ്രാപിച്ചു സകല സൃഷ്ടികളിലും നിന്നു വിമുക്തനായി ഈശ്വരനോടു് പരിപൂർണ്ണമായി സംയുക്തനായില്ലെങ്കിൽ, അവനു് ഏതുതന്നെ അറിയാമായിരുന്നാലും അതെല്ലാം അന്തസ്സാരവിഹീനമായിരിക്കും.

ഏകനും, അപരിമേയനും, അനന്തനുമായ സച്ചിദാനന്ദസ്വരൂപനെ ഒഴിച്ചു മറെറന്തെങ്കിലും മഹത്വം കല്പിക്കുന്നവൻ ദീർഘകാലം അല്പീയസ്സായി ഭൂമിയിൽ കിടന്നുഴലുന്നതായിരിക്കും.

ഈശ്വരനല്ലാത്തതേതും ശൂന്യവും ശൂന്യമായിപ്പരിഗണിക്കപ്പെടേണ്ടതുമാണ്.

പ്രബുദ്ധനും ഭക്തനുമായ ഒരു മനുഷ്യന്റെ ജ്ഞാനവും, പണ്ഡിതനും ഗ്രന്ഥപാരായണതൽപരനുമായ ഒരുവന്റെ വിജ്ഞാനവും തമ്മിൽ വലുതായ വ്യത്യാസമുണ്ട്.

ഉയരെനിന്നു, ദിവ്യമായ ഉറവിൽനിന്നു, നിഷ്പ്രയാസം ലഭിക്കുന്ന ആ ജ്ഞാനം മനുഷ്യബുദ്ധിയാൽ ക്ലേശിച്ചു സമ്പാദിക്കപ്പെടുന്ന വിജ്ഞാനത്തേക്കാൾ വളരെയധികം ഉത്കൃഷ്ടതരമാണ്.

3. ഒട്ടുവളരെപ്പേർ തപസ്സു ചെയ്യുന്നതിനു് ആഗ്രഹിക്കുന്നവരായി കാണപ്പെടുന്നുണ്ടു; എന്നാൽ അതിനു് ആവശ്യമായ കായ്ക്ലേശങ്ങളെ പരിശീലിക്കുന്നതിനു് അവർ ഉൽസുകരല്ല.

നാം സമഗ്രമായി ഇന്ദ്രിയനിഗ്രഹം ചെയ്യുന്നതിനു ശ്രദ്ധിക്കാതെ, അടയാളങ്ങളെയും ബാഹ്യങ്ങളായ സംഗതികളെയും അവലംബിക്കുന്നുവെന്നുള്ളതു വലുതായ ഒരു പ്രതിബന്ധമാകുന്നു.

ആത്മീയകായ്ക്ലേശതൽപരരെന്നു വിളിക്കപ്പെടുന്നുവെന്നു് അഭിമാനിക്കുന്ന നാം ഏകാഗ്രചിത്തരായി നമ്മുടെ ആത്മീയസ്ഥിതിയെപ്പറ്റി ചിന്തിക്കാതെ, താൽക്കാലികങ്ങളും നി

സ്സാരങ്ങളുമായ സംഗതികളെപ്പറ്റി അത്ര യധികം ക്ലേശിക്കുകയും ഉത്കണ്ഠിതരായിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്നോ, അതിനു നമ്മെ പ്രേരിപ്പിക്കുന്ന മനഃസ്ഥിതി എന്താണെന്നോ, അതു മൂലം സാധിക്കാമെന്നു നാം മനനം ചെയ്യുന്നതെന്തെന്നോ എനിക്ക് അറിയാൻ പാടില്ല.

4. കഷ്ടം! അല്പനേരത്തെ ഏകാഗ്രതയ്ക്കു ശേഷം നാം പെട്ടെന്നു വീണ്ടും അശ്രദ്ധരാകുന്നു; സനിഷ്കൃഷ്ടമായ പരിശോധനകൊണ്ടു നമ്മുടെ പ്രവൃത്തികളുടെ ഗൌരവലാഘവങ്ങളെ നിർണ്ണയിക്കുന്നില്ല.

നമ്മുടെ സ്നേഹബന്ധങ്ങൾ എവിടെ സ്ഥിതിചെയ്യുന്നുവെന്നു നാം ശ്രദ്ധിക്കുന്നില്ല; നമ്മുടെ ഉദ്ദേശ്യങ്ങൾക്കുള്ള വലുതായ ശ്രദ്ധിക്കുറവിനെപ്പറ്റി പരിതപിക്കുന്നതുമില്ല.

എന്തുകൊണ്ടെന്നാൽ, 'മാംസമെല്ലാം അവന്റെ മാർഗ്ഗത്തെ ദൂഷിപ്പിക്കുകയും' (Gen. vi. 12) അതുകൊണ്ടു മഹാപ്രളയം വരുകയും ചെയ്തു.

നമ്മുടെ ആന്തരമായ സ്നേഹം വളരെ ദൂഷിതമാകയാൽ, അതിൽനിന്നു പുറപ്പെടുന്ന പ്രവൃത്തികളും അവശ്യം ദൂഷിതമായിരിക്കണം; അതു് ആന്തരമായ ശക്തിയുടെ കുറവിനു തെളിവാകുന്നു.

നിർമ്മലമായ ഹൃദയത്തിൽനിന്നു മാത്രമേ നല്ല ജീവിതത്തിന്റെ ഫലം പുറപ്പെടുകയുള്ളൂ.

5. ഒരു മനുഷ്യൻ എത്രമാത്രം നിവൃത്തിച്ചിട്ടുണ്ടെന്നു് അന്വേഷിക്കുന്നതിനു നാം ഉൽസുകരാണു്; എന്നാൽ അവൻ എത്രമാത്രം നന്മയോടുകൂടിയാണു് അതു നിവൃത്തിച്ചതെന്നു നിർണ്ണയിക്കുന്നതിൽ അത്ര താൽപര്യം പ്രദർശിപ്പിക്കുന്നില്ല.

അവൻ ബലവാനോ, ധനവാനോ, സുന്ദരനോ, സമർത്ഥനോ, നല്ല എഴുത്തുകാരനോ നല്ല പാട്ടുകാരനോ, നല്ല വേലക്കാരനോ ആണോ എന്നും മറ്റും നാം അന്വേഷിക്കുന്നു; എന്നാൽ അവൻ ഹൃദയത്തിൽ എത്ര സാധുവാണെന്നോ, എത്ര ക്ഷമവാനും സൌമ്യനുമാണെന്നോ, എത്ര ഭക്തനും ആത്മീയകായ്മനിരതനുമാണെന്നോ അന്വേഷിക്കുന്നവർ വളരെ കുറവാണു്.

പ്രകൃതി മനുഷ്യന്റെ ബാഹ്യസംഗതികളെ ആദരിക്കുന്നു; എന്നാൽ പ്രകൃത്യതീതമായ ദിവ്യാനുഗ്രഹം അന്തരംഗത്തോടു് ആഭിമുഖ്യം പ്രദർശിപ്പിക്കുന്നു.

പ്രകൃതി പലപ്പോഴും വഞ്ചിക്കപ്പെടുന്നു; പ്രകൃത്യതീതമായതു് ഈശ്വരനെ സരണീകരിക്കുന്നതുകൊണ്ടു വഞ്ചിക്കപ്പെടുന്നില്ല.

അദ്ധ്യായം 32.

ധനമോഹവർജ്ജനം.

ക്രിസ്തു: എന്റെ മകനെ, നീ സ്വാർത്ഥത്യാഗം ചെയ്യുന്നില്ലെങ്കിൽ, നിനക്കു പരിപൂർണ്ണമായ സ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കുകയില്ല.

സ്വാർത്ഥമാത്രനിരതരും സ്വാർത്ഥസ്നേഹികളുമായ എല്ലാവരും ശൃംഖലയാൽ ബന്ധിക്കപ്പെട്ടിരിക്കുന്നവരും, അതിമോഹികളും സംസാരദുഃഖവിവശരും, അസ്വസ്ഥരുമാണു; അവർ യേശുക്രിസ്തുവിന്റെ കായ്ങ്ങളെ അന്വേഷിക്കാതെ, എല്ലായ്പോഴും അവരുടെ സ്വന്തം സുഖംമാത്രം അന്വേഷിക്കുന്നു. എന്നാൽ പലപ്പോഴും അവർ നിർദ്ദേശിക്കുകയും ശുപാർശചെയ്യുന്നതു നിലനില്ക്കുന്ന കായ്ങ്ങളല്ല.

എന്തുകൊണ്ടെന്നാൽ, ഈശ്വരനിൽ നിന്നു ഉത്ഭവിക്കാത്തതു് എന്തും നശിച്ചുപോകും.

'സ്വന്തവും ഉപേക്ഷിക്കുക, എന്നാൽ നിനക്കു സ്വന്തവും ലഭിക്കും; നിന്റെ ആശകളെ വെടിയുക, എന്നാൽ നിനക്കു വിശ്രമം ലഭിക്കും' എന്ന ഹ്രസ്വവും പരിപൂർണ്ണവുമായ

നിയമത്തെ പാലിക്കുക.

അതിനെപ്പറ്റി നീ നല്ലവണ്ണം ചിന്തിക്കുക; അതിനെ നീ പ്രയോഗത്തിൽ വരുത്തുമ്പോൾ നീ സകല കാര്യങ്ങളും ഗ്രഹിക്കും.

2. ശിഷ്യൻ: ഓ ഭഗവാനെ, ഇതു് ഒരു ദിവസംകൊണ്ടു സാധിക്കാവുന്ന ഒരു കൃത്യമോ ബാലിശ വിനോദമോ അല്ല; പ്രത്യുത, ഈ ഒരു ചെറിയവാക്യത്തിൽ ഒരു സന്ന്യാസിയുടെ പരിപൂർണ്ണത സമഗ്രമായി അന്തർഭവിച്ചിരിക്കുന്നു.

3. ക്രിസ്തു: എന്റെ മകനെ പരിപൂർണ്ണത പ്രാപിച്ചിട്ടുള്ള മനുഷ്യരുടെ ജീവിതസരണി ഏന്താണെന്നു കേൾക്കുമ്പോൾ നീ പിന്തിരിഞ്ഞു കളയുകയൊ ഉടനടി നിരാശനാവുകയോ ചെയ്യേണ്ടതല്ല; പ്രത്യുത, മഹത്തായ കാര്യങ്ങൾ നിവ്വഹിക്കുന്നതിനു് ഒരു പ്രചോദനമോ അവയിൽ അഭിനിവേശമെങ്കിലുമോ നിനക്കുണ്ടാകേണ്ടതാണു്.

നിന്റെ സ്ഥിതി ഈവിധം ആയിരുന്നുവെങ്കിൽ എന്നും നീ മേലാൽ സ്വാർത്ഥതൽപരനായിരിക്കാതെ എന്നെയും നിന്റെ മേലധികാരിയായി ഞാൻ നിയമിച്ചിട്ടുള്ള പിതാവിനേയും പൂർണ്ണമായി അനുസരിക്കത്തക്കവണ്ണം നീ പുരോഗമനം ചെയ്യുവെങ്കിൽ എന്നും ഞാൻ ആഗ്രഹിക്കുന്നു; അങ്ങനെയാ

ണെങ്കിൽ, നീ എന്നെ വളരെ വളരെ സന്തോഷിപ്പിക്കുകയും നിന്റെ ജീവിതംമുഴുവനും ആനന്ദത്തിലും സമാധാനത്തിലും കഴിഞ്ഞുകൂടുകയും ചെയ്യും.

നിനക്കു് ഇനിയും ഒട്ടുവളരെ സംഗതികളും ത്യാജ്യങ്ങളായി ഉണ്ടു്; അവയെ നീ എനിക്കായി നിർദ്ദോഷം ഉപേക്ഷിക്കുന്നില്ലെങ്കിൽ നീ ആഗ്രഹിക്കുന്നതു നിനക്കു സാധിക്കുകയില്ല.

'നീ സമ്പന്നനാകുന്നതിനായി അഗ്നിയിൽ ശുദ്ധിചെയ്യപ്പെട്ട സ്വർണ്ണം എന്നിൽ നിന്നു വാങ്ങണമെന്നു നിന്നോടു ഞാൻ ഉപദേശിക്കുന്നു.' (വെളി. iii 18.) നികൃഷ്ടവും അധഃസ്ഥിതവുമായ സകലതിനെയും പാദത്തിൻ കീഴിലിട്ടു ചവിട്ടിമെതിക്കുന്ന സ്വർഗ്ഗീയജ്ഞാനമത്രെ അതു്.

ലൗകിക വിജ്ഞാനത്തെ പരിവർജ്ജിക്കുക; ലോകത്തെയും നിന്നെത്തന്നെയും പ്രീണിപ്പിക്കുന്നതിനുള്ള ശ്രമത്തെയും വെടിയുക.

4. നീ മനുഷ്യരുടെ മാനദണ്ഡമനുസരിച്ചു വളരെ വിലകൂടിയതും ഉൽകൃഷ്ടവുമായതു കൊടുത്തു പകരം വില കുറഞ്ഞതും അപകൃഷ്ടവുമായതു വാങ്ങണം.

എന്തുകൊണ്ടെന്നാൽ, സാക്ഷാത്തായ

സ്വകീയ ജ്ഞാനം പ്രത്യക്ഷത്തിൽ വളരെ നികൃഷ്ടവും നിന്ദ്യവും മിക്കവാറും വിസ്മൃതവുമാണ്; അതു തന്നത്താൻ മഹനീയമാണെന്നു് അഭിമാനിക്കുകയോ ലോകത്തു മഹനീയമായിത്തീരുന്നതിനു് ഉദ്യമിക്കുകയോ ചെയ്യുന്നില്ല; വളരെപ്പേർ അതിനെ തങ്ങളുടെ നാവുകൊണ്ടു പ്രശംസിക്കുന്നു. എന്നാൽ അവരുടെ ജീവിതത്തിൽ അവർ അതിൽനിന്നു വിദൂരസ്ഥരായിരിക്കുന്നു; എങ്കിലും അതത്രെ അധികംപേരിലുംനിന്നു മറച്ചുവയ്ക്കപ്പെട്ടിരിക്കുന്ന ആ വിലതീരാത്ത മുത്തു്.

(മാത്യൂ. xiii. 16.)

അദ്ധ്യായം 33

ഹൃദയത്തിന്റെ അസ്ഥിരത

ക്രിസ്തു: എന്റെ മകനെ, നിന്റെ തൽക്കാല വികാരത്തെ വിശ്വസിക്കരുതു്; അതു ക്ഷണേന മറെറാന്നായിപ്പരിണമിക്കും.

നീ ജീവിച്ചിരിക്കുന്നിടത്തോളംകാലം, നിന്റെ ഇച്ഛയ്ക്കു വിരുദ്ധമായിത്തന്നെയും, നിരന്തരമായ പരിവർത്തനത്തിനു വിധേയനാ

ണു്; അതിനാൽ നീ ഒരു സമയത്തു് ആനന്ദഭരിതനായും വേറൊരു സമയത്തു ദുഃഖാകുലനായും, ഇപ്പോൾ സ്വസ്ഥനായും, പിന്നീടു് അസ്വസ്ഥനായും, ഒരിക്കൽ ഭക്തനായും മറൊരിക്കൽ ഭക്തിഹീനനായും, ചില സന്ദർഭങ്ങളിൽ ഉത്സാഹഭരിതനായും മറു സന്ദർഭങ്ങളിൽ അലസനായും, ഒരു ദിവസം ഗൗരവമുള്ളവനായും വേറൊരു ദിവസം സരസനായും കാണപ്പെടുന്നു.

എന്നാൽ ബുദ്ധിയും ആദ്ധ്യാത്മികമായ സുശിക്ഷണവുമുള്ളവൻ ഈ പരിവർത്തനങ്ങൾക്കു് അതീതനാണു്; അവന്റെ സ്വന്തം വികാരങ്ങളേയോ അസ്ഥിരതയാകുന്ന കാറ്റു് ഏതു വശത്തു വീശുന്നുവെന്നോ അവൻ ഗൗനിക്കുന്നില്ല; അവന്റെ മനസ്സിനെ അതിന്റെ പരമവും സമുചിതവുമായ നന്മയിലേക്കു നയിക്കുന്നതിനു മാത്രമെ അവൻ ഉദ്യമിക്കുന്നുള്ളു.

എന്തുകൊണ്ടെന്നാൽ, ഈവിധം വിവിധങ്ങളായ സംഭവങ്ങൾക്കിടയിൽ അവന്റെ ശ്രദ്ധയെ എന്റെ നേക്കു് ഏകാഗ്രമാക്കി നിരന്തരമായി നിയന്ത്രണം ചെയ്യുകയാൽ, അവനു് അവിഭക്തനായി, അഭേദ്യനായി, അചഞ്ചലനായി എപ്പോഴും വർത്തിക്കുന്നതിനു സാധിക്കുന്നു.

2. നിന്റെ ഉദ്ദേശ്യനേത്രം എത്രത്തോളം നിർമ്മലമായിരിക്കുന്നുവോ, അത്രത്തോളം സ്ഥിരചിത്തതയോടുകൂടി നാനാവിധത്തിലുള്ള ഈ കൊടുങ്കാറ്റുകളെ നീ തരണംചെയ്യും.

എന്നാൽ അധികംപേരിലും നിർമ്മലോദ്ദേശ്യനേത്രം നിഷ്കാശമായിരിക്കുന്നു; എന്തുകൊണ്ടെന്നാൽ അവരുടെ ശ്രദ്ധ അവർക്ക് അഭിമുഖമായി വരുന്നു. ഏതു രമണീയ വസ്തുവിനാലും ക്ഷണേന വ്യതിചലിപ്പിക്കപ്പെടുന്നു.

എന്തുകൊണ്ടെന്നാൽ, സ്വാർത്ഥതൽപരതയിൽനിന്നു നിർമ്മുക്തനായ ഒരുവനെ കണ്ടെത്തുക വളരെ പ്രയാസമാകുന്നു.

പണ്ടു യഹൂദന്മാർ ബഥനിയിൽ മാർത്തായുടെയും മേരിയുടെയും വസതിയിൽ വന്നതു യേശുവിനെ ഉദ്ദേശിച്ചു മാത്രമല്ല, ലാസറസ്സിനെയും കാണാമെന്നു വിചാരിച്ചുകൂടിയായിരുന്നുവല്ലോ.

അതുകൊണ്ടു നിന്റെ ഉദ്ദേശ്യനേത്രം, അതു് ഏകാഗ്രവും യോഗ്യവുമായിരിക്കുന്നതിനായി, ശുദ്ധീകരിക്കപ്പെടണം; പ്രതിബന്ധമായി വരാവുന്ന വിവിധ വസ്തുക്കളെയും അതിലംഘിച്ചു് അതു് എന്നെ ലക്ഷീകരിച്ചിരിക്കണം.

അദ്ധ്യായം 34

ഈശ്വരസ്നേഹം

ശിഷ്യൻ: "കണ്ടാലും, എന്റെ ഈശ്വരനും എന്റെ സർവ്വസ്വവുമായുള്ളോവെ!" ഇതിൽ കൂടുതലായി എനിക്കു് എന്തുവേണം? ഇതിനെക്കാൾ കൂടുതൽ ആനന്ദപ്രദമായി എന്തെങ്കിലും ഞാൻ ആഗ്രഹിക്കത്തക്കതായി ഉണ്ടോ?

ഓ ഹൃദയംഗമവും സുമധുരവുമായ ശബ്ദവിശേഷം! ലോകത്തേയോ ലോകത്തുള്ള വസ്തുക്കളേയോ അല്ല, ശബ്ദബ്രഹ്മത്തെ സ്നേഹിക്കുന്നവനുമാത്രമാണു് അതു ഹൃദയംഗമവും സുമധുരവുമായിരിക്കുന്നതു്.

"എന്റെ ഈശ്വരനും എന്റെ സർവ്വസ്വവുമായുള്ളോവെ!" ധാരാണാശക്തിയുള്ളവനോടു് ഇത്രയും പറഞ്ഞാൽ മതി; അതിനെ പലപ്രാവശ്യം ആവർത്തിക്കുന്നതു സ്നേഹമുള്ളവനു് ആനന്ദപ്രദവുമാണു്.

എന്തുകൊണ്ടെന്നാൽ, അങ്ങേയുടെ സാന്നിധ്യത്തിൽ സർവ്വവും ആനന്ദപ്രദമാണു്; എന്നാൽ അങ്ങേയുടെ അഭാവത്തിൽ സർവ്വവും ജുഗുപ്സാവഹവുമാണു്.

അങ്ങു ഹൃദയത്തിനു പ്രശാന്തതയും ബല

തായ സമാധാനവും പരമാനന്ദവും പ്രദാനം ചെയ്യുന്നു.

ഞങ്ങൾ എല്ലാവരെയും സംബന്ധിച്ചു ശുഭകരമായി ചിന്തിക്കുന്നതിനും അങ്ങയെ എല്ലാ കാര്യങ്ങളിലും സ്തുതിക്കുന്നതിനും അങ്ങു് ഇടയാക്കുന്നു; നീണ്ടുനില്ക്കുന്ന സന്തോഷം പ്രദാനംചെയ്യുന്നതിനു അങ്ങയെക്കൂടാതെ യാതൊന്നിനും സാധിക്കുകയില്ല. എന്നാൽ അതു ഹൃദ്യവും ആസ്വാദ്യവുമാകണമെങ്കിൽ, അങ്ങേയുടെ അനുഗ്രഹമുണ്ടായിരിക്കുകയും, അങ്ങേയുടെ ജ്ഞാനമാകുന്ന സുഗന്ധദ്രവ്യങ്ങൾകൊണ്ടു പാകം ചെയ്യപ്പെടുകയും വേണം.

അങ്ങയെ ആസ്വദിക്കുന്നവനു സർവ്വവും ആസ്വദനീയവുമായിരിക്കും.

അങ്ങയെ ആസ്വദിക്കുന്നവനു സന്തോഷപ്രദമായി എന്തെങ്കിലും ഉണ്ടാകുമോ?

എന്നാൽ ഈ ലോകത്തെ വിജ്ഞാനികളും ജഡികമായ വസ്തുക്കളെ സ്നേഹിക്കുന്നവരും അങ്ങേയുടെ ജ്ഞാനമില്ലാത്തവരാകുന്നു; എന്തുകൊണ്ടെന്നാൽ ലോകത്തു വലുതായ മോഹവും ജഡത്തിൽ മരണവുമുണ്ടു്.

എന്നാൽ ലൗകിക വസ്തുക്കളെ വെറുത്തും ഇന്ദ്രിയനിഗ്രഹംചെയ്തും അങ്ങയെ അനുഗമിക്കുന്നവർ സാക്ഷാത്തായ ജ്ഞാനമുള്ള

വരായിക്കാണപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അവർ വ്യാമോഹത്തിൽനിന്നു യാഥാർത്ഥ്യത്തിലേക്കും ജഡത്തിൽനിന്നു് ആത്മാവിലേക്കും ആനയിക്കപ്പെടുന്നു.

അവർ ഈശ്വരനെ ആസ്വദിക്കുന്നു; സൃഷ്ടികളിൽനിന്നു് അവക്കു ലഭിക്കുന്ന സുഖം മുഴുവനും അവർ സ്രഷ്ടാവിന്റെ സ്തുതിക്കു നിദാനമാക്കുന്നു.

എങ്കിലും, സ്രഷ്ടാവിന്റെയും സൃഷ്ടിയുടെയും, കാലാതീതത്വത്തിന്റെയും കാലത്തിന്റെയും, അസൃഷ്ടമായ പ്രകാശത്തിന്റെയും സൃഷ്ടമായ പ്രകാശത്തിന്റെയും ആസ്വാദ്യതക്കു വലുതായ, വളരെ വലുതായ, വ്യത്യാസമുണ്ടു്.

3. സൃഷ്ടിക്കപ്പെട്ട സകല ജ്യോതിസ്സുകളെയും അതിശയിക്കുന്ന, ഓ അനന്തമായ, പ്രകാശമെ, എന്റെ ഹൃദയത്തിന്റെ അടിത്തട്ടിലും പ്രവേശിക്കത്തക്കവണ്ണം അങ്ങയുടെ പ്രകാശകിരണങ്ങളെ ഉയരെനിന്നു് ഉജ്ജ്വലമായി വർഷിക്കേണമെ.

ഞാൻ പരമാനന്ദനിർല്ലീനനായി അങ്ങയോടു സംയുക്തനാകത്തക്കവണ്ണം അതിന്റെ ശക്തിയാൽ എന്റെ ആത്മാവിനെ ശുദ്ധീകരിക്കുകയും, രമിപ്പിക്കുകയും, പ്രകാശിപ്പിക്കുകയും, ഉജ്ജീവിപ്പിക്കുകയും ചെയ്യേണമെ.

ഓ! അങ്ങു് അങ്ങയുടെ സാന്നിധ്യംകൊണ്ടു് എന്നെ സന്തുഷ്ടനാക്കുകയും എനിക്കു സ്വസ്ഥതയുമായിത്തീരുകയും ചെയ്യുന്ന ആ സൗഭാഗ്യപ്രഭയിഷ്ണുവും അഭിലഷണീയവുമായ സമയം എപ്പോൾ വരും?

ഇതു് എനിക്കു സിദ്ധിക്കാത്ത കാലത്തോളം എന്റെ ആനന്ദം പരിപൂർണ്ണമായിരിക്കുകയില്ല.

കഷ്ടം! 'പഴയ മനുഷ്യൻ' ഇപ്പോഴും എന്നിൽ ജീവിച്ചിരിക്കുന്നു; അവൻ നിശ്ശേഷം ക്രൂശിതനായിട്ടില്ല, നിശ്ശേഷം മൃതനായിട്ടില്ല.

അവൻ എപ്പോഴും ശക്തിപൂർവ്വം ആത്മാവിനെ ദുഷിപ്പിക്കുന്നു; അവൻ എന്നിൽ അഭ്യന്തരകലഹങ്ങൾ ഉണ്ടാക്കുന്നു; എന്റെ ആത്മാവാകുന്ന രാജ്യം സമാധാനപൂർവ്വം വർത്തിക്കാൻ അവൻ സമ്മതിക്കുന്നില്ല.

4. എന്നാൽ ഓ ഭഗവാനെ, സമുദ്രത്തിന്റെ ശക്തിയെ ഭരിക്കുകയും അതിന്റെ തിരകളുടെ ക്ഷോഭത്തെ ശമിപ്പിക്കുകയും ചെയ്യുന്ന അങ്ങു് എഴുന്നേറ്റു് എന്നെ സഹായിക്കേണമെ. (സങ്കീ. 1 xxx viii 10.)

യുദ്ധങ്ങളിൽ സന്തോഷിക്കുന്ന മനുഷ്യജാതികളെ ചിതറിക്കുക (സങ്കീ. 1 x v ii 31) അങ്ങയുടെ ശക്തിയാൽ അവയെ തകർക്കുക.

അങ്ങയുടെ വിസ്മയാവഹങ്ങളായ ക്രിയകളെ പ്രകാശിപ്പിക്കേണമെ എന്നു ഞാൻ അപേക്ഷിക്കുന്നു; അങ്ങേയുടെ വലത്തുകൈ വാഴ്ത്തപ്പെടട്ടെ; എന്തുകൊണ്ടെന്നാൽ, ഓ എന്റെ ഭഗവാനെ, എന്റെ, ഈശ്വര, അങ്ങയിലല്ലാതെ എനിക്കു ശരണമോ അഭയസ്ഥാനമോ ഇല്ല.

അദ്ധ്യായം 35

പ്രലോഭനം

ക്രിസ്തു: എന്റെ മകനെ, നിനക്കു് ഈ ജീവിതത്തിൽ ഒരിക്കലും ആപദ്ഭയം ഇല്ലാതിരിക്കാൻ സാധിക്കുകയില്ല; നീ ജീവിച്ചിരിക്കുന്നിടത്തോളം കാലം ആത്മീയമായ ആയുധങ്ങളുടെ ആവശ്യകത നിനക്കു് എപ്പോഴും ഉണ്ടായിരിക്കും.

നീ ശത്രുക്കളുടെ ഇടയിൽ ജീവിക്കുന്നു; എല്ലാ വശങ്ങളിലുംകൂടി അവർ നിന്നെ ആക്രമിക്കുന്നു.

അതുകൊണ്ടു, നീ ഇപ്പോൾ ക്ഷമയാകുന്ന പരിശ ഉപയോഗിക്കുന്നില്ലെങ്കിൽ, ദീ

ഹ്രകാലം മറിവുകൂടാതെ കഴിഞ്ഞുകൂടാൻ നി നക്ക സാധിക്കുകയില്ല.

അതിനും പുറമെ, എനിക്കുവേണ്ടി എന്തും സഹിക്കാമെന്നുള്ള നിർവ്യാജമായ മനസ്സോ ടുകൂടി നീ നിന്റെ ഹൃദയത്തെ എന്നിൽ സു ദൃഢമായി പ്രതിഷ്ഠിക്കുന്നില്ലെങ്കിൽ, ഈ സ മരത്തിന്റെ കാഠിന്യം നിനക്ക സഹിക്കാവു ന്നതോ സിദ്ധന്മാരുടെ വിജയമകുടം നിന ക്ക പ്രാപിക്കാവുന്നതോ ആയിരിക്കുകയില്ല; അതുകൊണ്ട് നീ സകലവും ധൈര്യപൂർവ്വം നി വ്വഹിക്കുകയും നിന്നോടു എതിർക്കുന്ന സകല തിനും എതിരായി ഒരു ശക്തിമത്തായ കരം പ്രയോഗിക്കുകയും ചെയ്യണം.

എന്തുകൊണ്ടെന്നാൽ, യുദ്ധംചെയ്തു ജയി ക്കുന്നവനു മന്നാ നല്കപ്പെടുന്നു (വെളി ii 17), അലസനു് ഒടുവിൽ ലഭിക്കുന്നതു വലു തായ ദുരിതവുമാണു്.

നീ ഈ ജീവിതത്തിൽ വിശ്രമം ആരായു ന്നുവെങ്കിൽ, ശാശ്വതമായ വിശ്രമം നിന ക്കു് എങ്ങനെ സിദ്ധിക്കും?

വലുതായ ക്ഷമയില്ലാതെ വലുതായ വി ശ്രമത്തിനായി നീ ഒരുങ്ങരുതു്.

യഥാർത്ഥമായ സമാധാനം ലോകത്തല്ല. സാക്ഷാത്തു, മനുഷ്യരിലോ മറ്റു സൃഷ്ടികളി

ലോ അല്ല ഈശ്വരനിൽമാത്രം, അന്വേഷിക്കുക.

ഈശ്വരനോടുള്ള സ്നേഹം നിമിത്തം നീ സകലവും—ക്ലേശവും, ദുഃഖവും, പ്രലോഭനവും, മുഷിച്ചിലും, വ്യഗ്രതയും, ഭിക്ഷതയും, രോഗവും, ക്ഷതവും, അപവാദവും, ശാസനയും, പരാഭവവും, കുഴപ്പവും, ശിക്ഷയും നിന്ദയും,—സഹിക്കുന്നതിന് സന്നദ്ധനായിരിക്കണം.

ഇവ നമ്മെ സഹായകങ്ങളാണ്, ക്രിസ്തുവിന്റെ നവോപാസകനെ ഇവ പരീക്ഷിക്കുകയും അവന് ഒരു സ്വർഗ്ഗീയ കിരീടത്തെ നിർമ്മിക്കുകയും ചെയ്യുന്നു.

അല്പനേരത്തേക്കുള്ള ഈ ക്ലേശത്തിനായി ശാശ്വതമായ ഒരു സമ്മാനവും തല്ക്കാലികമായ ഈ അവമാനത്തിനായി അനന്തമായ മഹിമയും ഞാൻ പ്രദാനം ചെയ്യും.

നിന്റെ ഇഷ്ടംപോലെ എല്ലായ്പോഴും നിനക്ക് ആത്മിയാശ്വാസം അനുഭവിക്കാമെന്നു നീ വിചാരിക്കുന്നുണ്ടോ?

എന്റെ സിദ്ധന്മാക്ക് ആ അനുഭവം എല്ലായ്പോഴും ഉണ്ടായിരുന്നില്ല; ഒട്ടുവളരെ ഉപദ്രവങ്ങളും പലതരത്തിലുള്ള പ്രലോഭനങ്ങളും വലുതായ ആശാഭംഗങ്ങളും അവർക്കുണ്ടായിരുന്നു.

എന്നാൽ അവർ സകലവും ക്ഷമയോടുകൂടി സഹിച്ചു; അവർ സ്വസാമർത്ഥ്യത്തിൽ വിശ്വസിക്കാതെ ഈശ്വരനിൽ വിശ്വസിച്ചു; ഈ ജീവിതത്തിലെ കഷ്ടപ്പാടുകൾ ഭാവിയിൽ പ്രാപ്യമായ മഹിമയോടു തുലനം ചെയ്യാൻ യോഗ്യമല്ലെന്നു് അവക്കു് അറിയാമായിരുന്നു.

മറഞ്ഞുള്ളവർ വളരെ കണ്ണുനീർ പൊഴിച്ചിട്ടും അത്യദ്ധ്വാനം ചെയ്തിട്ടും അസുലഭമായിരിക്കുന്നതിനെ ഉടനടി ലഭിക്കുന്നതിനു നീ ആഗ്രഹിക്കുന്നോ?

"ഭഗവാന്റെ ഇഷ്ടം കാത്തിരിക്കുക; പരുഷത്തോടെ പ്രവർത്തിക്കുക;" (സങ്കീ. 26. 19) ധൈര്യം അവലംബിക്കുക, നിരാശനാകരുതു; നിന്റെ സ്ഥാനംവിട്ടു പൊയ്ക്കളയരുതു"; പ്രത്യുത ആത്മശരീരങ്ങളെ ഈശ്വരമാഹാത്മ്യത്തിനായി നിരന്തരം വിനിയോഗിക്കുക.

ഏറ്റവും സമൃദ്ധമായ പ്രതിഫലം നിനക്കു ഞാൻ തരും; നിന്റെ സകല കഷ്ടപ്പാടുകളിലും നിന്നോടുകൂടി ഞാൻ ഉണ്ടായിരിക്കും.

അദ്ധ്യായം 36

വ്യർത്ഥമായ വിധിപ്രസ്താവനകൾ.

ക്രിസ്തു: എന്റെ മകനെ, നിന്റെ ഹൃദയം ഭഗവാനിൽ ദൃഢമായി പ്രതിഷ്ഠിക്കുക; നിന്റെ അന്തഃകരണം നിന്റെ ഭക്തിയേയും നിർദ്ദോഷതയെയും പറ്റി സാക്ഷ്യം വഹിക്കുമ്പോൾ, മനുഷ്യന്റെ വിധിയെ നീ ഭയപ്പെടേണ്ട.

ഈ വിധം പീഡ അനുഭവിക്കുന്നതു ഗുണകരവും സൗഭാഗ്യകരവുമാണു്, ഒരു വിനീത ഹൃദയനോ ആത്മവിശ്വാസത്തേക്കാൾ കൂടുതൽ ഈശ്വരവിശ്വാസമുള്ളവനോ ഇതു സങ്കടകരമായിരിക്കുകയില്ല.

മനുഷ്യരിൽ അധികംപേരും അതിഭാഷണം ചെയ്യുന്നവരാണു്, അതുകൊണ്ടു് അവരുടെ വാക്കുകളെ ശരിക്കു വിശ്വസിക്കരുതു്.

എല്ലാവരേയും തൃപ്തിപ്പെടുത്തുക എന്നതുള്ളതും സാദ്ധ്യമല്ല.

പൗലോസ്സു് എല്ലാവരേയും ഭഗവാനിൽ സന്തോഷിപ്പിക്കുന്നതിനു ശ്രമിക്കുകയും തന്നെത്താൻ 'സകലർക്കും സകലവുമാകയും' ചെയ്തുവെങ്കിലും, മനുഷ്യർ അദ്ദേഹത്തെപ്പറ്റി കല്പിച്ച വിധികളെ അദ്ദേഹം അത്ര ഗ

ണ്യമാക്കീയിരുന്നില്ല. (1 കോറി. iv. 9)

2. മറുള്ളവരുടെ സംസ്കരണത്തിനും രക്ഷയ്ക്കുമായി അദ്ദേഹം കഴിവുള്ളിടത്തോളം പ്രയത്നിച്ചു, എങ്കിലും മറുള്ളവരുടെ വിമർശനത്തിനോ അവഹേളനത്തിനോ താൻ പാത്രമാവുക എന്നുള്ളതിനെ നിരോധിക്കാൻ അദ്ദേഹത്തിനുകഴിഞ്ഞില്ല.

അതുകൊണ്ടുസർവ്വവും അറിയുന്ന ഈശ്വരനെ അദ്ദേഹം സർവ്വവും ഭരമേല്പിച്ചു, അദ്ദേഹത്തെപ്പററി അപവാദം പറയുകയോ, ഇഷ്ടംപോലെ അസംബന്ധങ്ങളും അബദ്ധങ്ങളും നിരൂപീക്കുകയും പറഞ്ഞുപരത്തുകയും ചെയ്കയോ ചെയ്തവരോടു് അദ്ദേഹം ക്ഷമയും വിനയവുമാകുന്ന ആയുധങ്ങളാൽ എതിർത്തു സ്വരക്ഷ നേടി.

എങ്കിലും ചിലപ്പോൾ, തന്റെ നിഷ്കളങ്കത ഭൂമ്മുലക്കു ദോഷകരമായിത്തീർന്നേക്കുമെന്നുള്ള സന്ദർഭങ്ങളിൽ, അദ്ദേഹം മറുപടി പറയാതിരുന്നില്ല.

3. മർത്ത്യവശഗനായ ഒരു മനുഷ്യനെ ഭയപ്പെടാൻ, നീ ആരാണു്? ഇന്നു് അവൻ ഉണ്ടു്, നാളെ അവൻ എന്നന്നേക്കുമായി അപ്രത്യക്ഷനാകുന്നു.

ഈശ്വരനെ ഭയപ്പെടുക, എന്നാൽ നീ മനുഷ്യനെ ഭയപ്പെടേണ്ടിവരുകയില്ല.

ഒരു മനുഷ്യനു് അവന്റെ വാക്കുകളും ഉപദ്രവങ്ങളുംകൊണ്ടു നിനക്കു് എന്തു ദോഷം ചെയ്യാൻ കഴിയും? അവൻ നിനക്കെന്നതിനെക്കാൾ തനിക്കു തന്നെയാണു് ദോഷം ചെയ്യുന്നതു്, അവൻ ആരുതന്നെ ആയാലും, ഈശ്വരന്റെ വിധിയിൽനിന്നു രക്ഷപെടാൻ അവനു സാധിക്കുകയില്ല.

ഈശ്വരൻ എപ്പോഴും നിന്റെ ദൃഷ്ടിപഥത്തിലുണ്ടായിരിക്കട്ടെ; മനുഷ്യന്റെ അധർമ്മത്തോടു മല്ലിടേണ്ട.

തൽക്കാലത്തേക്കു നീ പരാജിതനായെന്നും നിന്റെ അർഹതയ്ക്കനുരൂപമല്ലാത്ത കഴപ്പുങ്ങൾ അനുഭവിക്കുന്നുവെന്നും തോന്നുന്നുവെങ്കിൽ അതിനെപ്പറ്റി പരിതപിക്കുകയോ ക്ഷമകേടുകൊണ്ടു നിന്റെ സമ്മാനത്തിന്റെ മാറ്റു കുറയ്ക്കുകയോ ചെയ്യരുതു്.

സ്വാർത്ഥനായ എന്നിലേക്കു നിന്റെ നയനങ്ങളെ ഉയർത്തുക, നിന്നെ സകല കഴപ്പുങ്ങളിലും ആക്രമണങ്ങളിലുംനിന്നു മോചിപ്പിക്കുന്നതിനും ഓരോരുത്തനും അവനവന്റെ കർമ്മമനുസരിച്ചുള്ള ഫലം കൊടുക്കുന്നതിനും എനിക്കു കഴിയും.

അദ്ധ്യായം 37.

ആത്മപരിത്യാഗം.

ക്രിസ്തു: എന്റെ മകനെ, നീ തന്നെത്താനെ വെടിയുക; എന്നാൽ നീ എന്നെ കണ്ടെത്തും.

ഐച്ഛികമായോ സ്വാർത്ഥപരമായോ യാതൊന്നുമില്ലാതെ, നീ എവിടെയാണോ അവിടെത്തന്നെ നിലകൊള്ളുക; എന്നാൽ നിനക്ക് എപ്പോഴും ലാഭമേ ഉണ്ടാവുകയുള്ളൂ.

എന്തുകൊണ്ടെന്നാൽ, നീ വീണ്ടും സ്വാർത്ഥതയെ അവലംബിക്കാതെ, ആത്മപരിത്യാഗം പരിപൂർണ്ണമായി നിർവ്വഹിച്ചുകഴിഞ്ഞാൽ, പൂർവ്വാധികമായ അനുഗ്രഹങ്ങൾ നിനക്കു പ്രദാനം ചെയ്യപ്പെടും.

2. ശിഷ്യൻ: ഭഗവാനെ, എത്ര പ്രാവശ്യം ഞാൻ ആത്മത്യാഗം ചെയ്യണം? ഏതു സംഗതിയിൽ ഞാൻ എന്നെത്തന്നെ ഉപേക്ഷിക്കണം?

3. ക്രീസ്തു: എല്ലായ്പോഴും ഓരോ മണിക്കൂറിലും; ചെറിയ സംഗതിയിലെന്നപോലെ വലിയ സംഗതിയിലും; എനിക്കു വ്യത്യസ്തമായി ഒന്നുമില്ല; സകലതിലും നീ സർവ്വവും ത്യജിച്ചവനായി കാണപ്പെടുന്നതിനു് ഞാൻ ആഗ്രഹിക്കുന്നു.

അങ്ങനെ അല്ലെങ്കിൽ, അകമെയും പുറമെയും നീ സ്വാർത്ഥതയിൽനിന്നു നിർമ്മുക്തനല്ലെങ്കിൽ, നീ എന്റെതും ഞാൻ നിന്റേതുമാകുന്നതെങ്ങനെ?

എത്രത്തോളം വേഗത്തിൽ നീ ഇതു സാധിക്കുന്നോ അത്രത്തോളം നിനക്കു നല്ലതായിരിക്കും; എത്രത്തോളം പൂർണ്ണമായും നിർവ്യാജമായും നീ അതു നിവൃഹിക്കുന്നുവോ അത്രത്തോളം നീ എന്നെ പ്രസാദിപ്പിക്കുകയും അത്രത്തോളം കൂടുതൽ ലാഭം നിനക്കുണ്ടാവുകയും ചെയ്യും.

4. ചിലർ ആത്മപരിത്യാഗം ചെയ്യുന്നുണ്ടു്; പക്ഷെ, അതു ചില വ്യത്യസ്തങ്ങളോടുകൂടിയതത്രെ; എന്തുകൊണ്ടെന്നാൽ അവർ പരിപൂർണ്ണമായി ഈശ്വരനെ ശരണീകരിക്കുന്നില്ല; അതുകൊണ്ടു് അവർ തന്നെ അവക്കു വേണ്ടതു കരുതുന്നതിനു ബദ്ധപ്പെടുന്നു. ചിലർ ആരംഭത്തിൽ എല്ലാം ഈശ്വരനായി സമർപ്പിക്കുന്നു; എന്നാൽ പ്രലോഭനങ്ങളാൽ ആക്രമിക്കപ്പെടുമ്പോൾ, അവർ ഉപേക്ഷിച്ചിരുന്നതിനെ വീണ്ടും അവലംബിക്കുന്നു. അതുകൊണ്ടു സദ്ഗമ്മപദ്ധതിയിൽ അവർ പുരോഗമനം ചെയ്യുന്നില്ല.

ഒന്നാമതായി പൂർണ്ണമായ ആത്മപരിത്യാഗം നിവൃഹിക്കുകയും ദിവസംതോറും എനി

ക്കു് ആത്മബലി അർപ്പിക്കുകയും ചെയ്യുന്നില്ലെങ്കിൽ, ഇവർ ഒരു നിർമ്മലമായ ഹൃദയത്തിന്റെ സാക്ഷാത്തായ സ്വാതന്ത്ര്യത്തെയോ, എന്റെ സുമധുരമായ മൈത്രിയിൽ നിന്നു ലഭ്യമായ അനുഗ്രഹത്തെയോ പ്രാപിക്കുന്നില്ല; ഇതില്ലാതെ ഈശ്വരനോടുള്ള ഫലപ്രദമായ ഐക്യം സാദ്ധ്യമല്ല.

5. നീ തന്നെത്തന്നെ വെടിയുക, ആത്മപരിത്യാഗം ചെയ്യുക, എന്നു ഞാൻ നിന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ടു്; ഇപ്പോൾ അതുതന്നെ ഞാൻ വീണ്ടും പറയുന്നു; അങ്ങനെ ചെയ്താൽ നീ വലുതായ ആത്മീയശാന്തി അനുഭവിക്കും.

സകലതിനുംവേണ്ടി സകലതിനേയും ദാനംചെയ്യുക; യാതൊന്നിനും അപേക്ഷിക്കരുതു്; യാതൊന്നും തിരിച്ചുചോദിക്കരുതു്; പൂർണ്ണമായും സംശയലേശംകൂടാതെയും എന്നെ ശരണീകരിക്കുക! എന്നാൽ നിനക്കു് എന്നെ നിന്റെ വകയാക്കാൻ സാധിക്കും; നിനക്കു ഹൃദയസ്വാതന്ത്ര്യമുണ്ടായിരിക്കുകയും അന്ധകാരം നിന്നെ കീഴടക്കാതിരിക്കയും ചെയ്യും.

സ്വാർത്ഥതയിൽനിന്നു നിർമ്മുക്തനായി, നഗ്നനായി, നിസ്സ്വനായ യേശുവിനെ പിന്തുടരുന്നതിനു, നീ നിന്നെ സംബന്ധിച്ചിടത്തോളം മൃതനായും എന്നെ സംബ

ന്ധിച്ചിടത്തോളം അനന്തജീവിയായും ഭവിക്കാൻ നിന്നെ ശക്തനാക്കുന്നതിനു, മാത്രമായിരിക്കട്ടെ നിന്റെ ഉദ്യമവും പ്രാർത്ഥനയും അഭിലാഷവും.

അപ്പോൾ സകല മൂഢസങ്കല്പങ്ങളും, സകല ദുഷ്ടബാധകളും, അനാവശ്യവ്യഗ്രതകളും തിരോഭവിക്കും.

അപ്പോൾ ക്രമാതീതമായ ഭയവും നിന്നെ വിട്ടുപിരിയും; ക്രമരഹിതമായ സ്നേഹം നശിക്കുകയും ചെയ്യും.

❖❖❖❖❖❖

അദ്ധ്യായം 38.

ആത്മനിയന്ത്രണം

ക്രിസ്തു: എന്റെ മകനെ, ഏതു സ്ഥലത്തും, ഏതു കർമ്മത്തിലായാലും ബാഹ്യമായ ഉദ്യോഗത്തിലായാലും നിനക്കു് ആഭ്യന്തര സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതിനും, നിന്നെ ഭരിക്കുന്നവൻ നീ തന്നെ ആയിരിക്കുന്നതിനും, സകല കായ്യങ്ങളും നിനക്കധീനമായിരിക്കുന്നതിനും, നീ അവയ്ക്കധീനനാകാതിരിക്കുന്നതിനും, ആയിരിക്കണം നിന്റെ ഏറ്റവും ഉത്സാഹപൂർവ്വമായ ഉദ്യമം.

നീ നിന്റെ സ്വന്തം പ്രവൃത്തികളുടെ കത്താവും സ്വാമിയുമായിരിക്കണം; അടിമയോ 'കൂലിക്കു കൃത്തുന്നവനോ' ആയിരിക്കരുതു്.

നീ ഈശ്വരന്റെ സന്താനങ്ങൾക്കുള്ള ഓഹരിക്കും സ്വാതന്ത്ര്യത്തിനും അവകാശിയായിത്തീർന്ന ഒരു സ്വതന്ത്രപൗരനും ഒരു യഥാർത്ഥ ഇസ്രായേൽക്കാരനുമായിരിക്കണം.

എന്തുകൊണ്ടെന്നാൽ, അവർ താല്ക്കാലിക സംഗതികളുടെ മുകളിൽനിന്നുകൊണ്ടു സനാതന സംഗതികളെ ധ്യാനിക്കുന്നു.

അവർ ഇടത്തു കണ്ണുകൊണ്ടു ക്ഷണഭംഗുരങ്ങളായ കാഴ്ചകളേയും വലത്തുകണ്ണുകൊണ്ടു സ്വർഗ്ഗീയകാഴ്ചകളേയും നോക്കുന്നു.

ലൗകിക കാഴ്ചകളിൽ സംസക്തരാകത്തക്കവണ്ണം അവർ അവയാൽ ആകർഷിക്കപ്പെട്ടുന്നില്ല, പ്രത്യുത, സൃഷ്ടികർമ്മത്തിൽ യാതൊന്നും അവ്യവസ്ഥിതമായി ഇട്ടിട്ടില്ലാത്ത ഈശ്വരൻ നിർദ്ദേശിക്കുകയും ആ പരമോൽകൃഷ്ടനായ കലാകാരൻ വ്യവസ്ഥചെയ്യുകയും ചെയ്തിട്ടുള്ള രീതിയിൽ അവയുടെ സമ്യക്കായ പ്രയോജനം സാധിക്കത്തക്കവണ്ണം അവർ അതിലേക്കു് അവയെ ആകർഷിക്കുന്നു.

2. അതുപോലെ എല്ലാ പരിതഃസ്ഥിതി

കളിലും നീ സ്ഥിരമായി നില്ക്കുകയും, നീ കാണുകയും കേൾക്കുകയും ചെയ്യുന്ന സംഗതികളെ ബാഹ്യലക്ഷണങ്ങൾകൊണ്ടു നിശ്ചയം ചെയ്യുകയോ ഇന്ദ്രിയവശഗമായ ദൃഷ്ടികൊണ്ടു നിരീക്ഷിക്കുകയോ ചെയ്യാതെ, ഓരോ കാര്യത്തിലും ഉടനടി മോസസ്സിനെപ്പോലെ വിശുദ്ധമായ ഉപകാരികയിൽ പ്രവേശിച്ചു ഭഗവാന്റെ ഉപദേശത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നുവെങ്കിൽ, നിനക്കു ചിലപ്പോൾ ദിവ്യമായ സന്ദേശം ലഭിക്കുന്നതിനും താൽക്കാലികവും ഭാവിയിലുള്ളതുമായ ഒട്ടധികം കാര്യങ്ങളെസംബന്ധിച്ചു പ്രബുദ്ധനായി അവിടെനിന്നു വരുന്നതിനും സാധിക്കും.

എന്തുകൊണ്ടെന്നാൽ, സംശയങ്ങൾ പരിഹരിക്കുന്നതിനായും പ്രശ്നങ്ങൾ തീരുമാനിക്കുന്നതിനായും മോസസ്സ് എല്ലായ്പോഴും ദിവ്യോപകാരികയിൽ അഭയം പ്രാപിക്കുകയും, ആപത്തുകളിലും മനുഷ്യരുടെ അധമ്മങ്ങളിലും ആശ്രയമായി പ്രാർത്ഥനയുടെ സാഹായം ഉടനടി അവലംബിക്കുകയും ചെയ്തിരുന്നു.

അതുകൊണ്ടു നീയും അപ്രകാരം നിന്റെ ഹൃദയമാകുന്ന അറയെ അഭയം പ്രാപിച്ചു

ദിവ്യസഹായം ഭക്തിപൂർവ്വം അപേക്ഷിക്കണം.

എന്തുകൊണ്ടെന്നാൽ, ഇങ്ങനെ ചെയ്യാതിരുന്നതുമൂലം ജോഷ്വായും ഇസ്രായേൽ സന്തതികളും ഗിബിയോന്യന്മാരാൽ വഞ്ചിക്കപ്പെട്ടുവെന്നു നാം വായിക്കുന്നു. (ജോഷ്വാ. ix. 14) എന്തുകൊണ്ടെന്നാൽ, അവർ ആദ്യമായി ഭഗവാന്റെ ഉപദേശത്തിനായി പ്രാർത്ഥിക്കാതെ, ഭംഗിവാക്കുകളെ എളുപ്പത്തിൽ വിശ്വസിക്കുകയാൽ, കപടമായ ഭക്തിയാൽ വഞ്ചിതരായി.

അദ്ധ്യായം 39.

ലൗകികകാര്യങ്ങളിലുള്ള അത്യൽക്കണ്ഠ

ക്രിസ്തു: എന്റെ മകനെ, എല്ലായ്പോഴും നിന്റെ കാര്യം എന്നെ ഭരമേല്പിക്കുക; ഞാൻ അതിനെ യഥാകാലം നിവൃഹിക്കും എന്റെ തീരുമാനത്തെ പ്രതീക്ഷിച്ചിരിക്കുക; എന്നാൽ അതു നിനക്കു ഗുണകരമായിരിക്കുമെന്നു നിനക്കു മനസ്സിലാകും.

2. ശിഷ്യൻ: ഭഗവാനെ, ഞാൻ സന്തോ

ഷപൂർവ്വം സകലവും അങ്ങയെ ഭരമേല്പിച്ചു കൊള്ളുന്നു. എന്തുകൊണ്ടെന്നാൽ എന്റെ ബദ്ധപ്പാടുകൊണ്ടു യാതൊരു പ്രയോജനവുമില്ലല്ലൊ.

ഭാവിസംഭവങ്ങളെപ്പറ്റി അത്ര ഉൽക്കണ്ഠിതനായിരിക്കാതെ, അങ്ങയുടെ അഭീഷ്ടത്തിനായി സന്തോഷപൂർവ്വം ആത്മസമർപ്പണം ചെയ്യുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

3. ക്രിസ്തു.: എന്റെ മകനെ, പലപ്പോഴും ഒരു മനുഷ്യൻ, അവൻ ആഗ്രഹിക്കുന്ന കാര്യം സാധിക്കുന്നതിനായി, ഉത്സാഹപൂർവ്വം പ്രയത്നിക്കുന്നു; എന്നാൽ അവനു് അതു സിദ്ധിച്ചുകഴിയുമ്പോൾ അവന്റെ മനസ്സു മാറിത്തുടങ്ങുന്നു; എന്തുകൊണ്ടെന്നാൽ, മനുഷ്യരുടെ അഭിനിവേശങ്ങൾ ഒരേ സംഗതിയിൽ തന്നെ നീണ്ടുനില്ക്കുന്നില്ല; പ്രത്യുത, അവ ഒന്നിൽനിന്നു മറ്റൊന്നിലേക്കു മാറിമാറിപ്പോകുന്നു.

അതുകൊണ്ടു ഏറ്റവും നിസ്സാരമായ സംഗതികളിൽപോലും സ്വാർത്ഥത്യാഗം ചെയ്യുക എന്നതു നിസ്സാരമായ കാര്യമല്ല.

ഒരു മനുഷ്യന്റെ യഥാർത്ഥമായ അഭിവൃദ്ധി അവന്റെ ആത്മത്യാഗത്തിൽ അന്തർവീചിരിക്കുന്നു; അങ്ങനെ ആത്മപരിത്യാഗംചെ

യ്ത മനുഷ്യൻ വളരെ സ്വതന്ത്രനായും നിർഭയനായും ജീവിക്കുന്നു.

എന്നാൽ, നല്ലതായിട്ടുള്ള ഏതിനേയും എതിർത്തുകൊണ്ടിരിക്കുന്ന 'പഴയ ശത്രു' മനുഷ്യരെ തെറ്റിക്കുന്നതിനുള്ള ശ്രമങ്ങളിൽനിന്നു് ഒരിക്കലും വിശ്രമിക്കുന്നില്ല. അവൻ കുതലില്ലാത്തവരെ തന്റെ കുരുക്കിലകപ്പെടുത്തുന്നതിനായി, രാപകൽ പതിയിരിക്കുന്നു. 'പ്രലോഭനത്തിൽ അകപ്പെടാതിരിക്കുന്നതിനായി നീ ഉണർന്നിരുന്നു പ്രാർത്ഥിക്കുക,' എന്നു ഭഗവാൻ പറയുന്നു (മാർ. xxvi. 41)

അദ്ധ്യായം 40.

മനുഷ്യനു് അഭിമാനിക്കുന്നതിനായി യാതൊന്നുമില്ല.

ശിഷ്യൻ: "ഭഗവാനെ, അങ്ങു മനുഷ്യനെ ഗണ്യമാക്കുന്നതിനു അവൻ ആരു്? അഥവാ, മനുഷ്യപുത്രനെ അങ്ങു സന്ദർശിക്കുന്നതിനു് അവൻ ആരു്?" (സങ്കീ. viii. 5)

മനുഷ്യനു് അങ്ങയുടെ അനുഗ്രഹം അങ്ങു

ദാനം ചെയ്യുന്നതിനു് അവനു് എന്തു യോഗ്യതയുണ്ടു്?

ഭഗവാനെ, അങ്ങു് എന്നെ ഉപേക്ഷിക്കുന്നുവെങ്കിൽ, എനിക്കു് പരാതി പറയാൻ എന്തു കാരണമുണ്ടു്? അഥവാ, അങ്ങു് എന്റെ പ്രാർത്ഥനയെ നിരസിക്കുന്നുവെങ്കിൽ, അതിനു് എനിക്കു് ന്യായമായ ആക്ഷേപം പറയാൻ എന്തുണ്ടു്?

തീച്ചയായും എനിക്കു് ഇപ്രകാരം യഥാർത്ഥമായി ചിന്തിക്കുകയും പറയുകയും ചെയ്യാവുന്നതാണു്.—ഭഗവാനെ, ഞാൻ വെറും പൂജ്യമാണു്, എനിക്കു യാതൊന്നും ചെയ്യാൻ കഴിവില്ല, എനിക്കു നല്ലതായ യാതൊന്നും സ്വന്തമായി ഇല്ല പ്രത്യുത, എല്ലാ കാര്യങ്ങളിലും ഞാൻ പാവവും നിസ്സ്വനും ശൂന്യതയിലേക്കു നിരന്തരം ചരിച്ചുകൊണ്ടിരിക്കുന്നവനുമാണു്.

അങ്ങു് എന്നെ സഹായിക്കുകയും എനിക്കു് ആത്മീയമായ പ്രബോധനം തരുകയും ചെയ്യുന്നില്ലെങ്കിൽ, ഞാൻ തീരെ മന്ദനും ഉദാസീനനുമായിത്തീരുന്നു.

2. എന്നാൽ, ഓ ഭഗവാനെ, അങ്ങു് എല്ലായ്പോഴും അഭേദനും, അനന്തനും, എല്ലായ്പോഴും ഗുണവാനും നീതിമാനും പരിശുദ്ധനുമാണു്; അങ്ങു് എല്ലാ കാര്യങ്ങളും മംഗള

കരമായും ന്യായമായും പരിശുദ്ധമായും നിർവ്വഹിക്കുകയും അവയെ ബുദ്ധിപൂർവ്വം തീരുമാനിക്കുകയും ചെയ്യുന്നു.

എന്നാൽ മുമ്പോട്ടു പോകുന്നതിനേക്കാൾ പുറകോട്ടു പോകുന്നതിനു സന്നദ്ധനായ ഞാൻ എല്ലായ്പോഴും ഒരേ നിലയിൽത്തന്നെ തുടർന്നുപോകുന്നില്ല; എന്തുകൊണ്ടെന്നാൽ, 'ഏഴു വിഭിന്നങ്ങളായ കാലങ്ങൾ എന്നെ മാറി മാറി ബാധിക്കുന്നു.'

എങ്കിലും അങ്ങു പ്രസാദിക്കുകയും അങ്ങയുടെ കരം എന്നെ സഹായിക്കുന്നതിനു നീട്ടുകയും ചെയ്യുമ്പോൾ, ഞാൻ ക്ഷണനേരം നന്നാകുന്നു; എന്തുകൊണ്ടെന്നാൽ, മനുഷ്യസഹായംകൂടാതെ, അങ്ങേക്കുമാത്രം എന്നെ സഹായിക്കുന്നതിനും, എന്റെ സ്വഭാവത്തിനു മേലാൽ മാറ്റമുണ്ടാകാതെ എന്റെ ഹൃദയം അങ്ങയോടു് അഭിമുഖമാവുകയും അതു് അങ്ങയെ മാത്രം അവലംബിക്കുകയും ചെയ്യത്തക്കവണ്ണം എന്നെ ബലവാനാക്കുന്നതിനും സാധിക്കുന്നു.

3. അതുകൊണ്ടു് അങ്ങയോടുള്ള ഭക്തിമൂലമോ, അനന്യശരണനായ എനിക്കു് അങ്ങയെ ആരായുന്നതിനുള്ള ആവശ്യകതമൂലമോ, മാനുഷമായ സുഖം നിഷ്ക്ലേശം ത്യജിക്കുന്നതു് എങ്ങനെയെന്നു് എനിക്കു സമ്മതമായി

അറിയാൻ കഴിഞ്ഞുവെങ്കിൽ, അങ്ങയുടെ അനുഗ്രഹം ലഭിക്കുമെന്നു് എനിക്കു പ്രത്യാശിക്കുകയും നവമായ ആശ്വാസലബ്ധിയിൽ സന്തോഷിക്കുകയും ചെയ്യാമായിരുന്നു.

എനിക്കു സകലവും ശുഭകരമായിരിക്കുമ്പോഴൊക്കെ, ഓ ഭഗവാനെ, സകലതിന്റേയും ഉല്പത്തിസ്ഥാനമായ അങ്ങയോടു ഞാൻ കൃതജ്ഞനായിരിക്കുന്നു.

എന്നാൽ, എന്നെ സംബന്ധിച്ചിടത്തോളം, ഞാൻ അങ്ങയുടെ ദൃഷ്ടിയിൽ കേവലം കഥയില്ലാത്തവനും, നിസ്സാരനും, അസ്ഥിരനും, ദുർബ്ബലനുമായ ഒരു മനുഷ്യനാണു്.

ആ സ്ഥിതിക്കു് എനിക്കു് അഭിമാനിക്കാൻ എന്തുണ്ടു്? അഥവാ, എന്തിനായി ഞാൻ ബഹുമാനിക്കപ്പെടാൻ ആഗ്രഹിക്കുന്നു? ഇന്നിൽ ഒന്നുമില്ലെന്നുള്ളതല്ലേ പരമാർത്ഥം? ഇതു് ഏറ്റവും വലതായ ഒരു മൗഢ്യംതന്നെയാണു്.

മിഥ്യാഭിമാനം യഥാർത്ഥമായി ഒരു മഹാവ്യാധിയും ഹൃദുതരമായ ഒരു മൗഢ്യവുമാണു്; എന്തുകൊണ്ടെന്നാൽ അതു് സാക്ഷാത്തായ മഹിമയിൽനിന്നു നമ്മെ അകറ്റുകയും സ്വാർത്ഥീയമായ അനുഗ്രഹത്തെ നമ്മിൽനിന്നു് അപഹരിക്കുകയും ചെയ്യും.

എന്തുകൊണ്ടെന്നാൽ, ഒരു മനുഷ്യൻ ത

ന്നെത്താൻ സന്തോഷിക്കുമ്പോൾ അവൻ അങ്ങയുടെ അപ്രീതി സമ്പാദിക്കുന്നു; അവൻ മനുഷ്യരുടെ പ്രശംസയെ ആഗ്രഹിക്കുമ്പോൾ അവനു യഥാർത്ഥമായ സദ്ഗുണങ്ങൾ നഷ്ടപ്പെടുന്നു.

5. എന്നാൽ, ഒരു മനുഷ്യനുള്ള യഥാർത്ഥമായ അഭിമാനവും വിശുദ്ധമായ ആനന്ദവും തന്നെത്താൻ അഭിമാനിക്കാതെ അങ്ങയിൽ അഭിമാനിക്കുന്നതും, സ്വന്തം ശക്തിയിലോ, അന്യോന്യമുവേണ്ടിയല്ലാതെ ഏതെങ്കിലും സൃഷ്ടിയിലോ, സന്തോഷിക്കാതെ അങ്ങയുടെ നാമത്തിൽ ആനന്ദിക്കുന്നതുമാണ്.

എന്റെ നാമമല്ല, അങ്ങയുടെ നാമം വാഴ്ത്തപ്പെടട്ടെ; എന്റെ കൃതിയല്ല, അങ്ങയുടെ കൃതി പ്രശംസിക്കപ്പെടട്ടെ; അങ്ങയുടെ പരിശുദ്ധമായ നാമം വാഴ്ത്തപ്പെടട്ടെ; എന്നാൽ ഞാനാകട്ടെ മനുഷ്യരുടെ പ്രശംസയിൽ യാതൊരു പങ്കിനും അവകാശിയല്ലാതായിരിക്കട്ടെ.

അങ്ങ് എന്റെ അഭിമാനമാകുന്നു; അങ്ങ് എന്റെ ഹൃദയത്തിന് ആനന്ദമാകുന്നു.

അങ്ങയിൽ ഞാൻ ദിവസംമുഴുവനും അഭിമാനിക്കുകയും ആനന്ദിക്കുകയും ചെയ്യും; എന്നാൽ, എന്നെ സംബന്ധിച്ചാണെങ്കിൽ, എന്റെ അവശതകളിലല്ലാതെ യാതൊന്നി

ലും ഞാൻ അഭിമാനിക്കുകയില്ല.

(2 കൊറി. xii 5.)

ഒരു മനുഷ്യനു മറ്റൊരു മനുഷ്യനിൽനിന്നു ലഭിക്കുന്ന ബഹുമതി യഹൂദന്മാർ തേടിക്കൊള്ളട്ടെ; ഈശ്വരനിൽനിന്നുള്ളതു മാത്രമെ ഞാൻ ആവശ്യപ്പെടുകയുള്ളൂ.

അങ്ങയുടെ അനന്തമഹിമയോടു തുലനം ചെയ്യുമ്പോൾ, സകല മാനുഷമഹിമയും സകല ലൗകികബഹുമതിയും സകല ലൗകികപ്രതാപവും കേവലം വ്യാമോഹവും മൗഢ്യവുമാണു്.

ഓ എന്റെ ഈശ്വര, സത്യസ്വരൂപ, കാരുണ്യമൂർത്തേ, വിശുദ്ധത്രിത്വമേ! എന്നേക്കും അങ്ങേക്കുമാത്രമായിരിക്കട്ടെ സ്തുതിയും ബഹുമതിയും ശക്തിയും മഹിമയുമെല്ലാം.

അദ്ധ്യായം 41

ലൗകികബഹുമതിയോടുണ്ടായിരിക്കേണ്ട അവജ്ഞ

ക്രിസ്തു: എന്റെ മകനെ, മറ്റുള്ളവർ ബഹുമാനിക്കപ്പെടുകയും ഉൽക്കർഷം പ്രാപിക്കുകയും ചെയ്യുന്നതായും നീ അവഹേളിക്കപ്പെ

ടുകയും അപകർഷം പ്രാപിക്കുകയും ചെയ്യുന്നതായും കാണുന്നുവെങ്കിൽ, അതിനെപ്പറ്റി നീ ഖേദിക്കരുത്.

സ്വർഗ്ഗസ്ഥനായ എന്നിലേക്കു നിന്റെ ഹൃദയത്തെ ഉയർത്തുക; എന്നാൽ ഭൂമിയിലുള്ള മനുഷ്യരുടെ അവഹേളനം നിനക്കു വ്യസനഹേതുവാകുകയില്ല.

2. ശിഷ്യൻ: ഭഗവാനെ, ഞങ്ങൾ അന്ധതയിൽ സ്ഥിതിചെയ്യുന്നു; വ്യാമോഹം ഞങ്ങളെ എളുപ്പം വഴിതെറ്റിക്കുന്നു. ഞാൻ ശരിയായി ആത്മപരിശോധനം ചെയ്യുന്നുവെങ്കിൽ, ഏതെങ്കിലും സൃഷ്ടി എനിക്ക് എന്തെങ്കിലും ദോഷം എപ്പോഴെങ്കിലും ചെയ്തിട്ടുണ്ടെന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. അതുകൊണ്ട് അങ്ങയെപ്പറ്റി എനിക്കു ന്യായപൂർവ്വം പരാതി പറയാൻ നിവൃത്തിയില്ല.

എന്തുകൊണ്ടെന്നാൽ, ഞാൻ പലപ്പോഴും അങ്ങേക്കു വിരുദ്ധമായി ഗൗരവമേറിയ പാപങ്ങൾ ചെയ്തിട്ടുള്ളതുകൊണ്ട് എല്ലാസൃഷ്ടികളും എനിക്കെതിരായി ന്യായപൂർവ്വം ആയുധമെടുത്തിരിക്കുന്നു.

പരാഭവവും അവഹേളനവും ഞാൻ ന്യായമായി അർഹിക്കുന്നു; എന്നാൽ പ്രശംസയും ബഹുമതിയും മഹിമയും അങ്ങേക്കു സിദ്ധിക്കേണ്ടതാണ്.

സകല സൃഷ്ടികളാലും അവഹേളിക്കപ്പെടുന്നതിനും ഉപേക്ഷിക്കപ്പെടുന്നതിനും നിസ്സാരനായി ഗണിക്കപ്പെടുന്നതിനും ഞാൻ സന്തോഷപൂർവ്വം സന്നദ്ധനാകുന്നില്ലെങ്കിൽ, എനിക്കു് ആത്മീയമായ ശാന്തിയും ശക്തിയും പ്രബുദ്ധതയും സിദ്ധിക്കുന്നതിനോ അങ്ങയോടു സംപൂർണ്ണമായ സായൂജ്യം പ്രാപിക്കുന്നതിനോ സാധിക്കുകയില്ല.

അദ്ധ്യായം 42.

നമ്മുടെ സമാധാനം മനുഷ്യരെ ആശ്രയിക്കാൻ പാടില്ല.

ക്രിസ്തു: എന്റെ മകനെ, ഒരു മനുഷ്യനോടു സഹവസിക്കുന്നതിൽ നിനക്കുള്ള സന്തുഷ്ടിമൂലം നിന്റെ സമാധാനം നീ അവനിൽ നിക്ഷേപിക്കുന്നുവെങ്കിൽ, നിനക്കു് അസ്വസ്ഥതയും വൈഷമ്യവും നേരിടും.

എന്നാൽ സനാതനവും സുസ്ഥിരവുമായ സത്യത്തെ ശരണീകരിക്കുന്നുവെങ്കിൽ, ഒരു സ്നേഹിതന്റെ വിയോഗമോ മരണമോ മൂലം നീ ദുഃഖവിവശനാവുകയില്ല.

നിന്റെ സ്നേഹിതനോടുള്ള സ്നേഹം എന്നിൽ അടി ഉറച്ചിരിക്കണം; നിനക്കു നല്ലവനായി തോന്നുകയും നീ വളരെ സ്നേഹിക്കുകയും ചെയ്യുന്ന അവൻ അപരായിരുന്നാലും എനിക്കു വേണ്ടിയത്രെ അവൻ സ്നേഹിക്കപ്പെടേണ്ടതു്.

എന്നെക്കൂടാതെയുള്ള മൈത്രി ഭൂമ്പുലവും നശ്വരവുമാണു്; ഞാൻ ദൃഢമായി ബന്ധിക്കാത്ത സ്നേഹം യഥാർത്ഥവും നിർമ്മലവുമല്ല.

നിന്നെസ്സംബന്ധിച്ചിടത്തോളം മനുഷ്യസഹവാസമില്ലാതെ കഴിഞ്ഞുകൂടുന്നതിനു നീ അനുഗ്രഹിക്കത്തക്കവണ്ണം, ഈ വിധം മാനുഷമായ സ്നേഹബന്ധങ്ങൾക്കു നീ അനഭിമുഖനായിരിക്കണം.

ഒരു മനുഷ്യൻ ലൗകികസുഖാനുഭോഗങ്ങളിൽനിന്നു് എത്രത്തോളം അകലുന്നുവോ അത്രത്തോളം ഈശ്വരസാമീപ്യം അവൻ പ്രാപിക്കുന്നു.

അവൻ സ്വന്തം ദൃഷ്ടിയിൽ എത്രത്തോളം താഴുകയും നികൃഷ്ടനാവുകയും ചെയ്യുന്നുവോ, ഈശ്വരസന്നിധിയിലേക്കു് അത്രത്തോളം ഉയരത്തിൽ അവൻ ആരോഹണം ചെയ്യും.

2. എന്നാൽ, ഏതെങ്കിലും വിധത്തിൽ നല്ലവനാണെന്നു തന്നെത്താൻ അഭിമാനി

ക്കുന്നവൻ ഈശ്വരാനുഗ്രഹം അവനിൽ പ്രവേശിക്കാതെ നിരോധിക്കുന്നു; എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവിന്റെ അനുഗ്രഹം എപ്പോഴും വിനീതമായ ഒരു ഹൃദയത്തെയാണു് ഇഷ്ടപ്പെടുന്നതു്.

നിന്റെ സ്വാർത്ഥതയെ നിർമ്മൂലം നശിപ്പിക്കുകയും സൃഷ്ടികളോടുള്ള ആസക്തിയെ നീക്കിൽനിന്നു ബഹിഷ്കരിക്കുകയും ചെയ്യാൻ നിനക്കു കഴിയുമെങ്കിൽ, അനുഗ്രഹം ധാരാളമായി നിന്നിലേക്കു പ്രവേശിക്കുന്നതായിരിക്കും.

നിന്റെ നോട്ടം സൃഷ്ടികളിൽ പതിയുമ്പോൾ ഈശ്വരന്റെ ദർശനം നിനക്കു ഇല്ലാതാകുന്നു.

നിന്റെ സ്രഷ്ടാവിനുവേണ്ടി സകല കാര്യങ്ങളിലും ആത്മദമനം പരിശീലിക്കുക; എന്നാൽ ഈശ്വരജ്ഞാനം സമ്പാദിക്കുന്നതിനു നിനക്കു സാധിക്കുന്നതായിരിക്കും.

ഒരു വസ്തു എത്ര നിസ്സാരമായിരുന്നാലും അതിനെ നീ ക്രമരഹിതമായി സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുകയാണെങ്കിൽ, അതു നിന്നെ ദുഃഖിപ്പിക്കുകയും പരമമായ നന്മയെ പ്രാപിക്കുന്നതിനു നിനക്കു പ്രതിബന്ധമായിരിക്കുകയും ചെയ്യും.

❖❖❖❖❖

അദ്ധ്യായം 43.

വ്യർത്ഥമായ ജ്ഞാനം.

ക്രിസ്തു: എന്റെ മകനെ, മനുഷ്യരുടെ വചനങ്ങൾ, അവ എത്ര ഭംഗിയും യുക്തിയും ഉള്ളവ ആയിരുന്നാലും, നിന്റെ ഹൃദയത്തെ ഇളക്കാൻ അനുവദിക്കരുതു്; എന്തുകൊണ്ടെന്നാൽ, 'ഈശ്വരന്റെ രാജ്യം വാക്കുകളിലല്ല, സദ്ധർമ്മത്തിലത്രെ അന്തർഭവിച്ചിരിക്കുന്നതു്'. (1. കൊറി. iv. 20.)

ഹൃദയത്തെ ഉജ്ജ്വലിപ്പിക്കുകയും, മനസ്സിനെ പ്രബുദ്ധമാക്കുകയും, പശ്ചാത്താപം ഉളവാക്കുകയും, ബഹുവിധമായ സുഖാനുഭവങ്ങളെ പ്രദാനം ചെയ്യുകയും ചെയ്യുന്ന എന്റെ വചനങ്ങളെ ശ്രദ്ധിച്ചു കേൾക്കുക.

കൂടുതൽ പാണ്ഡിത്യമോ അറിവോ ഉള്ളവനായി പ്രത്യക്ഷപ്പെടണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി നീ യാതൊന്നും ഒരിക്കലും വായിക്കരുതു്.

നിന്റെ ദുർഗ്രഹണങ്ങളെ നിഗ്രഹിക്കുന്നതിനു ശ്രമിക്കുക; എന്തുകൊണ്ടെന്നാൽ, ഒട്ടുവളരെ വിഷമപ്രശ്നങ്ങൾക്കു സമാധാനം നിർദ്ദേശിക്കുന്നതിനുള്ള സാമർത്ഥ്യത്തെക്കാൾ ഇതു നിനക്കു് ഉപകാരപ്രദമായിരിക്കും.

2. നീ ഒട്ടധികം സംഗതികളെ വായിക്കുകയും പഠിക്കുകയും ചെയ്തുകഴിയുമ്പോൾ, എപ്പോഴും പ്രാഥമികമായ ഒരു മൂലതത്വത്തിലേക്കു നീ മടങ്ങിപ്പോകേണ്ടതുണ്ടിവരും.

മനുഷ്യനെ അറിവു പഠിപ്പിക്കുന്നതു ഞാനാണ്; മനുഷ്യനെ പഠിപ്പിക്കാൻ കഴിയുന്നതിനെക്കാൾ സ്പഷ്ടതരമായ ജ്ഞാനം ഞാൻ ശിശുക്കൾക്കു പ്രദാനം ചെയ്യുന്നു.

ഞാൻ ആരോടു സംഭാഷണം ചെയ്യുന്നുവോ അവൻ വേഗം വിദ്വാനാവുകയും മഹത്തായ ആദ്ധ്യാത്മികാഭിവൃദ്ധിയെ പ്രാപിക്കുകയും ചെയ്യുന്നു.

മനുഷ്യരിൽനിന്നു് ഒട്ടധികം കൗതുകാവഹങ്ങളായ സംഗതികളെ പഠിക്കുന്നതിനു ശ്രമിക്കുകയും എന്നാൽ എന്നെ സേവിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ജിജ്ഞാസുക്കളല്ലാതിരിക്കുകയും ചെയ്യുന്നവർക്കു കഷ്ടം!

ഗുരുക്കന്മാരുടെ ഗുരുഭ്രതനും മാലാഖമാരുടെ അധീശനുമായ ക്രിസ്തു എല്ലാ മനുഷ്യരുടെയും പാഠങ്ങൾ കേൾക്കുന്നതിനായി, അതായതു്, ഓരോരുത്തന്റെയും മനഃസ്സാക്ഷിയെ പരിശോധിക്കുന്നതിനായി, പ്രത്യക്ഷപ്പെടുന്ന സമയം വരുന്നതായിരിക്കും.

അപ്പോൾ അദ്ദേഹം മെഴുകുതിരികൾ കത്തിച്ചു യെരുശലേമിനെ പരിശോധിക്കുക

യും' ഇരുട്ടത്തു മറഞ്ഞിരിക്കുന്ന സാധനങ്ങളെ വെളിച്ചത്തു കൊണ്ടുവരുകയും വാഗ്വാദോത്സുകമായ മനുഷ്യനാവുകയും മൂകീഭവിക്കുകയും ചെയ്യും.

3. വിദ്യാലയങ്ങളിലെ പത്തുവർഷക്കാലത്തെ അഭ്യാസംകൊണ്ടു ഗ്രഹിക്കാൻ കഴിയുന്നതിൽ കൂടുതലായി സനാതന സത്യങ്ങളെപ്പറ്റിയുള്ള യുക്തികളും ഗ്രഹിക്കത്തക്കവണ്ണം വിനയാന്വിതമായ ഒരു മനസ്സിനെ ക്ഷണനേരംകൊണ്ടു് ഉയർത്തുന്നവനാണു് ഞാൻ.

വാക്കുകളുടെ ഒച്ചപ്പാടില്ലാതെ, അഭിപ്രായങ്ങളുടെ ബഹളമില്ലാതെ, ബഹുമതികളുടെ മോഹമില്ലാതെ, വാഗ്വാദസമരമില്ലാതെ, ഞാൻ പഠിപ്പിക്കുന്നു.

ക്ഷുദ്രകിക വസ്തുക്കളെ വെറുക്കുന്നതിനും, താൽക്കാലിക സംഗതികളെ പുച്ഛിക്കുന്നതിനും, ശാശ്വതങ്ങളായ കാര്യങ്ങളെ ആരായുന്നതിനും, അവയിൽ രമിക്കുന്നതിനും ബഹുമതികളെ വർജ്ജിക്കുന്നതിനും അപവാദങ്ങളെ സഹിക്കുന്നതിനും, പ്രത്യാശ മുഴുവനും എന്നിൽ നിക്ഷേപിക്കുന്നതിനും, എനിക്കു പുറമെ യാതൊന്നും ആഗ്രഹിക്കാതിരിക്കുന്നതിനും, സർവ്വോപരി എന്നെ ഗാഢമായി സ്നേഹിക്കുന്നതിനും ഞാൻ പഠിപ്പിക്കുന്നു.

4. എന്തുകൊണ്ടെന്നാൽ, ഒരു മനുഷ്യൻ

എന്നെ പൂർണ്ണമായി സ്നേഹിക്കുകയാൽ, ദിവ്യമായ സംഗതികളിൽ പ്രബുദ്ധനാവുകയും ആശ്ചര്യാവഹങ്ങളായ തത്ത്വങ്ങളെ പ്രസംഗിക്കുകയും ചെയ്യും.

അവന്റെ സർവ്വസംഗപരിത്യാഗം ഗഹനങ്ങളായ വിഷയങ്ങളിലുള്ള പാണ്ഡിത്യത്തെക്കാൾ, അവനു് ഉപകാരപ്രദമായിരുന്നു.

എന്നാൽ ചിലരോടു സാധാരണ സംഗതികളെപ്പറ്റിയും, മറ്റുള്ളവരോടു വിശേഷമായവയെപ്പറ്റിയും ഞാൻ സംഭാഷണം ചെയ്യുന്നു; ചിലക്കു ഞാൻ അടയാളങ്ങളും അലംകാരങ്ങളും വഴി പ്രത്യക്ഷപ്പെടുന്നു; മറ്റുള്ളവക്കു ഞാൻ ദുരവഗാഹങ്ങളായ രഹസ്യങ്ങളെ ഏറ്റവും പ്രകാശമാനമായ വിധത്തിൽ വെളിപ്പെടുത്തിക്കൊടുക്കുന്നു.

ഗ്രന്ഥങ്ങളിലെ ശബ്ദം ഒന്നുതന്നെയെങ്കിലും അതു് എല്ലാവരേയും ഒന്നുപോലെ പഠിപ്പിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഞാൻ ഉള്ളിലിരുന്നു് സത്യത്തെ പഠിപ്പിക്കുകയും, ഹൃദയത്തെ പരിശോധിക്കുകയും, വിചാരങ്ങളെ ഗ്രഹിക്കുകയും, ക്രിയകളെ പ്രോത്സാഹിപ്പിക്കുകയും, ഓരോരുത്തനും വേണ്ടതു് അവനവന്റെ യോഗ്യത അനുസരിച്ചു വിതരണം ചെയ്യുകയും ചെയ്യുന്നു.

അദ്ധ്യായം 44

ബാഹ്യങ്ങളായ സംഗതികൾ ഉപദ്രവകരങ്ങളാണു്.

ക്രിസ്തു: എന്റെ മകനെ, പല സംഗതികളിലും നീ അജ്ഞനായിരിക്കുന്നതും, ഭൂലോകത്തു മുതനായ ഒരുവനായും ലോകം മുഴുവനും നിന്നെസ്സംബന്ധിച്ചിടത്തോളം കുരിശിന്മേൽ വധിക്കപ്പെട്ടതായും നീ തന്നെത്താൻ പരിഗണിക്കുന്നതും നിനക്കു നല്ലതാണു്.

നിന്റെ സമാധാനത്തിനാവശ്യമായ സംഗതികളെപ്പറ്റി ചിന്തിക്കുന്നതിനായി ഒട്ടുവളരെ സംഗതികളെ നീ കേൾക്കാത്തതുപോലെ കടന്നുപോകേണ്ടിയുമിരിക്കുന്നു.

നിനക്കു രസകരമല്ലാത്ത സംഗതികളിൽ നീ ദൃഷ്ടിപതിപ്പിക്കാതിരിക്കുന്നതും ഓരോരുത്തനെയും അവനവന്റെ ചിന്താഗതി അനുസരിക്കുന്നതിനായി വിടുന്നതും വാദപ്രതിവാദസമരങ്ങളിൽ ഏർപ്പെടുന്നതിനെക്കാൾ പ്രയോജനകരമാണു്.

ഈശ്വരനും നീയും തമ്മിൽ രമ്യമായിരിക്കുകയും അദ്ദേഹത്തിന്റെ വിധി നിന്റെ മനസ്സിലുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, നിന്റെ പ്രത്യക്ഷമായ പരാജയം സഹിക്കു

ന്നതിനു നിനക്കു കൂടുതൽ എളുപ്പമുണ്ടായിരിക്കും.

2. ശിഷ്യൻ: ഓ ഭഗവാനെ ഞങ്ങൾ എത്ര ദയനീയമായ ഒരു സ്ഥിതിയിൽ എത്തിയിരിക്കുന്നു? കണ്ടാലും, ഒരു ലൗകികമായ നഷ്ടത്തെക്കുറിച്ചു ഞങ്ങൾ അത്യധികം പരിതപിക്കുന്നു; ചെറുതായ ഒരു ആദായത്തിനായി ഞങ്ങൾ ശ്രമിക്കുകയും പ്രയാസപ്പെടുകയും ചെയ്യുന്നു; എന്നാൽ ആത്മാവിന്റെ നഷ്ടത്തെപ്പറ്റിയുള്ള ചിന്തയേ ഇല്ല; അതിനെപ്പറ്റി യാതൊരു ഓർമ്മയുമില്ല.

നിഷ്പ്രയോജനങ്ങളായ സംഗതികൾ ഞങ്ങളുടെ ചിന്തയ്ക്കു വിഷയമാകുന്നു; എന്നാൽ ഏറ്റവും കൂടുതൽ ആവശ്യമായ കാര്യത്തെ ഉദാസീനമായി ഞങ്ങൾ വിട്ടുകളയുന്നു; എന്തുകൊണ്ടെന്നാൽ ബാഹ്യങ്ങളായ സംഗതികളിൽ മനുഷ്യൻ നിശ്ലേഷം മുഴുകിപ്പോകുന്നു; അവയിൽനിന്നു് അവൻ ഉടനടി വിമുക്തനാകുന്നില്ലെങ്കിൽ, അവയിൽ നിമഗ്നനായിരിക്കുന്ന അവസ്ഥയിൽത്തന്നെ അവൻ സന്തോഷപൂർവ്വം തുടർന്നുപോകുന്നു.

അദ്ധ്യായം 45

എല്ലാവരും വിശ്വാസയോഗ്യരല്ല.

ശിഷ്യൻ: ഓ ഭഗവാനെ, എന്റെ കഷ്ടപ്പാടിൽ എന്നെ സഹായിക്കേണമെ, എന്തുകൊണ്ടെന്നാൽ, മനുഷ്യന്റെ സഹായം ഉപയോഗശൂന്യമാണു്. (സങ്കീ. 1 ix 13.)

വിശ്വാസയോഗ്യത തീർച്ചയായും ഉണ്ടെന്നു ഞാൻ വിചാരിച്ചിരുന്ന സ്ഥാനങ്ങളിൽ എത്രയോ പ്രാവശ്യം എനിക്കു അതു കാണാൻ സാധിക്കാതിരുന്നിട്ടുണ്ടു്!

അതിനെ ഞാൻ പ്രതീക്ഷിക്കാതിരുന്ന സ്ഥാനങ്ങളിൽ എത്രയോ പ്രാവശ്യം ഞാൻ കണ്ടിരിക്കുന്നു!

അതുകൊണ്ടു മനുഷ്യരിലുള്ള പ്രത്യാശനിശ്ശേഷം അർത്ഥശൂന്യമത്രെ! എന്നാൽ, ഓ ഭഗവാനെ, സജ്ജനങ്ങളുടെ രക്ഷ അങ്ങയിൽ സ്ഥിതിചെയ്യുകയാണു്.

ഓ ഭഗവാനെ, ഈശ്വര, ഞങ്ങൾക്കു സംഭവിക്കുന്ന എല്ലാ കായ്ക്കുങ്ങളിലും അങ്ങു വാഴ്ത്തപ്പെടട്ടെ.

ഞങ്ങൾ ബലഹീനരും അസ്ഥിരരുമാണു്; ഞങ്ങൾ വേഗം വഞ്ചിക്കപ്പെടുകയും മാറ്റത്തിനധീനരാവുകയും ചെയ്യുന്നു.

2. ചിലപ്പോഴെങ്കിലും വഞ്ചനയിലോ കുഴപ്പങ്ങളിലോ അകപ്പെടാതിരിക്കത്തക്ക വണ്ണം സകല കാര്യങ്ങളിലും അത്ര കരുതലോടും വിവേകത്തോടും പെരുമാറുന്നതായി ആരുണ്ട്?

എന്നാൽ, ഓ ഭഗവാനെ, അങ്ങയെ ശരണീകരിക്കുകയും ഏകാഗ്രമായ ഹൃദയത്തോടുകൂടെ അങ്ങയെ ആരായുകയും ചെയ്യുന്നവൻ അത്ര എളുപ്പം വഞ്ചിക്കപ്പെടുന്നില്ല.

എന്തെങ്കിലും കഷ്ടപ്പാടു് അവനു നേരിടുന്നുവെങ്കിൽ, അതു് അവനെ എത്ര വിഷമിപ്പിക്കുന്നതായാലും, അങ്ങു് അവനെ ഉടനെ രക്ഷിക്കുകയോ ആശ്വസിപ്പിക്കുകയോ ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അങ്ങയെ അവസാനംവരെ ശരണീകരിക്കുന്ന ഒരുവനെ അങ്ങു് ഉപേക്ഷിക്കുന്നില്ല.

തന്റെ സ്നേഹിതന്റെ സകല കഷ്ടപ്പാടുകളിലും വിശ്വസ്തതയോടെ വർത്തിക്കുന്ന വിശ്വാസയോഗ്യനായ ഒരു മിത്രം അപൂർവ്വമായിട്ടേ കാണപ്പെടുന്നുള്ളൂ.

ഓ ഭഗവാനെ, എല്ലാ സംഗതികളിലും ഏറ്റവും വിശ്വാസയോഗ്യനായി അങ്ങു മാത്രമേയുള്ളൂ; അങ്ങേക്കു സമാനനായി വേറെ ആരുമില്ല.

3. 'എന്റെ മനസ്സു' അമ്പരപ്പോടെ ഉ

റച്ചിരിക്കുന്നു; എന്തുകൊണ്ടെന്നാൽ അതു ക്രിസ്തുവിൽ ശ്രുധമൂലമാണു്.' എന്നു പറഞ്ഞ ആ പുണ്യാത്മാവിന്റെ ബുദ്ധി എത്ര വിശിഷ്ടമായിരിക്കുന്നു!

എന്റെ സ്ഥിതിയും അവ്വിധമായിരുന്നുവെങ്കിൽ മാനുഷഭയം എന്നെ അത്ര എളുപ്പം അസ്വസ്ഥനാക്കുകയോ വാക്ശരങ്ങൾ എന്നെ ചഞ്ചലനാക്കുകയോ ചെയ്യുമായിരുന്നില്ല.

സകല കാര്യങ്ങളേയും മുൻകൂട്ടി കാണുന്നതിനു് ആർക്കു കഴിയും? ഭാവിവിപത്തുകളെയെല്ലാം തടയുന്നതിനു ആർക്കു സാധിക്കും?

ഞങ്ങൾ മുൻകൂട്ടിക്കാണുന്ന സംഗതികൾതന്നേയും പലപ്പോഴും ഞങ്ങൾക്കു ദോഷംചെയ്യുന്ന സ്ഥിതിക്കു് അപ്രതീക്ഷിതമായ സംഗതികൾ ഞങ്ങൾക്കു എങ്ങനെ ഗുരുവ്യാവഹമായ വിധത്തിൽ ദോഷകരമാകാതിരിക്കും?

എന്നാൽ അസഹായനായ ഞാൻ എന്തുകൊണ്ടു് എനിക്കുവേണ്ടതൊക്കെ കുറെക്കൂടി നല്ലവണ്ണം കരുതിയിരുന്നില്ല? എന്തുകൊണ്ടു ഞാൻ മറ്റുള്ളവരെ അത്ര എളുപ്പം വിശ്വസിച്ചു?

എന്നാൽ ഒട്ടധികംപേർ ഞങ്ങളെ മാലാഖമാരെന്നു പുകഴ്ത്തുകയും വിളിക്കുകയും ചെയ്യുന്നുവെങ്കിലും, ഞങ്ങൾ മനുഷ്യർ, കേവലം

ബലഹീനരായ മനുഷ്യർ, അത്രെ.

ഓ ഭഗവാനെ ഞാൻ ആരെ വിശ്വസിക്കണം? അങ്ങയെ അല്ലാതെ മറാരെ ഞാൻ വിശ്വസിക്കണം? അങ്ങു വഞ്ചിക്കുകയോ വഞ്ചിക്കപ്പെടുകയോ ചെയ്യാൻ സാധിക്കാത്ത സത്യസ്വരൂപനാണു്.

നേരേമറിച്ചു്, 'ഓരോ മനുഷ്യനും കള്ളം പറയുന്നവനാണു്,' ഭൂമ്പുലനും, അസ്ഥിരനും, പ്രമാദത്തിനു് വിശേഷിച്ചു സംഭാഷണത്തിൽ, വശംവദനുമാണു്; അതുകൊണ്ടു് പ്രത്യക്ഷത്തിൽ നല്ലതായി കാണപ്പെടുന്നതിനെയും നാം വേഗം വിശ്വസിക്കരുതു്.

4. മനുഷ്യരെ സൂക്ഷിച്ചുകൊള്ളണമെന്നും (മാത്യു x. 17, 36.) ഒരു മനുഷ്യന്റെ ശത്രുക്കൾ അവന്റെ വീട്ടിലുള്ളവർതന്നെയെന്നും, 'ഇതാ ക്രിസ്തു ഇവിടെയുണ്ടു്, അല്ല, ഇതാ, അവിടെയുണ്ടു്' (മാത്യു xxiv-28.) എന്നു് ആരെങ്കിലും പറയുന്നുവെങ്കിൽ വിശ്വസിക്കരുതെന്നും അങ്ങു് എത്ര ബുദ്ധിപൂർവ്വം ഞങ്ങൾക്കു കരുതൽ തന്നിരിക്കുന്നു.

എന്റെ അദ്ധ്യാപകൻ എനിക്കു ദോഷം ചെയ്തിരിക്കുന്നു; എന്റെ മൗഢ്യം വർദ്ധിക്കാതിരിക്കുന്നതിനുവേണ്ട ബുദ്ധി തരാൻ അങ്ങു് ഉപകരിക്കണമെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

"സൂക്ഷിച്ചുകൊള്ളുക, സൂക്ഷിച്ചുകൊള്ളുക, ഞാൻ നിന്നോടു പറയുന്നതു രഹസ്യമായിരിക്കണം," എന്നു് ഒരുവൻ പറയുന്നു; ഞാൻ മൗനം അവലംബിക്കുകയും അതു് ഒരു രഹസ്യമാണെന്നു വിശ്വസിക്കുകയും ചെയ്യുമ്പോൾ എന്നെ സൂക്ഷിക്കാൻ ഏല്പിച്ചതു് അവനു സൂക്ഷിക്കാൻ സാധിക്കാതെ വരുകയും, പെട്ടെന്നു് എന്നെയും അവനെത്തന്നെയും ഒറിക്കൊടുത്തിട്ടു് അവൻ അവന്റെ പാട്ടിനു പോവുകയും ചെയ്യുന്നു.

ഓ ഭഗവാനെ, അങ്ങു് അത്തരം ദ്രോഹോദ്യതരും സാഹസികരുമായ ആളുകളുടെ കരങ്ങളിൽ ഞാൻ അകപ്പെടാതിരിക്കാൻ അവരിൽ നിന്നു എന്നെ രക്ഷിക്കണമെ; അത്തരം അകൃത്യങ്ങൾ ഞാൻതന്നെ ചെയ്യാതിരിക്കുന്നതിനും എന്നെ അനുഗ്രഹിക്കണമെ.

ഞാൻ സംഭാഷണത്തിൽ സത്യനിഷ്ഠയും സ്ഥൈര്യവുമുള്ളവനായിരിക്കുന്നതിനു് എന്നെ അനുഗ്രഹിക്കണമെ; കാപട്യമുള്ള നാക്കു് എന്നിൽനിന്നു എടുത്തുകളയണമെ.

എനിക്കു സഹിക്കാൻ മനസ്സില്ലാത്തതു ഞാൻ സ്വപ്രകാരേണയും ചെയ്യാതിരിക്കേണ്ടതാണു്.

മറ്റുള്ളവരെപ്പറ്റി മൗനം അവലംബി

ക്കുന്നതും, പറഞ്ഞുകേൾക്കുന്നതെല്ലാം വിശ്വസിക്കാതിരിക്കുന്നതും, അതിനെ പറഞ്ഞു പരത്താതിരിക്കുന്നതും, അധികംപേക്ക് ഒരുവന്റെ രഹസ്യം വെളിപ്പെടുത്തിക്കൊടുക്കാതിരിക്കുന്നതും, അന്തഃകരണസാക്ഷിയായ അങ്ങയെ എപ്പോഴും ആരായുന്നതും, വാശ്വാദമാകുന്ന കാറ്റിനാൽ അലട്ടപ്പെടാതെ സകല കാര്യങ്ങളും അങ്ങയുടെ അഭീഷ്ടമനുസരിച്ചു നിർവ്വഹിക്കപ്പെടുന്നതിനു് ആഗ്രഹിക്കുന്നതും, ഓ, എത്ര നല്ലതും സമാധാനപ്രദവുമായ ഒരു സംഗതിയാണു്.

മനുഷ്യരെ കാണുകപോലും ചെയ്യാതെ അവരിൽനിന്നു് അകലുന്നതും, മനുഷ്യരുടെ പ്രശംസയ്ക്കു പാത്രീഭവിക്കുന്നതിനു പര്യാപ്തമെന്നു തോന്നുന്ന സംഗതികളെ തേടാതെ ജീവിതസംസ്കരണത്തിനും ഭക്തിക്കും ഉപകരിക്കുന്നവയെ അത്യുത്സാഹപൂർവ്വം അനുസരിക്കുന്നതും സ്വർഗ്ഗീയാനുഗ്രഹത്തെ നിർബ്ബാധം പരിപാലിക്കുന്നതിനു് എത്ര സമർത്ഥമായ ഒരു മാർഗ്ഗമാണു്!

എത്ര വളരെ ആളുകൾക്കു് അവരുടെ സൽസ്വഭാവം പ്രസിദ്ധമാകുന്നതും വളരെ വേഗം പ്രശംസിക്കപ്പെടുന്നതും ഹാനികരമായി ഭവിച്ചിട്ടുണ്ടു്!

പ്രലോഭനവും സമരവും നിറഞ്ഞിരിക്കു

ന്ന ഈ ദുർബ്ബലജീവിതത്തിൽ ദിവ്യാനുഗ്രഹത്തെ ആഭോടം കൂടാതെ ഞങ്ങൾ പരിപാലിച്ചാൽ അതു് എത്ര പ്രയോജനകരമായിയിരിക്കും.

അദ്ധ്യായം 46.

ഈശ്വരനിലുള്ള വിശ്വാസം.

ക്രിസ്തു: എന്റെ മകനെ, സ്ഥൈര്യവാനായിരിക്കുക; എന്നിൽ വിശ്വസീക്കുക; എന്തുകൊണ്ടെന്നാൽ, വാക്കുകൾ കേവലം വാക്കുകളല്ലാതെ പിന്നെ എന്താണു്?

അവ വായുവിൽക്കൂടെ പറക്കുന്നു; എന്നാൽ ഒരു കല്ലിനുപോലും ദോഷം ചെയ്യാൻ അവയ്ക്കു കഴിവില്ല.

നീ അപരാധിയാണെങ്കിൽ, നിന്റെ ജീവിതത്തെ പരിഷ്കരിക്കുന്നതിനു നീ സന്തോഷപൂർവ്വം തീർച്ചയെടുക. നിന്റെ മനസ്സാക്ഷി നിന്നിൽ അപരാധാരോപണം ചെയ്യുന്നില്ലെങ്കിൽ, ഈശ്വരനുവേണ്ടി ഇതു സന്തോഷപൂർവ്വം സഹിക്കുന്നതിനു സന്നദ്ധനാവുക.

കഠിനമായ പ്രഹരങ്ങൾ സഹിക്കുന്നതിന നിനക്കു് ഇനിയും ധൈര്യമില്ലെങ്കിൽ, ചിലപ്പോൾ നീ വാക്കുകൾമൂലം വേദന അനുഭവിക്കേണ്ടിവരുന്നതു് അത്ര വലിയ കാര്യമല്ല.

നീ ഇപ്പോഴും ഇന്ദ്രിയവശഗനായിരിക്കുകയും മനുഷ്യർക്കു നിനക്കു് ആകാവുന്നതിൽ കൂടുതലായ പ്രാധാന്യം കല്പിക്കുകയും ചെയ്യുന്നതുകൊണ്ടല്ലെങ്കിൽ, അത്ര നിസ്സാരമായ സംഗതികൾ നിന്റെ ഹൃദയത്തിൽ പതിയുന്നതു് എന്തുകൊണ്ടാണു്?

എന്തുകൊണ്ടെന്നാൽ, നീ അവഹേളനത്തെ ഭയപ്പെടുന്നതുകൊണ്ടത്രെ നിന്റെ കുറങ്ങൾക്കായി ശാസിക്കപ്പെടുന്നതു നിനക്കു ഹിതമല്ലാതിരിക്കുകയും ഒഴിവുകഴിവുകളിൽ അഭയം പ്രാപിക്കാൻ നീ ശ്രമിക്കുകയും ചെയ്യുന്നതു്.

എന്നാൽ കുറേക്കൂടി നല്ലവണ്ണം നീ ആത്മപരിശോധനം ചെയ്യുക; ലോകവും മനുഷ്യരെ പ്രസാദിപ്പിക്കുന്നതിനായുള്ള ഒരു വ്യർത്ഥമായ മോഹവും ഇപ്പോഴും നിന്നിൽ സജീവമായി കുടികൊള്ളുന്നുവെന്നു് അപ്പോൾ നിനക്കു ബോധ്യമാകും.

എന്തുകൊണ്ടെന്നാൽ, നിന്റെ അപരാധങ്ങൾ നിമിത്തം ഉണ്ടാകുന്ന പരാഭവവും

അവഹേളനവും സഹിക്കുന്നതു നിനക്കു ഹിതമല്ലാത്തതിൽനിന്നു നിനക്കു് ഇപ്പോഴും യഥാർത്ഥമായ വിനയമില്ലെന്നും ലോകവും നീയും പരസ്പരമുള്ള ഗാഢബന്ധം നീ നിശ്ശേഷം വെടിഞ്ഞിട്ടില്ലെന്നും സ്പഷ്ടമാണു്.

എന്റെ വാക്കു നീ ശ്രദ്ധിച്ചുകേൾക്കുക; എന്നാൽ മനുഷ്യരുടെ പതിനായിരം വാക്കുകൾക്കു നീ യാതൊരു വിലയും കല്പിക്കുകയില്ല.

കണ്ടാലും, മനുഷ്യന്റെ ഭൗഷ്ട്യത്തിനു സൃഷ്ടിക്കാൻ കഴിയുന്ന സകലവും നിനക്കു വിപരീതമായി പറയപ്പെട്ടാലും നീ അതിനെ ഒട്ടും വകവയ്ക്കാതെ തള്ളിക്കളയുന്നുവെങ്കിൽ; അതിനു് നിനക്കു് എന്തു ദോഷം ചെയ്യാൻ കഴിയും? നിന്റെ ശിരസ്സിൽനിന്നു് ഒറ്റ രോമമെങ്കിലും പിഴുതുകളയാൻ അതിനു കഴിയുമോ?

ഉള്ളിൽ ഹൃദയമോ കൺമുമ്പാകെ ഈശ്വരനോ ഇല്ലാത്തവൻ നിന്ദാസൂചകമായ ഒറ്റ വാക്കു കേട്ടാൽ എള്ളപ്പം ഇളകിപ്പോകുന്നു.

എന്നാൽ എന്നിൽ വിശ്വസിക്കുകയും സ്വാഭിപ്രായം പാലിക്കണമെന്നു് ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നവൻ മനുഷ്യരെപ്പറ്റിയുള്ള ഭയത്തിൽനിന്നു് വിമുക്തനായിരിക്കും.

എന്തുകൊണ്ടെന്നാൽ, എല്ലാ രഹസ്യങ്ങളെയും വിധിക്കുകയും കണ്ടുപിടിക്കുകയും ചെയ്യുന്നവനാണു് ഞാൻ; സംഗതികളുടെ സ്ഥിതിയെന്തെന്നു് എനിക്കറിയാം, ഉപദ്രവം ചെയ്തവനെയും അതു് അനുഭവിച്ചവനെയും എനിക്കറിയാം.

ഒട്ടുവളരെ ഹൃദയങ്ങളിലുള്ള വിചാരങ്ങൾ പ്രകാശിപ്പിക്കപ്പെടും." (ലൂക്കൊ. ii. 25.) എന്ന വചനം എന്നിൽനിന്നത്രെ പുറപ്പെട്ടതു്; എന്റെ അനുവാദത്തോടുകൂടിയത്രെ അതു സംഭവിച്ചതു്.

സാപരാധനെയും നിരപരാധനെയും ഞാൻ വിധിക്കും; എന്നാൽ ഒരു രഹസ്യമായ വിധിയാൽ ഞാൻ രണ്ടുപേരെയും മുൻകൂട്ടി പരിശോധിക്കും.

4. മനുഷ്യരുടെ സാക്ഷ്യം പലപ്പോഴും കപടമാണു്; എന്നാൽ എന്റെ വിധി സത്യമാണു്; അതു നിലനില്ക്കുന്നതും അഭേദ്യവുമാണു്.

അതു മിക്കവാറും നിഗ്രഹവും ബഹുകം പേക്കും സകലതിലും അറിയാൻ സാധിക്കാത്തതുമാണു്; എങ്കിലും, അതു, മൂഢന്മാരുടെ ദൃഷ്ടിയിൽ ശരിയല്ലെന്നു തോന്നിയാലും, ഒരിക്കലും തെറ്റാത്തതും തെറ്റാൻ പാടില്ലാത്തതുമാണു്.

അതുകൊണ്ട്, ഓരോ വിധിയേയും സംബന്ധിച്ചു, നീ നിന്റെ സ്വന്തം ഹിതം അവലംബിക്കാതെ, എന്നെ അഭയം പ്രാപിക്കണം.

നീതിമാനായ മനുഷ്യൻ, ഈശ്വനിൽ നിന്നു് അവനു് എന്തുതന്നെ സംഭവിച്ചാലും അസ്വസ്ഥനാവുകയില്ല. (Prov. xii. 21.) അന്യായമായ ഒരു അപരാധാരോപണം അവന്റെ മേലുണ്ടായാലും, അവൻ അതിനെ സാരമാക്കുകയില്ല; മറവുള്ളവർ അവന്റെ നിർദ്ദോഷതയെ യുക്തിയുക്തം സ്ഥാപിച്ചാൽ അവൻ കഥയില്ലാതെ ഉല്ലസനാവുകയുമില്ല.

എന്തുകൊണ്ടെന്നാൽ, ഹൃദയത്തെയും കടിഞ്ഞാണിനെയും പരിശോധിക്കുന്നതു് ഞാനാണെന്നും, മുഖംനോക്കിയോ മനുഷ്യരുടെ ബാഹ്യലക്ഷണങ്ങൾകൊണ്ടോ വിധിക്കുന്നവനല്ല ഞാനെന്നും അവൻ ആലോചിക്കുന്നു.

എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ അഭിപ്രായമനുസരിച്ചു സ്തുത്യർഹമായി ഗണിക്കപ്പെടുന്നതു പലപ്പോഴും എന്റെ ദൃഷ്ടിയിൽ ശാസനാർഹമായിക്കാണപ്പെടുന്നു.

5. ശിഷ്യൻ: ഓ ഭഗവാനെ, ഈശ്വര, നീതിമാനായ വിധികർത്താവെ, അഖണ്ഡ

ശക്തിയും ക്ഷമാമൂർത്തിയുമായുള്ളോവെ, മനുഷ്യന്റെ ദൗർബ്ബല്യവും ദൗഷ്ട്യവും അറിയുന്ന അങ്ങു് എന്റെ ബലവും ശുകരണവുമായിരിക്കേണമെ; എന്തുകൊണ്ടെന്നാൽ എന്റെ സ്വന്തം മനഃസാക്ഷി എനിക്കു മതിയാകുന്നില്ല.

എനിക്കു് അറിയാൻ പാടില്ലാത്തതു് അങ്ങേക്കു് അറിയാമല്ലോ; അതുകൊണ്ടു ഞാൻ ശാസിക്കപ്പെടുന്ന ഓരോ പ്രാവശ്യവും ഞാൻ പൂർവ്വാധികം വിനീതനാകേണ്ടതും അശാസനയെ സൗമ്യതയോടെ സഹിക്കേണ്ടതുമാണു്.

ഞാൻ അപ്രകാരം ചെയ്തിട്ടില്ലാത്ത ഓരോ പ്രാവശ്യവും അങ്ങയുടെ കൃപയാൽ എനിക്കു മാപ്പു തരേണമെ എന്നും പൂർവ്വാധികം സഹനശക്തി തന്നു് എന്നെ അനുഗ്രഹിക്കേണമെ എന്നും അങ്ങയോടു ഞാൻ യാചിച്ചുകൊള്ളുന്നു.

എന്തുകൊണ്ടെന്നാൽ, എനിക്കു പാപവിമോചനം ലഭിക്കുന്നതിനു് അങ്ങയുടെ മഹത്തായ കാരുണ്യം, എന്റെ നിഗ്രഹമായ മനസ്സാക്ഷിയെ ന്യായീകരിക്കുന്നതിനു പര്യാപ്തമെന്നു ഞാൻ സങ്കല്പിക്കുന്ന നീതിയെക്കാൾ, എനിക്കു നല്ലതാണു്.

എന്റെ മനസ്സാക്ഷി എന്നെ കുറപ്പെടു

ത്തുന്നില്ലെങ്കിലും, അതിനാൽ ഞാൻ നിരപരാധനാണെന്നു് എനിക്കു് സമർത്ഥിക്കാവുന്നതല്ല; എന്തുകൊണ്ടെന്നാൽ അങ്ങയുടെ കാരുണ്യമില്ലെങ്കിൽ, ജീവിച്ചിരിക്കുന്ന യാതൊരു മനുഷ്യനും അങ്ങയുടെ ദൃഷ്ടിയിൽ നിർദ്ദോഷനെന്നു സമർത്ഥിക്കപ്പെടാവുന്നതല്ല.

(സങ്കീ. cxiii)

അദ്ധ്യായം 47.

നാം സഹിച്ചേ മതിയാവൂ എന്നുള്ള കാര്യങ്ങൾ.

ക്രിസ്തു: എന്റെ മകനെ, എനിക്കുവേണ്ടി നീ ഭരമേറിട്ടുള്ള പ്രയത്നങ്ങളാൽ നീ നഷ്ടധൈര്യനാകരുതു്; നിനക്കു നേരിടുന്ന കഷ്ടപ്പാടുകൾ നിന്നെ നിരാശനാക്കുകയും ചെയ്യരുതു്; പ്രത്യുത, എന്റെ പ്രതിജ്ഞ നിന്നെ ബലവാനാക്കുകയും എല്ലാ സംഗതികളിലും ആശ്വസിപ്പിക്കുകയും ചെയ്യട്ടെ.

നിനക്കു് അളവറ്റ പ്രതിഫലം തരുന്നതിനു് എനിക്കു കഴിയും.

നീ ഇവിടെ ദീർഘകാലം അദ്ധ്വാനിക്കേണ്ടിവരുകയില്ല; എല്ലായ്പോഴും നീ ദുഃഖപീഡിതനുമായിരിക്കുകയില്ല.

അല്പകാലംകൂടി ക്ഷമിക്കുക; എന്നാൽ നിന്റെ ദുഃഖങ്ങൾ വളരെ വേഗം അവസാനിക്കുന്നതായി നിനക്കു കാണാം.

ക്ലേശവും ബുദ്ധിമുട്ടും മേലാൽ ഉണ്ടായിരിക്കുകയില്ലെന്നുള്ള ഒരു കാലം വരും.

കാലത്തോടുകൂടി തിരോഭവിക്കുന്നതെല്ലാം അസാരവും ക്ഷണഭംഗുരവുമാണു്.

2. നിനക്കു ചെയ്വാനുള്ളതു ചെയ്യുക; എന്റെ മുന്തിരിത്തോട്ടത്തിൽ നിഷ്കപടമായി വേലചെയ്യുക, നിന്റെ പ്രതിഫലം ഞാൻ തന്നെ ആയിരിക്കും.

എഴുതുക, വായിക്കുക, പാടുക, നെടുവീർപ്പിടുക; മൗനമവലംബിക്കുക, പ്രാർത്ഥിക്കുക, ധൈര്യപൂർവ്വം നിന്റെ കുരിശു വഹിക്കുക; അനന്തജീവിതം ഈ സമരങ്ങൾക്കൊക്കെയും, അവയിൽ കൂടുതലായവയ്ക്കും, യോഗ്യമാണു്.

ഭഗവാനു് അറിയാവുന്ന ഒരു ദിവസം സമാധാനം വരും; അതു ഇപ്പോഴത്തെപ്പോലെ പകലും രാത്രിയുമായി മാറിക്കൊണ്ടിരിക്കുന്നതായിരിക്കുകയില്ല; പ്രത്യുത, അതു് അനശ്വരമായ പ്രകാശവും അനന്തമായ ശോഭയും സ്ഥിരമായ ശാന്തിയും നിർബ്ബാധമായ വിശ്രമവും ആയിരിക്കും.

"ഈ മൃത്യു ആകുന്ന ശരീരത്തിൽനിന്നു് എന്നെ ആരു മോചിപ്പിക്കും?" (റോമ. vii 24)

എന്നു നീ അപ്പോൾ പറയുകയില്ല; "എന്റെ യാത്ര ദീഘ്ലീകൃതമായിരിക്കുന്നതു് എനിക്കു കഷ്ടമാണു്" (സങ്കീ. cxix. 5.) എന്നു നീ വിലപിക്കുകയുമില്ല; എന്തുകൊണ്ടെന്നാൽ, ഒരിക്കലും ക്ഷയിക്കാത്ത ആരോഗ്യമല്ലാതെ മരണമോ, പരമമായ ആനന്ദവും സുമധുരവും സുമനോഹരവുമായ സംസർഗ്ഗവുമല്ലാതെ വ്യാകുലതയോ, മേലാലുണ്ടായിരിക്കുകയില്ല.

3. സ്വർഗ്ഗസ്ഥരായ പുണ്യവാന്മാരുടെ അനശ്വരങ്ങളായ കിരീടങ്ങളെയും, ഈ ലോകത്തു് ഒരു കാലത്തു നികൃഷ്ടന്മാരായും ജീവിക്കാൻ തന്നെ കൊള്ളരുതാത്തവരായും ഗണിക്കപ്പെട്ട അവർ ഇപ്പോൾ എത്ര പ്രതാപവാന്മാരായി, വിജയശ്രീലാളിതരായി ആനന്ദിക്കുന്നുവെന്ന യാഥാർത്ഥ്യത്തെയും നീ കണ്ടിരുന്നുവെങ്കിൽ, തീർച്ചയായും നീ വിനയാതിരേകത്താൽ ഭൂമിയോളം താഴുകയും യാതൊരുവന്റെയും മേലാവാകാൻ ആഗ്രഹിക്കാതെ സകലരുടെയും പാദശുശ്രൂഷകനായിരിക്കുന്നതിനു ശ്രമിക്കുകയും ചെയ്യുമായിരുന്നു. അതുപോലെതന്നെ ഈ ജീവിതത്തിലെ സന്തോഷകരമായ ദിവസങ്ങളെ മോഹിക്കാതെ, നീ ഈശ്വരനുവേണ്ടി കഷ്ടപ്പാടു അനുഭവിക്കുന്നതിൽ ആനന്ദിക്കുകയും, മനു

ഷ്യരുടെ ഇടയിൽ നിസ്സാരനായി ഗണിക്കപ്പെടുന്നതു നിനക്കു് ഏറ്റവും വലുതായ ഒരു ഗുണമായി കരുതുകയും ചെയ്യുമായിരുന്നു.

2. ഓ! ഈ സംഗതികളെപ്പറ്റി യഥാർത്ഥമായ ഒരു ബോധം നിനക്കുണ്ടായിരിക്കുകയും അവ നിന്റെ ഹൃദയത്തിൽ അവഗാഢമായി പതിയുന്നതിനു നീ ഇടയാക്കുകയും ചെയ്യുവെങ്കിൽ, ഒരു പ്രാവശ്യമെങ്കിലും പരാതി പതിയുന്നതിനു തുനിയാൻ നിനക്കു് എങ്ങിനെ സാധിക്കും?

ക്ലേശകരമായ അദ്ധ്വാനങ്ങളെല്ലാം അനന്തജീവിതത്തിനുവേണ്ടി സഹിക്കപ്പെടേണ്ടതല്ലേ?

ഈശ്വരരാജ്യം നഷ്ടപ്പെടുകയോ ലഭിക്കുകയോ ചെയ്യുക എന്നതു് ഒരു ചെറുതായ കാര്യമല്ല.

അതുകൊണ്ടു, നിന്റെ മുഖം സ്വർഗ്ഗത്തേക്കു് ഉയർത്തുക; കണ്ടാലും, ഈ ലോകത്തു വലുതായൊരു സമരം ചെയ്തു ഞാനും എന്നോടുകൂടിയുള്ള എന്റെ പുണ്യവാന്മാരും ഇപ്പോൾ ആനന്ദിക്കുന്നു, ഇപ്പോൾ സുഖം അനുഭവിക്കുന്നു, ഇപ്പോൾ നിർഭയരായിരിക്കുന്നു, ഇപ്പോൾ വിശ്രമിക്കുന്നു; അവർ അനന്തകാലത്തേക്കും എന്നോടുകൂടി എന്റെ പിതാവിന്റെ രാജ്യത്തു താമസിക്കും.

അദ്ധ്യായം 48

അനന്ത ദിവസം

ശിഷ്യൻ: ഓ സ്വർഗ്ഗീയ നഗരത്തിലെ പരമാനന്ദഭ്രയിഷ്ടമായ ഹർമ്മ്യമെ! രാത്രിയിലെ അന്ധകാരമില്ലാത്ത, സത്യസ്വരൂപനാൽ അനവരതം പ്രകാശിതമായിരിക്കുന്ന, എപ്പോഴും ആനന്ദപൂർണ്ണമായിരിക്കുന്ന, എപ്പോഴും നിരപായമായിരിക്കുന്ന, ഒരിക്കലും അവസ്ഥാന്തരമുണ്ടാകാതെ, നിർഭേദമായിരിക്കുന്ന, ഓ! ജാജ്വല്യമാനമായ അനന്തകാല ദിവസമെ!

ഓ! ആ ദിവസം ഞങ്ങളെ പ്രകാശിപ്പിക്കുകയും ഈ ലൗകിക കാര്യങ്ങളെല്ലാം അവസാനിക്കുകയും ചെയ്തുവെങ്കിൽ!

അത്ര പുണ്യവാന്മാർക്ക് അനശ്വരമായ പ്രകാശധോരണിയെ പ്രദാനം ചെയ്യുന്നുവെന്നുള്ളതു് തീർച്ചതന്നെ; എന്നാൽ ഭൂമിയിൽ തീർത്ഥയാത്രക്കാരായിരിക്കുന്ന ഞങ്ങൾക്കു് അത്ര ബഹൂദൂരസ്ഥിതമായി 'കണ്ണാടിയിൽക്കൂടെ എന്നപോലെ മങ്ങി' മാത്രമേ ദൃശ്യമായിരിക്കുന്നുള്ളൂ.

2. സ്വർഗ്ഗരാജ്യപൗരന്മാർക്കു് ആ ദിവസം എത്ര ആനന്ദപൂർണ്ണമാണെന്നു് അറിയാം; എ

ന്നാൽ സ്വരാജ്യഭ്രഷ്ടരായിരിക്കുന്ന ഹവ്വായുടെ സന്തതികളായ ഞങ്ങൾ ഞങ്ങളുടെ ഐഹികജീവിതത്തിന്റെ ദുഃഖപൂർണ്ണതയെയും രസശൂന്യതയെയും പറഞ്ഞു വിലപിക്കുന്നു.

ഐഹികജീവിതത്തിലെ ദിവസങ്ങൾ പരിമിതവും, ദുഷ്ടവും ദുഃഖവും വേദനയും നിറഞ്ഞതുമാണു്; ഇവിടെ മനുഷ്യൻ അനവധി പാപങ്ങളാൽ ദൂഷിതനും അനവധി ആശാപാശങ്ങളാൽ ബദ്ധനും, അനവധി ഭയങ്ങളാൽ ആക്രാന്തനും, അനവധി ദുഃഖങ്ങളാൽ അസ്വസ്ഥനും, അനവധി കൗതുകാവഹങ്ങളായ കാര്യങ്ങളാൽ വ്യാകുലീഭൂതനും, അനവധി വ്യാമോഹങ്ങളിൽ കുടുങ്ങിയവനും, അനവധി പ്രമാദങ്ങളാൽ ആവൃതനും, അനവധി ക്ലേശങ്ങളാൽ താന്തനും, പ്രലോഭനങ്ങളാൽ വലയുന്നവനും, സുഖാനുഭോഗങ്ങളാൽ നഷ്ടവീര്യനും ദാരിദ്ര്യത്താൽ പീഡിതനുമാണു്.

ഓ! ഈ തിന്മകൾക്കു് എപ്പോൾ ഒരവസാനമുണ്ടാകും? പാപത്തിന്റെ ഈ ദയനീയമായ അടിമത്തത്തിൽനിന്നു് എപ്പോൾ ഞാൻ സ്വതന്ത്രനാകും?

ഓ! ഭഗവാനെ, അങ്ങയെപ്പറ്റിമാത്രം ചിന്തിക്കുക എന്നുള്ള സൗഭാഗ്യം എനിക്കു് എപ്പോഴുണ്ടാകും? അങ്ങയിൽ ഞാൻ പൂർണ്ണ

മായി എപ്പോൾ ആനന്ദിക്കും?

യാതൊരു പ്രതിബന്ധവുമില്ലാതെയും മനസ്സും ശരീരങ്ങൾക്കു യാതൊരു അസ്വാസ്ഥ്യവുമില്ലാതെയും യഥാർത്ഥമായ സ്വാതന്ത്ര്യം ഞാൻ എപ്പോൾ അനുഭവിക്കും?

സുദൃഢമായ സമാധാനം, നിർബ്ബാധവും അസ്വാസ്ഥ്യരഹിതവുമായ സമാധാനം, ആഭ്യന്തരവും ബാഹ്യവുമായ സമാധാനം, എല്ലാവിധത്തിലും സുസ്ഥിരമായ സമാധാനം, ഞാൻ എപ്പോൾ അനുഭവിക്കും?

ഓ! കരുണാകരനായ യേശുവെ, അങ്ങയോടു് അഭിമുഖമായി ഞാൻ എപ്പോൾ നില്ക്കും?

അങ്ങയുടെ രാജ്യത്തിന്റെ മഹിമയെപ്പറ്റി ഞാൻ എപ്പോൾ ധ്യാനിക്കും? അങ്ങു് എപ്പോൾ എന്റെ സമ്പൂർണ്ണമാകും? അങ്ങയുടെ സ്നേഹഭാജനങ്ങൾക്കു് എന്നേക്കുമായി അങ്ങു സജ്ജീകരിച്ചിട്ടുള്ള അങ്ങയുടെ രാജ്യത്തു ഞാൻ അങ്ങയോടുകൂടി എപ്പോൾ ഇരിക്കും?

ദിവസംപ്രതി യുദ്ധങ്ങളും വലുതായ അത്യാഹിതങ്ങളും സംഭവിക്കുന്ന ശത്രുവിന്റെ രാജ്യത്തു ഞാൻ അസഹായനായി, സ്വരാജ്യഭ്രഷ്ടനായി, പരിത്യജിക്കപ്പെട്ടിരിക്കുന്നു.

എന്റെ സ്വരാജ്യഭ്രംശത്തിൽ എന്നെ ആ

ശപിച്ചിട്ടിക്കേണമെ, എന്റെ ദുഃഖത്തെ ലഘൂകരിക്കേണമെ; എന്തുകൊണ്ടെന്നാൽ എന്റെ ആകാംക്ഷ മുഴുവനും അങ്ങയെ ലക്ഷീകരിച്ചാണു്; എനിക്കു് ആശ്വാസകരമായി ഈലോകത്തു ലഭ്യമായിരിക്കുന്നതു സകലവും എനിക്കു ദുർവ്വഹമത്രെ.

ഏറ്റവും ഹൃദയംഗമമായി അങ്ങയെ ആസ്വദിക്കുന്നതിനു ഞാൻ വളരെ ആഗ്രഹിക്കുന്നു; എന്നാൽ എനിക്കു് അതു സാധ്യമല്ല.

സ്വർഗ്ഗീയകാര്യങ്ങളോടു സംസക്തനാകുന്നതിനു ഞാൻ ആഗ്രഹിക്കുന്നു; എന്നാൽ ഈ ജീവിതത്തിലെ കാര്യങ്ങളും എന്റെ നിഗ്രഹിക്കപ്പെട്ടിട്ടില്ലാത്ത കാമക്രോധാദികളും എന്നെ താഴോട്ടു് അമർത്തുന്നു. എന്റെ മനസ്സുകൊണ്ടു് എല്ലാ സംഗതികളും എനിക്കു് വിധേയമായിരിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു; എന്നാൽ, എന്റെ ശരീരം നിമിത്തം ഞാൻ, എന്റെ മനസ്സിനു വിപരീതമായി, അവയ്ക്കു വിധേയനായിരിക്കുന്നതിനു നിർബ്ബന്ധനായിരിക്കുന്നു.

ഈവിധം ആത്മാവു മേലോട്ടും ശരീരം കീഴോട്ടും പോകുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കെ, ദൗർഭാഗ്യവാനായ ഞാൻ എന്നോടുതന്നെ സമരം ചെയ്യുകയും എനിക്കുതന്നെ ഒരു ഭാരമായിത്തീർന്നിരിക്കുകയും ചെയ്യുന്നു.

5. ഞാൻ സ്വർഗ്ഗീയമായ സംഗതികളെ പ്പററി ധ്യാനിച്ചുകൊണ്ടിരിക്കെ, പെട്ടെന്നു് ഇന്ദ്രിയപരമായ ചിന്തകൾ തിക്കിക്കയറി എന്റെ ജപത്തിനു വിഘ്നം വരുത്തുന്നു; അപ്പോൾ എന്തു വൈഷമ്യം ഞാൻ അനുഭവിക്കുന്നു! ഓ എന്റെ ഈശ്വര, അങ്ങു് എന്നിൽനിന്നു് അകന്നുപോകരുതേ, അങ്ങു് കൃപിതനായി അങ്ങയുടെ ദാസനെ കൈവെടിയരുതെ.

അങ്ങയുടെ പ്രകാശകിരണങ്ങൾ വർഷിച്ചു് അവയെ ചിതറിക്കേണമെ; അങ്ങു ശരവർഷം ചെയ്തു ശത്രുബാധയെ തുരത്തേണമെ.

എന്റെ ചിന്തകളെ അങ്ങയിൽ ഏകാഗ്രമാക്കി നിറുത്തേണമെ; സകല ലൗകികകാംക്ഷങ്ങളേയും ഞാൻ വിസ്മരിക്കുമാറു് എന്നെ അനുഗ്രഹിക്കേണമെ; സകല ദുഷ്ടസങ്കല്പങ്ങളെയും ത്വടിതി ബഹിഷ്കരിക്കുന്നതിനും വെറുക്കുന്നതിനും വേണ്ട അനുഗ്രഹം എനിക്കു് തരേണമെ.

ഓ സനാതനസത്യമെ, വ്യാമോഹത്താൽ ഞാൻ ഇളകാതിരിക്കുന്നതിനു എന്നെ സഹായിക്കേണമെ.

സ്വർഗ്ഗീയമാധുര്യമെ, അങ്ങു വരുക; അങ്ങയുടെ മുമ്പിൽനിന്നു മലിനത മുഴുവനും ഓടിയൊളിക്കട്ടെ.

പ്രാർത്ഥനയിൽ അങ്ങയെ അല്ലാതെ മറെറന്തിനെയെങ്കിലും പററി ഞാൻ വിചാരിക്കുമ്പോഴൊക്കെ അങ്ങു കാരുണ്യപൂർവ്വം എനിക്കു മാപ്പു തരേണമെ.

എന്തുകൊണ്ടെന്നാൽ, എനിക്കു ശ്രദ്ധ ചിതറിപ്പോവുക പതിവാണെന്നുള്ള വാസ്തവം ഞാൻ ഏറെ പറയുന്നു.

എന്തുകൊണ്ടെന്നാൽ, പലപ്പോഴും എന്റെ ശരീരം നിൽക്കുകയോ ഇരിക്കുകയോ ചെയ്യുന്ന സ്ഥലത്തല്ല ഞാനുള്ളതു്; എന്റെ ചിന്തകൾ എന്നെ എവിടെക്കൊണ്ടുപോകുന്നുവോ അവിടെയത്രെ ഞാൻ.

എന്റെ വിചാരം എവിടെയാണോ അവിടെയാണു് ഞാൻ; എന്റെ സ്നേഹഭാജനം എവിടെയാണോ അവിടെയാണു് എന്റെ വിചാരം.

എന്നെ സ്വാഭാവികമായോ, തഴക്കംകൊണ്ടോ സന്തോഷിപ്പിക്കുന്നതു് എന്താണോ അതു് എന്റെ മനസ്സിൽ അനായാസേന ആവിർഭവിക്കുന്നു.

6. ഈ കാരണത്താൽ, "നിന്റെ നിധി എവിടെയാണോ, അവിടെയത്രെ നിന്റെ ഹൃദയവും" (മാത്യു vi. 21.) എന്ന സത്യസ്വരൂപനായ അങ്ങു സൂക്ഷ്മമായിപ്പറഞ്ഞിട്ടുണ്ടു്.

ഞാൻ സ്വർഗ്ഗത്തെ സ്നേഹിക്കുന്നുവെങ്കിൽ,

സ്വജ്ഞീയസംഗതികളെപ്പററി സന്തോഷപൂവ്വം ചിന്തിക്കുന്നു.

ഞാൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ, അതിന്റെ സമ്പത്സമൃദ്ധിയിൽ ഞാൻ ആഹ്ലാദിക്കുകയും അതിന്റെ ആപത്തിൽ ഞാൻ ദുഃഖിക്കുകയും ചെയ്യുന്നു.

ഞാൻ ശരീരത്തെ സ്നേഹിക്കുന്നുവെങ്കിൽ, ശരീരത്തിനു ഹിതകരമായ സംഗതികളെപ്പററി എപ്പോഴും ഓരോന്നു സങ്കല്പിച്ചുകൊണ്ടിരിക്കും.

ഞാൻ ആത്മാവിനെ സ്നേഹിക്കുന്നുവെങ്കിൽ ആത്മീയകാര്യങ്ങളെപ്പററി ചിന്തിക്കുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

എന്തുകൊണ്ടെന്നാൽ, ഞാൻ സ്നേഹിക്കുന്നതു് എന്തിനെ ആയാലും അതിനെപ്പററി ഞാൻ സന്തോഷപൂവ്വം സംസാരിക്കുകയും കേൾക്കുകയും അവയുടെ പ്രതിബിംബങ്ങളെ ഞാൻ എന്നോടുകൂടി വീട്ടിൽ കൊണ്ടുപോവുകയും ചെയ്യുന്നു.

എന്നാൽ, ഓ ഭഗവാനെ, അങ്ങേക്കുവേണ്ടി സകല സൃഷ്ടികളേയും സൃജിക്കുകയും, സ്വപ്രകൃതിയെ ദണ്ഡിപ്പിക്കുകയും ആത്മാവിന്റെ ഭക്തിതീക്ഷ്ണതയാൽ ശരീരത്തിന്റെ ഭോഗാസക്തിയെ നിഗ്രഹിക്കുകയും ചെയ്യുന്ന മനുഷ്യൻ അനുഗ്രഹീതനാകുന്നു;

അവനു നിർമ്മലമായ മനഃസാക്ഷിയോടുകൂടി പരിശുദ്ധമായ പ്രാർത്ഥനയെ അങ്ങേക്കു സമർപ്പിക്കുന്നതിനും, ലൗകിക സംഗതികളെ ബാഹ്യമായും ആഭ്യന്തരമായും അവൻ ബഹിഷ്കരിച്ചിരിക്കുകയാൽ, മാലാഖമാരുടെ ഗായകസംഘങ്ങളിൽ പ്രവേശനം സിദ്ധിക്കുന്നതിനും, അങ്ങയുടെ സ്തുതിഗീതങ്ങൾ അനവരതം പാടുന്നതിനും സാധിക്കും.

അദ്ധ്യായം 49

അനന്തജീവിതത്തിനായുള്ള ആഗ്രഹം.

ക്രിസ്തു: എന്റെ മകനെ, അനന്തസൗഭാഗ്യത്തിനായുള്ള ഒരു അഭിനിവേശം ഉയരെനിന്നു നിന്നിൽ സംക്രമിക്കുന്നതായി നിനക്കു തോന്നുകയും, എന്റെ പ്രകാശമാനതയെ അവസ്ഥാന്തരത്തിന്റെ നിഴൽ അശേഷമില്ലാതെ ആസ്വദിക്കുന്നതിനായി ഈ ശരീരമാകുന്ന അറയിൽനിന്നു പുറത്തു കടക്കുന്നതിനു നീ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ, നിന്റെ ഹൃദയത്തെ വിശാലമായി തുറന്ന് ഈ പരിശുദ്ധമായ അഭിനിവേശത്തെ

സ്വീകരിക്കുന്നതിനു സർവ്വാത്മനാ സന്നദ്ധനാവുക.

നിന്നെ ഇത്ര സൗജന്യപൂർവ്വം സന്ദർശിക്കുന്ന, ഇത്ര തീക്ഷ്ണതയോടെ പ്രോദ്ബോധിപ്പിക്കുന്ന, നിന്റെ സ്വന്തം ഭാരംകൊണ്ടു താഴെ, ഭൗമസംഗതികളിലേക്കു, വീണുപോകാതെ നിന്നെ ഇത്ര ശക്തിയോടെ പൊക്കിയെടുക്കുന്ന, ആ ദിവ്യോദാരതയോടു നീ ഏറ്റവും കൃതജ്ഞനായിരിക്കുക.

എന്തുകൊണ്ടെന്നാൽ, നിനക്ക് ഇതു സാധിക്കുന്നതു നിന്റെ സ്വന്തം വിചാരമോ പരിശ്രമമോ കൊണ്ടല്ല, സ്വർഗ്ഗീയാനുഗ്രഹത്തിന്റെ ആനുകൂല്യവും ദിവ്യസന്ദർശനവും കൊണ്ടുമാത്രമാണു്; ഈവിധം ഈശ്വരൻ നിന്നെ അനുഗ്രഹിക്കുന്നതു, സൽഗുണങ്ങളിൽ നിനക്ക് അഭിവൃദ്ധിയുണ്ടാകുന്നതിനും, നീ പൂർവ്വാധികം വിനീതനാകുന്നതിനും, ഭാവിസമരങ്ങൾക്കായി സന്നദ്ധനാകുന്നതിനും, എന്നോടു സംസക്തനായിരിക്കുന്നതിനു സർവ്വാത്മനാ പരിശ്രമിക്കുന്നതിനും, ഭക്തിപൂർവ്വം എന്നെ സേവിക്കുന്നതിനുമായിട്ടത്രെ.

2. എന്റെ മകനെ, നീ മുറയ്ക്കു് എരിയുന്നുണ്ടു്; എന്നാൽ ജ്വാല പുകയോടല്ലാതെ പൊങ്ങുന്നില്ല.

അതുപോലെതന്നെ, ചില മനുഷ്യരുടെ

ആഗ്രഹങ്ങൾ സ്വജീവിയകാര്യങ്ങൾക്കായി എരിയുന്നുണ്ട്; എങ്കിലും അവർ ഇന്ദ്രിയസുഖങ്ങളുടെ പ്രലോഭനങ്ങളിൽനിന്ന് വിമുക്തരല്ല.

അതുകൊണ്ട് ഈശ്വരമാഹാത്മ്യത്തിനായി മാത്രമല്ല അവർ അത്ര ഉത്സാഹപൂർവ്വം അദ്ദേഹത്തോടു പ്രാർത്ഥിക്കുന്നതു്.

നീ വളരെ ശക്തിമത്തും നിഷ്കളങ്കവുമെന്നു ഭാവിക്കുന്ന നിന്റെ ആഗ്രഹങ്ങളും പലപ്പോഴും ഇത്തരത്തിലുള്ളവയാണു്.

എന്തുകൊണ്ടെന്നാൽ, സ്വാർത്ഥതല്പരതബാധിച്ചിട്ടുള്ള ആഗ്രഹം നിർമ്മലവും ഉത്തമവുമല്ല.

3. എനിക്കു പ്രിയംകരവും ബഹുമാനകരവുമായതിനല്ലാതെ നിനക്കു സന്തോഷകരവും സൗകര്യപ്രദവുമായതിനായി നീ പ്രാർത്ഥിക്കരുതു്; എന്തുകൊണ്ടെന്നാൽ, നീ ശരിയായി വിധിക്കുന്നുവെങ്കിൽ, നിന്റെ സ്വന്തം അഭിലാഷത്തേക്കാൾ എന്റെ നിയോഗത്തെയാണു് നീ അനുവർത്തിക്കേണ്ടതു്; അതിനെ നീ ആഗ്രഹിക്കുന്ന ഏതിനേയുംകാൾ ആദരിക്കേണ്ടതാണു്.

എനിക്കു നിന്റെ ആഗ്രഹം എന്തെന്നു് അറിയാം; നിന്റെ പരിദേവനങ്ങളെ ഞാൻ പലപ്പോഴും കേട്ടിട്ടുണ്ടു്.

ഈശ്വരസന്തതികളുടെ മഹനീയമായ സ്വാതന്ത്ര്യം ഇപ്പോൾ അനുഭവിക്കുന്നതിനു നീ ആഗ്രഹിക്കുന്നു; ആനന്ദപൂർണ്ണമായനിന്റെ ശാശ്വതഗേഹത്തിൽ, സ്വർഗ്ഗീയരാജ്യത്തു്, ഇപ്പോൾ ഇരിക്കുന്നതിനു നിനക്കു സന്തോഷമുണ്ടു്; എന്നാൽ ആ സമയം ഇനിയുമായിട്ടില്ല. ഇപ്പോഴുള്ളതു വേറൊരു കാലമാണു്; അതു യുദ്ധകാലം, ശ്രമവും ക്ലേശവുമുള്ള കാലം അത്രെ.

പരമാനന്ദം ആസ്വദിക്കുന്നതിനു നീ ആഗ്രഹിക്കുന്നു; എന്നാൽ ഇപ്പോൾ നിനക്കു് അതു സാദ്ധ്യമല്ല.

ആ പരമാനന്ദം ഞാനാകുന്നു; ഈശ്വരരാജ്യം സമാഗതമാകുന്നതുവരെ എനിക്കായി കാത്തിരിക്കുക.

4. ഭൂലോകത്തു നീ ഇനിയും പരീക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു; നീ പല കായ്യങ്ങളും അഭ്യസിക്കേണ്ടിയിരിക്കുന്നു.

ചിലപ്പോഴൊക്കെ നിനക്കു് ആശ്വാസം നല്കപ്പെട്ടും; എന്നാൽ പരിപൂർണ്ണമായ സമാശ്വാസം നിനക്കു പ്രദാനം ചെയ്യപ്പെടുകയില്ല.

അതുകൊണ്ടു ധൈയ്യം അവലംബിക്കുക, പ്രകൃതിക്കു നീരസപ്രദങ്ങളായ കായ്യങ്ങളെ പ്രവർത്തിക്കുന്നതിലും സഹിക്കുന്നതിലും ധീര

നായിരിക്കുക.

നീ 'നവമനുഷ്യനെ ധരിക്കുകയും' (ജോഷ്വാ j. 7.) വേറൊരു മനുഷ്യനായിപ്പരിണമിക്കുകയും ചെയ്യണം.

നീ ചെയ്യാൻ ആഗ്രഹിക്കാത്തതിനെ നീ പലപ്പോഴും ചെയ്യുകയും ആഗ്രഹിക്കുന്നതിനെ ചെയ്യാതിരിക്കുകയും ചെയ്യണം.

മറവുള്ളവക്കു ഹിതമായതു സാധിക്കും; നിനക്കു ഹിതമായതു സാധിക്കുകയില്ല.

മറവുള്ളവർ പറയുന്നതു ശ്രദ്ധിച്ചു കേൾക്കപ്പെടും; നീ പറയുന്നതു പരിഗണിക്കപ്പെടുകയില്ല.

മറവുള്ളവർ അപേക്ഷിക്കുകയും അപേക്ഷിക്കുന്നതു അവക്കു സിദ്ധിക്കുകയും ചെയ്യും; നീ അപേക്ഷിക്കുകയും അപേക്ഷിക്കുന്നതു നിനക്കു കിട്ടാതിരിക്കുകയും ചെയ്യും.

5. മറവുള്ളവർ മനുഷ്യരാൽ മഹാന്മാരായി ബഹുമാനിക്കപ്പെടും; എന്നാൽ നിന്നെപ്പറ്റി ആരും ഗൗനിക്കുകയില്ല.

മറവുള്ളവക്കു പല കായ്ങ്ങളിലും ചുമതല നല്കപ്പെടും; എന്നാൽ നീ ഒന്നിനും കൊള്ളാത്തവനായി ഗണിക്കപ്പെടും.

ഈ അനുഭവത്താൽ നീ സ്വഭാവേന അസ്വസ്ഥനാകും; നീ അതിനെ നിഷ്പ്രയാസമായി സഹിക്കുന്നതു് ഒരു മഹാകായ്യമാകുന്നു.

ഈ സംഗതികളാലും തത്തുല്യമായ മറ്റു സംഗതികളാലും ഭഗവാന്റെ ഭക്തനായ ഉപാസകൻ, ആത്മത്യാഗവും ആത്മസംയമനവും അവൻ എത്രത്തോളം സാധിച്ചിട്ടുണ്ടെന്നു തെളിയിക്കുന്നതിനായി, പരീക്ഷിക്കപ്പെടുന്നു.

നിന്റെ ഹിതത്തിനു വിപരീതമായ സംഗതികളെ കാണുകയും സഹിക്കുകയും ചെയ്യുന്നതിൽ, വിശേഷിച്ചു ഭയങ്കരമെന്നോ നിഷ്ഫലയോജനമെന്നോ നിനക്കു തോന്നുന്നതു ചെയ്യുന്നതിനു നീ ആജ്ഞാപിക്കപ്പെടുമ്പോൾ ആ ആജ്ഞ അനുസരിക്കുന്നതിൽ, നിനക്കു ആത്മദമനം ആവശ്യമായിരിക്കുന്നതുപോലെ മറ്റൊരു സംഗതിയുമില്ല.

ഒരു മേലധികാരിക്കു വിധേയനായ നിനക്കു ആ അധികാരിയോടു് എതിർക്കാൻ നിവൃത്തിയില്ലെങ്കിലും, വേറൊരുവന്റെ ആജ്ഞയനുസരിച്ചു ജീവിക്കുന്നതും നിന്റെ സ്വന്തം അഭിപ്രായത്തെ നിശ്ശേഷം ത്യജിക്കുന്നതും വളരെ പ്രയാസമുള്ള കാര്യമായി നീ വിചാരിച്ചേക്കാം.

6. എന്നാൽ, എന്റെ മകനെ, ഈ ക്ലേശങ്ങളുടെ ഫലവും അവയുടെ അത്യാസന്നമായിരിക്കുന്ന അവസാനവും അവയ്ക്കുള്ള ഏറ്റവും മഹനീയമായ സമ്മാനവും നീ പരി

ഗണിക്കുക; എന്നാൽ നീ അവയെ സഹിക്കുന്നതിനു മടിക്കുകയില്ല; പ്രത്യുത അതു നിനക്കു് ആശ്വാസപ്രദവും നിന്റെ സഹനശക്തിയെ പ്രോത്സാഹിപ്പിക്കുന്നതിനു് പര്യാപ്തവുമായിരിക്കും.

എന്തുകൊണ്ടെന്നാൽ, ഇപ്പോൾ നീ സന്തോഷപൂർവ്വം ത്യജിക്കുന്ന ആ അല്പമായ നിന്റെ ഹിതത്തിനു പകരം സ്വർഗ്ഗത്തു നിനക്കു ശാശ്വതമായി നിന്റെ ഹിതം നിർവ്വഹിക്കാവുന്നതാണു്.

നീ ഇച്ഛിക്കുന്നതും നിനക്കു് ആഗ്രഹിക്കാവുന്നതുമായ സകലവും നിനക്കു് അവിടെ സുലഭമാണെന്നുള്ളതിനു സംശയമില്ല.

അവിടെ സകല നന്മകളും നിനക്കു്, അവ നഷ്ടപ്പെട്ടുപോകുമെന്നുള്ള ഭയംകൂടാതെ, അനുഭവിക്കാം.

അവിടെ നിന്റെ മനസ്സു് എന്റേതിനോടു് എല്ലായ്പോഴും സംയുക്തമായിരിക്കുകയാൽ, അനാവശ്യമോ സ്വാർത്ഥപരമോ ആയ യാതൊന്നും അതു് ആഗ്രഹിക്കുകയില്ല.

അവിടെ ആരും നിന്നോടു് എതിർക്കുകയില്ല, ആരും നിന്നെപ്പറ്റി പരാതി പറയുകയില്ല. ആരും നിനക്കു തടസ്സമായിരിക്കയില്ല, യാതൊന്നും നിന്റെ മാർഗ്ഗത്തിൽ പ്രതിബന്ധമായി വരുകയില്ല; പ്രത്യുത, നീ ആഗ്ര

ഹിക്കുന്നതു സകലവും ഒരുമിച്ചു് അവിടെ ഉണ്ടായിരിക്കും; അവിടെ നിന്റെ ആശകൾ സംപൂർണ്ണമായി നിറവേറുകയും നിന്റെ ഹൃദയം സംതൃപ്തിയടയുകയും ചെയ്യും.

നീ സഹിച്ചിട്ടുള്ള സകല അപമാനങ്ങൾക്കും പകരമായി പ്രതാപമഹിമയും, 'നിന്റെ ദുഃഖത്തിനുപകരമായി പ്രശംസാദ്യോതകമായ പട്ടാംബരവും' (ഇസ. xi. 3)ഇവിടെ ഉണ്ടായിരുന്ന ഏറ്റവും താണസ്ഥാനത്തിനു പകരം എന്നത്തേക്കുമായി രാജോചിതമായ ഒരു സിംഹാസനവും അവിടെ ഞാൻ നിനക്കു തരും.

അവിടെ അനുസരണത്തിന്റെ ഫലം പ്രത്യക്ഷമാകും പാപപ്പരിഹാരത്തിനായി ക്ലേശം സഹിച്ചവൻ അവിടെ ആനന്ദിക്കും; വിനയപൂർവ്വം കീഴ്ഴങ്ങിയവർക്കു മഹനീയമായ ഒരു കിരീടം അവിടെ ലഭിക്കും.

7. അതുകൊണ്ടു ഇപ്പോൾ നീ നമ്രശിരസ്കനായി എല്ലാവരെയും വിനയപൂർവ്വം അനുസരിക്കുക; ഇതു പറഞ്ഞതാരെന്നോ അതു് ആജ്ഞാപിച്ചതാരെന്നോ നീ ഗണിക്കേണ്ടതില്ല.

എന്നാൽ, നിന്റെ മേലാവോ, കീഴുള്ളവനോ, സമനോ, നിന്നോടു് എന്തെങ്കിലും ആവശ്യപ്പെടുകയോ സൂചിപ്പിക്കുകയോ

ചെയ്താൽ, നീ അതിനെ സന്തോഷത്തോടെ സ്വീകരിക്കുകയും അതിനെ നിവ്വഹിക്കുന്നതിനു നിർവ്യാജമായി ശ്രമിക്കുകയും ചെയ്യുന്നതിനു പ്രത്യേകം ശ്രദ്ധിക്കുക.

ഒരു മനുഷ്യൻ ഇതു് അന്വേഷിച്ചുകൊള്ളട്ടെ, വേറൊരുവൻ അതും അന്വേഷിച്ചുകൊള്ളട്ടെ; ഒരു മനുഷ്യൻ ഇതിലും വേറൊരുവൻ അതിലും അഭിമാനിക്കുകയും ആയിരമായിരം പ്രാവശ്യം ശ്ലാഘിക്കപ്പെടുകയും ചെയ്തുകൊള്ളട്ടെ; എന്നാൽ നീയാകട്ടെ അതിലോ ഇതിലോ സന്തോഷിക്കാതെ ആത്മനിന്ദനത്തിലും എന്റെ അഭീഷ്ടത്തിലും മഹിമയിലും മാത്രം സന്തോഷിക്കുക.

ജീവിതത്തിലായാലും മരണത്തിലായാലും നിന്നിൽ ഈശ്വരൻ വാഴ്ത്തപ്പെടട്ടെ എന്നതു നീ ആഗ്രഹിക്കേണ്ടതു്.

അദ്ധ്യായം 50.

ഈശ്വരപാദങ്ങളിൽ ആത്മസമർപ്പണം ചെയ്യുക.

ശിഷ്യൻ: ഓ ഭഗവാനെ, ഈശ്വര, ഓ പരിശുദ്ധനായ പിതാവെ, അങ്ങു് ഇപ്പോഴും എപ്പോഴും വാഴ്ത്തപ്പെടട്ടെ! അങ്ങു് ഇച്ഛിക്കു

ന്നതു് എന്താണോ അതു നിവൃഹിക്കപ്പെടുന്നു; അങ്ങു് എന്തു ചെയ്യുന്നുവോ അതു നല്ലതത്രെ.

അങ്ങയുടെ ദാസൻ തന്നിൽത്തന്നെയോ മറ്റാരിലുമോ രമിക്കാതെ അങ്ങയിൽ രമിക്കട്ടെ; എന്തുകൊണ്ടെന്നാൽ, അങ്ങുമാത്രമാണു് സാക്ഷാത്തായ ആനന്ദത്തെ പ്രദാനം ചെയ്യുന്നവൻ; അങ്ങാണു് എന്റെ ശരണവും എന്റെ കിരീടവും; അങ്ങാണു് എന്റെ ആഹ്ലാദവും എന്റെ മഹിമയും, ഓ ഭഗവനെ!

അങ്ങയുടെ ദാസനു് അങ്ങയിൽനിന്നു സിദ്ധിച്ചിട്ടുള്ളതു—അതും അനഹ്മായി—അല്ലാതെ എന്തുണ്ടു്? അങ്ങു് തന്നിട്ടുള്ളതും അങ്ങു് സൃഷ്ടിച്ചിട്ടുള്ളതുമായ സകലവും അങ്ങയുടേതാണു്.

എന്റെ യൗവനം മുതൽ ഞാൻ പാവവും കഷ്ടപ്പെടുന്നവനുമാണു്; എന്റെ ആത്മാവു ചിലപ്പോൾ കണ്ണുനീർ ഒഴുക്കത്തക്കവണ്ണം ദുഃഖാകുലവും, ചിലപ്പോൾ ആസന്നമായിരിക്കുന്ന പീഡകളാൽ അസ്വസ്ഥവുമായിരിക്കുന്നു.

2. സമാധാനജന്യമായ ആനന്ദത്തെ ഞാൻ ആഗ്രഹിക്കുന്നു; അങ്ങയുടെ ആശ്വാസമാകുന്ന വെളിച്ചത്തിൽ അങ്ങയാൽ ആ

ഹാരം നല്കപ്പെടുന്ന അങ്ങയുടെ ശിഷ്യക്കളുടെ സമാധാനം ഞാൻ യാചിക്കുന്നു.

അങ്ങു സമാധാനം തരുന്നുവെങ്കിൽ, അങ്ങു പരിശുദ്ധമായ ആനന്ദം തരുന്നുവെങ്കിൽ, അങ്ങയുടെ ദാസന്റെ ആത്മാവു് സംഗീതമാധുര്യത്താൽ നിറയുകയും അങ്ങയുടെസ്തുതിഗീതങ്ങൾ ഭക്തിപൂർവ്വം പാടുകയും ചെയ്യും.

എന്നാൽ അങ്ങു് പലപ്പോഴും ചെയ്യാറുള്ളതുപോലെ അവനിൽനിന്നു് അകലുന്നുവെങ്കിൽ, അവനു് അങ്ങയുടെ ധർമ്മവിധികളാകുന്ന മാർഗ്ഗത്തിൽക്കൂടി പുരോഗമനം ചെയ്യുന്നതിനു സാധിക്കാതെവരും; അപ്പോൾ അവൻ മുട്ടുകുത്തുകയും നെഞ്ചിലിടിക്കുകയും ചെയ്യണം; എന്തുകൊണ്ടെന്നാൽ അവന്റെ ഇപ്പോഴത്തെ സ്ഥിതി ഇന്നലത്തേതും മിനിയാന്നത്തേതും പോലെ അല്ല; ഇന്നലെയും മിനിയാന്നും അങ്ങയുടെ ദീപം അവന്റെ തലയ്ക്കുമീതെ പ്രകാശിക്കുകയും, പ്രലോഭനങ്ങൾ അവനെ ആക്രമിക്കാതെ അങ്ങയുടെ ചിറകുകളുടെ തണൽ അവനെ പൊതിയുകയും ചെയ്തിരുന്നു.

3. അനന്തസ്തുതിക്കർഹനായ, ഓ നീതിമാനായ, പിതാവെ, അങ്ങയുടെ ദാസൻ പ

രീക്ഷിക്കപ്പെടുന്നതിനുള്ള സമയം വന്നിരിക്കുന്നു.

ഓ ഏറ്റവും സ്നേഹയോഗ്യനായ പിതാവെ, അങ്ങയുടെ ദാസൻ, ഈ സന്ദർഭത്തിൽ അങ്ങേക്കുവേണ്ടി എന്തെങ്കിലും കഷ്ടപ്പാടു് അനുഭവിക്കണമെന്നുള്ളതു സമുചിതമത്രെ.

ഓ സർവ്വദാ മഹനീയനായ പിതാവെ, അങ്ങയുടെ ദാസൻ, ഒരു നവജീവിതത്തിന്റെ ഉദയത്തിൽ അങ്ങയോടുകൂടി പുനരുത്ഥാനം ചെയ്യുകയും സ്വർഗ്ഗത്തിൽ വാഴ്ത്തപ്പെടുകയും ചെയ്യുന്നതിനായി, എല്ലായ്പോഴും ആനന്ദരമായി അങ്ങയോടുകൂടി ജീവിക്കണമെന്നുണ്ടെങ്കിലും കുറച്ചുനേരത്തേക്കു ബാഹ്യമായി മർദ്ദിതനാകണമെന്നും, കുറഞ്ഞൊന്നു് അവഹേളിക്കപ്പെടുകയും താഴ്ത്തപ്പെടുകയും മനുഷ്യദൃഷ്ടിയിൽ പരാജയപ്പെടുകയും ചെയ്യണമെന്നും, കഷ്ടപ്പാടുകളാലും അവശതകളാലും കഠിനമായി പീഡിതനാകണമെന്നും അനാദ്യന്തകാലംമുതൽ അങ്ങു ദീർഘദർശനത്താൽ നിർദ്ദേശിച്ച ആ സമയം വന്നിരിക്കുന്നു.

ഓ പരിശുദ്ധനായ പിതാവേ, അങ്ങു് അപ്രകാരം നിർദ്ദേശിച്ചിരിക്കുന്നു; അങ്ങയുടെ വിഹിതവും അപ്രകാരമാണു്; അങ്ങു് ആജ്ഞാപിച്ചിട്ടുള്ളതു നിവൃത്തിക്കപ്പെട്ടിരിക്കുന്നു.

4. അവൻ ഈ ലോകത്തു കഷ്ടമനുഭവിക്കണമെന്നും പീഡിതനാകണമെന്നുമുള്ളതു്—അതു് അങ്ങയുടെ നിയോഗപ്രകാരം ഏതു പ്രാവശ്യമായാലും ആരുമൂലമായാലും—അങ്ങയുടെ സ്നേഹിതനായ അവനു് ഒരു അനുഗ്രഹമാണു്.

അങ്ങയുടെ ഉപദേശവും സമീക്ഷണവുമില്ലാതെയും കാരണമില്ലാതെയും യാതൊന്നും ഈ ലോകത്തു സംഭവിക്കുന്നില്ല.

ഓ ഭഗവാനെ, "അങ്ങു് എന്നെ വാഴ്ത്തിയിരിയ്ക്കുന്നുവെന്നുള്ളതു് എനിക്കു നല്ലതാണു്." അതുമൂലം "അങ്ങയുടെ നീതിന്യായങ്ങളെ പഠിക്കുന്നതിനും" അഹങ്കാരവും ഔദ്ധത്യവും എന്നിൽനിന്നു് ഉന്മൂലനം ചെയ്യുന്നതിനും എനിക്കു സാധിക്കും.

'അപമാനം എന്റെ മുഖത്തെ മൂടിയിരിക്കുന്നു' എന്നുള്ളതു് എനിക്കു് നല്ലതാണു്; അതുമൂലം, ഞാൻ ആശ്വാസം തേടി മനുഷ്യരുടെ അടുക്കൽ പോകാതെ അങ്ങയുടെ അടുക്കൽ വരും.

അതുമൂലം, ന്യായത്തോടും നീതിയോടും കൂടിയാണെങ്കിലും ദുർജ്ജനങ്ങളോടൊപ്പം സജ്ജനങ്ങളേയും പീഡിപ്പിക്കുന്ന അങ്ങയുടെ ദുരവഗാഹങ്ങളായ ന്യായവിധികളെ ഭയപ്പെടുന്നതിനു ഞാൻ പഠിച്ചിരിക്കുന്നു.

അങ്ങ് എന്റെ പാപങ്ങളെ ശിക്ഷിക്കാതെ വിട്ടിട്ടില്ലെന്നും, പ്രത്യേക, കഠിനങ്ങളായ പ്രഹരങ്ങളാൽ എന്നെ പ്രണപ്പെടുത്തുകയും ദുഃഖങ്ങളാലും ഭീതങ്ങളാലും എന്നെ ആന്തരമായും ബാഹ്യമായും പീഡിപ്പിക്കുകയും ചെയ്തിരിക്കുന്നുവെന്നുള്ളതിനു് അങ്ങയോട് ഞാൻ കൃതജ്ഞനായിരിക്കുന്നു.

ഓ ഭഗവാനെ, എന്റെ ഈശ്വര, അങ്ങേക്കല്ലാതെ സ്വർഗ്ഗത്തിൻ കീഴുള്ള യാതൊന്നിനും എന്നെ ആശ്വസിപ്പിക്കാൻ സാധിക്കുകയില്ല; ആത്മാക്കളുടെ സ്വർഗ്ഗീയ വൈദ്യനായ അങ്ങു മുറിവേല്പിക്കുകയും സുഖപ്പെടുത്തുകയും നരകത്തേയ്ക്കു കൊണ്ടുപോവുകയും അവിടെനിന്നു തിരിച്ചുകൊണ്ടുവരുകയും ചെയ്യുന്നു.

അങ്ങയുടെ ശിക്ഷക്കു ഞാൻ പാത്രീഭവിച്ചിരിക്കുന്നു; അങ്ങയുടെ വടിതന്നെ എന്നെ പഠിപ്പിക്കണം.

6. കണ്ടാലും, പിതാവേ, ഞാൻ അങ്ങയുടെ കരങ്ങളിലാകുന്നു, അങ്ങയുടെ ശിക്ഷാദണ്ഡത്തിൻകീഴ് ഞാൻ പ്രണാമം ചെയ്യുന്നു.

എന്റെ ശാഠ്യത്തെ പരിഹരിച്ചു് എന്നെ അങ്ങേക്കു വശംവദനാക്കുന്നതിനായി അങ്ങു് എന്റെ മുതുകിലും കഴുത്തിലും അടിക്കുക.

ഞാൻ എപ്പോഴും അങ്ങയുടെ ആജ്ഞയനു

സരിച്ചു, നടക്കുന്നതിനായി അങ്ങു നല്ലവണ്ണം ചെയ്യുമാറുണ്ടായിരുന്നതുപോലെ, എന്നെ അങ്ങയുടെ ഭക്തനും വിനീതനുമായ ഒരു ശിഷ്യനാക്കുക.

എന്നെയും എനിക്കുള്ള സകലതിനെയും, അവ അങ്ങയാൽ തിരുത്തപ്പെടുന്നതിനായി, അങ്ങയെ ഞാൻ ഭരമേല്പിക്കുന്നു; ഇഹലോകത്തു ശിക്ഷിക്കപ്പെടുന്നതു് പരലോകത്തു് ശിക്ഷിക്കപ്പെടുന്നതിനേക്കാൾ നല്ലതാണു്.

അങ്ങേക്കു സകലവും അറിയാം; അങ്ങേക്കു് അറിയാൻ പാടില്ലാത്തതായി മനുഷ്യന്റെ അന്തഃകരണത്തിൽ യാതൊന്നുമില്ല.

വരാനിരിക്കുന്ന സംഗതികളെ, അവ സംഭവിക്കുന്നതിനു മുമ്പായി, അങ്ങേയ്ക്കു അറിയാം; ലോകത്തു നടക്കുന്ന സംഗതികളെ ആരെങ്കിലും അങ്ങയെ പഠിപ്പിക്കുകയോ ഉദ്ബോധിപ്പിക്കുകയോ ചെയ്യേണ്ട ആവശ്യകത അങ്ങേക്കില്ല.

എന്റെ അഭിവൃദ്ധിക്കു് ഉചിതമായതെന്താണെന്നും പാപത്തിന്റെ തുരുമ്പു തുടച്ചുകളയുന്നതിനും കഷ്ടപ്പാടു് എത്ര ഉപകാരപ്രദമാണെന്നും അങ്ങേക്കറിയാം.

അങ്ങയുടെ അഭീഷ്ടമനുസരിച്ചു് എന്നെ എന്തും ചെയ്തുകൊള്ളുക; അതത്രെ ഞാൻ ആഗ്രഹിക്കുന്നതു; എന്റെ പാപപൂർണ്ണമായ

ജീവിതംനിമിത്തം എന്നെ വെറുക്കരുതെ, എ ന്റെ ഈ ജീവിതത്തെപ്പററി മററാക്കും അ റിയാവുന്നതിൽ കൂടുതലായും സ്പഷ്ടതരമായും അങ്ങേക്കു് അറിയാവുന്നതാണു".

7. അറിയേണ്ടതു് ഞാൻ അറിയുന്നതി നും, സ്നേഹിക്കേണ്ടതിനെ ഞാൻ സ്നേഹിക്ക ന്നതിനും, അങ്ങേക്കു് ഏററവും പ്രിയംകരമാ യിരിക്കുന്നതിനെ ഞാൻ സ്തുതിക്കുന്നതിനും, അ ങ്ങയുടെ ദൃഷ്ടിയിൽ ഏറവും വിലയുള്ളതി നെ ഞാൻ ആദരിക്കുന്നതിനും, അങ്ങയുടെ ദൃഷ്ടിയിൽ നിന്ദ്യമായതിനെ ഞാൻ നിന്ദി ക്കുന്നതിനും, ഓ ഭഗവാനെ, എന്നെ അനു ഗ്രഹിക്കേണമെ.

സത്യാനന്തരൂപമായ യുക്തിയാൽ ദൃശ്യവും ആദ്ധ്യാത്മികവുമായ സംഗതികളുടെ യോ ഗ്യതയെ നിർണ്ണയിക്കുന്നതിനും സർവ്വോപരി അങ്ങയുടെ അഭിമതവും അഭീഷ്ടവും എന്താ ണെന്നു് അന്വേഷിക്കുന്നതിനുമല്ലാതെ, ബാ ഹ്യദൃഷ്ടിയിൽ കാണപ്പെടുന്നതനുസരിച്ചോ അറിവില്ലാത്ത മനുഷ്യരിൽനിന്നുള്ള കേട്ട കേൾവിയനുസരിച്ചോ വിധി കല്പിക്കുന്നതി നു് എന്നെ അനുവദിക്കരുതെ.

8. വിധി കല്പിക്കുന്നതിൽ മനുഷ്യരുടെ മ നസ്സു പലപ്പോഴും തെററിപ്പോകുന്നു. ലോക ത്തെ സ്നേഹിക്കുന്നവർ ദൃശ്യങ്ങളായ വസ്തു

ക്കളെമാത്രം സ്നേഹിക്കുന്നതിൽ വഞ്ചിതരാകുന്നു.

മനുഷ്യനാൽ മഹാനെന്നു പ്രഖ്യാതനാകുന്നതുകൊണ്ടു് ഒരുവനു വല്ല പ്രയോജനവുമുണ്ടോ?

മുഖസ്തുതികൊണ്ടു് ഒരു വഞ്ചകനായ മനുഷ്യൻ വേറൊരു വഞ്ചകനേയും, കഥയില്ലാത്തവൻ കഥയില്ലാത്തവനേയും, ക്രൂരൻ ക്രൂരനേയും, ഭോഷ്കുലൻ ദുർബലനേയും വഞ്ചിക്കുന്നു; ഒരുവൻ മറ്റൊരുവനെ വ്യർത്ഥമായി സ്തുതിക്കുമ്പോൾ, വാസ്തവത്തിൽ അവനെ അവമാനിക്കുകയാണു് ചെയ്യുന്നതു്.

എന്തുകൊണ്ടെന്നാൽ, "ഓരോരുത്തനും അങ്ങയുടെ ദൃഷ്ടിയിൽ എന്താണോ, അതത്രെ അവൻ, അതിലൊട്ടും കൂടുതലല്ല." എന്നു വിനീതനായ സെയിൻറ് ഫ്രാൻസീസ് പറയുന്നു.

അദ്ധ്യായം 51

വിനീതങ്ങളായ കൃത്യങ്ങളുടെ പരിശീലനം.

ക്രിസ്തു: എന്റെ മകനെ, എപ്പോഴും നിനക്കു ധർമ്മനിരതമായ ഭക്തിതീക്ഷ്ണതയുടെ പാരമ്യത്തിൽ നിരന്തരമായി വർത്തിക്കുന്നതിനോ പ്രണിധാനത്തിന്റെ പരമോന്നതമായ പടിയിൽ നിൽക്കുന്നതിനോ സാധിക്കുകയില്ല; പ്രത്യുത, ജന്മസിദ്ധമായ ദുരവസ്ഥയുടെ അവശ്യഫലമായി നീ താണപടികളിലേക്കു് ഇറങ്ങിവരുകയും ഈ ദുഷിച്ച ജീവിതത്തിന്റെ ഭാരം, നിന്റെ ഹിതത്തിനു വിരുദ്ധമായും ക്ലേശത്തോടുകൂടിയുമാണെങ്കിലും, വഹിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ മർത്ത്യമായ ശരീരം നീ വഹിക്കുന്ന കാലത്തോളം നീ അസ്വസ്ഥതയും ദുഃഖവും അനുഭവിക്കും.

അതുകൊണ്ടു് സശരീരനായിരിക്കുന്ന കാലത്തോളം നീ ശരീരഭാരത്തെപ്പറ്റി വിലപിക്കുകതന്നെ വേണം; എന്തുകൊണ്ടെന്നാൽ, ആ ഭാരംകൊണ്ടു് ആത്മീയാനുഷ്ഠാനങ്ങളിലും ഈശ്വരധ്യാനത്തിലും നിരന്തരമായി

വ്യാപൃതനായിരിക്കുന്നതിനു നിനക്കു സാധിക്കുന്നില്ല.

2. ഈ സന്ദർഭങ്ങളിൽ വിനീതവും ബാഹ്യവുമായ കൃത്യങ്ങളിൽ അഭയം പ്രാപിക്കുന്നതും, സൽക്കർമ്മങ്ങളിൽ എപ്പെട്ടെ തന്നെത്താൻ വിനോദിക്കുന്നതും, എന്റെ വരവിനെയും സ്വർഗ്ഗീയ സന്ദർശനത്തെയും സുദൃഢമായ പ്രത്യാശയോടെ പ്രതീക്ഷിക്കുന്നതും, നിന്റെ സ്വരാജ്യഭ്രംശത്തെയും മനസ്സിന്റെ ശുഷ്കതയെയും, ഞാൻ നിന്നെ വീണ്ടും സന്ദർശിച്ചു സകല ദുഃഖങ്ങളിലുംനിന്നു മോചിപ്പിക്കുന്നതുവരെ, ക്ഷമയോടെ സഹിക്കുന്നതും നിനക്കു് ഉചിതമാണു്.

നീ നിന്റെ ദുഃഖങ്ങളെ വിസ്മരിക്കുന്നതിനും ആത്മീയശാന്തി അനുഭവിക്കുന്നതിനും ഞാൻ ഇടയാക്കും.

വികസിതമായ ഹൃദയത്തോടുകൂടി എന്റെ ധർമ്മവിധികളാകുന്ന പദ്ധതിയിൽ കൂടിയുള്ള പുരോഗമനം നീ സമാരംഭിക്കുന്നതിനായി വേദാഗമങ്ങളാകുന്ന മനോഹരകേദാരങ്ങളെ ഞാൻ തുറന്നിടും.

അപ്പോൾ, "ഇപ്പോഴത്തെ കഷ്ടപ്പാടുകൾ, നമ്മിൽ പ്രകാശിപ്പിക്കപ്പെടാനിരിക്കുന്ന ഭാവിമഹിമയോടു തുലനം ചെയ്യപ്പെടാൻ യോഗ്യമല്ല" (റോമ. vii. 18) എന്നു നീ പറയും.

അദ്ധ്യായം 52.

മനുഷ്യൻ ആശ്വാസാഹ്നല്ല

ശിഷ്യൻ: ഭഗവാനെ, ഞാൻ അങ്ങയുടെ ആശ്വാസത്തിനോ ആത്മീയസന്ദർശനത്തിനോ അഹ്നല്ല; അതുകൊണ്ടു് അങ്ങു് എന്നെ അസഹായനായും ആശ്വാസരഹിതനായും ത്യജിക്കുമ്പോൾ, അങ്ങു എന്നോടു ന്യായമല്ലാതെ പ്രവർത്തിക്കുന്നതു്.

എന്തുകൊണ്ടെന്നാൽ, ഒരു സമുദ്രം നിറച്ചു് അശ്രുക്കൾ ഞാൻ വർഷിച്ചാലും ഞാൻ അങ്ങയുടെ ആശ്വാസത്തിനു അർഹനായിത്തീരുകയില്ല.

അതുകൊണ്ടു്, പ്രഹരങ്ങളേയും ദണ്ഡനങ്ങളേയുമല്ലാതെ മറ്റു യാതൊന്നിനേയും ഞാൻ അർഹിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ, ഗുരുവാവഹമായും പലപ്പോഴും ഞാൻ അങ്ങയോടു് അപരാധം ചെയ്യുകയും അനവധി കാര്യങ്ങളിൽ അങ്ങേക്കു വിരുദ്ധമായി പാപം ചെയ്യുകയും ചെയ്തിട്ടുണ്ടു്.

അതുകൊണ്ടു് യുക്തിയും നീതിയും അനുസരിച്ചു് അങ്ങയുടെ ആശ്വാസം അല്പംപോലും ഞാൻ അർഹിക്കുന്നില്ല.

എന്നാൽ, നന്മയും കരുണയും നിറഞ്ഞ

ഈശ്വര, അങ്ങു് അങ്ങേയുടെ ക്രിയകൾ നശിച്ചുപോകുന്നതിനു് ആഗ്രഹിക്കാത്തതിനാൽ, കരുണാപാത്രങ്ങളോടുള്ള അങ്ങയുടെ ഔദാര്യസമ്പത്തിനെ പ്രകടിപ്പിക്കുന്നതിനായി, അങ്ങയുടെ ദാസനെ, അവൻ ഒരിക്കലും അർഹിക്കാത്തവിധത്തിലും മനുഷ്യർക്കു് അളക്കാൻ സാധിക്കാത്തവിധത്തിലും, അങ്ങു് അങ്ങയുടെ കൃപാകടാക്ഷത്താൽ ആശ്വസിപ്പിക്കുന്നു.

എന്തുകൊണ്ടെന്നാൽ, അങ്ങയുടെ ആശ്വാസങ്ങൾ മനുഷ്യരുടെ വികത്ഥനങ്ങൾപോലെയല്ല.

2. അങ്ങു് സ്വീയമായ ആശ്വാസം എനിക്കു പ്രദാനം ചെയ്തതക്കവണ്ണം, ഓ ഭഗവാനെ, ഞാൻ എന്തു ചെയ്തിട്ടുണ്ടു്?

ഞാൻ എന്തെങ്കിലും നന്മ ചെയ്തിട്ടുള്ളതായി ഞാൻ ഓർക്കുന്നില്ല; പ്രത്യുത, ഞാൻ തിന്മചെയ്യുന്നതിനു് എപ്പോഴും പ്രവണനും ദുർഗ്ഗണങ്ങൾ പരിഹരിച്ചു് ജീവിതത്തെ സംസ്കരിക്കുന്നതിൽ ഉദാസീനനുമായിരുന്നിട്ടുണ്ടു്.

സത്യം അതാണു്, എനിക്കു് അതു നിഷേധിക്കാൻ സാധിക്കുകയില്ല; അതിനു വിരുദ്ധമായി ഞാൻ പറയുകയാണെങ്കിൽ, അങ്ങു് എനിക്കു എതിരായി നില്ക്കുകയും എനിക്കു

വേണ്ടി പ്രതിവാദം ചെയ്യുന്നതിനു് ആരുമില്ലാതിരിക്കുകയും ചെയ്യും.

എന്റെ പാപങ്ങൾക്കായി നരകവും അനന്തമായ അഗ്നിയുമല്ലാതെ മറെറന്താണു് ഞാൻ അർഹിക്കുന്നതു്? നിന്ദയ്ക്കും അവഹേളനത്തിനും, സത്യത്തിൽ എനിക്കു പൂർണ്ണമായ അർഹതയുണ്ടെന്നു ഞാൻ സമ്മതിക്കുന്നു; അങ്ങയുടെ ഭക്തോപാസകന്മാരുടെ കൂട്ടത്തിൽ എന്റെ പേരു പ്രസ്താവിക്കപ്പെടുന്നതു് അനുചിതമായിരിക്കുന്നു.

ഇങ്ങനെ പറഞ്ഞുകേൾക്കുന്നതു് എന്റെ ഹിതത്തിനു വിരുദ്ധമാണെങ്കിലും, സത്യത്തിനുവേണ്ടി എന്റെ പാപങ്ങളെപ്പററി ഞാൻ ആത്മനിന്ദനം ചെയ്യും; അതുമൂലം അങ്ങയുടെ കരുണ ലഭിക്കുന്നതിനു് എനിക്കു കൂടുതൽ എളുപ്പമുണ്ടല്ലൊ.

3. സാപരാധനും ലജ്ജാവിവശനുമായ ഞാൻ എന്തു പറയും?

"ഞാൻ പാപം ചെയ്തുപോയി; ഓ ഭഗവാനെ, ഞാൻ പാപം ചെയ്തുപോയി, എന്നിൽ കൃപയുണ്ടാകണമെ, എനിക്കു മാപ്പു തരേണമെ!" എന്ന ഒററ വചനമല്ലാതെ മറെറാന്നും പറയുന്നതിനു് എനിക്കു മുഖമില്ല.

"അതുകൊണ്ടു്, ഇരുട്ടടഞ്ഞതും മരണമാ

കുന്ന മൂടൽമഞ്ഞു പൊതിഞ്ഞിരിക്കുന്നതുമായ ഒരു പ്രദേശത്തേക്കു പോകുന്നതിനു", ഇങ്ങിനിവരാതിരിക്കത്തക്കവണ്ണം പോകുന്നതിനു, മുമ്പായി എന്റെ ദുരവസ്ഥയെപ്പറ്റി കുറഞ്ഞൊന്നു വിലപിക്കുന്നതിനു" എന്നെ അനുവദിക്കേണമെ." (ജോബു" x, 20, 21.)

അപരാധിയും അപകൃഷ്ടനുമായ ഒരു പാപാത്മാവിനോടു" അങ്ങു സുപ്രധാനമായി ആവശ്യപ്പെടുന്നതു" അവന്റെ പാപങ്ങൾ മൂലം അവൻ ഹൃദയപൂർവ്വം പശ്ചാത്തപിക്കുകയും വിനീതനാവുകയും ചെയ്യണമെന്നല്ലാതെ മറെറന്താണു"?

യഥാർത്ഥമായ പശ്ചാത്താപത്തിലും വിനയത്തിലും നിന്നു" ഒരുവനു പാപവിമോചനം സിദ്ധിക്കുമെന്നുള്ള പ്രത്യാശ ജനിക്കുന്നു; അസ്വസ്ഥമായ മനസ്സാക്ഷിക്കു സ്വസ്ഥത ലഭിക്കുന്നു; നഷ്ടപ്പെട്ടുപോയ ദിവ്യാനുഗ്രഹം തിരിച്ചുകിട്ടുന്നു; വരാനിരിക്കുന്ന കോപത്തിൽനിന്നു" ഒരുവൻ വിമുക്തനാകുന്നു. ഈശ്വരൻ പശ്ചാത്താപവശമായ ആത്മാവിനെ ശാന്തിപ്രദമായ പാവനചുംബനത്തോടുകൂടി സ്വീകരിക്കുന്നു.

4. പാപങ്ങളെപ്പറ്റിയുള്ള വിനീതമായ പശ്ചാത്താപം, ഓ ഭഗവാനെ, അങ്ങേക്കു സ്വീകാര്യമായ ഒരു ബലിയത്രെ, അങ്ങേയു

ടെ ദൃഷ്ടിയിൽ അതിന്റെ സൗരഭ്യം സുഗന്ധ ദ്രവ്യങ്ങളുടെ പരിമളത്തേക്കാൾ ഹൃദ്യതര മാണു്.

ഇതു് അങ്ങേയുടെ പരിപാവനങ്ങളായ പാദപത്മങ്ങളിൽ ലേപനം ചെയ്യപ്പെടണ മെന്നു് അങ്ങു് ആഗ്രഹിക്കുന്ന ആ ഹൃദ്യമായ തൈലവുമാണു്. "എന്തുകൊണ്ടെന്നാൽ, പശ്ചാത്താപസന്തപ്തവും വിനീതവുമായ ഹൃദയത്തെ അങ്ങു് ഇതേവരെ വെറുത്തിട്ടില്ല." (സങ്കീ. 19)

ഇവിടെയാകുന്നു ശത്രുവിന്റെ ക്രോധവിവണ്ണമായ മുഖത്തിൽനിന്നുള്ള നിർവ്വിശങ്കമായ അഭയസ്ഥാനം. ഇവിടെവച്ചു, മറ്റു സ്ഥലങ്ങളിൽവച്ചു് ഒരുവനെ ബാധിച്ചിട്ടുള്ള ഏതു കളങ്കവും പരിഹരിക്കപ്പെടുകയും പ്രക്ഷാളനം ചെയ്യപ്പെടുകയും ചെയ്യുന്നു.

അദ്ധ്യായം 53.

ഈശ്വരാനുഗ്രഹം

ക്രിസ്തു: എന്റെ മകനെ, എന്റെ അനുഗ്രഹം വിലയേറിയതാണു്; ബാഹ്യങ്ങളായ സംഗതികളോടോ ലൗകിക സുഖാനുഭോ

ഗങ്ങളോടോ അതു സമ്മിശ്രമാകുന്നില്ല.

അതുകൊണ്ട് ദിവ്യാനുഗ്രഹം സിദ്ധിക്കണമെന്നു നീ ആഗ്രഹിക്കുന്നുവെങ്കിൽ, അതിനുള്ള പ്രതിബന്ധങ്ങളെല്ലാം നീ തിരസ്കരിക്കണം.

നിനക്കായി ശുദ്ധമായ ഒരു സ്ഥലം നീ കണ്ടുപിടിക്കുക; ഏകാന്തജീവിതത്തെ സ്നേഹിക്കുക, ആരോടും സംസാരിക്കാതിരിക്കുന്നതിനു് ഇഷ്ടപ്പെടുക; അങ്ങനെ നിന്റെ മനസ്സിനെ പശ്ചാത്താപനിമഗ്നമായും നിന്റെ മനഃസ്സാക്ഷിയെ നിർമ്മലമായും സൂക്ഷിക്കുന്നതിനായി ഈശ്വരസന്നിധിയിലേക്കു ഭക്തിതീക്ഷ്ണങ്ങളായ പ്രാർത്ഥനകളെ നീ അനർഗ്ഗളമായി പ്രവഹിപ്പിക്കുക.

ലോകത്തെ നിസ്സാരമായി ഗണിക്കുക; ഈശ്വര പരിസേവനത്തിനു ബാഹ്യങ്ങളായ സകല കാര്യങ്ങൾക്കുമുള്ളതിനെക്കാൾ പ്രാധാന്യം നല്കുക.

എന്തുകൊണ്ടെന്നാൽ, നിനക്കു് എന്നെ പരിസേവിക്കുകയും അതേസമയത്തു താൽക്കാലികങ്ങളായ സംഗതികളിൽ രമിക്കുകയും ചെയ്യുന്നതിനു സാധിക്കുകയില്ല.

നീ നിനക്കു പരിചയമുള്ളവരിൽനിന്നും നിനക്കു സ്നേഹമുള്ളവരിൽനിന്നും അകന്നിരിക്കുകയും നിന്റെ മനസ്സിനെ ലൗകിക

സുഖങ്ങളിൽ വിരക്തമായി സൂക്ഷിക്കുകയും ചെയ്യണം.

അതിനാലത്രെ വിശുദ്ധ ധർമ്മഭൃതനായ പീറർ ക്രൈസ്തവരോടു് ഈ ലോകത്തു വിദേശീയരേയും തീർത്ഥയാത്രക്കാരേയുംപോലെ ജീവിക്കുന്നതിനു് അപേക്ഷിക്കുന്നതു്.

(1. പീറർ ii. 11)

2. ഓ യാതൊന്നിനോടുമുള്ള ആസക്തിയാൽ ഈ ലോകത്തേക്കു് ആകർഷിക്കപ്പെടാത്ത മനുഷ്യൻ അവന്റെ മരണസമയത്തു് എത്ര ധൈര്യവാനായിരിക്കും!

എന്നാൽ ഒരു ദുർബ്ബലമായ ആത്മാവിനു് ഈവിധം പരിപൂർണ്ണ വിരക്തിയെ പ്രാപിച്ച ഒരു ഹൃദയമുണ്ടായിരിക്ക സാദ്ധ്യമല്ല; ഇന്ദ്രിയവശഗനായ ഒരു മനുഷ്യനു് ആത്മീയകാര്യനിരതനായ ഒരുവന്റെ സ്വാതന്ത്ര്യത്തെ ഗ്രഹിക്കാനും കഴിയുന്നില്ല.

എന്നാൽ അവൻ ആത്മീയകാര്യനിരതനായിരിക്കുന്നതിനു് ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ അടുത്തുള്ളവരെയും അകലെയുള്ളവരേയും ഒന്നുപോലെ ഉപേക്ഷിക്കുകയും മറ്റൊരെയും ശങ്കിക്കുന്നതിനേക്കാൾ കൂടുതലായി തന്നെത്താനെ ശങ്കിക്കുകയും ചെയ്യണം.

നീ ആത്മസംയമനം പൂർണ്ണമായി നിർവ്വഹി

ക്കുന്നുവെങ്കിൽ, മറ്റു സകലതിനേയും കീഴടക്കുന്നതിനു് നിനക്കു കൂടുതൽ എളുപ്പമുണ്ടു്.

ആത്മവിജയമത്രെ സർവ്വോൽകൃഷ്ടമായ വിജയം.

എന്തുകൊണ്ടെന്നാൽ, ഇന്ദ്രിയങ്ങൾ യുക്തിക്കു വശംവദവും, യുക്തി സകല കാര്യങ്ങളിലും എനിക്കു വശംവദവും ആയിരിക്കത്തക്കവണ്ണം ആശയസംയമനം ചെയ്യുന്നവൻ സാക്ഷാൽ ആത്മജേതാവും സർവ്വജഗത്തിന്റേയും അധീശനുമാണു്.

3. ഈ സർവ്വോൽകൃഷ്ടമായ പരിപൂർണ്ണതയെ പ്രാപിക്കുന്നതിനു നീ ആഗ്രഹിക്കുന്നുവെങ്കിൽ, നിന്റെ നിഗ്രഹവും ക്രമരഹിതവുമായ സ്വാർത്ഥപ്രതിപത്തിയേയും സ്വകീയവും ലൗകികവുമായ വസ്തുക്കൾക്കായുള്ള ആശയേയും മൂലവിച്ഛേദംചെയ്തു നശിപ്പിക്കുന്നതിനു നീ ധൈര്യപൂർവ്വം ആരംഭിക്കുകയും കോടാലികൊണ്ടു് അവയുടെ വേരു മുറിക്കുകയും ചെയ്യണം.

ഈ ക്രമരഹിതമായ സ്വാർത്ഥതല്പരതയത്രെ നിന്നിൽ സമൂലം ഛേദിക്കപ്പെടേണ്ടതായും ജയിക്കപ്പെടേണ്ടതായുമുള്ള സകല ദോഷങ്ങളുടെയും അടിസ്ഥാനം; അതിനെ തോല്പിച്ചു കീഴടക്കിക്കഴിഞ്ഞാലുടൻ നീ വ

ലുതായ സമാധാനവും സ്വസ്ഥതയും അനുഭവിക്കും.

എന്നാൽ ആത്മദമനം പൂർണ്ണമായി സാധിക്കുന്നതിനു് പരിശ്രമിക്കുന്നവരോ സ്വാർത്ഥതയെ അതിലംഘിച്ചു പുരോഗമനം ചെയ്യുന്നവരോ ആയി അധികംപേരില്ലാത്തതുകൊണ്ടു്, അവർ സ്വാർത്ഥപരമായ കാംക്ഷങ്ങളിൽ കുടുങ്ങിക്കിടക്കുകയും, സ്വതപ്തത്തെ അധികരിച്ചിട്ടു് അവക്കു ആദ്ധ്യാത്മികമായ ഉത്കർഷം പ്രാപിക്കുന്നതിനു സാധിക്കാതിരിക്കുകയും ചെയ്യുന്നു.

എന്നാൽ എന്നെ സ്വതന്ത്രനായി അനുഗമിക്കുന്നതിനു് ആഗ്രഹിക്കുന്നവൻ ദൃഷ്ടവും ക്രമരഹിതവുമായ അവന്റെ സകല ആശാബന്ധങ്ങളേയും ഛേദിക്കുകയും സ്വാർത്ഥപരമായ സ്നേഹത്താൽ യാതൊരു സൃഷ്ടിയോടും സംസക്തനാകാതിരിക്കുകയും ചെയ്യണം.

അദ്ധ്യായം 54.

പ്രകൃതിയും ഈശ്വരാനുഗ്രഹവും

ക്രിസ്തു: എന്റെ മകനെ, പ്രകൃതിയുടെയും ഈശ്വരാനുഗ്രഹത്തിന്റെയും വ്യാപാരങ്ങളെ സശ്രദ്ധം നിരീക്ഷണം ചെയ്യുക; എന്തുകൊണ്ടെന്നാൽ, അവ പരസ്പരവിരുദ്ധവും അസ്പഷ്ടദൃശ്യവുമായ മാർഗ്ഗങ്ങളിൽ കൂടി ചരിക്കുന്നു; ആത്മീയകാര്യനിരതനും ആദ്ധ്യാത്മിക പ്രബുദ്ധത സിദ്ധിച്ചവനുമായ ഒരുവനല്ലാതെ മറ്റുള്ളവർക്ക് അവയെ വേർതിരിച്ചറിയുന്നതിനു മിക്കവാറും സാധിക്കുകയില്ല.

എല്ലാവരും തീവ്രയായും നന്മയെ ആഗ്രഹിക്കുകയും അവരുടെ പ്രവൃത്തികളിലും വാക്കുകളിലും ഏതോ നന്മയുണ്ടെന്നു് അഭിമാനിക്കുകയും ചെയ്യുന്നുണ്ടു്; അതുകൊണ്ടു് നന്മയുടെ നാട്യത്താൽ ഒട്ടധികംപേർ വഞ്ചിക്കപ്പെടുന്നു.

2. പ്രകൃതി കൗടില്യമുള്ളതാണു്; അതു വളരെ ആളുകളെ വഴിതെറ്റിച്ചു കുരുക്കിലകപ്പെടുത്തുകയും ചതിക്കുകയും ചെയ്യുന്നു; അതിന്റെ ലക്ഷ്യം എപ്പോഴും സ്വാർത്ഥതയാണു്.

എന്നാൽ, ഈശ്വരാനുഗ്രഹം നിഷ്ക്രിയമാണു്; തിന്മ കാണുന്നിടത്തുനിന്നു് അതു പിൻമാറുന്നു; അതു വഞ്ചനയ്ക്കു് ഒരുങ്ങുന്നില്ല; അതു സകലവും ഈശ്വരനുവേണ്ടിമാത്രം പ്രവർത്തിക്കുന്നു; അതു് ഈശ്വരനെ അതിന്റെ പരമലക്ഷ്യമായി അവലംബിക്കുന്നു.

3. പ്രകൃതി ഇന്ദ്രിയനിഗ്രഹത്തിനോ, ആത്മനിയന്ത്രണത്തിനോ, ആത്മദമനത്തിനോ, ആജ്ഞാധീനതയ്ക്കോ സന്നദ്ധമല്ല; സ്വമേധയാ അതു ആക്കം കീഴ്പ്പോട്ടു കുതിക്കുകയില്ല.

എന്നാൽ ഈശ്വരാനുഗ്രഹം ഇന്ദ്രിയനിഗ്രഹം ചെയ്യുന്നതിനു് ഉദ്യമിക്കുന്നു; ഭോഗാസക്തിയോടു് എതിർക്കുന്നു; മറവുള്ളവക്കു കീഴ്പ്പോട്ടു പോകുന്നതിനു ശ്രമിക്കുന്നു; ആത്മവിജയത്തിനു് ആഗ്രഹിക്കുന്നു; സ്വന്തം സ്വാതന്ത്ര്യം പരിപാലിക്കുന്നതിനു് ഉദ്ദേശിക്കുന്നില്ല; ശിക്ഷണത്തിനു വിധേയമായിരിക്കാൻ ഇഷ്ടപ്പെടുന്നു; ആരെയും ഭരിക്കുന്നതിനു് ആഗ്രഹിക്കുന്നില്ല; പ്രത്യുത, എല്ലായ്പ്പോഴും ഈശ്വരനു് അധീനമായി ജീവിക്കുന്നതിനു് ആഗ്രഹിക്കുന്നു; ഈശ്വരനുവേണ്ടി സകല മനുഷ്യരുടെയും മുമ്പാകെ വിനയപൂർവ്വം നമസ്കരിക്കുന്നതിനു് എപ്പോഴും സന്നദ്ധമായിരിക്കുന്നു.

4. പ്രകൃതി അതിന്റെ സ്വന്തം ഗുണത്തിനായി പ്രയത്നിക്കുകയും മറ്റുള്ളവരിൽനിന്ന് എന്തു ലാഭവും കവന്നെടുക്കാമെന്ന് ആലോചിക്കുകയും ചെയ്യുന്നു.

എന്നാൽ ഈശ്വരാനുഗ്രഹം സ്വന്തം ഗുണത്തിനോ ലാഭത്തിനോ ഉപകരിക്കുന്നതെന്തോ ഞെന്നുള്ളതിനെപ്പറ്റി ചിന്തിക്കാതെ, കൂടുതലാളുകൾക്കു ഗുണകരമായുള്ളതിനെപ്പറ്റി മാത്രം ചിന്തിക്കുന്നു.

5. പ്രകൃതി ബഹുമതിയും ആദരവും സന്തോഷപൂർവ്വം സ്വീകരിക്കുന്നു.

എന്നാൽ ഈശ്വരാനുഗ്രഹം ബഹുമതിയും മഹിമയും സകലവും ഈശ്വരനുള്ളതാണെന്നു നിർവ്യാജം സമ്മതിക്കുന്നു.

6. പ്രകൃതി അവമാനത്തെയും അവഹേളനത്തെയും ഭയപ്പെടുന്നു.

എന്നാൽ ഈശ്വരാനുഗ്രഹം യേശുവിന്റെ നാമത്തിനുവേണ്ടി അവമാനം സഹിക്കുന്നതിൽ സന്തോഷിക്കുന്നു.

7. പ്രകൃതി അലസതയും ശാരീരവിശ്രാന്തിയും ഇഷ്ടപ്പെടുന്നു.

എന്നാൽ ഈശ്വരാനുഗ്രഹത്തിനു് അലസമായിരിക്കാൻ സാധിക്കുകയില്ല; പ്രത്യുത അതു പ്രയത്നത്തെ സന്തോഷപൂർവ്വം ആശ്ലേഷിക്കുന്നു.

പ്രകൃതി കൗതുകകരവും ഭംഗിയുള്ളതുമായ സാധനങ്ങളെ ആഗ്രഹിക്കുകയും, സാധാരണവും രസികത്വമില്ലാത്തതുമായ സാധനങ്ങളെ വെറുക്കുകയും ചെയ്യുന്നു.

എന്നാൽ ഈശ്വരാനുഗ്രഹം അനാഡംബരവും വിനീതവുമായതിൽ സന്തോഷിക്കുന്നു; അതു ഭംഗിയില്ലാത്ത സാധനങ്ങളെ നിരസിക്കുന്നില്ല; അതു പഴന്തുണി ധരിക്കുന്നു.

9. പ്രകൃതി ലൗകികവസ്തുക്കളെ ആദരിക്കുകയും ഭൗതികമായ ആദായത്തിൽ സംതോഷിക്കുകയും നഷ്ടത്തിൽ ദുഃഖിക്കുകയും ചെയ്യുന്നു; അതു ഏതു് അസുഖകരമായ നിസ്സാരവാക്കിനാലും കോപാകുലമാകുന്നു.

എന്നാൽ ദിവ്യാനുഗ്രഹം സനാതനമായ കാര്യങ്ങളിൽ ദത്തശ്രദ്ധമാകുന്നു; അതു താൽക്കാലികമായവയിൽ സംസക്തമല്ല; അതു നഷ്ടങ്ങൾ നേരിടുമ്പോൾ അസ്വസ്ഥമാവുകയോ പരുഷവാക്കുകളാൽ കോപിതമാവുകയോ ചെയ്യുന്നില്ല; എന്തുകൊണ്ടെന്നാൽ അതു് അതിന്റെ നിധിയും സൗഭാഗ്യവും യാതൊന്നിനും നാശമില്ലാത്ത സ്വർഗ്ഗത്തു നിക്ഷേപിക്കുന്നു.

10. പ്രകൃതി അത്യാഗ്രഹിയാണു്; കൊടുക്കുന്നതിനേക്കാൾ എടുക്കുന്നതിനു് അതു് ഇഷ്ടപ്പെടുന്നു; എല്ലാ വസ്തുക്കളെയും സ്വന്ത

മാക്കുന്നതിനു് അതു മോഹിക്കുന്നു.

എന്നാൽ ദിവ്യാനുഗ്രഹം ഒഴുകിയ്പൂണ്ണവും ആർദ്രഹൃദയവുമാണു്; അതു സ്വാർത്ഥതയെ വർജ്ജിക്കുകയും അല്പംകൊണ്ടു സംതൃപ്തമാവുകയും ചെയ്യുന്നു; 'എടുക്കുന്നതിനേക്കാൾ കൊടുക്കുന്നതു' കൂടുതൽ ആനന്ദകരമാണെന്നു് അതു വിധിക്കുന്നു. (നട. xx. 35)

11. പ്രകൃതി സൃഷ്ടികളിലേക്കും ഇന്ദ്രിയസുഖങ്ങളിലേക്കും വ്യാമോഹങ്ങളിലേക്കും ചായുന്നു; അതു ഭോഗങ്ങൾക്കായി അലഞ്ഞുതിരിയുന്നതിനു് ഇഷ്ടപ്പെടുന്നു.

എന്നാൽ ദിവ്യാനുഗ്രഹം ഈശ്വരനേയും സദ്ധർമ്മത്തേയും അവലംബിക്കുകയും, സൃഷ്ടികളെ പരിവർജ്ജിക്കുകയും, ലോകത്തിനു് അകന്നുമാറുകയും, ഇന്ദ്രിയസുഖാസക്തിയെ വെറുക്കുകയും, അലഞ്ഞുതിരിച്ചിലിനെ നിരോധിക്കുകയും പൊതുജനദൃഷ്ടിയിൽ പ്രത്യക്ഷമാകുന്നതിനു പിന്തുങ്ങുകയും ചെയ്യുന്നു.

12. പ്രകൃതി ഇന്ദ്രിയങ്ങൾക്കു രസപ്രദമായ ബാഹ്യസുഖങ്ങളെ ആരായുന്നു.

എന്നാൽ ദിവ്യാനുഗ്രഹം ഈശ്വരനിൽ മാത്രമേ ആശ്വാസം തേടുന്നുള്ളു; അതു, സർവ്വോപരി, ആ സച്ചിദാനന്ദമൂർത്തിയിൽ; ആനന്ദിക്കുന്നതിനു് ഇഷ്ടപ്പെടുന്നു.

13. പ്രകൃതി എല്ലാ കാര്യങ്ങളും അതിന്റെ സ്വന്തം ലാഭത്തിനും ഗുണത്തിനുമായി ചെയ്യുന്നു; പ്രതിഫലേച്ഛകൂടാതെ അതിനു യാതൊന്നും ചെയ്യാൻ സാധിക്കുകയില്ല; അതിന്റെ സല്കൃത്യങ്ങൾക്കായി അവയ്ക്കു തുല്യമോ അവയേക്കാൾ നല്ലതോ ആയ എന്തെങ്കിലുമോ അഭിനന്ദനമോ സഹായമോ പകരം കിട്ടണമെന്നു് അതു പ്രത്യാശിക്കുന്നു; അതിന്റെ പ്രവൃത്തികൾക്കും ദാനങ്ങൾക്കും കൂടുതൽ വില കല്പിക്കപ്പെടുന്നതിനു് അതു വളരെ ആഗ്രഹിക്കുന്നു.

എന്നാൽ ദിവ്യാനുഗ്രഹം ലൗകികമായ യാതൊന്നുമോ പ്രതിഫലമായി ഈശ്വരനല്ലാതെ മറെറന്തെങ്കിലുമോ ആഗ്രഹിക്കുന്നില്ല; നിത്യസൗഭാഗ്യം പ്രാപിക്കുന്നതിനു് ഉപകരിക്കുന്ന സാധനങ്ങളല്ലാതെ, കൂടുതലായ ലൗകിക വസ്തുക്കൾ അതു് ആവശ്യപ്പെടുന്നില്ല.

14. പ്രകൃതിമിത്രങ്ങളും ബന്ധുക്കളും ധാരാളമായി ഉണ്ടായിരിക്കുന്നതിൽ സന്തോഷിക്കുന്നു; അതു പാരംപര്യമഹിമയിലും ആഭിജാത്യത്തിലും അഭിമാനിക്കുന്നു; അതു പ്രബലന്മാരെ പ്രസാദിപ്പിക്കാൻ വാലാട്ടുകയും ധനവാന്മാർക്കു മുഖസ്തുതിചെയ്യുകയും അ

തിനെ തുല്യരായവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

എന്നാൽ ദിവ്യാനുഗ്രഹം ശത്രുക്കളെയും സ്നേഹിക്കുന്നു; അതു വളരെ മിത്രങ്ങളുള്ളതിൽ അഹംകരിക്കുകയോ, കുലശ്രേഷ്ഠതയ്ക്കു് അനുരൂപങ്ങളായ ഗുണങ്ങളില്ലെങ്കിൽ അതിനു വില കല്പിക്കുകയോ ചെയ്യുന്നില്ല; ധനികന്മാരെക്കാൾ പാവങ്ങളെ അതു് അനുകൂലിക്കുന്നു; അതിനു പ്രബലന്മാരോടുള്ളതിൽ കൂടുതലായ സഹഭാവം പാവങ്ങളോടുണ്ടു്; അതു സത്യത്തൽപരനോടുകൂടിയല്ലാതെ കാപട്യമുള്ളവനോടുകൂടി അനുമോദിക്കുന്നില്ല; അതു സജ്ജനങ്ങളെ കൂടുതൽ സദ്ഗുണങ്ങൾ സമ്പാദിക്കുന്നതിനും ധർമ്മാനുഷ്ഠാനത്തിൽ ഈശ്വരപുത്രനു തുല്യരായിത്തീരുന്നതിനും എല്ലായ്പോഴും പ്രോത്സാഹിപ്പിക്കുന്നു.

15. പ്രകൃതി ദാരിദ്ര്യത്തേയും ഉപദ്രവങ്ങളേയുംപറ്റി എപ്പോഴും പരാതി പറയുന്നു.

എന്നാൽ ദിവ്യാനുഗ്രഹം ദാരിദ്ര്യത്തെ സ്ഥൈര്യപൂർവ്വം സഹിക്കുന്നു.

16. പ്രകൃതി എല്ലാ സംഗതികളേയും സ്വാർത്ഥതയിൽ ലയിപ്പിക്കുന്നു; അതു സ്വന്തം കാര്യം നേടുന്നതിനായി പരിശ്രമിക്കുകയും ന്യായവാദം ചെയ്യുകയും ചെയ്യുന്നു.

എന്നാൽ ദിവ്യാനുഗ്രഹം സകല സംഗ

തികളെയും അവയുടെ ഉൽപ്പത്തിസ്ഥാനമായ ഈശ്വരനിൽ ലയിപ്പിക്കുന്നു; അതുയാതൊരു നന്മയും സ്വന്തമാണെന്നു ഭാവിക്കുകയോ അഹംകരിക്കുകയോ ചെയ്യുന്നില്ല; അതു തക്കീക്കുകയോ മറവുള്ളവരുടെ അഭിപ്രായത്തെക്കാൾ സ്വാഭിപ്രായത്തെ അവലംബിക്കുകയോ ചെയ്യുന്നില്ല; പ്രത്യുത, അതിന്റെ സത്യാന്വേഷണത്തിൽ ഈശ്വരന്റെ അനന്തജ്ഞാനത്തിനും വീധിക്കും അതു നിശ്ശേഷം വശംവദമാകുന്നു.

17. പ്രകൃതി രഹസ്യങ്ങൾ അറിയുന്നതിനും വിശേഷങ്ങൾ കേൾക്കുന്നതിനും ഉൽക്കണ്ഠിതമായിരിക്കുന്നു; അതു പുറമെ പ്രസിദ്ധിയുണ്ടാകുന്നതിനും സ്വന്തം അനുഭവംകൊണ്ടു പല സംഗതികളേയും പരീക്ഷിക്കുന്നതിനും ഇഷ്ടപ്പെടുന്നു; അതു മറവുള്ളവരുടെ ശ്രദ്ധയ്ക്കു വിഷയമാകുന്നതിനും പ്രശംസനീയവും ആശ്ചര്യകരവുമായ കാര്യങ്ങൾ ചെയ്യുന്നതിനും ആഗ്രഹിക്കുന്നു.

എന്നാൽ ഭിവ്യാനുഗ്രഹം വിശേഷങ്ങളെയും കൗതുകകരങ്ങളായ സംഗതികളെയും പററി ഗൗനിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ പുതിയതോ ശാശ്വതമോ ആയ യാതൊന്നും ലോകത്തു് ഇല്ലെന്നിരിക്കെ, ഈ വ്യർത്ഥമായ ജിജ്ഞാസ മനുഷ്യന്റെ പൂർവ്വികമാ

യ ദുഷ്ടതയിൽനിന്നു് ഉത്ഭവിക്കുന്നതാണു്.

അതുകൊണ്ടു് അതു് ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നതിനും, വ്യർത്ഥമായ ചാരിതാർത്ഥ്യത്തെയും ആടോപത്തെയും വർജ്ജിക്കുന്നതിനും, അഭിനന്ദനാഹ്വും സ്തുത്യർഹവുമായ സംഗതികളെ വിനയപൂർവ്വം ഗോപനം ചെയ്യുന്നതിനും, ഏതു കാര്യത്തിലും ഏതു വിദ്യയിലും ആദ്ധ്യാത്മികമായി പ്രയോജനകരമായ ഫലവും ഈശ്വരന്റെ സ്തുതിയും മഹിമയും ആരായുന്നതിനും പഠിപ്പിക്കുന്നു.

അതിനെയോ അതിനെസ്സംബന്ധിച്ചുള്ളതിനെയോ മറവുള്ളവർ പുകഴ്ത്തുണമെന്നു് അതു് ആഗ്രഹിക്കുന്നില്ല; പ്രത്യുത, സകലവും വെറും സ്നേഹംനിമിത്തം നമുക്കു തരുന്ന ഈശ്വരൻ അദ്ദേഹത്തിന്റെ ദാനങ്ങൾക്കായി വാഴ്ത്തപ്പെടണമെന്നു് അതു് ആഗ്രഹിക്കുന്നു.

18. ഈ ദിവ്യാനുഗ്രഹം പ്രകൃത്യതീതമായ ഒരു പ്രകാശവും, ഈശ്വരന്റെ ഒരു വിശിഷ്ടവരവും, സജ്ജനങ്ങളുടെ സമുചിതമായ ഒരു ഉപലക്ഷണവും, നിത്യമോക്ഷത്തിന്റെ ആധാരവുമാകുന്നു; അതു് ഒരു മനുഷ്യനെ ഭൗമമായ സംഗതികളിൽനിന്നു സ്വർഗ്ഗീയ സംഗതികളോടുള്ള സ്നേഹത്തിലേക്കു് ഉയർത്തുകയും ഇന്ദ്രിയാധീനനായ അവനെ ആത്മീയകാര്യനിരതനാക്കുകയും ചെയ്യുന്നു.

അതുകൊണ്ടു പ്രകൃതിയെ നാം എത്ര ത്തോളം നിയന്ത്രിക്കുകയും കീഴടക്കുകയും ചെയ്യുന്നുവോ അത്രത്തോളം കൂടുതലായി ദിവ്യാനുഗ്രഹം നമുക്കു ലഭിക്കുകയും ആത്മാവു നവംനവങ്ങളായ ദിവ്യസന്ദർശനങ്ങളാൽ ഈശ്വരനോടു് അനുദിനം വർദ്ധമാനമായ സാരൂപ്യം പ്രാപിക്കുകയും ചെയ്യുന്നു.

അദ്ധ്യായം 55

പ്രകൃതിയുടെ ദുഷ്ടസ്ഥിതി.

ശിഷ്യൻ: ഓ ഭഗവാനെ, എന്റെ ഈശ്വര, എന്നെ അങ്ങയുടെ സ്വന്തം രൂപത്തിലും സാമ്യത്തിലും സൃഷ്ടിച്ചിരിക്കുന്ന അങ്ങു്, ഇത്ര വളരെ മഹനീയമെന്നും എന്റെ മുക്തിക്കു് ഇത്ര ആവശ്യകമെന്നും അങ്ങു പ്രസ്താവിച്ചിരിക്കുന്ന ഈ അനുഗ്രഹത്തെ, എന്നെ പാപത്തിലേക്കും നാശത്തിലേക്കും നയിക്കുന്ന ഈ ദുഷ്ടമായ പ്രകൃതിയെ ഞാൻ കീഴടക്കുന്നതിനായി, എനിക്കു പ്രദാനം ചെയ്യേണമെ.

എന്തുകൊണ്ടെന്നാൽ, എന്റെ ശരീര

ത്തിൽ പാപത്തിന്റെ വിധി മനസ്സിന്റെ വിധിയെ ഖണ്ഡിക്കുകയും ഒട്ടധികം സംഗതികളിൽ എന്നെ ഇന്ദ്രിയാധീനനാക്കുകയും ചെയ്യുന്നതായി എനിക്കു് അനുഭവപ്പെടുന്നു; അങ്ങയുടെ പരിശുദ്ധമായ അനുഗ്രഹം എന്റെ ഹൃദയത്തിൽ ധാരാളമായി നിവേശിച്ചു് എന്നെ സഹായിക്കുന്നില്ലെങ്കിൽ, എന്റെ കാമക്രോധാദികളെ നിരോധിക്കുന്നതിനു് എനിക്കു കഴിവില്ല.

2. യൗവനം മുതൽ എപ്പോഴും അധർമ്മനിരതമായിരിക്കുന്ന പ്രകൃതിയെ ജയിക്കുന്നതിനു്, ഓ ഭഗവാനെ, അങ്ങയുടെ അനുഗ്രഹം എനിക്കു വളരെ കൂടുതലായി ആവശ്യമുണ്ടു്.

എന്തുകൊണ്ടെന്നാൽ, ആദിമ മനുഷ്യനായ ആദാംമൂലം പ്രകൃതി അധഃപതിച്ച പാപത്താൽ ദൂഷിതമാവുകയും ആ പാപത്തിന്റെ ശിക്ഷ മനുഷ്യവർഗ്ഗത്തെ മുഴുവനും ബാധിക്കുകയും ചെയ്തു. അതുകൊണ്ടു് അങ്ങു ഗുണഭ്രയിഷ്ഠമായും ധർമ്മനിരതമായും സൃഷ്ടിച്ച പ്രകൃതി ഇപ്പോൾ ദുർഗ്ഗുണവും രോഗവും നിറഞ്ഞു ദൂഷിച്ച പ്രകൃതിയായിപ്പരിണമിച്ചിരിക്കുന്നു; എന്തുകൊണ്ടെന്നാൽ, അതു്, അസഹായമാണെങ്കിൽ, തിന്മയിലേക്കും ലൗകികവസ്തുക്കളിലേക്കും ചായുന്നു.

അവശേഷിച്ചിരിക്കുന്ന അല്പമായ ശക്തി ചാമ്പലിന്റെ അടിയിലുള്ള തീപ്പൊരിപോലെയാണ്.

ഇതു വലുതായൊരു തിമിരത്താൽ ആവൃതമായിരിക്കുന്ന ഞങ്ങളുടെ സ്വാഭാവികമായ ബുദ്ധിയത്രെ; അതിനു നന്മയും തിന്മയും സത്യവും അസത്യവും തമ്മിലുള്ള അന്തരം ഗ്രഹിക്കുന്നതിനുള്ള ശക്തി ഇപ്പോഴുമുണ്ട്; എങ്കിലും അതിനു ശരിയെന്നു് അറിയാവുന്നതെല്ലാം നിർവ്വഹിക്കുന്നതിനുള്ള ശേഷിയില്ല; സത്യത്തിന്റെ പൂർണ്ണമായ പ്രകാശം അതിനു് ഇപ്പോൾ സിദ്ധിക്കുന്നില്ല; മുമ്പിലത്തെ സുബോധവും അതിന്റെ വ്യാപാരങ്ങൾക്കു് ഇപ്പോൾ ഇല്ല.

4. അതുകൊണ്ടത്രെ, ഓ എന്റെ ഈശ്വര, എന്റെ അന്തഃകരണമനുസരിച്ചു് അങ്ങയുടെ നിയമത്തിൽ ഞാൻ സന്തോഷിക്കുന്നതു്; അങ്ങയുടെ കല്പന നല്ലതും നീതിയുള്ളതും പരിശുദ്ധവുമാണെന്നു് എനിക്കു് അറിയാം; തിന്മയും പാപവും പരിവർജ്ജനീയങ്ങളായി ഞാൻ വെറുക്കുന്നു.

എങ്കിലും ശരീരം സംബന്ധിച്ചിടത്തോളം അതു ബുദ്ധിയേക്കാൾ ഇന്ദ്രിയങ്ങളെ അനുസരിക്കുന്നതുകൊണ്ടു പാപത്തിന്റെ വിധിയെ അത്രെ അനുഭവിക്കുന്നതു്.

അതുകൊണ്ടത്രെ, "നല്ലതു ചെയ്യുന്നതിനു് എനിക്കു മനസ്സുണ്ടു്. എന്നാൽ അതിനെ നിവ്വഹിക്കുന്നതിനു് എനിക്കു് കഴിവില്ല." (റോമ. vii 18.) എന്ന സ്ഥിതി എനിക്കുണ്ടായിരിക്കുന്നതു്.

അതുകൊണ്ടു, പലപ്പോഴും ഞാൻ നല്ല കായ്യങ്ങൾ ചെയ്യുന്നതിനു നിശ്ചയിക്കുന്നുവെങ്കിലും, സഹായത്തിനായി ഈശ്വരാനുഗ്രഹം എനിക്കു ഇല്ലാത്തതിനാൽ, നിസ്സാരമായ പ്രതിബന്ധം നേരിടുമ്പോൾ ഞാൻ അശക്തനായി പിൻവലിയുന്നു.

അതുകൊണ്ടു, പരിപൂർണ്ണത പ്രാപിക്കുന്നതിനുള്ള മാർഗ്ഗം എനിക്കു് അറിയാമെങ്കിലും എന്റെ കത്തവ്യമെന്തെന്നു് ഞാൻ സ്പഷ്ടമായിക്കാണുന്നുവെങ്കിലും, എന്റെ സഹജമായ ദുഷ്ടതയുടെ ഭാരത്താൽ അമത്തപ്പെടുകയാൽ ഞാൻ ഉത്കൃഷ്ടതരമായ കായ്യങ്ങളിലേക്കു് ഉന്നമിക്കുന്നില്ല.

4. ഓ ഭഗവാനെ, ഒരു നല്ല കായ്യം തുടങ്ങുന്നതിനും, അതിനെ തുടർന്നു ചെയ്യുന്നതിനും അതിനെ പൂർണ്ണമായി നിവ്വഹിക്കുന്നതിനും അങ്ങയുടെ അനുഗ്രഹം എത്ര വളരെ ആവശ്യമായിരിക്കുന്നു!

എന്തുകൊണ്ടെന്നാൽ, അതില്ലാതെ എനിക്കു യാതൊന്നും ചെയ്യാൻ സാധിക്കുകയില്ല;

എന്നാൽ അങ്ങയുടെ അനുഗ്രഹം എന്നെ ശക്തിപ്പെടുത്തിയാൽ എനിക്കു സകല കാര്യങ്ങളും ചെയ്യാൻ കഴിയും.

ഓ സാക്ഷാൽ സ്വർഗ്ഗീയമായ അനുഗ്രഹം! അതു് ഇല്ലെങ്കിൽ ഞങ്ങൾക്കു സ്വന്തമായ യാതൊരു യോഗ്യതയുമില്ല; പ്രകൃതിദത്തമായ ഗുണങ്ങളൊട്ടും ഗണനീയവുമല്ല.

കലാവിദ്യ, ധനം, സൗന്ദര്യം, ശക്തി, ബുദ്ധി, വാഗ്മിത്വം ഇവയ്ക്കൊന്നിനും ദിവ്യാനുഗ്രഹമില്ലെങ്കിൽ അങ്ങയുടെ ദൃഷ്ടിയിൽ ഒട്ടും വിലയില്ല.

എന്തുകൊണ്ടെന്നാൽ, പ്രകൃതിദത്തമായ ഗുണങ്ങൾ സജ്ജനങ്ങൾക്കും ദുർജ്ജനങ്ങൾക്കും ഒന്നുപോലെ ഉള്ളതാണു്; പ്രത്യുത, ദിവ്യാനുഗ്രഹവും ദിവ്യസ്നേഹവും സത്തുക്കൾക്കായി മാത്രമുള്ള ദാനമത്രെ; അതിനാൽ അലംകൃതരായവർ അനന്തജീവിതത്തിനു യോഗ്യരായി ഗണിക്കപ്പെടുന്നു.

ഈ ദിവ്യാനുഗ്രഹമില്ലെങ്കിൽ ദീർഘദർശിത്വമോ, അത്ഭുതസിദ്ധികളോ, അതിഗഹനങ്ങളായ തത്ത്വങ്ങളെപ്പറ്റിയുള്ള ജ്ഞാനമോ കൊണ്ടു യാതൊരു പ്രയോജനവുമില്ലാതിരിക്കത്തക്കവണ്ണം അതു് അത്ര മഹനീയമാണു്.

ദിവ്യസ്നേഹവും ദിവ്യാനുഗ്രഹവുമില്ലെങ്കി

ൽ, വിശ്വാസം, പ്രത്യാശ മുതലായ ശ്രേഷ്ഠ ഗുണങ്ങൾതന്നെയും അങ്ങേക്കു സ്വീകാരയോഗ്യമല്ല.

5. ഓ ഏറ്റവും സൗഭാഗ്യകരമായ ദിവ്യാനുഗ്രഹമെ! നീ ആത്മാവിൽ സാധുവായവനെ സദ്ഗുണങ്ങളിൽ സമ്പന്നനാക്കുകയും ഒട്ടധികം നല്ല സാധനങ്ങളിൽ സമ്പന്നനായവനെ വിനീതഹൃദയനാക്കുകയും ചെയ്യുന്നു!

വരുക, എന്റെ ഹൃദയത്തിലേക്കു ഇറങ്ങി വരുക, മനസ്സിന്റെ ക്ഷീണപാരവശ്യത്താലും ശുഷ്കതയാലും എന്റെ ആത്മാവു തളർന്നു പോകാതിരിക്കുന്നതിനായി നിന്റെ ആശ്വാസംകൊണ്ടു് എന്നെ പുഷ്ടിപ്പെടുത്തുക.

ഓ ഭഗവാനെ, അങ്ങേയുടെ ദൃഷ്ടിയിൽ ഞാൻ ദിവ്യാനുഗ്രഹമുള്ളവനായിരിക്കുന്നതിനു് അങ്ങേയുടെ കൃപയുണ്ടാകേണമെ; എന്തുകൊണ്ടെന്നാൽ, പ്രകൃതി ആഗ്രഹിക്കുന്ന സംഗതികളൊന്നും എനിക്കു കിട്ടിയില്ലെങ്കിലും അങ്ങേയുടെ അനുഗ്രഹം എനിക്കു വേണ്ടുവോളം മതിയാകുന്നതാണു്.

പ്രലോഭനങ്ങൾ എന്നെ അക്രമിക്കുകയും അനവധി ദുരിതങ്ങൾ എന്നെ പീഡിപ്പിക്കുകയും ചെയ്താലും, അങ്ങയുടെ അനുഗ്രഹം

എനിക്കുള്ളപ്പോൾ എനിക്ക് എന്തെങ്കിലും ദോഷമുണ്ടാകുമെന്നു ഞാൻ ഭയപ്പെടുകയില്ല.

അതത്രെ എന്റെ ബലം; അതത്രെ എനിക്ക് ഉപദേശവും സഹായവും തരുന്നതു്.

സകല ശത്രുക്കളേയുംകാൾ അതിനു ശക്തിയുണ്ടു്; സകല ബുദ്ധിമാന്മാരെയുംകാൾ അതിനു ബുദ്ധിയുണ്ടു്.

6. അതു സത്യത്തിന്റെ ഗുരുവും, വ്യവസ്ഥിതിയുടെ അദ്ധ്യാപകനും, ഹൃദയത്തിന്റെ പ്രകാശവും, കഷ്ടപ്പാടിൽ ആശ്വാസപ്രദനും, ദുഃഖത്തെ ഉച്ചാടനം ചെയ്യുന്നവനും ഭയത്തെ ബഹിഷ്കരിക്കുന്നവനും, ഭക്തിയെ പോഷിപ്പിക്കുന്നവനും കണ്ണുനീരിന്റെ ഉറവുമാണു്.

അതില്ലെങ്കിൽ, ഞാൻ കേവലം ഒരു ഉണങ്ങിയ മരക്കഷണവും ദൂരെ എറിഞ്ഞുകളയാൻമാത്രം കൊള്ളുന്ന, ഉപയോഗശൂന്യമായ, ഒരു ചുള്ളിയുമല്ലാതെ മറെറന്താണു്?

ഓ ഭഗവാനെ, അതുകൊണ്ടു് അങ്ങയുടെ അനുഗ്രഹം എല്ലായ്പോഴും എന്റെ മുമ്പിലും പിമ്പിലും ഉണ്ടായിരിക്കുകയും, അങ്ങയുടെ മകനായ യേശുക്രിസ്തുവഴി ഞാൻ സൽക്കർമ്മങ്ങളിൽ നിരതനും ഭക്തശ്രേഷ്ഠനുമായിരിക്കുകയും ചെയ്യുമാറാകട്ടെ! ആമ്മേൻ.

അദ്ധ്യായം 56

സ്വാത്മത്യാഗം

ക്രിസ്തു: എന്റെ മകനെ, നിന്നെ നിനക്കു എത്രത്തോളം വിട്ടു പിരിയാമോ അത്രത്തോളം നിനക്കു എന്റെ ഉള്ളിൽ പ്രവേശിക്കാൻ സാധിക്കും.

ബാഹ്യമായ യാതൊന്നിനേയും ആശിക്കാതിരുന്നാൽ വീട്ടിൽ സമാധാനമുണ്ടാകുമെന്നുള്ളതുപോലെ ആത്മപരിത്യാഗം നിന്നെ എന്നോടു സംയോജിപ്പിക്കുന്നു.

പിണക്കമോ പരാതിയോ കൂടാതെ എന്റെ ഹിതം അനുവർത്തിക്കുന്നതിനായി നീ പൂർണ്ണമായ സ്വാത്മത്യാഗം പരിശീലിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.

എന്നെ പിന്തുടരുക; മാർഗ്ഗവും സത്യവും ജീവനും ഞാനാകുന്നു. (ജോൺ xiv. 6.) മാർഗ്ഗമില്ലാതെ പ്രയാണമില്ല; സത്യമില്ലാതെ ജ്ഞാനമില്ല; ജീവനില്ലാതെ ജീവിതമില്ല.

നീ പിന്തുടരാനുള്ള മാർഗ്ഗവും, നീ വിശ്വസിക്കാനുള്ള സത്യവും, നീ പ്രത്യാശിക്കേണ്ട ജീവനും ഞാനാകുന്നു.

നിർബ്ബാധമായ മാർഗ്ഗവും; പ്രമാദരഹിതമാ

യ സത്യവും, അനന്തമായ ജീവനും ഞാനാകുന്നു.

ശുദ്ധമായ മാർഗ്ഗവും, പരമമായ സത്യവും, യഥാർത്ഥവും സൗഭാഗ്യപ്രദവും അസൂഷ്ടവുമായ ജീവനും ഞാനാകുന്നു.

നീ എന്റെ മാർഗ്ഗത്തിൽ ജീവിക്കുന്നുവെങ്കിൽ, നീ സത്യത്തെ അറിയുകയും, സത്യം നിന്നെ മോചിപ്പിക്കുകയും അനന്ത ജീവിതം നിനക്കു സ്വാധീനമാവുകയും ചെയ്യും.

2. നിനക്കു ജീവിതത്തിൽ പ്രവേശിക്കണമെന്നുണ്ടെങ്കിൽ, കല്പനകളെ അനുസരിക്കുക. (മാത്യു. xiv. 17.)

നിനക്കു സത്യം ഗ്രഹിക്കണമെന്നുണ്ടെങ്കിൽ, എന്നെ വിശ്വസിക്കുക.

നിനക്കു പരിപൂർണ്ണത പ്രാപിക്കണമെന്നുണ്ടെങ്കിൽ, സർവ്വവും വിൽക്കുക.

നിനക്കു് എന്റെ ശിഷ്യനാകണമെന്നുണ്ടെങ്കിൽ, സ്വാർത്ഥത്യാഗം ചെയ്യുക.

നിനക്കു് പരമാനന്ദപ്രദമായ ഒരു ജീവിതം വേണമെന്നുണ്ടെങ്കിൽ, ഇപ്പോഴുള്ള ജീവിതത്തെ വെറുക്കുക.

നിനക്കു് സ്വർഗ്ഗത്തു് ഉന്നതസ്ഥാനം വേണമെന്നുണ്ടെങ്കിൽ, ഈ ലോകത്തു നീ വിനീതനായിരിക്കുക.

നിനക്കു് എന്നോടുകൂടി ഭരണം നർവ്വഹി

ക്കണമെന്നുണ്ടെങ്കിൽ, എന്നോടുകൂടി കുരിശ്ശു വഹിക്കുക.

എന്തുകൊണ്ടെന്നാൽ, കുരിശിന്റെ ഉപാസകനാക്കീട്ടല്ലാതെ മറ്റാക്കും പരമാനന്ദത്തിനും യഥാർത്ഥപ്രകാശത്തിനുമുള്ള മാർഗ്ഗം പ്രാപ്യമല്ല.

3. ശിഷ്യൻ: യേശുഭഗവാനെ, അങ്ങയുടെ ജീവിതം ക്ലേശപൂർണ്ണവും ലോകത്താൽ നിന്ദിതവുമായിരുന്ന സ്ഥിതിക്കു്, അങ്ങയെ അനുകരിക്കുന്നതിനും ലോകത്താൽ നിന്ദിക്കപ്പെടുന്നതിനും എന്നെ അനുഗ്രഹിക്കേണമെ.

എന്തുകൊണ്ടെന്നാൽ, ശിഷ്യൻ ഗുരുവിനെക്കാളും ഭൃത്യൻ യജമാനനെക്കാളും വലിയവനല്ല. (മാത്യൂ. x. 24.)

അങ്ങയുടെ ദാസൻ അങ്ങയെപ്പററി ധ്യാനിക്കട്ടെ; എന്തുകൊണ്ടെന്നാൽ, എന്റെ മോക്ഷവും യഥാർത്ഥ പരിശുദ്ധതയും അതിലത്രെ സ്ഥിതിചെയ്യുന്നതു്.

ഞാൻ വായിക്കുകയോ കേൾക്കുകയോ ചെയ്യുന്ന മറെറാ യാതൊന്നും എന്നെ പൂർണ്ണമായി ആശ്വസിപ്പിക്കുകയോ ആനന്ദിപ്പിക്കുകയോ ചെയ്യുന്നില്ല.

4. ക്രിസ്തു: എന്റെ മകനെ, ഈ കാര്യങ്ങളെല്ലാം നീ അറിയുകയും വായിച്ചിരിക്കു

കയും ചെയ്യുന്ന സ്ഥിതിക്കു്, അവയെ നിറവേറ്റുന്നതെങ്കിൽ നീ സൗഭാഗ്യവാനായിരിക്കും.

"എന്റെ കല്പനകൾ സിദ്ധിച്ചിരിക്കുകയും അവയെ അനുസരിക്കുകയും ചെയ്യുന്നവനത്രെ എന്നെ സ്നേഹിക്കുന്നതു്; ഞാൻ അവനെ സ്നേഹിക്കുകയും അവനു പ്രത്യക്ഷനാവുകയും," (ജോൺ. xiv. 21.) "എന്റെ പിതാവിന്റെ രാജ്യത്തു് അവനെ എന്നോടുകൂടി ഇരുത്തുകയും ചെയ്യും."

(വെളി. iii. 21.)

5. ശിഷ്യൻ: ഓ യേശുഭഗവാനെ, അങ്ങു പായുകയും പ്രതിജ്ഞചെയ്യുകയും ചെയ്തിരിക്കുന്നതു് യഥാർത്ഥീഭവിക്കുമാറാകട്ടെ; അതിനു് അർഹനാകാനുള്ള ഭാഗ്യം എനിക്കു സിദ്ധിക്കുമാറാകട്ടെ.

ഞാൻ കുരിശു സ്വീകരിച്ചിരിക്കുന്നു; ഞാൻ അതു് അങ്ങേയുടെ കരങ്ങളിൽനിന്നു സ്വീകരിച്ചിരിക്കുന്നു; അങ്ങു് അതു് എന്നിൽ ചുമത്തിയിരിക്കുകയാൽ ഞാൻ മരണംവരെ അതിനെ വഹിക്കും. ഒരു നല്ല ഭക്തനായ മനുഷ്യന്റെ ജീവിതം വാസ്തവത്തിൽ ഒരു കുരിശുതന്നെയാണു്; എന്നാൽ അതു സ്വർഗ്ഗത്തേക്കു് ഒരു മാർഗ്ഗദർശിയും കൂടിയാണു്.

നാം ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞിരിക്കു

ന്നു; മടങ്ങിപ്പോകുന്നതു നിയമാനുസൃതവും തുടങ്ങിയതിനെ വെടിയുന്നതു് ഉചിതവുമല്ല.

6. എന്റെ സഹോദരന്മാരെ, ധൈര്യമവലംബിക്കുക; നമുക്കു് ഒരുമിച്ചു മുമ്പോട്ടു പോകാം; യേശു നമ്മോടുകൂടി ഉണ്ടായിരിക്കും.

ക്രിസ്തുവിനുവേണ്ടി നാം അദ്ദേഹത്തിന്റെ കുരിശിനെ എടുത്തു; അദ്ദേഹത്തിനുവേണ്ടി നമുക്കു് അതിനെ സ്ഥിരമായി വഹിക്കാം.

നമ്മുടെ അധീശനും നേതാവുമായ അദ്ദേഹം നമ്മുടെ സഹായനുമായിരിക്കും.

കണ്ടാലും, നമ്മുടെ രാജാവു നമ്മുടെ മുമ്പേനടക്കുന്നു; അദ്ദേഹം നമുക്കുവേണ്ടി യുദ്ധം ചെയ്യും.

നമുക്കു ധൈര്യത്തോടുകൂടി അദ്ദേഹത്തെ പിന്തുടരാം; ആരും ഭീഷണികളെ ഭയപ്പെടരുതു്; യുദ്ധത്തിൽ വീരോചിതമായി മരിക്കുന്നതിനു നമുക്കു സന്നദ്ധരാകാം; കുരിശുമിട്ടു് കാടിക്കളഞ്ഞുവെന്ന കളങ്കത്താൽ നമ്മുടെ മഹിമ മലിനീകൃതമാകരുതു്.

അദ്ധ്യായം 57

നിരാശതയുടെ ഫലങ്ങൾ

ക്രിസ്തു: എന്റെ മകനെ, ആപത്തിൽ ക്ഷമയും വിനയവും ഉണ്ടായിരിക്കുന്നതു് സമ്പത്തിൽ സന്തുഷ്ടിയും ഭക്തിയുമുണ്ടായിരിക്കുന്നതിനേക്കാൾ എനിക്കു പ്രിയംകരമാണു്. നിനക്കു വിപരീതമായി പറയപ്പെടുന്ന നിസ്സാരമായ ഒരു സംഗതിയിൽ നീ അസ്വസ്ഥനായിത്തീരുന്നതു് എന്തുകൊണ്ടു്? അതിൽ കൂടുതലായി പറയപ്പെട്ടാലും നീ ഇളകേണ്ടതല്ലല്ലോ.

എന്തായാലും, അതങ്ങിപ്പോൾ പോയിക്കൊള്ളട്ടെ; അതു് ആദ്യത്തേതോ അത്ഭുതപൂർവ്വമോ ആയ ഒരു സംഗതിയല്ല; നീ ദീർഘകാലം ജീവിച്ചിരിക്കുന്നുവെങ്കിൽ അതു് അവസാനത്തേതുമല്ല.

നിനക്കു് ആപത്തോ പ്രതിബന്ധമോ യാതൊന്നുമുണ്ടാകാത്തിടത്തോളം നീ വളരെ ധൈര്യവാൻതന്നെ.

നല്ല ഉപദേശം നല്കുന്നതിനും നിന്റെ വാക്കുകൾകൊണ്ടു മറ്റുള്ളവരെ ധൈര്യപ്പെടുത്തുന്നതിനും നിനക്കു കഴിയും; എന്നാൽ അപ്രതീക്ഷിതമായ എന്തെങ്കിലും ഉപ

ദ്രവം നിനക്കു നേരിടുമ്പോൾ നിന്റെ ഉപദേശവും ധൈര്യവും അസ്തമിക്കുന്നു.

ചെറുതായ വൈഷമ്യങ്ങൾ നേരിടുമ്പോൾ നീ പ്രദർശിപ്പിക്കുന്ന ബലഹീനതയെപ്പറ്റി അലോചിക്കുക; അവയോ അവയെപ്പോലെയുള്ള മറ്റു ഉപദ്രവങ്ങളോ നിനക്കു് എപ്പോഴെല്ലാം ഉണ്ടാകുന്നുവോ അപ്പോഴെല്ലാം അവ നിന്റെ നന്മക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതാണു്.

2. നിനക്കു കഴിയുന്നിടത്തോളം നിന്റെ ഹൃദയത്തിൽനിന്നു നീ അവയെ ബഹിഷ്കരിക്കുക; അവ നിന്നെ സ്പർശിച്ചിട്ടുണ്ടെങ്കിൽ നിന്നെ നിരാശനാക്കുന്നതിനോ ദീർഘനേരം വിഷമിപ്പിക്കുന്നതിനോ ഇടയാക്കരുതു്.

നിനക്കു് അവയെ സന്തോഷപൂർവ്വം സ്വീകരിക്കുന്നതിനു കഴിഞ്ഞില്ലെങ്കിൽ, ക്ഷമയോടെ സഹിക്കുകയെങ്കിലും ചെയ്യുക.

നിനക്കു് അവയെ സഹിക്കുന്നതിനു വൈമനസ്യമുണ്ടായിരിക്കുകയും കോപം വരുകയും ചെയ്യുന്നുവെങ്കിൽ, നീ ആത്മസംയമനം ചെയ്യുക; ബലഹീനക്കു ഉൽക്കാതുക നല്കുന്നതിനു പര്യാപ്തമായ യാതൊരു വീൺവാക്കും നിന്റെ നാവിൽനിന്നു പുറപ്പെടാൻ ഇടയാകരുതു്.

ദിവ്യാനുഗ്രഹത്തിന്റെ പുനഃപ്രാപ്തിയി

ൽ, നിനക്കുണ്ടായീരിക്കുന്ന ഈ ക്ഷോഭം വള രെവേഗം ശമിക്കുകയും നിന്റെ ആന്തരമായ വേദന മാധുര്യമായി പരിണമിക്കുകയും ചെയ്യും.

നീ എന്നെ ശരണീകരിക്കുകയും എന്നോ ടു ഭക്തിപൂർവ്വം അപേക്ഷിക്കുകയും ചെയ്യുന്നു വെങ്കിൽ, നിന്നെ സഹായിക്കുന്നതിനും പൂ ർവ്വാധികം ആശ്വസിപ്പിക്കുന്നതിനും സന്നദ്ധ നായി ഞാൻ എപ്പോഴും ജീവിച്ചിരിക്കുന്നു.

3. നീ ശാന്തനായും സമചിത്തനായും വ ർത്തിക്കുകയും ഇനിയും കൂടുതൽ സഹിക്കുന്ന തിനു തയ്യാറാവുകയും ചെയ്യുക.

പലപ്പോഴും നീ പീഡകൾ അനുഭവിക്കു കയോ പ്രലോഭനങ്ങളാൽ ആക്രമിക്കപ്പെട്ട കയോ ചെയ്യുന്നുവെങ്കിലും നിനക്കു സർവ്വവും നശിച്ചുവെന്നു നിരാശതയ്ക്കു വകയില്ല.

നീ ഈശ്വരനല്ല, ഒരു മനുഷ്യനത്രെ; നീ ഒരു മാലാഖയല്ല; സശരീരനത്രെ.

സ്വർഗ്ഗത്തിലെ മാലാഖമാർക്കും പറുദീസാ യിലെ ആദിമ മനുഷ്യനും ഗുണഭ്രയിഷ്ടമായ സ്ഥിതിയിൽ സ്ഥിരമായി വർത്തിക്കുന്നതിനു് സാധിക്കാതെ വന്ന സ്ഥിതിക്കു, നിനക്കു് എ പ്പോഴും ആ സ്ഥിതിയിൽ തുടർന്നുപോകുന്ന തിനു് എങ്ങനെ സാധിക്കും?

ദുഃഖമനുഭവിക്കുന്നവരെ സമുദ്ധരിക്കുകയും

പരിരക്ഷിക്കുകയും ചെയ്യുന്നതു ഞാനാണു; സ്വന്തം ബലഹീനത അറിയാവുന്നവർക്കു് എന്റെ ദിവ്യശക്തിയെ ഞാൻ പ്രദാനം ചെയ്യുന്നു.

4. ഓ ഭഗവാനെ, അങ്ങയുടെ വാക്കു വാഴ്ത്തപ്പെടട്ടെ; അതു് എന്റെ നാവിനു തേനിനെയും തേൻകട്ടയെയുംകാൾ മധുരതരമായിരിക്കുന്നു.

അങ്ങേയുടെ പരിപാവന വചനങ്ങളാൽ എന്നെ ധൈര്യപ്പെടുത്തിയില്ലെങ്കിൽ, എന്റെ വലുതായ ഉരിതങ്ങളിലും പീഡകളിലും ഞാൻ എന്തു ചെയ്യുമായിരുന്നു?

മോക്ഷമാകുന്ന തുറമുഖത്തെ ഞാൻ ഒടുവിൽ പ്രാപിക്കുമെന്നുണ്ടെങ്കിൽ, ഞാൻ എത്രതന്നെ, എന്തുതന്നെ, പീഡ അനുഭവിച്ചാലും അതു സാരമാക്കേണ്ടതുണ്ടോ?

എനിക്കു് ഒരു നല്ല പര്യവസാനം തരേണമെ, ഈ ലോകത്തുനിന്നു സൗഭാഗ്യകരമായ ഒരു നിഷ്ക്രമണം എനിക്കു് അനുവദിക്കേണമെ, ഓ എന്റെ ഈശ്വര, എന്നെ പ്പറ്റി എപ്പോഴും ശ്രദ്ധയുണ്ടായിരിക്കേണമെ; അങ്ങയുടെ രാജ്യത്തേക്കുള്ള ഈ ദുർഘടപഥത്തിൽക്കൂടി എന്നെ നയിക്കേണമെ.

അദ്ധ്യായം 58

ഭരാഗാഹങ്ങളായ സംഗതികളിലുള്ള ജിജ്ഞാസ.

ക്രിസ്ത: എന്റെ മകനെ, ഈ മനുഷ്യൻ ഇങ്ങനെ ഉപേക്ഷിക്കപ്പെടുകയും, മറേറ മനുഷ്യനു് ഇത്ര സമൃദ്ധമായീ ദിവ്യാനുഗ്രഹം പ്രദാനം ചെയ്യപ്പെടുകയും ചെയ്യുന്നതു് എന്തു്? ഒരുവൻ ഇത്രയധികം പീഡിപ്പിക്കപ്പെടുകയും വേറൊരുവൻ ഇത്ര ഉന്നതമായ സ്ഥാനത്തേക്കു് ഉയർത്തപ്പെടുകയും ചെയ്യുന്നതു് എന്തു്? എന്നിങ്ങനെ ദുഷ്പ്രാപമായുള്ള സംഗതികളെപ്പറ്റിയോ ഈശ്വരന്റെ നിഗൂഢവിധികളെപ്പറ്റിയോ നീ വാദപ്രതിവാദം ചെയ്യാതിരിക്കുന്നതിനു ശ്രദ്ധിക്കുക.

ഈ സംഗതികൾ മനുഷ്യശക്തികൾക്കെല്ലാം അതീതമാണു്; ബുദ്ധിക്കോ യുക്തിവാദത്തിനോ ദിവ്യവിധികളുടെ ആഴം നിർണ്ണയിക്കുക സാദ്ധ്യമല്ല.

അതുകൊണ്ടു് ഏതാദൃശങ്ങളായ സംഗതികൾ ശത്രു നിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയോ ജിജ്ഞാസുക്കളായ മനുഷ്യർ അവയെപ്പറ്റി ചോദ്യം ചെയ്യുന്നതായി നീ കേൾക്കുകയോ ചെയ്യുമ്പോൾ, 'ഓ ഭഗവാ

നെ അങ്ങു നീതിമാനും അങ്ങയുടെ വിധി ശരിയുമാകുന്നു.' (സങ്കീ. cxviii. 137.) എന്നു ദീഷ്ടദ്ധി പറഞ്ഞതുപോലെ അവരോടു മറുപടി പറയുക.

"ഭഗവാന്റെ വിധികളും സത്യവും സ്വതെ ന്യായീകൃതവുമാണു്," (സങ്കീ. xviii. 10.) എന്നു വീണ്ടും പറയുക.

എന്റെ വിധികളും പരിശോധനയ്ക്കു വിഷയമാകേണ്ടതല്ല, ഭയത്തിനു വിഷയമാകേണ്ടതാണു്; എന്തുകൊണ്ടെന്നാൽ അവ മനുഷ്യബുദ്ധിക്കു ദുർഗ്രഹമത്രെ.

2. അതുപോലെതന്നെ, പുണ്യവാന്മാരുടെ യോഗ്യതകളെപ്പറ്റി, അവരിൽ ആരാണു് താരതമ്മ്യേന കൂടുതൽ പരിശുദ്ധനെന്നോ, സ്വർഗ്ഗരാജ്യത്തു് ആർക്കാണു് കൂടുതൽ മഹത്വമുള്ളതെന്നോ ചോദ്യം ചെയ്കയോ തർക്കിക്കുകയോ ചെയ്യരുതു്.

ഇത്തരം സംഗതികളും പലപ്പോഴും വഴക്കുകളും നിഷ്പ്രയോജനമായ തർക്കങ്ങളും കാരണമാവുകയും അഹങ്കാരത്തെയും മിഥ്യാഭിമാനത്തെയും പോഷിപ്പിക്കുകയും ചെയ്യുന്നു; അവയിൽനിന്നു്, ഒരു മനുഷ്യൻ ഈ പുണ്യവാനെയും വേറൊരുവൻ ആ പുണ്യവാനെയും, സർവ്വോപരി പുകഴ്ത്തുന്നതിനു് അഹംകാരപൂർവ്വം ഉദ്യമിക്കുന്നതുമൂലം,

അസൂയയും മത്സരങ്ങളും ഉദ്ഭവിക്കുന്നു.

ഇത്തരം സംഗതികളെ അറിയുന്നതിനും പരിശോധിക്കുന്നതിനുമുള്ള ആഗ്രഹം നിഷ്പ്രയോജനമെന്നു മാത്രമല്ല, പുണ്യവാന്മാക്കു് നീരസപ്രദവുമാണു്; എന്തുകൊണ്ടെന്നാൽ, "ഞാൻ മത്സരങ്ങൾ ഇഷ്ടപ്പെടുന്ന ഈശ്വരനല്ല, സമാധാനം ഇഷ്ടപ്പെടുന്ന ഈശ്വരനാണു്" (1. കൊറി. xiv. 33.) ഈ സമാധാനം അഹങ്കാരത്തിലല്ല, യഥാർത്ഥമായ വിനയത്തിലാണു് സ്ഥിതി ചെയ്യുന്നതു്.

3. ചിലർ ഈ പുണ്യവാന്മാരോടും മറ്റു ചിലർ ആ പുണ്യവാന്മാരോടും കൂടുതൽ സ്നേഹബദ്ധരായിരിക്കുന്നു; എന്നാൽ അത്തരം സ്നേഹം മാനുഷമാണു്, ദിവ്യമല്ല.

സകല പുണ്യവാന്മാരെയും പുണ്യവാന്മാരാക്കിയതു ഞാനാണു്; ഞാൻ അവക്കു ദിവ്യാനുഗ്രഹം നല്കി; ഞാൻ അവരെ മഹത്വത്തിലേക്കു് ആനയിച്ചിരിക്കുന്നു.

ഓരോ പുണ്യവാന്റേയും യോഗ്യത എനിക്കറിയാം; എന്റെ മധുരമായ ആശിസ്സുകൊണ്ടു് അവരെ ഞാൻ സംരക്ഷിച്ചു. ലോകാരംഭത്തിനുമുമ്പേ എന്റെ പ്രിയഭാജനങ്ങളെ എനിക്കു മുൻകൂട്ടി അറിയാമായിരുന്നു; ഞാൻ അവരെ ലോകത്തിനിന്നു തിരഞ്ഞെടുത്തു; അവർ എന്നെ ആദ്യം തിരഞ്ഞെടുത്തി

ല്ല; എന്റെ അനുഗ്രഹത്താൽ അവരെ ഞാൻ വിളിക്കുകയും എന്റെ കാരുണ്യത്താൽ അവരെ ആകർഷിക്കുകയും ചെയ്തു.

ഞാൻ അവരെ നിരവധി പ്രലോഭനങ്ങൾക്കിടയിൽക്കൂടി നിർബ്ബാധം നയിക്കുകയും, അത്ഭുതകരമായ ആശ്വാസം അവരിൽ വർഷിക്കുകയും, അവർക്കു സ്ഥൈര്യം നല്കുകയും അവരുടെ ക്ഷമയ്ക്കു സമ്മാനം പ്രദാനം ചെയ്യുകയും ചെയ്തു.

4. ആദ്യത്തേയും അവസാനത്തേയും പുണ്യവാന്മാരെ എനിക്കു് അറിയാം; അവരെ എല്ലാം അപരിമേയമായ സ്നേഹത്തോടുകൂടി ഞാൻ ആശ്ലേഷിക്കുന്നു.

എല്ലാ പുണ്യവാന്മാരും നിമിത്തം ഞാൻ സ്തുതിക്കപ്പെടേണ്ടതാണു്; സർവ്വോപരി ഞാൻ വാഴ്ത്തപ്പെടേണ്ടതും അവരിലേവർക്കും വേണ്ടി ബഹുമാനിക്കപ്പെടേണ്ടതുമാണു്; അവർക്കു സ്വന്തമായ യാതൊരു യോഗ്യതയും കൂടാതെ ഞാൻ അവർക്കു മഹനീയമായ മഹത്വം പ്രദാനം ചെയ്തതും, എന്നന്നേക്കുമായി അവരെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

അതുകൊണ്ടു്, എന്റെ പുണ്യവാന്മാരിൽ ഏറ്റവും ചെറിയവരിൽ ഒരുവനെ നിന്ദിക്കുന്നവൻ, അവരിൽ ഏറ്റവും വലിയവ

നെ ബഹുമാനിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ ചെറിയവന്റെയും വലിയവന്റെയും കർത്താവു ഞാനാണു്.

ഈ പുണ്യവാന്മാരിലൊരുവനെ അപലപിക്കുന്നവൻ, എന്നെയും സ്വർഗ്ഗരാജ്യത്തുള്ള മറ്റുള്ളവരെയുംകൂടെ അപലപിക്കുന്നു.

അവരെല്ലാവരും സ്നേഹബന്ധത്താൽ ഒന്നാണു്; അവർ ഒരേ മനസ്സും ഒരേ വിചാരമുള്ളവരും എല്ലാവരും പരസ്പരം സ്നേഹിക്കുന്നവരുമാണു്.

5. ഇതിനും പുറമെ, സർവ്വോത്കൃഷ്ടമായ ഒരു സംഗതിയുണ്ടു്: അവർ തങ്ങളെത്തന്നെയും അവരുടെ സ്വന്തം യോഗ്യതകളേയും സ്നേഹിക്കുന്നതിൽ കൂടുതലായി എന്നെ സ്നേഹിക്കുന്നു.

എന്തുകൊണ്ടെന്നാൽ, സ്വാർത്ഥതയിൽനിന്നും ആത്മസ്നേഹത്തിൽനിന്നും ഉദ്ധരിക്കപ്പെട്ടകയാൽ അവർ എന്നോടുള്ള സ്നേഹത്തിൽ നിർല്ലീനരായിരിക്കുന്നു; എന്നിൽ അവർ വിശ്രമം അനുഭവിക്കുകയും രമിക്കുകയും ചെയ്യുന്നു.

അവരെ എന്നിൽനിന്നു വ്യതിചലിപ്പിക്കാനോ അധഃപതിപ്പിക്കാനോ കഴിയുന്നതായി യാതൊന്നുമില്ല; എന്തുകൊണ്ടെന്നാൽ, സനാതന സത്യത്താൽ സമ്പൂർണ്ണരാക

യാൽ അവർ ദുഷ്ടമമായ സ്നേഹാഗ്നിയാൽ ഉ ജ്ജ്വലിക്കുന്നു.

അതുകൊണ്ടു്, സ്വാർത്ഥപരമായ സുഖ ങ്ങളെയല്ലാതെ, മറ്റു യാതൊന്നിനെയും സ്നേഹിക്കാൻ കഴിവില്ലാത്ത ഇന്ദ്രിയവശഗ രും ഭോഗാസക്തന്മാരുമായ മനുഷ്യർ പുണ്യ വാന്മാരുടെ സ്ഥിതിയെപ്പറ്റി തർക്കിക്കാ തിരിക്കട്ടെ. അവർ സനാതന സത്യത്തി നു് അനുരൂപമായ വിധത്തിലല്ല, അവ രുടെ സ്വന്തം വാസനയനുസരിച്ചത്രെ അതി വർണ്ണിക്കുകയും അപലപിക്കുകയും ചെയ്യു ന്നതു്.

6. അധികംപേരും, വിശേഷിച്ചു്, അല്പ മാത്രം പ്രകാശം സിദ്ധിച്ചവരാകയാൽ പ രിപൂർണ്ണമായ ആദ്ധ്യാത്മിക സ്നേഹത്തോടുകൂ ടി ആരെയും സ്നേഹിക്കാൻ അറിയാൻ പാ ടില്ലാത്തവർ, അജ്ഞരാണു്.

അവർ ഇപ്പോഴും സ്വാഭാവികമായ സ്നേ ഹത്താലും മാനുഷമായ മൈത്രിയാലും ഈ മനുഷ്യനിലേയ്ക്കോ ആ മനുഷ്യനിലേയ്ക്കോ ആ കർഷിക്കപ്പെടുന്നു; ലൗകിക സംഗതികളിൽ അവക്കുള്ള സ്നേഹം സംബന്ധിച്ച ഈ അനു ഭവമനുസരിച്ചു് അവർ സ്വർഗ്ഗീയ സംഗതി കളെയും സങ്കല്പിക്കുന്നു.

എന്നാൽ പൂർണ്ണസംസ്കാരം സിദ്ധിച്ചിട്ടി

ല്ലാത്തവർ സങ്കല്പിക്കുന്ന സംഗതികളും പ്രബുദ്ധരായവർ സ്വർഗ്ഗീയപ്രകാശനംവഴി ദർശിക്കുന്ന സംഗതികളും തമ്മിൽ അനുപമേയമായ അന്തരമുണ്ട്.

7. അതുകൊണ്ട്, എന്റെ മകനെ, നിന്റെ ബുദ്ധിക്കു് അതീതമായ സംഗതികളെ സംബന്ധിച്ചു ജിജ്ഞാസ പ്രദർശിപ്പിക്കാതെ സൂക്ഷിക്കുക; പ്രത്യുത, സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളിലൊരുവനായി — അവരിൽ ഏറ്റവും ചെറിയവനായിരുന്നാലും തരക്കേടില്ല — തീരുന്നതിനായിരിക്കട്ടെ നിന്റെ ഉദ്യമം; അതായിരിക്കട്ടെ നിന്റെ ലക്ഷ്യം.

സ്വർഗ്ഗരാജ്യത്തു് ആർക്കാണു് കൂടുതൽ പരിശുദ്ധിയോ മഹത്വമോ ഉള്ളതെന്നു് ഒരു മനുഷ്യനു് അറിയാൻ കഴിഞ്ഞാൽത്തന്നെയും, എന്റെ ദൃഷ്ടിയിൽ വിനിതനായിരിക്കുന്നതിനും എന്റെ നാമത്തെ കൂടുതൽ സ്തുതിക്കുന്നതിനുമായി അവന്റെ അറിവിനെ അവൻ വിനിയോഗിച്ചില്ലെങ്കിൽ, ആ അറിവുകൊണ്ടു് അവനു് എന്തു പ്രയോജനമുണ്ടു്?

ഒരു മനുഷ്യൻ സ്വന്തം പാപങ്ങളുടെ ഗൗരവത്തെപ്പറ്റിയും, നന്മയിൽ അവൻ പ്രാപിച്ചിരിക്കുന്ന അഭിവൃദ്ധി എത്ര കുറച്ചുമാത്രമാണെന്നും, പുണ്യവാന്മാരുടെ പരിപൂർണ്ണതയിൽനിന്നു് അവൻ എത്ര വിദൂ

രസ്ഥനാണെന്നും ചിന്തിക്കുന്നതു്, അവരുടെ മഹത്വത്തേയോ അല്പത്വത്തേയോ പറഞ്ഞിക്കുന്നതിനെക്കാൾ, ഈശ്വരനു വളരെയധികം സ്വീകാര്യമാണു്.

പുണ്യവാന്മാരുടെ മദ്ധ്യസ്ഥതയെ ഭക്തിപൂർവ്വകമായ പ്രാർത്ഥനകളാലും കണ്ണുനീരോടുകൂടിയും അപേക്ഷിക്കുകയും അവരുടെ മഹനീയങ്ങളായ പുണ്യയോഗ്യതകളിൽ ഭാഗഭാഗിത്വം വിനയപൂർവ്വം അഭ്യർത്ഥിക്കുകയും ചെയ്യുന്നതു് അവരുടെ രഹസ്യങ്ങളെ വ്യർത്ഥമായി ആരായുന്നതിനെക്കാൾ നല്ലതാണു്.

8. മനുഷ്യർ സംതൃപ്തരായി വ്യർത്ഥമായ വാദപ്രതിവാദങ്ങളിൽനിന്നു നിവർത്തിക്കുന്നവെങ്കിൽ പുണ്യവാന്മാർ അതീവസംതൃപ്തരാകുന്നു.

അവർ സ്വന്തം യോഗ്യതകളിൽ അഭിമാനിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ, സകലവും എന്റേതെന്നല്ലാതെ യാതൊന്നും അവരുടേതായി അവർ വിചാരിക്കുന്നില്ല; എന്റെ അനന്തമായ സ്നേഹംമൂലം ഞാൻ നല്കിയതാണല്ലോ അവക്കു് സകലവും.

അവരുടെ മഹിമയ്ക്കോ ആനന്ദത്തിനോ യാതൊരു കുറവുമുണ്ടാകാതിരിക്കത്തക്കവണ്ണം അത്ര വലുതായ ഈശ്വരസ്നേഹത്താലും അ

ത്ര ക്ലേശംകൂടാതെ ആനന്ദാതിരേകത്താലും അവർ പരിപൂരിതരായിരിക്കുന്നു.

പുണ്യവാന്മാരെല്ലാവരും, എത്രത്തോളം ഉന്നതമായ മഹിമ അവക്കുണ്ടോ, അത്രത്തോളം വിനീതരും അത്രത്തോളം സാമീപ്യം എന്നോടുള്ളവരും അത്രത്തോളം കൂട്ടുതലായി എന്നാൽ സ്നേഹിക്കപ്പെടുന്നവരുമാണു്.

അതുകൊണ്ടത്രെ, അവർ സിംഹാസനത്തിലിരിക്കുന്നവന്റെ മുമ്പാകെ സാഷ്ടാംഗപ്രണാമം ചെയ്യുകയും അനന്തമായീ ജീവിക്കുന്നവനെ ആരാധിക്കുകയും സിംഹാസനത്തിന്റെ മുമ്പാകെ അവരുടെ കിരീടങ്ങളെ നിക്ഷേപിക്കുകയും ചെയ്യു' (വെളി. iv. 10) എന്നു എഴുതപ്പെട്ടിരിക്കുന്നതു്.

9. ഏറ്റവും ചെറിയവരുടെ കൂട്ടത്തിലെങ്കിലും ഉൾപ്പെട്ടതായി ഗണിക്കപ്പെടുന്നതിനു യോഗ്യതയുണ്ടോ എന്നു അറിയാൻ പാടില്ലാത്തവരായ ഒട്ടധികംപേർ സ്വർഗ്ഗരാജ്യത്തു് ഏറ്റവും വലിയവനാരാണെന്നു പരിശോധിക്കുന്നു.

എല്ലാവരും വലിയവരായിരിക്കുന്ന സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനായിരിക്കുന്നതുതന്നെ ഒരു വലിയ കായ്മുമാകുന്നു; എ

ന്തുകൊണ്ടെന്നാൽ, അവരെല്ലാവരും ഈശ്വരപുത്രന്മാർ എന്നു വിളിക്കപ്പെടുകയും ഈശ്വരപുത്രന്മാരായിരിക്കുകയും ചെയ്യും. "ഏറ്റവും ചെറിയവൻ ആയിരംപോലെ ആയിരിക്കുകയും" (ഇസ. 60, 23) "നൂറുവയ്ക്കം പാപിയായിരുന്നവൻ" മരിക്കുകയും ചെയ്യും. (ഇസ. 65, 20)

എന്തുകൊണ്ടെന്നാൽ, 'സ്വർഗ്ഗരാജ്യത്തു് വലിയവൻ ആരു്?' എന്നു ശിഷ്യന്മാരുടെ ചോദ്യത്തിനു് അവർക്കു കിട്ടിയ മറുപടി ഇതായിരുന്നു: "ഹൃദയപരിവർത്തനമുണ്ടായി നിങ്ങൾ കൊച്ചുകുഞ്ഞുങ്ങളെപ്പോലെ ആയിത്തീരുന്നില്ലെങ്കിൽ നിങ്ങൾക്കു സ്വർഗ്ഗരാജ്യത്തു് പ്രവേശനമില്ല; അതുകൊണ്ടു് ഈ ചെറിയ ശിശുവിനെപ്പോലെ വിനീതനാകുന്നതു് ആരാണോ അവനത്രെ സ്വർഗ്ഗരാജ്യത്തു വലിയവൻ."

10. കുഞ്ഞുങ്ങളോടൊപ്പം സന്തോഷപൂർവ്വം വിനീതനാകുന്നതിൽ അവജ്ഞ തോന്നുന്നവർക്കു കഷ്ടം; എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യത്തിന്റെ പൊക്കംകുറഞ്ഞ വാതിലിൽക്കൂടി അകത്തു കടക്കുന്നതിനു് അവർക്കു സാധിക്കാതെവരും.

ഇവിടെ യഥേഷ്ടം സുഖമനുഭവിക്കുന്ന ധ

നികന്മാക്കും ഭൂരിതം; എന്തുകൊണ്ടെന്നാൽ, പാവങ്ങൾ സ്വർഗ്ഗരാജ്യത്തേക്കു കടന്നുപോകുമ്പോൾ, അവർ കരഞ്ഞുകൊണ്ടു പുറത്തു നില്ക്കേണ്ടിവരും.

വിനീതരെ, നിങ്ങൾ സന്തോഷിക്കുവിൻ, പാവങ്ങളെ നിങ്ങൾ ആനന്ദിക്കുവിൻ, എന്തുകൊണ്ടെന്നാൽ, നിങ്ങൾ സത്യമനുസരിച്ചു ജീവിക്കുന്നുവെങ്കിൽ, ഈശ്വരന്റെ രാജ്യം നിങ്ങൾക്കുള്ളതാകുന്നു.

അദ്ധ്യായം 59.

നമ്മുടെ പ്രത്യാശ മുഴുവനും ഈശ്വരനിൽ ആയിരിക്കണം.

ശിഷ്യൻ: ഭഗവാനെ, ഈ ജീവിതത്തിൽ എനിക്കുള്ള ശരണമെന്താണു്? സ്വർഗ്ഗത്തിനു കീഴുള്ള സകല സംഗതികളിലുംനിന്നു് എനിക്കു ലഭിക്കാവുന്ന ഏറ്റവും വലുതായ ആശ്വാസമെന്തു്?

ഓ എന്റെ ഭഗവാനെ, ഈശ്വര, അതു് കാരുണ്യവാരിധിയായ അങ്ങല്ലയോ? അങ്ങ

യെക്കൂടാതെ എനിക്കു് ഏവിടെ ഏപ്പോൾ സുഖമുണ്ടായിട്ടുണ്ടു്? അങ്ങയുടെ സാന്നിധ്യമുള്ളപ്പോൾ എനിക്കു് ഏപ്പോഴെങ്കിലും അസുഖമുണ്ടാവുക സാധ്യമാണോ?

അങ്ങേക്കുവേണ്ടി ഞാൻ നിർദ്ധനനായിരിക്കുന്നതു് അങ്ങയെക്കൂടാതെ ധനവാനായിരിക്കുന്നതിനെക്കാൾ നല്ലതാണു്.

അങ്ങയോടുകൂടി ഭ്രമിയിൽ സഞ്ചരിക്കുന്നതു് അങ്ങയെക്കൂടാതെ സ്വർഗ്ഗം ലഭിക്കുന്നതിനേക്കാൾ എനിക്കു് ഇഷ്ടമാണു്. അങ്ങു് എവിടെയാണോ അവിടെയാണു് സ്വർഗ്ഗം; അങ്ങു് ഇല്ലാത്ത സ്ഥലത്തുള്ളതു മരണവും നരകവുമത്രെ.

അങ്ങു് എന്റെ തീവ്രമായ ആഗ്രഹത്തിനു വിഷയമാണു്; അതിനാൽ, ഞാൻ കരഞ്ഞുകൊണ്ടു് അങ്ങയെ വിളിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുണം. ചുരുക്കത്തിൽ, എന്റെ ആവശ്യങ്ങളിൽ കാലോചിതമായ സഹായം ലഭിക്കുന്നതിനു്, എന്റെ ഈശ്വര, അങ്ങല്ലാതെ എനിക്കു പൂർണ്ണശരണ്യനായി മറ്റാരുമില്ല.

എന്റെ പ്രത്യാശയും, എന്റെ ശരണവും, എനിക്കു് ആശ്വാസപ്രദനും അങ്ങാണു്, അങ്ങു് സർവ്വോപരി വിശ്വാസയോഗ്യനുമാണു്.

2. എല്ലാവരും അവരവരുടെ കാര്യം അ

നേഷിക്കുന്നു, എന്നാൽ അങ്ങു് എന്റെ രക്ഷയും ഗുണവുംമാത്രം കരുതുകയും എല്ലാ സംഗതികളും എനിക്കു ഗുണകരമാക്കിത്തീർക്കുകയും ചെയ്യുന്നു.

വിവിധങ്ങളായ പ്രലോഭനങ്ങൾക്കും കഷ്ടപ്പാടുകൾക്കും അങ്ങു് എന്നെ വശീഭവിപ്പിക്കുന്നുവെങ്കിലും അങ്ങയുടെ പ്രിയരാജനങ്ങളായ ഉപാസകന്മാരെ ആയിരം പ്രകാരത്തിൽ പരീക്ഷിക്കുക പതിവുള്ള അങ്ങു് ഇവയെല്ലാം എന്റെ നന്മക്കായി ഏർപ്പാടു ചെയ്യുന്നതാണു്.

ഈ പരീക്ഷണങ്ങൾക്കായി, അങ്ങു് എന്നെ സ്വർഗ്ഗീയാശ്വാസസമ്പൂർണ്ണനാക്കിയാൽ ഞാൻ ചെയ്യുമെന്നുള്ളതിൽ ഒട്ടും കുറവില്ലാത്തവിധത്തിൽ, അങ്ങയെ ഞാൻ സ്നേഹിക്കുകയും സ്തുതിക്കുകയും ചെയ്യേണ്ടതാണു്.

3. അതുകൊണ്ടു്, ഓ ഭഗവാനെ, ഈശ്വരാ, അങ്ങയിൽ ഞാൻ എന്റെ പ്രത്യാശയും ശരണവും നിശ്ശേഷം നിക്ഷേപിക്കുന്നു; എന്റെ കഷ്ടപ്പാടും ദുഃഖവും അങ്ങയെ ഞാൻ അറിയിക്കുന്നു; എന്തുകൊണ്ടെന്നാൽ, അങ്ങേക്കു പുറമെ ഞാൻ കാണുന്നതെല്ലാം ഭൂർബ്ബലവും അസ്ഥിരവുമായിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ, അങ്ങുതന്നെ എന്നെ സഹായിക്കുകയും താങ്ങുകയും ശക്തി

പ്പെടുത്തുകയും ആശ്വസിപ്പിക്കുകയും പഠിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ, ഒട്ടുവളരെ സ്നേഹിതന്മാർ എനിക്കുണ്ടായിരുന്നാലും, അവർക്കു് എനിക്കു് ഏതെങ്കിലും ഉപകാരം ചെയ്യുന്നതിനോ, പ്രബലന്മാരായ സഹകാരികൾക്കു് എന്നെ സഹായിക്കുന്നതിനോ, ബുദ്ധിമാന്മാരായ ഉപദേഷ്ടാക്കൾക്കു് എനിക്കു് പ്രയോജനകരമായ ഉപദേശം തരുന്നതിനോ, വിദ്വാന്മാരുടെ ഗ്രന്ഥങ്ങൾക്കു് എന്നെ ആശ്വസിപ്പിക്കുന്നതിനോ, ധനസമൃദ്ധിക്കു് എന്നെ രക്ഷിക്കുന്നതിനോ, ഏതു നിശ്ശ്രദ്ധവും മനോഹരവുമായ സ്ഥലത്തിനു് എനിക്കു അഭയം തരുന്നതിനോ സാധിക്കുകയില്ല.

4. എന്തുകൊണ്ടെന്നാൽ, ഞങ്ങളുടെ സമാധാനത്തിനും സൗഭാഗ്യത്തിനും ഉപകരിക്കുന്നതെന്നു തോന്നുന്ന സകല സംഗതികളും, അങ്ങയുടെ അസാന്നിദ്ധ്യത്തിൽ, ശൂന്യവും വാസ്തവത്തിൽ ഞങ്ങളുടെ ജീവിത സുഖത്തിനു യാതൊരു വിധത്തിലും ഉപകരിക്കാത്തതുമാണു".

അതുകൊണ്ടു് അങ്ങു് സകല നന്മകളുടെയും ഉറവും, ജീവിതത്തിന്റെ പരമകാഷ്ഠയും, ശബ്ദത്തിന്റെ ഗഹനതമമായ അർത്ഥവുമാണു്; സർവ്വോപരി, അങ്ങയെ ശരണീകരിക്കു

ന്നതു് അങ്ങയുടെ ഉപാസകന്മാരുടെ ഏറ്റവും വലുതായ ആശ്വാസവുമത്രെ.

അങ്ങയുടെ സന്നിധിയിലേക്കു് എന്റെ നയനങ്ങളെ ഞാൻ ഉയർത്തുന്നു; ഓ എന്റെ ഈശ്വരാ, കരുണാകരനായ പിതാവെ, അങ്ങയിൽ എന്റെ വിശ്വാസം ഞാൻ നിക്ഷേപിക്കുന്നു. എന്റെ ആത്മാവു് അങ്ങയുടെ വിശുദ്ധ വസതിയും അങ്ങയുടെ അനന്തമഹിമയുടെ ആസ്ഥാനവുമായിരിക്കുന്നതിനായി അതിനെ അങ്ങു് അനുഗ്രഹിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യേണമെ; അങ്ങയുടെ ഈ ക്ഷേത്രത്തിൽ അങ്ങയുടെ മഹിമയ്ക്കു് അനുരൂപമല്ലാത്ത യാതൊന്നും കാണപ്പെടാതിരിക്കട്ടെ.

അങ്ങയുടെ നന്മയുടെ മഹത്വത്തിനും കൃപാമസൃണതയുടെ ആധിക്യത്തിനും അനുരൂപമായി അങ്ങു് എന്നെ കടാക്ഷിക്കുകയും മരണച്ഛായയാൽ പരിഗ്രസ്തമായിരിക്കുന്ന ഈ ദേശത്തു്, അങ്ങയിൽനിന്നു വിദൂരസ്ഥനായി, സ്വരാജ്യഭ്രഷ്ടനായി ജീവിക്കുന്ന അങ്ങയുടെ ഈ സാധുഭൃത്യന്റെ പ്രാർത്ഥനയെ ചെവിക്കൊള്ളുകയും ചെയ്യേണമെ.

അങ്ങയുടെ ഈ സാധുഭൃത്യന്റെ ആത്മാവിനെ ഈ ദുഷ്ടജീവിതത്തിലെ ബഹുലങ്ങളായ ആപത്തുകളിൽനിന്നു അങ്ങു് സംര

ക്ഷിക്കുകയും അങ്ങയുടെ അനുഗ്രഹമാകുന്ന അകമ്പടിയോടുകൂടി സമാധാനമാകുന്ന മാർഗ്ഗത്തിലൂടെ അനന്തമായ പ്രകാശം നിറഞ്ഞ സ്വരാജ്യത്തേക്കു് ഇവനെ നയിക്കുകയും ചെയ്യേണമെ.

നാലാം പുസ്തകം

വിശുദ്ധ കുർബ്ബാന.

ക്രിസ്തുവിന്റെ ശബ്ദം.

"അദ്ധ്വാനിക്കുകയും ഭാരം ചുമക്കുകയും ചെയ്യുന്ന നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും," എന്നു ഭഗവാൻ പറയുന്നു.

(മാത്യു. xi. 28)

ഞാൻ തരാൻ പോകുന്ന ഭക്ഷണം ലോക ജീവനുവേണ്ടിയുള്ള എന്റെ മാംസമാകുന്നു.

(ജോൺ. vi. 52)

നിങ്ങൾ എടുത്തു ഭക്ഷിക്കുവിൻ; ഇതു നിങ്ങൾക്കായി അർപ്പിക്കപ്പെടാൻ പോകുന്ന എന്റെ ശരീരമാകുന്നു; ഇതു് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ. (1. കൊറി. xi. 24)

എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും നിവസിക്കുന്നു.

(ജോൺ. vi. 57)

ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ള വാക്കു കൾ ആത്മാവും ജീവനുമാകുന്നു.

(ജോൺ. vi. 64)

അദ്ധ്യായം 1.

ക്രിസ്തുവിനെ നാം സ്വീകരിക്കേണ്ടതു് എങ്ങനെ എന്നു്

ശിഷ്യൻ: സനാതന സത്യസ്വരൂപനായ ഓ ക്രിസ്തുവെ, ഒരേ സമയത്തു് ഉച്ചരിക്കപ്പെട്ടതോ ഒരേ സ്ഥലത്തുവച്ചു് എഴുതപ്പെട്ടതോ അല്ലെങ്കിലും ഇവ അങ്ങയുടെ വാക്കുകളത്രെ.

അതുകൊണ്ടു്, അവ അങ്ങയുടെ വാക്കുകളും സത്യവുമാകയാൽ അവയെ എല്ലാം ഞാൻ നന്ദിയോടും വിശ്വാസത്തോടുംകൂടി സ്വീകരിക്കേണ്ടതാണു്.

അവ അങ്ങയുടേതാണു്, അങ്ങു് അവയെ ഉച്ചരിച്ചിരിക്കുന്നു; എന്റെ രക്ഷയ്ക്കായി അങ്ങു് അവയെ ഉച്ചരിച്ചിരിക്കുകയാൽ, അവ എന്റേതുമാണു്.

അവ എന്റെ ഹൃദയത്തിൽ ശ്രദ്ധമൂലമാ

കുന്നതിനായി അവയെ അങ്ങെയുടെ നാവിൽനിന്നു ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുന്നു.

കൃപാമസൃണങ്ങളും സുമധുരങ്ങളും സ്നേഹപൂർണ്ണങ്ങളുമായ ഈ വാക്കുകൾ എന്നെ ധൈര്യപ്പെടുത്തുന്നു; എന്നാൽ എന്റെ പാപങ്ങൾ എന്നെ ഭയവിഹ്വലനാക്കുകയും, എന്റെ മലിനമായ മനഃസാക്ഷി ഇത്ര മഹനീയവും ഗഹനവുമായ അനുഗ്രഹസ്രോതസ്സുകളെ സമീപിക്കാൻ എന്നെ അനുവദിക്കാതെ പിന്നോട്ടു വലിക്കുകയും ചെയ്യുന്നു.

അങ്ങയുടെ വാക്കുകളുടെ മാധുര്യം എന്നെ ക്ഷണിക്കുന്നു; എന്നാൽ എന്റെ അപരാധങ്ങളുടെ ബാഹുല്യം എന്നെ താഴോട്ട് അമർത്തുന്നു.

2. അങ്ങയോട് എനിക്കു ഭാഗഭാഗിത്വം വേണമെന്നുണ്ടെങ്കിൽ, വിശ്വാസപൂർവ്വം അങ്ങയെ സമീപിക്കുന്നതിനും, അനന്തമായ ജീവിതവും മഹിമയും സിദ്ധിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അമരത്വപ്രദമായ ഭക്ഷണം സ്വീകരിക്കുന്നതിനും അങ്ങ് എന്നോട് ആജ്ഞാപിക്കുന്നു.

"അദ്ധ്വാനിക്കുകയും ഭൂഭാരമായ ഭാരം ചുമക്കുകയും ചെയ്യുന്ന നിങ്ങളെല്ലാവരും വരുവിൻ, നിങ്ങളെ ഞാൻ ആശ്വസിപ്പിക്കും"

എന്നു് അങ്ങു് എന്നോടു പറയുന്നു.

ഓ ഭഗവാനെ, എന്റെ ഈശ്വര, അങ്ങു പാവങ്ങളും ക്ഷാമബാധിതരുമായവരെ അങ്ങയുടെ ഏറ്റവും പരിശുദ്ധമായ ശരീരത്തോടു സംയോജിപ്പിക്കുന്നതിനായി ക്ഷണിക്കുന്ന ഈ വാക്കു് ഒരു പാപിക്കു് എത്ര കണ്ണുമധുരവും സ്നേഹപൂർണ്ണവുമായിരിക്കുന്നു!

എന്നാൽ, ഓ ഭഗവാനെ, അങ്ങയെ സമീപിക്കുന്നതിനു മുതിരാൻ ഞാൻ ആരു്?

"കണ്ടാലും, ആകാശസ്പർശങ്ങൾക്കു് അങ്ങയെ ഉൾക്കൊള്ളുന്നതിനു സാധിക്കുന്നില്ല;" എങ്കിലും, 'നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ,' എന്നു് അങ്ങു പറയുന്നു.

3. ഇത്ര സ്നേഹപൂർണ്ണമായ ദീനാനുകമ്പയുടെ, ഈ സൗഹാർദ്ദപൂർവ്വമായ ക്ഷണത്തിന്റെ, അർത്ഥമെന്തു്?

എനിക്കു് അഭിമാനകരമായ യാതൊരു നന്മയും എന്നിലുള്ളതായി അറിവില്ലാത്ത ഞാൻ അങ്ങയെ സമീപിക്കുന്നതിനു് എങ്ങനെ ധൈര്യപ്പെടും?

സ്നേഹവും ദയയും നിറഞ്ഞ അങ്ങേക്കു വിരുദ്ധമായി പല പ്രാവശ്യവും അപരാധങ്ങൾ ചെയ്തു് അങ്ങയുടെ കോപത്തിനു പാത്രീഭവിച്ചിരിക്കുന്ന ഞാൻ അങ്ങയെ എന്റെ വീ

ട്ടിലേക്ക് എങ്ങനെ കൊണ്ടുവരും?

മാലാഖാമാരും മാലാഖാപ്രധാനന്മാരും അങ്ങയുടെ മുമ്പാകെ ഭയഭക്തിപരവശരായി നിലകൊള്ളുന്നു; പുണ്യവാന്മാരും ധർമ്മിഷ്ഠന്മാരും ഭയവിഹ്വലരാകുന്നു; എങ്കിലും, 'നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ,' എന്നു് അങ്ങു് പറയുന്നു.

ഓ ഭഗവാനെ, അങ്ങു അതുപറഞ്ഞില്ലെങ്കിൽ, അതുസത്യമാണെന്നു് ആരുവിശ്വസിക്കും?

ഓ ഭഗവാനെ അങ്ങു് അപ്രകാരം ആജ്ഞാപിച്ചില്ലെങ്കിൽ, അങ്ങയെ സമീപിക്കുന്നതിനു് ആരു ധൈര്യപ്പെടും?

4. കണ്ടാലും, നീതിമാനായ നോഹ ഏതാനും പേരോടുകൂടി രക്ഷപെടുന്നതിനായി ഒരു പേടകം നിർമ്മിക്കുന്നതിനു് നൂറുവർഷം പ്രയത്നിച്ചു; ആ സ്ഥിതിക്കു്, ജഗൽക്കർത്താവിനെ ഭക്തിപൂർവ്വം സ്വീകരിക്കുന്നതിനു് ഒരു മണിക്കൂർകൊണ്ടു് ഞാൻ എങ്ങനെ സന്നദ്ധനാകും?

അങ്ങയുടെ ഉപാസകനും പ്രത്യേക സ്നേഹിതനുമായ മോസസ്സു് വേദപ്രമാണങ്ങളെ സൂക്ഷിക്കുന്നതിനായി ഒരിക്കലും കേടുവരാത്ത മരംകൊണ്ടു് ഒരു പെട്ടിയുണ്ടാക്കുകയും അതിനെ ഏറ്റവും മാറുകൂടിയ സ്വർണ്ണംകൊണ്ടു് പൊതിയുകയും ചെയ്തു; ആ സ്ഥി

തിക്കു്, ഒരു നികൃഷ്ടജന്തുവായ ഞാൻ വേദാത്മകനും ജീവദായകനുമായ അങ്ങയെ അത്ര നിഷ്പ്രയാസം സ്വീകരിക്കുന്നതിനു് എങ്ങനെ ധൈര്യപ്പെട്ടും?

ഇസ്രായേൽ രാജാക്കന്മാരിൽ ഏറ്റവും ബുദ്ധിമാനായ സോളമൻ അങ്ങയുടെ നാമത്തെ കീർത്തിക്കുന്നതിനായി ഒരു മഹനീയ ദേവാലയം നിർമ്മിക്കുന്നതിനു് ഏഴു സംവത്സരം വിനിയോഗിച്ചു; ഏഴു ദിവസം തുടച്ചയായി അതിന്റെ പ്രതിഷ്ഠ സംബന്ധിച്ച മഹോത്സവം അദ്ദേഹം കൊണ്ടാടി; ആയിരം സമാധാനോപഹാരങ്ങൾ അദ്ദേഹം കാഴ്ചവയ്ക്കുകയും, പ്രതിജ്ഞാനപേടകത്തെ അതിനായി സജ്ജീകരിക്കപ്പെട്ടിരുന്ന സ്ഥാനത്തു് ഭക്തിസംവർദ്ധകമായ രീതിയിൽ വാദ്യാഘോഷങ്ങളോടും പ്രമോദത്തോടുംകൂടി കൊണ്ടുവന്നു പ്രതിഷ്ഠിക്കുകയും ചെയ്തു.

ആ സ്ഥിതിക്കു്, മനുഷ്യരിൽ ഏറ്റവും നികൃഷ്ടനും അധമനും കഷ്ടിച്ചു അരമണിക്കൂർ ഭക്തിപൂർവ്വം കഴിച്ചുകൂട്ടുവാൻ സാധിക്കാത്തവനുമായ ഞാൻ അങ്ങയെ എന്റെ വീട്ടിലേക്കു കൊണ്ടുവരുന്നതെങ്ങിനെ? ഒരു പ്രാവശ്യമെങ്കിലും ഒരു അരമണിക്കൂർ യോഗ്യമായ വിധത്തിൽ ചിലവിടുന്നതിനു എനിക്കു സാധിച്ചുവെങ്കിൽ!

5. ഓ എന്റെ ഈശ്വരാ, അങ്ങയെ പ്രസാദിപ്പിക്കുന്നതിനു് അവർ എത്രമാത്രം പ്രയത്നിച്ചു! ഞാൻ ചെയ്യുന്നതു് എത്രയോ തുച്ഛം! വിശുദ്ധ കുബ്ബാന സ്വീകരിക്കുന്നതിനു തയാറാകാൻ എത്രയോ കുറച്ചുമാത്രം സമയം ഞാൻ വിനിയോഗിക്കുന്നു.

പരിപൂർണ്ണമായ ഏകാഗ്രത എനിക്കു ദുർല്ലഭമാണു്; ശ്രദ്ധ ചിതറിപ്പോകാതിരിക്കുന്ന സമയവും എനിക്കു വളരെ ദുർല്ലഭമാണു്.

എങ്കിലും, അങ്ങയുടെ ജീവസന്ദായകമായ സാന്നിദ്ധ്യത്തിൽ അനുചിതമായ യാതൊരു വിചാരത്തിനുമോ യാതൊരു സൃഷ്ടിക്കുമോ എന്റെ മനസ്സിൽ തീർച്ചയായും സ്ഥാനമുണ്ടാകാൻ പാടില്ല; എന്തുകൊണ്ടെന്നാൽ, എന്റെ അതിഥിയായി ഞാൻ സ്വീകരിക്കാൻ പോകുന്നതു ഒരു മാലാഖയെ അല്ല, മാലാഖമാരുടെ യജമാനനെയത്രെ.

6. എന്തായാലും, നിർജ്ജീവാവശിഷ്ടങ്ങളോടുകൂടിയ പ്രതിജ്ഞാനപേടകവും വാചാമഗോചരങ്ങളായ വിശിഷ്ട ഗുണങ്ങളോടുകൂടിയ അങ്ങെയുടെ പരിപാവന ശരീരവും തമ്മിൽ, ഭാവിസംഗതികളുടെ പൂർവ്വരൂപങ്ങളായിരുന്ന പഴയ നിയമത്തിലെ ആ ബലികളും പുരാതന ബലികളുടെയെല്ലാം പരമനിർവ്വഹണമായ അങ്ങെയുടെ ശരീരത്തിന്റെ

യഥാർത്ഥ ബലിയും തമ്മിൽ, വളരെ വലുതായ വ്യത്യാസമുണ്ട്".

7. ആ സ്ഥിതിക്കു് എന്തുകൊണ്ടു് അങ്ങയുടെ പൂജനീയമായ സാന്നിദ്ധ്യത്തിൽ എന്റെ ഭക്തിതീക്ഷ്ണത വർദ്ധമാനമായി സമുജ്ജ്വലിക്കുന്നില്ല?

ഈ പുരാതനന്മാരായ വിശുദ്ധ പിതാക്കന്മാരും ദീഘ്രദർശികളും മാത്രമല്ല, രാജാക്കന്മാരും രാജകുമാരന്മാരും ജനസമുദായങ്ങളും അങ്ങയെ ആരാധിക്കുന്നതിൽ ഇത്ര സ്നേഹപൂർണ്ണമായ ഭക്തി പ്രകടിപ്പിച്ചിരിക്കുന്ന സ്ഥിതിക്കു്, അങ്ങയുടെ പരിശുദ്ധങ്ങളായ ദാനങ്ങളെ സ്വീകരിക്കുന്നതിനു എന്തുകൊണ്ടു ഞാൻ കൂടുതൽ ജാഗ്രൂകതയോടെ തയാറാകുന്നില്ല?

8. ഏറ്റവും ഭക്തനായ ദാവീദ് രാജാവു തന്റെ പൂർവ്വികന്മാർക്കു അതീതകാലത്തു സമ്പ്രദത്തമായ അനുഗ്രഹങ്ങളെ അനുസ്മരിച്ചുകൊണ്ടു് ഈശ്വരപേടകത്തിന്റെ മുമ്പിൽ സർവ്വശക്തിയുമുപയോഗിച്ചു് നൃത്തം ചെയ്തു. അദ്ദേഹം പലതരത്തിലുള്ള സംഗീതോപകരണങ്ങളും നിർമ്മിച്ചു; അദ്ദേഹം സങ്കീർത്തനങ്ങളും രചിക്കുകയും അവ ആഘോഷപൂർവ്വം ഗാനം ചെയ്യപ്പെടുന്നതിനു് ഏർപ്പാടു ചെയ്യുകയുംചെയ്തു; വീണയുടെ സഹായത്തോടും

പരിശുദ്ധാത്മാവിനാൽ പ്രബുദ്ധനായും അ
ദ്ദേഹം തന്നെ പലപ്പോഴും അവയെ ഗാനം
ചെയ്തു; അദ്ദേഹം ഇസ്രായേൽ ജനങ്ങളെ ഏ
റ്റവും ഹൃദയംഗമമായി ഈശ്വരനെ സ്തുതി
ക്കുന്നതിനും അനുദിനം അദ്ദേഹത്തെ ഏക
സ്വരത്തിൽ വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യു
ന്നതിനും പഠിപ്പിച്ചു.

അക്കാലത്തു പ്രതിജ്ഞാനപേടകത്തിന്റെ
മുമ്പാകെ അത്ര വലുതായ ഭക്തിയും ഈശ്വര
സ്തോത്രോത്സുകതയും പ്രകടിപ്പിക്കപ്പെട്ടുവെ
ങ്കിൽ, ഈ കുഞ്ഞാടയുടെ മുമ്പാകെ, ക്രിസ്തു
വിന്റെ സർവ്വോൽകൃഷ്ടമായ ശരീരത്തെ സ്വീ
കരിക്കുന്നതിൽ, എനിക്കും എല്ലാ ക്രൈസ്തവ
ജനങ്ങൾക്കും ഉണ്ടായിരിക്കേണ്ട ഭക്ത്യാദര
ങ്ങൾ എത്ര മഹത്താണു?

9. ഒട്ടധികംപേർ പുണ്യവാന്മാരുടെ അ
വശിഷ്ടങ്ങളെ ദർശിക്കുന്നതിനായി പല സ്ഥ
ലങ്ങളിലും ഓടി നടക്കുകയും അവരുടെ അ
പദാനങ്ങളെപ്പറഞ്ഞുകേട്ടു് ആശ്ചര്യഭരിതരാവു
കയും ചെയ്യുന്നു; അവരുടെ സ്മാരകമായി
നിർമ്മിക്കപ്പെട്ടിട്ടുള്ള ഗംഭീരങ്ങളായ ദേവാല
യങ്ങളെ ഇവർ വിസ്മയപൂർവ്വം കാണുകയും
ദുകൂലംകൊണ്ടും സ്വർണ്ണംകൊണ്ടും സമാവൃത
മായ ആ പുണ്യവാന്മാരുടെ പാവനമായ അ
സ്ഥികളെ ചുംബിക്കുകയും ചെയ്യുന്നു.

എന്നാൽ, കണ്ടാലും, എന്റെ ഈശ്വരനും, പുണ്യവാന്മാരിൽ പുണ്യവാനും, മനുഷ്യരുടെ സ്രഷ്ടാവും, മാലാഖമാരുടെ യജമാനനുമായ അങ്ങു് എനിക്കായി ഇവിടെ ഈ ബലിപീഠത്തിൽ സന്നിഹിതനായിരിക്കുന്നു.

പലപ്പോഴും ഏതാദ്ഭുതങ്ങളായ സ്മാരകങ്ങളെ കാണുമ്പോൾ, മനുഷ്യർ ആ കാഴ്ചയുടെ കൗതുകാവഹത്വത്താലും അഭിനവത്വത്താലും സ്പൃഷ്ടഹൃദയരാകുന്നു; എന്നാൽ ജീവിതസംസ്കരണം സംബന്ധിച്ചിടത്തോളം ശൂന്യമായ ഫലം അവക്കു് അതുമൂലം വിശേഷിച്ചു് അവരുടെ പാപങ്ങളെപ്പറ്റി യഥാർത്ഥമായ പശ്ചാത്താപമില്ലാതെ അവർ മനോലാഘവത്തോടുകൂടി അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുമ്പോൾ—സിദ്ധിക്കുന്നില്ല.

എന്നാൽ, ഇവിടെ, ബലിപീഠത്തിലെ കൂദാശയിൽ അങ്ങു്, എന്റെ ഈശ്വരൻ, മനുഷ്യനായ യേശുക്രിസ്തു, അഖണ്ഡനായി സന്നിഹിതനായിരിക്കുന്നു; ഇവിടെ അങ്ങയെ യോഗ്യമായും ഭക്തിയോടുകൂടിയും സ്വീകരിക്കുന്നവക്കു് അനന്തരക്ഷാകരമായ ഫലം സസമൃദ്ധമായി ലഭിക്കുന്നു.

മനോലാഘവമോ, കൗതുകമോ ഇന്ദ്രിയസുഖമോ അല്ല, പ്രത്യുത, സുദൃഢമായ വിശ്വാ

സവും, ഭക്തിപൂർവ്വകമായ പ്രത്യാശയും, നിർ വ്യാജമായ സ്നേഹവുമത്രെ ഞങ്ങളെ ഇതിലേ ക്കു് ആകർഷിക്കുന്നതു്.

10. ഓ ഈശ്വര, പ്രപഞ്ചത്തിന്റെ അ ദൃശ്യനായ കർത്താവെ, അങ്ങു ഞങ്ങളോടു് എത്ര അത്ഭുതകരമായി പെരുമാറുന്നു! അങ്ങു സകല സംഗതികളേയും അങ്ങയെ അനു ഗമിക്കുന്നവർക്കു് അനുകൂലമായും എത്രയും മ ധുരമായും കരുണയോടുകൂടിയും നിർവ്വഹിക്കു ന്നു; അവർ ഈ ക്ലേശയിൽ അങ്ങയെ സ്വീ കരിക്കുന്നതിനു് അങ്ങു് അനുവദിക്കുന്നു.

എന്തുകൊണ്ടെന്നാൽ, ഇതു് മനുഷ്യന്റെ ഗ്രഹണശക്തിക്കു നിശ്ലേഷം അതീതമായിരി ക്കുന്നു; ഇതു ഭക്തഹൃദയങ്ങളെ സവിശേഷം വശീകരിക്കുകയും അവരുടെ സ്നേഹത്തെ സമു ജ്ജ്വലിപ്പിക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ, ജീവിതത്തെ നിശ്ലേ ഷം നവീകരിക്കണമെന്നു താല്പര്യമുള്ളവരാ യി അങ്ങയിൽ യഥാർത്ഥമായി വിശ്വസിക്കു ന്ന ജനങ്ങൾക്കു് അമോഘമായ ഈ ക്ലേശ വഴി ഭക്തിയും സദ്ധർമ്മത്തോടു സ്നേഹവും ഉ ണ്ടായിരിക്കുന്നതിനുള്ള ഒരു മഹത്തായ അനു ഗ്രഹം മുഖ്യ സിദ്ധിക്കുന്നു.

11. ഓ, ഈ ക്ലേശയിൽനിന്നു ലഭ്യമാ യ ആശ്ചര്യകരവും പരോക്ഷവുമായ അനു

ഗ്രഹം ക്രിസ്തുവിൽ വിശ്വാസമുള്ള ജനങ്ങൾക്കു മാത്രമേ അറിഞ്ഞുകൂടൂ; പ്രത്യുത, വിശ്വാസരഹിതരും പാപത്തിനു് അടിമകളുമായ വക്കു് അതു് അനുഭവവേദ്യമല്ല.

ഈ കൃദാശവഴി ആത്മീയമായ അനുഗ്രഹം പ്രദാനം ചെയ്യപ്പെടുന്നു; നഷ്ടപ്പെട്ടുപോയ നമ്മ ആത്മാവിനെ തിരിച്ചുകിട്ടുന്നു; പാപത്താൽ വിരൂപമാക്കപ്പെട്ട സൗന്ദര്യം പൂർവ്വസ്ഥിതിയെ പ്രാപിക്കുന്നു.

തജ്ജന്യമായ ഭക്ത്യാതിരേകത്താൽ മനസ്സിനമാത്രമല്ല, ബലഹീനമായ ശരീരത്തിനുതന്നെയും ശക്തി വർദ്ധിക്കുന്നുവെന്നു തോന്നത്തക്കവണ്ണം ഈ അനുഗ്രഹം പലപ്പോഴും അത്ര മഹത്താണു്.

12. ആ സ്ഥിതിക്കു, മോക്ഷം പ്രാപിക്കണമെന്നുള്ളവരുടെ സകല പ്രത്യാശകൾക്കും യോഗ്യതകൾക്കും നിദാനമായ ക്രിസ്തുവിനെ സ്വീകരിക്കുന്നതിനു, ഞങ്ങളുടെ മന്ദതയും ഉദാസീനതയും നിമിത്തം, ഞങ്ങൾ അഭ്യാകഷ്ടിക്കപ്പെടുന്നില്ലെന്നുള്ളതു് എത്ര പരിതാപകരവും ദയനീയവുമായിരിക്കുന്നു!

എന്തുകൊണ്ടെന്നാൽ, നമ്മുടെ സാക്ഷാൽക്കാരവും രക്ഷയും അദ്ദേഹമത്രെ; നമ്മുടെ തീർത്ഥയാത്രയിൽ നമുക്കു ആശ്വാസവും പുണ്യ

വാന്മാരുടെ അനന്തസൗഭാഗ്യവും അദ്ദേഹമത്രെ.

അതുകൊണ്ടു് ഒട്ടധികംപേർ സ്വർഗ്ഗത്തിനു് ആനന്ദകരവും ലോകത്തെയെല്ലാം പരിപാലിക്കുന്നതുമായ ഈ രക്ഷാകരമായ കൃദാശയെ അത്ര ഗണ്യമാക്കുന്നില്ലെന്നുള്ളതു് എത്രയും ശോചനീയമായിരിക്കുന്നു.

ഇത്ര അവാച്യമായ ഒരു അനുഗ്രഹത്തെ ആദരിക്കാതിരിക്കുകയും അനുദിനമായ ഉപയോഗംകൊണ്ടു് അതിനോടു് അവജ്ഞയുള്ളതായിത്തീരുകയും ചെയ്യുന്ന മനുഷ്യഹൃദയം, കഷ്ടം, എത്ര അന്ധവും കർക്കശവുമായിരിക്കുന്നു!

13. എന്തുകൊണ്ടെന്നാൽ, ഈ ഏറ്റവും പരിപാവനമായ കൃദാശ ലോകത്തു് ഒരു സ്ഥലത്തുമാത്രം സംസ്കരിക്കപ്പെടുകയും ഒരു വൈദികനാൽമാത്രം അർപ്പിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ, ആ ദിവ്യമായ മഹോത്സവം കാണുന്നതിനായി ആ സ്ഥലത്തേക്കും ആ വൈദികനിലേക്കും മനുഷ്യർ എത്ര ശക്തിമത്തായി ആകർഷിക്കപ്പെടും.

എന്നാൽ, ഇപ്പോൾ അനേകംപേർ വൈദികരാക്കപ്പെടുകയും ഈ കൃദാശ അനേകം സ്ഥലങ്ങളിൽ അർപ്പിക്കപ്പെടുകയും ചെയ്യുന്നു; അതുമൂലം, ഈ പരിപാവനമായ കൃ

ദാശ ലോകത്തു് എത്രത്തോളം പ്രചരിപ്പിക്കപ്പെട്ടുന്നുവൊ അത്രത്തോളം ഈശ്വരന്റെ അനുഗ്രഹവും മനുഷ്യനോടുള്ള സ്നേഹവും വർദ്ധമാനമായി പ്രത്യക്ഷപ്പെട്ടുന്നു.

ഓ നന്മനിറഞ്ഞ യേശുവെ, ഞങ്ങളുടെ സഭാതനനായ അജപാലാ, അങ്ങു സ്വരാജ്യ ഭ്രഷ്ടരായ പാവങ്ങളായ, ഞങ്ങൾക്കു് ആഹാരമായി അങ്ങയുടെ അമോഘമായ ശരീരവും രക്തവും കൃപാപൂർവ്വം തരുകയും, 'അദ്ധ്വാനിക്കുകയും ഭൂവ്യഹമായ ഭാരം വഹിക്കുകയും ചെയ്യുന്ന നിങ്ങളേവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കുന്നുണ്ടു്,' എന്നു സ്വകപോലകല്പിതങ്ങളായ വചനങ്ങളാൽ അവയെ സ്വീകരിക്കുന്നതിനു ഞങ്ങളെ ക്ഷണിക്കുകയും ചെയ്തിരിക്കുന്നതിനു ഞങ്ങൾ നന്ദിപറഞ്ഞുകൊള്ളുന്നു.

അദ്ധ്യായം 2.

വലുതായ നന്മയും സ്നേഹവും ഈ കൂദാശയിൽ ഈശ്വരൻ പ്രകടിപ്പിക്കുന്നു.

ശിഷ്യൻ: ഓ ഭഗവാനെ, അങ്ങയുടെ നന്മയെയും മഹത്തായ കരുണയെയും ശര

ണീകരിച്ചു ഞാൻ രോഗാതുരനായി എന്റെ രക്ഷകനായ അങ്ങയേയും, വിശന്നും ദാഹിച്ചും ജീവന്റെ ഉറവയായ അങ്ങയേയും, ദാരിദ്ര്യപീഡിതനായി സ്വർഗ്ഗരാജാവായ അങ്ങയേയും, ഭൃത്യനായി യജമാനനായ അങ്ങയേയും, സൃഷ്ടിയായി സ്രഷ്ടാവായ അങ്ങയേയും, ആശ്വാസരഹിതനായി സ്നേഹം നിറഞ്ഞു് ആശ്വാസപ്രദനായിരിക്കുന്ന അങ്ങയേയും സമീപിച്ചുകൊള്ളുന്നു.

എന്നാൽ, അങ്ങു് എന്റെ അടുക്കൽ വരികയെന്നുള്ള ഭാഗ്യം എനിക്കു് എങ്ങിനെ ഉണ്ടായി? അങ്ങു് എനിക്കായി ആത്മബലി ചെയ്യുന്നതിനു് ഞാനാരു്?

ഒരു പാപി അങ്ങയുടെ മുമ്പാകെ പ്രത്യക്ഷപ്പെടാൻ എങ്ങിനെ ധൈര്യപ്പെട്ടും? ഒരു പാപിയുടെ അടുക്കലേക്കു വരാൻ അങ്ങേക്കു ദയയുണ്ടാകുന്നതെങ്ങനെ?

അങ്ങയുടെ ദാസനെ അങ്ങേക്കു് അറിയാം; ഈ ആനുകൂല്യത്തിനു് അവൻ അഹ്നായിത്തീരത്തക്കവണ്ണം അവനിൽ യാതൊരു നന്മയുമില്ലെന്നു് അങ്ങേക്കു നല്ലവണ്ണം അറിയാം.

അതുകൊണ്ടു് ഞാൻ എന്റെ അയോഗ്യതയെ ഏറ്റുപറയുകയും, അങ്ങയുടെ ഔദാര്യത്തെ സമ്മതിക്കുകയും, അങ്ങയുടെ നന്മ

യെ സ്തുതിക്കുകയും, അങ്ങയുടെ സ്നേഹപ്രകഷ്ത്തിനായി കൃതജ്ഞത പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ, എന്റെ യോഗ്യതകൊണ്ടല്ല, അങ്ങയുടെ നന്മയെപ്പറ്റി എനിക്കു കൂടുതലായ അറിവുണ്ടാകുന്നതിനായും, അങ്ങയുടെ സ്നേഹം കൂടുതലായി വിതരണം ചെയ്യുന്നതിനായും, അങ്ങയുടെ വിനയം കൂടുതലായി പ്രസംശിക്കപ്പെടുന്നതിനായും (ഈ ആത്മബലി) അങ്ങു സമ്മേധയാ ചെയ്യുന്നു.

അതുകൊണ്ടു് ഇതു് അങ്ങേക്കു സന്തോഷകരമായിരിക്കുകയും അപ്രകാരം സംഭവിക്കണമെന്നു് അങ്ങു് ആജ്ഞാപിച്ചിരിക്കുകയും ചെയ്യുകയാൽ, അങ്ങയുടെ കൃപാസമ്പന്നമായ വിനയം എനിക്കു് ഏറ്റവും ഹൃദയംഗമമായിരിക്കുന്നു; എന്റെ ദുഷ്ടത എനിക്കു പ്രതിബന്ധമായിത്തീരാതിരിക്കട്ടെ!

2. ഓ മാധുര്യവും ഔദാര്യവുമേറിയ യേശുവെ, മനുഷ്യനു് അവാച്യമാംവണ്ണം അമോഘമായ അങ്ങയുടെ പരിപാവന ശരീരം സ്വീകരിക്കാൻ അങ്ങു ഞങ്ങളെ അനുവദിച്ചിരിക്കുന്നതിനു് അങ്ങയോടു് എത്ര വലുതായ ഭക്തിയും നന്ദിയും ഉണ്ടായിരിക്കുന്നതിനും അങ്ങയെ എത്രയധികം സ്തുതിക്കുന്നതി

നും ഞങ്ങൾ ബാധ്യസ്ഥരായിരിക്കുന്നു!

എന്നാൽ എനിക്കു് യഥായോഗ്യം സ്വീകരിക്കുന്നതിനു് ഒരിക്കലും സാധിക്കുകയില്ലെങ്കിലും ഭക്തിപൂർവ്വം സ്വീകരിക്കുന്നതിനു ഞാൻ അത്യധികം ആഗ്രഹിക്കുന്ന എന്റെ ഭഗവാനെ ഞാൻ സമീപിക്കുമ്പോൾ ഈ കർബാനയെപ്പറ്റിയുള്ള എന്റെ ചിന്തകൾ എന്തായിരിക്കണം?

അങ്ങയുടെ മുമ്പാകെ ഞാൻ ഏറ്റവും വിനീതനാവുകയും അങ്ങയുടെ അനന്തമായ നന്മയെ വാഴ്ത്തുകയും ചെയ്യുക എന്നതിനേക്കാൾ ഉത്തമമോ വിശുദ്ധമോ ആയ ഒരു ചിന്താവിഷയം എനിക്കു് എന്തുള്ളൂ?

ഓ എന്റെ ഈശ്വര, അങ്ങയെ ഞാൻ അനന്തമായി സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു; ഞാൻ തന്നെത്താൻ വെറുക്കുകയും എന്റെ അയോഗ്യതയ്ക്കു എത്രത്തോളം താഴ്ച്ചയുണ്ടോ അത്രത്തോളം അങ്ങയുടെ മുമ്പാകെ താഴുകയും അങ്ങേക്കു് അധീനനാവുകയും ചെയ്യുന്നു.

3. കണ്ടാലും, അങ്ങു് പുണ്യവാന്മാരുടെ അധീശനാണു്; ഞാനോ പാപികളിൽ അഗ്രഗണ്യൻ.

കണ്ടാലും, അങ്ങു് എനിക്കായി കുനിയുന്നു; എനിക്കോ അങ്ങയെ നിവർന്നു നോക്കു

ന്നതിന യോഗ്യതയില്ല.

കണ്ടാലും, അങ്ങു് എന്റെ അടുക്കൽ വരുന്നു; എന്നോടു് ഒന്നിക്കുക എന്നതു് അങ്ങയുടെ അഭിമതമത്രെ.

അങ്ങയുടെ വിരുന്നിനു് അങ്ങു് എന്നെ ക്ഷണിക്കുന്നു; അങ്ങയുടെ സ്വർഗ്ഗീയമായ ആഹാരത്തെ, മാലാഖമാരുടെ ഭോജനത്തെ, സ്വർഗ്ഗത്തുനിന്നു് അവതീർണ്ണമായി ലോകത്തിന ജീവസന്ദായകമായിരിക്കുന്ന സജീവാപൂപമായ സാക്ഷാൽ അങ്ങയെത്തന്നെ, എനിക്കു ഭക്ഷിക്കാനായിത്തരുന്നതിനും അങ്ങു് ആഗ്രഹിക്കുന്നു.

4. സ്നേഹത്തിന്റെ ഉറവിനെക്കണ്ടാലും! അവിടെ എത്ര മഹനീയമായ ഔദാര്യപ്രകർഷം പ്രകാശിക്കുന്നു; ഈ ഉപകാരങ്ങളാൽ എത്ര വലുതായ നന്ദിക്കും സ്തുതിക്കും അങ്ങു് പാത്രീഭവിച്ചിരിക്കുന്നു.

ഈ കൂദാശയുടെ സ്ഥാപനത്തിൽ അങ്ങയുടെ ഉദ്ദേശ്യം എത്ര പരിശുദ്ധവും പ്രയോജനപരവുമായിരുന്നു! ഞങ്ങൾക്കു ഭോജ്യമായി അങ്ങു് അങ്ങയെത്തന്നെ തരുന്ന ഈ സദ്ദ്യ എത്ര ഹൃദ്യവും ആനന്ദപ്രദവുമായിരിക്കുന്നു!

ഓ ഭഗവാനെ, അങ്ങയുടെ അപദാനം എത്ര അത്ഭുതകരമായിരിക്കുന്നു! അങ്ങയുടെ

ധമ്മം എത്ര ശക്തിമത്തായിരിക്കുന്നു! അങ്ങയുടെ സത്യം എത്ര പ്രമാദരഹിതമായിരിക്കുന്നു!

എന്തുകൊണ്ടെന്നാൽ, അങ്ങു് വാക്കു് ഉച്ചരിച്ചപ്പോൾ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു; അങ്ങു് ആജ്ഞാപിച്ചതു് എന്താണോ അതു നിർവ്വഹിക്കപ്പെട്ടു.

5. സാക്ഷാൽ ഈശ്വരനും സാക്ഷാൽ മനുഷ്യനുമായ എന്റെ ഭഗവാനെ, എന്റെ ഈശ്വര, അങ്ങു് അല്പമായ അപ്പത്തിന്റെയും വീഞ്ഞിന്റെയും പ്രത്യക്ഷരൂപത്തിൽ അഖണ്ഡമായും അന്യൂനമായും അന്തർഭവിച്ചിരിക്കുകയും അനുഭോക്താവിനാൽ അക്ഷതനായി ഭക്ഷിക്കപ്പെടുകയും ചെയ്യുന്നുവെന്നുള്ളതു് അത്ഭുതകരവും വിശ്വാസാർഹവും മനുഷ്യബുദ്ധിക്കു നിശ്ലേഷം അതീതവുമത്രെ.

സർവ്വജഗത്തിനുമധീശനായി ആരുടെയും സഹവാസം ആവശ്യമില്ലാതിരിക്കുന്ന അങ്ങേക്കു ഞങ്ങളിൽ നിവസിക്കുന്നതിനു ദയയുണ്ടായിരിക്കുന്നു.

ആനന്ദപൂർണ്ണവും പരിശുദ്ധവുമായ മനസ്സാക്ഷിയോടുകൂടി ഈ ദിവ്യ കൂദാശയെ ഞാൻ മറ്റുള്ളവരോടുന്നതിനും അങ്ങു പ്രധാനമായി അങ്ങയുടെ മഹിമയ്ക്കും സദാത

ന സ്മരണയ്ക്കുമായി കല്പിച്ചു സ്ഥാപിച്ചിരിക്കുന്ന അതിനെ എന്റെ ശാശ്വത രക്ഷയ്ക്കായി സ്വീകരിക്കുന്നതിനും എന്റെ ഹൃദയത്തെയും ശരീരത്തെയും അങ്ങു നിർമ്മലമായി സൂക്ഷിക്കേണമെ.

6. ഓ എന്റെ ആത്മാവെ, ആനന്ദിക്കുക; ഇത്ര ശ്രേഷ്ഠമായ ഒരു അനുഗ്രഹദാനത്തിനായും, ഈ കണ്ണുനീർ നിറഞ്ഞ 'താഴ്വര'യിൽ നമുക്കു ലഭ്യമായിരിക്കുന്ന ഈ അസുലഭമായ ആശ്വാസത്തിനായും ഈശ്വരനോടു കൃതജ്ഞത പ്രകാശിപ്പിക്കുക.

എന്തുകൊണ്ടെന്നാൽ, എത്ര പ്രാവശ്യം നീ ഈ കൂദാശയെ ആവർത്തിക്കുകയും ക്രിസ്തുവിന്റെ ശരീരത്തെ സ്വീകരിക്കുകയും ചെയ്യുന്നുവോ അത്രയും പ്രാവശ്യം നിന്റെ പരിത്രാണകർമ്മത്തെ നീ കൊണ്ടാടുകയും ക്രിസ്തുവിന്റെ യോഗ്യതകളിൽ നീ ഭാഗഭാക്കാവുകയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ, ക്രിസ്തുവിന്റെ സ്നേഹത്തിനു് ഒരിക്കലും കുറവു വരുന്നില്ല; അദ്ദേഹത്തിന്റെ ആത്മബലിയുടെ മഹത്വവും അക്ഷയമാണു്.

അതുകൊണ്ടു്, നിന്റെ മനഃശക്തിയെ നിരന്തരം നവീകരിച്ചും നിന്റെ രക്ഷകൃപയ്യാപ്തമായ ഈ മഹനീയ കൂദാശയുടെ

ഗൗരവത്തെ സശ്രദ്ധം പരിഗണിച്ചും നീ അതിനായി തയാറാകേണ്ടതാണു്.

നീ ദിവ്യപൂജയർപ്പിക്കുകയോ അതിൽ സംബന്ധിക്കുകയോ ചെയ്യുമ്പോഴൊക്കെ, ക്രിസ്തു ആ ദിവസം ഇടംപ്രഥമമായി കന്യകയുടെ ഗർഭത്തിൽ മനുഷ്യനായി അവതരിച്ചാലുള്ളതുപോലെയൊ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി കുരിശിൽ തൂങ്ങി കഷ്ടപ്പെട്ടു മരിച്ചാലുള്ളതുപോലെയോ നിനക്കു് അതു മഹനീയവും അഭിനവവും ആനന്ദപ്രദവുമായിരിക്കേണ്ടതാണു്.

അദ്ധ്യായം 3.

നാം കുമ്പാനമുറയ്ക്കു സ്വീകരിക്കണമെന്നു്.

ശിഷ്യൻ: കണ്ടാലും, ഓ ഭഗവാനെ, അങ്ങയുടെ അനുഗ്രഹദാനംമൂലം എനിക്കു ഗുണം സിദ്ധിക്കുന്നതിനായും, ഓ ഈശ്വര, അങ്ങയുടെ കൃപാതിരേകത്താൽ പാവങ്ങൾക്കായി അങ്ങു് തയാറാക്കിയിരിക്കുന്ന ഈ പരിശുദ്ധമായ സദ്യ എനിക്കു സഹിത്യപ്രദ

മായിരിക്കുന്നതിനായും ഞാൻ അങ്ങയുടെ അടുക്കൽ വരുന്നു.

കണ്ടാലും, എനിക്കു് ആശ്രഹിക്കാൻ കഴിയുന്നതോ ഞാൻ ആശ്രഹിക്കേണ്ടതോ ആയ സകലവും അങ്ങേയിലുണ്ടു്; അങ്ങു് എന്റെ മോക്ഷവും എന്റെ രക്ഷയും, എന്റെ പ്രത്യാശയും, എന്റെ ബലവും, എന്റെ അഭിമാനവും, എന്റെ മഹിമയുമാകുന്നു.

അതുകൊണ്ടു്, ഇന്നു് അങ്ങയുടെ ദാസന്റെ ആത്മാവിനെ ആനന്ദപൂർണ്ണമാക്കുക; എന്തുകൊണ്ടെന്നാൽ, ഓ യേശുഭഗവാനെ, എന്റെ ആത്മാവിനെ ഞാൻ അങ്ങയുടെ അടുക്കലേക്കു് ഉയർത്തിയിരിക്കുന്നു.

ഇപ്പോൾ അങ്ങയെ ഭക്തിയോടും ആദരത്തോടുംകൂടി സ്വീകരിക്കുന്നതിനു ഞാൻ ആശ്രഹിക്കുന്നു; സഖേവൂസിനെപ്പോലെ അങ്ങയുടെ അനുശ്രഹം സിദ്ധിക്കുന്നതിനായും, അബ്രഹാമിന്റെ സന്തതികളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുന്നതിനായും അങ്ങേ സന്തോഷപൂർവ്വം എന്റെ വസതിയിലേക്കു കൊണ്ടുവരുന്നതിനു ഞാൻ ഇച്ഛിക്കുന്നു.

(ലൂക്ക. xix. 9.)

എന്റെ ആത്മാവു് അങ്ങയുടെ ശരീര

ത്തിനായി അഭിവാഞ്ഛിക്കുന്നു; എന്റെ ഹൃദയം അങ്ങയോടു സംയുക്തമാകുന്നതിനു് ആഗ്രഹിക്കുന്നു.

2. അങ്ങു് അങ്ങയെത്തന്നെ എനിക്കു തരിക; അതിനപ്പുറമായി എനിക്കു യാതൊന്നും ആവശ്യമില്ല; എന്തുകൊണ്ടെന്നാൽ, അങ്ങയെക്കൂടാതെ യാതൊരു സുഖവും സമ്പൂർണ്ണമല്ല.

അങ്ങയെക്കൂടാതെ, എനിക്കു സത്തയില്ല; അങ്ങയുടെ സന്ദർശനമില്ലാതെ എനിക്കു ജീവിക്കാനും സാധിക്കുകയില്ല.

അതുകൊണ്ടു ഞാൻ മുറയ്ക്കു് അങ്ങയുടെ അടുക്കൽ വരുകയും എന്റെ രക്ഷയ്ക്കുള്ള ഔഷധമായി അങ്ങയെ സ്വീകരിക്കുകയും ചെയ്യണം; അല്ലെങ്കിൽ, ഈ സ്വർഗ്ഗീയഭക്ഷണം എനിക്കു് ഇല്ലാതെപോയാൽ, ഞാൻ, പക്ഷേ, വഴിയിൽ മൂർച്ഛിച്ചു വീണുപോകും.

എന്തുകൊണ്ടെന്നാൽ, ഓ കരുണാകരനായ യേശുവെ, അങ്ങു് ഒരിക്കൽ, ജനങ്ങളോടു ധർമ്മോപദേശം ചെയ്കയും പല രോഗങ്ങളും സുഖപ്പെടുത്തുകയും ചെയ്തശേഷം, ഇപ്രകാരം ദയാപുരസ്സരം പറഞ്ഞുവല്ലോ: "അവർ വഴിയിൽ മൂർച്ഛിച്ചു വീണുപോയേക്കാമെന്നുള്ളതുകൊണ്ടു ഞാൻ അവരെ നി

രാഹാരരായി അയക്കുകയില്ല.”

(മാത്യൂ. xv. 32.)

വിശ്വാസമുള്ള ജനങ്ങളുടെ സമാശ്വാസത്തിനായി ഈ കൂദാശയിൽ സന്നിഹിതനായിരിക്കുന്ന അങ്ങു് ഇപ്പോൾ എന്നോടു് അപ്രകാരം പ്രവർത്തിക്കേണമെ.

എന്തുകൊണ്ടെന്നാൽ, അങ്ങു് ആത്മാവിനു മധുരമായ ഭോജനമാകുന്നു; അങ്ങയെ യോഗ്യമായി ഭക്ഷിക്കുന്നവൻ അനന്തമഹിമയിൽ ഭാഗഭാക്കും അവകാശിയുമായിരിക്കും.

മുറ്റും തെറ്റിപ്പോവുകയും പാപം ചെയ്യുകയും, എളുപ്പം മന്ദനായി അധഃപതിക്കുകയും ചെയ്യുന്ന എനിക്കു അടിക്കടിയുള്ള പ്രാർത്ഥനകളാലും, കുമ്പസാരത്താലും, അങ്ങയുടെ ശരീരമാകുന്ന കുർബാനയുടെ സ്വീകരണത്താലും എന്റെ ആത്മാവിനെ നവീകരിക്കുകയും ശുദ്ധീകരിക്കുകയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യേണ്ട ആവശ്യം തീർച്ചയായുമുണ്ടു്; അല്ലെങ്കിൽ എന്റെ ദീർഘമായ അമാന്തംമൂലം എന്റെ പരിശുദ്ധമായ ഉദ്ദേശ്യത്തിൽനിന്നു ഞാൻ വ്യതിചലിച്ചുപോകുവാനിടയുണ്ടു്.

3. എന്തുകൊണ്ടെന്നാൽ, മനുഷ്യന്റെ ഇന്ദ്രിയങ്ങൾ അവന്റെ യൗവനം മുതൽ തിന്മയിലേക്കു് ആയമുള്ളവയാണു്; അങ്ങ

യുടെ ദിവ്യൗഷധം അവനെ സഹായിക്കുന്നില്ലെങ്കിൽ അവൻ വേഗത്തിൽ കൂടുതൽ തിന്മയിൽ വീഴുന്നു.

വിശുദ്ധ കുബ്ബാന അവനെ തിന്മയിൽനിന്നു പിൻവലിക്കുകയും നന്മയിൽ പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ, ഞാൻ കുർബാന സ്വീകരിക്കുകയോ അർപ്പിക്കുകയോ ചെയ്യുന്ന ഈ സമയത്തു് ഇത്ര ഉദാസീനനും മന്ദനുമായിരിക്കുന്നുവെങ്കിൽ, ഈ ഔഷധം ഞാൻ ഉപയോഗിക്കാതിരിക്കുകയും അത്ര വലുതായ ഒരു സഹായം ഞാൻ അവലംബിക്കാതിരിക്കുകയും ചെയ്യുവെങ്കിൽ എന്റെ സ്ഥിതി എന്തായിരിക്കുമായിരുന്നു?

കുബ്ബാന അർപ്പിക്കുന്നതിനു് എനിക്കു എല്ലാ ദിവസവും യോഗ്യതയോ സൗകര്യമോ ഇല്ലെങ്കിലും, സമുചിതമായ സന്ദർഭങ്ങളിൽ ദിവ്യ കുബ്ബാന സ്വീകരിക്കുന്നതിനും അത്ര മഹത്തായ ഒരു അനുഗ്രഹസമ്പത്തിൽ ഭാഗഭാക്കാകുന്നതിനും ഞാൻ ശ്രമിക്കും.

എന്തുകൊണ്ടെന്നാൽ, വിശ്വാസമുള്ള ഒരു ആത്മാവിന്റെ പ്രധാനമായ ആശ്വാസം, മൃത്യുവശഗമായ ഈ ശരീരത്തിൽ സ്ഥിതി ചെയ്തുകൊണ്ടു് അതു് അങ്ങയിൽനിന്നു് വളരെദൂരം സഞ്ചരിക്കുമ്പോഴെല്ലാം, ഈശ്വരനെ

മായ്ക്ക ധ്യാനിക്കുകയും ഭക്തിപൂർവ്വം സ്വരക്ഷാനാഥനെ മനസ്സാ സ്വീകരിക്കുകയും ചെയ്യുന്നുവെന്നുള്ളതാണു്.

4. ഓ ഭഗവാനെ, ഈശ്വരാ, സകല ആത്മാക്കളുടേയും സ്രഷ്ടാവും ജീവസന്ദായകനുമായ അങ്ങു് ഒരു സാധുവിന്റെ ആത്മാവിലേക്കു് കൃപാപൂർവ്വം വരുകയും അങ്ങയുടെ ദിവ്യതപവും മനുഷ്യത്വവും മുഴുവനുമുപയോഗിച്ചു് അതിന്റെ വിശപ്പു പരിഹരിക്കുകയും ചെയ്യുന്നതിൽ പ്രകടമായിരിക്കുന്ന അങ്ങയുടെ സ്നേഹസമ്പന്നതയും ദീനാനുകമ്പയും അത്ഭുതകരമായിരിക്കുന്നു!

സ്വാമിയും ഈശ്വരനുമായ അങ്ങയെ ഭക്തിപൂർവ്വം സ്വീകരിക്കുന്നതിനും തന്മൂലം ആത്മീയ പരമാനന്ദത്താൽ പരിപൂരിതമാകുന്നതിനും അർഹതയുള്ള മനസ്സും ആത്മാവും ഓ! സൗഭാഗ്യമുള്ളതും അനുഗ്രഹീതവുമാകുന്നു.

ഓ! എത്ര മഹാനായ ഒരു നാഥനെ അവർ (ആത്മാവു്) സല്ക്കരിക്കുന്നു! എത്ര സ്നേഹവാനായ ഒരു അതിഥിയെ അവർ തന്റെ വീട്ടിലേക്കു ആനയിക്കുന്നു! എത്ര മാധുര്യമേറിയ ഒരു സഹചാരിയെ അവർ സ്വീകരിക്കുന്നു! എത്ര വിശ്വസ്തനായ ഒരു സ്നേഹിതനെ അവർ ആദരിക്കുന്നു! എത്ര സുന്ദരനും എത്ര ശ്രേഷ്ഠനുമായ ഒരു പ്രിയതമനെ

അവർ ആശ്ലേഷിക്കുന്നു! ആ പ്രിയതമൻ മറെറല്ലാവരെയുംകാൾ സ്നേഹയോഗ്യനും അവർക്കു് കാമിക്കാവുന്ന സകലരേയുംകാൾ ഉൽകൃഷ്ടനുമാണു്.

ഓ എൻെറ സ്നേഹനിധിയായ പ്രിയതമ, സ്വർഗ്ഗവും ഭൂമിയും അവയുടെ സകല പരിവാരങ്ങളോടുംകൂടി അങ്ങയുടെ സാന്നിദ്ധ്യത്തിൽ നിശ്ശബ്ദമായിരിക്കട്ടെ; എന്തുകൊണ്ടെന്നാൽ അവയ്ക്കു സ്തുത്യർഹമായോ സുന്ദരമായോ ഉള്ളതു മുഴുവനും അങ്ങയുടെ ഔദാര്യത്തിൻെറ ഫലമാണു്; അപരിമേയമായ ജ്ഞാനമുള്ള അങ്ങേയുടെ നാമത്തിൻെറ സൗകുമാര്യം അവയ്ക്കു ഒരിക്കലും പ്രാപ്യവുമല്ല.

❖❖❖❖❖❖

അദ്ധ്യായം 4.

ഭക്തിപൂർവ്വം കുമ്പാനം സ്വീകരിക്കുന്നവർക്കു സിദ്ധിക്കുന്ന ഗുണങ്ങൾ.

ഓ ഭഗവാനെ, എൻെറ ഈശ്വര, അങ്ങയുടെ ഈ പരിപാവനമായ ക്ഷുദ്രാശയെ ഞാൻ യോഗ്യതയോടും ഭക്തിയോടുംകൂടി സമീപിക്കുന്നതിനു് അങ്ങയുടെ കൃപാമധുര

മായ അനുഗ്രഹങ്ങളാൽ സഹായിക്കേണമെ.

എന്റെ ഹൃദയത്തെ അങ്ങയുടെനേക്ക് ഉയർത്തുകയും എന്നെ ഈ സാന്ദ്രമായ മന്ദതയിൽനിന്നു മോചിപ്പിക്കുകയും ചെയ്യേണമെ.

ഈ കുദാശയിൽ, ഉത്ഭവസ്ഥാനത്തെന്നപോലെ, ധാരാളമായി അന്തർഹിതമായിരിക്കുന്ന അങ്ങയുടെ മാധുര്യത്തെ ഞാൻ ആത്മീയമായി ആസ്വദിക്കുന്നതിനായി അങ്ങയുടെ അനുഗ്രഹം എന്നിൽ വർഷിക്കേണമെ.

അത്ര മഹനീയമായ ഒരു ദിവ്യരഹസ്യത്തെ കാണുന്നതിനു് എന്റെ നയനങ്ങളെ കൂടി അങ്ങു് പ്രകാശിപ്പിക്കുകയും നിസ്സംശയമായ വിശ്വാസത്തോടുകൂടി അതിനെ വിശ്വസിക്കുന്നതിനുവേണ്ട ശക്തി എനിക്കു തരുകയും ചെയ്യേണമെ.

എന്തുകൊണ്ടെന്നാൽ, അതു് അങ്ങയുടെ കൃതിയാണു്, മനുഷ്യശക്തിയല്ല; അങ്ങയുടെ പരിശുദ്ധമായ സ്ഥാപനമാണു്, മനുഷ്യനിർമ്മിതമല്ല.

മാലാഖമാരുടെ കൂർമ്മയേറിയബുദ്ധിക്കുപോലും ദിവ്യപ്രാപ്തമായ ഈ സംഗതികളെ താനെ അറിയുന്നതിനും ഗ്രഹിക്കുന്നതിനും കഴിയുന്നവനായി യാതൊരു മനുഷ്യനുമുണ്ടായിരിക്കുകയില്ല.

ആ സ്ഥിതിക്കു്, എന്തു്! വെറും പൊടിയും ചാമ്പലുമായ, അയോഗ്യനും പാപിയുമായ, എനിക്കു് ഇത്ര ഉൽകൃഷ്ടവും യോഗ്യവുമായ ഒരു ഉദ്യമാഹസത്തെ പരിശോധിക്കുകയോ സങ്കല്പിക്കുകയോ ചെയ്യാൻ കഴിയുമെന്നോ!

2. ഓ ഭഗവാനെ, നിർമ്മലഹൃദയനായും സുദൃഢവിശ്വാസനായും, അങ്ങയുടെ ആജ്ഞയനുസരിച്ചു് അങ്ങയുടെ അടുക്കൽ ഞാൻ പ്രത്യാശയോടും ഭക്തിയോടുംകൂടി വരുന്നു; അങ്ങു ഈശ്വരനും മനുഷ്യനുമായി ഇവിടെ ഈ കൂദാശയിൽ സന്നിഹിതനായിരിക്കുന്നുവെന്നു ഞാൻ സത്യമായി വിശ്വസിക്കുന്നു.

അതുകൊണ്ടു, ഞാൻ അങ്ങയെ സ്വീകരിക്കണമെന്നുള്ളതും സ്നേഹത്താൽ ഞാൻ അങ്ങയോടു സംയുക്തനാകണമെന്നുള്ളതും അങ്ങയുടെ അഭിമതമത്രെ.

അതുകൊണ്ടു, ഞാൻ നിശ്ലേഷം അങ്ങയിൽ ലയിക്കുന്നതിനും, അങ്ങയോടുള്ള സ്നേഹം എന്നിൽ കുലംകഷമായി പ്രവഹിക്കുന്നതിനും, അങ്ങയിൽനിന്നല്ലാതെ മറ്റു യാതൊന്നിലുംനിന്നു ഞാൻ ആശ്വാസം തേടാതിരിക്കുന്നതിനും സവിശേഷമായ ഒരു അനുഗ്രഹം കരുണാനിധിയായ അങ്ങു് ഈ

കായ്ത്തിൽ എനിക്കു തരുമാറാകണമെന്നു ഞാൻ വിനയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു.

എന്തുകൊണ്ടെന്നാൽ, ഈ ഏറ്റവും ഉൽകൃഷ്ടവും വിശിഷ്ടവുമായ കൃദാശ ആത്മാവിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തിനു നിദാനമാകുന്നു; അതു സകല ആത്മീയരോഗങ്ങൾക്കും സിദ്ധൗഷധമാകുന്നു; അതു് എന്റെ ദുശ്ശീലങ്ങളെ പരിഹരിക്കുകയും, എന്റെ കാമക്രോധാദികളെ നിയന്ത്രിക്കുകയും, പ്രലോഭനങ്ങളെ ജയിക്കുകയോ ദുർബ്ബലമാക്കുകയോ ചെയ്യുകയും, മഹത്തരമായ അനുഗ്രഹത്തെ എന്നിൽ നിവേശിപ്പിക്കുകയും, നന്മയെ വർദ്ധിപ്പിക്കുകയും, വിശ്വാസത്തെ ദൃഢീകരിക്കുകയും, പ്രത്യാശയെ പുഷ്ടിപ്പെടുത്തുകയും, സ്നേഹത്തെ ഉജ്ജ്വലിപ്പിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു.

3. ഓ എന്റെ ഈശ്വര, എന്റെ ആത്മാവിന്റെ അവലംബവും, മാനുഷമായ അവശതകളുടെ പരിഹർത്താവും, ആത്മീയാശ്വാസപ്രദായകനുമായ അങ്ങു് ഭക്തിപൂർവ്വം കുർബ്ബാന സ്വീകരിക്കുന്ന അങ്ങയുടെ സ്നേഹഭാജനങ്ങൾക്കു് ഈ കൃദാശ മുഖേന അനവധി ഗുണങ്ങൾ വിതരണം ചെയ്തി

ട്ടുണ്ടു്; ഇപ്പോഴും, മുറയ്ക്കു വിതരണം ചെയ്യുന്നമുണ്ടു്.

എന്തുകൊണ്ടെന്നാൽ, അവരുടെ വിശ്വാസങ്ങളിൽ അവരെ താങ്ങുന്നതിനായി അങ്ങു് അവക്കു സമാശ്വാസം നൽകുന്നു; അവരുടെ നൈരാശ്യത്തിന്റെ ആഴത്തിൽനിന്നു അങ്ങയുടെ സംരക്ഷണമുണ്ടാകുമെന്നുള്ള പ്രത്യാശയിലേക്കു് അങ്ങു് അവരെ സമുദ്ധരിക്കുന്നു; അഭിനവമായ ഒരു അനുഗ്രഹത്താൽ അങ്ങു് അവക്കു് ആത്മീയമായ പ്രകാശം നൽകുന്നു; അതിന്റെ ഫലമായി കർണ്ണാനയ്ക്കുമുമ്പു വ്യാകുലചിത്തരും നിർഗ്ഗുണരുമായിരുന്ന അവർ ഈ സ്വർഗ്ഗീയഭോജ്യപേയങ്ങളാൽ സമ്പുഷ്ടരായശേഷം മുമ്പിലത്തെക്കാൾ നല്ലവരായി പരിവർത്തനം ചെയ്യപ്പെടുന്നു.

ശിഷ്ടരായ മനുഷ്യർ അവരുടെ സ്വന്തം അവശത എത്ര വലുതാണെന്നും, അങ്ങയുടെ ഔദാര്യത്തോടും അനുഗ്രഹത്തോടും അവർ എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നും യഥാർത്ഥമായി സമ്മതിക്കുകയും അനുഭവംകൊണ്ടു് അറിയുകയും ചെയ്യുന്നതിനായി അങ്ങു അവരോടു് ഈവിധം കാരുണ്യപൂർവ്വം വർത്തിക്കുന്നു.

എന്തുകൊണ്ടെന്നാൽ, അവർ സ്വതെ മ

ന്തരും ശുഷ്കഹൃദയരും ഭക്തിയില്ലാത്തവരുമാണു; എന്നാൽ അങ്ങു അവരെ ശുഷ്കാന്തിയുള്ളവരും സന്തുഷ്ടചിത്തരും ഭക്തിയുള്ളവരുമാക്കിത്തീർക്കുന്നു.

എന്തുകൊണ്ടെന്നാൽ മാധുര്യത്തിന്റെ ഉറവിനെ വിനയപൂർവ്വം സമീപിക്കുന്ന ഏതൊരുവനാണു അവിടെനിന്നു അല്പമെങ്കിലും മാധുര്യം കരസ്ഥമാക്കിക്കൊണ്ടു പോകാതിരിക്കുന്നതു? അഥവാ, ഒരു വലുതായ അഗ്നികണ്ഡത്തിന്റെ അരുകിൽ നിൽക്കുന്ന ഏതൊരുവനാണു അതിൽനിന്നു അല്പമെങ്കിലും ചൂടുകിട്ടാതിരിക്കുന്നതു.

അങ്ങു എപ്പോഴും നിറഞ്ഞു കരകവിഞ്ഞൊഴുകുന്ന ഒരു ഉറവാണു; അങ്ങു എപ്പോഴും അക്ഷയമായി എരിഞ്ഞുകൊണ്ടിരിക്കുന്നതീയാണു.

4. അതുകൊണ്ടു ഈ നിറഞ്ഞ ഉറവിൽനിന്നു വെള്ളമെടുക്കുന്നതിനോ മതിയാകുന്നതുവരെ കുടിക്കുന്നതിനോ എനിക്കു കഴിഞ്ഞില്ലെങ്കിൽ, ഞാൻ നിശ്ലേഷം വരണ്ടുപോകാതെ എന്റെ ദാഹം ശമിപ്പിക്കുന്നതിനു ഏതാനും തുള്ളികളെങ്കിലും കിട്ടത്തക്കവണ്ണം ഈ സ്വർഗ്ഗീയ സ്രോതസ്സിന്റെ അഗ്രത്തിൽ എന്റെ ചുണ്ടുകൾ ഞാൻ ചേർത്തുവയ്ക്കും.

എനിക്ക് ഇനിയും സ്പർശ്യോചിതമായി വർത്തിക്കുന്നതിനും ചെറൂബിൻ എന്നും സെറാഫിൻ എന്നുമുള്ള വിശിഷ്ടരായ മാലാഖമാരെപ്പോലെ പ്രോജ്ജ്വലിക്കുന്നതിനും സാധിക്കുന്നില്ലെങ്കിൽ, ഭക്തിയുള്ളവനായിരിക്കുന്നതിനും ഈ ജീവസന്ദായകമായ കൃദാശ വിനയപൂർവ്വം സ്വീകരിച്ചു ദിവ്യാഗ്നിയുടെ ജ്വാല അല്പമെങ്കിലും സമ്പാദിക്കുന്നതിനായി എന്റെ ഹൃദയത്തെ ഒരുക്കുന്നതിനും ഞാൻ ശ്രമിക്കും.

ഓ കൃപാനിധിയായ യേശുവേ, ഏറ്റവും സൗഭാഗ്യവാനായ രക്ഷക, 'അദ്ധ്വാനിക്കുകയും ഭൂഭാരമായ ഭാരം വഹിക്കുകയും ചെയ്യുന്ന നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും,' എന്നു പറഞ്ഞുകൊണ്ടു സകലരേയും അങ്ങയുടെ അടുക്കലേക്കു കൃപാപൂർവ്വം ക്ഷണിച്ചിട്ടുള്ള അങ്ങ് എന്നിൽ എന്തുതന്നെ പോരായ്മയുണ്ടെങ്കിലും അതിനെ ഉദാരമായും സൗജന്യമായും തന്നു എന്റെ കുറവിനെ പരിഹരിക്കേണമെ.

5. ഞാൻ വാസ്തവത്തിൽ 'എന്റെ പരികത്തിലെ വിയർപ്പിൽ' കഷ്ടപ്പെട്ട് അദ്ധ്വാനിക്കുന്നു; ഹൃദയവേദനയാൽ ഞാൻ പരിക്ലിഷ്ടനായിരിക്കുന്നു; പാപഭാരത്താൽ

ഞാൻ തെരിയുന്നു; പ്രലോഭനങ്ങളാൽ ഞാൻ അസ്വസ്ഥനായിരിക്കുന്നു; കാമക്രോധാദികളാൽ ഞാൻ വ്യാകുലനും പീഡിതനുമായിരിക്കുന്നു; എന്നെ സഹായിക്കുന്നതിനു്, എന്നെ രക്ഷിക്കുന്നതിനു്, അങ്ങു് അല്ലാതെ ആരുമില്ല; ഓ എന്റെ ഭഗവാനെ, ഈശ്വര, എന്റെ രക്ഷക, അങ്ങു എന്നെ പരിപാലിക്കുകയും അനന്തജീവിതത്തിലേക്കു് ആനയിക്കുകയും ചെയ്യുന്നതിനായി, എന്നെയും എനിക്കുള്ള സകലതിനേയും അങ്ങയെ ഞാൻ ഭരമേല്പിച്ചുകൊള്ളുന്നു.

സ്വശരീരത്തേയും രക്തത്തേയും എനിക്കു ഭക്ഷണപാനീയങ്ങളായി ഒരുക്കിയിരിക്കുന്ന അങ്ങു് എന്നെ അങ്ങയുടെ നാമത്തിന്റെ സ്തുതിക്കും മഹിമയ്ക്കുമായി സ്വീകരിക്കേണമെ.

ഓ ഭഗവാനെ, ഈശ്വര, രക്ഷക, ഒരുവ ഗാഹസത്യമടങ്ങിയിരിക്കുന്ന ഈ കൂദാശയെ ഞാൻ മുറയ്ക്കു സ്വീകരിച്ചു് എന്റെ ഭക്തിതീക്ഷ്ണത ഉത്തരോത്തരം വർദ്ധിക്കുന്നതിനു് എന്നെ അനുഗ്രഹിക്കേണമെ.

അദ്ധ്യായം 5.

ഈ കൂദാശയുടെ മഹനീയത.

ക്രിസ്തു: നിനക്കു് ഒരു മാലാഖയുടെ നൈർമ്മല്യവും സ്നാപകയോഹന്നാന്റെ വിശുദ്ധിയും ഉണ്ടായിരുന്നാലും ഈ കൂദാശയെ സ്വീകരിക്കുന്നതിനോ സ്പർശിക്കുന്നതിനോ യോഗ്യത ഉണ്ടായിരിക്കുകയില്ല.

എന്തുകൊണ്ടെന്നാൽ, ഒരു മനുഷ്യൻ ഈ കൂദാശ അർപ്പിക്കുകയും സ്വകരങ്ങൾകൊണ്ടു് അന്യർക്കു വിതരണം ചെയ്യുകയും ഈ ദേവാമൃതത്തെ ആഹാരമായി സ്വീകരിക്കുകയും ചെയ്യുക എന്നതു് ഏതെങ്കിലും മാനുഷമായ യോഗ്യതമൂലം നടക്കുന്നതല്ല.

ഈ പുരോഹിത്യം ഉൽകൃഷ്ടവും, മാലാഖമാർക്കുപോലും അനുവദിക്കപ്പെട്ടിട്ടില്ലാത്തതു സിദ്ധിച്ചിരിക്കുന്ന വൈദികരുടെ മഹത്വം അനതിശയിതവുമാണു്. എന്തുകൊണ്ടെന്നാൽ, ക്രൈസ്തവധർമ്മസംഘത്തിൽ നിയമാനുസൃതം അഭിഷിക്തരായ വൈദികർക്കു മാത്രമേ ക്രിസ്തുവിന്റെ ശരീരത്തെ ബലിയായി അർപ്പിക്കുന്നതിനു് അധികാരമുള്ളൂ.

വൈദികൻ തീർച്ചയായും ഈശ്വരവചനത്തെ ഈശ്വരന്റെ ആജ്ഞയും വ്യവസ്ഥ

യുമനുസരിച്ച് ഉപയോഗിക്കുന്ന ഈശ്വരന്റെ ഉപാസകനാണ്; എന്നാൽ ഈശ്വരൻതന്നെ അവിടെ പ്രധാന കർത്താവായും അദൃശ്യ കാമ്മികനായും സന്നിഹിതനായിരിക്കുന്നു; അദ്ദേഹം ആജ്ഞാപിക്കുന്നതു സകലവും അദ്ദേഹത്തിനു് അധീനവും സകലവും അദ്ദേഹത്തിന്റെ കിങ്കരത്വം വഹിക്കുന്നതുമാകുന്നു.

2. അതുകൊണ്ടു് ഈ ഏററവും വിശിഷ്ടമായ കൂദാശയെ സംബന്ധിച്ച സകലതിലും നിന്റെ സ്വന്തം ഇന്ദ്രിയങ്ങളേയോ ദൃശ്യമായ എന്തെങ്കിലും അടയാളത്തെയോ അവലംബിക്കുന്നതിൽ കൂടുതലായി നീ അഖണ്ഡശക്തിയായ ഈശ്വരനെ ശരണീകരിക്കണം; അതുകൊണ്ടു് ഈ കർമ്മത്തെ നീ ഭയത്തോടും ഭക്തിയോടുംകൂടി സമീപിക്കേണ്ടതാണു്.

നീ നിന്റെ സ്ഥിതിയെപ്പററി ജാഗ്രൂകനായിരിക്കുക; മെത്രാന്റെ 'കൈവയ്പു'മൂലം നീനക്കു സമ്പ്രദത്തമായിരിക്കുന്ന പൗരോഹിത്യം ഏതുതരത്തിലുള്ളതാണെന്നു നീ മനസ്സിലാക്കുക.

ഇതാ! നീ ഒരു വൈദികനും കുമ്പാനയെന്ന ദിവ്യപൂജ ചെയ്യുന്നതിനു് അഭിഷിക്തനുമായിരിക്കുന്നു; യഥാകാലം വിശ്വാസത്തോ

ടും ഭക്തിയോടുംകൂടി ആ ദിവ്യബലി അർപ്പിക്കുന്നതിനും നിർദ്ദോഷനായി ജീവിക്കുന്നതിനും നീ ശ്രദ്ധിക്കുക.

നിന്റെ ഭാരം ഇപ്പോൾ കുറഞ്ഞിരിക്കുകയല്ല; പൂർവ്വാധികം നിഷ്കൃഷ്ടയോടും വ്യവസ്ഥയോടും പരിപൂർണ്ണമായ വിശുദ്ധിയോടും കൂടിയ ഒരു ജീവിതം നയിക്കുന്നതിനു നീ ഇപ്പോൾ നിർബദ്ധനായിരിക്കുന്നു.

ഒരു വൈദികൻ സകല സദ്ഗുണങ്ങളാലും സമലംകൃതനും ഉത്തമമായ ജീവിതത്തിനു മറ്റുള്ളവർക്കു മാതൃകാപുരുഷനുമായിരിക്കണം.

അയാളുടെ ജീവിതവും സംഭാഷണവും സാധാരണ മനുഷ്യരുടേതുപോലെ ആയിരിക്കരുതു്; സ്വർഗ്ഗത്തെ മാലാഖമാരോടും ലോകത്തെ ഉത്തമ മനുഷ്യരോടും ആയിരിക്കണം അയാളുടെ സഹവാസവും സംഭാഷണവും.

തനിക്കുവേണ്ടിയും എല്ലാ ജനങ്ങൾക്കുവേണ്ടിയും ഈശ്വരനോടു വിനയപൂർവ്വം പ്രാർത്ഥിക്കുന്നതിനായി ഒരു വൈദികൻ വിശുദ്ധ വസ്ത്രങ്ങൾ ധരിച്ചു ക്രിസ്തുവിന്റെ സ്ഥാനത്തു നിൽക്കുന്നു.

ക്രിസ്തുവിന്റെ പീഡാനുഭവത്തെപ്പറ്റി എല്ലായ്പ്പോഴും അയാളെ അനുസ്മരിപ്പിക്കുന്ന

തിനായി അയാളുടെ മുമ്പിലും പിമ്പിലും ഭഗവാന്റെ കുരിശിന്റെ അടയാളമുണ്ട്.

അയാൾ മുൻവശത്തു വസ്ത്രത്തിന്മേൽ കുരിശു വഹിക്കുന്നതു് ക്രിസ്തുവിന്റെ കാലടികളെ അയാൾ കാണുകയും അവയെ ഭക്തിപൂർവ്വം പിന്തുടരുകയും ചെയ്യുന്നതിനാണു്.

പുറകുവശത്തു ഒരു കുരിശടയാളമുള്ളതു മറ്റുള്ളവർമൂലം എന്തെല്ലാം ദുരിതങ്ങൾ നേരിട്ടാലും അവയെ എല്ലാം, ഈശ്വരനു വേണ്ടി, സൗമ്യതയോടെ സഹിക്കുന്നതിനാണു്.

സ്വന്തം പാപങ്ങളെപ്പറ്റി വിലപിക്കുന്നതിനായിട്ടാണു അയാൾ മുൻവശത്തു കുരിശു വഹിക്കുന്നതു; പുറകുവശത്തു കുരിശു വഹിക്കുന്നതു മറ്റുള്ളവരുടെ പാപങ്ങളെപ്പറ്റി അനുകമ്പാകുലനായി വിലപിക്കുന്നതിനും ഈശ്വരനും പാപിയും തമ്മിൽ താൻ മദ്ധ്യസ്ഥനാണെന്നു മനസ്സിലാക്കുന്നതിനുമാണു്.

താൻ അപേക്ഷിക്കുന്ന അനുഗ്രഹവും കരുണയും സിദ്ധിക്കുന്നതുവരെ അയാൾ പ്രാർത്ഥനയും ദിവ്യബലിയും നിറുത്താൻ പാടില്ല.

ഒരു വൈദികൻ ദിവ്യപൂജ ചെയ്യുമ്പോൾ, അയാൾ ഈശ്വരനെ ബഹുമാനിക്കുക

യും, മാലാഖമാരെ സന്തോഷിപ്പിക്കുകയും, ക്രൈസ്തവ ധർമ്മസംഘത്തിന്റെ പുണ്യം വർദ്ധിപ്പിക്കുകയും, ജീവിച്ചിരിക്കുന്നവരെ സഹായിക്കുകയും, മരിച്ചവക്കു വിശ്രമം സമ്പാദിച്ചുകൊടുക്കുകയും, നല്ലതായ സകലതിലും ഭാഗഭാക്കാകുകയും ചെയ്യുന്നു.

❖❖❖❖❖❖

അദ്ധ്യായം 6

കുമ്പസാരം സ്വീകരിക്കുന്നതിനു മുമ്പുള്ള ഒരു പ്രാർത്ഥന.

ശിഷ്യൻ: ഓ ഭഗവാനെ, അങ്ങയുടെ മഹത്വത്തെപ്പറ്റിയും എന്റെ നികൃഷ്ടതയെപ്പറ്റിയും ചിന്തിക്കുമ്പോൾ ഞാൻ ഭയവിഹ്വലനും ഇതികർത്തവ്യതാമൂഢനുമാകുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങയുടെ അടുക്കൽ വരുന്നില്ലെങ്കിൽ, ഞാൻ ജീവിതത്തിൽ നിന്നു പലായനം ചെയ്യുന്നു; ഞാൻ അയോഗ്യനായി അങ്ങയെ സമീപിക്കുന്നുവെങ്കിൽ, അങ്ങയുടെ അപ്രീതി സമ്പാദിക്കുന്നു; ആശ്വസിക്കു, ഓ എന്റെ ഈശ്വര, എന്റെ സഹായനെ, എന്റെ ആവശ്യങ്ങളിൽ ഉപദേഷ്ടാവേ, ഞാൻ എന്തു ചെയ്യണം?

2. എനിക്കു ശരിയായ മാർഗ്ഗം പഠിപ്പിച്ചു തരേണമെ; വിശുദ്ധ കർബ്ബാനയ്ക്കു യോജിച്ച ഒരു ലഘുവായ ഭക്ത്യനുഷ്ഠാനരീതി നിർദ്ദേശിക്കേണമെ.

എന്തുകൊണ്ടെന്നാൽ, അങ്ങയുടെ കൃപാശീർവ്വാദകരമായ വിധത്തിൽ സ്വീകരിക്കുകയോ അത്ര മഹനീയവും ദിവ്യവുമായ ഒരു ബലി അർപ്പിക്കുകയോ ചെയ്യുന്നതിനു ഏതു പ്രകാരത്തിലാണു് എന്റെ ഹൃദയത്തെ അങ്ങേക്കായി ഭക്ത്യാദരപൂർവ്വം തയാറാക്കേണ്ടതെന്നു് അറിയുന്നതു എനിക്കു നല്ലതാണു്.

അദ്ധ്യായം 7

ജീവിതപരിഷ്കരണം.

ക്രിസ്തു: ഈശ്വരനിയുക്തനായ ഒരു വൈദികൻ, സർവ്വോപരി, ഏറ്റവും വിനീതമായ ഹൃദയത്തോടും ഭക്തിയോടും പൂർണ്ണമായ വിശ്വാസത്തോടും ഈശ്വരമഹിമയ്ക്കായുള്ള അഭിവാഞ്ഛയോടുംകൂടി ആയിരിക്കണം ഈ കൃപാശയെ അർപ്പിക്കുന്നതിനും സ്വീകരിക്കുന്നതിനും തയാറാകേണ്ടതു".

നിന്റെ മനസ്സാക്ഷിയെ ഉത്സാഹപൂർവ്വം

പരിശോധിക്കുക; നിർവ്യാജമായ പശ്ചാത്താപത്താലും വിനയാനുഭിതമായ പാപനിവേദന (കുമ്പസാര) ത്താലും അതിനെ നിനക്കു കഴിവുള്ളിടത്തോളം ശുദ്ധീകരിക്കുക; നിനക്കു മനഃക്ലേശമോ പ്രതിബന്ധമോ ഉണ്ടാക്കത്തക്കവണ്ണം ഗൗരവാവഹമായ യാതൊന്നും അതിൽ ശേഷിക്കരുതു്.

നിന്റെ സകല പാപങ്ങളെയുംപറ്റി പൊതുവായി അനുതപിക്കുക; പ്രത്യേകിച്ചു ദിവസേനയുള്ള നിന്റെ അപരാധങ്ങളെപ്പറ്റി ഖേദിക്കുകയും വിലപിക്കുകയും ചെയ്യുക.

നിന്റെ കാമക്രോധാദികളുടെ നികൃഷ്ടമായ സ്ഥിതിയെപ്പറ്റി നിന്റെ ഹൃദയം ഈശ്വരനോടു രഹസ്യമായി സംഭാഷണം ചെയ്യട്ടെ.

2. നീ ഇപ്പോഴും ഇത്ര ലൗകിക മനസ്കനും ഇന്ദ്രിയവശഗനും, ഇത്ര ഇന്ദ്രിയനിഗ്രഹം ചെയ്തിട്ടില്ലാത്തവനും, ഇത്ര കാമവികാരപൂർണ്ണനും, ബാഹ്യേന്ദ്രിയങ്ങളിൽ ഇത്ര അടക്കമില്ലാത്തവനും, വ്യർത്ഥങ്ങളായ സങ്കല്പങ്ങളാൽ ഇത്ര വ്യാകുലീഭൂതനും, ബാഹ്യകാര്യങ്ങളിൽ ഇത്ര തല്പരനും, ആന്തരമായ വയിൽ ഇത്ര ഉദാസീനനും, ഹാസ്യവിനോദങ്ങൾക്കു ഇത്ര എളുപ്പം അധീനനും, അ

ശ്രുക്കൾ പൊഴിക്കുന്നതിനും പശ്ചാത്തപിക്കുന്നതിനും ഇത്ര വിമുഖനും, സ്വച്ഛന്ദവിഹാരത്തിനും ശരീരസുഖാനുഭോഗങ്ങൾക്കും ഇത്ര പ്രവണനും, തപസ്സിലും ഭക്ഷ്യനുഷ്ഠാനത്തിലും ഇത്ര മന്ദനും; വിശേഷങ്ങൾ കേൾക്കുന്നതിനും നല്ല കാഴ്ചകൾ കാണുന്നതിനും ഇത്ര കൗതുകമുള്ളവനും, വിനീതവും അധഃസ്ഥിതവുമായ സംഗതികളെ ആശ്ലേഷിക്കുന്നതിൽ അനഭിമുഖനും, ധാരാളം സമ്പാദിച്ചുവയ്ക്കുന്നതിന ഇത്ര വന്മോഹമുള്ളവനും, കൊടുക്കുന്നതിൽ ഇത്ര ലുബ്ധനും, കൊടുക്കാതെ സൂക്ഷിച്ചുവയ്ക്കുന്നതിൽ ഇത്ര ചതുരനും, സംഭാഷണത്തിൽ ഇത്ര ശ്രദ്ധയില്ലാത്തവനും, നിശ്ചയിച്ച പരിപാലിക്കുന്നതിന് ഇത്ര അശക്തനും, പെരുമാറ്റത്തിൽ ഇത്ര വ്യവസ്ഥയില്ലാത്തവനും, പ്രവൃത്തിയിൽ ഇത്ര അത്യുൽക്കണ്ഠിതനും, ഇത്ര ഭക്ഷണപ്രിയനും, ഈശ്വരവചനങ്ങളെ സംബന്ധിച്ചിടത്തോളം ഇത്ര ബധിരനും, വിശ്വമതത്തിന ഇത്ര ഔത്സുക്യാതിരേകമുള്ളവനും, ഇത്ര അശ്രദ്ധാനവിമുഖനും, കെട്ടുകഥകൾ കേൾക്കുന്നതിന ഇത്ര ജാഗ്രൽകനും, ദിവ്യപൂജ കാണുന്നതിൽ ഇത്ര ഉറക്കംതുങ്ങിയും, പ്രാർത്ഥനാവേഗം അവസാനിപ്പിക്കുന്നതിന ഇത്ര ബദ്ധപ്പെടുന്നവനും, ഇത്ര ശ്രദ്ധാചിത

റിപ്പോയവനും, നിയമപ്രകാരമുള്ള ജപം ചൊല്ലുന്നതിനു് ഇത്ര അലസനും, ദിവ്യ പൂജ ചെയ്യുന്നതിൽ ഇത്ര മന്ദഭക്തനും, കു ബ്ബാന സ്വീകരിക്കുമ്പോൾ ഇത്ര ശുഷ്കഹൃദ യനും, ഇത്രവേഗം ഏകാഗ്രത തെറ്റുന്നവ നും, ഇത്ര മനസ്സാന്നിദ്ധ്യമില്ലാത്തവനും, ഇ ത്ര ക്ഷിപ്രകോപിയും, മറ്റുള്ളവരോടു് ഇത്ര എളുപ്പം അപ്രിയം തോന്നുന്നവനും, വിധി ക്കുന്നതിൽ ഇത്ര താല്പര്യമുള്ളവനും, ശാസി ക്കുന്നതിൽ ഇത്ര നിർദ്ദാക്ഷിണ്യനും, സമ്പ ത്തിൽ ഇത്ര ആനന്ദപൂർണ്ണനും, ആപത്തിൽ ഇത്ര ദുർബ്ബലനും, ഇത്ര വളരെ സൽകൃത്യങ്ങ ൾ ചെയ്യണമെന്നു മുറയ്ക്കു നിശ്ചയിക്കുകയും ഒടുവിൽ അവയെ മിക്കവാറും ചെയ്യാതിരി ക്കുകയും ചെയ്യുന്നവനും ആണല്ലൊ എന്നു ള്ളതിനെപ്പറ്റി നീ വിലപിക്കുകയും പരി തപിക്കുകയും ചെയ്യുക.

3. നിനക്കുള്ള ഈ ദോഷങ്ങളെയും മറ്റു ള്ളവയെയും മനസ്താപത്തോടും നിന്റെ ബലഹീനതയെക്കുറിച്ചു വലുതായ വെറുപ്പോ ടുംകൂടി കുമ്പസാരിക്കുകയും അവയെപ്പറ്റി വിലപിക്കുകയും ചെയ്തശേഷം, നിന്റെ ജീ വിതത്തെ പരിഷ്കരിക്കാമെന്നും നന്മയിൽ പുരോഗമനം ചെയ്യാമെന്നും നീ ദൃഢനിശ്ച യം ചെയ്യുക.

അനന്തരം പൂർണ്ണമായ ത്യാഗത്തോടും പൂർണ്ണമായ മനസ്സോടും കൂടി നിന്റെ ഹൃദയമാകുന്ന ബലിപീഠത്തിന്മേൽ എന്റെ നാമമഹിമയ്ക്കു ഒരു നിത്യബലിയായി നീ സ്വയം സമർപ്പിക്കുക; നിന്റെ ആത്മാവിനെയും ശരീരത്തെയും വിശ്വാസപൂർവ്വം എന്നെ ഭരമേല്പിക്കുക; അപ്പോൾ ഈശ്വരനു് ബലിയർപ്പിക്കുന്നതിനും എന്റെ ശരീരമാകുന്ന കുദാശയെ നിന്റെ ആത്മീയരക്ഷയ്ക്കായി സ്വീകരിക്കുന്നതിനും നീ യോഗ്യനായിത്തീരും.

4. എന്തുകൊണ്ടെന്നാൽ, പാപങ്ങളെ നിർമ്മൂലം പരിഹരിക്കുന്നതിനു, ദിവ്യപൂജയിലും വിശുദ്ധ കുർബ്ബാനയിലും ക്രിസ്തുവിന്റെ ശരീരം ഹോമിക്കപ്പെടുന്നതിനോടൊന്നിച്ചു നീ നിന്നെത്തന്നെ ഈശ്വരനു നിഷ്കളങ്കമായും പൂർണ്ണമായും ഹോമിക്കുന്നതിനെക്കാൾ കൂടുതൽ യോഗ്യമോ തൃപ്തികരമോ ആയ ബലി ഇല്ല.

ഒരു മനുഷ്യൻ അവനു കഴിവുള്ളതെല്ലാം ചെയ്കയും യഥാർത്ഥമായി പശ്ചാത്തപിക്കുകയും ചെയ്യുന്നുവെങ്കിൽ, അവൻ എപ്പോഴെല്ലാം പാപവിമോചനത്തിനായും അനുഗ്രഹത്തിനായും എന്റെ അടുക്കൽ വരുന്നുവോ അപ്പോഴെല്ലാം അവന്റെ പാ

പങ്ങൾ സകലവും ക്ഷമിക്കപ്പെട്ടും; "പാപി
യുടെ മരണത്തെ ആഗ്രഹിക്കാതെ, അവൻ
ഹൃദയപരിവർത്തനമുണ്ടാകണമെന്നും അവ
ൻ ജീവിക്കണമെന്നും ഇച്ഛിക്കുന്ന ഞാൻ ജീ
വിച്ചിരിക്കുമ്പോൾ അവന്റെ പാപങ്ങളെ
മേലാൽ ഓർമ്മിക്കുകയില്ല, അവയെല്ലാം ക്ഷ
മിക്കപ്പെട്ടും." എന്നു ഭഗവാൻ പറയുന്നു.
(Ezek. xviii & xxxiii)

അദ്ധ്യായം 8

ക്രിസ്തുവിന്റെ ബലി.

ക്രിസ്തു: കുരിശിന്മേൽ കൈകൾ വിരിച്ചും
ഈശ്വരസന്തുഷ്ടണത്തിനായുള്ള ബലിയിലു
ൾപ്പെടാത്തതായി യാതൊന്നും എന്നിൽ
അവശേഷിക്കാത്തവിധം നഗ്നശരീരനായും
ഞാൻ നിന്റെ പാപങ്ങൾക്കുവേണ്ടി സ
ന്തോഷപൂർവ്വം എന്റെ പിതാവായ സർവ്വേ
ശ്വരനു് ആത്മബലിയർപ്പിച്ചതുപോലെ,
നീയും നിർമ്മലവും പരിശുദ്ധവുമായ ഒരു ബ
ലിയെന്നവണ്ണം നിന്റെ സർവ്വ ശക്തിയോടും
പൂർണ്ണഹൃദയത്തോടുംകൂടി ദിവസംപ്രതി കു
ർബ്ബാനയിൽ എനിക്കു സന്തോഷപൂർവ്വം ആത്മ
സമർപ്പണം ചെയ്യണം.

നീ സ്വാർത്ഥത്യാഗം ചെയ്തു സകലവും എന്നെ ഭരമേല്പിക്കുന്നതിനു ശ്രമിക്കുക എന്നതിനേക്കാൾ കൂടുതലായി എനിക്കു നിന്നോടു ആവശ്യപ്പെടാൻ എന്തുള്ളൂ?

നീ നിന്നെത്തന്നെയല്ലാതെ മറെറന്തുതന്നെ തന്നാലും ഞാൻ അതു ഗണ്യമാക്കുകയില്ല; എന്തുകൊണ്ടെന്നാൽ, നിന്റെ ദാനത്തെയല്ല, നിന്നെത്തന്നെയാണു് ഞാൻ അഭിലഷിക്കുന്നതു്.

2. എന്നെയൊഴിച്ചു സകലവും നിനക്കുണ്ടായിരുന്നാലും നിനക്കു സംതൃപ്തി ഉണ്ടാവുകയില്ലെന്നുള്ളതുപോലെ, നീ നിന്നെത്തന്നെ എനിക്കു കാഴ്ചവയ്ക്കാതെ എന്തെല്ലാം തന്നാലും ഞാൻ സന്തുഷ്ടനാവുകയില്ല.

നീ നിന്നെത്തന്നെ എനിയ്ക്കായി കാഴ്ചവയ്ക്കുകയും പൂർണ്ണമായി ഈശ്വരനു ആത്മദാനം ചെയ്യുകയും ചെയ്യുമെങ്കിൽ, നിന്റെ ഉപഹാരം സ്വീകാര്യമായിരിക്കും.

കണ്ടാലും, നിനക്കുവേണ്ടി ഞാൻ പൂർണ്ണമായ ആത്മബലി എന്റെ പിതാവിനു് സമർപ്പിച്ചു; നിന്റെ ഭക്ഷണത്തിനായി എന്റെ ശരീരവും രക്തവും പൂർണ്ണമായി നിനക്കു തന്നിരിക്കുന്നു; അതു ഞാൻ മുഴുവനും നിന്റേതും നീ എല്ലായ്പോഴും എന്റേതുമായിരിക്കുന്നതിനാണു്.

എന്നാൽ, നീ സ്വാർത്ഥതയെത്തന്നെ അവലംബിക്കുകയും എന്റെ ഹിതത്തിനു പൂർണ്ണമായി വശംവദനാകാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, നിന്റെ ഉപഹാരം അപൂർണ്ണവും നാം തമ്മിൽ പരിപൂർണ്ണമായ യോഗം അസാദ്ധ്യവുമാണു്.

അതുകൊണ്ടു് നീ സ്വതന്ത്രതയും അനുഗ്രഹവും സിദ്ധിക്കുന്നതിനു് ആഗ്രഹിക്കുന്നുവെങ്കിൽ, നിന്റെ ഓരോ പ്രവൃത്തിക്കും മുമ്പായി നീ നിന്നെത്തന്നെ പൂർണ്ണമായി ഈശ്വരകരങ്ങളിൽ സമർപ്പിക്കുക.

എന്തുകൊണ്ടെന്നാൽ, പ്രബുദ്ധതയും ആത്മീയ സ്വാതന്ത്ര്യവും സിദ്ധിച്ചിട്ടുള്ളവർ ഇത്ര കുറവായിരിക്കുന്നതിനുള്ള കാരണം അധികംപേരും ആത്മത്യാഗം പരിപൂർണ്ണമായി നിർവ്വഹിക്കുന്നില്ലെന്നുള്ളതാണു്.

"ഒരു മനുഷ്യൻ സർവ്വവും ത്യജിക്കുന്നില്ലെങ്കിൽ അവനു് എന്റെ ശിഷ്യനാകാൻ സാധിക്കുകയില്ല." (ലൂക്കൊ xiv. 33.) എന്നുള്ള എന്റെ വാക്യം സുസ്ഥിരമായി നില്ക്കുന്നതാണു്.

അതുകൊണ്ടു് എന്റെ ശിഷ്യനാകാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ, നിന്റെ സകല സ്നേഹബന്ധങ്ങളോടുംകൂടി നീ എനിക്കു് ആത്മസമർപ്പണം ചെയ്യുക.

അദ്ധ്യായം 9

ഈശ്വരന്നു് ആത്മസമർപ്പണം ചെയ്യുക.

ശിഷ്യൻ: ഭഗവാനെ, സ്വർഗ്ഗത്തും ഭൂമിയിലുമുള്ള സകലവും അങ്ങേയുടേതാണു്.

ഞാൻ അങ്ങേക്കായി ആത്മബലി ചെയ്യുന്നതിനും എന്നേക്കും അങ്ങയുടേതായിരിക്കുന്നതിനും ആഗ്രഹിക്കുന്നു.

ഭഗവാനെ, ഞാൻ എന്നേക്കും അങ്ങേയുടെ ദാസനായി അങ്ങയെ പരിചരിക്കുന്നതിനും അനന്തസ്തുതിയെ ദ്യോതിപ്പിക്കുന്ന ഒരു ബലിയായിത്തീരുന്നതിനുമായി ഇന്നു ഹൃദയശുദ്ധിയോടുകൂടി അങ്ങേക്കു് ആത്മസമർപ്പണം ചെയ്യുകൊള്ളുന്നു.

അദൃശ്യരായി അങ്ങയെ പരിസേവനം ചെയ്യുന്ന മാലാഖമാരുടെ സാന്നിദ്ധ്യത്തിൽ ഇന്നു ഞാൻ അങ്ങേക്കു സമർപ്പിക്കുന്ന അങ്ങയുടെ അമോഘമായ ശരീരത്തിന്റെ വിശുദ്ധമായ ബലിയോടുകൂടി, അതു എന്റെയും സകല മനുഷ്യരുടെയും രക്ഷയ്ക്കു ഉപകരിക്കത്തക്കവണ്ണം, അങ്ങു എന്നെ സ്വീകരിക്കേണമെ.

2. ഭഗവാനെ, പാപം ചെയ്യുന്നതിനു് എനിക്കു കഴിവുണ്ടായ ആദ്യദിവസം മുത

ൽ ഇന്ന സമയംവരെ ഞാൻ അങ്ങയുടേയും അങ്ങയുടെ മാലാഖമാരുടേയും ദൃഷ്ടിയിൽ ചെയ്തുപോയിട്ടുള്ള സകല പാപങ്ങളെയും അപരാധങ്ങളെയും അങ്ങയുടെ കാരുണ്യമാകുന്ന ബലിപീഠത്തിന്മേൽ സമർപ്പിച്ചുകൊള്ളുന്നു; അങ്ങയുടെ സ്നേഹാഗ്നികൊണ്ടു അവയെ നിശ്ശേഷം ചുട്ടു ദഹിപ്പിച്ചുകളയേണമെ; എന്റെ പാപമാലിന്യങ്ങളെ മുഴുവനും പ്രമാർജ്ജനം ചെയ്യേണമെ; എന്റെ അന്തഃകരണത്തിൽനിന്നു സകല അപരാധങ്ങളെയും നീക്കി അതിനെ ശുദ്ധീകരിക്കേണമെ; എനിക്കു പൂർണ്ണമായ പാപവിമോചനം തന്നും ശാന്തിപ്രദമായ ചുംബനം സ്വീകരിക്കുന്നതിന് എന്നെ സകരുണം യോഗ്യനാക്കിയും പാപംമൂലം എനിക്കു നഷ്ടപ്പെട്ടുപോയ അങ്ങയുടെ അനുഗ്രഹത്തെ വീണ്ടും പ്രദാനം ചെയ്യേണമെ.

3. എന്റെ പാപങ്ങളെ വിനയപൂർവ്വം കുമ്പസാരിക്കുകയും അവയെപ്പറ്റി വിലപിക്കുകയും അങ്ങയുടെ കരുണയെ നിരന്തരം അപേക്ഷിക്കുകയും ചെയ്യുകയല്ലാതെ, എനിക്കു അവയെസംബന്ധിച്ചിടത്തോളം ഗത്യന്തരമെന്തുള്ളു?

ഓ എന്റെ ഈശ്വര, ഞാൻ അങ്ങയുടെ മുമ്പാകെ നിൽക്കുമ്പോൾ എനിക്കു പറ

യാനുള്ളതു് അങ്ങു കരുണാപൂർവ്വം കേൾക്കണമെ എന്നു ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു.

എന്റെ സകല പാപങ്ങളേയും ഞാൻ അത്യന്തം വെറുക്കുന്നു; ഇനി ഞാൻ ഒരിക്കലും ആ പാപങ്ങൾ ചെയ്കയില്ല; ഞാൻ അവയെപ്പറ്റി ഖേദിക്കുന്നു; ആജീവനാന്തം അവയെപ്പറ്റി ഖേദിക്കുകയും ചെയ്യും; എനിക്കു കഴിവുള്ള സകലവിധത്തിലും അവയ്ക്കു പരിഹാരം ചെയ്യുന്നതിനു ഞാൻ സന്നദ്ധനാണു്.

ഓ എന്റെ ഈശ്വര, അങ്ങയുടെ പരിപാവനമായ നാമത്തെപ്രതി എന്റെ പാപങ്ങളെ ക്ഷമിക്കേണമെ. അങ്ങയുടെ അമോഘരക്തത്താൽ വീണ്ടെടുത്തിരിക്കുന്ന എന്റെ ആത്മാവിനെ രക്ഷിക്കേണമെ.

കണ്ടാലും അങ്ങയുടെ കരുണയെ ഞാൻ ശരണീകരിക്കുന്നു; അങ്ങയുടെ കരങ്ങളിൽ ഞാൻ എന്നെ ഏല്പിക്കുന്നു.

എന്റെ ദുഷ്ടതയും അനീതിയും പരിഗണിക്കാതെ, അങ്ങയുടെ നന്മയനുസരിച്ചു് എന്നോടു് പൊരുമാറേണമെ.

4. എനിക്കുള്ള നന്മ മുഴുവനും, അതു് അത്പല്പവും അപൂർണ്ണവും ആണെങ്കിലും, അങ്ങേക്കു ഞാൻ കാഴ്ചവെച്ചുകൊള്ളുന്നു; അങ്ങു് അതിനെ കൂടുതൽ നല്ലതാക്കുകയും ശുദ്ധീകരി

ക്കുകയും ചെയ്യേണമെ; അങ്ങു് അതിനാൽ സംപ്രീതനാവുകയും അതിനെ അങ്ങേക്കു സ്വീകാര്യയോഗ്യമാക്കുകയും ഉപര്യുപരി അതിനെ സംസ്കരിക്കുകയും ചെയ്യേണമെ; അലസനും ഉപയോഗശൂന്യനുമായ എന്നെ മംഗളകരവും സൗഭാഗ്യകരവുമായ ഒരു പര്യവസാനത്തിലേക്കു് അങ്ങു് ആനയിക്കുകയും ചെയ്യേണമെ.

5. അങ്ങയുടെ ഭക്തോപാസകന്മാരുടെ എല്ലാ ആഗ്രഹങ്ങളെയും, എന്റെ മാതാപിതാക്കന്മാരുടേയും, സ്നേഹിതന്മാരുടേയും, സഹോദരന്മാരുടേയും, സഹോദരികളുടേയും, എനിക്കു വാത്സല്യമുള്ള സകലരുടേയും, അങ്ങയോടുള്ള സ്നേഹം നിമിത്തം എനിക്കോ മറ്റുള്ളവക്കോ ഉപകാരം ചെയ്തിട്ടുള്ള സകലരുടെയും, തങ്ങൾക്കുവേണ്ടിയും തങ്ങളെസംബന്ധിച്ചവക്കുവേണ്ടിയും ഞാൻ ദിവ്യപൂജ ചെയ്യണമെന്നും അതിൽ സംബന്ധിക്കണമെന്നും പ്രാർത്ഥിക്കണമെന്നും ആഗ്രഹിക്കുകയും എന്നോടു് അപേക്ഷിക്കുകയും ചെയ്തിട്ടുള്ള സകലരുടേയും—അവർ ഇപ്പോഴും ജീവിച്ചിരിക്കുന്നവരായാലും മരിച്ചുപോയവരായാലും—ആവശ്യങ്ങളെയും അങ്ങയുടെ മുമ്പിൽ ഞാൻ കാഴ്ചവെച്ചുകൊള്ളുന്നു; അവക്കെല്ലാവക്കും അങ്ങയുടെ അനുഗ്രഹത്തിന്റെ സാഹാ

യുവും, അങ്ങയുടെ സാന്ത്വനംകൊണ്ടുള്ള ഗുണവും, ആപത്തുകളിൽനിന്നു സംരക്ഷണവും, ദുഃഖങ്ങളിൽനിന്നു വിമോചനവും സിദ്ധിക്കുമാറാകട്ടെ; സകല ദോഷങ്ങളിലും നിന്നു വിമുക്തരായി അവർ യോഗ്യമായ വിധത്തിൽ ആനന്ദപൂർവ്വം അങ്ങയോടു കൃതജ്ഞത പ്രകാശിപ്പിക്കുമാറാകട്ടെ.

6. എന്നോടു് അപരാധം ചെയ്യുകയോ, എന്നെ ദുഃഖിപ്പിക്കുകയോ, എന്നെ ആക്ഷേപിക്കുകയോ, എനിക്കു് എന്തെങ്കിലും നഷ്ടം വരുത്തുകയോ, എന്നിൽ നീരസമുളവാക്കുകയോ ചെയ്തിട്ടുള്ളവർക്കുവേണ്ടി പ്രത്യേകമായി ഈ പ്രാർത്ഥനകളെയും ബലികളെയും ഞാൻ അങ്ങേയ്ക്കു കാഴ്ചവെച്ചുകൊള്ളുന്നു.

അതുപോലെ, എപ്പോഴെങ്കിലും, വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ, അറിഞ്ഞോ അറിയാതെയോ, ഞാൻ ദുഃഖിപ്പിക്കുകയോ, ഉപദ്രവിക്കുകയോ വ്രണപ്പെടുത്തുകയോ, തിന്മ ചെയ്യുന്നതിനു പ്രേരിപ്പിക്കുകയോ ചെയ്തിട്ടുള്ള സകലർക്കുംവേണ്ടിയും ഞാൻ ഈ പ്രാർത്ഥനകളെയും ബലികളെയും അങ്ങേക്കു കാഴ്ചവെച്ചുകൊള്ളുന്നു; ഞങ്ങൾ പരസ്പരം ചെയ്തിട്ടുള്ള സകല പാപങ്ങളെയും അപരാധങ്ങളെയും ക്ഷമിക്കുന്നതിനു് അങ്ങേക്കു കൃപയുണ്ടാകേണമെ.

ഓ ഭഗവാനെ, ഞങ്ങളുടെ ഹൃദയങ്ങളിൽനിന്നു ദുഷ്ടങ്ക, വിദ്വേഷം, ക്രോധം, മാത്സര്യം തുടങ്ങി ദിവ്യസ്നേഹത്തെ ബാധിക്കുന്നതും സഹോദരസ്നേഹത്തെ കുറയ്ക്കുന്നതുമായ സകല ദോഷങ്ങളെയും ഉന്മൂലനം ചെയ്യേണമെ.

ഓ ഭഗവാനെ, അങ്ങയുടെ കരുണ അപേക്ഷിക്കുന്നവരോടു് അങ്ങേക്കു കരുണ ഉണ്ടായിരിക്കേണമെ; ദിവ്യാനുഗ്രഹം ആവശ്യമുള്ളവക്കു ദിവ്യാനുഗ്രഹം നൽകേണമെ; അങ്ങയുടെ അനുഗ്രഹം അനുഭവിക്കുന്നതിനും അനന്തജീവിതം പ്രാപിക്കുന്നതിനും ഞങ്ങൾ യോഗ്യരായിത്തീരുന്നതിനു് അനുവദിക്കേണമെ.

അദ്ധ്യായം 10.

വിശുദ്ധ കുമ്പാനയുടെ സ്വീകരണം മനോലാഘവംമൂലം പിന്നത്തേക്കു നീട്ടിവയ്ക്കരുതു്.

ക്രിസ്തു: ദിവ്യാനുഗ്രഹത്തിന്റെയും ദിവ്യകാരുണ്യത്തിന്റെയും ഉറവിലേക്കു്, നന്മയുടെയും വിശുദ്ധിയുടേയും ഉറവിലേക്കു്, നീ മുറയ്ക്കു പോയി അതിലെ അമൃതം സേവിക്ക

ണം; എന്നാൽ നിന്റെ കാമക്രോധാദികളും ദുശ്ശീലങ്ങളും പരിഹരിക്കപ്പെട്ടുകയും പിശാചിന്റെ പ്രലോഭനങ്ങളിലും വഞ്ചനകളിലും അകപ്പെടാതിരിക്കുന്നതിനു നിനക്കു കൂടുതൽ ശക്തിയും ജാഗ്രുകതയും സിദ്ധിക്കുകയും ചെയ്യും.

വിശുദ്ധ കുർബ്ബാനയുടെ അതി മഹനീയമായ അമോഘതയും ഔഷധശക്തിയും അറിയാവുന്ന ശത്രു വിശ്വാസികളെയും ഭക്തരെയും അതിൽനിന്നു പിൻവലിക്കുന്നതിനും മുടക്കുന്നതിനും അവനു സ്വാധീനമായ സകലോപായങ്ങളെയും സന്ദർഭങ്ങളെയും ഉപയോഗിച്ചു ശ്രമിക്കുന്നു.

2. എന്തുകൊണ്ടെന്നാൽ, ചിലർ വിശുദ്ധ കുബ്ബാനയെ സ്വീകരിക്കുന്നതിനു് ഒരുങ്ങുമ്പോൾ സാത്താന്റെ ഉഗ്രതരമായ ആക്രമണങ്ങൾക്കു വിധേയരാകുന്നു.

ജോബിന്റെ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നതുപോലെ, ഈ ദുഷ്ടാത്മാവു്, ഈശ്വരസന്താനങ്ങളുടെ ഇടയിൽ, അവരുടെ ഭക്തിയെ കുറയ്ക്കുകയോ അവന്റെ ആക്രമണങ്ങൾകൊണ്ടു് അവരുടെ വിശ്വാസത്തെ നശിപ്പിക്കുകയോ ചെയ്യണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി, അവന്റെ സഹജമായ ദുഷ്ടതകൊണ്ടു് അവരെ ഉപദ്രവിക്കുന്നതിനോ

അവരെ ഭയപ്പെടുത്തുകയും വിഷമിപ്പിക്കുകയും ചെയ്യുന്നതിനോ ഉത്സുകനായി വരുന്നു; പക്ഷെ, അവന്റെ ഈ ശ്രമംകൊണ്ടു് അവരെ കുമ്പാനയിൽനിന്നു നിശ്ശേഷം നിവർത്തിപ്പിക്കാമെന്നോ കുമ്പാന സ്വീകരിക്കുന്നതിൽ മന്ദഭക്തരെങ്കിലുമാക്കാമെന്നോ അവൻ പ്രത്യാശിക്കുന്നുണ്ടാവാം.

എന്നാൽ അവന്റെ കുതന്ത്രങ്ങളും ഉപദേശങ്ങളും എത്രയും മലിനങ്ങളും നിന്ദ്യങ്ങളുമാകയാൽ അവഗണിക്കപ്പെടേണ്ടതാണു്; അവന്റെ സകല ശ്രമങ്ങളും അവനുതന്നെ ദോഷകരമാകത്തക്കവണ്ണം പ്രതിരോധിക്കപ്പെടേണ്ടതാണു്.

ആ നികൃഷ്ടനെ നീ അവഹേളിക്കുകയും തിരസ്കരിക്കുകയും ചെയ്യണം; അവന്റെ അക്രമണങ്ങളും പ്രക്ഷോഭണങ്ങളും മൂലം നീ വിശുദ്ധ കുർബ്ബാന സ്വീകരിക്കാതിരിക്കരുതു്.

3. പലപ്പോഴും ഇനിയും കൂടുതൽ ഭക്തി വേണമെന്നുള്ള ഉൽക്കണ്ഠാതിരേകവും കുമ്പസാരം സംബന്ധിച്ചുള്ള വ്യഗ്രതയും ഒരുവനു പ്രതിബന്ധമായിത്തീരുന്നു.

ഈ സംഗതിയിൽ അഭിജ്ഞന്മാരുടെ ഉപദേശം അനുസരിക്കുകയും വ്യഗ്രതയും അന്തഃകരണാസ്വസ്ഥതയും നിശ്ശേഷം ഉപേ

ക്ഷിക്കുകയും ചെയ്യുക; എന്തുകൊണ്ടെന്നാൽ, അതു ദിവ്യാനുഗ്രഹത്തെ പ്രതിബന്ധിക്കുകയും ഭക്തിയെ നശിപ്പിക്കുകയും ചെയ്യുന്നു.

നിസ്സാരങ്ങളായ ശല്യങ്ങളും വൈഷമ്യങ്ങളും നേരിടുമ്പോൾ വിശുദ്ധ കുർബാന സ്വീകരിക്കാതിരിക്കരുതു്; വേഗം കുമ്പസാരിക്കുകയും മറവുള്ളവർ നിന്നോടു ചെയ്തിട്ടുള്ള അപരാധങ്ങളെ സന്തോഷപൂർവ്വം ക്ഷമിക്കുകയും ചെയ്യുക.

നീ ആരോടെങ്കിലും അപരാധം ചെയ്തിട്ടുണ്ടെങ്കിൽ, വിനയപൂർവ്വം ക്ഷമായാചനം ചെയ്യുക; ഈശ്വരൻ സന്തോഷപൂർവ്വം നിനക്കു മാപ്പുതരും.

4. ദീർഘകാലം നീ കുമ്പസാരം താമസിപ്പിക്കുന്നതുകൊണ്ടോ വിശുദ്ധ കുർബാനയുടെ സ്വീകരണം നീട്ടിവയ്ക്കുന്നതുകൊണ്ടോ നിനക്കു് എന്തു പ്രയോജനമുണ്ടു്?

സത്വരം നീ ആത്മശുദ്ധീകരണം ചെയ്യുക; വിഷം ഉടനടി തുപ്പിക്കളയുക; ഈ സിദ്ധൗഷധം ഉപയോഗിക്കുന്നതിനു ബദ്ധപ്പെടുക; അപ്പോൾ അതിന്റെ ഉപയോഗം നീ ദീർഘകാലത്തേക്കു നീട്ടിവച്ചാലുള്ളതിനെക്കാൾ ഉടനടിയുള്ള ഉപയോഗം നിനക്കു നല്ലതാണെന്നു ബോദ്ധ്യമാകും.

ഇന്നു് ഒരു കാരണംകൊണ്ടു നീ അതു മാറ്റിവയ്ക്കുന്നുവെങ്കിൽ, നാളെ അതിനെക്കാൾ വലുതായ ഒരു കാരണം പക്ഷെ ഉണ്ടാകും; അങ്ങനെ, ദീർഘകാലം ഈ പ്രതിബന്ധങ്ങൾ മൂലം നീ വിശുദ്ധ കുർബ്ബാന സ്വീകരിക്കാതിരിക്കാനും കൂടുതൽ അയോഗ്യനായിത്തീരാനും ഇടയുണ്ടു്.

നിനക്കു കഴിവുള്ളിടത്തോളം വേഗത്തിൽ നിന്റെ മന്ദതയെയും അലസതയെയും പരിവർജ്ജിക്കുക; എന്തുകൊണ്ടെന്നാൽ, ദീർഘകാലം വ്യഗ്രതയിലും അസ്വസ്ഥതയിലും തുടർന്നുപോവുകയും ദിവസംപ്രതിയുള്ള ഈ പ്രതിബന്ധങ്ങളാൽ വിശുദ്ധ കുർബ്ബാനയിൽനിന്നു പിൻവലിയുകയും ചെയ്യുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

അതെ, വിശുദ്ധ കുർബാനയുടെ സ്വീകരണം ദീർഘകാലത്തേക്കു മാറ്റിവയ്ക്കുന്നതു വളരെ ഭോഷകരമാണു്; എന്തുകൊണ്ടെന്നാൽ, അതുമൂലം വലുതായ ഭക്തിമാന്ദ്യവും അലസതയും സാധാരണമായി ഉണ്ടാകുന്നു.

5. കഷ്ടം! മന്ദഭക്തരും ഉദാസീനരുമായ ചിലർ, കുമ്പസാരവും കുർബാന സ്വീകരണവും മുറയ്ക്കു തുടർന്നുകൊണ്ടിരുന്നാൽ ആത്മീയകാര്യങ്ങളിൽ കുറെക്കൂടി നിഷ്കർഷയോടും ജാഗ്രതയോടുംകൂടി വർത്തിക്കുന്നതിനു് അ

വർ നിഷ്ഫലരാകുമെന്നുള്ളതുകൊണ്ട് അവയെ മാററിവയ്ക്കുന്നതിനു ആഗ്രഹിക്കുന്നു.

6. ഹാ! വിശുദ്ധ കുർബാനയുടെ സ്വീകരണം അത്ര ലാഘവത്തോടെ നീട്ടിവയ്ക്കുന്നവരുടെ സ്നേഹം എത്ര അല്പമായിരിക്കുന്നു! അവരുടെ ഭക്തി എത്ര ദുർബ്ബലമായിരിക്കുന്നു!

അനുവാദമുണ്ടായിരിക്കുകയും മറവുള്ളവരുടെ ശ്രദ്ധയ്ക്കു വിഷയമാകാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ദിവസംതോറും കുർബ്ബാന സ്വീകരിക്കുന്നതിനുവേണ്ട സന്നദ്ധതയും യോഗ്യതയുമുണ്ടായിരിക്കത്തക്കവണ്ണം പരിശുദ്ധമായി ജീവിക്കുകയും മനസ്സാക്ഷിയെ നിർമ്മലമായി പരിപാലിക്കുകയും ചെയ്യുന്നവൻ എത്ര സൗഭാഗ്യവാനും ഈശ്വരനു എത്ര സ്വീകാര്യയോഗ്യനുമാണു!

വിനയംകൊണ്ടോ നിയമാനുസൃതമായ ഏതെങ്കിലും തടസ്സം നിമിത്തമോ ഒരുവൻ ചിലപ്പോൾ കുർബാന സ്വീകരിക്കാതിരിക്കുന്നുവെങ്കിൽ അവന്റെ ഭക്തി സ്തുത്യർഹമാണു്.

എന്നാൽ അലസത അവനെ ബാധിക്കുന്നുവെങ്കിൽ, അവൻ ജാഗ്രുകനായി അവനു കഴിവുള്ളതെല്ലാം ചെയ്യണം; അപ്പോൾ അവൻ പ്രദർശിപ്പിക്കുന്ന സൗമനസ്യത്താൽ

സന്തുഷ്ടനായി ഈശ്വരൻ അവന്റെ ആഗ്ര ഹനിവ്വഹണത്തിന സഹായിക്കും; സ്വമന സ്യത്തെയാണല്ലോ ഈശ്വരൻ പ്രധാനമായി പരിഗണിക്കുന്നത്.

7. എന്നാൽ ഒരുവന നിയമാനസ്യതമായ പ്രതിബന്ധമുണ്ടെങ്കിൽ, അവൻ കുർബാന സ്വീകരിക്കുന്നതിന എല്ലായ്പോഴും നല്ല മന സ്സും ഭക്തിപൂവ്വമായ ഉദ്ദേശ്യമുള്ളവനായിരി ക്കട്ടെ; അതുമൂലം ക്ഷദാശയുടെ ഫലം അവന നഷ്ടപ്പെടാതിരിക്കും.

എന്തുകൊണ്ടെന്നാൽ, ഭക്തിയുള്ള ഏതു മനുഷ്യനും യാതൊരു തടസ്സവും കൂടാതെയും വളരെ ഗുണകരമായും ദിവസംതോറും മണി ക്കുർതോറും ക്രിസ്തുവിനെ ആത്മീയമായി സ്വീ കരിക്കാവുന്നതാണ്.

എങ്കിലും, ചില പ്രത്യേക ദിവസങ്ങളിലും നിശ്ചയിക്കപ്പെട്ട സമയങ്ങളിലും അവൻ അ വന്റെ രക്ഷാനാഥന്റെ ശരീരത്തെ ക്ഷദാ ശവഴി ഭക്തിയോടും സ്നേഹത്തോടുംകൂടി സ്വീ കരിക്കേണ്ടതാണ്; അപ്പോൾ അവന്റെ ല ക്ഷ്യം സ്വന്തം സുഖത്തെ ആരായുക എന്നതി നെക്കാൾ ഈശ്വരന്റെ സ്തുതിയും മഹിമയു മായിരിക്കണം. (1. കോറി. xi. 23—26)

എന്തുകൊണ്ടെന്നാൽ, ക്രിസ്തുവിന്റെ മാ നുഷ്യാവതാരത്തെയും പീഡാനുഭവത്തെയും

പറഞ്ഞി അവൻ ഭക്തിപൂർവ്വം ധ്യാനിക്കുകയും അദ്ദേഹത്തോടുള്ള സ്നേഹത്താൽ സമുജ്ജ്വലിക്കുകയും ചെയ്യുമ്പോഴൊക്കെ, അവൻ ആത്മീയമായി കുർബാന സ്വീകരിക്കുകയും അദൃശ്യമായി പോഷിപ്പിക്കപ്പെടുകയും ചെയ്യുന്നു.

8. ഏതെങ്കിലും ഒരു ഉത്സവം അടുത്തുവരുമ്പോഴൊ നിയമത്താൽ നിബ്ബന്ധിക്കപ്പെട്ടുമ്പോഴൊമാത്രം കുബ്ബാന സ്വീകരിക്കുന്നതിനു് ഒരുങ്ങുന്നവൻ പലപ്പോഴും ഒരുക്കക്കുറവുകൊണ്ടു് അതിനു് അനർഹനായിരിക്കും.

കുബ്ബാന അർപ്പിക്കുകയോ സ്വീകരിക്കുകയോ ചെയ്യുമ്പോഴൊക്കെ ഭഗവാനു് ഒരു ബലിയായി ആത്മസമർപ്പണം ചെയ്യുന്നവൻ അനുഗ്രഹീതനാകുന്നു.

ദിവ്യപൂജ ക്രമത്തിലധികം ദീർഘിപ്പിക്കുകയോ ദ്രുതഗതിയായി ചെയ്യുകയോ പാടില്ല; നിന്റെ ആശ്രമത്തിലെ ആചാരത്തെ അനുസരിക്കുക.

നീ മറ്റുള്ളവർക്കു മുഷിവും ഉപദ്രവവും ഉണ്ടാക്കരുതു്; മേലാക്കന്മാരുടെ ഏർപ്പാടനുസരിച്ചു പതിവിൻ പ്രകാരം പെരുമാറുക; നിന്റെ സ്വന്തം ഇഷ്ടത്തിനോ ഭക്തിക്കോ അനുരൂപമായി പ്രവർത്തിക്കാതെ, മറ്റുള്ളവരുടെ ഗുണത്തെ പുരസ്കരിച്ചു പ്രവർത്തിക്കുക.

അദ്ധ്യായം 11.

ക്രിസ്തുവിന്റെ ശരീരവും വൈദികരും.

ശിഷ്യൻ: ഓ മാധുര്യമേറിയ ഭഗവാൻ യേശുവെ, അങ്ങയോടുകൂടി അങ്ങയുടെ സദ്യയിൽ പങ്കുകൊള്ളുന്ന ഭക്തനാത്മാവിനു് എത്ര വലുതായ മാധുര്യമാണു് ലഭ്യമായിരിക്കുന്നതു്; ഈ സദ്യയിൽ ആത്മാവിന്റെ പ്രിയഭാജനവും അതിനു സർവ്വോപരി സ്പൃഹണീയവുമായ അങ്ങുതന്നെയാണല്ലോ ഭോജ്യമായിരിക്കുന്നതു്.

അങ്ങയുടെ സാന്നിധ്യത്തിൽ എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നു് അശ്രുപ്രവാഹം ഉണ്ടാകുന്നതും ഭക്തയായ മഗ്ദലേനയെപ്പോലെ അങ്ങയുടെ പാദപത്മങ്ങളെ എന്റെ കണ്ണുനീർകൊണ്ടു കഴുകുന്നതും എനിയ്ക്കു തീർച്ചയായും ആനന്ദപ്രദമാണു്.

എന്നാൽ ഈവിധമുള്ള ഭക്തി ഇപ്പോൾ എവിടെയുണ്ടു്? ഇത്ര സമൃദ്ധവും പാവനവുമായ അശ്രുപ്രവാഹം എവിടെയുണ്ടു്?

തീർച്ചയായും അങ്ങയുടെയും അങ്ങയുടെ മാലാഖമാരുടെയും ദൃഷ്ടിയിൽ എന്റെ ഹൃദയം മുഴുവനും ആനന്ദത്താൽ ഉജ്ജ്വലിക്കേണ്ടതും അശ്രുക്കൾ പൊഴിക്കേണ്ടതുമാണു്.

എന്തുകൊണ്ടെന്നാൽ, വേറൊരു രൂപത്തിൽ മറഞ്ഞിരിക്കുകയാണെങ്കിലും, അങ്ങു യഥാർത്ഥമായി ഈ കൂദാശയിൽ എനിക്കു വേണ്ടി സന്നിഹിതനായിരിക്കുന്നു.

2. എന്തുകൊണ്ടെന്നാൽ, ജാജ്വല്യമാനമായ അങ്ങയുടെ വിശ്വരൂപത്തിന്റെ ദർശനം എന്റെ കണ്ണുകൾക്കു സഹിക്കാവുന്നതല്ല.

പ്രതാപമേറിയ അതിന്റെ പ്രോജ്ജ്വലതയോടു അഭിമുഖീഭവിക്കുന്നതിനു അഖിലലോകത്തിനും സാധിക്കുകയില്ല.

അതുകൊണ്ടു, കൂദാശയിൽ മറഞ്ഞിരിക്കുകയാൽ അങ്ങു എന്റെ ദൗർബ്ബല്യത്തിനു അനുരൂപമായി പ്രവർത്തിക്കുന്നു.

മാലാഖമാർ സ്വർഗ്ഗത്തിൽ ആരാധിക്കുന്ന ആ സച്ചിദാനന്ദസ്വരൂപനെ ഞാൻ ഇവിടെ യഥാർത്ഥമായി ആരാധിക്കുന്നു; എന്നാൽ, ഞാൻ തല്ക്കാലം വിശ്വാസത്താലും അവർ യാതൊരു മറയുമില്ലാതെ അഭിമുഖമായുമാണ് അദ്ദേഹത്തെ ആരാധിക്കുന്നതു.

സത്യവിശ്വാസത്തിന്റെ പ്രകാശംകൊണ്ടു ഞാൻ സംതൃപ്തനാവുകയും, അനന്തമായ പ്രകാശമുള്ള ദിവസത്തിന്റെ ഉദയമുണ്ടാവുകയും അന്ധകാരം നിർമ്മൂലം നീങ്ങുകയും ചെയ്യുന്നതുവരെ ആ വിശ്വാസസരണിയിൽക്കൂടി സഞ്ചരിക്കുകയും ചെയ്യണം.

എന്നാൽ, പരിപൂർണ്ണമായ സിദ്ധിയുണ്ടാകുമ്പോൾ കൃദാശകളുടെ ഉപയോഗം അവസാനിക്കും; എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗീയമഹിമയെ പ്രാപിച്ച സിദ്ധന്മാർക്ക് അവയുടെ സാഹായ്യം ആവശ്യമില്ല.

എന്തുകൊണ്ടെന്നാൽ, അവർ ഈശ്വരസാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ മഹിമയെ അഭിമുഖമായി ദർശിക്കുകയാൽ അനന്തമായ പരമാനന്ദം അനുഭവിക്കുന്നു; ദൃഷ്ടാപനായ ആ സച്ചിദാനന്ദസ്വരൂപന്റെ മഹിമയെ പ്രാപിക്കുകയാൽ അവതീർണ്ണമായ ശബ്ദബ്രഹ്മത്തെ അതിന്റെ അനാദ്യവും അനന്തവുമായ സ്ഥിതിയിൽ അവർ ആസ്വദിക്കുന്നു.

3. ഈ വിസ്മയാവഹങ്ങളായ സംഗതികളെപ്പറ്റി ചിന്തിക്കുമ്പോൾ സകല ആത്മീയ സുഖങ്ങളും എനിക്ക് അതൃപ്തികരങ്ങളായിത്തീരുന്നു; എന്തുകൊണ്ടെന്നാൽ, എന്റെ ഭഗവാനെ യഥാസ്ഥിതി അപാവൃതനായിക്കാണുന്നതിന് എനിക്ക് സാധിക്കാത്തിടത്തോളം, ഈ ലോകത്തു ഞാൻ എന്തുതന്നെ കാണുകയും കേൾക്കുകയും ചെയ്താലും അതൊന്നും ഞാൻ ഗണ്യമാക്കുന്നില്ല.

എന്റെ ശാശ്വതമായ ധ്യാനത്തിനു വിഷയമായിരിക്കുന്നതിനു ഞാൻ ആഗ്രഹിക്കു

ന്ന എന്റെ ഈശ്വര, അങ്ങല്ലാതെ യാതൊന്നും എന്നെ ആശ്വസിപ്പിക്കുന്നതിനു പര്യാപ്തമായോ യാതൊരു സൃഷ്ടിയും എനിക്കു ശാന്തിപ്രദമായോ ഇല്ലെന്നുള്ളതിനു് അങ്ങു് എന്റെ സാക്ഷിയാകുന്നു.

എന്നാൽ, ഞാൻ ഈ മർത്ത്യജീവിതത്തെ അവലംബിച്ചിരിക്കുന്ന കാലത്തു് അതു സാധ്യമല്ല; അതുകൊണ്ടു ഞാൻ വലുതായ ക്ഷമ പരിശീലിക്കുകയും എന്റെ സകല ആഗ്രഹങ്ങളിലും അങ്ങേക്കു വശംവദനാവുകയും ചെയ്യണം.

എന്തുകൊണ്ടെന്നാൽ, ഓ ഭഗവാനെ, ഇപ്പോൾ സ്വർല്ലോകത്തു പരമാനന്ദം അനുഭവിക്കുന്ന അങ്ങയുടെ പുണ്യവാന്മാരും ഈലോകത്തു ജീവിച്ചിരുന്നപ്പോൾ ദിവ്യമഹിമയുടെ സംപ്രാപ്തിയെ വിശ്വാസത്തോടും മഹാക്ഷമയോടുംകൂടി കാത്തിരുന്നു.

അവർ വിശ്വസിച്ചതു ഞാൻ വിശ്വസിക്കുന്നു; അവർ പ്രത്യാശിച്ചതു ഞാൻ പ്രത്യാശിക്കുന്നു; അവർ പ്രാപിച്ച സ്ഥാനത്തെ, അങ്ങയുടെ അനുഗ്രഹത്താൽ, ഞാനും പ്രാപിക്കുമെന്നു വിശ്വസിക്കുന്നു.

അതിനിടയ്ക്കു് അങ്ങയുടെ പുണ്യവാന്മാരുടെ ദൃഷ്ടാന്തങ്ങളാൽ ദൃഢീകൃതമായ വിശ്വാസത്തോടുകൂടി ഞാൻ ജീവിക്കും.

അതിനും പുറമെ, എന്റെ ആശ്വാസത്തിനും ജീവിതത്തിൽ മാർഗ്ഗദർശനത്തിനും അങ്ങയുടെ വേദഗ്രന്ഥങ്ങളുണ്ടു്; സർവ്വോപരി, ദുർല്ലഭമായ ഒരു സിദ്ധൗഷധമായും അഭയസ്ഥാനമായും അങ്ങയുടെ ഏറ്റവും പരിപാവനമായ ശരീരം—കുബ്ബാന—ഉണ്ടു്.

4. എന്തുകൊണ്ടെന്നാൽ, ഈ ജീവിതത്തിൽ രണ്ടു സംഗതികൾ എനിക്കു പ്രത്യേകം അപേക്ഷിതമായി ഉണ്ടു്; അവയില്ലെങ്കിൽ ഈ നികൃഷ്ടജീവിതം എനിക്കു ദുർവ്വഹമായിരിക്കും.

ഈ ശരീരമാകുന്ന കാരാഗൃഹത്തിൽ ഞാൻ ബദ്ധനായിരിക്കുന്ന കാലത്തു്, ആഹാരം, പ്രകാശം എന്നീ രണ്ടു സംഗതികൾ എനിക്കു് ആവശ്യമാണെന്നു ഞാൻ സമ്മതിക്കുന്നു.

അതുകൊണ്ടു, ബലഹീനനും അസഹായനുമായ എനിക്കു് അങ്ങയുടെ പരിപാവനമായ ശരീരത്തെ എന്റെ ആത്മാവിന്റേയും ശരീരത്തിന്റേയും പോഷണത്തിനായി അങ്ങു തന്നിരിക്കുന്നു; 'അങ്ങയുടെ വചനത്തെ എന്റെ പാദങ്ങൾക്കു് ഒരു ദീപം എന്നവണ്ണം അങ്ങു പ്രതിഷ്ഠിച്ചിരിക്കുന്നു.'

(സങ്കീ. cxviii. 105.)

ഇവരണ്ടും കൂടാതെ എനിക്കു സുഖമായി

ജീവിക്കുന്നതിനു സാധിക്കുകയില്ല; എന്തുകൊണ്ടെന്നാൽ ഈശ്വരവചനം എന്റെ ആത്മാവിന്റെ പ്രകാശവും അങ്ങയുടെ കൃപാശ്രയജീവസന്ദായകമായ ഭക്ഷണവുമാകുന്നു.

ഇവ ക്രൈസ്തവധർമ്മസംഘത്തിന്റെ (തിരുസ്സഭയുടെ) ഭജനാവിൽ രണ്ടുവശങ്ങളിലായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന രണ്ടു മേശകൾ എന്നു വിളിക്കപ്പെടാവുന്നതാണു്.

ഒരു മേശ പരിശുദ്ധമായ ബലിപീഠമാകുന്നു; അതിൽ ക്രിസ്തുവിന്റെ അമോഘശരീരമായ വിശുദ്ധപൂപം ഇരിക്കുന്നു.

മറ്റൊരു വിശുദ്ധ വേദഗ്രന്ഥമാകുന്നു; അതിൽ മനുഷ്യരെ സദ്ധർമ്മം പഠിപ്പിക്കുകയും യവനികയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന ശ്രീകോവിലിലേക്കു അവരെ നയിക്കുകയും ചെയ്യുന്ന പരിശുദ്ധമായ ഉപദേശങ്ങൾ അടങ്ങിയിരിക്കുന്നു.

ഓ ഭഗവാൻ, യേശുവെ അനന്തമായ പ്രകാശമെ, അങ്ങയുടെ ഉപാസകന്മാർ, ദീക്ഷ ഭിക്ഷികൾ, ധർമ്മഭൃതന്മാർ തുടങ്ങിയ ഗുരുക്കന്മാർ മുഖേന അങ്ങു ഞങ്ങൾക്കു പ്രദാനം ചെയ്തിരിക്കുന്ന വേദാഗമമാകുന്ന മേശയ്ക്കായി ഞങ്ങൾ അങ്ങയോടു കൃതജ്ഞരായിരിക്കുന്നു.

5. ഓ മനുഷ്യരുടെ സ്രഷ്ടാവും രക്ഷകനു

മായ അങ്ങു് ലോകത്തോടു് അങ്ങേയ്ക്കുള്ള സ്നേഹത്തെ പ്രത്യക്ഷപ്പെടുത്തുന്നതിനായി കേമമായ ഒരു സദ്യ തയാറാക്കിയിരിക്കുന്നു; ആ സദ്യയിൽ അങ്ങു ഞങ്ങൾക്കു ഭക്ഷ്യമായി ഒരുക്കിയിരിക്കുന്നതു് സാധാരണമായ ആട്ടിറച്ചിയല്ല; അങ്ങയുടെ ഏറ്റവും പാവനമായ ശരീരവും രക്തവുമത്രെ; അതു വിശ്വാസമുള്ള സകലർക്കും ആനന്ദപ്രദമാണു്; പരദീസായുടെ സുഖങ്ങൾ മുഴുവനും അടങ്ങിയിരിക്കുന്ന അങ്ങയുടെ രക്ഷാകരമായ പാനപാത്രം അവർക്കു സൗഹൃദപ്രദമാണു്; വിശ്വസ്തരായ മാലാഖമാർ പതിവിൽ കവിഞ്ഞ സൗഭാഗ്യത്തോടും മാധുര്യത്തോടുംകൂടി ഞങ്ങളോടു സഹഭോജനം ചെയ്യുന്നു; എത്രയോ മായ ഒരു സദ്യക്കായി ഞങ്ങൾ അങ്ങയോടു കൃതജ്ഞരായിരിക്കുന്നു.

6. ഓ! വൈദികരുടെ ഉദ്യോഗം എത്ര മഹനീയവും മാനനീയവുമായിരിക്കുന്നു; പ്രതാപവാനായ ഭഗവാനെ വിശുദ്ധ വചനങ്ങളാൽ വാഴ്ത്തുന്നതിനും, അധരങ്ങളാൽ ആശീർവ്വദിക്കുന്നതിനും, കരങ്ങളിൽ വഹിക്കുന്നതിനും, വദനത്താൽ സ്വീകരിക്കുന്നതിനും, മറ്റുള്ളവർക്കു വിതരണം ചെയ്യുന്നതിനുമുള്ള യോഗ്യത അവർക്കു പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു!

വിശുദ്ധിയുടെ കർത്താവു് അത്ര കൂടുതൽ പ്രാവശ്യം നിവേശിക്കുന്ന ഒരു വൈദികന്റെ ആ കരങ്ങൾ എത്ര വിശുദ്ധവും, ആ വദനം എത്ര നിർമ്മലവും, ആ ശരീരം എത്ര പരിശുദ്ധവും, ആ ഹൃദയം എത്ര നിഷ്കളങ്കവുമായിരിക്കണം!

അത്ര കൂടുതൽ പ്രാവശ്യം ക്രിസ്തുവിന്റെ കൂദാശയെ സ്വീകരിക്കുന്ന ഒരു വൈദികന്റെ നാവിൽനിന്നു പരിശുദ്ധമല്ലാത്ത യാതൊന്നും—നല്ലതും പ്രയോജനകരവുമല്ലാത്ത യാതൊരു വാക്കും—പുറപ്പെടാൻ പാടില്ല.

7. ക്രിസ്തുവിന്റെ ശരീരത്തെ ഭരിക്കാവുള്ള ആ നേത്രങ്ങൾ നിഷ്കപടവും ചാരിത്രശുദ്ധിയുള്ളതും ആയിരിക്കണം; സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സൃഷ്ടാവിനെ സ്പർശിക്കാവുള്ള ആ കരങ്ങൾ നിർമ്മലവും സ്വർഗ്ഗത്തേക്കു് ഉത്ക്ഷിപ്തവുമായിരിക്കണം.

'നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ; എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ ഈശ്വരനും സ്വാമിയുമായ ഞാൻ പരിശുദ്ധനാകുന്നു,' എന്നു പ്രത്യേകിച്ചു വൈദികരോടത്രെ വേദാഗമത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു്. (lev. xix. 2.)

8. ഓ സർവ്വശക്തനായ ഈശ്വര, വൈദികത്വം സ്വീകരിച്ചിരിക്കുന്ന ഞങ്ങൾ യോഗ്യ

മായും ഭക്തിയോടും വിശ്വാസത്തോടും നല്ല മനസ്സാക്ഷിയോടുകൂടിയും അങ്ങയെ സേവിക്കുന്നതിനു് അങ്ങയുടെ അനുഗ്രഹത്താൽ ഞങ്ങളെ സഹായിക്കേണമെ.

ഞങ്ങൾക്കുണ്ടായിരിക്കേണ്ട നിർദ്ദോഷത പരിപാലിച്ചു ജീവിക്കുന്നതിനു ഞങ്ങൾക്കു സാധിക്കുന്നില്ലെങ്കിൽ, ഞങ്ങൾ ചെയ്തുപോയിട്ടുള്ള പാപങ്ങളെപ്പറ്റി വേണ്ടവിധത്തിൽ വിലപിക്കുന്നതിനും വിനയത്തോടും ദൃഢനിശ്ചയത്തോടുംകൂടി അങ്ങയെ മേലാൽ കൂടുതൽ ഭക്തിപൂർവ്വം സേവിക്കുന്നതിനുമെങ്കിലും ഞങ്ങളെ അനുഗ്രഹിക്കേണമെ.

അദ്ധ്യായം 12

വിശുദ്ധ കുർബ്ബാനയുടെ സ്വീകരണത്തിനായുള്ള സജ്ജീകരണം

ക്രിസ്തു: ഞാൻ നൈർമ്മല്യത്തെ സ്നേഹിക്കുന്നവനും വിശുദ്ധിയെ പ്രദാനം ചെയ്യുന്നവനുമാണു്.

ഞാൻ നിർമ്മലമായ ഒരു ഹൃദയത്തെ അന്വേഷിക്കുന്നു; എന്റെ വിശ്രമസ്ഥാനം അവിടെയാണു്.

"ഒരു വലുതായ ഭോജനശാല വേണ്ട ഉപകരണങ്ങളോടുകൂടി എനിക്കായി തയാറാക്കുക; ഞാൻ പെസഹാഭോജനം എന്റെ ശിഷ്യന്മാരോടുകൂടി നിന്റെ വീട്ടിൽവച്ചു നടത്തും." (മാക്കൊ. xii. 15.)

ഞാൻ നിന്റെ വീട്ടിൽ വരുകയും നിന്നോടുകൂടി താമസിക്കുകയും ചെയ്യുന്നതിനു നീ ആഗ്രഹിക്കുന്നുവെങ്കിൽ, പഴയ അമ്ലത്തെ കഴുകിക്കളഞ്ഞു നിന്റെ ഹൃദയമാകുന്ന വസതിയെ ശുദ്ധീകരിക്കുക.

ലോകത്തെയും നിന്റെ പാപങ്ങളുടെ ബഹളത്തെയും നിശ്ശേഷം ബഹിഷ്കരിക്കുക; വീട്ടിന്റെ മുകളിൽ ഒറ്റ തിരിഞ്ഞിരിക്കുന്ന ഒരു കുരുവിയെപ്പോലെ ഇരുന്നു നിന്റെ പാപങ്ങളെപ്പറ്റി ഹൃദയവേദനയോടുകൂടി ചിന്തിക്കുക.

എന്തുകൊണ്ടെന്നാൽ, ഏതു കാമുകനും അവന്റെ പ്രിയതമയ്ക്കായി ഏറ്റവും നല്ലതും മനോഹരവുമായ മുറി തയാറാക്കുന്നു; തന്റെ പ്രിയതമയെ സല്കരിക്കുന്ന ഒരുവന്റെ സ്നേഹം ഇതിൽനിന്നെത്ര അറിയപ്പെടുന്നതു്.

2. എങ്കിലും, നീ ഒരു വഷ്ം മുഴുവനും ഏകാഗ്രമായി സജ്ജീകരണകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നാലും നിന്റെ ശ്രമങ്ങളുടെ യോ

ഗ്യതകൊണ്ടു നിനക്കു വേണ്ടവിധത്തിൽ ഒരുങ്ങുന്നതിനു സാധിക്കുകയില്ലെന്നു നീ ധരിക്കണം.

എന്നാൽ, എന്റെ സൗജന്യവും അനുഗ്രഹവും കൊണ്ടുമാത്രമാണു് എന്റെ വിരുന്നു മേശയെ സമീപിക്കുന്നതിനു നിനക്കു സാധിക്കുന്നതു്; ഒരു ധനവാനാൽ വിരുന്നിനു ക്ഷണിക്കപ്പെട്ട ഒരു യാചകന്റേതുപോലെ അത്രെ നിന്റെ സ്ഥതി; വിനയപൂർവ്വം നന്ദിപറയുകയല്ലാതെ അവനു സിദ്ധിക്കുന്ന ഉപകാരങ്ങൾക്കു പ്രത്യുപകാരം ചെയ്യുന്നതിനു് അവനു ഗതിയില്ല.

നിനക്കു കഴിവുള്ളതെല്ലാം ഉത്സാഹപൂർവ്വം ചെയ്യുക; നിന്റെ അടുക്കൽ വരുന്നതിനു ദയയുണ്ടായിരിക്കുന്ന നിന്റെ സ്നേഹഭാജനമായ ഭഗവാന്റെ, നിന്റെ ഈശ്വരന്റെ ശരീരത്തെ, പതിവനുസരിച്ചോ നിർബന്ധംകൊണ്ടോ അല്ലാതെ, ഭയത്തോടും ഭക്തിയോടും സ്നേഹത്തോടുംകൂടി നീ സ്വീകരിക്കുക.

നിന്നെ ക്ഷണിച്ചിട്ടുള്ളതു ഞാനാണു്; നീ അതു ചെയ്യണമെന്നു ഞാൻ ആജ്ഞാപിച്ചിരിക്കുന്നു; നിന്നിൽ കുറവുള്ളതു ഞാൻ തരും. നീ വന്നു എന്നെ സ്വീകരിക്കുക.

3. ഭക്തിയാകുന്ന അനുഗ്രഹം ഞാൻ നി

നക്കു തരുമ്പോൾ നീ നിന്റെ ഈശ്വരനോടു കൃതജ്ഞനായിരിക്കുക; എന്തുകൊണ്ടെന്നാൽ, നിന്റെ യോഗ്യതകൊണ്ടല്ല, എനിക്കു നിന്നോടുള്ള കരുണകൊണ്ടാണു് അതു നിനക്കു ദാനം ചെയ്യപ്പെടുന്നതു്.

നീ ഭക്തിരഹിതനായി മന്ദനായിരിക്കുന്നുവെങ്കിൽ ഉടൻ പ്രാർത്ഥിക്കുക; കരഞ്ഞുകൊണ്ടപേക്ഷിക്കുക; ദിവ്യകാരുണ്യത്തിന്റെ വാതിലിൽ മുട്ടുക: രക്ഷാകരമായ ദിവ്യാന്നഗ്രഹത്തിന്റെ വല്ല കഷ്ണമോ തുള്ളിയോ കിട്ടുന്നതുവരെ അതിൽനിന്നു നീ വിരമിക്കരുതു്. എനിക്കു നിന്നെയല്ല, നിനക്കു് എന്നെയാണു് ആവശ്യമുള്ളതു്. നീ എന്നെ ശുദ്ധീകരിക്കുന്നതിനല്ല വരുന്നതു്; പ്രത്യുത, നിന്നെ ശുദ്ധീകരിക്കുന്നതിനും പൂർവ്വാധികം നല്ലവനാക്കുന്നതിനുമായിട്ടാണു് ഞാൻ വരുന്നതു്.

എന്നാൽ ശുദ്ധീകരിക്കപ്പെടുന്നതിനും എന്നോടു സംയുക്തനാകുന്നതിനും നീ വരുന്നു; അതുമൂലം നിനക്കു നവമായ അനുഗ്രഹം സിദ്ധിക്കുകയും നിന്റെ ജീവിതത്തെ പരിഷ്കരിക്കുന്നതിനു നീ വീണ്ടും പ്രചോദിതനാവുകയും ചെയ്യുന്നു.

ഈ അനുഗ്രഹത്തെ നീ അവഗണിക്കരുതു്; പ്രത്യുത, നിന്റെ ഹൃദയത്തെ ഉത്സാഹ

പൂവ്വം സജ്ജീകരിക്കുകയും നിന്റെ സ്നേഹഭാജനത്തെ നിന്റെ ഹൃദയത്തിലേക്കു് ആനയിക്കുകയും ചെയ്യുക.

എന്നാൽ, കുർബ്ബാന സ്വീകരിക്കുന്നതിനു മുമ്പായിമാത്രം നീ ഭക്തിപൂവ്വം തയാറായാൽ പോരാ; കുർബ്ബാന സ്വീകരിച്ചശേഷവും നീ ഭക്തിപൂവ്വം വത്തിക്കണം; കുർബ്ബാനയ്ക്കു തയാറാകുന്നതിൽ എത്രമാത്രം ഭക്തി നീ പ്രദർശിപ്പിച്ചുവോ അതിലൊട്ടും കുറവില്ലാതെയുള്ള ഭക്തിയും ജാഗ്രുകതയും അതിനുശേഷവുമുണ്ടായിരിക്കണം; എന്തുകൊണ്ടെന്നാൽ, കുർബ്ബാനയ്ക്കുശേഷം നീ ജാഗ്രുകനായിരിക്കുന്നതുകൊണ്ടു മഹത്തരമായ അനുഗ്രഹം സമ്പാദിക്കുന്നതിനു് ഏറ്റവും നല്ല വിധത്തിൽ ഒരുങ്ങുകയാണു് ചെയ്യുന്നതു്.

എന്തുകൊണ്ടെന്നാൽ, ഒരു മനുഷ്യൻ ഉടൻതന്നെ ബാഹ്യങ്ങളായ സുഖങ്ങളിൽ തല്പരനാകുന്നുവെങ്കിൽ, അതുമൂലം അവൻ ഭക്തിവിമുഖനായിത്തീരുന്നു.

സംഭാഷണത്തിൽ അധികമായി ഏർപ്പെടാതെ, രഹസ്യമായ ഒരു സ്ഥലത്തിരുന്നു് ഈശ്വരനെ ആസ്വദിക്കുക; എന്തുകൊണ്ടെന്നാൽ, ലോകം മുഴുവനും ശ്രമിച്ചാലും നിന്നിൽനിന്നു് അപഹരിക്കാൻ സാധിക്കാത്ത ആ പരാപരൻ നിന്നോടുകൂടിയുണ്ടു്.

എനിക്കാണു് നീ പൂർണ്ണമായി ആത്മസമർപ്പണം ചെയ്യേണ്ടതു"; നീ അങ്ങനെ ചെയ്താൽ, നിനക്കു യാതൊരു വ്യഗ്രതയുമില്ലാതെ, നിന്നിൽത്തന്നെയല്ലാതെ, എന്നിൽ നിവസിക്കാവുന്നതാണു്.

അദ്ധ്യായം 13

ഒരു ഭക്താത്മാവിന്റെ ആഗ്രഹങ്ങൾ

ശിഷ്യൻ: ഓ ഭഗവാനെ, എന്റെ ഹൃദയം മുഴുവനും അങ്ങയെ തുറന്നു കാണിക്കുകയും എന്റെ ആത്മാവു് ആഗ്രഹിക്കുന്നതുപോലെ അങ്ങയെ ആസ്വദിക്കുകയും, ആരും എന്നെ കാണുകയോ എനിക്കു ബാധകമായിത്തീരുകയോ യാതൊരു സൃഷ്ടിയിലും ഞാൻ തല്പരനാവുകയോ ചെയ്യാതെ, പരസ്പരം സ്നേഹഭാജനങ്ങളായവർ തമ്മിൽ സംസാരിക്കുമാറുള്ളതുപോലെയും രണ്ടു സ്നേഹിതന്മാർക്കൂടി വിരുന്നു കഴിക്കാറുള്ളതുപോലെയും അങ്ങുമാത്രം എന്നോടും ഞാൻമാത്രം അങ്ങയോടും സംസാരിക്കുകയും ചെയ്യത്തക്കവണ്ണം അങ്ങയെ ഞാൻ ഏകനായി കാണുന്നതിനു് എന്നെ അനുഗ്രഹിക്കണമെ.

ഞാൻ നിശ്ശ്ലേഷം അങ്ങയോട്ട സംയുക്ത നാകുന്നതിനും, സകല സൃഷ്ടിക്കപ്പെട്ട വസ്തുക്കളിലുംനിന്നു് എന്റെ ഹൃദയത്തെ പിൻവലിക്കുന്നതിനും, വിശ്രുദ്ധകുഞ്ഞാനവഴിയായും അതിനെ മറയ്ക്കു സ്വീകരിക്കുന്നതുകൊണ്ടും സ്വർഗ്ഗീയവും സനാതനവുമായ സംഗതികളെ ആസ്വദിക്കുന്നതിനു കൂടുതൽ കൂടുതൽ പരിശീലിക്കുന്നതിനും എനിക്കു കഴിവുണ്ടാകുന്നതിനു ഞാൻ പ്രാർത്ഥിക്കുന്നു, ഞാൻ ആഗ്രഹിക്കുന്നു.

തന്നെത്താൻ അശേഷം മറന്നു ഞാൻ അങ്ങയോട്ട സംപൂർണ്ണമായ യോഗം പ്രാപിക്കുകയും അങ്ങയിൽ നിശ്ശ്ലേഷം ലയിക്കുകയും ചെയ്യുന്നതിനു്, ഹാ! ഭഗവാനെ, ഈശ്വര, എനിക്കു് എപ്പോൾ സാധിക്കും? അങ്ങു് എന്നിലും ഞാൻ അങ്ങയിലും—ഇങ്ങനെ നാം ഒന്നായി വർത്തിക്കുന്നതിനു് അനുഗ്രഹിക്കേണമെ.

2. യഥാർത്ഥമായി അങ്ങു് അനേക സഹസ്രങ്ങൾക്കിടയിൽ എന്റെ സർവ്വോൽകൃഷ്ടമായ സ്നേഹഭാജനമാണു്; എന്റെ ആത്മാവിനു് ആയുഷ്കാലം മുഴുവനും അങ്ങയിൽ നിവസിക്കുന്നതിൽ അത്യധികമായ സന്തോഷമുണ്ടു്.

യഥാർത്ഥമായി, അങ്ങു് എനിക്കു സമാധാ

നപ്രദനാണു്; പരമമായ ശാന്തിയും യഥാത്ഥമായ വിശ്രമവും അങ്ങയിൽ സ്ഥിതിചെയ്യുന്നു; അങ്ങേക്കു പുറമെ അജ്ഞാനവും ദുഃഖവും അനന്തമായ ഭ്രാന്തവുമാണുള്ളതു്.

അങ്ങു സത്യത്തിൽ ഒളിഞ്ഞിരിക്കുന്ന ഒരു ഈശ്വരനാണു്; അങ്ങു ദുഷ്ടന്മാരോടുകൂടി ആലോചിക്കുന്നില്ല; അങ്ങയുടെ സംഭാഷണം വിനീതരും ശാലീനരുമായവരോടുകൂടിയത്രെ.

ഓ! ഭഗവാനെ, അങ്ങയുടെ കുഞ്ഞുങ്ങളോടു് അങ്ങേയ്ക്കുള്ള സ്നേഹമാധുര്യത്തെ പ്രകടിപ്പിക്കുന്നതിനായി സ്വർഗ്ഗത്തുനിന്നു് അവതീർണ്ണമായ ഏറ്റവും ഹൃദ്യമായ ആഹാരം കാരുണ്യപൂവ്വം അവർക്കു നല്കുന്ന അങ്ങയുടെ ഹൃദയം എത്ര മാധുര്യമേറിയതാണു്!

ഞങ്ങളുടെ ഈശ്വരനായ അങ്ങു് അങ്ങയിൽ വിശ്വാസമുള്ളവരുടെ ഇടയിൽ സന്നിഹിതനായിരിക്കുന്നതുപോലെ, മറ്റു യാതൊരുജാതിയും ഈശ്വരൻ അത്ര സമീപസ്ഥനായിരിക്കത്തക്കവണ്ണം അത്ര മഹത്വമുള്ളതല്ല; അങ്ങയിൽ വിശ്വാസമുള്ളവർക്കു് അവരുടെ അനുദിനാശ്വാസത്തിനായും അവരുടെ ഹൃദയങ്ങളെ സ്വർഗ്ഗത്തേക്കു് ഉയർത്തുന്നതിനായും അങ്ങു ക്ഷുദ്രനും അസ്വാദ്യനുമായി അവരെ അനുഗ്രഹിക്കുന്നു.

3. എന്തുകൊണ്ടെന്നാൽ, ക്രൈസ്തവസമുദായംപോലെ അത്ര വിഖ്യാതമായ സമുദായം വേറെ ഏതുണ്ട്?

ഈശ്വരൻതന്നെ തന്റെ മഹനീയമായ മാംസംകൊണ്ടു പരിപോഷിപ്പിക്കുന്നതിനായി നിവേശിക്കുന്ന ഒരു ഭക്തോത്മാവിനെപ്പോലെ അത്ര ദിവ്യസ്നേഹഭാജനമായി ഏതെങ്കിലും സൃഷ്ടി സ്വർഗ്ഗത്തിനു കീഴുണ്ടോ? ഓ! വാചാമഗോചരമായ ദിവ്യാനുഗ്രഹം! ഓ! വിസ്മയാവഹമായ ദീനാനുകമ്പ! ഓ! മനുഷ്യനു സവിശേഷം സമ്പ്രദത്തമായിരിക്കുന്ന അപരിമേയമായ സ്നേഹം!

എന്നാൽ ഈ അനുഗ്രഹത്തിനും, ഇത്ര അസാധാരണമായ സ്നേഹത്തിനും പകരമായി ഈശ്വരനു കൊടുക്കാൻ എനിക്കു് എന്തുണ്ടു്?

എന്റെ ഹൃദയത്തെ ഈശ്വരനു പൂർണ്ണമായി സമർപ്പിക്കുകയും അതിനെ അദ്ദേഹത്തോടു സംയുക്തമാക്കുകയും ചെയ്യുക എന്നതിനേക്കാൾ അദ്ദേഹത്തിനു പ്രിയംകരമായി എനിക്കു് അദ്ദേഹത്തിനു കൊടുക്കാവുന്നതായി യാതൊന്നുമില്ല.

അപ്പോൾ, എന്റെ ആത്മാവു് എന്റെ ഈശ്വരനോടു സംപൂർണ്ണസായൂജ്യം പ്രാപിക്കുമ്പോൾ, എന്നിലുള്ള സകലവും പരമാനന്ദനിമഗ്നമാകും; 'നീ എന്റേതായിരിക്കുമെ

ങ്കിൽ ഞാൻ നിന്നോടുകൂടി ഉണ്ടായിരിക്കും,' എന്നു് അപ്പോൾ അദ്ദേഹം എന്നോടു പറയും; 'ഓ! ഭഗവാനെ, എന്നോടുകൂടി നീവസിക്കുന്നതിനു കൃപയുണ്ടാകണെ, ഞാൻ സന്തോഷപൂർവ്വം അങ്ങയുടേതായിരിക്കും,' എന്നു ഞാൻ അദ്ദേഹത്തോടു മറുപടി പറയും.

എന്റെ ഹൃദയം അങ്ങയോടു സംയുക്തമായിരിക്കണമെന്നുള്ളതാണു് എന്റെ ആഗ്രഹം മുഴുവനും.

അദ്ധ്യായം 14

യേശുവിനെ സ്വീകരിക്കുന്നതിനുള്ള ആഗ്രഹം.

ശിഷ്യൻ: ഓ! ഭഗവാനെ, അങ്ങയെ ഭയപ്പെടുന്നവർക്കായി അങ്ങു ഭദ്രമായിക്കരുതിവച്ചിട്ടുള്ള അങ്ങയുടെ മാധുര്യസമൃദ്ധി എത്ര മഹത്തായിരിക്കുന്നു! (സങ്കീ. xxx. 20.)

അങ്ങയുടെ കൃദാശ സ്വീകരിക്കുന്നതിനായി ഏറെറവും ഭക്തിയോടും സ്നേഹത്തോടുംകൂടി വരുന്ന ചില ഭക്തന്മാരെപ്പററി ഞാൻ ഓർക്കുമ്പോൾ, അങ്ങയുടെ ബലിപീഠത്തെയും

വിശുദ്ധ കുബ്ബാനയെയും ഞാൻ എത്ര മന്ദ ഭക്തനായും അലസനായുമാണു് സമീപിക്കു ന്നതെന്നുള്ളതിൽ ഞാൻ ലജ്ജിക്കുകയും ഖേ ദിക്കുകയും ചെയ്യുന്നു; ഞാൻ അത്ര ശുഷ്കഹൃ ദയനും സ്നേഹശൂന്യനുമാണെന്നും, കുബ്ബാന സ്വീകരിക്കുന്നതിനുള്ള ശക്തിമത്തായ ആഗ്ര ഹംകൊണ്ടും ഹൃദയമാർദ്ദവംകൊണ്ടും അശ്രു പ്രവാഹത്തെ നിയന്ത്രിക്കാൻ കഴിയാതെ സന്തോഷാധിക്യത്തോടും ആത്മീയ ശുഷ്കാ ന്തിയോടുംകൂടി അങ്ങയുടെ ശരീരത്തെ സ്വീ കരിച്ചാലല്ലാതെ തങ്ങളുടെ വിശപ്പിനു ശമ നമുണ്ടാവുകയില്ലെന്നു ബോദ്ധ്യപ്പെടുകയാ ൽ, ഓ! ഈശ്വര, സജീവമായ ഉറവായ അ ങ്ങയുടെനേക്കു തങ്ങളുടെ ആത്മാവിന്റെയും ശരീരത്തിന്റെയും വദനംകൊണ്ടു് ആന്തര മായി പരിദേവനംചെയ്ത അനേകം ഭക്തജ നങ്ങളെപ്പോലെ, ഓ! ഈശ്വര, അങ്ങയുടെ സാന്നിദ്ധ്യത്തിൽ ഞാൻ സ്നേഹാഗ്നിയാൽ സമുജ്ജ്വലിക്കുകയോ സമാകൃഷ്ടിക്കപ്പെടുക യോ ചെയ്യുന്നില്ലെന്നും ഉള്ളതിൽ ഞാൻ ല ജ്ജിക്കുകയും ഖേദിക്കുകയും ചെയ്യുന്നു.

2. അവരുടെ വിശ്വാസം എത്ര യഥാ ർത്ഥവും ഉജ്ജ്വലവുമായിരിക്കുന്നു! അങ്ങയു ടെ പരിപാവനമായ സാന്നിധ്യത്തിനു് അതു എത്ര ശക്തിമത്തായ തെളിവായിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ, യേശു അവരുടെ കൂടെ നടക്കുന്ന സമയം പ്രോജ്ജ്വലഹൃദയരാകുന്ന അവർ അദ്ദേഹം അപ്പം നുറുക്കുമ്പോൾ അദ്ദേഹത്തെ യഥാർത്ഥമായി തിരിച്ചറിയുന്നു. (ലൂക്കൊ. xxiv.)

ഏതാട്ടശമായ സൗഹാർദ്ദവും ഭക്തിയും ഇത്ര ഉജ്ജ്വലമായ സ്നേഹവും ശുഷ്കാന്തിയും പലപ്പോഴും എന്നിൽനിന്നു വിദൂരസ്ഥമായിരിക്കുന്നു.

ഓ! മാധുര്യവാനും കാരുണ്യവാനുമായ യേശുവെ, അങ്ങു് എന്നോടു കൃപാലുവായിരിക്കേണമെ; എന്റെ വിശ്വാസം ദൃഢതരമാവുകയും, അങ്ങയുടെ നന്മയിലുള്ള എന്റെ പ്രത്യാശ വർദ്ധിക്കുകയും, സ്വർഗ്ഗീയമായ മന്നാ ആസ്വദിച്ചശേഷം സമുജ്ജ്വലിതമായ എന്റെ സ്നേഹം എപ്പോഴും അക്ഷയമായിരിക്കുകയും ചെയ്യത്തക്കവണ്ണം വിശുദ്ധകുർബ്ബാന മുഖേന ചിലപ്പോഴെങ്കിലും അങ്ങയുടെ ഹൃദയംഗമമായ സ്നേഹപ്രകർഷത്തിന്റെ അല്പമാത്രമായ ഒരംശം ദരിദ്രനും യാചകനുമായ എനിക്കു് അനുഭവവേദ്യമാകുന്നതിനും അങ്ങു് അനുഗ്രഹിക്കേണമെ.

3. ഞാൻ ആഗ്രഹിക്കുന്ന അനുഗ്രഹം എനിക്കു തരുന്നതിനും അങ്ങേയ്ക്കു് ഇഷ്ടമുള്ളപ്പോൾ ഭക്തിതീക്ഷ്ണതയാൽ എന്നെ സ

ന്തപ്തനാക്കുന്നതിനും അങ്ങയുടെ കാരുണ്യം പ്രാപ്തമാണു്.

എന്തുകൊണ്ടെന്നാൽ, അങ്ങയോടു് അ സാമാന്യമായ ഭക്തിയുള്ളവരെപ്പോലെ ഇപ്പോൾ ഞാൻ അത്ര വലുതായ അനുഗ്രഹത്താൽ സന്തപ്തനല്ലെങ്കിലും, അങ്ങയുടെ അനുഗ്രഹത്താൽ എനിക്കു് ഇത്തരം ഉജ്ജ്വലമായ അനുഗ്രഹം ഉണ്ടായിരിക്കുന്നതിനു ഞാൻ അനുഗ്രഹിക്കുന്നു; അങ്ങയെ ഭക്തിപൂർവ്വം സ്നേഹിക്കുന്ന എല്ലാടത്തുമുള്ള സകലരോടും ഭാഗഭാഗിത്വം ലഭിക്കുന്നതിനും അവരുടെ വിശുദ്ധമായ സംഘത്തിൽ ഒരു അംഗമായി ഗണിക്കപ്പെടുന്നതിനും ഞാൻ പ്രാർത്ഥിക്കുകയും അഭിവാഞ്ഛിക്കുകയും ചെയ്യുന്നു.

അദ്ധ്യായം 15

വിനയവും ആത്മത്യാഗവും.

ക്രിസ്തു: നീ ഭക്തിയാകുന്ന അനുഗ്രഹത്തെ തൃഷ്ണാന്തരത്തോടുകൂടി ആരായുകയും താല്പര്യപൂർവ്വം അർത്ഥിക്കുകയും, ക്ഷമയോടും വിശ്വാസത്തോടുംകൂടി അതിനായി കാത്തിരിക്കുക

യും, കൃതജ്ഞതാപൂർവ്വം അതിനെ സ്വീകരിക്കുകയും, വിനയപൂർവ്വം അതിനെ സൂക്ഷിക്കുകയും, ഉത്സാഹപൂർവ്വം അതിനെ വിനിയോഗിക്കുകയും, ഈ സ്വർഗ്ഗീയ സന്ദർശനത്തിന്റെ സമയവും വിധവും നിശ്ചയിക്കുന്ന കാര്യ്യം ഈശ്വരന്റെ ഇഷ്ടംപോലെ വിട്ടുകൊടുക്കുകയും ചെയ്യണം.

നിന്റെ ഹൃദയത്തിൽ ഭക്തി അല്പമേ ഉള്ളുവെന്നോ അശേഷമില്ലെന്നോ നിനക്കു തോന്നുമ്പോൾ, നീ സവിശേഷം വിനയഭരിതനാകണം; എന്നാൽ അതുകൊണ്ടു നീ നിർഗ്ഗോഷം നിരാശനാവുകയോ ക്രമാതീതമായി വ്യസനിക്കുകയോ ചെയ്യരുതു".

ഈശ്വരൻ വളരെക്കാലം തരാതിരുന്നതു് പലപ്പോഴും ഒരു നിമിഷംകൊണ്ടു തരുന്നു.

പ്രാർത്ഥനയുടെ ആരംഭത്തിൽ അദ്ദേഹം തരാൻ താമസിപ്പിച്ചതു ചിലപ്പോൾ അവസാനത്തിൽ തരുന്നു.

2. ദിവ്യാനുഗ്രഹം എല്ലായ്പോഴും ഉടനടി ഇഷ്ടംപോലെ നല്കപ്പെട്ടുന്നുവെങ്കിൽ അതു ദുർബ്ബലനായ മനുഷ്യന്റെ ശക്തിക്കു് അതീതമായിരിക്കും.

അതുകൊണ്ടു ഭക്തിയാകുന്ന അനുഗ്രഹത്തെ നീ നല്ല പ്രത്യാശയോടും വിനയാനുഭ

തമായ ക്ഷമയോടുംകൂടി പ്രതീക്ഷിച്ചിരിക്കേണ്ടതാണു്.

എങ്കിലും അതു നിനക്കു പ്രദാനം ചെയ്യപ്പെടാതിരിക്കുകയോ നിന്നിൽനിന്നു നിഗ്രഹമായി അപഹരിക്കപ്പെടുകയോ ചെയ്യുമ്പോൾ അതിനു കാരണം നീയും നിന്റെ പാപങ്ങളുമാണെന്നു നീ മനസ്സിലാക്കണം.

ചിലപ്പോൾ ചെറുതായ ഒരു സംഗതിയാണു് ദിവ്യാനുഗ്രഹം സിദ്ധിക്കുന്നതിനു നിനക്കു പ്രതിബന്ധമായിരിക്കുകയോ അതിനെ നിന്നിൽനിന്നു മറയ്ക്കുകയോ ചെയ്യുന്നതു്—അതു വലുതായ ഒരു നന്മയ്ക്കു പ്രതിബന്ധമായിരിക്കുന്നതു വലുതെന്നല്ലാതെ ചെറുതെന്നു വിളിക്കപ്പെടാമെങ്കിൽ—എന്നാൽ അതു വലുതായിരുന്നാലും ചെറുതായിരുന്നാലും നീ അതിനെ പരിഹരിക്കുകയും നീക്ലേഷം ജയിക്കുകയും ചെയ്യുന്നുവെങ്കിൽ, നീ അപേക്ഷിക്കുന്നതു നിനക്കു ലഭിക്കും.

3. എന്തുകൊണ്ടെന്നാൽ, നീ നിന്റെ പൂർണ്ണഹൃദയത്തോടുകൂടി ഈശ്വരനു് ആത്മസമർപ്പണം ചെയ്യുകയും, നീന്റെ സ്വന്തം ഇഷ്ടമോ അഭിമതമോ അനുസരിച്ചു് അതും ഇതും അന്വേഷിക്കാതെ അദ്ദേഹത്തെ നീ പൂർണ്ണമായി അവലംബിക്കുകയും ചെയ്യുന്നുവെങ്കിൽ, നീ അദ്ദേഹത്തോടു സംയുക്തനാ

വുകയും സമാധാനമടയുകയും ചെയ്യും; എന്തുകൊണ്ടെന്നാൽ ഈശ്വരഹിതംപോലെ നിനക്ക് ആസ്വദനീയവും ആനന്ദപ്രദവുമായി യാതൊന്നുമില്ല.

അതുകൊണ്ട്, തന്റെ ലക്ഷ്യത്തെ ഏകാഗ്രമായ ഹൃദയത്തോടുകൂടി ഈശ്വരനിലേക്കു തിരിക്കുകയും സൃഷ്ടിക്കപ്പെട്ട വസ്തുക്കളോടുള്ള ക്രമാതീതമായ സ്നേഹത്തിൽനിന്നും വിദ്വേഷത്തിൽനിന്നും വിമുക്തനായിരിക്കുകയും ചെയ്യുന്നവൻ ഈശ്വരാനുഗ്രഹം സ്വീകരിക്കുന്നതിന് ഏറ്റവും യോഗ്യനും യഥാർത്ഥമായ ഭക്തിക്ക് അർഹനുമായിരിക്കും.

എന്തുകൊണ്ടെന്നാൽ ഒഴിഞ്ഞു കാണുന്ന പാത്രങ്ങളിലത്രെ ഈശ്വരൻ അനുഗ്രഹവിതരണം ചെയ്യുന്നതു്; ഐഹികവസ്തുക്കളെ എത്രത്തോളം പൂർണ്ണമായി ഒരുവൻ ഉപേക്ഷിക്കുന്നുവോ, ആത്മനിന്ദനംകൊണ്ട് ഒരുവൻ എത്രത്തോളം ഇന്ദ്രിയനിഗ്രഹം ചെയ്യുന്നുവോ, അത്രത്തോളം വേഗത്തിൽ ദിവ്യാനുഗ്രഹമുണ്ടാവുകയും, അത്രത്തോളം ധാരാളമായി അതു ഹൃദയത്തിൽ നിവേശിക്കുകയും, സ്വതന്ത്രമായ ഹൃദയത്തെ അതു് അത്രത്തോളം ഉൽകൃഷ്ടമാക്കുകയും ചെയ്യുന്നു.

4. അപ്പോൾ അവനു കാഴ്ചയും അനുഗ്രഹസമൃദ്ധിയും ഉണ്ടാകും; അവൻ അത്ഭുത

പ്പെടുകയും അവന്റെ ഹൃദയം വികസിക്കുകയും ചെയ്യും; എന്തുകൊണ്ടെന്നാൽ ഭഗവാന്റെ കരം അവന്റെകൂടെ ഉണ്ടായിരിക്കുകയും അവൻ പൂർണ്ണമായി അദ്ദേഹത്തിന്റെ കരത്തെ എന്നന്നേക്കുമായി അവലംബിക്കുകയും ചെയ്യുന്നു. കണ്ടാലും! പൂർണ്ണഹൃദയത്തോടുകൂടി ഈശ്വരനെ ആരായുകയും തന്റെ ആത്മാവിനെ വന്ധ്യമായി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവൻ ഈ വിധം അനുഗൃഹീതനാകും.

ഏതാട്ടശനായ ഒരുവൻ വിശുദ്ധ കുമ്പാനസ്വീകരിക്കുമ്പോൾ ദിവ്യസായൂജ്യമാകുന്ന മഹത്തായ അനുഗ്രഹത്തെ പ്രാപിക്കുന്നു; എന്തുകൊണ്ടെന്നാൽ അവൻ സ്വന്തം ഭക്തിയെയും സുഖത്തെയും പരിഗണിക്കുന്നില്ല; പ്രത്യുത, ഭക്തിക്കും സുഖത്തിനുമെല്ലാം ഉപരിയായ ഈശ്വരന്റെ മഹിമയും മാഹാത്മ്യവുമത്രെ അവനു ഗണനീയമായിരിക്കുന്നത്".

അദ്ധ്യായം 16.

നമ്മുടെ ആവശ്യങ്ങളെ നാം ക്രിസ്തുവിനോട് തുറന്നു പറയണം.

ശിഷ്യൻ: ഞാൻ ഇപ്പോൾ ഏറ്റവും ഭക്തിയോടുകൂടി സ്വീകരിക്കുന്നതിനു് ആഗ്രഹിക്കുന്ന ഏറ്റവും മാധുര്യവാനും സ്നേഹവാനുമായ ഭഗവാനെ, അങ്ങേക്കു് എന്റെ ബലഹീനതയും എന്നെ വിഷമിപ്പിക്കുന്ന എന്റെ ആവശ്യവും—എത്ര വലുതായ ദോഷങ്ങളിലും ദുർഗ്ഗുണങ്ങളിലും ഞാൻ നിമഗ്നനായിരിക്കുന്നുവെന്നും എത്രയധികം പ്രാവശ്യം മർദ്ദിതനും പ്രലോഭിതനും പീഡിതനും മലിനീകൃതനുമായിരിക്കുന്നുവെന്നും — അങ്ങേക്കു് അറിയാം.

ചികിത്സക്കായി ഞാൻ അങ്ങയുടെ അടുക്കൽ വരുന്നു; ആശ്വാസത്തിനും സഹായത്തിനുമായി ഞാൻ അങ്ങയോടു പ്രാർത്ഥിക്കുന്നു; സകല സംഗതികളും അറിയുകയും എന്റെ ആന്തരംഗങ്ങളും മുഴുവനും പ്രത്യക്ഷമായിക്കാണുകയും ചെയ്യുന്ന അങ്ങയോടു ഞാൻ സംസാരിക്കുന്നു; അങ്ങേക്കു മാത്രമേ എന്നെ പൂർണ്ണമായി ആശ്വസിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സാധിക്കുകയുള്ളൂ.

എനിക്ക് ഏറ്റവും ആവശ്യമുള്ള സംഗതികൾ എന്താണെന്നും സദ്ഗുണങ്ങളിൽ ഞാൻ എത്ര ദരിദ്രനാണെന്നും അങ്ങേക്ക് അറിയാം.

2. കണ്ടാലും, അങ്ങയുടെ അനുഗ്രഹം യാചിച്ചുകൊണ്ടും അങ്ങയുടെ കാരുണ്യം അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ പരിദ്രനായും നഗ്നനായും അങ്ങയുടെ മുമ്പിൽ നില്ക്കുന്നു.

വിശപ്പുകൊണ്ടു പരവശനായ ഈ യാചകനു ഭക്ഷണം തരേണമെ; മന്ദനായ എന്നെ അങ്ങയുടെ സ്നേഹാഗ്നികൊണ്ട് ഉജ്ജ്വലിപ്പിക്കേണമെ; അന്ധനായ എനിക്കു അങ്ങയുടെ സാന്നിദ്ധ്യപ്രകാശത്താൽ കാഴ്ചതരേണമെ.

സകല ലൗകിക വസ്തുക്കളെയും അവജ്ഞയോടുകൂടി വീക്ഷിക്കുന്നതിനും, ദുഃഖപ്രദവും വിപരീതവുമായ സകല സംഗതികളെയും ക്ഷമയോടുകൂടി സഹിക്കുന്നതിനും എല്ലാ നികൃഷ്ടവസ്തുക്കളേയും സൃഷ്ടികളെയും വെറുപ്പോടും വിരക്തിയോടുംകൂടി അവഗണിക്കുന്നതിനും എന്നെ പഠിപ്പിക്കേണമെ.

സ്വർഗ്ഗസ്ഥനായ അങ്ങയുടെ സന്നിധിയിലേക്ക് എന്റെ ഹൃദയത്തെ ഉന്നമിപ്പിക്കേണമെ; ഭൂമിയിൽ അലഞ്ഞുതിരിയുന്നതിനു് എന്നെ അനുവദിക്കരുതെ. ഇപ്പോൾ മുതൽ

എന്നേക്കും അങ്ങുമാത്രം എനിക്ക് ആസ്വാദ്യനായിരിക്കേണമെ; എന്തുകൊണ്ടെന്നാൽ അങ്ങുമാത്രമാണ് എന്റെ ഭക്ഷണവും പാനീയവും, എന്റെ സ്നേഹവും, എന്റെ ആനന്ദവും, എന്റെ മാധുര്യവും, എന്റെ സകലനന്മയും.

3. ഓ! ആത്മീയസംയോഗത്താലും ഉജ്ജ്വലമായ സ്നേഹത്തിനുള്ള നിർല്ലീനതയാലും ഞാൻ അങ്ങയോട് സംയുക്തഹൃദയനായിത്തീരത്തക്കവണ്ണം അങ്ങയുടെ സാന്നിധ്യത്താൽ അങ്ങ് എന്നെ ജ്വലിപ്പിക്കുകയും തപിപ്പിക്കുകയും അങ്ങായി രൂപാന്തരീഭവിപ്പിക്കുകയും ചെയ്യുവെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു.

വിശപ്പോടും ഭക്തിയില്ലാതെയും അങ്ങയുടെ അടുക്കൽനിന്നു പോകുന്നതിനു എന്നെ അനുവദിക്കരുതെ; പ്രത്യുത, അങ്ങ് പലപ്പോഴും അങ്ങയുടെ പുണ്യവാന്മാരോട് അത്ഭുതാവഹമായി പ്രവർത്തിച്ചിട്ടുള്ളതുപോലെ കാരുണ്യപൂർവ്വം എന്നോട് പ്രവർത്തിക്കുക. അങ്ങ് ഒരിക്കലും കെട്ടുപോകാതെ എപ്പോഴും കത്തിക്കൊണ്ടിരിക്കുന്ന തീ, ഹൃദയത്തെ ശുദ്ധീകരിക്കുകയും ധാരണാശക്തിയെ പ്രകാശിപ്പിക്കുകയും ചെയ്യുന്ന സ്നേഹം, ആകയാൽ അങ്ങ് എന്നെ നിശ്ശ്ലേഷം സ്നേഹാഗ്നിയി

ൽ ആഗ്രഹിക്കയും എന്റെ സ്വാർത്ഥതയെ സംബന്ധിച്ചിടത്തോളം ഞാൻ മരിച്ചവനെപ്പോലെ ആവുകയും ചെയ്യുന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടാൻ എന്തുണ്ട്?

അദ്ധ്യായം 17

ക്രിസ്തുവിനെ സേവിക്കുന്നതിനുള്ള ആഗ്രഹം

ശിഷ്യൻ: ജീവിതവിശുദ്ധികൊണ്ട് അങ്ങയെ അത്യധികം സന്തോഷിപ്പിച്ചവരും ഭക്തിയിൽ അത്യധികം തീക്ഷ്ണത ഉണ്ടായിരുന്നവരുമായ അനേകം പുണ്യവാന്മാരും ഭക്തന്മാരും വിശുദ്ധ കൂർബ്ബാന സ്വീകരിച്ചപ്പോൾ ആഗ്രഹിച്ചതുപോലെ, അത്യധികമായ ഭക്തിയോടും തീവ്രമായ സ്നേഹത്തോടും വലുതായ ശുഷ്കാന്തിയോടുംകൂടി ഓ! ഭഗവാനെ, അങ്ങയെ സ്വീകരിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ഓ എന്റെ ഈശ്വര, അനന്തസ്നേഹമേ, എന്റെ സർവ്വസ്വമായ നന്മയെ, അനശ്വരമായ ആനന്ദമേ, പുണ്യവാന്മാരിൽ ആർക്കുതന്നെയും എപ്പോഴെങ്കിലും ഉണ്ടായിരുന്നി

ട്ടുള്ളതോ ഉണ്ടായിരിക്കാൻ കഴിയുന്നതോ ആയ ഏറ്റവും ശക്തിമത്തായ ആഗ്രഹത്തോടും ഏറ്റവും യോഗ്യമായ ഭക്തിയോടുംകൂടി അങ്ങയെ സ്വീകരിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

2. ഈ വിധമുള്ള ഭക്തിവികാരങ്ങൾ ഉണ്ടായിരിക്കുന്നതിനു ഞാൻ യോഗ്യനല്ലെങ്കിലും, ഈ ആനന്ദകരങ്ങളും തീവ്രങ്ങളുമായ ആഗ്രഹങ്ങളെല്ലാം എനിക്കു മാത്രമേ ഉണ്ടായിരുന്നിട്ടുള്ളു എന്നപോലെ, എന്റെ ഹൃദയത്തിലെ ആശകൾ സകലവും അങ്ങേക്കായി ഞാൻ കാഴ്ചവെച്ചുകൊള്ളുന്നു.

അതെ, ഭക്തിയുള്ള ഒരു മനസ്സിനു സങ്കല്പിക്കാനും ആശിക്കാനും കഴിയുന്ന സകലവും ഞാൻ ഏറ്റവും ഭക്തിയോടും സ്നേഹത്തോടുംകൂടി അങ്ങേക്കു സമർപ്പിക്കുകയും കാഴ്ചവയ്ക്കുകയും ചെയ്തുകൊള്ളുന്നു.

സ്വാർത്ഥമായി യാതൊന്നും അവശേഷിപ്പിക്കാതെ ഞാൻ എന്നെത്തന്നെയും എനിക്കുള്ള സകലതിനേയും നിർബ്ബാധമായും ഏറ്റവും സന്തോഷത്തോടുകൂടിയും അങ്ങേക്കായി ബലികഴിക്കുന്നതിനു് ആഗ്രഹിക്കുന്നു.

ഈശാവതാരം സംബന്ധിച്ച നിർഗ്ഗുഢസത്യത്തെ പ്രസ്താവിച്ച മാലാഖയോടു് അങ്ങയുടെ പരിശുദ്ധമാതാവായ അനുഗൃഹീത

കന്യകാമറിയം, "ഇതാ ഞാൻ ജഗൽകർത്താവിന്റെ ദാസിയത്രെ; അങ്ങയുടെ വാക്കനുസരിച്ചു് എനിക്കു സംഭവിക്കട്ടെ," എന്നു വിനയത്തോടും ഭക്തിയോടുംകൂടി മറുപടി പറഞ്ഞപ്പോൾ ആ ധന്യക്കുണ്ടായിരുന്ന സ്നേഹത്തോടും ഭക്തിയോടും മഹിമയോടും കൃതജ്ഞതയോടും യോഗ്യതയോടും പ്രേമത്തോടും വിശ്വാസത്തോടും പ്രത്യാശയോടും വിശുദ്ധിയോടുംകൂടി, ഓ! ഭഗവാനെ, എന്റെ ഈശ്വര എന്റെ സ്രഷ്ടാവെ എന്റെ രക്ഷക അങ്ങയെ ഇന്നു സ്വീകരിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

3. അങ്ങയുടെ അനുഗ്രഹീത മാർഗ്ഗദർശിയും പുണ്യവാന്മാരിൽ ഏറ്റവും വിശിഷ്ടനുമായ യോഹന്നാൻ സ്നാപകൻ മാതൃഗർഭസ്ഥനായിരുന്നപ്പോൾ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ അങ്ങയുടെ സാന്നിദ്ധ്യത്തിൽ തുള്ളിച്ചാടുകയും അനന്തരം അങ്ങു ജനങ്ങളുടെ ഇടയിൽ സഞ്ചരിക്കുന്നതു കണ്ടു് അതിവിനീതനായി, 'മണവാളന്റെ അടുത്തുനിന്നു് അദ്ദേഹം പറയുന്നതു കേൾക്കുന്ന അദ്ദേഹത്തിന്റെ സ്നേഹിതൻ മണവാളന്റെ സ്വരത്താൽ ആനന്ദഭരിതനാകുന്നു,' (ജോൺ iii. 29) എന്നു ഭക്തിസമ്മിശ്രമായ സ്നേഹത്തോടുകൂടി ഉദ്ഘോഷിക്കുകയും ചെയ്തതു

പോലെ, ഞാനും മഹനീയവും പരിശുദ്ധവുമായ ആഗ്രഹങ്ങളാൽ ഉജ്ജ്വലിക്കുന്നതിനും പൂർണ്ണഹൃദയത്തോടുകൂടി അങ്ങേക്കായി ആത്മസമർപ്പണം ചെയ്യുന്നതിനും ആഗ്രഹിക്കുന്നു.

അതുകൊണ്ട്, എനിക്കുവേണ്ടിയും എന്റെ പ്രാർത്ഥനയെ അവലംബിക്കുന്നവർക്കുവേണ്ടിയും, അവരെല്ലാവരും അങ്ങയെ ഉചിതമായി സ്തുതിക്കുകയും അനന്തമായി വാഴ്ത്തുകയും ചെയ്യുന്നതിനായി, സകല ഭക്തഹൃദയങ്ങളുടെയും സന്തോഷസമുൽക്കർഷത്തെയും, ഉജ്ജ്വലമായ സ്നേഹത്തെയും, അവരുടെ ദിവ്യാനന്ദ നിർല്ലീനതയെയും ദിവ്യപ്രകാശനങ്ങളേയും, സ്വർഗ്ഗീയദർശനങ്ങളെയും സ്വർഗ്ഗത്തും ഭൂമിയിലും എല്ലാ സൃഷ്ടികളും കൊണ്ടോടുന്നതോ കൊണ്ടോടുമെന്നുള്ളതോ ആയ സകല സദ്ഗുണങ്ങളോടും സ്വഭാവങ്ങളോടുംകൂടി ഞാൻ ഇപ്പോൾ അങ്ങേക്കു കാഴ്ചവയ്ക്കുന്നു.

4. ഓ! ഭഗവാനെ, എന്റെ ഈശ്വരാ, അങ്ങയെ അനന്തമായി സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നതിനുള്ള എന്റെ ആഗ്രഹങ്ങളെയും അഭിനിവേശങ്ങളെയും അങ്ങു സ്വീകരിക്കേണമെ; അങ്ങയുടെ വർണ്ണനാതീതമായ മഹത്വത്തിന്റെ ആധിക്യമനുസരിച്ച് ആ സ്തുതിയും വാഴ്ത്തലും അങ്ങേക്കു ന്യായമാ

യി ലഭിക്കേണ്ടതത്രെ.

ഓരോ ദിവസവും ഓരോ നിമിഷവും ഈ സ്തുതികൾ അങ്ങേക്കു ഞാൻ കാഴ്ചവക്കുകയും കാഴ്ചയ്ക്കുന്നതിനു് അനുഗ്രഹിക്കുകയും ചെയ്യുന്നു; അങ്ങനെ സ്തുതിക്കുകയും അങ്ങേക്കു കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുന്നതിൽ എന്നോടുകൂടി ചേരുന്നതിനായി സകല സ്ത്രീയാത്മാക്കളെയും അങ്ങയിൽ വിശ്വാസമുള്ള മനുഷ്യരെയും ഞാൻ, എന്റെ പ്രാർത്ഥനകളാലും സ്നേഹപ്രകടനങ്ങളാലും, ക്ഷണിക്കുകയും അവരോടു് അപേക്ഷിക്കുകയും ചെയ്യുന്നു.

5. സകല മനുഷ്യജാതികളും വർഗ്ഗങ്ങളും നാവുകളും ആനന്ദോൽക്കർഷത്തോടും ഭക്തിതീക്ഷ്ണതയോടുംകൂടി അങ്ങയെ സ്തുതിക്കുകയും അങ്ങയുടെ പരിശുദ്ധവും മധുരവുമായ നാമത്തെ വാഴ്ത്തുകയും ചെയ്യുമാറാകട്ടെ.

അങ്ങയുടെ പരിശുദ്ധമായ കൂദാശയെ ഭക്ത്യാദരപൂർവ്വം അർപ്പിക്കുകയും വിശ്വാസപൂർവ്വം സ്വീകരിക്കുകയും ചെയ്യുന്നവർക്കു് അങ്ങയുടെ കരങ്ങളിൽനിന്നു് അനുഗ്രഹവും കരുണയും ലഭിക്കുകയും അവർ പാപിയായ എനിക്കുവേണ്ടി വിനയപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യുമാറാകട്ടെ.

അവരുടെ ഭക്തിയുടെ ലക്ഷ്യവും അങ്ങ

യോടുള്ള പരമാനന്ദപ്രദമായ സംയോഗവും പ്രാപിച്ചിട്ട് അങ്ങേയുടെ പരിപാവനവും സ്വർഗ്ഗീയവുമായ വിരുന്നിൽനിന്നു അത്ഭുതകരമാംവണ്ണം മുഷ്ടാന്നം ഭുജിച്ചു സന്തുഷ്ടരായി, അവർ മടങ്ങിപ്പോകുമ്പോൾ സാധുവായ എന്നെ സഹയം ഓർമ്മിക്കുമാറാകട്ടെ.

അദ്ധ്യായം 18.

നാം ക്രിസ്തുവിനെ വിനയപൂർവ്വം അനുകരിക്കണം

ക്രിസ്തു: നീ സംശയമാകുന്ന കടലിൽ മുങ്ങിപ്പോകണമെന്നു ആഗ്രഹിക്കുന്നില്ലെങ്കിൽ, ഏറ്റവും ഗഹനമായ ഈ ക്ലേശയെപ്പറ്റി കൗതുകാവഹവും നിഷ്പ്രയോജനവുമായ പരിശോധനം നടത്തുന്നതിൽ സൂക്ഷിക്കണം.

'മഹത്വത്തെ പരിശോധിക്കുന്നവൻ അതിന്റെ പ്രതാപത്താൽ നിശ്ശ്ലേഷം പരാജിതനാകും' (PROV. XXX. 27)

മനുഷ്യനു ഗ്രഹിക്കാൻ കഴിയുന്നതിൽ കൂടുതൽ ഈശ്വരനു പ്രവർത്തിക്കാൻ സാധിക്കും.

സത്യത്തെപ്പറ്റി ഭക്തിയോടും വിനയത്തോടുംകൂടിയുള്ള അന്വേഷണം അഭിലഷണീയമാണ്. എന്നാൽ സത്യാന്വേഷകൻ ബോധനം സ്വീകരിക്കുന്നതിനു സന്നദ്ധനായിരിക്കുകയും, 'സംഘടിതാക്കന്മാർ' എന്ന ധർമ്മഗുരുക്കന്മാരുടെ ധർമ്മോപദേശങ്ങളെ അനുസരിക്കുന്നതിനു ശ്രമിക്കുകയും ചെയ്യണം.

2. വാദപ്രതിവാദമാകുന്ന വിഷമമാർഗത്തെ വർജ്ജിക്കുകയും ഈശ്വരകല്പനകളാകുന്ന സുഗമവും സംശയരഹിതവുമായ മാർഗ്ഗത്തിൽക്കൂടി പുരോഗമിക്കുകയും ചെയ്യുന്ന ശാലീനസ്വഭാവം അനുഗ്രഹീതമാകുന്നു.

ദുഷ്പ്രാപമായ സംഗതികളെ പരിശോധിക്കുന്നതിനുള്ള ശ്രമത്തിൽ ഒട്ടധികം പേർക്കു ഭക്തി നഷ്ടപ്പെട്ടിട്ടുണ്ട്.

ധാരണാശക്തിയുടെ ഔന്നത്യമോ ഈശ്വരന്റെ ഗഹനതത്വങ്ങളിലുള്ള അഗാധമായ അവഗാഹമോ അല്ല, വിശ്വാസവും നിഷ്കപടമായ ജീവിതവുമാണ് നിന്നിൽനിന്നു ഈശ്വരൻ ആവശ്യപ്പെടുന്നതു്.

നിനക്കു താഴെയുള്ള സംഗതികളെ നീ ഗ്രഹിക്കുകയോ ധരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ, നിനക്കു മുകളിലുള്ള സംഗതികളെ നിനക്കു എങ്ങിനെ ഗ്രഹിക്കാൻ കഴിയും?

നീ ഈശ്വരനു കീഴ്വഴങ്ങുകയും നിന്റെ യുക്തിയെ വിശ്വാസത്തിനു വിധേയമാക്കുകയും ചെയ്യുക; എന്നാൽ നിനക്കു പ്രയോജനകരമായ ജ്ഞാനപ്രകാശം ആവശ്യമുള്ളിടത്തോളം പ്രദാനംചെയ്യപ്പെടും.

3. ചിലർക്കു ഈശ്വരവിശ്വാസവും ക്ഷമാശയും സംബന്ധിച്ചു വലുതായ ചാഞ്ചല്യമുണ്ടാകുന്നുണ്ടു; എന്നാൽ ഇതിനു് ഉത്തരവാദിത്വം അവർക്കില്ല. ശത്രുവായ പിശാചിനാണു് നഷ്ടപ്പെടേണ്ടതു്.

അതുമൂലം പര്യാകുലനാകരുതു്; നിന്റെ വിചാരങ്ങൾകൊണ്ടു് തർക്കത്തിനൊരുങ്ങുകയോ പിശാചിൻ കൊണ്ടുവരുന്ന സംശയങ്ങൾക്കു സമാധാനം പറയുകയോ ചെയ്യരുതു; പ്രത്യുത, ഈശ്വരവചനങ്ങളെ വിശ്വസിക്കുക; പുണ്യവാന്മാരെയും ദിർഘദർശികളെയും വിശ്വസിക്കുക; എന്നാൽ ദുഷ്ടനായ ശത്രു നിന്നെ വിട്ടു് ഓടിപ്പോകും.

അത്തരം സംശതികൾ സഹിക്കുന്നതു പലപ്പോഴും ഈശ്വരോപാസകനു വളരെ പ്രയോജനകരമാണു്.

എന്തുകൊണ്ടെന്നാൽ, പിശാചിൻ നാസ്തികന്മാരെയും പാപികളെയും തെറ്റിക്കാൻ ശ്രമിക്കുന്നില്ല; അവർ സംശയരഹിതമായി അവനുള്ളവരാണല്ലോ; എന്നാൽ വിശ്വാ

സവും ഭക്തിയും ഉള്ളവരെ അവൻ പല പ്രകാരത്തിലും പ്രലോഭിപ്പിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നു.

4. അതുകൊണ്ടു നിർവ്യാജവും നിസ്സംശയവുമായ വിശ്വാസത്തോടുകൂടി നീ പുരോഗമനം ചെയ്യുക; വിനയാന്വിതമായ ഭക്തിയോടുകൂടി ഈ കൂദാശയെ സമീപിക്കുക; നിനക്കു ഗ്രഹിക്കാൻ സാധിക്കാത്തതെന്തും സർവ്വശക്തനായ ഈശ്വരനെ വിശ്വാസപൂർവ്വം ഏല്പിക്കുക.

ഈശ്വരൻ ആരെയും വഞ്ചിക്കുന്നില്ല; എന്നാൽ, ആത്മവിശ്വാസം ക്രമാതീതമായി ഉള്ളവൻ വഞ്ചിക്കപ്പെടുന്നു.

ഈശ്വരൻ ശാലീനക്കു കൂട്ടായിരിക്കുകയും വിനീതക്കു പ്രത്യക്ഷനാവുകയും ചെയ്യുന്നു; അദ്ദേഹം വിനയമുള്ളവക്കു ധാരണാശക്തി നല്കുകയും നിർമ്മലസ്വഭാവക്കു ജ്ഞാനകവാടങ്ങൾ തുറന്നു കൊടുക്കുകയും, അവിഹിതമായ ജിജ്ഞാസയുള്ളവരിലും അഹംകാരികളിലും നിന്നു ദിവ്യാനുഗ്രഹം മറച്ചുവെയ്ക്കുകയും ചെയ്യുന്നു.

മാനുഷബുദ്ധി ഉർബ്ബലവും വഞ്ചിക്കപ്പെടാവുന്നതുമാണു്. എന്നാൽ യഥാർത്ഥമായ വിശ്വാസം വഞ്ചിക്കപ്പെടാവുന്നതല്ല.

5. യുക്തിയും സ്വാഭാവികമായ ഗവേഷ

ണവും വിശ്വാസത്തെ പിന്തുടരേണ്ടതാണു"; അല്ലതെ, അതിന്റെ മുമ്പേ പോവുകയോ അതിനെ എതിർക്കുകയോ ചെയ്യേണ്ടതല്ല.

എന്തുകൊണ്ടെന്നാൽ, ഈ പരിശുദ്ധവും അതിവിശിഷ്ടവുമായ കൂദാശയിൽ വിശ്വാസവും സ്നേഹവും പ്രാമുഖ്യം വഹിക്കുകയും അജ്ഞാതമായ മാർഗ്ഗങ്ങളിൽകൂടി പ്രവർത്തിക്കുകയും ചെയ്യുന്നു.

ആദ്യന്തവിഹീനനും അപരിമേയനും അഖണ്ഡശക്തിയുമായ ഈശ്വരൻ സ്വർഗ്ഗത്തും ഭൂമിയിലും മഹനീയങ്ങളും ഭൂരവഗാഹങ്ങളുമായ കാര്യങ്ങൾ ചെയ്യുന്നു; അദ്ദേഹത്തിന്റെ ആശ്ചര്യകരങ്ങളായ അപദാനങ്ങൾ പരിശോധിക്കപ്പെടാവുന്നവയല്ല.

ഈശ്വരന്റെ ക്രിയകൾ മനുഷ്യബുദ്ധിയാൽ എളുപ്പം ഗ്രഹിക്കപ്പെടാവുന്നവ ആയിരുന്നുവെങ്കിൽ അവ അത്ഭുതകരങ്ങളും അവാച്യങ്ങളുമാണെന്നു പറയപ്പെടുമായിരുന്നില്ല.

Printed and Published for the Proprietor
by P. I. Joseph,
at The Little Flower Press, Thevara, 1954.

DC Library
00009078
K16 K33